# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

2018 ഡിസംബർ 11, ചൊവ്വ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

44/2021

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ..1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..15

(ii) അടിയന്തര ചോദ്യത്തിന്റെ ഉത്തരം ..90

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..91

**II. റിപ്പോർട്ട് സമർപ്പണം**

1. ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് ..514
2. കുടുംബശ്രീ യൂണിറ്റുകളുടെ ശാക്തീകരണവും വിപുലീകരണവുമായി ബന്ധപ്പെട്ട നടപടികൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് ..514
3. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനെട്ടാമതും പത്തൊൻപതാമതും റിപ്പോർട്ടുകൾ ..514
4. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത്തിയെട്ട് മുതൽ മുപ്പത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ ..514
5. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിനേഴാമത് റിപ്പോർട്ട് ..514
6. ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് ..515

**III. റിപ്പോർട്ട് പരിഗണന** ..515

**IV. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ സ്വകാര്യവൽക്കരണം ..515

*പേജ്*

**V. നിയമനിർമ്മാണകാര്യം**

(i) 2018-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും ..516

(ii) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും ..518

**VI. അറിയിപ്പ്**

സെലക്ട് കമ്മിറ്റി അംഗത്തെ മാറ്റി നിശ്ചയിക്കുന്നത് സംബന്ധിച്ച്. ..539

**അനുബന്ധം** ...541

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

*2018 ഡിസംബർ 11 ചൊവ്വ*

| വാല്യം 174] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 11 |
|---|---|---|

നിയമസഭ 2018 ഡിസംബർ മാസം 11-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ശബരിമലയിൽ ഏർപ്പെടുത്തിയിരിക്കുന്ന നിരോധനാജ്ഞ പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിയമസഭാ കവാടത്തിൽ സത്യാഗ്രഹം അനുഷ്ഠിക്കുന്ന അംഗങ്ങളുടെ കാര്യത്തിൽ സർക്കാർ സ്വീകരിക്കുന്ന നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ പ്ലക്കാർഡുകളും ബാനറും ഉയർത്തിപ്പിടിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിന് മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിക്കുകയും ചോദ്യോത്തരവേള തടസ്സപ്പെടുത്തുകയും ചെയ്തു.)

മി. സ്പീക്കർ: ഓർഡർ, ഓർഡർ....... ചോദ്യം നമ്പർ *271

(ചോദ്യകർത്താക്കൾ ചോദ്യം ഉന്നയിക്കാത്തതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ അടുത്ത ചോദ്യത്തിലേയ്ക്ക് കടന്നു.)

### കുടുംബശ്രീ സംരംഭങ്ങൾ

1 (*272) ശ്രീ. എ. എം. ആരിഫ്:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ബദൽ സംഘടനകളെ വളർത്തുന്നതിനായി കുടുംബശ്രീയെ തകർക്കാൻ നടത്തിയ നീക്കം അതിജീവിച്ചുകൊണ്ട് പതിനാറ് സംസ്ഥാനങ്ങളിലേയ്ക്കും രണ്ട് വിദേശരാജ്യങ്ങളിലേയ്ക്കുംകൂടി പ്രവർത്തനം

വ്യാപിപ്പിക്കാൻ കുടുംബശ്രീയെ പ്രാപ്തമാക്കുന്നതിനായി സർക്കാർ നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ;

(ബി) കുടുംബശ്രീ മറ്റ് സംസ്ഥാനങ്ങളിൽ നടപ്പാക്കുന്ന സൂക്ഷ്മ സംരംഭക പദ്ധതികളുടെയും സ്റ്റാർട്ട്അപ്പ് വില്ലേജ് സംരംഭക പദ്ധതികളുടെയും മേൽനോട്ടം വഹിക്കുന്നത് കുടുംബശ്രീയാണോ;

(സി) സൂക്ഷ്മ സംരംഭക മേഖലയിൽ കഴിഞ്ഞ രണ്ട് വർഷമായി കുടുംബശ്രീ നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ;

(ഡി) പ്രളയത്തെത്തുടർന്ന് കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങൾക്കുണ്ടായ നഷ്ടം വിലയിരുത്തിയിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്ത് മാർഗ്ഗമാണ് ഉദ്ദേശിക്കുന്നത്?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ ശക്തമായ ഇടപെടലുകളുടെ ഭാഗമായി കുടുംബശ്രീ ഇന്ന് തിരിച്ചുവരവിന്റെ പാതയിലാണ്. 2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം പങ്കെടുത്തുകൊണ്ട് നടത്തിയ 'ദിശ' ക്യാമ്പയിൻ കുടുംബശ്രീ സ്കൂൾ, നീതം ജെന്റർ ക്യാമ്പയിൻ തുടങ്ങിയവ കുടുംബശ്രീ സംഘടനാ സംവിധാനത്തെ പുനരുജ്ജീവിപ്പിക്കുന്നതിൽ നിർണ്ണായക പങ്കാണ് വഹിച്ചത്. 2015-16-ൽ കുടുംബശ്രീക്കായി സർക്കാർ നൽകിയത് 75 കോടി രൂപയായിരുന്നെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17-ൽ അത് 130 കോടി രൂപയായും 2017-18-ൽ 161 കോടി രൂപയായും 2018-19-ൽ 188.62 കോടി രൂപയായും വർദ്ധിപ്പിച്ചു എന്നത് കുടുംബശ്രീയോട് ഈ സർക്കാരിനുള്ള പ്രതിബദ്ധതയാണ് കാണിക്കുന്നത്. ദേശീയ ഗ്രാമീണ ഉപജീവന മിഷന് സാങ്കേതിക സഹായം നൽകുന്ന ഏജൻസി എന്ന നിലയിൽ 19 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലും പ്രവർത്തിച്ചുവരുന്ന കുടുംബശ്രീയെ ഒരു നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ (NRO) ആയി അംഗീകരിച്ചിട്ടുണ്ട്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ സ്വയംസഹായ സംഘങ്ങൾ രൂപീകരിക്കുന്നതിനും ഗ്രാമ വികസന സംരംഭക പ്രവർത്തനങ്ങളിലും കുടുംബശ്രീ പരിശീലനം നൽകുന്നുണ്ട്. ഉഗാണ്ട, അസർബൈജാൻ, എത്യോപ്യ, ഉസ്ബെക്കിസ്ഥാൻ എന്നീ രാജ്യങ്ങൾ കുടുംബശ്രീ മാതൃക തങ്ങളുടെ നാട്ടിൽ പകർത്തുവാൻ തയ്യാറായിട്ടുണ്ട്. കൂടാതെ ഏകദേശം പത്തോളം വിദേശ രാജ്യങ്ങളുടെ പ്രതിനിധികൾ കുടുംബശ്രീ മാതൃക പഠിക്കുന്നതിനായി കേരളം സന്ദർശിച്ചിട്ടുണ്ട്. കുടുംബശ്രീയുടെ അനാദൃശ്യമായ ഇത്തരം പ്രവർത്തന പദ്ധതികൾക്ക് ചുക്കാൻപിടിക്കുന്നത് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി അദ്ധ്യക്ഷനായ ഗവേണിംഗ് ബോഡിയാണ്.

(ബി) അല്ല; അതത് സംസ്ഥാനങ്ങളിലെ കുടുംബശ്രീ മിഷന് സമാനമായ മിഷനുകളാണ്. കൂടാതെ കേന്ദ്ര ഗ്രാമവികസന വകുപ്പിന്റെ മേൽനോട്ടവും ഉണ്ട്.

(സി) സംസ്ഥാനതലത്തിൽ 4800-ലധികം സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുകയും സംരംഭങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിനായി പലിശ സബ്സിഡിക്ക് പുറമെ ടെക്നോളജി ഫണ്ട്, ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്, റിവോൾവിംഗ് ഫണ്ട്, ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്, സ്റ്റാർട്ടപ്പ് ഫണ്ട് എന്നിവ നൽകിവരികയും ചെയ്യുന്നു. മേഖലാധിഷ്ഠിതമായി വൈദഗ്ദ്ധ്യ പരിശീലന ഏജൻസികളെ ജില്ലാതലത്തിൽ തെരഞ്ഞെടുത്ത് എംപാനൽ ചെയ്യുതുകൂടാതെ ആരോഗ്യ, നിർമ്മാണ, പ്ലാന്റേഷൻ മേഖലകളിലായി നടത്തിയ ഇടപെടലിന്റെ ഭാഗമായി കുടുംബശ്രീ അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുന്നതിനും അതിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു.

(ഡി) ഉണ്ട്. കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങൾക്ക് ഗ്രാമപ്രദേശങ്ങളിൽ 7,80,25,032 രൂപയുടെ നഷ്ടവും നഗരപ്രദേശങ്ങളിൽ 4.14 കോടി രൂപയുടെ നഷ്ടവും കണക്കാക്കിയിട്ടുണ്ട്. കൂടാതെ, 2018-ലെ സരസ് മേളയിൽ പങ്കെടുത്ത സംരംഭകർക്ക് പ്രളയത്തെത്തുടർന്ന് ആകെ 6.78 കോടി രൂപയുടെ നഷ്ടവുമുണ്ടായിട്ടുണ്ട്. സർക്കാരിന്റെ പ്രളയ ദുരിതാശ്വാസ നിധിയിൽ പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി ഇവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, കിലുക്കം സിനിമയിൽ ഹോട്ടൽ അടിച്ചുതകർത്ത് ജീവനക്കാരെ മുഴുവൻ ആക്രമിച്ചിട്ടും ഞാനൊന്നും ചെയ്തില്ലെന്ന് പറയുന്ന നടി രേവതിയെപ്പോലെ തിരുവനന്തപുരത്ത് ഇന്നലെ അക്രമം നടത്തി, പോലീസിന്റെ ഷീൽഡും തൊപ്പിയും തകർത്ത് പോലീസുകാരെ കടന്നാക്രമിച്ചിട്ടും അവരാഗ്രഹിച്ചതുപോലെ പോലീസ് തിരിച്ചൊന്നും ചെയ്യാത്തതിൽ പ്രതിഷേധിച്ച് നടത്തുന്ന ഹർത്താലും ശ്രീ. എ. എൻ. രാധാകൃഷ്ണനും ശ്രീ. സി. കെ. പത്മനാഭനുമൊക്കെവേണ്ടി അനുഭാവസത്യാഗ്രഹം നടത്തുന്ന യു.ഡി.എഫ്.-കാരുടെ അത്യാഗ്രഹ സമരവുമെല്ലാം ഇന്ന് സമൂഹമധ്യത്തിൽ ആകെ അപഹാസ്യമായി മാറിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് ഞാൻ ഈ ചോദ്യം ഉന്നയിക്കുന്നത്.

കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ പാക്കിംഗ്, സെയിൽസ് എന്നിവയ്ക്ക് പ്രൊഫഷണൽ ടച്ചോ ഒരു ഡിസൈൻ വിംഗോ ഫിനിഷിംഗോ ഇല്ല. കലർപ്പില്ലാത്ത, മായമില്ലാത്ത, വിഷമയമില്ലാത്ത നൂറ് ശതമാനം ഗ്യാരന്റിയുള്ള കുടുംബശ്രീ ഉൽപ്പന്നങ്ങളാണ് ഇന്ന് വിറ്റഴിക്കുന്നത്. കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക്

പ്രൊഫഷണൽ ടച്ച് നൽകുന്നതിനും മാർക്കറ്റിംഗ് ടെക്നോളജി വേണ്ടവിധം ഉപയോഗപ്പെടുത്തുന്നതിനും കുടുംബശ്രീ യൂണിറ്റുകളെ സഹായിക്കേണ്ടതുണ്ട്. ടെക്നോളജി ഫണ്ട്, ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട് തുടങ്ങിയവ ഫലപ്രദമായി വിനിയോഗിച്ചാൽ നമുക്ക് കോംപീറ്റ് ചെയ്യാൻ സാധിക്കും. ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ്, അഗ്രികൾച്ചർ, സിവിൽ സപ്ലൈസ് എന്നിവയുടെ ഔട്ട്ലെറ്റുകളിലൂടെ കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള ആലോചന വകുപ്പുമായി ബന്ധപ്പെട്ട് നടത്തുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, കുടുംബശ്രീ സംരംഭകരുടെ 510 ഉൽപ്പന്നങ്ങളാണ് വിപണനത്തിനായി സജ്ജമാക്കിയിട്ടുള്ളത്. പഞ്ചായത്തുകളിൽ കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി മാസച്ചന്തകളും ബസാറുകളും ആരംഭിച്ചിട്ടുണ്ട്. കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ പാക്കിംഗും ബ്രാൻഡിംഗു മുൾപ്പെടെയുള്ള കാര്യങ്ങൾക്കും മൈക്രോ സംരംഭകരുടെ ഉൽപ്പന്നങ്ങൾ ബ്രാൻഡ് ചെയ്യുന്നതിനും ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ പൊതുവിതരണ സമ്പ്രദായം വഴി വിപണനം നടത്തുന്നതിനുള്ള സംവിധാനമാണ് സർക്കാർ ആലോചിച്ച് നടപ്പാക്കിവരുന്നത്.

ശ്രീ. എ. എം. ആരിഫ്: സർ, പ്രളയക്കെടുതിയിൽ ദുരിതമനുഭവിച്ച കുടുംബങ്ങൾക്ക് സർക്കാർ പലിശരഹിത വായ്പയായി നാളിതുവരെ എത്ര രൂപ നൽകി; എത്രപേർക്ക് അനുവദിച്ചു; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ; ഇനി എത്രപേർക്കുകൂടി നൽകാനുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, 'റിസർജെന്റ് കേരള' പദ്ധതിപ്രകാരം 170000-ത്തോളം ആളുകളാണ് വായ്പയ്ക്കായി അപേക്ഷ നൽകിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ബാങ്കുകളുമായി ചർച്ച പൂർത്തീകരിച്ചിട്ടുണ്ട്. 'റിസർജെന്റ് കേരള' പദ്ധതിപ്രകാരം ഇതുവരെ 900 കോടി രൂപയുടെ ആവശ്യമാണ് മുന്നോട്ടുവന്നിട്ടുള്ളത്. ഈയിനത്തിൽ 410 കോടി രൂപ വായ്പയായി നൽകിക്കഴിഞ്ഞിട്ടുണ്ട്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, നമ്മുടെ രാജ്യം ഏറ്റവും അപകടകരമായ സന്ദർഭത്തിൽക്കൂടി കടന്നുപോകുമ്പോഴും എല്ലാം സ്വകാര്യ മേഖലയ്ക്ക് നൽകി വിലക്കയറ്റം അതിരൂക്ഷമാക്കുന്ന നയങ്ങളുമായി കേന്ദ്ര സർക്കാർ മുന്നോട്ടുപോകുമ്പോൾ, ഏത് പ്രായത്തിലുള്ള സ്ത്രീകൾക്കും ശബരിമലയിൽ പ്രവേശിക്കാമെന്ന വിധി വന്നതിന്മേൽ ബി.ജെ.പി. നടത്തുന്ന സമരത്തോടൊപ്പം പ്രതിപക്ഷവും ചേരുകയാണ്. പ്രളയക്കെടുതിയിൽപ്പെട്ട് ദുരിതമനുഭവിച്ചു കൊണ്ടിരിക്കുന്ന കേരളത്തെ പുനർനിർമ്മിക്കേണ്ട അതീവഗൗരവമായ ഈ സന്ദർഭത്തിൽ അതിൽനിന്നും മുഖം തിരിച്ചുനിൽക്കുന്ന കോൺഗ്രസ്സുകാരുടെയും ബി.ജെ.പി.-ക്കാരുടെയും സമരത്തിനിടയിലാണ് ഞാനീ

ചോദ്യം ഉന്നയിക്കുന്നത്. കുടുംബശ്രീ എന്ന ബൃഹത്തായ പ്രസ്ഥാനത്തെ തകർക്കാനുള്ള നയങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിരുന്നു. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൻതോതിൽ പണവും സപ്പോർട്ടും നൽകി കുടുംബശ്രീയെ മെച്ചപ്പെടുത്തിക്കൊണ്ടുപോകുന്ന നില വന്നിട്ടുണ്ടെന്ന് കാണാൻ സാധിക്കും. ജോലിക്ക് പോകുന്ന ഉദ്യോഗസ്ഥകളായ സ്ത്രീകൾക്ക് അവരുടെ കുട്ടികളെ സുരക്ഷിതമായി ഏൽപ്പിച്ച് പോകുന്നതിനുള്ള ഫലപ്രദമായ സംവിധാനം കേരളത്തിലില്ല. കുട്ടികളെ പരിപാലിക്കുന്നതിനുള്ള ഡേ കെയർ സെന്ററുകൾ, വയോധികരെ സംരക്ഷിക്കാനുള്ള കേന്ദ്രങ്ങൾ തുടങ്ങിവയെല്ലാം കുടുംബശ്രീ സംവിധാനത്തിലൂടെ കൊണ്ടുവരാനും സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ദരിദ്ര ജനവിഭാഗങ്ങൾക്കായുള്ള പദ്ധതികൾ നടപ്പാക്കാനും കുടുംബശ്രീ യൂണിറ്റുകളെ ഏൽപ്പിക്കുമോ; നിലവിൽ അത്തരത്തിലുള്ള എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; ഈ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഈ സമ്മേളനത്തിൽ കേരളത്തിന്റെ വികസനത്തിനുവേണ്ടിയുള്ള ഗൗരവപൂർവ്വമായ ചർച്ചകൾ നടത്തേണ്ടതായിരുന്നു; അതുസംബന്ധിച്ച നിരവധി വിഷയങ്ങൾ ഉന്നയിക്കാനുണ്ടായിരുന്നു. പക്ഷേ പ്രളയക്കെടുതിയിൽനിന്നും കേരളത്തിലെ ജനങ്ങളെ രക്ഷിക്കാൻവേണ്ടിയുള്ള പദ്ധതികളുമായി മുന്നോട്ടുപോകുമ്പോൾ അതിനെ തകിടംമറിക്കുന്ന നിലപാടാണ് അപ്പുറത്തുനിന്നും സ്വീകരിക്കുന്നതെന്നത് വേദനാജനകമാണ്. കേരളത്തിലെ ജനങ്ങൾ ഇതെല്ലാം കാണുന്നുണ്ട്. സാമൂഹ്യസേവന പ്രവർത്തനങ്ങളിൽ സ്വാശ്രയ പദ്ധതിയും അഗതിരഹിത കേരളം പദ്ധതിയും ബഡ്സ് സ്കൂളും ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററും നടപ്പിലാക്കുന്നുണ്ട്. ബാലസഭകളുടെ പ്രവർത്തനത്തിന്റെ ഭാഗമായി ജോലിക്ക് പോകുന്ന സ്ത്രീകളുടെ ചെറിയ കുട്ടികളെ സംരക്ഷിക്കുന്നതിനായി ഡേ കെയർ കേന്ദ്രങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ചാണ് കുടുംബശ്രീ ഇപ്പോൾ ആലോചിക്കുന്നത്.

ശ്രീ. കാരാട്ട് റസാഖ്: സർ, വയോജന പരിപാലനത്തിനുവേണ്ടി കുടുംബശ്രീ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, വയോജന പരിപാലനത്തിനുവേണ്ടി വയോജന കേന്ദ്രങ്ങളുണ്ട്. വയോജനങ്ങളെ പരിപാലിക്കുന്നതിനും ആശുപത്രികളിൽ കൂട്ടിരിപ്പിനും കുടുംബങ്ങളിൽ സഹായത്തിനാവശ്യമുള്ള ആളുകളെ ഉൾപ്പെടെ നൽകുന്നതിനും ബ്ലോക്കടിസ്ഥാനത്തിൽ പരിശീലനം നൽകി ആളുകളെ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ കുടുംബശ്രീ നടത്തി ക്കൊണ്ടിരിക്കുകയാണ്. (...ബഹളം.....)

ശ്രീ. പുരുഷൻ കടലുണ്ടി: സർ, കുടുംബശ്രീ യൂണിറ്റുകളെ മികച്ച സ്വയംഭരണ സംഘങ്ങളാക്കി രൂപീകരിക്കുന്നതിനുവേണ്ട പഠനങ്ങൾ നടത്തി മുന്നോട്ടുപോകുന്ന സർക്കാരിനെ ഞാൻ അഭിനന്ദിക്കുന്നു. ഉഗാണ്ട, അസർബൈജാൻ, എത്യോപ്യ, ഉസ്ബെക്കിസ്ഥാൻ തുടങ്ങി ഏകദേശം പത്തോളം വിദേശരാജ്യങ്ങളുടെ പ്രതിനിധികൾ കുടുംബശ്രീ മാതൃക പഠിക്കുന്നതിനായി കേരളം സന്ദർശിച്ചിരുന്നു. ഈ രംഗത്തേയ്ക്ക് കൂടുതൽ യുവാക്കളെ അണിനിരത്താനുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; നിലവിൽ കുടുംബശ്രീയുടെ കീഴിൽ ഏതൊക്കെ മേഖലകളിൽ എത്ര സൂക്ഷ്മ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; സൂക്ഷ്മ സംരംഭങ്ങളുടെ അവസ്ഥ സംബന്ധിച്ച് അവലോകനം നടത്താൻ തയ്യാറായിട്ടുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, മൈക്രോ സംരംഭകർക്കാവശ്യമായ ധനസഹായം നൽകിയിട്ടുണ്ട്. നാളിതുവരെ 9,967 കോടി രൂപയും ആന്തരിക വായ്പയായി 17,380 കോടി രൂപയും കൂടിചേർത്ത് ലിങ്കേജ് ലഭിച്ചിട്ടുള്ള ആകെ അയൽക്കൂട്ടങ്ങൾ 194734 ആണ്. ഈ രീതിയിൽ മൈക്രോ സംരംഭകർക്ക് വായ്പ നൽകുകയും അവരുടെ ഉൽപ്പന്നങ്ങൾ കേരളത്തിൽ നല്ലതുപോലെ ഉൽപ്പാദിപ്പിക്കപ്പെടുകയും അത് മാർക്കറ്റ് ചെയ്യാനുള്ള സംവിധാനങ്ങളൊരുക്കുകയും ചെയ്തിട്ടുണ്ട്. (...ബഹളം....)

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കുടുംബശ്രീ സംരംഭങ്ങളുടെ ഭാഗമായ കഫേശ്രീ വിജയകരമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ഹോട്ടൽ രംഗത്ത് കുടുംബശ്രീയുടെ കടന്നുവരവ് നല്ല സാധ്യതയാണ് ഉളവാക്കിയിട്ടുള്ളത്. കഫേശ്രീ സംവിധാനം സംസ്ഥാനത്ത് എത്ര സ്ഥലങ്ങളിലാണുള്ളത്; ഇത് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. എ. സി. മൊയ്തീൻ: സർ, കഫേശ്രീകളുടെ എണ്ണം സംബന്ധിച്ച കൃത്യമായ വിവരം ശേഖരിച്ചശേഷം പിന്നീട് പറയാം. കേരളത്തിൽ കഫേശ്രീ എന്ന പേരിൽ ആരംഭിച്ചിട്ടുള്ള ഹോട്ടൽ സംവിധാനത്തിന് നല്ല പ്രതികരണമാണുണ്ടായിട്ടുള്ളത്. ഈ സംവിധാനത്തിലൂടെ ധാരാളം ആളുകൾക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, എന്നെപ്പോലുള്ള പുതിയ അംഗങ്ങൾക്ക് സംസാരിക്കാനുള്ള അവസരംപോലും നിഷേധിക്കുന്ന, ദിവസങ്ങളായി സഭ സ്തംഭിപ്പിക്കുന്ന പ്രതിപക്ഷ നിലപാടിൽ വളരെ ഖേദമുണ്ടെന്ന കാര്യം തുടക്കത്തിൽത്തന്നെ പറയുകയാണ്. ലോകശ്രദ്ധ ആർജ്ജിച്ച വലിയൊരു സംരംഭമാണ് കുടുംബശ്രീ യൂണിറ്റുകൾ. ഈ യൂണിറ്റുകൾ കൈവയ്ക്കാത്ത മേഖലകളില്ല. പുതിയ മേഖലകളിൽ പദ്ധതികൾ വിജയകരമായി നടപ്പാക്കി വരികയാണ്. എന്റെ ചോദ്യം പെപ്സി, കൊക്കക്കോള പോലെയുള്ള

കുത്തക കമ്പനികൾ ജലചൂഷണം നടത്തുകയും വലിയ ലാഭം കൊയ്യുകയും ചെയ്യുന്നുണ്ട്. അത്തരത്തിലുള്ള ശീതളപാനീയങ്ങൾ കുറഞ്ഞ നിരക്കിൽ ഗുണമേന്മയോടെ ലഭ്യമാക്കാൻ കുടുംബശ്രീ യൂണിറ്റുകളെ ഉപയോഗിക്കാൻ സാധിക്കുമോ; അതുപോലെ ഇലക്ട്രിക് ആൻഡ് ഇലക്ട്രോണിക് പ്രോഡക്ടുകൾ നിർമ്മിക്കുന്നതിന് ചൈനീസ് മാതൃകയിൽ പ്രത്യേക ട്രെയിനിംഗ് നൽകി കുടുംബശ്രീ യൂണിറ്റുകളെ ഉപയോഗപ്പെടുത്താൻ സാധിക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, നിരവധി സംരംഭങ്ങൾ കുടുംബശ്രീ വഴി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുണ്ട്. 510-ഓളം ഉൽപ്പന്നങ്ങൾ ഇതിന്റെ ഭാഗമായി ഉണ്ടായിട്ടുണ്ട്; ധാരാളം മൈക്രോ സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്. സോഫ്റ്റ് ഡ്രിംഗ്സ് നിർമ്മാണ മേഖലയിൽ കുടുംബശ്രീയുടെ സേവനം ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. സാങ്കേതിക വശങ്ങൾ പരിശോധിച്ചശേഷം ഗൗരവപൂർവ്വം നിർവ്വഹിക്കേണ്ട ഒരു കാര്യമാണത്. പ്രസ്തുത ഉൽപ്പന്നങ്ങളുടെ വിപണനം, മാർക്കറ്റിൽ അതിന്റെ സാധ്യതകൾ തുടങ്ങിയവ സംബന്ധിച്ച് ശാസ്ത്രീയമായ പഠനത്തിന്റെ ആവശ്യമുണ്ട്. അക്കാര്യം സർക്കാർ ആലോചിക്കുന്നതാണ്.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, 2018 ആഗസ്റ്റ് 14-ാം തീയതിയാണ് ചെങ്ങന്നൂരിൽ കുടുംബശ്രീയുടെ സരസ് മേള ഉദ്ഘാടനം ചെയ്തത്. അന്നാണ് വെള്ളപ്പൊക്കമുണ്ടായത്. ഏതാണ്ട് കോടിക്കണക്കിന് രൂപയുടെ നാശനഷ്ടമാണ് അന്ന് സംഭവിച്ചത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും സ്റ്റാളുകൾ നടത്താനെത്തിയ ആയിരക്കണക്കിന് കുടുംബശ്രീയുടെയും മറ്റ് സംരംഭകരുടെയും കോടാനുകോടി രൂപയുടെ നാശനഷ്ടം പരിഹരിക്കാൻ അടിയന്തരമായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, വളരെ ഗൗരവമുള്ള വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. 2018 ആഗസ്റ്റ് 14 മുതൽ 23 വരെ സംഘടിപ്പിച്ച സരസ് മേളയിൽ കുടുംബശ്രീ അംഗങ്ങളായ വനിതാസംരംഭകർ, സംസ്ഥാന ഗ്രാമവികസന വകുപ്പിന് കീഴിലുള്ള സംരംഭകർ, അന്യസംസ്ഥാന സംരംഭകർ തുടങ്ങി മൂന്ന് തരത്തിലുള്ള സംരംഭകർ പങ്കെടുത്തിരുന്നു. പ്രളയത്തെത്തുടർന്ന് മേളയിൽ പങ്കെടുത്ത നൂറ് കുടുംബശ്രീ സംരംഭകർക്ക് 2.15 കോടി രൂപയും സംസ്ഥാന ഗ്രാമവികസന വകുപ്പിന് കീഴിലുള്ള 50 സംരംഭകർക്ക് 1.68 കോടി രൂപയും അന്യസംസ്ഥാനങ്ങളിൽനിന്നും പങ്കെടുത്ത 148 സംരംഭകർക്ക് 2.95 കോടി രൂപയുമുൾപ്പെടെ ആകെ 6.78 കോടി രൂപയുടെ നഷ്ടമാണുണ്ടായിട്ടുള്ളത്. സർക്കാരിന്റെ പ്രളയദുരിതാശ്വാസ പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി ഇവർക്ക് നഷ്ടപരിഹാരം നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. കെ. രാജൻ: സർ, കേരളത്തിൽ പ്രളയത്തിന് മുമ്പും ശേഷവുമുള്ള രണ്ട് തരത്തിലുള്ള ചർച്ചകൾ നടക്കുമ്പോൾ അത് കേരളത്തെ വ്യത്യസ്തമായി തരംതിരിക്കുന്നുണ്ട്. കുടുംബശ്രീയും തദ്ദേശഭരണ സ്ഥാപനങ്ങളും പ്രളയാനന്തര കേരളത്തെ സംരക്ഷിക്കുന്നതിൽ നല്ല ഇടപെടൽ നടത്തിയിട്ടുണ്ട്. കേരളത്തിൽ സർക്കാർ ആലോചിച്ചതുപോലെ കുടുംബശ്രീയുടെ നേതൃത്വത്തിൽ ഒരു വനിതാ ബാങ്ക് ആരംഭിക്കാൻ സാധിക്കുമോ; അതിന്റെ സാധ്യതകൾ ഏത് തരത്തിൽ ഉൾപ്പെടുത്താൻ കഴിയും?

ശ്രീ. എ. സി. മൊയ്തീൻ: സർ, കുടുംബശ്രീയിലൂടെ ബാങ്കിംഗ് സംവിധാനം നടത്തുന്നതിനെക്കുറിച്ച് ഇപ്പോൾ ആലോചിച്ചിട്ടില്ല. അത് പ്രായോഗികമാകില്ല. കേരളത്തിൽ വനിതാസംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണമേഖല അക്കാര്യം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇവർക്കാവശ്യമായ ബഡ്ജറ്ററി സപ്പോർട്ടും കേന്ദ്രാവിഷ്കൃത പദ്ധതികളുമുണ്ട്; അതിനാവശ്യമായ സബ്സിഡി കൊടുക്കുന്ന സ്കീമുകളുമുണ്ട്. സ്ത്രീശാക്തീകരണത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമുള്ള പ്രവർത്തനങ്ങൾക്കാണ് മുൻതൂക്കം കൊടുക്കുന്നത്. അതുകൊണ്ട് ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട ആളുകൾക്ക് തൊഴിൽ ലഭ്യമാക്കാനും അതിനാവശ്യമായ പരിശീലനവും നൽകുന്ന പദ്ധതികളാണ് ഇപ്പോൾ ഏറ്റെടുത്തിട്ടുള്ളത്. നേരത്തെ സർക്കാർ തീരുമാനിച്ചതുപോലെ റിസർജന്റ് കേരളയിൽ ഏകദേശം 401 കോടി രൂപ ഇതുവരെ കൊടുത്തിട്ടുണ്ട്. അയൽക്കൂട്ടങ്ങളുടെ ആവശ്യമനുസരിച്ച് ബാങ്കുകളുമായി ചർച്ച ചെയ്ത് അവർക്ക് നഷ്ടപ്പെട്ടുപോയ സാധനങ്ങൾ വീണ്ടെടുക്കാൻ ഒരു ലക്ഷം രൂപ വരെയുള്ള ലോണും അതിന്റെ പലിശ മുഴുവൻ സർക്കാർ വഹിക്കുന്ന രീതിയിലുമുള്ള നടപടികളാണ് സ്വീകരിക്കുന്നത്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, 'ഞാനും വയസ്സായി എന്റെ വീടും വയസ്സായി' എന്ന് പരസ്യത്തിൽ പറയുന്നതുപോലെ യു.ഡി.എഫ്.-ന്റെ ബാനറും പഴകി, മുദ്രാവാക്യവും ദുർബ്ബലമായി. യു.ഡി.എഫ്. ബോധപൂർവ്വം ബി.ജെ.പി.-യെ സഹായിച്ചുകൊണ്ടിരിക്കുന്ന സമരാഭാസം തുടരുമ്പോൾ ചോദ്യോത്തരവേളപോലും അലങ്കോലപ്പെടുത്തുകയാണ്. കുടുംബശ്രീയിലൂടെ സ്ത്രീസമൂഹത്തെ മുഖ്യധാരയിൽ കൊണ്ടുവരാനുള്ള വ്യാപകമായ പ്രവർത്തനങ്ങളാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ആ സന്ദർഭത്തിലാണ് സ്ത്രീകൾ പിന്തള്ളപ്പെടുന്ന രീതിയിലുള്ള സമീപനങ്ങൾ കേരളത്തിൽ അരങ്ങേറുന്നുവെന്നത് ഗൗരവമായി കാണേണ്ട ഒരു വിഷയമല്ലേ; കുടുംബശ്രീയെ കൂടുതൽ ശാക്തീകരിക്കേണ്ടതല്ലേ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, തീർച്ചയായും. നമ്മുടെ നാട്ടിലെ സ്ത്രീകളുടെ അവസ്ഥ മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഭേദപ്പെട്ടതാണെങ്കിലും ഇപ്പോഴും സ്ത്രീകളോടുള്ള വിവേചനം തുടരുകയാണ്. ഇക്കാര്യത്തിൽ യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും സ്വീകരിക്കുന്ന സമര പരിപാടികൾ സ്ത്രീകളിൽ അപൂർവ്വം ചില ആളുകളെ തെറ്റിദ്ധരിപ്പിച്ച് സമരമുഖത്തേയ്ക്ക് കൊണ്ടുവരുന്ന സ്ഥിതിയുണ്ട്. പക്ഷേ അതൊന്നും കേരളത്തിലെ ജനങ്ങൾ അംഗീകരിക്കുന്നില്ല. പിന്തുണയില്ലാത്ത സമരമായി ഇതെല്ലാം മാറിയിട്ടുണ്ട്. കുടുംബശ്രീയുടെ ലക്ഷ്യം സ്ത്രീശാക്തീകരണം തന്നെയാണ്. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ തന്നെയാണ് ഈ രംഗത്ത് നടക്കുന്നത്. സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി, വലിയതോതിലുള്ള മുന്നേറ്റമുണ്ടായിട്ടുണ്ട്. ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള മനുഷ്യമതിൽ എല്ലാവരും ചേർന്നാണ് നടത്തുന്നത്. വലിയ പങ്കാളിത്തം അക്കാര്യത്തിലുണ്ടാകുമെന്ന് എനിക്കുറപ്പുണ്ട്.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, കുടുംബശ്രീയുടെ ചരിത്രത്തിലെ വലിയൊരിടപെടലാണ് അടുത്തകാലത്ത് കോഴിക്കോട് ആരംഭിച്ച വനിതാമാർട്ട്. അതിന് മുൻകയ്യെടുത്ത ബഹുമാന്യരായ മുഖ്യമന്ത്രിയെയും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയെയും അഭിനന്ദിക്കുന്നു. ഇത്തരത്തിൽ എല്ലാ പഞ്ചായത്തുകളിലും നഗരസഭകളിലും കുടുംബശ്രീയുടെ ബ്രാൻഡ് ചെയ്ത കടകൾ ആരംഭിക്കാൻ സാധിക്കുമോ; സിവിൽ സപ്ലൈസ് സ്റ്റോറുകളിലൂടെ കുടുംബശ്രീ ഉല്പന്നങ്ങൾക്ക് മുൻഗണന നൽകാൻ സാധിക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, കോഴിക്കോട് ആരംഭിച്ച സൂപ്പർമാർക്കറ്റ് വലിയൊരു സംരംഭമാണ്; അത് കേരളത്തിലെ ആദ്യത്തെ മാതൃകയാണ്. ധാരാളം കുടുംബശ്രീ ഉല്പന്നങ്ങളും മറ്റ് വനിതാ സംരംഭകരുടെ ഉല്പന്നങ്ങളും വിപണനം നടത്താൻ സാധിക്കുന്ന സൗകര്യം ആ സൂപ്പർമാർക്കറ്റിൽ ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും ഇത്തരത്തിലുള്ള സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കാൻ കഴിയില്ല. പ്രധാന ജില്ലാ കേന്ദ്രങ്ങളിൽ ആദ്യം തുടങ്ങിയതിനുശേഷം പിന്നീട് കൂടുതലാളുകൾ എത്തിച്ചേരുന്ന പട്ടണപ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള ചന്തകളുൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി. പൊതുവിതരണ സംവിധാനം പ്രയോജനപ്പെടുത്തി ഇവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സംവിധാനമാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്.

## പ്രളയാനന്തര പുനർനിർമ്മാണത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്ക്

2 (*273) ശ്രീ. കെ. ദാസൻ:
ശ്രീ. ആർ. രാജേഷ്:
ശ്രീ. പി. കെ. ശശി:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര പുനർനിർമ്മാണത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ട പങ്ക് വിലയിരുത്തിയിട്ടുണ്ടോ; പ്രാദേശികമായി ഉണ്ടാകുന്ന ദുരന്തങ്ങൾ നേരിടാൻ കഴിയുംവിധം തദ്ദേശ ഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കാൻ വേണ്ട പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രളയാനന്തര പുനർനിർമ്മാണത്തിന് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ എപ്രകാരം പ്രയോജനപ്പെടുത്താൻ സാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ റോഡുകളുടെ അറുപത്തിമൂന്ന് ശതമാനവും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ളവയായതിനാൽ പ്രളയവും അതിവർഷവും റോഡുകൾക്കുണ്ടാക്കിയ വലിയ നാശനഷ്ടം പരിഹരിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്നറിയിക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) : സർ,
(എ) ഉണ്ട്. പ്രളയാനന്തര പുനർനിർമ്മാണത്തിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള പങ്ക് വളരെ വലുതാണ്. കൊടിയ വരൾച്ച, മഴക്കെടുതി, ഉരുൾപൊട്ടൽ, പ്രളയും കടലാക്രമണം തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ ആവർത്തിക്കുന്നതിനുള്ള സാധ്യത കണക്കിലെടുത്ത് ദുരന്തനിവാരണ പ്രവർത്തനങ്ങൾ സമഗ്രമായി ആസൂത്രണം ചെയ്യുന്നതിനായി പ്രകൃതി ദുരന്തങ്ങൾക്ക് സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി മാപ്പ് ചെയ്യുന്നതിനും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുത്ത് തുടർപ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെയും ഇടയ്ക്കിടെ ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളുടെയും പശ്ചാത്തലത്തിൽ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം എന്നീ മേഖലകൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് ഒരു പുതിയ വർക്കിംഗ് ഗ്രൂപ്പ് നിർബന്ധമായും ഉണ്ടായിരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി വർക്കിംഗ് ഗ്രൂപ്പിലെ അംഗങ്ങൾക്ക് ആദ്യഘട്ട പരിശീലനം 'കില' പൂർത്തീകരിച്ചു. രണ്ടാംഘട്ട പരിശീലനത്തിന്റെ നടപടികൾ ആരംഭിച്ചു വരുന്നു. ഇത് സംബന്ധിച്ച് നാല് പുസ്തകങ്ങളും 'കില' പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2019-20-ലെ വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മഹാപ്രളയത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവരുടെ തൊഴിൽ ഉറപ്പാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രോജക്ടുകൾക്കും അതുപോലെ പ്രളയത്തിൽ നശിച്ചതോ കേടുപാടുകൾ വന്നതോ ആയ പൊതു ആസ്തികളുടെ അറ്റകുറ്റപ്പണികൾക്കും പുനർനിർമ്മാണത്തിനുള്ള പ്രോജക്ടുകൾക്കും ഉയർന്ന പരിഗണന നൽകേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രാദേശികമായുണ്ടാകുന്ന ദുരന്തങ്ങൾ നേരിടാൻ കഴിയുംവിധം ബ്ലോക്ക് പഞ്ചായത്ത് സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിനുവേണ്ടി 2019-20 സാമ്പത്തിക വർഷത്തിൽ 'ഗ്രാമവികസന ഇന്റേൺഷിപ്പ് പ്രോഗ്രാം' എന്നൊരു പുതിയ സംസ്ഥാന പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നു. ഗ്രാമപഞ്ചായത്തുകളിൽനിന്നും അനുയോജ്യരായ യുവാക്കളെ കണ്ടെത്തി വോളണ്ടിയർമാരാക്കി അവരുടെ സേവനം, പ്രളയംപോലെ ഒരു മഹാവിപത്തിനെ നേരിടാൻ ഫലപ്രദമായി വിനിയോഗിക്കേണ്ടതിന്റെ ആവശ്യകത മുൻനിർത്തിക്കൊണ്ട് സംഘടിപ്പിക്കുന്ന പ്രോഗ്രാമാണിത്.

(ബി) ഉണ്ട്. 2018-19 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുവേണ്ടി അഞ്ചരക്കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽനിന്നും അനുമതി ലഭിച്ചിട്ടുള്ളത്. എന്നാൽ സംസ്ഥാനത്ത് അപ്രതീക്ഷിതമായുണ്ടായ പ്രളയക്കെടുതി മൂലമുള്ള നാശനഷ്ടങ്ങൾ വിലയിരുത്തി പരിഹാരമാർഗ്ഗമെന്ന നിലയ്ക്ക് നിലവിൽ അംഗീകാരം ലഭ്യമാക്കിയിട്ടുള്ള ലേബർ ബഡ്ജറ്റ് പുതുക്കുന്നതിനും ഇതിലൂടെ 1119.39 ലക്ഷം തൊഴിൽ ദിനങ്ങൾ അനുവദിച്ച് നൽകുന്നതിനുംവേണ്ടി കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

മുൻ വർഷങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സൃഷ്ടിക്കപ്പെട്ട ആസ്തികളായ ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണം, പൊതുകിണർ, രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങൾ, കളിസ്ഥലങ്ങൾ, സ്കൂളുകളുടെ ചുറ്റുമതിൽ എന്നിവയുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ, പുഴകൾ/തോടുകൾ/കനാലുകൾ തുടങ്ങിയവയുടെ സംരക്ഷണ പ്രവർത്തനങ്ങൾ ഉൾപ്പെടെ പ്രളയാനന്തര പ്രവൃത്തികളായി പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നുണ്ട്. പ്രളയാനന്തര പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ വകുപ്പ് പദ്ധതികളുമായി സംയോജിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് നടപ്പിലാക്കിവരുന്നു. ഇത്തരത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ മുൻഗണനാ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. *

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) മഴക്കെടുതിയെ തുടർന്ന് അടിയന്തരമായി ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുവാൻ തനതു ഫണ്ട് വിനിയോഗിക്കുന്നതിനും അടിയന്തര സ്വഭാവമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൂർണ്ണമായോ ഭാഗികമായോ തകർന്ന റോഡുകളുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണിയും നടത്തേണ്ട സാഹചര്യം നേരിടുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 2018-19 വർഷത്തെ വാർഷിക പദ്ധതി ഭേദഗതി ചെയ്ത് അടിയന്തര സ്വഭാവമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. റോഡുകളുടെ നാശനഷ്ടം/കേടുപാടുകൾ പരിഹരിക്കുന്നതിന് നഗരസഭ/പഞ്ചായത്ത് അടിസ്ഥാനത്തിൽ റോഡ്, പാലം, കലുങ്ക് എന്നിവ തരംതിരിച്ച് ഏകദേശം 1544.49 കോടി രൂപയുടെ ധനസഹായം ആവശ്യമാണെന്ന് കാണിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

പ്രളയത്തിൽ കേടുപാട് സംഭവിച്ച പി.എം.ജി.എസ്.വൈ. പദ്ധതിയിലുൾപ്പെട്ട 598 റോഡുകൾക്കായി 166.703 കോടി രൂപയുടെയും 1297 മറ്റ് ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി 626.52 കോടി രൂപയുടെയും പ്രൊപ്പോസൽ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്........(ബഹളം).........

മി. സ്പീക്കർ: എല്ലാ ദിവസവും ചോദ്യോത്തരവേളയിൽ ഇങ്ങനെ ബഹളം വയ്ക്കുന്നത് ശരിയാണോയെന്ന് പ്രതിപക്ഷാംഗങ്ങൾ ആലോചിക്കണം. ആവശ്യത്തിന് നിങ്ങൾ പ്രതിഷേധം പ്രകടിപ്പിച്ചു. നിങ്ങൾക്ക് സീറ്റുകളിൽ പോയിരുന്ന് സഭാനടപടികളിൽ സഹകരിക്കാം. ഈ രീതി ശരിയാണോയെന്ന് നിങ്ങളാലോചിക്കണം. സഭയിൽ പ്രതിഷേധിക്കലും പ്രതികരണങ്ങൾ കൊണ്ടുവരുന്നതുമൊക്കെ സ്വാഭാവികമാണ്. പക്ഷേ എല്ലാ ദിവസവും അത് ശരിയല്ല.....(ബഹളം).....നിങ്ങൾ പ്രതിഷേധം പ്രകടിപ്പിച്ചു. ഇനി ദയവായി സഭ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണം. ചോദ്യങ്ങൾ ചോദിക്കാനുള്ള മറ്റംഗങ്ങളുടെ അവകാശത്തിൽ ഇടപെടരുത്. ദയവായി സീറ്റുകളിൽ പോയിരിക്കണം. ഈ രീതി ശരിയല്ല.

ശ്രീ. കെ. ദാസൻ: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശഭരണ സ്ഥാപനങ്ങളിൽ പദ്ധതി രൂപീകരണവും അതിന്റെ നിർവ്വഹണവും ഫലപ്രദമായും കാര്യക്ഷമമായും നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചത്; മുൻ സർക്കാരിൽ നിന്നും വ്യത്യസ്തമായി എന്ത് പുരോഗതിയാണ് നമുക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്. അതിന്റെ കണക്കുകൾ കൈവശമുണ്ടെങ്കിൽ വ്യക്തമാക്കാമോ; പദ്ധതി പുരോഗതിയിൽ നേട്ടം കൈവരിക്കുന്നതിന് എന്ത് നടപടികളാണ് സർക്കാർ ചെയ്യാനുദ്ദേശിക്കുന്നത്?

ശ്രീ. എ. സി. മൊയ്തീൻ: സർ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി രണ്ടാം ജനകീയാസൂത്രണ പ്രസ്ഥാനമെന്ന നിലയ്ക്ക് രണ്ടുവർഷം മുമ്പ് നമ്മൾ പ്രവർത്തനങ്ങളേറ്റെടുത്തു. അതിന്റെ ഭാഗമായി ഡിസംബർ 31-നകം തൊട്ടടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള പദ്ധതി തയ്യാറാക്കുകയും അതിന്റെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തണമെന്നുള്ള നിർദ്ദേശം കഴിഞ്ഞ വർഷംതന്നെ നടപ്പായിട്ടുമുണ്ട്. ഈ വർഷം അടുത്ത വർഷത്തേയ്ക്കുള്ള വാർഷിക പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇങ്ങനെ ഡിസംബർ മാസത്തിൽ പദ്ധതി പ്രവർത്തനം പൂർത്തീകരിച്ച് ഡി.പി.സി.-യുടെ അംഗീകാരം വാങ്ങി തൊട്ടടുത്ത സാമ്പത്തികവർഷം (ഏപ്രിൽ മാസം) മുതൽ തന്നെ പദ്ധതി പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതിന്റെ ഭാഗമായി പണം ചെലവഴിക്കുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷത്തേക്കാൾ മെച്ചപ്പെട്ട ഫണ്ട് ചെലവഴിക്കലാണ് ഈ വർഷം നടന്നിട്ടുള്ളത്. ഏകദേശം 46 ശതമാനത്തോളം സംഖ്യ ഇതിനകം ചെലവഴിച്ചിട്ടുണ്ട്. പ്രളയകാലത്തുണ്ടായ തടസ്സങ്ങളൊഴികെ പദ്ധതി പ്രവർത്തനത്തിൽ കഴിഞ്ഞ വർഷമുണ്ടായിരുന്നതിനേക്കാൾ 15 ശതമാനം കൂടുതലാണ് ഈ വർഷം ചെലവഴിക്കപ്പെട്ടിട്ടുള്ളത്; പദ്ധതിയുടെ ഗുണനിലവാരവും ഉയർന്നിട്ടുണ്ട്.

ശ്രീ. കെ. ദാസൻ: സർ, കേരളത്തിന്റെ പുനർനിർമ്മാണത്തിന് തൊഴിലുറപ്പ് പദ്ധതിയെ പ്രയോജനപ്പെടുത്തുമെന്ന് ഉത്തരത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പക്ഷേ വിവിധ വകുപ്പുകളുടെ ഏകോപനം നടത്താൻ സംസ്ഥാന സർക്കാർ തീരുമാനിക്കുന്നതുപോലെ തന്നെ തദ്ദേശ ഭരണ സ്ഥാപനങ്ങളെ പദ്ധതികളുടെ ഏകോപനം നടത്താൻ ചുമതലപ്പെടുത്തുമോ; അങ്ങനെ സംയോജിപ്പിച്ച് പദ്ധതി പ്രവർത്തനം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഉദ്ദേശിക്കുന്നുണ്ട്. തൊഴിലുറപ്പുമായി ബന്ധപ്പെട്ട് പ്രളയകാലത്തെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പ്ലാനിംഗ് ബോർഡുമായി ചേർന്ന് ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെ (പ്രത്യേകിച്ച് കൃഷി, വനം, മൃഗസംരക്ഷണം, ഇറിഗേഷൻ, ജലവിഭവം)സാന്നിദ്ധ്യത്തിൽ ഈ വിഷയത്തെ കുറിച്ച് ചർച്ച ചെയ്യുകയും വിവിധ വകുപ്പുകളുടെ പദ്ധതി പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയെക്കൂടി ഉൾപ്പെടുത്തി ജീവനോപാധികൾ സംരക്ഷിക്കുന്നതിനും തൊഴിൽ നൽകുന്നതിനും ആസ്തിയുണ്ടാകുന്നതിനുമുള്ള പദ്ധതികൾ തയ്യാറാക്കണമെന്ന് പൊതുവിൽ തീരുമാനിച്ചിട്ടുമുണ്ട്. ഇപ്പോൾ പദ്ധതി മാർഗ്ഗരേഖയുടെ ഭാഗമായുള്ള പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. മാർഗ്ഗരേഖയുടെ ഭാഗമായി തൊഴിലുറപ്പ് പദ്ധതിയെ ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികളുമായി കോ-ഓർഡിനേറ്റ് ചെയ്ത് സമയബന്ധിതമായും ഗുണപ്രദമായും പ്രയോജനപ്പെടുത്തണമെന്നുള്ള രീതിയിലാണ് പദ്ധതികൾ ആവിഷ്കരിച്ചുവരുന്നത്. .....(ബഹളം).....

മി. സ്പീക്കർ: പ്രതിപക്ഷത്തിന്റെ പ്രതിഷേധത്തെ അവഗണിച്ചുകൊണ്ട് സഭ നടത്തിക്കൊണ്ടുപോകണമെന്ന് ചെയർ ആഗ്രഹിക്കുന്നില്ല. പക്ഷേ നിങ്ങളെല്ലാ ദിവസവും ഇത്തരമൊരു രീതി തുടരുന്നത് നിർഭാഗ്യകരമാണ്. പ്രതിപക്ഷത്തിന് പ്രതിഷേധിക്കാനും പ്രതികരിക്കാനും സഭയിൽ അവസരമുണ്ട്; അതിന് വ്യവസ്ഥാപിതമായ രീതികളുമുണ്ട്. എല്ലാ ദിവസവും ഈ രീതി തുടരുന്നത് ശരിയാണോയെന്ന് നിങ്ങളാലോചിക്കണം. നാട്ടിൽ ധാരാളം വിഷയങ്ങളുണ്ട്, നിങ്ങൾ ദയവായി സീറ്റുകളിലേയ്ക്ക് പോകണം. ഇങ്ങനെ സഭാനടപടികൾ നടത്തിക്കൊണ്ടുപോകാൻ കഴിയില്ല. ചോദ്യോത്തരവേള തൊട്ട് സഭ അലങ്കോലപ്പെടുത്തുന്ന സാഹചര്യം വന്നാൽ നിമിഷങ്ങൾക്കകം സഭ പിരിയേണ്ട അവസ്ഥയാണ് വരുന്നത്. ദയവായി സീറ്റിൽ പോയിരുന്ന് സഹകരിക്കണം. ..... (ബഹളം)..... അല്ലെങ്കിൽ ചോദ്യോത്തരവേള റദ്ദ് ചെയ്ത് മറ്റ് നടപടികളിലേയ്ക്ക് പതിവുപോലെ കടക്കേണ്ടി വരും......(ബഹളം).....

സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യം ഇന്നും തുടർന്നിരിക്കുകയാണ്. ഇത് വളരെ നിർഭാഗ്യകരമാണ്. ആ സാഹചര്യത്തിൽ തുടർന്നുള്ള ചോദ്യോത്തരവേള റദ്ദ് ചെയ്യുകയാണ്. ശ്രദ്ധ ക്ഷണിക്കലിന്റെയും സബ്മിഷനുകളുടെയും മറുപടി ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്. *

(ചോദ്യോത്തരസമയം കഴിഞ്ഞു)

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ജൈവ പച്ചക്കറി ബ്രാൻഡുകളിലെ കീടനാശിനി

3(*271) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവപച്ചക്കറി എന്ന് ബ്രാൻഡ് ചെയ്തിട്ടുള്ള പച്ചക്കറികളിൽ അമിതമായ അളവിൽ നിരോധിക്കപ്പെട്ട കീടനാശിനികൾ അടങ്ങിയിരിക്കുന്നുണ്ടെന്ന തരത്തിലുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം പച്ചക്കറികളുടെ വിപണനം തടയുന്നതിനും ജൈവപച്ചക്കറി എന്ന് ബ്രാൻഡ് ചെയ്യുന്നവ പൂർണ്ണമായും ജൈവമാണെന്ന് ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി.എസ്. സുനിൽ കുമാർ): (എ) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന വെള്ളായണി കീടനാശിനി അവശിഷ്ട പരിശോധന ലബോറട്ടറിയിൽ നടന്നുവരുന്ന "സേഫ് ടു ഈറ്റ്" പദ്ധതി പ്രകാരം നടത്തിയ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനയുടെ 42-ാമത്തെ റിപ്പോർട്ട് അനുസരിച്ച് സ്വകാര്യ ജൈവ പച്ചക്കറി കടകളിൽ വിൽക്കുന്ന പച്ചക്കറികളിൽ നിന്ന് ശേഖരിച്ച 11.11 ശതമാനം സാമ്പിളുകളിൽ കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്. ഇത്തരം സ്റ്റാളുകളിൽ ജൈവ പച്ചക്കറി എന്ന ലേബലിൽ വില്ക്കുന്ന ചുവപ്പ് ചീര, ബീൻസ്, പച്ചമുളക്, വെള്ളരി, പടവലം, പയർ എന്നിവയിലെ ഓരോ സാമ്പിളുകളിൽ മാത്രമാണ് കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയത്. കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരുടെ നിരീക്ഷണത്തിലും മേൽനോട്ടത്തിലും കൃഷി ചെയ്ത് ഇക്കോഷോപ്പുകൾ വഴി വിൽപ്പന നടത്തിയ പച്ചമുളക്, പടവലം എന്നിവയുടെ ഓരോ സാമ്പിളുകളിൽ മാത്രമെ കീടനാശിനിയുടെ അവശിഷ്ടം കണ്ടെത്തിയിട്ടുള്ളൂ. കേരളത്തിലെ കർഷകരുടെ കൃഷിയിടങ്ങളിൽനിന്നും നേരിട്ടെടുത്ത് പരിശോധിച്ച സാമ്പിളുകളിൽ 3.9 ശതമാനം ഉൽപ്പന്നങ്ങളിൽ മാത്രമാണ് കീടനാശിനി അവശിഷ്ടം കണ്ടെത്തിയിട്ടുള്ളത്.

സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നല്ലമുറ കൃഷി പരിപാലന രീതികൾ (GAP) വഴി കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ Kerala Organic എന്ന ബ്രാന്റിൽ കൃഷി വകുപ്പ് നേരിട്ട് നടത്തുന്ന ഇക്കോഷോപ്പുകൾ വഴി വിൽപ്പന നടത്തിവരുന്നുണ്ട്. ഇതിനുപുറമേ വി.എഫ്.പി.സി.കെ.-യുടെ കീഴിൽ പ്രവർത്തിക്കുന്ന 231 ക്ലസ്റ്ററുകളിൽ പി.ജി.എസ് (പാർട്ടിസിപ്പേറ്ററി ഗ്യാരണ്ടി സിസ്റ്റം) സർട്ടിഫിക്കേഷനുള്ള പഴം-പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. തുടർച്ചയായി മൂന്നുവർഷം ഈ രീതിയിൽ കൃഷി ചെയ്തുവരുന്ന കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് മാത്രമെ പി.ജി.എസ്. സർട്ടിഫിക്കേഷൻ ലഭ്യമാകുകയുള്ളൂ. ജൈവവളം, ജൈവ കീടനാശിനി, ജൈവ കാർഷിക വിഭവങ്ങൾ എന്നിവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള കർശന വ്യവസ്ഥകളോടുകൂടിയ നിയമനിർമ്മാണം അനിവാര്യമാണ്. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. നിലവിലെ നിയമപ്രകാരം, ജൈവ കാർഷിക ഉൽപന്നങ്ങൾ എന്ന വ്യാജേന വിപണിയിലെത്തുന്ന കാർഷികോൽപ്പന്നങ്ങളുടെ വിപണനം തടയുന്നതിന് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ സഹായത്തോടെ നടപടി സ്വീകരിക്കുന്നതാണ്.

(ബി) നിലവിൽ ജൈവ പച്ചക്കറികളുടെ സാമ്പിളുകൾ ഇക്കോഷോപ്പുകളിൽനിന്നും കൃഷിയിടങ്ങളിൽനിന്നും ശേഖരിച്ച് കാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന അവശിഷ്ട പരിശോധനാ ലാബിൽ പരിശോധിച്ച് പരിശോധനാ ഫലം കേരള സർക്കാർ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലാണ് ലഭ്യമാക്കുന്നത്. ഇത് പൊതുജനങ്ങളിലും കർഷകരിലും ബോധവൽക്കരണത്തിന് സഹായിക്കും. കൂടാതെ വെള്ളാണിക്കര ഹോർട്ടികൾച്ചർ കോളേജ്, പടന്നക്കാട് കാർഷിക കോളേജ് എന്നിവിടങ്ങളിലും അവശിഷ്ട വിഷാംശ പരിശോധനാ ലാബുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കർഷകർക്കുള്ള ബോധവൽക്കരണം, പരിശീലന പരിപാടികൾ എന്നിവയിലൂടെ പൊതുജനങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുന്നതിലൂടെ കൃഷി വകുപ്പിന് ഇവയുടെ വിപണനം നിയന്ത്രിക്കാൻ സാധിക്കും.

ഉത്തമ കൃഷിമുറകളിലൂടെ ജൈവ പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് കർഷകർക്ക് ബോധവൽക്കരണവും മാർഗ്ഗനിർദ്ദേശവും നൽകുന്നുണ്ട്. സംസ്ഥാന ആവിഷ്കൃത പദ്ധതിയായ ജൈവകൃഷിയും ഉത്തമ കാർഷികമുറകളും കേന്ദ്രാവിഷ്കൃത പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജനയും ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നുണ്ട്. കർഷകർക്കുള്ള ബോധവൽക്കരണം, പരിശീലന

പരിപാടികൾ, ജൈവ ഉല്പാദനോപാധികളുടെ നിർമ്മാണം, ഉപയോഗം എന്നിവയിൽ കർഷകരെ പരിശീലിപ്പിച്ചും ജൈവ പച്ചക്കറി ഉല്പാദനം കുറ്റമറ്റതാക്കാൻ കൃഷി വകുപ്പ് പ്രവർത്തിച്ചുവരുന്നു.

ജൈവ പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ വർഷം ആരംഭിച്ച 110 ക്ലസ്റ്ററുകളും ഈ വർഷം അനുവദിച്ച 619 ക്ലസ്റ്ററുകളും ഉൾപ്പെടെ 729 ക്ലസ്റ്ററുകളാണ് പരമ്പരാഗത കൃഷി വികാസ് യോജനവഴി സംസ്ഥാനത്ത് നടപ്പാക്കുന്നത്. 20 ഹെക്ടർ പ്രദേശത്തെ ഒരു യൂണിറ്റ് എന്ന നിലയിൽ പരിഗണിച്ചുകൊണ്ട് ഒരു യൂണിറ്റിന് 14.7 ലക്ഷം രൂപ വീതം 3 വർഷത്തേയ്ക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി കർഷകർക്ക് ധനസഹായം അനുവദിച്ചു കൊണ്ടാണ് ക്ലസ്റ്ററുകൾ പ്രവർത്തിക്കുന്നത്. സംസ്ഥാനത്ത് ആവശ്യമുള്ള പച്ചക്കറികൾ പൂർണ്ണമായും ജൈവ കാർഷിക മുറകൾ ഉപയോഗപ്പെടുത്തി ഉൽപാദിപ്പിക്കുന്നതിനും അതുവഴി പച്ചക്കറി സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമാണ് ഈ പദ്ധതി വഴി ലക്ഷ്യമിട്ടിരിക്കുന്നത്. വിവിധ ക്ലസ്റ്ററുകളെ സംയോജിപ്പിച്ചുകൊണ്ട് 110 ജൈവ കാർഷിക ഗ്രാമങ്ങളും ഈ വർഷം നിലവിൽ വരും.

### പഴം, പച്ചക്കറികളുടെ ഉല്പാദനവും ലഭ്യതയും

4(*274) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. കെ. രാജൻ:
ശ്രീ. എൽദോ എബ്രഹാം:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധതരം പഴം, പച്ചക്കറികളുടെ ഉല്പാദനം സംബന്ധിച്ചിട്ടുള്ള ഉല്പാദന കലണ്ടർ തയ്യാറാക്കുന്നുണ്ടോ; വിശദവിവരങ്ങൾ അറിയിക്കുമോ;

(ബി) ജി.എ.പി.(ഗുഡ് അഗ്രികൾച്ചറൽ പ്രാക്ടീസസ്) സർട്ടിഫിക്കേഷനോടു കൂടി ലഭ്യമാകുന്ന ഉല്പന്നങ്ങൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ; ഇത്തരം ഉല്പന്നങ്ങൾ കൃഷി വകുപ്പ് സംഭരിച്ച് വിതരണം ചെയ്യുന്നുണ്ടോ;

(സി) പച്ചക്കറികളുടെ ആവശ്യകത ഏറിവരുന്ന വൃശ്ചികം, ധനു മാസങ്ങളിൽ പച്ചക്കറിയുടെ ലഭ്യത കൂട്ടുന്നതിനും വിലനിലവാരം നിയന്ത്രിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഡി) ഉത്സവ സീസണിൽ മാർക്കറ്റുവില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ഇ) കർഷകർക്ക് മികച്ച വരുമാനം ഉറപ്പാക്കാനും ഉപഭോക്താക്കൾക്ക് ന്യായവിലക്ക് പഴം പച്ചക്കറി എന്നിവ ലഭ്യമാക്കുന്നതിനും സ്വീകരിക്കുന്ന വിപണി ഇടപെടലുകൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി.എസ്. സുനിൽ കുമാർ) : (എ) പച്ചക്കറി ഉല്പാദനം സംബന്ധിച്ച് ഉല്പാദന കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. പച്ചക്കറി കൃഷികൾ ഏകോപിപ്പിക്കുന്നതിന് കേരളത്തിൽ കൃഷി ചെയ്തുവരുന്ന ചീര, വെണ്ട, വഴുതന, തക്കാളി, മുരിങ്ങ, കാബേജ് തുടങ്ങിയ 42-ഓളം പച്ചക്കറി ഇനങ്ങളുടെ ഉല്പാദന കലണ്ടർ തയ്യാറാക്കിവരുന്നുണ്ട്. സീസണനുസരിച്ചുള്ള ഉല്പാദനം സംബന്ധിച്ച് സാമ്പത്തിക വർഷം (ഏപ്രിൽ) ആരംഭം മുതൽ അവസാനം (മാർച്ച്) വരെ എത്രത്തോളം പച്ചക്കറി ഓരോ ജില്ലകളിലും ഉല്പാദിപ്പിക്കുന്നതിന് സാധിക്കുമെന്ന് പ്രസ്തുത കലണ്ടർ കൊണ്ട് മനസ്സിലാക്കാവുന്നതാണ്.

പച്ചക്കറികളുടെ ഉല്പാദനം സംബന്ധിച്ചുള്ള ഉല്പാദന കലണ്ടർ മുഖേന കർഷകർക്ക് ലഭിക്കുന്ന ഗുണങ്ങൾ താഴെ ചേർത്തിരിക്കുന്നു:

1. ഏത് വിള ഏത് സീസണിൽ ചെയ്യേണ്ടതാണെന്ന വിവരം ലഭിക്കും.
2. എവിടെയൊക്കെ ഏതെല്ലാം വിളകൾ ഏതൊക്കെ സീസണിൽ കൃഷി ചെയ്യുന്നു എന്ന വിവരം ലഭിക്കും.
3. ഏതെല്ലാം പച്ചക്കറികൾ എവിടെ ലഭ്യമാകുമെന്ന വിവരം ലഭിക്കും.
4. ഓരോ മാസവും സ്വീകരിക്കേണ്ട പരിചരണമുറകൾ കലണ്ടറിൽ വ്യക്തമാക്കും.
5. ഇതുമൂലം ഒരേയിനം പച്ചക്കറികൾ കൂടുതലായി കൃഷി ചെയ്യുന്നതുകൊണ്ടുള്ള വിലയിടിവ് തടയാൻ കഴിയും.
6. ഓണം, വിഷു ഉത്സവ സീസണുകളിൽ നാടൻ പച്ചക്കറിയിനങ്ങളുടെ ലഭ്യത ഉറപ്പാക്കാൻ കഴിയുകയും ഓണസമൃദ്ധി, വിഷുക്കണി മാർക്കറ്റുകളിലൂടെ 10 ശതമാനം അധിക വില നൽകി സംഭരിക്കുകവഴി കൃഷിക്കാർക്ക് നല്ല വിപണി വില ലഭിക്കുകയും ചെയ്യും.
7. വിവിധ സീസണുകളിൽ ലഭിക്കുന്ന ഉല്പന്നങ്ങൾ മറ്റ് ജില്ലകളിലേയ്ക്ക് ലഭ്യമാക്കുവാൻ കഴിയും.

നടപ്പുസാമ്പത്തിക വർഷത്തിലെ കണക്ക് പ്രകാരം ഉല്പാദന കലണ്ടർ ആസ്പദമാക്കി 19.19 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദനം പ്രതീക്ഷിച്ചിരുന്നു.

എന്നാൽ അപ്രതീക്ഷിതമായി ഉണ്ടായ മഹാപ്രളയത്തിൽ സംസ്ഥാനത്താകെ 10859 ഹെക്ടർ സ്ഥലത്തെ പച്ചക്കറി കൃഷിക്ക് നാശം സംഭവിച്ചു. കാർഷിക മേഖലയിൽ പച്ചക്കറി കൃഷിക്കുണ്ടായ നഷ്ടം പരിഹരിക്കുന്നതിനായി സംസ്ഥാന കൃഷി വകുപ്പ് ബഹുമുഖ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രളയക്കെടുതികളിൽനിന്നും കർഷകരെ കൈപിടിച്ചുയർത്തുന്നതിനും ശാസ്ത്രീയ സമീപനത്തിലൂടെയും സന്നദ്ധ സേവനത്തിലൂടെയും കാർഷിക മേഖലയുടെ പുനഃസൃഷ്ടിക്കുമായി പുനർജ്ജനി എന്ന പേരിൽ പ്രത്യേക പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. പദ്ധതി പ്രകാരം ആവശ്യമായ പച്ചക്കറി തൈകളും പച്ചക്കറി വിത്തു പായ്ക്കറ്റുകളും കർഷകർക്ക് സൗജന്യമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ജൈവ കൃഷിയും ഉത്തമ കൃഷിമുറകളും (ജി.എ.പി) പദ്ധതിയിൽ ഉത്തമ കൃഷിമുറകൾ അവലംബിച്ച് കൃഷി ചെയ്യുന്ന ഉല്പന്നങ്ങൾക്കാണ് ജി.എ.പി. സർട്ടിഫിക്കേഷൻ ലഭിക്കുക. ഉത്തമ കൃഷിമുറകൾ വിത്ത് മുതൽ വിപണിവരെ അവലംബിച്ച് ഉല്പാദിപ്പിക്കുന്ന പഴം പച്ചക്കറി ഉൾപ്പെടെയുള്ള എല്ലാ ഉല്പന്നങ്ങൾക്കും ജി.എ.പി. സർട്ടിഫിക്കേഷൻ ലഭ്യമാകുന്നതാണ്. ധാന്യവിളകൾ, ചെറു ധാന്യങ്ങൾ, പ്ലാന്റേഷൻ വിളകൾ എന്നിങ്ങനെ ജൈവ മാർഗ്ഗങ്ങൾ അവലംബിച്ച് കൃഷി ചെയ്യുന്ന എല്ലാ ഉല്പന്നങ്ങൾക്കും ജി.എ.പി. സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതാണ്. ജി.എ.പി. സർട്ടിഫിക്കേഷനോടുകൂടിയ ഉല്പന്നങ്ങൾ ഇക്കോഷോപ്പുകൾ വഴി സംഭരിച്ച് വിതരണം ചെയ്യുന്നുണ്ട്.

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള മുഖാന്തരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതി പ്രകാരം 2018-19 വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി 1500 ഹെക്ടറിൽ ജി.എ.പി സർട്ടിഫിക്കേഷനോടുകൂടി കൃഷിരീതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് കീഴിലുള്ള കർഷകർ ജി.എ.പി മാനദണ്ഡങ്ങൾ അനുസരിച്ചുള്ള കൃഷിമുറകൾ പാലിച്ചുകൊണ്ടാണ് നിലവിൽ പഴം-പച്ചക്കറി കൃഷി നടത്തിവരുന്നത്.

(സി) പച്ചക്കറികളുടെ ആവശ്യകത ഏറിവരുന്ന വൃശ്ചികം, ധനു മാസങ്ങളിൽ പച്ചക്കറി വികസന പദ്ധതി പ്രകാരം വിവിധ ഘടകങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കി ലഭ്യത വർദ്ധിപ്പിക്കുന്നുണ്ട്. കൂടാതെ അവയുടെ വില നിലവാരം നിയന്ത്രിക്കുന്നതിനായി വിവിധ തരത്തിലുള്ള വിപണി ഇടപെടലുകൾ വകുപ്പ് നടത്തി വരികയും ചെയ്യുന്നുണ്ട്.

കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ "വിപണി ശക്തിപ്പെടുത്തൽ" പദ്ധതി പ്രകാരം കേരളത്തിൽ ഒട്ടാകെ 400 ആഴ്ച ചന്തകൾ, 214 ഇക്കോഷോപ്പുകൾ എന്നിവയും പച്ചക്കറി വികസന പദ്ധതി പ്രകാരം പച്ചക്കറികൾ ന്യായമായ വിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 34 ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് മാർക്കറ്റുൾപ്പെടെ 240 ക്ലസ്റ്റർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ മാർക്കറ്റുകൾവഴി കർഷകരുടെ പച്ചക്കറികൾ വിപണനം ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. കർഷകർ ഉൽപാദിപ്പിക്കുന്ന പച്ചക്കറികൾ ഇടനിലക്കാരെ ഒഴിവാക്കി ന്യായവില ലഭിക്കുന്ന വിധം വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ്, 6 കാർഷിക മൊത്തവ്യാപാര വിപണികൾ, തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്ത് ആഴ്ച ചന്തകൾ എന്നിവ മുഖേന ഏറ്റെടുക്കുന്നതിനുള്ള സംവിധാനമുണ്ട്.

ജൈവ കൃഷി പദ്ധതി പ്രകാരം ഓർഗാനിക് ഇക്കോഷോപ്പുകളും കർഷകർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ ന്യായവില ഉറപ്പാക്കിക്കൊണ്ട് പ്രവർത്തിച്ചുവരുന്നു. കുടുംബശ്രീ സംവിധാനവും ആഴ്ച വിപണികളുടെ നടത്തിപ്പിൽ പങ്കാളികളാണ്. കൂടാതെ ഹോർട്ടികോർപ്പ് പഴം പച്ചക്കറികളുടെ സംഭരണ വിതരണത്തിലൂടെ വിലനിലവാരം നിയന്ത്രിക്കുവാൻ സാധിക്കുന്നുണ്ട്. ഹോർട്ടികോർപ്പിന്റെ സ്വന്തം സാറ്റാളുകളിലൂടെയും ഫ്രാഞ്ചൈസികളിലൂടെയും പച്ചക്കറി ന്യായവിലയ്ക്ക് വിതരണം ചെയ്തുവരുന്നു.

വി.എഫ്.പി.സി.കെ.-യുടെ കീഴിലുള്ള 284 സ്വാശ്രയ കർഷക സമിതികൾ വഴി കർഷകരുടെ ലഭ്യമായ ഉല്പന്നങ്ങൾ പൊതു വിപണിയിൽ ലഭ്യമാക്കുന്നുണ്ട്. ഇതു വിലനിലവാരം നിയന്ത്രിക്കുന്നതിന് സഹായകരമാണ്.

(ഡി) ഓണം, വിഷു എന്നീ പ്രധാനപ്പെട്ട ഉത്സവ കാലങ്ങളിൽ വിപണി വില നിയന്ത്രിക്കുന്നതിന് കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന വിപണികൾക്ക് പുറമേ "വിലസ്ഥിരതാ പദ്ധതി" പ്രകാരം ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ, കുടുംബശ്രീ മിഷൻ എന്നീ സ്ഥാപനങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ വിപണികൾ നടത്തിവരുന്നു. ഇത്തരം വിപണികളിൽ പൊതുവിപണിയിലെ വിലയിൽനിന്നും വില കുറച്ച് മിതമായ വിലയ്ക്ക് ഉല്പന്നങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കിവരുന്നു.

സംസ്ഥാന സർക്കാരിന്റെ ഉത്സവകാല വിപണി ഇടപെടലുകളുടെ ഭാഗമായി വി.എഫ്.പി.സി.കെ.-യുടെ കീഴിൽ 150 ഓണമസമൃദ്ധി ചില്ലറ വിൽപനശാലകളും 111 വിഷുക്കണി വിപണികളും 2018 വർഷം സംഘടിപ്പിച്ചു. ഇപ്രകാരം വി.എഫ്.പി.സി.കെ.-യുടെ കീഴിൽ കർഷകരിൽനിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ കർഷകർക്ക് പൊതു വിപണികളിൽനിന്നും ലഭ്യമാകുന്ന വിലയേക്കാൾ 10% വില നൽകി സംഭരിക്കുകയും അവ പൊതുവിപണി വിൽപ്പന വിലയിൽനിന്നും 30% കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഇതോടൊപ്പം GAP പച്ചക്കറി ഉൽപ്പന്നങ്ങൾ സംഭരിക്കുമ്പോൾ പൊതുവിപണികളിൽനിന്നും കർഷകർക്ക് ലഭ്യമാകുന്ന സംഭരണവിലയേക്കാൾ 20% അധികം വില നൽകി കർഷകരിൽനിന്നും സംഭരിക്കുകയും പൊതുവിപണി വിൽക്കുന്ന വിലയിൽനിന്നും 10% സബ്സിഡി നൽകി ഉപഭോക്താക്കൾക്ക് വിൽപ്പന നടത്തുകയുമുണ്ടായി.

(ഇ) കർഷകർക്ക് മികച്ച വരുമാനം ഉറപ്പാക്കുന്നതിനും ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് പഴം, പച്ചക്കറി എന്നിവ ലഭിക്കുന്നതിനും കൃഷി വകുപ്പിന്റെ സഹായത്തോടെ കർഷക കൂട്ടായ്മകളുടെ സഹകരണത്തോടെ പ്രവർത്തിച്ച് വരുന്ന കൃഷി വകുപ്പിന്റെ വിവിധ വിപണികളിലൂടെ കർഷകർക്ക് ന്യായമായ വില നൽകിക്കൊണ്ട് പച്ചക്കറികൾ സംഭരിക്കുകയും അന്നന്നത്തെ വിപണി വില അടിസ്ഥാനപ്പെടുത്തിക്കൊണ്ട് വിപണി വിലയേക്കാൾ വില കുറച്ച് ഉപഭോക്താക്കൾക്ക് പഴം, പച്ചക്കറി എന്നിവ നൽകിവരുന്നുണ്ട്. ഉത്സവ കാലങ്ങളിൽ പൊതുവിപണിയിൽ നിന്ന് കർഷകർക്ക് ലഭിക്കുന്ന പഴം, പച്ചക്കറികൾ എന്നിവയുടെ വിലകൾ താരതമ്യം ചെയ്ത് അടിസ്ഥാന വില നിർണ്ണയിക്കുകയും ടി വിലയുടെ 10% തുക അധികമായി നൽകി നാടൻ പച്ചക്കറികളും 20% തുക അധികമായി നൽകി "നല്ല കാർഷിക മുറകൾ" (GAP) പാലിച്ച് കൊണ്ടുല്പാദിപ്പിച്ച പച്ചക്കറികളും കർഷകരിൽനിന്നും സംഭരിക്കുകയും പൊതു വിപണി വിലയേക്കാൾ കുറച്ച് ഉപഭോക്താക്കൾക്ക് വില്പന നടത്തുകയും ചെയ്തുവരുന്നു. നാടൻ പച്ചക്കറി-പഴം എന്നിവ വിപണികളിലൂടെ വില്പന നടത്തുമ്പോൾ പൊതു വിപണി വില്പന വിലയിൽനിന്നും 30% കുറഞ്ഞ വിലയ്ക്കും നല്ല കാർഷിക മുറകളിലൂടെ ഉല്പാദിപ്പിക്കുന്ന (GAP) പഴം-പച്ചക്കറി എന്നിവ പൊതു വിപണി വില്പന വിലയിൽനിന്നും 10% കുറഞ്ഞ വിലയ്ക്കും ഉപഭോക്താക്കൾക്ക് നൽകിവരുന്നു.

കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം 284 സ്വാശ്രയ കർഷക സമിതികളാണ് വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന് കീഴിൽ പ്രവർത്തിച്ചുവരുന്നത്. കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ സമിതികളിലെത്തിച്ച് കച്ചവടക്കാർക്ക് ലേലംവഴി വിപണനം ചെയ്യുന്നു. ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും കർഷകരെ രക്ഷിക്കുന്നതിന് ഇത് സഹായകമാണ്. ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും വിപണന ചെലവുകൾ കുറയ്ക്കുവാനും അതുവഴി കർഷകർക്ക് സുസ്ഥിര വരുമാനവും മെച്ചപ്പെട്ട ജീവിതനിലവാരവും ഉറപ്പാക്കുവാനും ഇതുവഴി കഴിയുന്നു. ഹോർട്ടികോർപ്പ് മുഖേനയും കർഷകരുടെ ഉല്പന്നങ്ങൾ നേരിട്ട് സംഭരിച്ച് ന്യായവില ഉറപ്പാക്കുന്നുണ്ട്. കൂടാതെ വരുമാന വർദ്ധനവിനായി സ്വാശ്രയ കർഷക സംഘങ്ങൾ മുഖേന ചെറുകിട പഴം-പച്ചക്കറി മൂല്യവർദ്ധന സംസ്കരണ സംരംഭങ്ങൾ പ്രോത്സാഹിപ്പിച്ച് ഇതിനുപുറമെ കയറ്റുമതി പ്രോത്സാഹിപ്പിച്ച് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി 'അപേഡ' (APEDA)-യുടെ ധനസഹായത്തോടെ വയനാട്, തൃശ്ശൂർ ജില്ലകളിൽ പായ്ക്ക് ഹൗസുകളും പ്രവർത്തനക്ഷമമായിവരുന്നു. കൂടാതെ കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിൽ കൗൺസിലിന്റെ കീഴിലുള്ള ' തളിർ' ബ്രാന്റഡ് പഴം പച്ചക്കറി ചില്ലറ വിൽപനശാല വഴി പ്രിമീയം വിലയ്ക്ക് ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നുണ്ട്.

ഇതിനോടൊപ്പം ഉൽപ്പന്നങ്ങൾക്ക് വില താഴ്ന്ന പോകുന്ന സാഹചര്യത്തിൽ കർഷകർക്ക് ന്യായവില ലഭ്യമാക്കുന്നതിനായി പ്രത്യേക 'റിസ്ക് ഫണ്ട് പദ്ധതി കൗൺസിൽ നടപ്പിലാക്കുന്നുണ്ട്. സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന 30 ഇനം പഴം പച്ചക്കറികൾ റിസ്ക് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ വിളയ്ക്കും ഉൽപ്പാദന ചെലവിന്റെ അടിസ്ഥാനത്തിൽ ജില്ലാതലത്തിൽ തറവില നിശ്ചയിക്കുന്നു. ഈ തറവിലയിൽനിന്നും വിലകുറഞ്ഞു പോകുന്ന സാഹചര്യത്തിൽ റിസ്ക് ഫണ്ടിൽ നിന്നുള്ള സഹായം ലഭ്യമാക്കുന്നതാണ്. നിലവിൽ 40% കർഷക വിഹിതവും 60% സർക്കാർ വിഹിതവുമായാണ് റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നത്. ഇതുകൂടാതെ വിപണി വഴി വിറ്റഴിക്കുന്ന കർഷകന്റെ ഉൽപ്പന്നത്തിന്, കിലോയ്ക്ക് ഒരു രൂപ എന്ന നിരക്കിൽ നൽകുന്ന 'മാർക്കറ്റ് സെയിൽസ് പ്രൊമോഷൻ ഇൻസെന്റീവ്' എന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ഉൽപ്പന്നങ്ങൾ അതതു വിപണിയിൽ അധികമായി എത്തിച്ചേരുന്ന അവസരത്തിൽ അവ മറ്റു വിപണികളിൽ എത്തിച്ച് വിറ്റഴിക്കുന്നതിനായി ട്രാൻസ്പോർട്ടേഷൻ ഇനത്തിൽവേണ്ടി വരുന്ന ചെലവുകൾ 'മാർക്കറ്റ് ഇന്റർവെൻഷൻ സപ്പോർട്ട് എന്ന പദ്ധതി പ്രകാരം സമിതികൾക്ക് ലഭ്യമാക്കിവരുന്നു.

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള മുഖാന്തരം 2018-19 സാമ്പത്തിക വർഷത്തെ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി 18 ഗ്രാമീണ വിപണികളും 10 ചെറുകിട വിപണികളും സ്ഥാപിക്കുവാൻ ലക്ഷ്യമിടുന്നു. പ്രസ്തുത ഘടകത്തിലൂടെ ഇടനിലക്കാരെ ഒഴിവാക്കി ന്യായവിലയ്ക്ക് കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾ വിൽക്കുന്നതിന് ഒരു പൊതുവിപണി സജ്ജമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

## പ്രളയം കാർഷിക മേഖലയിൽ ഉണ്ടാക്കിയ പ്രത്യാഘാതങ്ങൾ

5(*275) ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയം കാർഷികമേഖലയിൽ ഉണ്ടാക്കിയിട്ടുള്ള പ്രത്യാഘാതങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉരുൾപൊട്ടലും ശക്തമായ ജലപ്രവാഹവുംമൂലം മണ്ണിന്റെ ഘടനയ്ക്ക് എത്രത്തോളം മാറ്റമുണ്ടാകാൻ സാധ്യതയുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കാർഷികമേഖലയിൽ ഉണ്ടായിട്ടുള്ള ഈ സ്ഥിതിവിശേഷത്തിൽ കർഷകരെ സഹായിക്കുന്നതിന് മണ്ണുപരിശോധന വിഭാഗത്തിന്റെയും കൃഷി വിജ്ഞാന വ്യാപന പ്രചരണ വിഭാഗത്തിന്റെയും സേവനം എത്രത്തോളം ഫലപ്രദമായി ലഭിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(ഡി) പ്രളയാനന്തര കാർഷിക മേഖലയുടെ സമഗ്രമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് കൃഷി വകുപ്പിന്റെ ബഹുമുഖ സംവിധാനങ്ങൾ സജ്ജമാണോ; വ്യക്തമാക്കുമോ;

(ഇ) കൃഷി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി നിലവിലുള്ള ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിനും സഞ്ചരിക്കുന്ന മണ്ണ് പരിശോധന വിഭാഗത്തിന്റെയും ഫാം ഇൻഫർമേഷൻ ബ്യൂറോയുടെയും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി.എസ്. സുനിൽ കുമാർ) :(എ) 2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെ ഫലമായി സംസ്ഥാനത്തൊട്ടാകെ 2,36,649.5 ഹെക്ടർ സ്ഥലത്തെ കൃഷി പൂർണ്ണമായും നശിച്ചുപോയിട്ടുണ്ട്. കാർഷിക മേഖലയിൽ 19,001.84 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. ആയതിന്റെ ഘടകം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഘടകം | രൂപ (കോടിയിൽ) |
|---|---|---|
| 1. | വിളകൾക്കുണ്ടായ നാശനഷ്ടം | 18545.25 |
| 2. | കൃഷിഭൂമിക്കുണ്ടായ നാശനഷ്ടം (മണ്ണിടിച്ചിൽ, ഉരുൾ പൊട്ടൽ തുടങ്ങിയവ) | 326.25 |
| 3. | കാർഷിക മേഖലയിലെ ആസ്തികൾക്കും ഉല്പാദനോപാധികൾക്കുമുണ്ടായ നാശനഷ്ടം | 130.34 |
| | ആകെ | 19001.84 |

(ബി) ഉണ്ട്. സംസ്ഥാനത്ത് വെള്ളപ്പൊക്കത്തെ തുടർന്നുണ്ടായ കൃഷിനാശം നേരിടുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും വിള പരിപാലനത്തിനും സംരക്ഷണത്തിനുമായി വിശദമായ രൂപരേഖ തയ്യാറാക്കുന്നതിനുമായി കേരള കാർഷിക സർവ്വകലാശാല, ഗവേഷണ കേന്ദ്രങ്ങൾ, കൃഷി വകുപ്പ്, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞരും ഉദ്യോഗസ്ഥരും അടങ്ങുന്ന ടീമുകളെ നിയമിച്ചിരുന്നു. തൃശ്ശൂർ, പാലക്കാട്/മലപ്പുറം, കോഴിക്കോട്/വയനാട്, എറണാകുളം, ആലപ്പുഴ/കോട്ടയം ഇടുക്കി എന്നീ ജില്ലകളിൽ രൂപീകരിച്ച സംഘങ്ങൾ പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേരള കാർഷിക സർവ്വകലാശാല ഗവേഷണ വിഭാഗം മേധാവി റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തു.

മേൽമണ്ണ് ഒലിച്ചുപോയ മലയോരമേഖലകളിലെയും കുന്നിൻ പ്രദേശങ്ങളിലെയും മണ്ണിൽനിന്ന് മേൽമണ്ണിനോടൊപ്പം പോഷകമൂലകങ്ങൾ

ധാരാളമായി നഷ്ടപ്പെട്ടതായി കണ്ടിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജൈവാംശവും ഒപ്പം തന്നെ മൂലകങ്ങളായ നൈട്രജൻ, ഫോസ്ഫറസ്, കാൽസ്യം, മഗ്നീഷ്യം, സൾഫർ, ബോറോൺ തുടങ്ങിയവയും നഷ്ടപ്പെട്ടിട്ടുണ്ട്. കൂടാതെ സമതല പ്രദേശങ്ങളിലും പുഴയോര പ്രദേശങ്ങളിലും നെൽപ്പാടങ്ങളിലും വലിയ തോതിൽ എക്കൽ അടിഞ്ഞുകൂടിയിട്ടുണ്ട്. ഈ എക്കൽ പോഷകമൂലകങ്ങളാൽ സമ്പുഷ്ടമാണ്. എന്നാൽ പൊട്ടാസ്യം, കാൽസ്യം, മഗ്നീഷ്യം, ബോറോൺ എന്നീ മൂലകങ്ങളുടെ അഭാവം ശ്രദ്ധിക്കേണ്ടതുണ്ട്. ഘനലോഹങ്ങളുടെയോ കീടനാശിനി അവശിഷ്ടങ്ങളുടെയോ സാന്നിദ്ധ്യം ഈ എക്കൽ പരിശോധനയിൽ കണ്ടിട്ടില്ല. എക്കലിന്റെ അമ്ലത്വം നിർവീര്യാവസ്ഥയിലാണ്. ഈ എക്കൽ മണ്ണ് സൂക്ഷ്മ രൂപത്തിലുള്ള തരികളായതുകൊണ്ട് ഇവ ഉണങ്ങുമ്പോൾ അടിഞ്ഞുകൂടിയ എക്കലിന്റെ അളവനുസരിച്ച് പല ഘനത്തിലുള്ള പാളികളായി മണ്ണിന്റെ മേൽത്തട്ടിൽ ഉറച്ചുപോകുന്നു. തന്മൂലം മണ്ണിലെ വായുസഞ്ചാരത്തിനും വേരുകളുടെ വളർച്ചയ്ക്കും വിഘാതമാകുന്നു.

(സി) പ്രളയബാധിത മേഖലകളെ കേന്ദ്രീകരിച്ച് മണ്ണുപരിശോധന വിഭാഗത്തിന്റെ ക്യാമ്പയിനുകളും ബോധവൽക്കരണവും നടത്തി പ്രസ്തുത പ്രദേശങ്ങളിൽനിന്നും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തിയതിൽ നൈട്രജൻ, പൊട്ടാഷ്, കാൽസ്യം എന്നിവ മണ്ണിൽ കുറഞ്ഞിരിക്കുന്നതായി കാണപ്പെട്ടു. മണ്ണിന്റെ അമ്ലത്വം കൂടിയിട്ടുണ്ട്. എന്നാൽ ഇടുക്കി പ്രദേശത്ത് നൈട്രജന് കാര്യമായി കുറവ് വന്നിട്ടില്ല. മണ്ണുപരിശോധന വിഭാഗത്തിന്റെ പരിശോധനയിൽ മണ്ണിൽ സൂക്ഷ്മ മൂലകങ്ങളുടെ ഏറ്റക്കുറച്ചിൽ കാണുകയും ശിപാർശകൾ നൽകുകയും ചെയ്തിട്ടുണ്ട്. കർഷകരെ സഹായിക്കുന്നതിനായി വയനാട് പ്രദേശത്ത് വയനാട് പദ്ധതിയിലുൾപ്പെടുത്തി നീറ്റുകക്കയും ജൈവവളവും സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്. കൂടാതെ മറ്റ് ജില്ലകളിലും 'മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലനവും ഉല്പാദനക്ഷമത ഉയർത്തലും' എന്ന പദ്ധതി പ്രകാരം നീറ്റുകക്കയും ജൈവവളവും സൗജന്യ നിരക്കിൽ വിതരണം ചെയ്തുവരികയാണ്.

പുനർജനി പദ്ധതിയുടെ ഭാഗമായി വിവിധ ജില്ലകളിൽ പയർ വിത്തുകൾ, പച്ചക്കറി വിത്തുകൾ, പച്ചക്കറി തൈകൾ, മൈക്രോന്യൂട്രിയന്റ് കിറ്റുകൾ, കുമ്മായം എന്നിവ വിതരണം ചെയ്യുകയുണ്ടായി. കാർഷിക സർവ്വകലാശാല, വിജ്ഞാന കേന്ദ്രങ്ങൾ, എന്നിവ പുറത്തിറക്കിയ പ്രളയാനന്തര കാർഷിക പരിചരണ മുറകൾ/വിദ്യകൾ കൃഷിക്കാരിലെത്തിക്കാൻ ഫാം സ്കൂളുകൾ, കിസാൻ ഗോഷ്ഠി, വിവിധ പരിശീലന പരിപാടികൾ, കാർഷിക സമ്പർക്ക പരിപാടികൾ എന്നിവയിലൂടെ സാധിച്ചു. പ്രളയാനന്തര ശാസ്ത്രീയ കൃഷി പരിചരണ

മുറകളെക്കുറിച്ച് കാർഷിക സർവ്വകലാശാലയുമായി ചേർന്ന് സെമിനാറുകൾ സംഘടിപ്പിക്കുകയുണ്ടായി. കൃഷി വകുപ്പ് ഉദ്യോഗസ്ഥർ പ്രളയബാധിതരായ കർഷകരുടെ കൃഷിയിടങ്ങൾ സന്ദർശിക്കുകയും കർഷകരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാനായി കൗൺസിലിംഗ് നടത്തുകയുമുണ്ടായി.

SFAC ആനയറയിലുള്ള കാർഷിക വിവരസങ്കേതം കാൾ സെന്റർ പ്രളയരക്ഷാ നേതൃത്വത്തിനായി 18-8-2018, 19-8-2018 എന്നീ ദിവസങ്ങളിൽ തുടർച്ചയായി 24 മണിക്കൂറും പ്രവർത്തിച്ച് കോളുകൾ അതത് ജില്ലാ കളക്ടർമാർ, തിരുവനന്തപുരം, കൊച്ചി കൺട്രോൾ റൂമുകൾ, പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ മുതലായവർക്ക് വിവരം കൊടുക്കുകയും പ്രവർത്തന പുരോഗതി അറിയിക്കുകയും ചെയ്തു. പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോട്ടയം, മലപ്പുറം ജില്ലകളിൽനിന്നും ലഭിച്ച കോളുകൾ ഫലപ്രദമായി പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തി.

നവമാധ്യമങ്ങളായ വാട്ട്സ്ആപ്പ്, ഫേസ്ബുക്ക് ഗ്രൂപ്പുകൾ വഴിയും പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിന് സാധിച്ചു.

(ഡി) സജ്ജമാണ്. പ്രളയാനന്തരം ഓരോ വിളയ്ക്കും സ്വീകരിക്കേണ്ട പരിചരണമുറകളും നടപടികളും കാർഷിക യൂണിവേഴ്സിറ്റി തയ്യാറാക്കിയ വീഡിയോകൾ, കാർഷിക വിവരസങ്കേതം മുഖേന ഫേസ്ബുക്ക്, വാട്ട്സ്ആപ്പ് ഗ്രൂപ്പുകൾ വഴി കർഷകരിലേയ്ക്കെത്തിക്കുവാൻ കഴിഞ്ഞു.

പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് ആനുകൂല്യം എത്രയുംവേഗം നൽകുന്നതിലേയ്ക്കായി NIC മുഖാന്തരം SMART സോഫ്റ്റ്വെയർ വികസനം അവസാനഘട്ടത്തിലാണ്.

കൃഷിഭവൻ തലത്തിൽ കൃഷി വകുപ്പ് നടത്തിയ പ്രളയാനന്തര കാർഷിക പദ്ധതിയായ 'പുനർജനി' പദ്ധതിക്കുവേണ്ടി പ്രചാരണ പ്രവർത്തനങ്ങൾ ഫാം ഇൻഫർമേഷൻ ബ്യൂറോ സംഘടിപ്പിച്ചിട്ടുണ്ട്. പ്രളയാനന്തരം കാർഷിക മേഖലയിൽ അനുവർത്തിക്കേണ്ട പ്രവർത്തനങ്ങൾ എന്ന ബുക്ക്ലെറ്റ്, ലീഫ് ലെറ്റുകൾ എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കൃഷി വിജ്ഞാന വ്യാപന പ്രചാരണവുമായി ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ഓഫീസുകൾ വഴി കർഷകർക്ക് നേരിട്ട് മാർഗ്ഗനിർദ്ദേശം നൽകുന്നതോടൊപ്പം പ്രളയാനന്തരം കാർഷിക മേഖലയിൽ അനുവർത്തിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് ബുക്കുലെറ്റ് എല്ലാ കർഷകർക്കും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ റോഡിയോ പരിപാടിയായ ഞാറ്റുവേല ആകാശവാണി എഫ്.എം. നിലയങ്ങൾവഴി പ്രളയവും പ്രളയാനന്തരവും (കൃഷി, മൃഗ സംരക്ഷണം, ക്ഷീരവികസനം) അനുവർത്തിക്കേണ്ട എല്ലാ തുടർ നടപടികളെക്കുറിച്ചും പ്രക്ഷേപണം നടത്തിയിട്ടുണ്ട്.

(ഇ) എഫ്.ഐ.ബി.-യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി നിലവിലുള്ള വെബ്സൈറ്റ് നവീകരണം, എഫ്.ഐ.ബി.-യുടെ മൊബൈൽ ആപ്ലിക്കേഷൻ, കവടിയാർ ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ മുന്നിൽ കൃഷി അനുബന്ധ മേഖലയിലെ പ്രവർത്തനങ്ങളെയും വകുപ്പുകളുടെ പദ്ധതികളെയും സംബന്ധിച്ച Scroll news പ്രദർശിപ്പിക്കുന്നതിനുള്ള LED Wall എന്നിവ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു.

ആലപ്പുഴ കേന്ദ്രീകരിച്ച് കുട്ടനാട് റോഡിയോ സ്റ്റേഷൻ, തൃശ്ശൂർ കേന്ദ്രീകരിച്ച് FIB-യുടെ ഒരു റീജിയണൽ ഓഫീസ് എന്നിവ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ മണ്ണ് പരിശോധനശാലകൾ, കൃഷിയിടങ്ങൾ സന്ദർശിച്ച് ക്യാമ്പയിൻ അടിസ്ഥാനത്തിൽ മണ്ണ് പരിശോധന നടത്തി കർഷകർക്ക് നിർദ്ദേശങ്ങൾ നൽകിവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ സോയിൽ ഹെൽത്ത് കാർഡ് പദ്ധതി സഞ്ചരിക്കുന്ന മണ്ണ് പരിശോധനശാലകൾവഴിയും കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

### ജൈവ പച്ചക്കറികളിലെ കീടനാശിനിയുടെ അംശം

6(*276) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ജൈവ പച്ചക്കറി കടകളിൽ വിൽക്കുന്ന പച്ചക്കറികളിൽ മാരകമായ കീടനാശിനികളുടെയും രാസവസ്തുക്കളുടെയും അംശം കേരള കാർഷിക സർവകലാശാല നടത്തിയ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ടോ;

(ബി) കേരളത്തിൽ നിരോധിച്ച പ്രൊഫൈനോഫോസ് അടക്കമുള്ള മാരകമായ കീടനാശിനികൾ സ്വകാര്യ ജൈവ പച്ചക്കറി കടകളിൽ വിൽക്കുന്ന പച്ചക്കറികളിൽ കണ്ടെത്തിയ സാഹചര്യത്തിൽ ഇത്തരം കടകൾക്കെതിരെ നിയമ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സർക്കാരിന്റെ ഇക്കോ ഷോപ്പുകളിൽ വിൽക്കുന്ന പച്ചക്കറികളിൽ കീടനാശിനികളുടെയും രാസവസ്തുക്കളുടെയും അംശം കണ്ടെത്തിയിട്ടുണ്ടോ;

(ഡി) കീടനാശിനിമുക്തമെന്ന പേരിൽ അമിത വില ഈടാക്കുന്ന സ്വകാര്യ ജൈവ പച്ചക്കറി കടകളിലെ പച്ചക്കറികൾ കീടനാശിനിമുക്തമാണെന്ന് ഉറപ്പു വരുത്താൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി.എസ്. സുനിൽ കുമാർ) :(എ) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന വെള്ളായണി കീടനാശിനി അവശിഷ്ട പരിശോധന ലാബിൽ നടന്നുവരുന്ന "സേഫ് ടു ഈറ്റ്" പദ്ധതി പ്രകാരം നടത്തിയ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനയുടെ 42-ാമത്തെ റിപ്പോർട്ട് അനുസരിച്ച് സ്വകാര്യ ജൈവ പച്ചക്കറികടകളിൽനിന്നും ശേഖരിച്ച പച്ചക്കറികളിൽ 11.11% സാമ്പിളുകളിൽ കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്.

(ബി) കേരളത്തിൽ നിരോധിച്ച പ്രൊഫൈനോഫോസ് അടക്കമുള്ള മാരക കീടനാശിനികൾ സ്വകാര്യ ജൈവ പച്ചക്കറി കടകളിൽ വിൽക്കുന്ന പച്ചക്കറികളിൽ കണ്ടെത്തിയിട്ടുണ്ട്. ഫുഡ് സേഫ്റ്റി വിഭാഗം ഉദ്യോഗസ്ഥർ എടുക്കുന്ന സാമ്പിളുകളിൽ മാത്രമേ നിയമനടപടി സാധ്യമാകൂ. എന്നാൽ കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി നിരോധിത കീടനാശിനികളുടെ വിപണനവും ഉപയോഗവും തടയുന്നതിന് കർശന നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാർ/ കൃഷി ശാസ്ത്ര ബിരുദധാരികളായ കൃഷി ഓഫീസർമാർ എല്ലാ മാസവും അതത് പ്രദേശത്തെ ഡിപ്പോകൾ നിർബന്ധമായും പരിശോധിച്ചുവരുന്നു. കർശനമായ പരിശോധനകളെ തുടർന്ന് കീടനാശിനി ഉപയോഗം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. നിരോധിത കീടനാശിനികൾ തടയുന്നതിന് പ്രാദേശിക-ജില്ല-സംസ്ഥാന തലത്തിൽ സ്ക്വാഡുകളും പ്രവർത്തിക്കുന്നു. നിരോധിത കീടനാശിനികൾ ഒഴിവാക്കിയാണ് ഉത്പാദന-വിപണന ലൈസൻസ് നൽകുന്നത്. നിരോധിത കീടനാശിനികൾ വിറ്റഴിക്കപ്പെടുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടാൽ ടി ഡിപ്പോയ്ക്കെതിരെ കർശന നിയമനടപടികളും സ്വീകരിക്കുന്നുണ്ട്.

(സി) കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ ഉദ്യോഗസ്ഥരുടെ നിരീക്ഷണത്തിലും നിർദ്ദേശത്തിലും കൃഷി ചെയ്ത് ഇക്കോഷോപ്പുവഴി വിൽക്കുന്ന പച്ചമുളക്, പടവലം എന്നിവകളിലെ ഓരോ സാമ്പിളുകളിൽ മാത്രമെ കീടനാശിനി അവശിഷ്ടം കണ്ടെത്തിയിട്ടുള്ളൂ. കുറഞ്ഞ നിരക്കിലെ കീടനാശിനി സാന്നിദ്ധ്യം കാരണം പൊതുജനങ്ങൾക്ക് ആശ്രയിക്കാവുന്ന കേന്ദ്രങ്ങളാണ് ഇക്കോഷോപ്പുകളെന്ന് റിപ്പോർട്ടിൽ കാണുന്നു.

(ഡി) നിലവിൽ ജൈവ പച്ചക്കറികളുടെ സാമ്പിളുകൾ ഇക്കോഷോപ്പുകളിൽനിന്നും കൃഷിയിടങ്ങളിൽനിന്നും ശേഖരിച്ച് കാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന അവശിഷ്ട പരിശോധനാ ലാബിൽ പരിശോധിച്ച് പരിശോധനാഫലം കേരള സർക്കാർ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ൽ ലഭ്യമായത് പൊതുജനങ്ങളിലും കർഷകരിലും ബോധവൽക്കരണത്തിന് സഹായിക്കും. കൂടാതെ വെള്ളാണിക്കര ഹോർട്ടികൾച്ചർ കോളേജ്, പടന്നക്കാട് കാർഷിക കോളേജ് എന്നിവിടങ്ങളിലും അവശിഷ്ട വിഷാംശ പരിശോധനാ ലാബുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കർഷകർക്കുള്ള ബോധവൽക്കരണം, പരിശീലന പരിപാടികൾ എന്നിവയിലൂടെ കൃഷി വകുപ്പിന് ഇവയുടെ വിപണനം നിയന്ത്രിക്കാൻ സാധിക്കും. ഇവയുടെ വിപണനം തടയുന്നതിന് ഭക്ഷ്യ സുരക്ഷാ വകുപ്പാണ് നടപടി സ്വീകരിക്കേണ്ടത്.

ഭക്ഷ്യ സുരക്ഷാ വകുപ്പ് നിരന്തരം ജൈവ പച്ചക്കറി ഷോപ്പുകൾ ഉൾപ്പെടെയുള്ള പച്ചക്കറി കടകളിൽനിന്നും പച്ചക്കറികളുടെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള ലാബുകളിലും കാർഷിക സർവ്വകലാശാലയുടെ വെള്ളായണിയിലുള്ള ലാബുകളിലും പരിശോധന നടത്തുന്നുണ്ട്. ഓണം, ക്രിസ്തുമസ്, റംസാൻ തുടങ്ങിയ ആഘോഷവേളകളിലും ആറ്റുകാൽ പൊങ്കാല, തൃശ്ശൂർ പൂരം, ശബരിമല മണ്ഡലകാല മഹോത്സവം തുടങ്ങിയ ഉത്സവ സീസണുകളിലും പ്രത്യേക ഭക്ഷ്യസുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് ഇവയുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുന്നുണ്ട്. പ്രസ്തുത പരിശോധനയിൽ ആരോഗ്യത്തിന് ഹാനികരമായ പദാർത്ഥങ്ങൾ കണ്ടെത്തുന്നവയിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നുണ്ട്.

## അന്താരാഷ്ട്ര കാർഷിക വികസന നിധിയുടെ സഹായത്താലുള്ള പദ്ധതികൾ

7 (*277) ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐക്യരാഷ്ട്ര സഭയുടെ കീഴിലുള്ള അന്താരാഷ്ട്ര കാർഷിക വികസനനിധിയുടെ സഹായത്തോടെ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ;

(സി) പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി.എസ്. സുനിൽ കുമാർ): (എ & ബി) ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള അന്താരാഷ്ട്ര കാർഷിക വികസനനിധിയുടെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിക്കായി 745 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. 500 കോടി രൂപ അന്താരാഷ്ട്ര കാർഷിക വികസനനിധി വിഹിതവും 245 കോടി രൂപ കേരള സർക്കാർ വിഹിതവുമായിട്ടുള്ള പ്രോജക്ടാണ് തയ്യാറാക്കിയത്. കേന്ദ്രാനുമതി ലഭിച്ചിട്ടില്ല.

(സി) വീട്ടുവളപ്പിലെ സംയോജിത കൃഷി ആസൂത്രണം, കർഷകർക്കായുള്ള ധനസഹായം കാർഷിക സേവനങ്ങൾക്കുള്ള പദ്ധതികൾ, പൊതുവായുള്ള അടിസ്ഥാന സൗകര്യത്തിനുള്ള പദ്ധതികൾ, വീട്ടുവളപ്പിലെ കാർഷിക ഉൽപാദന സംഭരണ മോഡലുകൾ സ്ഥാപിക്കൽ, നിലവിലുള്ള വിപണികളെ പുനരുജ്ജീവിപ്പിക്കൽ, വിപണി നടത്തിപ്പിന് മൂലധന സൗകര്യം ഒരുക്കുക, കാർഷികോൽപ്പാദന സംഘങ്ങളുടെ ശാക്തീകരണം, മനുഷ്യ വിഭവശേഷി വികസനം (അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മസേന) ഗ്രാമീണ കണ്ടുപിടിത്തം പ്രോത്സാഹിപ്പിക്കുന്നതുവഴി സുസ്ഥിര കൃഷി വികസനവും ഗ്രാമീണ ജീവിതനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുക, വീട്ടുവളപ്പിൽ വളർത്തുന്നതിന് അനുയോജ്യമായ വിളകൾ കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ തുടങ്ങിയവ നടപ്പാക്കുന്നതിനായുള്ള പ്രോജക്ടാണ് തയ്യാറാക്കിയത്.

## വിള ഇൻഷ്വറൻസ്

8(*278) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതി ഉൾപ്പെടെയുള്ള പ്രകൃതിക്ഷോഭങ്ങൾമൂലമുള്ള കൃഷി നഷ്ടങ്ങളിൽനിന്ന് കർഷകന് താങ്ങായി എന്തൊക്കെ സംവിധാനങ്ങളാണ് ഉള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രളയക്കെടുതിയിൽ കൃഷി നശിച്ചവർക്ക് സർക്കാർ പ്രഖ്യാപിച്ച നഷ്ടപരിഹാരത്തിന് പുറമെ വിള ഇൻഷ്വറൻസും ലഭ്യമാക്കുമോ; വ്യക്തമാക്കുമോ;

(സി) പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ വിള ഇൻഷ്വറൻസിന്റെ അനിവാര്യത കർഷകർക്ക് ബോധ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ വിള ഇൻഷ്വറൻസിനെക്കുറിച്ച് വ്യാപകമായ ബോധവൽകരണം നടത്തുമോ;

(ഡി) വിള ഇൻഷ്വറൻസ് എടുക്കുന്നതിന്റെ നടപടിക്രമങ്ങൾ വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി.എസ്. സുനിൽ കുമാർ): (എ) പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശം സംഭവിച്ച കർഷകർക്ക് നിലവിൽ സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നാണ് ആനുകൂല്യം അനുവദിച്ചുവരുന്നത്. ത്. പ്രകൃതിക്ഷോഭംമൂലം ഉണ്ടാകുന്ന കൃഷിനാശത്തിന് ഓരോ വിളയ്ക്കും നൽകുന്ന ധനസഹായത്തിന്റെ തോത് 1-4-2012 മുതൽ പുനർ നിർണ്ണയിച്ചിരുന്നു. SDRF മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് ലഭിച്ചുകൊണ്ടിരുന്ന ധനസഹായത്തിൽ വന്ന കുറവ് പരിഹരിക്കുന്നതിന് അധികമായിവേണ്ടി വരുന്ന തുക കൃഷി വകുപ്പിന്റെ 2401-00-800-91 പ്ലാൻ എന്ന ശീർഷകത്തിൽനിന്നും അനുവദിക്കുന്നു.

സംസ്ഥാനത്ത് പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായി പ്രധാനപ്പെട്ട 27 വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ട്. സംസ്ഥാനത്തെ മുഴുവൻ കർഷകരെയും അംഗങ്ങളാക്കുന്നതിന് പഞ്ചായത്തു തലത്തിൽ ക്യാമ്പയിനുകൾ നടത്തി ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു.

കോൾ നിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ കൂടാതെ നെൽകൃഷിക്ക് സംസ്ഥാനത്തെവിടെയും കീടരോഗബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തി. കൂവരക്, ചാമ, തിന, വരക്, പനിവരക്, കുതിരവാലി തുടങ്ങിയ ചെറു ധാന്യങ്ങൾ കൂടാതെ മാവ് എന്നീ വിളകളെ കൂടി കർഷകരുടെ ആവശ്യപ്രകാരം ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനപ്രദേശങ്ങളിൽ വനം വകുപ്പിന്റെ അനുമതിയോടുകൂടി കർഷകർ ചെയ്യുന്ന ഹ്രസ്വ/വാർഷിക വിളകളുടെ കൃഷി കൂടി ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വിളകൾക്ക് ദോഷമായി ഭവിക്കുന്ന അന്തരീക്ഷ താപനിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, അധിവൃഷ്ടി, ശക്തമായ കാറ്റ്, തുടർദിവസങ്ങളിൽ ഉണ്ടാകുന്ന ശക്തമായ മഴ, വരൾച്ച, രോഗകീടാക്രമണത്തിന് അനുയോജ്യമായ കാലാവസ്ഥാ സാഹചര്യങ്ങൾ എന്നിവയ്ക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. ഓരോ വിജ്ഞാപിത പ്രദേശങ്ങളിലും സ്ഥാപിച്ചിട്ടുള്ള കാലാവസ്ഥാ നിലയങ്ങളിൽ രേഖപ്പെടുത്തുന്ന നിർദ്ദിഷ്ട കാലാവസ്ഥാ ഘടകങ്ങളുടെ തോതിനെ അടിസ്ഥാനമാക്കിയാണ് പദ്ധതിയിൽ ഇൻഷ്വർ ചെയ്ത വിളകൾക്ക് നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നത്.

2016-17 വർഷം മുതൽ കേന്ദ്ര സർക്കാർ പ്രധാനമന്ത്രി ഫസൽ ബീമായോജന എന്ന ഇൻഷ്വറൻസ് പദ്ധതി പരിഷ്കരിച്ച ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിക്ക് പകരമായി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കൊടുംകാറ്റ്, പേമാരി, ചുഴലിക്കാറ്റ്, അത്യുഷ്ണം, ഇടിമിന്നൽ, സ്വാഭാവികമായുണ്ടാകുന്ന തീപിടിത്തം മുതലായ പ്രകൃതിക്ഷോഭങ്ങൾമൂലമോ രോഗ കീടങ്ങളുടെ ആക്രമണംമൂലമോ പ്രഖ്യാപിത വിളകൾക്കുണ്ടാകുന്ന ഉല്പാദന നഷ്ടത്തിൽനിന്നും കർഷകർക്ക് ഇൻഷ്വറൻസ് സംരക്ഷണവും സാമ്പത്തിക സഹായവും ഈ പദ്ധതി മുഖേന നൽകുന്നു.

നെല്ല്, വാഴ, മരിച്ചീനി എന്നീ വിളകളെയാണ് ഈ ഇൻഷ്വറൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതിയിൽ നെൽകൃഷിക്കുള്ള ആനുകൂല്യം കോട്ടയും പത്തനംതിട്ട എന്നീ ജില്ലകളിലെ വിജ്ഞാപനം ചെയ്ത പഞ്ചായത്തുകൾക്കും വാഴയ്ക്ക് എല്ലാ ജില്ലകളിലേയും വിജ്ഞാപനം ചെയ്ത ബ്ലോക്കുകൾക്കും മരിച്ചീനി കൃഷിക്കും എല്ലാ ജില്ലകളിലേയും വിജ്ഞാപനം ചെയ്ത ബ്ലോക്കുകൾക്കും പ്രയോജനം ലഭിക്കും.

(ബി) പ്രളയക്കെടുതിയിൽ കൃഷി നശിച്ച കർഷകർക്ക് സർക്കാർ പ്രഖ്യാപിച്ച നഷ്ടപരിഹാരത്തിന് പുറമെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് ഇൻഷ്വറൻസ് ആനുകൂല്യവും നൽകിവരുന്നു. അപ്രതീക്ഷിതമായി സംഭവിക്കുന്ന പ്രകൃതിക്ഷോഭങ്ങൾമൂലം ഉണ്ടാകുന്ന കൃഷി നാശങ്ങൾക്ക് നിലവിൽ രണ്ട് ആനുകൂല്യങ്ങളും ഒരേ കർഷകർക്ക് നൽകുന്നതാണ്.

(സി) പ്രളയക്കെടുതിയുടെ പശ്ചാതലത്തിൽ വിള ഇൻഷ്വറൻസിന്റെ അനിവാര്യത കർഷകർക്ക് ബോധ്യമായിട്ടുണ്ട്. നിലവിൽ വിള ഇൻഷ്വറൻസിന്റെ ആവശ്യകതയെക്കുറിച്ച് കൃഷി ഭവൻ തലത്തിലും ഗ്രാമപഞ്ചായത്ത് ബ്ലോക്ക് തലത്തിലും ജില്ലാ തലത്തിലും ദൃശ്യ-ശ്രുവ്യ അച്ചടി മാധ്യമങ്ങൾ വഴിയും കർഷകർക്ക് ബോധവൽക്കരണം നടത്തിവരുന്നു. അതോടൊപ്പം പഞ്ചായത്ത് തലത്തിൽ വിള ഇൻഷ്വറൻസിനെക്കുറിച്ച് ക്യാമ്പെയിനുകളും നടത്തിവരുന്നു.

(ഡി) സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രീമിയം തുക അടച്ച്, കർഷകർക്ക് പദ്ധതിയിൽ ചേരാവുന്നതാണ്. സ്വന്തമായോ പാട്ടത്തിനോ കൃഷി ഇറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. നെൽകൃഷിയിൽ ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള പാടശേഖരങ്ങളിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലോ വ്യക്തിഗത അടിസ്ഥാനത്തിലോ ചേരാവുന്നതാണ്. പദ്ധതി പഞ്ചായത്തുതലത്തിൽ കൃഷി ഭവൻ വഴി നടപ്പാക്കിവരുന്നു. പ്രീമിയം തുക അടച്ച ദിവസം മുതൽ 7 ദിവസങ്ങൾക്കുശേഷം ഉണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരത്തിന് അർഹതയുണ്ട്.

പ്രകൃതിക്ഷോഭമുണ്ടായി 15 ദിവസങ്ങൾക്കുള്ളിൽ അപേക്ഷ കൃഷി ഭവനിൽ നൽകേണ്ടതും 5 ദിവസത്തിനുള്ളിൽ കൃഷി ഉദ്യോഗസ്ഥർ കൃഷിനാശം തിട്ടപ്പെടുത്തേണ്ടതുമാണ്. നെൽകൃഷി ഉൾപ്പെടെ മറ്റുവിളകൾക്ക് 4 ലക്ഷം രൂപ വരെയുള്ള കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകുന്നതിനുള്ള അധികാരം ജില്ലാ തലത്തിലുള്ള പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നൽകിയിട്ടുണ്ട്. നെൽകൃഷിക്ക് 10 ലക്ഷം രൂപ വരെയുള്ള നഷ്ടപരിഹാരം കൃഷി ഡയറക്ടർ തലത്തിലും നെൽകൃഷിക്ക് 10 ലക്ഷം രൂപക്ക് മുകളിലും മറ്റ് വിളകൾക്ക് 5 ലക്ഷം രൂപക്ക് മുകളിലുമുള്ള നഷ്ടപരിഹാരം കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനായുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിലും നിക്ഷിപ്തമാണ്.

**ഗ്രാമപഞ്ചായത്തുകളെ ഐ.എസ്.ഒ നിലവാരത്തിലേയ്ക്ക് ഉയർത്തൽ**

9(*279) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എം. നൗഷാദ്:
ശ്രീ. പി. ഉണ്ണി:
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളെ ഐ.എസ്.ഒ. നിലവാരത്തിലേയ്ക്ക് ഉയർത്താനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ; എത്ര പഞ്ചായത്തുകൾക്ക് ഐ.എസ്.ഒ. അംഗീകാരം നേടാനായി എന്ന് വ്യക്തമാക്കാമോ;

(ബി) ഗ്രാമപഞ്ചായത്തുകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽകൃതമായിട്ടുണ്ടോ; പദ്ധതി ആസൂത്രണ നിർവഹണ പ്രവർത്തനം ഓൺലൈൻ ആയിട്ടുണ്ടോയെന്നും ഇതുകൊണ്ട് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങളും അറിയിക്കാമോ;അഴിമതിയും കെട്ടുകാര്യസ്ഥതയും ഇല്ലാതാക്കാനായിട്ടുണ്ടോ;വ്യക്തമാക്കുമോ;

(സി) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് വകുപ്പ് തലത്തിൽ നടത്തിവരുന്ന ഇടപെടലുകൾ അറിയിക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ.സി. മൊയ്തീൻ): (എ) സംസ്ഥാനത്ത് ഇനിയും ഐ.എസ്.ഒ. നേടിയിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകളെ ഐ.എസ്.ഒ. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയത്തിന് കീഴിൽ നടപ്പാക്കുന്ന രാഷ്ട്രീയ ഗ്രാം സ്വരാജ് അഭിയാൻ പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതിയുടെ സംസ്ഥാന വിഹിതം ഉപയോഗിച്ച് പഞ്ചായത്ത് വകുപ്പിന്റെ നേതൃത്വത്തിൽ പദ്ധതി നടപ്പാക്കിവരുന്നു. ഇതിനായി കൺസൾട്ടൻസി സർവ്വീസ് നടത്തുന്നതിനായി തൃശ്ശൂർ കിലയേയും 2-2-2018-ലെ G.O(Rt)No.308/2018/LSGDdt.സർട്ടിഫിക്കേഷൻ ബോഡിയായി M/s TQ Service-നേയും 27-3-2018-ലെ (G.O(Rt)No.839/ 2018/LSGD dt) സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 11-4-2018-ൽ കിലയുമായും 14-8-2018-ന് M/s TQ Service-ഉം ആയിട്ടും പഞ്ചായത്ത് ഡയറക്ടർ കരാറിൽ ഏർപ്പെടുകയും ഐ.എസ്.ഒ. നിലവാരം നേടുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരികയും ചെയ്യുന്നു. ഗ്രാമപഞ്ചായത്തുകൾക്ക് ഇതുസംബന്ധിച്ച പരിശീലനം കില വഴി നൽകിവരുന്നു. ഐ.എസ്.ഒ നേടാനുള്ള

723 ഗ്രാമപഞ്ചായത്തുകളിൽ 513 ഗ്രാമപഞ്ചായത്തുകൾ പരിശീലനം പൂർത്തിയാക്കുകയും 210 ഗ്രാമപഞ്ചായത്തുകൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി കില സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളും ഐ.എസ്.ഒ പദവി നേടുന്നതാണ്. സംസ്ഥാനത്ത് നിലവിൽ 218 ഗ്രാമപഞ്ചായത്തുകൾ ഐ.എസ്.ഒ. പദവി നേടിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുകയും പദ്ധതി ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങൾ ഓൺലൈനാക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും പദ്ധതി രൂപീകരണം, അംഗീകാരം തുടങ്ങിയവ ഓൺലൈനായി ഐ.കെ.എം. വികസിപ്പിച്ചെടുത്ത സുലേഖ സോഫ്റ്റ്‌വെയർ വഴിയാണ് നടക്കുന്നത്. ഓൺലൈൻ ആക്കിയതിനാൽ സമയബന്ധിതമായി പദ്ധതി രൂപീകരിക്കുന്നതിനും നിർവ്വഹണം നടത്തുന്നതിനും സാധിക്കുന്നുണ്ട്. യഥാസമയം മോണിറ്ററിംഗ് നടത്തുന്നത് വഴി പദ്ധതി പ്രവർത്തനങ്ങളിൽ കൂടുതൽ സുതാര്യത ഉറപ്പുവരുത്താൻ കഴിയുന്നു.

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ അഴിമതി തടയുന്നതിനും സമയബന്ധിതമായി സേവനം ലഭ്യമാക്കുന്നതിനുമായി ഗ്രാമപഞ്ചായത്തുകളിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ പൗരസേവനം കാര്യക്ഷമതയുള്ളതാക്കാനും അതുവഴി അഴിമതിയും കെടുകാര്യസ്ഥതയും ഇല്ലാതാക്കാനും കഴിഞ്ഞിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ പദ്ധതി രൂപീകരണം, അംഗീകാരം, നിർവ്വഹണം, മേൽനോട്ടം, അക്കൗണ്ടിംഗ്, വിവിധതരം നികുതി നികുതിയേതര വരുമാനം, ക്രയവിക്രയങ്ങൾ, ഓഫീസ് പ്രവർത്തനം, ജനന-മരണ വിവാഹ രജിസ്ട്രേഷൻ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ, സാമൂഹ്യക്ഷേമ പ്രവർത്തനനങ്ങൾ, പൊതു സേവനങ്ങൾ, യോഗനടപടിക്രമങ്ങൾ തുടങ്ങിയവ ഇ-ഗവേണൻസ് വഴി നടപ്പാക്കിവരുന്നു.

(സി) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ 2018-19 സാമ്പത്തിക വർഷത്തെ വസ്തു നികുതിയിനത്തിൽ പിരിച്ചെടുക്കേണ്ട ആകെ ഡിമാന്റ് തുക 537.05 കോടി രൂപയാണ്. പ്രസ്തുത തുകയിൽ 215.66 കോടി രൂപ (40.16%) ഇതിനകം പിരിച്ചെടുത്തിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഗ്രാമപഞ്ചായത്തുകളുടെ വസ്തു നികുതി കളക്ഷൻ 83 ശതമാനമായിരുന്നു. ഈ സാമ്പത്തിക വർഷം വസ്തു നികുതി നൂറ് ശതമാനവും പിരിച്ചെടുക്കുന്നതിന് ആവശ്യമായ എല്ലാ സഹായസന്നാഹങ്ങളും പഞ്ചായത്ത് ഡയറക്ടറേറ്റ് തലത്തിൽ

ഗ്രാമപഞ്ചായത്തുകൾക്ക് ഒരുക്കി നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായിട്ടുള്ള റിവ്യൂ മീറ്റിംഗുകളും പരിശോധനകളും പഞ്ചായത്ത് ഡയറക്ടറേറ്റ് തലത്തിൽ എല്ലാ ജില്ലകളിലും നടത്തിവരുന്നു. 31-3-2019-നകം വസ്തുനികുതി കളക്ഷൻ 100% കൈവരിക്കുന്നതിന് വകുപ്പ് പ്രവർത്തന കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ നഗരസഭകളുടെ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ഓൺലൈൻ പേമെന്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ, നഗരസഭകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായി വിളിച്ചു ചേർക്കുന്ന നഗരസഭാ സെക്രട്ടറിമാരുടെ അവലോകന യോഗങ്ങളിൽ നികുതി പിരിവ് സൂക്ഷ്മമായി വിലയിരുത്തുകയും ചെയ്തുവരുന്നുണ്ട്. മാത്രമല്ല, നികുതി കുടിശ്ശികകൾ സമയബന്ധിതമായി പരിച്ചെടുക്കുന്നതിന് സന്നദ്ധ സംഘടനകൾ, റസിഡൻസ് അസോസിയേഷൻ തുടങ്ങിയവകളുടെ സഹകരണത്തോടെ നികുതി പിരിവ് സമാഹരണ യജ്ഞങ്ങളും ക്യാമ്പുകളും നഗരസഭയുടെ മേഖലാ കേന്ദ്രങ്ങളിലും സംഘടിപ്പിച്ചുവരുന്നുണ്ട്.

## ഡിജിറ്റൽ ഫാം കമ്മ്യൂണിറ്റി

10(*280) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിയിലേയ്ക്കും അനുബന്ധ തൊഴിൽ മേഖലകളിലേയ്ക്കും കൂടുതൽ പേരെ ആകർഷിക്കുന്നതിനായി നവമാധ്യമങ്ങൾ ഉപയോഗിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി ഡിജിറ്റൽ ഫാം കമ്യൂണിറ്റിക്ക് രൂപംനൽകിയിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : (എ) ഉണ്ട്. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ സ്മോൾ ഫാർമേഴ്സ് അഗ്രിബിസിനസ്സ് കൺസോർഷ്യത്തിന്റെ (SFAC) കീഴിൽ നവമാധ്യമങ്ങൾ, സോഷ്യൽ മീഡിയ എന്നിവ ഉപയോഗിച്ച് കൂടുതൽപേരെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിന് കാർഷിക വിവരസങ്കേതം പദ്ധതി പ്രവർത്തിക്കുന്നു.

ഈ പദ്ധതിയുടെ ഭാഗമായി വെബ് പോർട്ടൽ/മൊബൈൽ ആപ്ലിക്കേഷൻ/ഫേസ് ബുക്ക് ഗ്രൂപ്പ്/ഫേസ് ബുക്ക് ലൈവ്/വാട്ട്സാപ്പ് ഗ്രൂപ്പ്/ എസ്.എം.എസ്. ഗ്രൂപ്പ് തുടങ്ങിയ മാധ്യമങ്ങൾവഴി കൃഷിയിലേയ്ക്കും അനുബന്ധ തൊഴിൽ മേഖലകളിലേയ്ക്കും കൂടുതൽ കർഷകരെ ആകർഷിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ഉണ്ട്.

(സി) ഡിജിറ്റൽ ഫാം കമ്മ്യൂണിറ്റിക്കുവേണ്ടി കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ സ്മോൾ ഫാർമേഴ്സ് അഗ്രിബിസിനസ്സ് കൺസോർഷ്യത്തിന്റെ (SFAC) കീഴിൽ നവമാധ്യമങ്ങൾ, സോഷ്യൽ മീഡിയ എന്നിവ ഉപയോഗിച്ച് കൂടുതൽപേരെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിന് കാർഷിക വിവരസങ്കേതം പദ്ധതി പ്രവർത്തിക്കുന്നു.

കാർഷിക വിവരസങ്കേതത്തിന്റെ കീഴിൽ ഫെയ്സ് ബുക്ക്, വാട്ട്സാപ്പ്, മൊബൈൽ ആപ്പ് എന്നിവയിൽ പങ്കാളികളാകുന്ന കർഷകർ ഡിജിറ്റൽ ഫാം കമ്മ്യൂണിറ്റിയുടെ ഭാഗമാണ്. ഈ കമ്മ്യൂണിറ്റിയുടെ സേവനങ്ങൾക്കായി ഡിജിറ്റൽ സേന രൂപീകരിച്ചിട്ടുണ്ട്. 25 പേരടങ്ങുന്ന ഉദ്യോഗസ്ഥരെ വിവര വിനിമയ സാങ്കേതികവിദ്യ, സമൂഹമാധ്യമങ്ങൾ വഴി വിജ്ഞാന വ്യാപനം എന്നിവയിൽ അടിസ്ഥാന പരിശീലനം നൽകി രൂപീകരിച്ചതാണ് ഡിജിറ്റൽ സേന.

വിവര വിനിമയ സാങ്കേതികവിദ്യ അടിസ്ഥാനമാക്കി സ്മോൾ ഫാർമേഴ്സ് അഗ്രിബിസിനസ്സ് കൺസോർഷ്യം (എസ്.എഫ്.എ.സി) ഒരുക്കുന്ന ഏക ജാലക സംവിധാനമാണ് " കാർഷിക വിവര സങ്കേതം-ഒരു വിരൽതുമ്പിൽ" എന്ന പോർട്ടൽ. ലോകത്തെമ്പാടും നടപ്പിലാക്കിവരുന്ന നൂതന ശാസ്ത്രീയ കൃഷിരീതികളെക്കുറിച്ചും ഉത്തമ കൃഷിമുറകളെക്കുറിച്ചും (GAP) കർഷകർക്കും പൊതുജനങ്ങൾക്കും പകർന്നുനൽകുന്ന 'കാർഷിക വിവരസങ്കേതം', കൃഷിഭവനുകളിലെ കൃഷി ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനായി വികസിപ്പിച്ച 'കാർഷിക കേരളം', കാർഷികോൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്താനും മികച്ച വില ഉറപ്പാക്കാനും കർഷകരെ സഹായിക്കുന്ന 'ഇ-വിപണി' എന്നീ മൂന്ന് മൊബൈൽ ആപ്ലിക്കേഷനുകളും ഈ പോർട്ടലിന്റെ ഭാഗമായി വികസിപ്പിച്ചിട്ടുണ്ട്.

കാർഷിക കാൾസെന്റർ സേവനങ്ങൾ 1800-425-1661 എന്ന ടോൾഫ്രീ നമ്പറിലൂടെ ടെലിഫോണിലൂടെയും മൊബൈൽ ഫോണിലൂടെയും നേരിട്ട് വിളിച്ചും കൂടാതെ എസ്.എം.എസ്, ഇ-മെയിൽ, സാമൂഹ്യമാധ്യമങ്ങൾ, വെബ് പോർട്ടൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

എന്നിവയിലൂടെയും ഉന്നയിക്കുന്ന കാർഷികാനുബന്ധമായ സംശയങ്ങൾക്ക് സാങ്കേതിക ഉദ്യോഗസ്ഥർ പരിഹാരം കണ്ടെത്തി നൽകുന്നു. കൂടാതെ Facebook, Youtube, WhatsApp, Twitter എന്നീ സംവിധാനങ്ങളുപയോഗിച്ച് ചാറ്റ് ചെയ്യുന്നതിലൂടെ കൃഷിയിടങ്ങളിലെ പ്രശ്നങ്ങൾ തൽസമയം പ്രദർശിപ്പിച്ച് ശരിയായ പ്രശ്നപരിഹാരം കണ്ടെത്തുവാൻ സഹായിക്കുന്നു. ഇതുവരെ ഏകദേശം 40000 കൃഷിക്കാരുടെ ഫോൺകോളുകൾ ടോൾഫ്രീ നമ്പരിൽ വരികയും ആയതിന് പ്രശ്ന പരിഹാരം നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

'കാർഷിക വിവരസങ്കേതം ഒരു വിരൽത്തുമ്പിൽ' എന്ന സംവിധാനത്തിന്റെ വിപുലീകൃതമായ ഉപയോഗത്തിനും മെച്ചപ്പെട്ട സേവന വിനിമയത്തിനുമായി ഈ സംവിധാനത്തിലൂടെ തന്നെ കർഷകർ, ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവരോട് കൃഷിമന്ത്രി നേരിട്ട് സംവദിക്കുന്ന തരത്തിൽ നടപ്പിലാക്കുന്ന പരിപാടിയാണ് "കൃഷിമന്ത്രി വിളിപ്പുറത്ത്". കൃഷി വകുപ്പിന്റെയും അനുബന്ധ സ്ഥാപനങ്ങളുടേയും സേവനങ്ങൾ കർഷകരിലേയ്ക്ക് പരമാവധി എത്തിക്കുന്നതിനും കർഷകരുടെ പ്രശ്നങ്ങളും സംശയങ്ങളും സമയബന്ധിതമായി പരിഹരിക്കുന്നതിനും സർക്കാരും ജനങ്ങളും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കുന്നതിനും സഹായിക്കുന്ന "കൃഷിമന്ത്രി വിളിപ്പുറത്ത്", ഇതിനോടകംതന്നെ വമ്പിച്ച പ്രചാരം നേടിക്കഴിഞ്ഞു.

2018 നവംബർ മുതൽ "തൽസമയ കൃഷിയിട പരിശീലന പരിപാടി" നടപ്പിലാക്കി തുടങ്ങി. എല്ലാമാസവും ആനുകാലിക പ്രാധാന്യമുള്ള വിഷയങ്ങളെക്കുറിച്ച് കൃഷി വിദഗ്ദ്ധർ ഈ പരിപാടി കൈകാര്യം ചെയ്യുന്നു. ഈ രണ്ട് പരിപാടികളും ശരാശരി 50000 കർഷകരിലേയ്ക്ക് എത്തിക്കുവാൻ സാധിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാരിന്റെ എം-കിസാൻ (m-kisan) പദ്ധതിയിലൂടെ കൃഷിശാസ്ത്രജ്ഞർക്കും കാർഷികരംഗത്തെ പ്രഗത്ഭർക്കും ഉദ്യോഗസ്ഥർക്കും തങ്ങളുടെ മൊബൈൽ ഫോണുകൾ വഴി പ്രദേശം, പ്രാദേശിക ഭാഷ, കാർഷിക പ്രവർത്തനങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള വിവരങ്ങളും സേവനങ്ങളും നിർദ്ദേശങ്ങളും എസ്.എം.എസ്(SMS) ആയി കർഷകർക്ക് നൽകിവരുന്നു.

കാർഷിക വിജ്ഞാന വ്യാപന ഉദ്യോഗസ്ഥർ, കാർഷിക വിദ്യാർത്ഥികൾ, പുരോഗമനോന്മുഖരായ കർഷകർ എന്നിവരെ ലക്ഷ്യമാക്കിക്കൊണ്ട് കാർഷിക സർവ്വകലാശാലയുമായി ചേർന്ന് 'FEM@Mobile'എന്ന ആപ്ലിക്കേഷനും www.farmextensionmanager.com എന്ന വെബ്സൈറ്റും വികസിപ്പിച്ചിട്ടുണ്ട്. നവമാധ്യമങ്ങൾവഴി ഏകദേശം 57000 കർഷകർ ഈ സംവിധാനം ഉപയോഗപ്പെടുത്തുന്നുണ്ട്.

## ബിരുദ-ബിരുദാനന്തര കോഴ്സുകളുടെ പരിഷ്കരണവും അദ്ധ്യാപക നിയമനവും

11(*281) ശ്രീ. വി. ജോയി:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബിരുദ, ബിരുദാനന്തര കോഴ്സുകളും സിലബസും കാലാനുസൃതമായി പരിഷ്കരിക്കാനും എയ്ഡഡ് കോളേജുകളിലെയും സ്വയംഭരണ കോളേജുകളിലെയുമുൾപ്പെടെ അദ്ധ്യാപക നിയമനം സുതാര്യമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്താനും നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സർക്കാർ കോളേജുകളിലെയും സർവ്വകലാശാലകളിലെയും അദ്ധ്യാപക ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): (എ) ഉണ്ട്.

(ബി) സർക്കാർ കോളേജുകളിലെ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ സർവ്വകലാശാലകളിലെ അദ്ധ്യാപക തസ്തിക കളിലേയ്ക്കുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ യു.ജി.സി.-യുടെ നിർദ്ദേശ പ്രകാരം താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. റിസർവേഷനുമായി ബന്ധപ്പെട്ട കേസ് ഇപ്പോൾ സുപ്രീംകോടതിയുടെ പരിഗണനയിലുള്ളതാണ് കാരണം. തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാലയിലെ നിലവിലുള്ള ഒഴിവുകളിലേയ്ക്കുള്ള നിയമന വിജ്ഞാപനത്തെ ചോദ്യം ചെയ്തുള്ള റിട്ട് ഹർജിയിൽ ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതിനാൽ ഇപ്പോൾ നിയമനം നിർത്തിവച്ചിരിക്കുകയാണ്.

## റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനായി എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ

12(*282) ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനായി പൂർണ സമയ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളെ നിയോഗിച്ചിട്ടുണ്ടോ;

(ബി) കൂടുതൽ റോഡ് അപകടമരണങ്ങൾ നടക്കുന്നതായി നാറ്റ്പാക് കണ്ടെത്തിയിട്ടുള്ള ബ്ലാക്ക് സ്പോട്ടുകളിൽ കേരള റോഡ് സുരക്ഷ അതോറിറ്റിയുടെ നേതൃത്വത്തിൽ മോട്ടോർ വാഹന, പോലീസ്, പൊതുമരാമത്ത് വകുപ്പുകളുടെ പങ്കാളിത്തത്തോടെ പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വാഹനങ്ങളുടെ അമിതവേഗം കണ്ടുപിടിക്കുന്നതിന് കൂടുതൽ അത്യാധുനിക ക്യാമറകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) അമിതവേഗം, ഡ്രൈവിംഗിനിടെ മൊബൈൽ ഫോൺ ഉപയോഗം, ചരക്കുവാഹനങ്ങളിലെ അമിതഭാരം തുടങ്ങിയ ഗതാഗത നിയമ ലംഘനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) : (എ) റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനും ട്രാഫിക് നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനുമായി നിലവിലെ 34 പൂർണ്ണസമയ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ 51 സ്ക്വാഡുകൾ സേഫ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഇതിന്റെ ആദ്യപടിയായി 181 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരെ നിയമിച്ച് പരിശീലനം നൽകിവരുന്നു. ഇവരുടെ പ്രവർത്തനത്തിനാവശ്യമായ വാഹനങ്ങൾ വെറ്റ് ലീസിന് എടുക്കുന്നതിനും എൻഫോഴ്സ്മെന്റ് സ്ക്വാഡിന് മാത്രമായി കൺട്രോൾ റൂമുകൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) കേന്ദ്ര ഗതാഗതമന്ത്രാലയം നിഷ്കർഷിച്ച മാനദണ്ഡപ്രകാരം സംസ്ഥാനത്തെ പാതകളിൽ നാറ്റ്പാക്ക് കണ്ടെത്തിയ 275 ബ്ലാക്ക് സ്പോട്ടുകളിൽ ദേശീയേതര പാതകളിൽപ്പെടുന്ന 116 ബ്ലാക്ക്സ്പോട്ടുകളാണുള്ളത്. ഇവയിൽ പൊതുമരാമത്ത് വകുപ്പ് മുൻഗണനാക്രമം നിശ്ചയിച്ച 46 ബ്ലാക്ക് സ്പോട്ടുകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ പോലീസ്-മോട്ടോർ വാഹന-പൊതുമരാമത്ത് വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തുകയും ഹ്രസ്വകാല-ദീർഘകാല പരിഹാര നടപടികൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പോലീസ്, മോട്ടോർ വാഹന വകുപ്പ്, ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ എന്നീ ഏജൻസികൾ സമർപ്പിക്കുന്ന മിക്ക റോഡു സുരക്ഷാ പദ്ധതികളിലും ഒരു ഇനമായി ആധുനിക ക്യാമറയുടെ സ്ഥാപിക്കലും ഉൾപ്പെടുന്നുണ്ട്.

വാഹനങ്ങളുടെ അമിത വേഗം കണ്ടുപിടിക്കുന്നതിനായി നിലവിലുള്ള ക്യാമറകൾക്ക് പുറമേ മണ്ണുത്തി-വാളയാർ, മണ്ണുത്തി-മഞ്ചേശ്വരം റൂട്ടിൽ പുതിയ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഉദാഹരണമായി കഴക്കൂട്ടം-അടൂർ, പാവങ്ങാട്-കോരപ്പുഴ സേഫ് കോറിഡോർ പദ്ധതികളിൽ ആധുനിക ക്യാമറകളുടെ സ്ഥാപനവും ഉൾപ്പെടുന്നുണ്ട്.

(ഡി) അമിതവേഗം, ഡ്രൈവിംഗിനിടയിലെ മോബൈൽ ഫോൺ ഉപയോഗം, അമിതഭാരം കയറ്റൽ എന്നീ ഗതാഗത നിയമലംഘനങ്ങൾക്കെതിരെ ഡ്രൈവിംഗ് ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

സുപ്രീംകോടതി നിയമിച്ച റോഡ് സുരക്ഷ കമ്മിറ്റി ഇക്കാര്യം സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ട്. ഇതുസംബന്ധിച്ച ത്രൈമാസ റിപ്പോർട്ട് റോഡ് സുരക്ഷയ്ക്കുവേണ്ടിയുള്ള സുപ്രീംകോടതി കമ്മിറ്റിക്ക് അയച്ചുവരുന്നു. ട്രാഫിക് നിയമം കർശനമായി നടപ്പാക്കുന്നതിന്റെ ഭാഗമായി ദിവസം മുഴുവൻ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുകയും അതിലൂടെ നിയമലംഘകരെ കണ്ടെത്തുന്നതിനും വേണ്ടിയാണ് "സേഫ് കേരള" പദ്ധതിക്ക് മോട്ടോർ വാഹന വകുപ്പ് രൂപം നൽകിയിട്ടുള്ളത്.

## കെ.എസ്.ആർ.ടി.സി.-യുടെ ട്രാവൽ കാർഡുകൾ

13(*283) ശ്രീ. പി. കെ. ശശി :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാത്രക്കാരെ കെ.എസ്.ആർ.ടി.സി. ബസുകളിലേയ്ക്ക് കൂടുതലായി ആകർഷിക്കുന്നതിനും യാത്രക്കാർക്ക് സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) യാത്രക്കാരുടെ സൗകര്യത്തിനായി നടപ്പിലാക്കിയ പ്രീമിയം ഗോൾഡ്, സിൽവർ, ബ്രോൺസ് ട്രാവൽ കാർഡുകൾ നിലവിൽ പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ;

(സി) ദീർഘദൂര യാത്രക്കാർക്ക് വളരെയധികം സൗകര്യപ്രദമായിരുന്ന പ്രസ്തുത ട്രാവൽ കാർഡുകൾ ആനുകാലികമായ തുക ഈടാക്കി പുനഃസ്ഥാപിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): (എ) യാത്രക്കാരെ കെ.എസ്.ആർ.ടി.സി ബസ്സുകളിലേയ്ക്ക് കൂടുതലായി ആകർഷിക്കുന്നതിലേയ്ക്കായി നിരവധി നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാർക്ക് ഉപകാരപ്പെടുന്ന രീതിയിൽ തിരുവനന്തപുരം-എറണാകുളം, എറണാകുളം-കോഴിക്കോട്, കോഴിക്കോട്-കാസർഗോഡ് എന്നീ വളരെ പ്രധാനമായ കേരളത്തിലെ റൂട്ടുകളിൽ 'ചിൽ സർവ്വീസ്' എന്ന പേരിൽ ലോ ഫ്ലോർ എ.സി ബസ്സുകൾ ഓരോ മണിക്കൂർ ഇടവേളകളിൽ സർവ്വീസ് നടത്തുന്നതുവഴി പ്രസ്തുത റൂട്ടുകളിലെ യാത്രാക്ലേശം വളരെയധികം കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതോടൊപ്പം തന്നെ തിരുവനന്തപുരം, നെടുമ്പാശ്ശേരി, കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളങ്ങളിൽനിന്നും എ.സി. ബസ്സുകൾ നഗരത്തിലേക്കും തിരിച്ചും ഫ്ലൈ ബസ് എന്ന പേരിൽ സർവ്വീസ് കാര്യക്ഷമമായി നടത്തിവരുന്നുണ്ട്. ആയത് ആഭ്യന്തര, അന്താരാഷ്ട്ര വിമാന യാത്രക്കാർക്ക് വളരെയധികം പ്രയോജനപ്പെടുന്നുണ്ട്. കൂടാതെ സ്റ്റോപ്പുകൾ പരിമിതപ്പെടുത്തി രാത്രികാലത്ത് ഓപ്പറേറ്റ് ചെയ്യുന്ന രീതിയിൽ 'മിന്നൽ' സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. മിതമായ നിരക്കുകളും പുഷ്ബാക്ക് സീറ്റുകളും സമയനിഷ്ഠ പാലിക്കുകയും ചെയ്യുന്ന ടി സർവ്വീസുകൾ വളരെയധികം സ്വീകാര്യത ജനങ്ങൾക്കിടയിൽ നേടിക്കഴിഞ്ഞു. ഷെഡ്യൂൾ പുനഃക്രമീകരണം, ജീവനക്കാരുടെ ഡ്യൂട്ടി പാറ്റേൺ പരിഷ്കരണം എന്നിവ വഴി സർവ്വീസുകൾ കൂടുതൽ കാര്യക്ഷമമാക്കാനും യാത്രാക്ലേശം കുറയ്ക്കുവാനും കഴിഞ്ഞിട്ടുണ്ട്. പരിസ്ഥിതി സൗഹാർദ്ദമാർന്ന താരതമ്യേന ചെലവ് കുറഞ്ഞ യാത്രാ സൗകര്യം ഏറെയുള്ള 10 ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസ് വ്യവസ്ഥയിൽ എടുക്കുവാൻ തീരുമാനിക്കുകയും അതിൽ 5 ഇലക്ട്രിക് ബസുകൾ ശബരിമലയിൽ സർവ്വീസ് നടത്തുകയും ചെയ്യുന്നുണ്ട്. ശബരിമല യാത്രക്കാരുടെ സൗകര്യാർത്ഥം ഓൺലൈൻ റിസർവേഷൻ സംവിധാനം പരിഷ്കരിച്ച് കൂടുതൽ ബസ്സുകളിലേയ്ക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. റിസർവേഷൻ കൗണ്ടറുകളിൽ എല്ലാം POS മെഷീനുകൾ സ്ഥാപിച്ച് digital payment-ഉം ജനസൗകര്യാർത്ഥം ഏർപ്പെടുത്തിയിട്ടുണ്ട്. ശബരിമലയിൽ ടിക്കറ്റ് വെൻഡിംഗ് കിയോസ്കുകൾ സ്ഥാപിച്ച് ടിക്കറ്റ് എടുക്കുവാൻ ക്യൂ നിൽക്കുന്നത് ഒഴിവാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ത്രിവേണിയിൽ 5-ഉം, നിലയ്ക്കലിൽ 10-ഉം മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ് എന്നിവ ഉപയോഗിക്കാവുന്ന ആധുനിക ഇ.ടി.എം.-കൾ പരീക്ഷണാടിസ്ഥാനത്തിൽ നിലയ്ക്കൽ-പമ്പ ചെയിൻ സർവ്വീസിന് നൽകിയിട്ടുണ്ട്. ഇതുകൂടാതെ നിലയ്ക്കലിൽ പത്തും പമ്പയിൽ അഞ്ചും സെൽഫ് ടിക്കറ്റിംഗ് കിയോസ്കുകൾ അയ്യപ്പഭക്തരുടെ സൗകര്യപ്രകാരം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സംവിധാനങ്ങളോടുകൂടിയ പുതിയ ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകൾ വാങ്ങുന്നതിന് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരുന്നു.

(ബി) യാത്രക്കാരുടെ സൗകര്യത്തിനായി പ്രീമിയം ഗോൾഡ്, സിൽവർ, ബ്രോൺസ് എന്നീ വിഭാഗങ്ങളിലായി പരീക്ഷണാടിസ്ഥാനത്തിൽ ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടായിരുന്നു. എന്നാൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച ടി കാർഡുകൾ നിലവിലെ സാഹചര്യങ്ങളിൽ കോർപ്പറേഷന് വളരെയധികം സാമ്പത്തികനഷ്ടം ഉണ്ടാക്കുന്നതിനാൽ പിൻവലിക്കേണ്ടതായി വന്നിട്ടുണ്ട്.

(സി) പരീക്ഷണാടിസ്ഥാനത്തിലാണ് ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയത്. ആയത് കോർപ്പറേഷന് സാമ്പത്തിക നഷ്ടമായതിനാലാണ് കാർഡുകൾ പിൻവലിച്ചത്. പുതിയ ഇ.ടി.എം-കൾ വാങ്ങുമ്പോൾ ആർ.എഫ്.ഐ.ഡി./പ്രീ-പെയ്ഡ് ക്ലോസ്ഡ് ലൂപ്പ് ട്രാവൽ കാർഡുകൾ യാത്രക്കാർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സുസ്ഥിര വികസനത്തിനുതകുന്ന കൃഷിരീതികൾ**

14(*284) ശ്രീ. എസ്. ശർമ്മ:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയപാഠത്തിന്റെ അടിസ്ഥാനത്തിൽ കാർഷിക ആവാസവ്യവസ്ഥ സംരക്ഷിച്ച് സുസ്ഥിര വികസനത്തിനുതകുന്ന കൃഷിരീതി വ്യാപകമാക്കാനുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ജൈവരീതിയിലുള്ള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(സി) ജൈവോല്പന്നങ്ങൾക്കായി പ്രത്യേക ബ്രാൻഡ് രൂപീകരിച്ചിട്ടുണ്ടോ; ഇത്തരം ഉല്പന്നങ്ങളുടെ വിപണനത്തിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസനത്തിനായി ചെയ്തുവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; ഇടുക്കി ജില്ലയെ ജൈവ കാർഷിക ഹബ്ബാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): (എ) പ്രളയം കേരളത്തിന് ആവാസവ്യവസ്ഥ സംരക്ഷിക്കേണ്ടതിന്റേയും സുസ്ഥിരകൃഷി പ്രോത്സാഹിപ്പിക്കേണ്ടതിന്റേയും ആവശ്യകത കൂടുതൽ വ്യക്തമാക്കിത്തന്നു. ഇതിൽനിന്നും പാഠം ഉൾക്കൊണ്ട് മുന്നോട്ടു നീങ്ങേണ്ടത് കാർഷികമേഖലയുടെ വികസനത്തിനാവശ്യമാണ്. കൃഷി വകുപ്പ് മുഖേന ഈ ലക്ഷ്യം മുൻനിർത്തി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. നെൽകൃഷി വികസനം, പ്രാദേശിക സവിശേഷതയുള്ള കൃഷികളുടെ പ്രോത്സാഹനം, മണ്ണിന്റെ ആരോഗ്യ പരിപാലനം, ജൈവകൃഷിയും സീറോ ബഡ്ജറ്റ് നാച്വറൽ ഫാമിംഗ്, ജൈവ വൈവിധ്യവും പ്രാദേശികമായ ജേംപ്ലാസം സംഭരണവും പ്രത്യേക കാർഷിക സോൺ എന്നിവയാണ് പ്രസ്തുത പദ്ധതികൾ. പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

നെൽകൃഷി പ്രോത്സാഹനം: നെൽവയലുകളുടെ സംരക്ഷണത്തിലൂടെ മാത്രമേ ജല ആവാസവ്യവസ്ഥ സംരക്ഷിക്കപ്പെടുകയുള്ളൂ. നെൽകൃഷി പ്രോത്സാഹനം, പാടശേഖര സമിതികൾ മുഖേന ഗ്രൂപ്പ് ഫാമിംഗ്, തരിശ് നില കൃഷി, കരനെൽകൃഷി, ഒരുപൂ ഇരുപ്പൂ കൃഷി, പ്രത്യേക നെല്ലിനങ്ങളുടെ കൃഷി തുടങ്ങി വിവിധ ഘടകങ്ങളിലൂടെ നിലവിലെ നെൽവയലുകളുടെ സംരക്ഷണവും കൃഷി വ്യാപനവും നടപ്പിലാക്കിവരുന്നു.

പ്രാദേശിക കൃഷികളുടെ വികസനം: സുസ്ഥിര കൃഷിയുടെ അടിസ്ഥാനങ്ങളിലൊന്ന് പ്രാദേശിക വിളകളുടെ സംരക്ഷണവും വികസനവുമാണ്. കൃഷിവകുപ്പിലൂടെ നടപ്പാക്കുന്ന പ്രാദേശിക കൃഷികളുടെ വികസനം എന്ന പദ്ധതിയിൽ ഓരോ പ്രദേശത്തും പരമ്പരാഗതമായി കൃഷി ചെയ്തുവരുന്ന വിളകളുടെ കൃഷി വ്യാപനം, വിപണനം, മൂല്യവർദ്ധനവ് എന്നിവയ്ക്ക് പ്രാമുഖ്യം നൽകിയിട്ടുണ്ട്.

മണ്ണിന്റെ ആരോഗ്യ പരിപാലനം: ആരോഗ്യമുള്ള മണ്ണ് സുസ്ഥിര കൃഷിയുടെ അടിസ്ഥാന ആവശ്യങ്ങളിലൊന്നാണ്. മണ്ണിന്റെ പി.എച്ച്. കുമ്മായം പോലുള്ള വസ്തുക്കൾ ചേർക്കുന്നതിലൂടെ സന്തുലിതമാക്കുക, മണ്ണുപരിശോധനയിലൂടെ കൃത്യമായ വളപ്രയോഗം എന്നിവ സുസ്ഥിര കൃഷി സാധ്യമാക്കുന്നതിനും മണ്ണിലെ ആവാസ വ്യവസ്ഥയ്ക്ക് കോട്ടം തട്ടാതെ സംരക്ഷിക്കുന്നതിനും സഹായിക്കുന്നു. കേന്ദ്ര സർക്കാരിന്റെ സോയിൽ ഹെൽത്ത് കാർഡ് പദ്ധതിയിലൂടെ സൗജന്യമായി മണ്ണ് പരിശോധന നടത്തി സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യുന്നു.

വിള ആരോഗ്യ പരിപാലനം: പ്രസ്തുത പദ്ധതിയിലൂടെ കീടരോഗ ബാധകൾ മുൻകൂട്ടി അറിയുവാൻ പെസ്റ്റ് സർവെയ്‌ലൻസ് നടത്തുന്നത് കീടരോഗ ബാധകൾ വന്നതിനുശേഷമുള്ള കീടനാശിനികളുടെ പ്രയോഗം ഒഴിവാക്കുവാൻ സഹായിക്കുന്നു. ഇതോടൊപ്പം കൃഷി വകുപ്പിലെ പെസ്റ്റ് സ്കൗട്ട് കൃഷിയിടങ്ങൾ

സന്ദർശിക്കുകയും കീടരോഗ ബാധയുടെ വിവരങ്ങൾ ആരംഭത്തിൽത്തന്നെ കർഷകരെ അറിയിച്ച് നിയന്ത്രണ മാർഗ്ഗങ്ങൾ നൽകുകയും ചെയ്യുന്നു. ഇപ്രകാരം അമിത കീടനാശിനി പ്രയോഗം ഒഴിവാക്കുന്നതിലൂടെ കൃഷി ആവാസ മേഖലയുടെ സംരക്ഷണം സാധ്യമാക്കുന്നു.

ജൈവകൃഷി വികസനം: സുസ്ഥിര കൃഷിക്കും ആവാസവ്യവസ്ഥയുടെ സംരക്ഷണത്തിനും ജൈവകൃഷി അത്യന്താപേക്ഷിതമാണ്. ജൈവ കർഷകരുടെ ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള കൃഷിക്ക് ധനസഹായം ജൈവോത്പന്നങ്ങളുടെ ബ്രാൻഡിംഗ്, ഇവ വ്യാപനം ചെയ്യുന്നതിന് ഇക്കോഷോപ്പുകൾ സ്ഥാപിക്കൽ എന്നിവ പദ്ധതിയുടെ ഭാഗമായി നൽകുന്നു.

ജൈവവൈവിധ്യവും പ്രാദേശികമായ ജെംപ്ലാസം സംഭരണവും: നെല്ല്, ചെറുധാന്യങ്ങൾ ഉൾപ്പെടെ വിവിധ വിളകളുടെ പരമ്പരാഗത ഇനങ്ങളും നാടൻ ഇനങ്ങളും; പ്രത്യേകിച്ച് പട്ടികവർഗ്ഗ പ്രദേശങ്ങളിലുള്ളത്; സംരക്ഷിക്കുന്നതിനായി ഇത്തരം ഇനങ്ങളുടെ വിത്തുകൾ കൃഷി ചെയ്യുന്നതിനും വിത്തുല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി പട്ടികവർഗ്ഗക്കാർ, കർഷക ക്ലസ്റ്ററുകൾ, സർക്കാരിതര സംഘടനകൾ എന്നിവർക്ക് സഹായം നൽകുന്നു. മറ്റ് പ്രദേശങ്ങളിലും ഈ തരത്തിലുള്ള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പരമ്പരാഗത ഇനങ്ങളുടെ വിത്തുകൾ സംഭരിക്കുന്നതിനും വിതരണം നടത്തുന്നതിനും സഹായം നൽകുന്നു. ആധുനിക സീഡ് ബാങ്ക് സ്ഥാപിക്കുന്നതിനും പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു.

പ്രത്യേക കാർഷിക സോൺ: ഓരോ പ്രദേശത്തും പരമ്പരാഗതമായി കൃഷി ചെയ്തുവരുന്ന വിളകൾ ഭൂപ്രകൃതിയുടെ സവിശേഷത കൊണ്ടും കാലാവസ്ഥ, മണ്ണ് മുതലായവയുടെ പ്രത്യേകത കൊണ്ടും പ്രസ്തുത പ്രദേശത്ത് അനുയോജ്യമായതാണ്. ഇത്തരം പ്രദേശങ്ങളിൽ അതത് വിളകളുടെ സംരക്ഷണവും വ്യാപനവും സുസ്ഥിര കൃഷിക്കും ആവാസവ്യവസ്ഥാ സംരക്ഷണത്തിനും ഉതകുന്നു. ഈ ഉദ്ദേശ്യത്തോടെ കേരളത്തിൽ 5 വിളകൾക്ക് പ്രത്യേക കാർഷിക മേഖലകൾ തെരഞ്ഞെടുത്തിട്ടുണ്ട്. അവ താഴെ പറയുന്നവയാണ്:

നെല്ല് : കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, കൈപ്പാട്, വയനാട്

പച്ചക്കറികൾ : ദേവികുളം, കഞ്ഞുക്കുഴി, പഴയന്നൂർ, ചിറ്റൂർ-കൊല്ലങ്കോട്

വാഴ :തൃശ്ശൂർ

പൂക്കൾ : വയനാട്

നാളികേരം : കോഴിക്കോട്

(ബി) ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനാവിഷ്കൃത പദ്ധതിയായ ജൈവ കൃഷിയും ഉത്തമ കൃഷിമുറകളും എന്ന പദ്ധതിയും കേന്ദ്രാവിഷ്കൃത പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ) പദ്ധതിയും നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

**ജൈവ കൃഷിയും ഉത്തമ കാർഷിക പരിചരണ മുറകളും**

1. ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവ കാർഷിക പ്രവർത്തനങ്ങൾ

ഓരോ ക്ലസ്റ്ററുകളും 25 ഹെക്ടർ വരെയാണ് ഉൾക്കൊള്ളുന്നത്. ഇവയ്ക്ക് ഹെക്ടറൊന്നിന് 3,000 രൂപ നിരക്കിൽ ക്ലസ്റ്ററൊന്നിന് 75000 രൂപയാണ് ധനസഹായം നൽകുന്നത്. നടപ്പ് സാമ്പത്തിക വർഷം 251 ക്ലസ്റ്ററുകളിൽ പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിനു പുറമെ പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതി പ്രകാരമുള്ള 619 ക്ലസ്റ്ററുകൾ 12380 ഹെക്ടറുകളിൽ പ്രവർത്തിച്ചുവരുന്നു.

2. ഇക്കോഷോപ്പുകൾ

ജൈവ ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ, മറ്റ് ഉല്പാദനോപാധികൾ എന്നിവയുടെ വിപണനത്തിനായി ഇക്കോഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു. പുതുതായി ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിന് 2 ലക്ഷം രൂപയും കഴിഞ്ഞ വർഷം സ്ഥാപിച്ച ഇക്കോഷോപ്പുകൾക്ക് 1 ലക്ഷം രൂപ വീതവുമാണ് ധനസഹായം നൽകുന്നത്. 2017-18 വരെ സംസ്ഥാനത്ത് 214 ഇക്കോഷോപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 33 പുതിയ ഇക്കോഷോപ്പുകളാണ് സ്ഥാപിക്കുന്നത്. 149 പഴയ ഇക്കോഷോപ്പുകൾക്ക് ധനസഹായം നൽകുന്നുണ്ട്. ഇതിനായി ആകെ 215 ലക്ഷം രൂപ വിനിയോഗിക്കും.

3. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം

ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിന് ഇതിനോടകം 32 നേരിട്ടുള്ള വിപണികൾ സ്ഥാപിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 17 വിപണികൾക്കായി 30 ലക്ഷം രൂപയാണ് വിനിയോഗിക്കുന്നത്.

4. കാസർഗോഡ് ജില്ലയിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ

കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവ കൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ. മുഖാന്തരം പി.ജി.എസ് സർട്ടിഫിക്കേഷൻ നടത്തുന്നതിന് 1000 ഹെക്ടറിലേയ്ക്ക് 60 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്. ഹെക്ടറിന് 6,000 രൂപ ക്രമത്തിലാണ് ധനസഹായം നൽകുന്നത്.

5. കുട്ടനാട് ജി.എ.പി. പദ്ധതി

കുട്ടനാട്ടിൽ സുസ്ഥിര ജൈവ നെൽകൃഷി നടപ്പിലാക്കുന്നതിനും കുട്ടനാടിനെ പ്രത്യേക കാർഷിക മേഖലയാക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ള പദ്ധതിയാണിത്. ആലപ്പുഴ, കോട്ടയും പത്തനംതിട്ട ജില്ലകളിലെ 27750 ഹെക്ടർ സ്ഥലത്തെ പാടശേഖരത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. ഇതിനായി നടപ്പുസാമ്പത്തിക വർഷം 100 ലക്ഷം രൂപ വിനിയോഗിക്കുന്നു. കുട്ടനാട്ടിലെ വരിനെല്ലിന്റെ നിയന്ത്രണം, കുട്ടനാട് കരിമണ്ണിന്റെ പരിപാലനം, ജൈവ ഉപാധികളുടെ നിർമ്മാണം, കള നിയന്ത്രണ പരിശീലന പരിപാടികൾ, സംയോജിത കീട നിയന്ത്രണം എന്നിവയാണ് പ്രധാനമായും നടപ്പാക്കുന്നത്.

6. സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലം അവാർഡ്

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജകമണ്ഡലം (ഒന്നാം സമ്മാനം 15 ലക്ഷം രൂപ), കോർപ്പറേഷൻ (ഒന്നാം സമ്മാനം 3 ലക്ഷം രൂപ), മുനിസിപ്പാലിറ്റി (ഒന്നാം സമ്മാനം 3 ലക്ഷം രൂപ) ഗ്രാമ പഞ്ചായത്ത്, ജില്ലാ തലത്തിൽ (ഒന്നാം സമ്മാനം 3 ലക്ഷം രൂപ) എന്നിങ്ങനെ മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ നൽകുന്നു. ഇതിനായി 63 ലക്ഷം രൂപയാണ് വിനിയോഗിക്കുന്നത്.

7. അവശിഷ്ട വിഷാംശ പരിശോധന

സംസ്ഥാന കൃഷി വകുപ്പ് പഴം-പച്ചക്കറികളിൽ സേഫ് ടു ഈറ്റ് എന്ന പദ്ധതി ഘടകം പ്രകാരം വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ടവിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽനിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബിൽ പരിശോധിക്കുകയും പരിശോധന ഫലം കേരള സർക്കാരിന്റെ ഒദ്യോഗിക വെബ് പോർട്ടൽ ആയ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ വഴി ഇത്തരം അന്യ സംസ്ഥാന വിഷലിപ്ത പച്ചക്കറികളുടെ ഉപയോഗത്തിന് ഒരു പരിധിവരെ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഹോർട്ടികൾച്ചർ കോളേജ് വെള്ളാണിക്കര (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നീ സ്ഥാപനങ്ങളിലും കീടനാശിനി അവശിഷ്ട പരിശോധന ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

8. ഫാം സ്കൂൾ & കർഷകർക്കുള്ള പരിശീലനങ്ങൾ

ജൈവകൃഷി രീതി കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുംവേണ്ടി ഫാം സ്കൂളുകൾ, കർഷകർക്കുള്ള പരിശീലന പരിപാടികൾ എന്നിവ നടപ്പിലാക്കുന്നു. ഈ വർഷം ജൈവ കൃഷി സംബന്ധിച്ച് 76 ഫാം സ്കൂളുകൾ സംസ്ഥാനത്തുടനീളം പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

9. സീറോ ബഡ്ജറ്റ് നാച്വറൽ ഫാമിംഗ്

" സീറോ ബഡ്ജറ്റ് നാച്വറൽ ഫാമിംഗ്" എന്ന പുതിയ കൃഷി രീതി കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതിലൂടെ സുസ്ഥിര കൃഷി ചെലവു കുറഞ്ഞ രീതിയിൽ നടപ്പാക്കുന്നതിനും കർഷകരെ സജ്ജമാക്കുന്നതിന് സീറോ ബഡ്ജറ്റ് നാച്വറൽ ഫാമിംഗിന്റെ പ്രയോക്താവായ പത്മശ്രീ ശ്രീ. സുഭാഷ് പലേയ്ക്കറിനെ ഉൾപ്പെടുത്തി ശില്പശാല സംഘടിപ്പിക്കുകയുണ്ടായി.

10. പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ)

ഇതൊരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. 60:40 അനുപാതത്തിൽ കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് ജൈവകൃഷി വ്യാപനം നടത്തുന്ന പദ്ധതിയാണിത്. മൂന്നുവർഷം തുടർച്ചയായി നടപ്പാക്കുന്ന ഈ പദ്ധതിയിൽ ക്ലസ്റ്ററൊന്നിന് 14.95 ലക്ഷം രൂപയാണ് ധനസഹായം. കർഷകർക്കുള്ള ബോധവൽക്കരണം, ക്ലസ്റ്റർ അംഗങ്ങൾക്കുള്ള പരിശീലന പരിപാടികൾ, ജൈവ ഉല്പാദനോപാധികളുടെ നിർമ്മാണം, ജൈവവളം, ജൈവ കീടനാശിനികൾ എന്നിവയുടെ ഉല്പാദനം, മണ്ണ് പരിശോധന, പി.ജി.എസ്. സർട്ടിഫിക്കേഷൻ, ഓർഗാനിക് മേളകൾ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുക ഇവയാണ് പ്രധാന പ്രവർത്തനങ്ങൾ. 12380 ഹെക്ടർ സ്ഥലത്ത് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

(സി) ഉണ്ട്. ജൈവ ക്ലസ്റ്ററുകൾ മുഖാന്തരം ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങൾക്ക് 'കേരള ഓർഗാനിക്' എന്ന ബ്രാൻഡ് നെയിം നൽകിയിട്ടുണ്ട്.

ഇത്തരം ബ്രാൻഡ് ഉല്പന്നങ്ങൾ ഇക്കോഷോപ്പുകൾ മുഖാന്തരം വിപണനം നടത്തുന്നതിന് ക്രമീകരണം നടത്തിയിട്ടുണ്ട്. ജൈവ ക്ലസ്റ്ററുകളിൽനിന്നും ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങൾ ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ്, പാക്കിംഗ്, ലേബലിംഗ് ഇവ നടത്തി കേരള ഓർഗാനിക് ബ്രാൻഡ് നെയിം നൽകി ജൈവ ഉല്പന്നങ്ങളുടെ വിപണിയായ ഇക്കോഷോപ്പ് വഴി വിപണനം നടത്തുന്നു. ഇത്തരം ഉല്പന്നങ്ങൾക്ക് വിപണി വിലയേക്കാൾ മെച്ചപ്പെട്ട വില ലഭിക്കുന്നു. കൂടാതെ ഉല്പാദകരായ കർഷകർക്ക് ഉല്പാദന ബോണസും ലഭിക്കുന്നു.

(ഡി) പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസനത്തിനായി കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. അട്ടപ്പാടി മില്ലറ്റ് വില്ലേജ്:

റാഗി, തിന, ചോളം, വരഗ്, പനി വരഗ്, കുതിരവാലി, ചിയ എന്നീ ചെറുധാന്യങ്ങൾ പയറ് വർഗ്ഗങ്ങൾ (അമര, മുതിര, ഉഴുന്ന്) പച്ചക്കറി, നിലക്കടല എന്നിവയും കൃഷി ചെയ്യുന്നു. അട്ടപ്പാടി മില്ലറ്റ് വില്ലേജ് എന്ന പദ്ധതി കൃഷി വകുപ്പും പട്ടികജാതി പട്ടികവർഗ്ഗ വകുപ്പും സംയുക്തമായി നടപ്പിലാക്കിവരുന്നു. അട്ടപ്പാടി ബ്ലോക്കിലുള്ള 55 ഊരുകളിൽ നിലവിൽ പ്രസ്തുത കൃഷി ചെയ്യുന്നു.

2. എണ്ണക്കൃഷി വ്യാപനം :

ആലപ്പുഴ, തൃശ്ശൂർ മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽ പ്രാദേശിക അടിസ്ഥാനത്തിൽ എള്ളുകൃഷിയും നിലക്കടലയും കൃഷി ചെയ്തുവരുന്നു.

3. കരിമ്പ് കൃഷി വ്യാപനം :

പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിൽ പ്രാദേശിക അടിസ്ഥാനത്തിൽ കരിമ്പ് കൃഷി ചെയ്തുവരുന്നു.

4. ചെറുധാന്യ കൃഷി:

ഇടുക്കി ജില്ലയിലെ തായന്നംകുടി ഊരിൽ 30 ഹെക്ടർ സ്ഥലത്ത് ചെറുധാന്യം കൃഷി ചെയ്തുവരുന്നു.

**ദേശീയ റബ്ബർ നയം**

15(*285) ശ്രീമതി പി. അയിഷാ പോറ്റി:

ശ്രീ. ഡി. കെ. മുരളി:

ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ റബ്ബർ നയം വെറും പ്രഖ്യാപനത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അനിയന്ത്രിതമായ ഇറക്കുമതിമൂലം റബ്ബറിന്റെ വിലയിലുണ്ടായ തകർച്ച ആഭ്യന്തര ഉല്പാദനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇപ്രകാരമുള്ള പ്രതികൂല സാഹചര്യത്തിലും റബ്ബർ വില സ്ഥിരതാ പദ്ധതി ആനുകൂല്യങ്ങൾ കർഷകർക്ക് നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി.എസ്. സുനിൽ കുമാർ) : (എ) റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായിട്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് റബ്ബറിന് കിലോയ്ക്ക് അതത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയാക്കി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകി വരികയാണ്. ഇപ്പോൾ റബ്ബറിന് കിലോയ്ക്ക് 150 രൂപയാണ് താങ്ങുവിലയായി കണക്കാക്കുന്നത്. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനുള്ള റബ്ബർ കൃഷിക്ക് സബ്സിഡി ലഭിക്കും. റബ്ബർ ബോർഡിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക അനുവദിച്ചുകൊണ്ട് ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള തുക കൃഷി ഡയറക്ടർ ബന്ധപ്പെട്ട സർക്കാർ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നു. പ്രസ്തുത അക്കൗണ്ടിൽനിന്നും സബ്സിഡി വിതരണത്തിന് അനുമതി നൽകിക്കൊണ്ട് ധനകാര്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുകയും റബ്ബർ കർഷകർക്ക് അർഹമായ സബ്സിഡി തുക അതത് അക്കൗണ്ടുകളിലേയ്ക്ക് ഇലക്ട്രോണിക് ട്രാൻസ്ഫർ മുഖേന വിതരണം നടത്തി വരികയും ചെയ്യുന്നു.

(ബി) ഉണ്ട്. കേന്ദ്ര സർക്കാർ സ്വാഭാവിക റബ്ബർ ഇറക്കുമതി ചെയ്യുന്നതിന് ചില നിയന്ത്രണങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. Advance Authorisation/DFIA സ്കീം പ്രകാരം Export obligation period 12 മാസത്തിൽനിന്നും 6 മാസമായി കുറച്ചിട്ടുണ്ട്. ഉണങ്ങിയ സ്വാഭാവിക റബ്ബറിന്റെ Basic import duty കിലോയ്ക്ക് 20% അഥവാ 30 രൂപ ഏതാണോ കുറവിൽനിന്നും 25% അഥവാ 30 രൂപ ഏതാണോ കുറവ് എന്നാക്കി 30-4-2015 മുതൽ നടപ്പാക്കിവരുന്നു.

സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചെന്നൈ, Nhava Sheva (ജവഹർലാൽ നെഹ്റു പോർട്ട്) എന്നിവയിലൂടെ മാത്രമായി 2016 മുതൽ ചുരുക്കിയിട്ടുണ്ട്. Port restriction for Advance Authoristation import ഒഴിവാക്കിയിട്ടുണ്ട്. സ്വാഭാവിക റബ്ബറിന്റെ ഉല്പാദനം, ഇറക്കുമതി വില എന്നിവ ചുവടെ ചേർക്കുന്നു:

| വർഷം | ഉൽപ്പാദനം (Tonne) | ഇറക്കുമതി (Tonne) | വില RSS4 (Rs./Kg) |
|---|---|---|---|
| 2012-13 | 913700 | 262753 | 176.82 |
| 2013-14 | 774000 | 360263 | 166.02 |
| 2014-15 | 645000 | 442130 | 132.57 |
| 2015-16 | 562000 | 458374 | 113.06 |
| 2016-17 | 691000 | 426188 | 135.49 |
| 2017-18P | 694000 | 469760 | 129.80 |
| April 2018 P | 40000 | 38603 | 120.12 |
| May 2018 P | 42000 | 41385 | 124.19 |
| June 2018 P | 44000 | 41254 | 126.46 |
| July 2018 P | 46000 | 40522 | 129.19 |
| August 2018 P | 40000 | 58675 | 132.67 |
| September 2018 P | 65000 | 73769 | 130.48 |
| October 2018 P | 67000 | 62047 | 127.80 |

(സി) 2015-16 -ൽ പദ്ധതി പ്രകാരം വകയിരുത്തിയ 300 കോടി രൂപയും 2016-17-ൽ വകയിരുത്തിയ 500.00 കോടി രൂപയും സബ്സിഡിയായി വിതരണം നടത്തി. 2017-18-ൽ 125 കോടി രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട്. 2018-19-ൽ 300 കോടി രൂപ കർഷകർക്കുള്ള സബ്സിഡി വിതരണത്തിനായി ധനകാര്യ വകുപ്പിൽ നൽകിയിട്ടുണ്ട്. നവംബർ മാസം വരെ ലഭിച്ച ബില്ലുകൾ പരിശോധിച്ച് സബ്സിഡി കർഷകർക്ക് നൽകിയിട്ടുണ്ട്.

**സ്കൂൾ വാഹനങ്ങളുടെ ഡ്രൈവർമാർ**

16(*286) ശ്രീ. കെ. എം. ഷാജി:

ശ്രീ. എം. ഉമ്മർ:

ശ്രീ. ടി. എ. അഹമ്മദ് കബീർ:

ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ വാഹനങ്ങളുടെ ഡ്രൈവർമാരുടെ കാര്യത്തിൽ എന്തെങ്കിലും മാനദണ്ഡങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) 10-5-2012-ലെ സ.ഉ.(പി) 25/12/ഗതാ നമ്പർ വിജ്ഞാപന പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടാണോ ഡ്രൈവർമാരെ നിയമിച്ചിട്ടുള്ളതെന്ന് പരിശോധിക്കാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; ഇത് പരിശോധനാവിധേയമാക്കിയിട്ടുണ്ടോ ;

(സി) ഈ അദ്ധ്യയന വർഷം പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കാത്ത ഡ്രൈവർമാർക്കെതിരെ കേസെടുത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ യെന്നറിയിക്കാമോ?

ഗതാഗത വകുപ്പുമന്ത്രി(<u>ശ്രീ. എ.കെ. ശശീന്ദ്രൻ</u>): (എ) സ്കൂൾ വാഹനങ്ങളിൽ ഡ്രൈവർമാരെ നിയമിക്കുന്നത് സംബന്ധിച്ച് 10-5-2012-ലെ ജി.ഒ (പി) 25/2012/ ഗതാ. നമ്പർ സർക്കാർ ഉത്തരവുപ്രകാരമുള്ള മാനദണ്ഡങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം സ്കൂൾ വാഹനങ്ങളുടെ ഡ്രൈവർമാർക്ക് 10 വർഷത്തെ ഡ്രൈവിംഗ് പരിചയം ആവശ്യമാണ്. ഇതിൽ 5 വർഷമെങ്കിലും ഹെവി വാഹനങ്ങൾ കൈകാര്യം ചെയ്തിട്ടുണ്ടായിരിക്കണം. ഒരു തവണയെങ്കിലും മദ്യപിച്ച് വാഹനമോടിച്ചതിനോ അമിതവേഗതയിലോ അപകടകരമായ രീതിയിൽ വാഹനമോടിച്ചതിനോ പിഴയടച്ചവരും സ്കൂൾ വാഹനം ഓടിക്കാൻ അർഹരല്ല. Red light jumping, lane traffic violation അയോഗ്യരായ ആളുകളെ വാഹനം ഓടിക്കാൻ അനുവദിക്കുക എന്നീ കുറ്റങ്ങൾ ഒരു വർഷത്തിൽത്തന്നെ രണ്ടിലധികം പ്രാവശ്യം ആവർത്തിച്ചവരും സ്കൂൾ വാഹനങ്ങൾ ഓടിക്കുവാൻ യോഗ്യരല്ല.

(ബി) പ്രസ്തുത നിബന്ധനകൾ പാലിക്കുന്നുണ്ടോയെന്നറിയുന്നതിനായി സ്കൂൾ വാഹനങ്ങൾ ഓടിക്കുന്നവരുടെ ലൈസൻസ് പരിശോധനാ വിധേയമാക്കി നിബന്ധനകൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

(സി) മേൽപറയപ്പെട്ട മാനദണ്ഡങ്ങൾ പാലിക്കാത്ത ഡ്രൈവർമാർക്കെതിരെ ലൈസൻസ് റദ്ദ് ചെയ്യുന്നത് അടക്കമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മേൽ പറയപ്പെട്ട യോഗ്യതയുള്ളവരെ മാത്രം നിയമിക്കണമെന്നും അയോഗ്യത കാണപ്പെട്ടാൽ അവരെ നീക്കംചെയ്യണമെന്നും സ്കൂൾ അധികൃതരോട് ആവശ്യപ്പെട്ടിട്ടുമുണ്ട്.

## പ്രളയത്തിൽ വിള നശിച്ചവർക്ക് കാലാവസ്ഥ വ്യതിയാന ഇൻഷ്വറൻസ്

17(*287) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയത്തിൽ വിള നശിച്ചവർക്ക് കാലാവസ്ഥ വ്യതിയാന ഇൻഷ്വറൻസ് ലഭിക്കാത്ത സാഹചര്യത്തിൽ ഇൻഷ്വറൻസിന്റെ മാനദണ്ഡങ്ങൾ തയ്യാറാക്കുമ്പോൾ സംസ്ഥാന കൃഷിവകുപ്പിന്റെ സാങ്കേതിക സമിതിയുടെ പിഴവ് പരിഹരിച്ച് കർഷകർക്ക് ഇൻഷ്വറൻസ് ലഭ്യമാക്കാൻ കേന്ദ്ര സർക്കാരുമായി ചർച്ച നടത്തിയിരുന്നോ; വിശദാംശങ്ങൾ നൽകാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി.എസ്. സുനിൽ കുമാർ) : കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വിളകൾക്ക് ദോഷമായി ഭവിക്കുന്ന അന്തരീക്ഷ താപനിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, അധിവൃഷ്ടി, ശക്തമായ കാറ്റ്, തുടർ ദിവസങ്ങളിൽ ഉണ്ടാകുന്ന ശക്തമായ മഴ, വരൾച്ച, രോഗകീടാക്രമണത്തിന് അനുയോജ്യമായ കാലാവസ്ഥാ സാഹചര്യങ്ങൾ എന്നിവയ്ക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. ഓരോ വിജ്ഞാപിത പ്രദേശങ്ങളിലും സ്ഥാപിച്ചിട്ടുള്ള കാലാവസ്ഥാ നിലയങ്ങളിൽ രേഖപ്പെടുത്തുന്ന നിർദ്ദിഷ്ട കാലാവസ്ഥാ ഘടകങ്ങളുടെ തോതിനെ അടിസ്ഥാനമാക്കിയാണ് പദ്ധതിയിൽ ഇൻഷ്വർ ചെയ്ത വിളകൾക്ക് നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നത്. കാലാവസ്ഥയുടെ കൂടുതൽ ഘടകങ്ങൾ ഉൾപ്പെടുത്തുമ്പോൾ പ്രീമിയം വർദ്ധിക്കും.

എന്നാൽ 2018 ഖാരിഫ് സീസൺ വരെ തീവ്രവർഷവും പ്രളയവും എന്ന ഘടകങ്ങൾ ഉൾപ്പെട്ടിരുന്നില്ല. 2018-19 റാബി സീസണിൽ പദ്ധതി മാനദണ്ഡങ്ങളുടെ പട്ടികയിൽ തീവ്രവർഷവും പ്രളയവും ഉരുൾപൊട്ടലും അധിക ഇൻഷ്വറൻസ് പരിരക്ഷയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി വിജ്ഞാപനം ചെയ്യുന്ന ഓരോ വിളയ്ക്കും ഏറ്റവും ആവശ്യമായ കാലാവസ്ഥാ ഘടകങ്ങൾ തെരഞ്ഞെടുക്കുകയും അതിന്റെയെല്ലാം തോത് നിർണ്ണയിക്കുകയുമാണ് സംസ്ഥാന കൃഷി വകുപ്പിന്റെ സാങ്കേതിക സമിതി ചെയ്യുന്നത്. ആയതിനാൽ നിലവിലെ റാബി സീസണിലും (2018-19) വരുംവർഷങ്ങളിലും മാനദണ്ഡങ്ങളുടെ പട്ടികയിൽ തീവ്രവർഷവും പ്രളയവും അനുബന്ധക്കെടുതികളും എല്ലാ ജില്ലകളിലും അധിക

ഇൻഷ്വറൻസ് പരിരക്ഷയായി ഉൾപ്പെടുത്തി വിജ്ഞാപനമിറക്കാൻ തീരുമാനിച്ചിട്ടുണ്ട്. PMFBY യുമായി ബന്ധപ്പെട്ട് ഇൻഷ്വറൻസ് പരിരക്ഷ കർഷകർക്ക് ഉറപ്പുവരുത്താനും കാര്യക്ഷമമാക്കാനുമായി കേന്ദ്ര സർക്കാരിലെ ഉന്നത ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർക്കായി രണ്ട് ദിവസത്തെ വർക്ക്ഷോപ്പ് സംഘടിപ്പിക്കുകയുണ്ടായി.

**കാർഷിക മേഖലയുടെ ഉന്നമനത്തിനായുള്ള നടപടികൾ**

18(*288) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലില്ലായ്മ ഗണ്യമായ തോതിൽ നിലനിൽക്കുമ്പോഴും കാലാവസ്ഥയിലെയും വിലയിലെയും അനിശ്ചിതാവസ്ഥ കാർഷികവൃത്തി മുഖ്യജീവനോപാധിയായി സ്വീകരിക്കുന്നതിൽനിന്നും യുവജനതയെ പിന്തിരിപ്പിക്കുന്ന സ്ഥിതി പരിഹരിക്കാനായി പദ്ധതി ഉണ്ടോ;

(ബി) ആധുനിക സാങ്കേതികവിദ്യയുടെ പിന്തുണയോടെയുള്ള ഹൈടെക് കൃഷി രീതി വ്യാപകമാക്കാൻ പദ്ധതിയുണ്ടോ; ഇതിനായി വേണ്ടിവരുന്ന വലിയ തോതിലുള്ള മൂലധനം വായ്പയായി ലഭ്യമാക്കുന്നുണ്ടോ;

(സി) യന്ത്രവൽക്കരണത്തിലൂടെ ഉല്പാദന വർദ്ധനവ് ലക്ഷ്യമാക്കുന്ന കേരള കാർഷിക യന്ത്രവൽക്കരണ മിഷന്റെ പ്രവർത്തനം ഫലപ്രദമായി നടക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) വിപണിയിൽ കർഷകരും ഉപഭോക്താക്കളും ഒരുപോലെ ചൂഷണം ചെയ്യപ്പെടുന്ന സ്ഥിതി പരിഹരിക്കാനായി വിപണിയിടപെടൽ കാര്യക്ഷമമാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി.എസ് സുനിൽ കുമാർ) :(എ) കർഷകരെ സംരക്ഷിക്കുന്നതിനായി അപ്രതീക്ഷിതമായി പ്രകൃതിക്ഷോഭംമൂലം വിളനാശം ഉണ്ടാകുമ്പോൾ വിളനാശത്തിന് നഷ്ടപരിഹാരം നൽകുന്നു. കൂടാതെ 27 വിളകൾക്ക് പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷി നാശത്തിന് വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നുണ്ട്. ഈ വിളകൾക്ക് വളരെ കുറഞ്ഞ ഇൻഷ്വറൻസ് പ്രീമിയം നിരക്കിൽ അധികരിച്ച നഷ്ടപരിഹാരവും പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നിലവിൽ നൽകിവരുന്നു.

കാർഷികോൽപന്നങ്ങളുടെ വിലസ്ഥിരതയ്ക്ക് വിപണനം ശക്തമാക്കുന്നതിനുള്ള സംവിധാനങ്ങൾ, വിലസ്ഥിരതയ്ക്ക് വിപണി ഇടപെടൽ പദ്ധതി, കാർഷികോല്പന്നങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധനവിനുമുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നു. കൂടാതെ, പഞ്ചായത്തുതല കർഷക വിപണികൾ, ഇക്കോഷോപ്പുകൾ എന്നിവ പ്രോത്സാഹിപ്പിച്ച് പ്രാദേശിക കാർഷിക ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണന സംവിധാനം ഒരുക്കുന്നു.

(ബി) ഹൈടെക് കൃഷി രീതി വ്യാപകമാക്കുവാൻ കൃഷി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പോളിഹൗസ് കൃഷി നടപ്പിലാക്കൽ, കൃത്യതാ കൃഷി, സൂക്ഷ്മ ജലസേചനം എന്നിവയാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്. വിളയുടെ വളർച്ചയ്ക്കാവശ്യമായ എല്ലാ കാലാവസ്ഥാ ഘടകങ്ങളും കൃത്രിമമായി സജ്ജമാക്കിയും ഉല്പാദനോപാധികളുടെ കൃത്യമായ ഉപയോഗത്തിലൂടെയും കുറച്ച് സ്ഥലത്തുനിന്നും പരമാവധി ഉല്പാദനവും തദ്വാരാ കൂടുതൽ വരുമാനവും ലക്ഷ്യമിടുന്ന പദ്ധതി സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കുന്നു.

പച്ചക്കറി കൃഷി വികസന പദ്ധതിയുടെ ഭാഗമായി മഴമറകൾ, ഫെർട്ടിഗേഷൻ, സൂക്ഷ്മ ജലസേചനം തുടങ്ങിയ ആധുനിക കൃഷി രീതികൾ അനുവർത്തിക്കുന്നതിന് ധനസഹായം നൽകുന്നു. സ്ഥലപരിമിതിയുള്ള വീട്ടുവളപ്പിലും ഫ്ലാറ്റുകളിലും സുരക്ഷിതമായി പച്ചക്കറി ഉല്പാദനത്തിനായി മിനി പോളിഹൗസുകൾ കേരള കാർഷിക സർവ്വകലാശാലയുടെ സാങ്കേതിക സഹായത്തോടെ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നതാണ്. $10m^2$, $20m^2$ എന്നീ അളവുകളിൽ മിനി പോളിഹൗസ് സ്ഥാപിക്കുന്നതിന് 75% സബ്സിഡിയായി പരമാവധി യഥാക്രമം 45,000 രൂപയും 60,000 രൂപയും നൽകുന്നതാണ്. പച്ചക്കറി തൈകൾ ഉല്പാദിപ്പിക്കുന്നതിനുള്ള ഹൈടെക് നഴ്സറികൾ സ്ഥാപിക്കുന്നതിന് ചതുരശ്രമീറ്ററിന് 1,400 രൂപ ഇപ്രകാരം ധനസഹായം നൽകുന്നു.

ഹൈടെക് പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ കൂടിയ മൂലധനം ആവശ്യമുള്ള കർഷകർക്ക് ബാങ്കുകൾ വായ്പ നൽകുന്നുണ്ട്.

(സി) മിഷന്റെ പ്രവർത്തനങ്ങൾ സജീവമായി ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തുടനീളം സ്ഥാപിതമായിട്ടുള്ള 84 കാർഷിക സേവന കേന്ദ്രത്തിന്റേയും 200 കാർഷിക കർമ്മ സേനകളുടേയും നിലവിലുള്ള മാനവ വിഭവശേഷി, സാമ്പത്തിക സ്ഥിതി, പ്രവർത്തന രീതി എന്നിവയുടെ വിലയിരുത്തൽ നടന്നു കഴിഞ്ഞു. കാർഷിക കർമ്മസേന, കാർഷിക സേവന കേന്ദ്രം യൂണിറ്റുകളിൽ നിലവിൽ ലഭ്യമാക്കിയിട്ടുള്ള എല്ലാ കാർഷിക യന്ത്രങ്ങളുടെയും സ്ഥിതി വിവരകണക്കുകൾ ശേഖരിച്ച് ക്രോഡീകരിച്ചിട്ടുണ്ട്.

ഈ യൂണിറ്റുകളിലെ കാർഷിക യന്ത്രങ്ങൾക്ക് ആവശ്യമായ അറ്റകുറ്റപ്പണികൾ എന്തൊക്കെയാണെന്ന് നിർണ്ണയിച്ചുകഴിഞ്ഞു. തൃശ്ശൂർ ജില്ലയിലെ യൂണിറ്റുകളിലെ യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ ആരംഭിച്ചു.

'കാർഷിക യന്ത്ര പരിരക്ഷണ യജ്ഞം' എന്ന കർമ്മ പരിപാടിയിലൂടെ സംസ്ഥാനത്തുടനീളം ഇത്തരത്തിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ലക്ഷ്യമിടുന്നു.

നിലവിലുള്ള കാർഷിക സേവന കേന്ദ്രങ്ങൾ, കർമ്മ സേനകൾ എന്നീ യൂണിറ്റുകളിൽ ഉപയോഗമില്ലാതിരിക്കുന്നതും എന്നാൽ ഉപയോഗപ്രദവുമായ കാർഷിക യന്ത്രങ്ങളുടെ സ്ഥിതിവിവരകണക്കുകൾ ശേഖരിച്ചുകഴിഞ്ഞു. ഇവ ആവശ്യമുള്ള യൂണിറ്റിലേയ്ക്ക് വിന്യസിക്കാനായി നടപടികൾ സ്വീകരിക്കുന്നു.

എല്ലാ യൂണിറ്റിലേയും കൂടുതലായി ആവശ്യമായ കാർഷിക യന്ത്രങ്ങളുടെ പട്ടിക തയ്യാറാക്കി കഴിഞ്ഞു. ഇവ സംഭരിച്ച് അതത് യൂണിറ്റിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണ്.

സംസ്ഥാനത്ത് കാർഷിക സേവന കേന്ദ്രങ്ങളുടെ ബ്ലോക്കുതല ഉപദേശക സമിതിയുടെ ചെയർമാനായി അതതു മണ്ഡലത്തിലെ എം.എൽ.എ.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കാർഷിക സേവന കേന്ദ്രങ്ങളും കാർഷിക കർമ്മ സേനയും കസ്റ്റം ഹയർ സർവ്വീസ് സെന്ററുകളും ഫെഡറേറ്റ് ചെയ്ത് ഏകോപിപ്പിച്ച് സുശക്തമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

കൃഷി ഡിപ്പാർട്ടുമെന്റിന് കീഴിലുള്ള മെക്കാനിക്കുകളെ മുഴുവൻ തന്നെ കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനും സജ്ജീകരിക്കുന്നതിനുവേണ്ടി കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെ ഓഫീസിലേയ്ക്ക് വിന്യസിച്ചിട്ടുള്ള 24 മെക്കാനിക്കുകളെ ജില്ലാതലത്തിൽ അതത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) യുടെ ഓഫീസിലേയ്ക്ക് തിരികെ കൊണ്ടുവന്നു.

മിഷന്റെ നേതൃത്വത്തിൽ കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തിയിൽ വച്ച് കൃഷി ഡിപ്പാർട്ടുമെന്റിലെ 58 മെക്കാനിക്കുകൾക്ക് പരിശീലനം നൽകി ശാക്തീകരിച്ചിട്ടുണ്ട്. ഇവരെ ഉപയോഗിച്ച് അതതു ജില്ലകളിൽ നിലവിലുള്ള കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണിയും സംരക്ഷണവും നിർവ്വഹിക്കുന്നതിന് കർമ്മ പരിപാടികൾ ആവിഷ്കരിച്ചുവരുന്നു.

കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ ജില്ലാ ആത്മ നേതൃത്വവുമായി ചേർന്ന് ജില്ലാതലത്തിൽ കർമ്മ സേനകളുടെയും കാർഷിക

സേവന കേന്ദ്രത്തിന്റേയും പ്രവർത്തനം വിലയിരുത്തി സുസജ്ജമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. അഞ്ച് ജില്ലകളിലെ വിലയിരുത്തൽ പൂർത്തീകരിച്ചു.

(ഡി) കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന പച്ചക്കറി വികസനം, വിപണി ശക്തിപ്പെടുത്തൽ, ജൈവകൃഷി എന്നീ പദ്ധതികളുടെ അടിസ്ഥാനത്തിൽ കർഷക കൂട്ടായ്മകളുടെ നേതൃത്വത്തിൽ വിപണികൾ കൃഷി ഭവൻ തലത്തിൽ പ്രവർത്തിച്ചുവരുന്നു. ഇത്തരം വിപണികളിൽ കർഷകരുടെ ഉല്പന്നങ്ങൾ നേരിട്ട് എത്തിക്കുകയും ഉപഭോക്താക്കൾക്ക് നേരിട്ട് വിറ്റഴിക്കുകയും ചെയ്യുന്നു. വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ്, പൊതു വിപണികൾ എന്നിവിടങ്ങളിൽ നിന്നും പഴം-പച്ചക്കറി മൊത്തവ്യാപാരത്തിന്റെ വിലനിലവാരം ശേഖരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ കർഷകന് നൽകേണ്ട വിലയും ഉപഭോക്താക്കൾക്ക് വിൽക്കുന്ന വിലയും തീരുമാനിക്കുന്നതിലൂടെ കർഷകർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ ന്യായവിലയ്ക്ക് ഉല്പന്നങ്ങൾ ലഭ്യമാകുന്നുണ്ട്.

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലെ കാർഷിക മൊത്ത വ്യാപാര വിപണികളിലൂടെ കർഷകർക്ക് ഇടനിലക്കാരെ ഒഴിവാക്കി ഉല്പന്നങ്ങൾ വിപണനം ചെയ്യാനുള്ള സംവിധാനവും നിലവിലുണ്ട്. കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കാനുള്ള സാഹചര്യം ഉറപ്പാക്കിയിട്ടുണ്ട്.

ഹോർട്ടികോർപ്പ് സംസ്ഥാനത്തെ കർഷകരിൽനിന്നും കർഷക കൂട്ടായ്മകളിൽനിന്നും പച്ചക്കറി, പഴം എന്നിവ കമ്പോള വിലയേക്കാൾ ഉയർന്ന വില നൽകി സംഭരിച്ച് ഹോർട്ടികോർപ്പിന്റെ സ്വന്തം വിപണികളിലൂടെയും ഫ്രാഞ്ചൈസികളിലൂടെയും പൊതുവിപണി വിലയേക്കാളും കുറഞ്ഞ നിരക്കിൽ ഉപഭോക്താക്കൾക്ക് നൽകിവരുന്നു.

വി.എഫ്.പി.സി.കെ.-യുടെ കീഴിലുള്ള സ്വാശ്രയ കർഷക വിപണികൾ കർഷകർക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കുന്ന സംവിധാനമായി മാറിയിട്ടുണ്ട്.

## മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് രാജ്യാന്തര വിപണി

19(*289) ശ്രീ. എം. ഉമ്മർ:
ശ്രീ. കെ. എൻ. എ ഖാദർ:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിഭവങ്ങളിൽനിന്നും മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം കാർഷിക വിഭവങ്ങളിൽ നിന്നാണ് മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഇവയ്ക്ക് രാജ്യാന്തര വിപണി കണ്ടെത്താൻ നടപടി സ്വീകരിക്കുമോ;വിശദാംശം വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി.എസ്. സുനിൽ കുമാർ): (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷിക വിഭവങ്ങളിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കി അവയ്ക്ക് വിപണി കണ്ടെത്തുന്നതിനും ഇത്തരം ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനും വിപണനം നടത്തുന്നതിനും കർഷകരെ തന്നെ പ്രാപ്തരാക്കി സംരംഭകരാക്കി മാറ്റുന്നതിനുമുള്ള പരിപാടികൾ നടന്നുവരികയാണ്. നിലവിൽ പൈനാപ്പിൾ, മാങ്ങ എന്നിവയിൽ നിന്നുള്ള ഗുണനിലവാരമുള്ള പാനീയങ്ങൾ കൃഷി വകുപ്പിന്റെ കീഴിലുള്ള നടുക്കരയിലെ വാഴക്കുളം അഗ്രോ ഫ്രൂട്ട് പ്രോസ്സസിംഗ് കമ്പനിയിൽനിന്നും KAICO-യുടെ പുനലൂരിലുള്ള ഫാക്ടറിയിൽനിന്നും ജൈവ്, ജ്യോതി എന്നീ പേരുകളിൽ ഉല്പാദിപ്പിച്ച് വിപണിയിൽ എത്തിച്ചുവരുന്നുണ്ട്. തൃശ്ശൂർ ജില്ലയിലെ മാളയിൽ KAICO-യുടെ കീഴിലുള്ള ഫാക്ടറിയിൽനിന്നും ചക്കയിൽ നിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണനം ചെയ്തുവരുന്നുണ്ട്.

കാർഷിക വിഭവങ്ങളിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിന് വി.എഫ്.പി.സി.കെ.-യുടെ നേതൃത്വത്തിൽ സർക്കാർ ധനസഹായത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു:

1. പഴം സംസ്കരണ യൂണിറ്റ്- കോട്ടയം ജില്ലയിലെ പാറത്തോട് പ്രവർത്തിക്കുന്ന യൂണിറ്റിൽ വാഴപ്പഴം, പൈനാപ്പിൾ എന്നിവ സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി 'തളിർ' ബ്രാന്റിൽ വിതരണം തുടങ്ങിയിട്ടുണ്ട്. ബനാന കേക്ക്, പഴവർഗ്ഗങ്ങളുടെ കാൻഡികൾ എന്നിവയും വിപണിയിൽ എത്തിക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു.

2. ചിപ്സ് യൂണിറ്റ്- എറണാകുളം ജില്ലയിലെ കാഞ്ഞൂർ, തിരുവാണിയൂർ സ്വാശ്രയ കർഷക സമിതികളുടെ മേൽനോട്ടത്തിൽ നാടൻ നേന്ത്രക്കായയിൽനിന്നും ചിപ്സ് ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്.

3. മരച്ചീനി സംസ്കരണ യൂണിറ്റ്- കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി സ്വാശ്രയ കർഷക സമിതിയുടെ കീഴിൽ മരച്ചീനിയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങളായ ചിപ്സ്, മിക്സ്ചർ, പക്കാവട, മുറുക്ക് എന്നിവ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്.

4. കട്ട് വെജിറ്റബിൾ യൂണിറ്റ്- കേരളീയ വിഭവങ്ങളായ സാമ്പാർ, അവിയൽ, വിവിധ ഇനം മെഴുക്കുപുരട്ടി, തോരൻ എന്നിവ പാകം ചെയ്യുന്നതിന് പച്ചക്കറികൾ കഷ്ണങ്ങളാക്കി റെഡി ടു കുക്ക് പായ്ക്കറ്റുകളിൽ കട്ട് വെജിറ്റബിൾസ് എന്ന പേരിൽ വിപണിയിൽ എത്തിക്കുന്നു. തിരുവനന്തപുരം (കോവിൽ നട), തൃശ്ശൂർ (പഴയന്നൂർ), എറണാകുളം(കുറുമശ്ശേരി), കോഴിക്കോട്(വെള്ളന്നൂർ) ജില്ലകളിൽ കട്ട് വെജിറ്റബിൾ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. കേരഫെഡ് 2013 മുതൽ തേങ്ങയിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ തേങ്ങ ചിരകിയത് (Dessicated coconut), തേങ്ങപ്പൊടി (Coconut Milk Powder) എന്നിവ കരുനാഗപ്പള്ളി ഫാക്ടറിയിലും വെളിച്ചെണ്ണയും ആയുർവേദ മൂലികകളും അടങ്ങിയ കേരഫെഡിന്റെ ബ്രാന്റായ "കേരജം കേശാമൃത് " ഹെർബൽ ഓയിൽ, നടുവണ്ണൂർ ഫാക്ടറിയിലും ഉല്പാദിപ്പിച്ചുവരുന്നു. തേങ്ങ വെള്ളത്തിൽനിന്നും ലഘു പാനീയങ്ങൾ, വിനാഗിരി മുതലായ ഉല്പന്നങ്ങൾ നിർമ്മിക്കാനുള്ള പഠനങ്ങൾ നടത്തിവരുന്നു.

ഇവ കൂടാതെ നീര പൊതു ബ്രാൻഡിലും ലോഗോയിലും തയ്യാറാക്കി ഇറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിൽ കർഷകരെ സഹായിക്കുന്നതിന് അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ Coconut Agro Park കോഴിക്കോട് ജില്ലയിലെ കൂത്താളി ഫാമിലും വേങ്ങേരി കാർഷിക മൊത്തവ്യാപാര വിപണന കേന്ദ്രത്തിലും സ്ഥാപിക്കും. ബനാന ഹണി അഗ്രോ പാർക്ക് തൃശ്ശൂർ ജില്ലയിലും വെജിറ്റബിൾ അഗ്രോ പാർക്ക് ഇടുക്കി ജില്ലയിലെ വട്ടവട പഞ്ചായത്തിലെ പഴത്തോട്ടം എന്ന സ്ഥലത്തുമായിരിക്കും തുടങ്ങുക. SFAC മുഖാന്തരം മൂല്യവർദ്ധനയെന്ന ലക്ഷ്യം നേടുന്നതിന് സുഗന്ധവ്യഞ്ജനങ്ങൾ ഒഴികെയുള്ള എല്ലാ കാർഷികോൽപ്പന്നങ്ങളുടെയും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിന് 5 ലക്ഷം രൂപ മുതൽ 50 ലക്ഷം രൂപ വരെ (പരമാവധി 50%) യൂണിറ്റുകൾക്ക് കെട്ടിടത്തിനും യന്ത്രസാമഗ്രികൾക്കുംവേണ്ടി ചെലവാക്കുന്ന തുക ധനസഹായമായി ലഭിക്കും.

(ബി) നാളികേരം, നെല്ല്, പഴവർഗ്ഗങ്ങൾ, തേൻ, പച്ചക്കറി, മാങ്ങ സുഗന്ധവ്യഞ്ജനങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ മുതലായവയിൽ നിന്നാണ് മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നത്.

(സി) നിലവിൽ കേരഫെഡ് ഉല്പന്നങ്ങൾ ഗൾഫ് രാജ്യങ്ങളിലും മറ്റും കയറ്റി അയയ്ക്കുന്നു. ഇതിന്റെ വിപണനം വിപുലീകരിക്കുന്നതിലേയ്ക്കായി കൂടുതൽ പരസ്യം കൊടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്ന് കേരഫെഡ് അറിയിച്ചിട്ടുണ്ട്. വിവിധ രാജ്യങ്ങളിലെ പ്രതിനിധികൾ പങ്കെടുക്കുന്ന വൈഗ ശില്പശാല, അപേഡ(APEDA) സംഘടിപ്പിച്ച റിവേഴ്സ് ബൈയ്യർ-സെല്ലർ മീറ്റ് പ്രദർശനം തുടങ്ങിയ പരിപാടികളിൽ രാജ്യാന്തര വിപണി കണ്ടെത്തുന്നതിനായി VFPCK പങ്കെടുക്കുകയും മൂല്യവർദ്ധിത ഉല്പന്നങ്ങൾ പരിചയപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

തൃശ്ശൂരിൽ നടക്കുന്ന വൈഗ 2018-ൽ സംരംഭകർക്കും വിവിധ സ്ഥാപനങ്ങൾക്കും തങ്ങളുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും അവസരം ഉണ്ടായിരിക്കുന്നതാണ്.

## റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ

20(*290) ശ്രീ. അൻവർ സാദത്ത്:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളിലെ ബ്ലൈൻഡ് സ്പോട്ടുകളിൽ അപകടങ്ങൾ ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ബി) റോഡുകളിലെ ഡിവൈഡറിൽ ഇടിച്ചുണ്ടാകുന്ന അപകടങ്ങൾ കൂടുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) അപകടം കൂടുതലായ ഡിവൈഡറുകൾ കണ്ടെത്തി അവിടങ്ങളിൽ അപകടങ്ങൾ ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): (എ) വാഹനം ഓടിക്കുന്ന സമയത്ത് ഡ്രൈവർമാരുടെ കാഴ്ചപരിധിയിൽ പെടാത്ത സ്ഥലങ്ങളാണ് ബ്ലൈൻഡ് സ്പോട്ടുകൾ എന്നറിയപ്പെടുന്നത്. ഇത്തരം സ്ഥലങ്ങൾ ഡ്രൈവർമാരുടെ കാഴ്ചപരിധിയിൽ ഉൾപ്പെടുത്താൻ ഉതകുന്ന പരിഹാര പ്രവൃത്തികൾ റോഡ് ഉടമസ്ഥരായ വകുപ്പുകളും കേരള റോഡ് സുരക്ഷ അതോറിറ്റിയുടെ അനുബന്ധ വകുപ്പുകളും ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്. കാഴ്ച മറയ്ക്കുന്ന മരച്ചില്ലകൾ നീക്കം ചെയ്യുക, രാത്രികാലങ്ങളിൽ മതിയായ കാഴ്ച ലഭ്യമാക്കാനുതകുന്ന റോഡുവിളക്കുകൾ സ്ഥാപിക്കുക, റോഡ് വശങ്ങളിൽ Retro Reflective Sheets പാകുക, സൂചികാ ബോർഡുകൾ സ്ഥാപിക്കുക, ഡിവൈഡറുകളിൽ Reflective Studs സ്ഥാപിക്കുക, വളവുകളിലെ പ്രശ്ന പരിഹാര നടപടികൾ തുടങ്ങിയവ നടപ്പിലാക്കാൻ ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) നാലുവരി പാതകളിലാണ് സാധാരണയായി ഡിവൈഡർ സംവിധാനം ഏർപ്പെടുത്തുന്നത്. നാലുവരിപാതയുടെ തുടക്കം സൂചിപ്പിക്കുംവിധം സൈൻബോർഡുകൾ സ്ഥാപിക്കുക, രാത്രികാലങ്ങളിൽ ഡിവൈഡറിന്റെ ദൃശ്യത ഉറപ്പുവരുത്തുന്നതിനായി വശങ്ങളിലും മറ്റും Retro Reflective Stud-കളും Sheet-കളും സ്ഥാപിക്കുക തുടങ്ങിയ പദ്ധതികളാണ് ഇതിനായി പ്രധാനമായും നടപ്പിലാക്കിവരുന്നത്.

(സി) റോഡ് ഉടമസ്ഥരായ വകുപ്പുകൾക്ക് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

## സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധന

21(*291) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. രാജഗോപാലൻ :
ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധന കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) അമിത വേഗതയും അശ്രദ്ധമായ ഡ്രൈവിംഗുംമൂലം സ്കൂൾ വാനുകൾ അപകടത്തിൽപ്പെട്ട് കുരുന്നു ജീവനുകൾ പൊലിയുന്ന സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ഇത്തരം വാഹനങ്ങളുടെ ഡ്രൈവർമാർക്ക് ആവശ്യമായ ബോധവത്കരണം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) നിയമലംഘനം നടത്തുന്ന ഡ്രൈവർമാരുടെ ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള കർശന ശിക്ഷാ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ;

(ഡി) സ്കൂൾ ബസുകളുടെ വേഗം, യാത്രാപഥം എന്നിവയെല്ലാം നിരീക്ഷിക്കുന്നതിനായി സ്കൂൾ ബസുകളിൽ ജി.പി.എസ് സംവിധാനം ഘടിപ്പിക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): (എ) സ്കൂൾ കുട്ടികളെ കയറ്റുന്ന വാഹനങ്ങൾക്കുണ്ടായ അപകടങ്ങളുടെ പശ്ചാത്തലത്തിൽ 10-5-2012-ലെ ജി.ഒ(പി)നം.25/2012 പ്രകാരം സ്കൂൾ വാഹനങ്ങളും സ്കൂൾ വാഹനങ്ങളുടെ ഡ്രൈവർമാരും പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. (ഉത്തരവ് അനുബന്ധമായി* ചേർത്തിട്ടുണ്ട്). പ്രസ്തുത ഉത്തരവിൽ പ്രതിപാദിക്കുന്ന എല്ലാ നിബന്ധനകളും പാലിക്കുന്ന വാഹനങ്ങൾക്ക് മാത്രമെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ. ഇതുകൂടാതെ എല്ലാ സ്കൂൾ വർഷാരംഭത്തിലും മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർ സ്കൂളിലെത്തി വാഹനങ്ങളുടെ ക്ഷമത പുനഃപരിശോധന നടത്തി നിബന്ധനകളെല്ലാം പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തി അത്തരം വാഹനങ്ങൾക്ക് സ്റ്റിക്കർ പതിച്ചു നൽകുകയും ചെയ്യുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സ്കൂൾ ബസുകളിലെ ഡ്രൈവർമാർക്കും സ്കൂൾ കുട്ടികളെ കയറ്റുന്ന മറ്റ് വാഹനങ്ങളിലെ ഡ്രൈവർമാർക്കും കൂടെക്കൂടെ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. സ്കൂൾ മാനേജ്മെന്റിന്റേയും മാതാപിതാക്കളുടേയും സഹകരണം ഇക്കാര്യത്തിൽ ലഭ്യമാക്കാറുണ്ട്.

(സി) അമിത വേഗത, അശ്രദ്ധമായ ഡ്രൈവിംഗ്, മദ്യപിച്ച് വാഹനമോടിക്കൽ, ഡ്രൈവിംഗിനിടയിൽ മൊബൈൽ ഉപയോഗിക്കൽ മറ്റ് ട്രാഫിക് നിയമ ലംഘനങ്ങൾ എന്നീ കുറ്റങ്ങൾ ചെയ്യുന്ന ഡ്രൈവർമാർക്കെതിരെ ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ നിലവിൽ സ്വീകരിക്കുന്നുണ്ട്.

(ഡി) സ്കൂൾ ബസുകളുടെ വേഗത, യാത്രാപഥം എന്നിവ നിരീക്ഷിക്കുന്നതിനായി സ്കൂൾ ബസുകളിൽ ജി.പി.എസ് ഘടിപ്പിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. 27-11-2018 വരെയുള്ള കണക്ക് പ്രകാരം 325 വാഹനങ്ങളിൽ ഉപകരണങ്ങൾ സ്ഥാപിച്ചുകഴിഞ്ഞു. ജി.പി.എസ്. വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിന്റെ ഹെഡ് ഓഫീസിൽ ഒരു മാസ്റ്റർ കൺട്രോൾ റൂമും 17 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ മിനി കൺട്രോൾ റൂമുകളും സ്ഥാപിച്ചിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ എൻഫോഴ്സ്മെന്റ് ഏജൻസികൾ, വാഹന ഉടമ, സ്കൂൾ അധികൃതർ, സ്ഥാപന അധികൃതർ, രക്ഷിതാക്കൾ എന്നിവർക്ക് വാഹനത്തിന്റെ സഞ്ചാരപഥം, വേഗത, സമയം തുടങ്ങിയവ നിരീക്ഷിക്കുവാനും സാധിക്കും. ഏതെങ്കിലും തരത്തിലുള്ള അത്യാഹിതങ്ങൾ, വാഹന തകരാറുകൾ, ഗതാഗത തടസ്സങ്ങൾ, അമിത വേഗത, അപകടകരമായ ഡ്രൈവിംഗ്, സ്കൂൾ കുട്ടികൾ പ്രത്യേകിച്ച് വിദ്യാർത്ഥിനികൾക്കും സ്ത്രീകൾക്കും നേരെയുണ്ടാകുന്ന ഉപദ്രവങ്ങൾ എന്നിവയ്ക്കെതിരെ പ്രതികരിച്ചുകൊണ്ട് അപായ സന്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനം (Panic button) ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സന്ദേശങ്ങൾ ഓട്ടോമാറ്റിക്കായി എല്ലാ കൺട്രോൾ റൂമുകളിലും എസ്.എം.എസ്. വഴി വാഹന ഉടമ, സ്കൂൾ അധികൃതർ, സ്ഥാപന അധികൃതർ, രക്ഷിതാക്കൾ, എൻഫോഴ്സ്മെന്റ് ഏജൻസികൾ എന്നിവർക്ക് ലഭിക്കുന്നതുമാണ്. ഉപകരണങ്ങളിൽ ഘടിപ്പിച്ചിരിക്കുന്ന Tilt Sensor കൾ വഴി വാഹനങ്ങൾ 40 ഡിഗ്രിയിലധികം ചരിഞ്ഞാലുടൻ അടിയന്തര അപായ സന്ദേശങ്ങൾ കൺട്രോൾ റൂമുകളിൽ ഓട്ടോമാറ്റിക്കായി ലഭിക്കുന്നതാണ്.

## ലൈഫ് പദ്ധതി

22(*292) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. കെ. ബാബു:
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്ന് വർഷത്തിനുള്ളിൽ ഭവനരഹിതരില്ലാത്ത മാതൃകാ സംസ്ഥാനമാക്കിത്തീർക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിവരുന്ന ലൈഫ് പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; അതിവർഷവും പ്രളയവും ഈ പദ്ധതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(ബി) അർഹരായ ഗുണഭോക്താക്കളെ കണ്ടെത്താൻ സ്വീകരിച്ച മാനദണ്ഡവും മാർഗ്ഗവും അറിയിക്കാമോ; നിലവിൽ എത്ര പേരാണ് അർഹതയുള്ളവരായി കണ്ടെത്തിയിരിക്കുന്നത്;

(സി) പ്രധാനമന്ത്രിയുടെ ഭവന പദ്ധതിയിൽ ഗുണഭോക്താക്കളായവർക്കും ഭവന നിർമ്മാണം പാതിവഴിയിലായവർക്കും ലൈഫ് പദ്ധതി പ്രകാരം ബാക്കി തുക നൽകുന്നുണ്ടോ;

(ഡി) വീട് നിർമ്മാണത്തിനും നിർമ്മാണ സാമഗ്രികൾ നൽകുന്നതിനും കുടുംബശ്രീ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ) 2015-16 സാമ്പത്തിക വർഷം വരെ വിവിധ സർക്കാർ നിർമ്മാണ പദ്ധതികൾ പ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കിയിട്ടും വ്യത്യസ്ത കാരണങ്ങളാൽ സ്വന്തമായി അടച്ചുറപ്പുള്ള ഒരു കിടപ്പാടം എന്ന സ്വപ്നം പൂർത്തീകരിക്കാൻ കഴിയാത്ത കുടുംബങ്ങൾക്ക് അവരുടെ സ്വപ്നഭവനങ്ങൾ യാഥാർത്ഥ്യം ആക്കുകയെന്നതാണ് ഒന്നാംഘട്ടം ലൈഫ് മിഷൻ ഏറ്റെടുത്ത ദൗത്യം. ഈ പദ്ധതി പ്രകാരം ഡിസംബർ 1, 2018 വരെ 54036 വീടുകളിൽ 49016 വീടുകളുടെ നിർമ്മാണം പൂർത്തിയായി. ബാക്കിയുള്ള 5020 വീടുകളുടെ നിർമ്മാണം ഡിസംബർ അവസാനത്തോടെ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ലൈഫ് മിഷന്റെ രണ്ടാംഘട്ടമായ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന ധനസഹായം നൽകുന്ന പ്രവർത്തനത്തിൽ ആകെ 184255 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ രേഖകളുടെ പരിശോധന പൂർത്തിയാക്കി ധനസഹായത്തിന് അർഹത നേടിയിട്ടുള്ളത് 78,565 കുടുംബങ്ങളാണ്. ബാക്കിയുള്ള ഗുണഭോക്താക്കളുടെ രേഖാ പരിശോധന നടന്നുവരുന്നതേയുള്ളൂ.

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം, ഹഡ്കോ വായ്പാ വിഹിതം എന്നിവയോടൊപ്പം സംസ്ഥാന പദ്ധതി വിഹിതമായ ഒരു ലക്ഷം രൂപ എന്നിവകൂടി ചേർന്നതാണ് ഈ വീടുകളുടെ നിർമ്മാണത്തിനുള്ള ധനസ്രോതസ്സ്.

രണ്ടാംഘട്ട പുരോഗതി

തദ്ദേശഭരണ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം-78565 ഒന്നാംഘട്ടം (ബേസ്മെന്റ് വരെ) പൂർത്തിയാക്കിയവ-48972.

രണ്ടാംഘട്ടം (ലിന്റൽ വരെ) പൂർത്തിയാക്കിയവ-7110

മൂന്നാംഘട്ട നിർമ്മാണം (മേൽക്കൂര വരെ) പൂർത്തിയാക്കിയവ -3164

ആകെ പൂർത്തിയായ ഭവനങ്ങൾ-354.

മൂന്നാംഘട്ടം

ലൈഫ് മിഷന്റെ മൂന്നാംഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരായ ഗുണഭോക്താക്കളുടെ പുനരധിവാസ പ്രവർത്തനമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 336294 ഗുണഭോക്താക്കളാണ് ഇതിനായി ഗ്രാമസഭകൾ അംഗീകരിച്ച പട്ടികയിലുള്ളത്. ഈ പട്ടികയുടെ വിശദ പരിശോധനയും ഏറ്റവും അർഹരായവർക്ക് ആദ്യം വീട് ലഭിക്കത്തക്കവിധം മുൻഗണനാക്രമം നിശ്ചയിക്കലും നടത്തേണ്ടതുണ്ട്. 2018-19-ൽ തന്നെ ഒരോ ജില്ലയിലും പൈലറ്റ് അടിസ്ഥാനത്തിൽ ഓരോ ഭവനസമുച്ചയങ്ങളുടെ നിർമ്മാണം ആരംഭിക്കുകയും അതിനോടനുബന്ധിച്ച് ഗുണഭോക്താക്കളുടെ സാമൂഹിക ശാക്തീകരണ പ്രവർത്തനത്തിനുള്ള മാതൃക വികസിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പൈലറ്റ് ഭവന സമുച്ചയം നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിലേയ്ക്കായി തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയേയും ഹാബിറ്റാറ്റ് ടെക്നോളജിയേയും പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസികളായി ചുമതലപ്പെടുത്തി സ്ഥല പരിശോധന നടത്തി എസ്റ്റിമേറ്റ്, ഡിസൈൻ, പ്ലാൻ, ടെണ്ടർ ഡോക്യുമെന്റ് എന്നിവ തയ്യാറാക്കി ടെണ്ടർ ചെയ്യുന്നതിനായി ലൈഫ് മിഷന് നൽകുവാനും വർക്ക് ആരംഭിക്കുമ്പോൾ ആയതിന്റെ മേൽനോട്ടം പി.എം.സി.-കളെ ഏൽപ്പിക്കുകയും ചെയ്യുന്നതാണ്. ഭവന സമുച്ചയങ്ങളുടെ നിർമ്മാണം 2019 ഫെബ്രുവരി 28-ന് മുമ്പായി തുടങ്ങുന്നതിനാണ് ലക്ഷ്യമിടുന്നത്. ലൈഫിന്റെ താഴെ തട്ടിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിരിക്കുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളാണ്. പ്രളയാനന്തര പ്രവർത്തനങ്ങൾ ഏറ്റെടുത്തപ്പോൾ ലൈഫിന് ലഭിച്ചിരുന്ന പ്രാധാന്യം താൽക്കാലികമായി നഷ്ടപ്പെട്ടിട്ടുണ്ട്. കൂടാതെ പ്രളയം സംസ്ഥാനത്തിന് നൽകിയ സാമ്പത്തിക ആഘാതം മിഷന്റെ പ്രവർത്തനത്തെയും ബാധിക്കുന്നതാണ്.

(ബി) ലൈഫ് മിഷൻ സർവ്വേയിലൂടെ ഗുണഭോക്താക്കളെ കണ്ടെത്താൻ താഴെപ്പറയുന്ന മാനദണ്ഡങ്ങൾ സ്വീകരിച്ചു:

1. ഭവനരഹിതരായ കുടുംബം

2. വാർഷിക വരുമാനം 3 ലക്ഷം രൂപയ്ക്ക് താഴെ

3. സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി, പെൻഷൻ എന്നിവർ അംഗങ്ങളായിട്ടുള്ളവർ അനർഹർ

4. സ്വകാര്യ ആവശ്യത്തിന് 4 ചക്ര വാഹനം ഇല്ലാത്തവർ

5. ഒരു റേഷൻകാർഡിൽ ഒരു വീട് (റേഷൻ കാർഡിലുള്ള ആർക്കെങ്കിലും വീടുള്ള പക്ഷം ടി കുടുംബത്തിലെ ആരും അർഹരല്ല)

6. പഞ്ചായത്തിൽ 25 സെന്റും നഗരത്തിൽ 5 സെന്റിലും താഴെ ഭൂമി

184255 പേരെ ഭൂമിയുള്ള ഭവനരഹിതരായും 336294 ഭൂരഹിത ഭവനരഹിതരായും കണ്ടെത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഭവന നിർമ്മാണത്തിന് ആവശ്യമായ നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്നതിനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ടാണ് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. നിർമ്മാണത്തിന് ആവശ്യമായ നിർമ്മാണ സാമഗ്രികൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിർദ്ദേശാനുസരണം നിർമ്മിച്ചുനൽകുന്നു. ഇതിനായി ഇതുവരെ 369 കുടുംബശ്രീ യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്.

## പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത

23(*293) ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി മേഖലയിൽ സ്വയംപര്യാപ്തത നേടാനായി ആവിഷ്കരിച്ച പദ്ധതി രണ്ട് വർഷം കൊണ്ടുണ്ടാക്കിയ നേട്ടം അറിയിക്കാമോ;

(ബി) വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷിയും സ്വന്തം ആവശ്യത്തിനായുള്ള കൃഷിയും പ്രോത്സാഹിപ്പിക്കാൻ നടത്തിയ പ്രവർത്തനം വിശദമാക്കാമോ;

(സി) പ്രളയം തകർത്ത പച്ചക്കറി, പഴം കൃഷി പുനരുജ്ജീവിപ്പിക്കുന്നതിന് വി.എഫ്.പി.സി.കെ. ഉൾപ്പെടെയുള്ള വിവിധ ഏജൻസികൾ നടത്തിവരുന്ന ഇടപെടലുകൾ അറിയിക്കാമോ;

(ഡി) പുനർജനി പദ്ധതിയുടെ വിശദാംശം നൽകാമോ;

(ഇ) വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വിളനാശത്തിന് ലഭിക്കുന്ന നഷ്ടപരിഹാരത്തിന്റെ വിശദാംശം നൽകുമോ; ഈ പദ്ധതിയിൽ കേന്ദ്രസർക്കാർ വിഹിതം എത്രയാണെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): (എ) പച്ചക്കറി മേഖലയിൽ സ്വയംപര്യാപ്തത നേടാനായി കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയായ സമഗ്ര പച്ചക്കറി വികസന പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കർഷകർക്ക് കൃഷിക്കാവശ്യമായ എല്ലാവിധ സഹായങ്ങളും ടി പദ്ധതിയിലൂടെ നൽകിവരുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ വിവിധ ഘടകങ്ങൾ വിജയകരമായി നടപ്പാക്കുകവഴി ഓരോ വർഷത്തിലും പച്ചക്കറി കൃഷിയുടെ വിസ്തീർണ്ണം കൂട്ടുന്നതിനും അതുവഴി പച്ചക്കറിയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

2016-17-ൽ സംസ്ഥാനത്ത് 52830 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽനിന്നും 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കാനും സാധിച്ചു. 2015-16-ഉം ആയി താരതമ്യം ചെയ്യുമ്പോൾ 2016-17-ൽ 6252 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. ഇതിലൂടെ 0.97 ലക്ഷം മെട്രിക് ടൺ പച്ചക്കറി അധികമായി ഉത്പാദിപ്പിച്ചിട്ടുണ്ട്. 2017-18-ൽ സംസ്ഥാനത്ത് 67858 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽനിന്നും 10.12 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കാനും സാധിച്ചു. 2016-17-ഉം ആയി താരതമ്യം ചെയ്യുമ്പോൾ 2017-18-ൽ 15028 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. ഇതിലൂടെ 2.85 ലക്ഷം മെട്രിക് ടൺ പച്ചക്കറി അധികമായി ഉത്പാദിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ടു വർഷങ്ങളായി 21280 ഹെക്ടറിൽ കൃഷി വർദ്ധിപ്പിക്കുകയും 3.82 ലക്ഷം ടൺ പച്ചക്കറി അധികമായി ഉല്പാദിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷത്തിൽ പച്ചക്കറി വികസന പദ്ധതി പ്രകാരം 82000 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്ത് സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം 12.71 ലക്ഷം മെട്രിക് ടണ്ണായി ഉയർത്തുന്നതിന് ലക്ഷ്യമിട്ട് ഊർജ്ജിത പ്രവർത്തനങ്ങൾ നടത്തിവന്നിരുന്നു. ഇതിനായി ഒരു കോടി പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 90.9 ലക്ഷം പച്ചക്കറി തൈകളും കർഷകർക്ക് വിതരണം നടത്തിക്കഴിഞ്ഞിരുന്നു. എന്നാൽ അപ്രതീക്ഷിതമായുണ്ടായ മഹാപ്രളയത്തിൽ സംസ്ഥാനത്താകെ 10859 ഹെക്ടർ സ്ഥലത്തെ പച്ചക്കറി കൃഷിക്ക് നാശം സംഭവിച്ചു. കാർഷിക മേഖലയിൽ പച്ചക്കറി കൃഷിക്കുണ്ടായ നഷ്ടം പരിഹരിക്കുന്നതിനായി സംസ്ഥാന കൃഷി വകുപ്പ് ബഹുമുഖ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രളയക്കെടുതികളിൽനിന്നും കർഷകരെ കൈപിടിച്ചുയർത്തുന്നതിനും ശാസ്ത്രീയ സമീപനത്തിലൂടെയും സന്നദ്ധ സേവനത്തിലൂടെയും കാർഷിക മേഖലയുടെ പുനഃസൃഷ്ടിക്കുമായി പുനർജനി എന്ന പേരിൽ പ്രത്യേക പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്.

വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വികസന പദ്ധതിയുടെ രണ്ട് വർഷത്തെ നേട്ടങ്ങൾ ചുവടെ ചേർക്കുന്നു:

## 2016-17

1. പാർട്ടിസിപ്പേറ്ററി ഗ്യാരന്റി സിസ്റ്റം മുഖേന ജൈവപച്ചക്കറി ഉല്പാദനം പ്രചരിപ്പിക്കുകയും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി 1470 ജൈവകർഷകരുടെ 213 സംഘങ്ങൾ രൂപീകരിക്കുകയും 725 ഹെക്ടറിൽ ജൈവകൃഷി ആരംഭിക്കുകയും ചെയ്തു.

2. കൗൺസിലിലെ കർഷകർ 14622 ഹെക്ടർ സ്ഥലത്ത് പച്ചക്കറികളും 19964 ഹെക്ടർ സ്ഥലത്ത് വാഴയും 2845 ഹെക്ടർ സ്ഥലത്ത് കിഴങ്ങുവർഗ്ഗ വിളകളും കൃഷി ചെയ്തിട്ടുണ്ട്. ഇതുവഴി 102318 മെട്രിക് ടൺ പച്ചക്കറികളും 185907 മെട്രിക് ടൺ കായയും 25266 മെട്രിക് ടൺ കിഴങ്ങുവർഗ്ഗവിളകളും ഉത്പാദിപ്പിക്കുവാൻ കഴിഞ്ഞു.

3. 50 ഹെക്ടർ സ്ഥലത്ത് കേരളത്തിൽ അധികം പ്രചാരത്തിൽ ഇല്ലാത്തതും എന്നാൽ പോഷക സമ്പുഷ്ടവുമായ പച്ചക്കറികളുടെ (വാളരി പയർ, നിത്യവഴുതന, വള്ളിച്ചീര, കോവൽ, പീച്ചിൽ മുതലായവ) കൃഷി വ്യാപിപ്പിച്ചു.

4. 68.3 മെട്രിക് ടൺ അത്യുൽപാദനശേഷിയുള്ള പച്ചക്കറി വിത്തുകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്തു. കൂടാതെ 55 ലക്ഷം പച്ചക്കറി തൈകൾ, 6.56 ലക്ഷം ടിഷ്യുകൾച്ചർ വാഴത്തൈകൾ, 5.24 ലക്ഷം ഗ്രാഫ്റ്റഡ് ഫലവൃക്ഷ തൈകൾ എന്നിവയും വിതരണം ചെയ്തു.

## 2017-18

1. പാർട്ടിസിപ്പേറ്ററി ഗ്യാരന്റി സിസ്റ്റം മുഖേന ജൈവപച്ചക്കറി ഉല്പാദനം പ്രചരിപ്പിക്കുകയും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി 1544 ജൈവകർഷകരുടെ 224 സംഘങ്ങൾ രൂപീകരിക്കുകയും 751 ഹെക്ടറിൽ ജൈവകൃഷി ആരംഭിക്കുകയും ചെയ്തു.
2. 13776 ഹെക്ടർ സ്ഥലത്ത് പച്ചക്കറികളും 17390 ഹെക്ടർ സ്ഥലത്ത് വാഴയും 2586 ഹെക്ടർ സ്ഥലത്ത് കിഴങ്ങുവർഗ്ഗവിളകളും കൃഷി ചെയ്തു.
3. 500 ഹെക്ടർ സ്ഥലത്ത് റബർ, വാഴ എന്നിവയിൽ ഇടവിളകൃഷി പ്രോത്സാഹിപ്പിച്ചു.
4. ഉൽപ്പാദനക്ഷമതയേറിയ ഹൈബ്രിഡ് പച്ചക്കറിയിനങ്ങളുടെ കൃഷി 100 ഹെക്ടറിൽ വ്യാപിപ്പിച്ചു.
5. പച്ചക്കറികളുടെ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്ന കൃത്യത കൃഷി 20 ഹെക്ടറിൽ വ്യാപിപ്പിച്ചു.
6. 100 ഹെക്ടർ സ്ഥലത്ത് കേരളത്തിൽ അധികം പ്രചാരത്തിൽ ഇല്ലാത്തതും എന്നാൽ പോഷക സമ്പുഷ്ടവുമായ പച്ചക്കറികളുടെ (വാളരി പയർ, നിത്യവഴുതന, വള്ളിച്ചീര, കോവൽ, പീച്ചിൽ മുതലായവ) കൃഷി വ്യാപിപ്പിച്ചു.
7. 4381 കർഷകരെ കൗൺസിലിൽ പുതുതായി അംഗങ്ങളാക്കി, 168 സ്വാശ്രയസംഘങ്ങൾകൂടി രൂപീകരിച്ചു.
8. കൗൺസിലിന്റെ പ്രത്യേക വായ്പ പദ്ധതി മുഖേന 8695 കർഷകർക്കായി 75.34 കോടി രൂപ നൽകിയിട്ടുണ്ട്. വായ്പാ തിരിച്ചടവ് ഉറപ്പാക്കുന്നതിനായി 2% പലിശ സബ്സിഡി ഇനത്തിൽ 1 കോടി രൂപ കർഷകർക്ക് നൽകി.
9. നാഷണൽ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് നടത്തുന്ന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 25.77 ലക്ഷം വാഴയും 500 ഹെക്ടർ പച്ചക്കറിയും ഇൻഷ്വർ ചെയ്തു. വിള നഷ്ടപരിഹാരമായി 4890 കർഷകർക്ക് 128.75 ലക്ഷം രൂപ വിതരണം ചെയ്തു.
10. പച്ചക്കറി കൃഷിയിൽ നൂതന സാങ്കേതികവിദ്യകളും പ്രകൃതിക്കിണങ്ങിയ കൃഷിരീതികളും കമ്പോസ്റ്റിംഗ് രീതികളും ഫലപ്രദമായി പ്രചരിപ്പിക്കുന്നതിന് 80 പരീക്ഷണത്തോട്ടങ്ങളും 115 മാതൃകാ പ്രദർശനത്തോട്ടങ്ങളും നടപ്പിലാക്കി.

11. ആലത്തൂരിലുള്ള വിത്ത് സംസ്കരണശാല വഴി 17 ഇനം അത്യുൽപാദനശേഷിയുള്ള പച്ചക്കറി വിത്തുകൾ വിതരണം ചെയ്തു. വിത്തുല്പാദനത്തിൽ പ്രത്യേക പരിശീലനം സിദ്ധിച്ച കർഷകർ ഏതാണ്ട് 800 ഏക്കറിൽ കൃഷി ചെയ്ത് ഉൽപ്പാദിപ്പിച്ച 92.73 മെട്രിക് ടൺ വിത്താണ് സംസ്കരിച്ച് വിതരണം നടത്തിയത്. ഇതിനുപുറമേ വിവിധ കേന്ദ്രങ്ങൾ വഴി 77 ലക്ഷം പച്ചക്കറി തൈകളും ഉൽപാദിപ്പിച്ച് വിതരണം ചെയ്യുകയുണ്ടായി. വിത്ത് സംസ്കരണ ശാലയോടനുബന്ധിച്ച് പ്രവർത്തനസജ്ജമാക്കിയിട്ടുള്ള ടിഷ്യുകൾച്ചർ ലാബിൽനിന്നും 4.79 ലക്ഷം ടിഷ്യുകൾച്ചർ വാഴത്തൈകളും ഫലവൃക്ഷങ്ങളുടെ 8.7 ലക്ഷം ഗ്രാഫ്റ്റുകളും വിതരണം ചെയ്തിട്ടുണ്ട്.

12. സംസ്ഥാനത്ത് നടീൽ വസ്തുക്കളുടെ അഭാവം പരിഹരിക്കുന്നതിനുള്ള പദ്ധതികളുടെ ഭാഗമായി ഒരു ഹൈടെക് പച്ചക്കറി തൈ ഉൽപ്പാദന കേന്ദ്രം 2017 ഡിസംബർ 16-ന് എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ നടുക്കരയിൽ പ്രവർത്തനം ആരംഭിച്ചു. ഇവിടെനിന്നും 2017-18 വർഷം 35 ലക്ഷം പച്ചക്കറി തൈകൾ ഉൽപാദിപ്പിച്ചിട്ടുണ്ട്.

രാഷ്ട്രീയ കൃഷി വികാസ് യോജന 2016-17 പദ്ധതിയിൽ ഉൾപ്പെടുത്തി ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ വട്ടവട കാന്തല്ലൂർ പ്രദേശങ്ങളിൽ 2000 ഹെക്ടർ പ്രദേശത്ത് ശീതകാല പച്ചക്കറി കൃഷിക്കായി 300 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്. ഏകദേശം 26000 ടൺ പച്ചക്കറി ഈ പദ്ധതിയിലൂടെ ഉൽപാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ 1460 ഹെക്ടറിൽ അത്യുൽപ്പാദനശേഷിയുള്ള പച്ചക്കറി വിത്ത് ഉപയോഗിച്ചുള്ള കൃഷിക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഇതിലൂടെ ഏകദേശം 17530 ടൺ പച്ചക്കറി ഉൽപാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ഹൈടെക് ഫാമിംഗ് പദ്ധതി പ്രകാരം പോളീഹൗസുകളിലെ പച്ചക്കറി കൃഷിയിലൂടെ ഏകദേശം 5 ഹെക്ടറിലായി 200 ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

(ബി) വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷിയും സ്വന്തം ആവശ്യത്തിനായുള്ള കൃഷിയും പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പച്ചക്കറി വികസന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

<u>വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ</u>

1. പച്ചക്കറി വികസന പദ്ധതി പ്രകാരം വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 5-7 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്ന 15 കർഷകർ അടങ്ങിയ ക്ലസ്റ്റർ രൂപീകരിച്ചിട്ടുണ്ട്. 15,000 രൂപ ഹെക്ടറിന് എന്ന നിരക്കിൽ ധനസഹായം കർഷകർക്ക് നൽകുന്നു. 2017-18 വർഷത്തിൽ ഇത്തരത്തിൽ 998 ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകി ആയതിലേയ്ക്കായി 748.49996 ലക്ഷം രൂപ ചെലവഴിച്ചു. 2018-19 സാമ്പത്തിക വർഷത്തിൽ 1000 ക്ലസ്റ്ററുകൾക്കായി 750 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

2. 2017-18 വർഷത്തിൽ 2254 പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി 210.01069 ലക്ഷം രൂപയും 2079 സസ്യ സംരക്ഷണ ഉപാധികൾക്കായി 30.15 ലക്ഷം രൂപയും ധനസഹായം നൽകി. നടപ്പു സാമ്പത്തിക വർഷത്തിൽ 2000 പമ്പ് സെറ്റുകളും 2000 സസ്യ സംരക്ഷണ ഉപാധികൾക്കുമായി ആകെ 230 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3. പച്ചക്കറി ക്ലസ്റ്ററുകളുടെ നൂതന പ്രവർത്തനങ്ങൾക്കായി ഇന്നവേഷൻ ഫണ്ടിൽ ഓരോ ജില്ലയ്ക്കും 3 ലക്ഷം രൂപ പരമാവധി നൽകി അക്വപോണിക്സ്, സോളാർ ഫെൻസിംഗ് എന്നിവയെ പ്രോത്സാഹിപ്പിക്കുന്നു. 2017-18 വർഷത്തിൽ ഇതിനായി 44.26842 ലക്ഷം രൂപ ചെലവഴിച്ചു. നടപ്പുവർഷത്തിൽ 45 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

4. തരിശു സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിനായി 30,000 രൂപ നിരക്കിൽ ഒരു ഹെക്ടറിന് ധനസഹായം നൽകുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 997.793 ഹെക്ടർ തരിശുനിലത്തിൽ പച്ചക്കറി കൃഷി ചെയ്തു. ഇതിനായി 296.55143 ലക്ഷം രൂപ ചെലവഴിച്ചു. നടപ്പു സാമ്പത്തിക വർഷത്തിൽ 1000 ഹെക്ടർ തരിശുനിലത്തിൽ കൃഷി ചെയ്യുന്നതിന് ലക്ഷ്യമിടുന്നു. ഇതിലേയ്ക്കായി 300 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

5. മഴമറയിലെ പച്ചക്കറി കൃഷി-വാണിജ്യാടിസ്ഥാനത്തിൽ വേനൽക്കാലത്തും മഴക്കാലത്തും ഒരുപോലെ വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷി ചെയ്യുന്നതിനായി കർഷകർക്ക് 100 സ്ക്വയർ മീറ്റർ സ്ഥലത്തിന് 75 ശതമാനം സബ്സിഡി നിരക്കിൽ പരമാവധി 50,000 രൂപ വരെ ധനസഹായം നൽകുന്നു. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 1362 മഴമറകൾ സ്ഥാപിക്കുന്നതിനായി 692.66 ലക്ഷം രൂപ ചെലവഴിച്ചു. നടപ്പ് വർഷത്തിൽ 1400 മഴമറ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിലേയ്ക്കായി 700 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

6. സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖല/സ്വകാര്യ സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിനായി ധനസഹായം നൽകി. 2017-18 സാമ്പത്തിക വർഷത്തിൽ 279 സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി 189.26821 ലക്ഷം രൂപ ചെലവഴിച്ചു. നടപ്പു സാമ്പത്തിക വർഷത്തിൽ ടി പദ്ധതി നടപ്പിലാക്കുന്നതിനായി 170 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

7. പച്ചക്കറി കൃഷിക്കാവശ്യമായ ജലസേചനം, വളം, മറ്റ് സൂക്ഷ്മ മൂലകങ്ങൾ എന്നിവ ചെടികളുടെ വളർച്ചയ്ക്ക് അനുസരിച്ച് നൽകുന്നതിനായി സൂക്ഷ്മ ജലസേചന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി യൂണിറ്റൊന്നിന് 75 ശതമാനം നിരക്കിൽ കർഷകർക്ക് ധനസഹായം നൽകുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 1215 എണ്ണം സൂക്ഷ്മ ജലസേചന യൂണിറ്റുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി 358.95795 ലക്ഷം രൂപ ചെലവഴിച്ചു. നടപ്പു സാമ്പത്തിക വർഷത്തിൽ 1250 എണ്ണം സ്ഥാപിക്കുന്നതിനായി 375 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

8. <u>ബഹുവർഷ പച്ചക്കറികളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി</u>

ബഹുവർഷ പച്ചക്കറികളായ മുരിങ്ങ, അഗത്തി, കറിവേപ്പില, പപ്പായ എന്നിവയുടെ കൃഷി വ്യാപിപ്പിക്കുന്നതിനായി 2017-18- ൽ ആരംഭിച്ച പദ്ധതിയാണിത്. പദ്ധതി പ്രകാരം ഒരു ഹെക്ടറിന് 20,000 രൂപ നിരക്കിൽ കർഷകന് ധനസഹായം നൽകുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 25 ഹെക്ടർ സ്ഥലത്ത് ഇത്തരത്തിൽ കൃഷി ചെയ്തു. ഇതിനായി 4.8 ലക്ഷം രൂപ ചെലവഴിച്ചു. നടപ്പു സാമ്പത്തിക വർഷത്തിലും 25 ഹെക്ടർ കൃഷി ചെയ്യുന്നതിനായി 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

<u>സ്വന്തം ആവശ്യത്തിനായുള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ</u>

1. വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും 10 രൂപ വിലവരുന്ന അഞ്ചിനം പച്ചക്കറി വിത്ത് പാക്കറ്റുകൾ വിദ്യാർത്ഥികൾക്കും കർഷകർക്കുമായി വിതരണം ചെയ്യുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 40 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ സൗജന്യമായി വിതരണം ചെയ്തു. ഇതിലേയ്ക്കായി 400 ലക്ഷം രൂപ ചെലവഴിച്ചു. നടപ്പുവർഷത്തിൽ 100 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ സൗജന്യമായി കർഷകർ, വിദ്യാർത്ഥികൾ, എൻ.ജി.ഒ, മാധ്യമങ്ങൾ എന്നിവർക്കായി വിതരണം ചെയ്തു. ഇതിലേയ്ക്കായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

2. പച്ചക്കറി തൈകൾ കർഷകർക്ക് സൗജന്യമായി നൽകുകയും ചെയ്യു. 2017-18 സാമ്പത്തിക വർഷത്തിൽ 45.45 ലക്ഷം പച്ചക്കറി തൈകൾ വിതരണം ചെയ്തു. ഇതിനായി 100 ലക്ഷം രൂപ ചെലവഴിച്ചു. നടപ്പുവർഷത്തിൽ 90.9 ലക്ഷം പച്ചക്കറി തൈകൾ സൗജന്യമായി വിതരണം ചെയ്യും. ഇതിലേയ്ക്കായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3. പച്ചക്കറി കൃഷി ചെയ്യാൻ താല്പര്യമുണ്ടെങ്കിലും സ്ഥലപരിമിതിമൂലം അതിന് സാധിക്കാതെവരുന്ന നഗര പ്രദേശങ്ങളിലേയും മറ്റിടങ്ങളിലേയും മട്ടുപ്പാവിലെ കൃഷി പ്രോത്സാഹിപ്പിക്കുകയാണ് പച്ചക്കറി വികസന പദ്ധതിയിലെ മട്ടുപ്പാവ് കൃഷി എന്ന ഘടകത്തിലൂടെ ലക്ഷ്യമിടുന്നത്. പച്ചക്കറികൾ നട്ടുപിടിപ്പിച്ച 25 ഗ്രോബാഗുകൾ അടങ്ങിയ യൂണിറ്റിന് 75 ശതമാനം സബ്സിഡി നൽകുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 37000 ഗ്രോബാഗ് യൂണിറ്റുകൾ വിതരണം ചെയ്തു. ഇതിനായി 555 ലക്ഷം രൂപ ചെലവഴിച്ചു. നടപ്പുവർഷത്തിൽ 42000 ഗ്രോബാഗ് യൂണിറ്റുകൾക്കായി 630 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

4. മുൻ വർഷങ്ങളിൽ നൽകിയ ഗ്രോബാഗ് യൂണിറ്റുകൾ പുനരുജ്ജീവിപ്പിച്ച് കൃഷി യോഗ്യമാക്കുന്നതിനായി വിത്ത്, വളം, ജീവാണു വളങ്ങൾ, ജൈവ കീടനാശിനികൾ എന്നിവ കർഷകർക്ക് നൽകുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ ഇതിനായി 149.9 ലക്ഷം രൂപ ചെലഴിച്ചു. നടപ്പുവർഷത്തിൽ 37500 ഗ്രോബാഗ് യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനായി 75 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

5. ഗ്രോബാഗുകളിൽ ജലത്തിന്റെ ഉപയോഗം ക്രമീകരിക്കുന്നതിനായി നൂതന വിദ്യയായ തുള്ളിനന/തിരിനന ജലസേചന രീതി സ്ഥാപിക്കുന്നതിനായി യൂണിറ്റൊന്നിന് 50 ശതമാനം സബ്സിഡി നിരക്കിൽ കർഷകന് ധനസഹായം നൽകിവരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 2288 യൂണിറ്റുകൾ സ്ഥാപിച്ചു. ഇതിനായി 44.07430 ലക്ഷം രൂപ ചെലവഴിച്ചു. നടപ്പുവർഷത്തിൽ 2250 തുള്ളിനന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 45 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

6. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കുറഞ്ഞ ചെലവിൽ കണിക ജലസേചനം നടത്തുന്നതിനായി 2017-18 സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതി ഘടകമാണ് ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം. ഇത് വളരെ കുറച്ച് സ്ഥലത്ത് മാത്രം പച്ചക്കറി കൃഷി ചെയ്യുന്നവർക്ക് വളരെ ഉപകാരപ്രദമാണ്.

2017-18 സാമ്പത്തിക വർഷത്തിൽ 333 ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം നടപ്പിലാക്കി. ഇതിനായി 24.99 ലക്ഷം രൂപ ചെലവഴിച്ചു. നടപ്പു സാമ്പത്തിക വർഷത്തിൽ 333 ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം സ്ഥാപിക്കുന്നതിനായി 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

7. പച്ചക്കറി കൃഷിയുടെ വളർച്ചയ്ക്ക് സഹായകരമായ മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 50 ശതമാനം സബ്സിഡി നിരക്കിൽ യൂണിറ്റൊന്നിന് 2,500 രൂപ എന്ന തോതിൽ കർഷകർക്ക് ധനസഹായം നൽകുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 2600 യൂണിറ്റുകൾ സ്ഥാപിച്ചു. ഇതിലേയ്ക്കായി 64.825 ലക്ഷം രൂപ ചെലവഴിച്ചു. നടപ്പുവർഷത്തിൽ 2600 യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 65 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

8. നഗരപ്രദേശങ്ങളിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി റസിഡന്റ്സ് അസോസിയേഷനുകളെ ഒന്നിപ്പിച്ച് 50 ഹരിത ഗ്രൂപ്പുകൾ സ്ഥാപിക്കുന്നു. ഒരു ഗ്രൂപ്പിൽ 3 മുതൽ 4 വരെ റസിഡന്റ്സ് അസോസിയേഷനുകൾ ഉൾപ്പെടുന്നു. ഹരിതഗ്രൂപ്പുകൾ ആഴ്ച ചന്തകൾ രൂപീകരിക്കുകയും പച്ചക്കറി വിപണനം നടത്തുകയും ചെയ്യുന്നു. ഇതുകൂടാതെ കൃഷി സംബന്ധമായ ക്ലാസ്സുകൾ, പരിശീലനങ്ങൾ എന്നിവയും ഈ ഗ്രൂപ്പുകൾ മുഖാന്തരം ചെയ്യുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 49 ഹരിത ഗ്രൂപ്പുകൾ സ്ഥാപിച്ചു. ഇതിലേയ്ക്കായി 24 ലക്ഷം രൂപ ചെലവഴിച്ചു. നടപ്പുവർഷത്തിൽ 50 ഹരിത ഗ്രൂപ്പുകൾ സ്ഥാപിക്കുന്നതിനായി 25 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

9. സ്ഥലപരിമിതി കണക്കിലെടുത്ത് കുറഞ്ഞ സ്ഥലത്ത് പച്ചക്കറി കൃഷി മിനിപോളീഹൗസുകൾ സ്ഥാപിക്കുന്നതിന് സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ കർഷകർക്ക് 75 ശതമാനം സബ്സിഡി നിരക്കിൽ ധനസഹായം നൽകിവരുന്നു. വേനൽക്കാലത്തും മഴക്കാലത്തും വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കാനും കാലാവസ്ഥ അനുകൂലമാക്കുവാനും സാധിക്കുകവഴി ഉത്പാദനം വർദ്ധിപ്പിക്കാനും പോളീഹൗസ് കൃഷി മുഖാന്തരം സാധിക്കുന്നു. 10 സ്ക്വയർ മീറ്റർ വിസ്തൃതിയുള്ള മിനിപോളീഹൗസുകൾ ഒന്നിന് 45,000 രൂപ നിരക്കിലും 20 സ്ക്വയർ മീറ്റർ വിസ്തൃതിയുള്ള മിനിപോളീഹൗസുകൾക്ക് ഒന്നിന് 60,000 രൂപ നിരക്കിലും ധനസഹായം കർഷകർക്ക് നൽകുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 85 മിനിപോളീഹൗസുകൾക്കായി 72.5408 ലക്ഷം രൂപ ചെലവഴിച്ചു. നടപ്പു വർഷത്തിൽ 145 മിനിപോളീ ഹൗസുകൾ സ്ഥാപിക്കുന്നതിനായി 75 ലക്ഷം രൂപ വകയിരുത്തി പ്രോത്സാഹിപ്പിക്കുന്നതിനായിയിരിക്കുന്നു.

(സി) പച്ചക്കറി വികസന പദ്ധതി

പ്രളയത്തിൽ സംസ്ഥാനത്താകെ 10859 ഹെക്ടർ സ്ഥലത്തെ പച്ചക്കറി കൃഷിക്ക് നാശം സംഭവിച്ചു. കാർഷിക മേഖലയിൽ പച്ചക്കറി കൃഷിക്കുണ്ടായ നഷ്ടം പരിഹരിക്കുന്നതിനായി സംസ്ഥാന കൃഷി വകുപ്പ് ബഹുമുഖ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രളയക്കെടുതികളിൽനിന്നും കർഷകരെ കൈപിടിച്ചുയർത്തുന്നതിനും ശാസ്ത്രീയ സമീപനത്തിലൂടെയും സന്നദ്ധ സേവനത്തിലൂടെയും കാർഷിക മേഖലയുടെ പുനഃസൃഷ്ടിക്കുമായി 'പുനർജനി' എന്ന പേരിൽ പ്രത്യേക പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. പദ്ധതി പ്രകാരം ആവശ്യമായിവരുന്ന പച്ചക്കറി തൈകളും പച്ചക്കറി വിത്ത് പായ്ക്കറ്റുകളും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്രളയം തകർത്ത പച്ചക്കറി-പഴം കൃഷി പുനരുജ്ജീവിപ്പിക്കുന്നതിന് വി.എഫ്.പി.സി.കെ. നടത്തിവരുന്ന ഇടപെടലുകൾ ചുവടെ സൂചിപ്പിക്കുന്നു.

പ്രകൃതിക്ഷോഭം നേരിട്ട വി.എഫ്.പി.സി.കെ. കർഷകർക്ക് പുതുതായി കൃഷി ചെയ്യുന്നതിന് എസ്.എച്ച്.എം. സഹായത്തോടെ 25.88 കോടി രൂപയുടെ വിള വികസന പദ്ധതി നടപ്പിലാക്കിവരുന്നു:

| ക്രമ നമ്പർ | പദ്ധതി വിശദാംശങ്ങൾ | വിസ്തൃതി (ഹെക്ടറിൽ) | സബ്സിഡി (ഹെക്ടറിൽ) | തുക (ലക്ഷം) |
|---|---|---|---|---|
| 1 | വാഴ കൃഷി (കന്ന്) വ്യാപനം | 6000 | 26,250 | 1575.00 |
| 2 | വാഴ കൃഷി (ടി.സി) വ്യാപനം | 100 | 37500 | 37.5 |
| 3 | പൈനാപ്പിൾ കൃഷി വ്യാപനം | 100 | 26250 | 26.25 |
| 4 | മാവ് കൃഷി വ്യാപനം | 85 | 18000 | 15.30 |
| 5 | ഹൈബ്രിഡ് പച്ചക്കറി കൃഷി വ്യാപനം | 4250 | 20000 | 850.00 |
| 6 | ഇഞ്ചി കൃഷി വ്യാപനം | 500 | 12000 | 60.00 |
| 7 | മഞ്ഞൾ കൃഷി വ്യാപനം | 200 | 12000 | 24.00 |
| | ആകെ | | | 2588.05 |

ഈ പദ്ധതി വഴി പുതുതായി കൃഷിയിറക്കുന്നതിന് വിത്ത്/നടീൽ വസ്തുക്കൾ, മറ്റ് കാർഷികോപാധികൾ എന്നിവ ലഭ്യമാക്കുന്നതാണ്.

ഇതിനുപുറമെ, 20 ഹെക്ടർ വീതമുള്ള 98 ക്ലസ്റ്ററുകളിലായി പി.കെ.വി.വൈ. പദ്ധതി പ്രകാരം, ജൈവകൃഷിക്കായി ഈ വർഷം 7 കോടി രൂപ അനുവദിച്ചു. വിത്ത് ഉൽപ്പാദക കർഷകർക്കുണ്ടായ നഷ്ടം പരിഹരിക്കുവാൻ, പ്രധാനമായും അടിസ്ഥാന സൗകര്യങ്ങൾ പുനഃസ്ഥാപിക്കുവാനായി ഹെക്ടറിന് 1.50 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വി.എഫ്.പി.സി.കെ. നടപ്പിലാക്കുന്ന പ്രത്യേക വായ്പാ പദ്ധതിയിൽപ്പെട്ട 8695 കർഷകർക്കായി ഏതാണ്ട് 75 കോടി രൂപയുടെ വായ്പയാണ് നിലവിലുള്ളത്. സർക്കാർ പ്രഖ്യാപിച്ച ആശ്വാസ പദ്ധതിയുടെ ഭാഗമായി ഇവർക്ക് തുക തിരിച്ചടവിന് ഒരു വർഷത്തെ മൊറട്ടോറിയവും പലിശയിളവും ലഭ്യമാക്കും.

നാഷണൽ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് വി.എഫ്.പി.സി.കെ. നേരിട്ട് നടത്തുന്ന വിള ഇൻഷ്വറൻസ് പദ്ധതിയിൽപ്പെട്ട 2936 കർഷകർക്ക് 4.3 കോടി രൂപയുടെ ഇൻഷ്വറൻസ് ക്ലെയിം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 1.5 കോടി രൂപയുടെ ശേഷിക്കുന്ന ക്ലെയിം തീർപ്പാക്കിവരുന്നു. പ്രളയത്തിൽ നഷ്ടം നേരിട്ട കൗൺസിലിന്റെ കീഴിലുള്ള സ്വാശ്രയ കർഷക സമിതികൾക്ക് അടിസ്ഥാന സൗകര്യങ്ങളുടെ പുനരുദ്ധാരണത്തിനും പദ്ധതി സഹായം ലഭ്യമാക്കുന്നുണ്ട്.

<u>സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ നടത്തിവരുന്ന ഇടപെടലുകൾ</u>

പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ള പഴം പച്ചക്കറി കർഷകരെ സഹായിക്കുന്നതിന് കേന്ദ്ര സർക്കാർ അനുവദിച്ച മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ-സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി വിള വിസ്തൃതി വ്യാപനത്തിനായി അനുവദിച്ച സഹായങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഘടകം | ഭൗതിക ലക്ഷ്യം (ഹെക്ടർ) | സാമ്പത്തിക ലക്ഷ്യം(രൂപ ലക്ഷത്തിൽ) |
|---|---|---|---|
| വിള വിസ്തൃതി വ്യാപനം | | | |
| 1 | സ്ട്രോബറി | 100 | 150 |
| 2 | വാഴ | 20000 | 5250 |
| 3 | കൈതച്ചക്ക | 500 | 131.25 |
| 4 | ടിഷ്യുക്കൾച്ചർ വാഴ | 1000 | 375 |
| 5 | മാവ് | 500 | 90 |
| 6 | പ്ലാവ് | 250 | 45 |
| 7 | ഹൈബ്രിഡ് പച്ചക്കറി കൃഷി | 10000 | 2000 |

(ഡി) പ്രളയംമൂലം കേരളത്തിലെ കാർഷിക മേഖലയ്ക്ക് കനത്ത നാശനഷ്ടമാണുണ്ടായിട്ടുള്ളത്. വിവിധ വിളകൾക്കുണ്ടായ നാശനഷ്ടത്തോടൊപ്പം ആസ്തികൾക്കും സർക്കാർ ഫാമുകൾക്കും നാശനഷ്ടമുണ്ടായി. കൂടാതെ മണ്ണിന്റെ ഘടനയിൽ വ്യത്യാസം സംഭവിച്ചതോടൊപ്പം ധാരാളം കർഷകർക്ക് ഭൂമി തന്നെ നഷ്ടമാകുന്ന സ്ഥിതിയുണ്ടായി. പ്രളയംമൂലം തകർന്ന കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിന് വിവിധ പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് നടത്തിവരുന്നത്.

ജില്ലകളിൽ 'പുനർജനി' എന്ന പേരിൽ കാർഷിക മേഖലയുടെ പുനഃസൃഷ്ടിക്കായി അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ജനപ്രതിനിധികൾ, കർഷകർ, സന്നദ്ധ പ്രവർത്തകർ, അഗ്രോസർവ്വീസ് സെന്റർ-കാർഷിക കർമ്മസേന അംഗങ്ങൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് പുനർജനി പദ്ധതി നടപ്പിലാക്കിയത്. പ്രളയാനന്തരം അടിയന്തരമായി അനുവർത്തിക്കേണ്ട കാർഷികമുറകളെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണം നടത്തുന്നതിനായി കേരള കാർഷിക സർവ്വകലാശാല, കൃഷി വിജ്ഞാന കേന്ദ്രം എന്നിവിടങ്ങളിൽ ശാസ്ത്രജ്ഞരെ ഉൾപ്പെടുത്തി ക്ലാസ്സുകളും സെമിനാറുകളും പ്രായോഗിക പ്രദർശനങ്ങളും സംഘടിപ്പിച്ചു.

മണ്ണും ചെളിയും അടിഞ്ഞുകൂടിയ പാടശേഖരങ്ങളിലെ മണ്ണ് നീക്കംചെയ്ത് കൃഷിയോഗ്യമാക്കി തോടുകൾ വൃത്തിയാക്കി ജലസേചന സൗകര്യം വർദ്ധിപ്പിച്ചു. പ്രളയാനന്തരം മണ്ണിലുണ്ടായ മാറ്റങ്ങൾ മനസ്സിലാക്കുന്നതിന് മണ്ണ് പരിശോധന ക്യാമ്പുകൾ സംഘടിപ്പിച്ച് അതനുസരിച്ച് മണ്ണിലുപയോഗിക്കേണ്ട കുമ്മായ വസ്തുക്കളുടേയും വളങ്ങളുടേയും വിവരം കർഷകർക്ക് നൽകി. പ്രളയാനന്തരം കീടരോഗ ബാധകൾ പൊട്ടിപുറപ്പെട്ട പാടശേഖരങ്ങളിലും മറ്റ് കൃഷിയിടങ്ങളിലും ശാസ്ത്രജ്ഞരുടെ സംഘം സന്ദർശനം നടത്തി പ്രതിവിധി നിർദ്ദേശിച്ചു. ഇപ്രകാരം കീട-രോഗ നിയന്ത്രണത്തിനാവശ്യമായ വസ്തുക്കൾ വാങ്ങുന്നതിനും അവ കൃഷിയിടങ്ങളിൽ പ്രയോഗിക്കുന്നതിനുമുള്ള ചെലവ് കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികളിലൂടെ നൽകി. കൃഷി ഭവൻ തലത്തിൽ എലിനശീകരണ ക്യാമ്പയിനുകൾ നടപ്പിലാക്കി. നെൽവിത്ത്, പച്ചക്കറി വിത്തുകൾ, കുരുമുളക് തൈ, വാഴക്കന്ന്, ദീർഘകാല സുഗന്ധവ്യഞ്ജന വിളകൾ തുടങ്ങിയവയുടെ നടീൽ വസ്തുക്കൾ വിതരണം ചെയ്യുക, അഗ്രോസർവ്വീസ് സെന്റർ കാർഷിക കർമ്മസേന അംഗങ്ങളും തൊഴിലുറപ്പ് അംഗങ്ങളും ചേർന്ന് പ്രളയത്തിൽ തകർന്ന കൃഷിയിടങ്ങൾ വീണ്ടും കൃഷിയോഗ്യമാക്കി. കേടുപാടു സംഭവിച്ച യന്ത്രോപകരണങ്ങളും പമ്പ് സെറ്റുകളും റിപ്പയർ ചെയ്തു. ഇത്തരം

പ്രവർത്തനങ്ങളിലൂന്നി നടപ്പിലാക്കിയ പുനർജനി പദ്ധതിയിലൂടെ കർഷകരുടെ ആത്മവിശ്വാസം വീണ്ടെടുക്കുവാനും കൃഷി വകുപ്പ് കർഷകരോടൊപ്പമാണെന്ന വിശ്വാസം ഉറപ്പിക്കുവാനും സാധിച്ചു.

കൂടാതെ വെള്ളപ്പൊക്കക്കെടുതിമൂലം വിളകൾക്കും കൃഷിഭൂമിക്കുമുണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റം വരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങളിൽ 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിൽ അംഗീകാരം നൽകി. അതോടൊപ്പം പുതുകൃഷി ആരംഭിക്കുന്നതിനും വിത്ത്/നടീൽ വസ്തുക്കളുടെ വിതരണം മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനുമായി കുമ്മായം പോലുള്ള ഉല്പാദനോപാധികളുടെ വിതരണം, 2018-19 -ലെ കൃഷി വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽനിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജനി പാക്കേജിനും അംഗീകാരം നൽകി.

ഇപ്രകാരം ആകെ 65.81 കോടി രൂപയുടെ പ്രളയാനന്തര പാക്കേജ് പദ്ധതികൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- നെൽ വിത്ത് വിതരണം-32020 ഹെക്ടർ സ്ഥലത്ത് സൗജന്യ വിതരണത്തിനായി ഹെക്ടറിന് 100 കിലോ നിരക്കിൽ 3202 മെട്രിക് ടൺ നെൽവിത്ത് വിതരണം ചെയ്യുന്നതിനായി ആകെ 1280.71 ലക്ഷം രൂപ.

- പച്ചക്കറി കൃഷി പുനരുദ്ധാരണം-77 ലക്ഷം വിത്ത് കിറ്റുകൾ വിതരണം ചെയ്യുന്നതിനായി ആകെ 770.00 ലക്ഷം രൂപ, 30 ലക്ഷം പച്ചക്കറി തൈകൾ വിതരണം ചെയ്യുന്നതിനായി 75.00 ലക്ഷം രൂപ.

- തൃശ്ശൂർ- പൊന്നാനി കോൾ മേഖലയിൽ നടപ്പിലാക്കുന്ന ഓപ്പറേഷൻ കോൾ ഡബിൾ പദ്ധതിക്കായി 1 കോടി രൂപ -ഒരു പൂ നിലങ്ങളിൽ രണ്ടാം വിളയ്ക്ക് നെല്ല്, പച്ചക്കറി, പയർവർഗ്ഗങ്ങൾ തുടങ്ങിയവയുടെ കൃഷി.

- കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകളിൽ നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിനായി 1 കോടി രൂപയുടെ അധിക ധനസഹായം.

- ദീർഘകാല സുഗന്ധ വിളകൾ-ജാതി, ഗ്രാമ്പു തുടങ്ങിയവയുടെ നടീൽ വസ്തുക്കൾ 50 ശതമാനം സബ്സിഡി നിരക്കിൽ വാങ്ങുന്നതിന് ആകെ 13.42 കോടി രൂപ ധനസഹായം.

- കൃഷിയിടങ്ങളിൽ മണ്ണ് പരിപോഷണത്തിന്റെ ഭാഗമായി കുമ്മായം പോലുള്ള വസ്തുക്കൾ ചേർക്കുന്നതിന് ഹെക്ടറിന് 5,400 രൂപ നിരക്കിൽ 10000 ഹെക്ടറിന് 540 ലക്ഷം രൂപ.
- ജലസേചന ആവശ്യത്തിന് 25000 പമ്പ് സെറ്റുകൾ വാങ്ങുന്നതിന് ധനസഹായം. 7500 രൂപ സബ്സിഡി നിരക്കിൽ ആകെ 625 ലക്ഷം രൂപ പി.എം.കെ.എസ്.വൈ. പദ്ധതിയിലെ ധനസഹായവും ഇതിൽപ്പെടുന്നു.
- പാടശേഖരങ്ങൾ, കർഷക ഗ്രൂപ്പുകൾ എന്നിവയുടെ പെട്ടി, പറ, മറ്റ് യന്ത്ര സാമഗ്രികൾ നന്നാക്കുന്നതിനും/പുതുതായി വാങ്ങുന്നതിനുമായി വിലയുടെ 75 ശതമാനം പരമാവധി 25,000 രൂപ ആകെ 250 ലക്ഷം രൂപ.
- പുഷ്പ കൃഷി വികസനത്തിന് 50 ലക്ഷം രൂപ
- മൂല്യവർദ്ധനവ് പദ്ധതിയുടെ ഭാഗമായി എസ്.എഫ്.എ.സി. മുഖേന സ്വയംസഹായ സംഘങ്ങൾക്ക് ചെറുകിട യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും പരിശീലന പരിപാടികൾ, സെമിനാറുകൾ മുതലായവ സംഘടിപ്പിക്കുന്നതിനും മറ്റിതര ചെലവുകൾക്കുമായി ആകെ 8 കോടി രൂപ.
- വിള സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി എലി നശീകരണ ക്യാമ്പയിൻ നടത്തുന്നതിന് 153.75 ലക്ഷം രൂപ.

ഇതിനുപുറമെ പ്ലാനിംഗ് ബോർഡിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള 2019-20 വർഷത്തെ വാർഷിക പദ്ധതിയിൽ കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി 'പുനർജനി' എന്ന പേരിൽ പുതിയ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധ വിളകളുടെ പുനരുജ്ജീവനം, പാടശേഖരത്തിലേയും മറ്റ് കൃഷിയിടങ്ങളിലേയും സൗകര്യങ്ങൾ വികസിപ്പിക്കുക, കൃഷിയിടങ്ങൾ വീണ്ടെടുക്കൽ, മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ, മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾ, കർഷകർക്ക് പലിശരഹിത വായ്പ സാധ്യമാക്കൽ, വിപണി വികസനം എന്നിങ്ങനെ കാർഷികമേഖലയുടെ പ്രളയത്തിന് മുമ്പുള്ള സ്ഥിതി വീണ്ടെടുക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഇ) 22-3-2017-ലെ സ.ഉ (എം.എസ്)നമ്പർ 37/2017-ലെ ഉത്തരവ് പ്രകാരം, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. 25 കാർഷിക വിളകൾക്ക് (തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്) പദ്ധതി പ്രകാരമുള്ള പരിരക്ഷ നൽകുന്നുണ്ട്. 13-12-2017-ലെ സ.ഉ.(കൈ) നമ്പർ 1192/2017/കൃഷി ഉത്തരവ് പ്രകാരം കുവരക്, ചാമ, തിന, വരക്, പനിവരക്, കുതിരവാലി തുടങ്ങിയ ചെറു ധാന്യങ്ങൾ കൂടാതെ മാവ് എന്നീ വിളകളെക്കൂടി കർഷകരുടെ ആവശ്യപ്രകാരം ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ, വന്യജീവി ആക്രമണം, എന്നീ പ്രകൃതിക്ഷോഭങ്ങൾക്കാണ് പദ്ധതി സംരക്ഷണം നൽകുന്നത്. 27-10-2017-ലെ സ.ഉ.(സാധാ) നമ്പർ 1066/2017/കൃഷി ഉത്തരവ് പ്രകാരം കോൾ നിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ കൂടാതെ, നെൽ കൃഷിക്ക് സംസ്ഥാനത്തെവിടെയും കീടരോഗബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തി. 28-12-2017-ലെ സർക്കാർ ഉത്തരവ് (കൈ നമ്പർ) 167/2018 കൃഷി ഉത്തരവ് പ്രകാരം വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള സംരക്ഷിത വനപ്രദേശങ്ങളിൽ വനം വകുപ്പിന്റെ അനുമതിയോടുകൂടി കർഷകർ ചെയ്യുന്ന ഹ്രസ്വ/വാർഷിക വിളകളെക്കൂടി ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലെ "സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി" പ്രകാരം ഓരോ വിളയ്ക്കും ലഭിക്കുന്ന പരമാവധി തുക എത്രയെന്നുള്ളത് അനുബന്ധമായി ചേർക്കുന്നു.*

സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ചാണ് മേൽ നഷ്ടപരിഹാരം നൽകുന്നത്. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പുനരാവിഷ്കരിച്ച കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഇൻഷ്വർ ചെയ്യുന്ന ആകെ ഇൻഷ്വറൻസ് തുകയുടെ 50% പ്രീമിയം തുകയാണ് കേന്ദ്ര വഹിതമായി ലഭിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-ക്ക് സാമ്പത്തിക സഹായം

24(*294) ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ നൽകുന്ന സാമ്പത്തിക സഹായം നിർത്തിവച്ചതായി അറിയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സാമ്പത്തിക സഹായം നിർത്തിവയ്ക്കാൻ ഇടയായ സാഹചര്യം വിശദീകരിക്കുമോ;

(സി) സാമ്പത്തിക പ്രതിസന്ധിയിൽനിന്നും കരകയറുന്നതിനായി കെ.എസ്.ആർ.ടി.സി. ഏതെങ്കിലും നിർദ്ദേശം സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): (എ & ബി) സർക്കാർ സാമ്പത്തിക സഹായം നിർത്തലാക്കിയിട്ടില്ല.

(സി) സമർപ്പിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്.

## യൂറിയ ക്ഷാമം

25(*295) ശ്രീ. വി. ടി.ബൽറാം:
ശ്രീ. പി. ടി. തോമസ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ യൂറിയ ക്ഷാമം കാരണം നെൽകർഷകർ ദുരിതത്തിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഓരോ ജില്ലയ്ക്കും ആവശ്യമായ യൂറിയയുടെ അളവ് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രളയത്തിൽ വ്യാപകമായ നാശനഷ്ടം സംഭവിച്ചിട്ടുള്ള കാർഷിക മേഖലയ്ക്ക് യൂറിയ ക്ഷാമവും രാസവളത്തിന്റെ വിലവർദ്ധനവും സൃഷ്ടിച്ചിരിക്കുന്ന പ്രതിസന്ധി പരിഹരിക്കാൻ കൃഷി വകുപ്പിന്റെ ഇടപെടൽ എന്തൊക്കെയാണെന്നറിയിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): (എ) യൂറിയ ക്ഷാമം ശ്രദ്ധയിൽപ്പെടുകയും ഉടൻ തന്നെ ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഓരോ ജില്ലയ്ക്കും ആവശ്യമായ യൂറിയയുടെ കണക്ക് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. എല്ലാ ആറുമാസം കൂടുമ്പോഴും സംസ്ഥാനത്തിന് ആവശ്യമുള്ള വളങ്ങളുടെ മാസാടിസ്ഥാനത്തിലുള്ള കണക്ക് കേന്ദ്ര സർക്കാരിന് നൽകാറുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ മാസം തോറും വളത്തിന്റെ വിഹിതം നൽകുന്നത്.

(സി) ഒക്ടോബർ മാസം അവസാനം തൃശ്ശൂർ, ആലപ്പുഴ ജില്ലകളിൽ വളത്തിന്റെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കമ്പനികളുമായി ബന്ധപ്പെടുകയും ആവശ്യമുള്ള വളം റോഡ് മാർഗ്ഗം എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. നവംബർ മാസത്തിലും കേന്ദ്ര സർക്കാരുമായും കമ്പനികളുമായും ബന്ധപ്പെട്ട് യൂറിയ ക്ഷാമം പരിഹരിച്ചിട്ടുണ്ട്. ഡിസംബർ മാസത്തേയ്ക്ക് 10800 ടൺ യൂറിയ, 6600 ടൺ DAP, മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് 11300 ടൺ, NPK കോംപ്ലക്സുകൾ 19300 ടൺ എന്നിവ കേരളത്തിലേയ്ക്ക് അനുവദിക്കുകയും ഇവ വിവിധ കമ്പനികൾ മുഖേന എടുത്ത് വിതരണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

നേർവളങ്ങളും കോംപ്ലക്സ് വളങ്ങളും കർഷകർക്ക് യഥാർത്ഥ വിലയ്ക്ക് തന്നെയാണ് ലഭിക്കുന്നതെന്ന് ഉറപ്പാക്കുവാൻ പി.ഒ.എസ്. മെഷീനുകൾ മുഖേനയാണ് ഇപ്പോൾ വളം വിൽക്കുന്നത്. പി.ഒ.എസ്. മെഷീനുകൾ മുഖേന വാങ്ങുന്ന വളങ്ങൾക്ക് അതിൽ പ്രിന്റ് ചെയ്തിരിക്കുന്ന വില മാത്രം നൽകിയാൽ മതി. ഇതിനെക്കുറിച്ചുള്ള അവബോധം കർഷകർക്ക് നൽകിവരുന്നു. എല്ലാ ജില്ലകളിലേയും റീട്ടെയിൽ വില്പനക്കാർക്കാണ് പി.ഒ.എസ്. മെഷീനുകൾ നൽകുന്നത്. കേരളത്തിൽ 14 ജില്ലകളിലായി 2480 പി.ഒ.എസ്. മെഷീനുകളാണ് വിതരണം ചെയ്തിട്ടുള്ളത്. പി.ഒ.എസ്. മെഷീനുകൾ ഉപയോഗിക്കാത്ത കടക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം ജില്ലാ തല ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. എൻഫോഴ്സ്മെന്റ് സ്ക്വാഡ് എല്ലാ ജില്ലകളിലേയും കടകൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്.

## ഉന്നത വിദ്യാഭ്യാസ മേഖലയിൽ സമഗ്ര മാറ്റമുണ്ടാക്കുന്നതിന് പദ്ധതി

26(*296) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. എം. സ്വരാജ്:
ശ്രീ. രാജു എബ്രഹാം:
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ രംഗത്ത് കൈവരിക്കാനായ അഭിമാനാർഹമായ നേട്ടം ഉന്നത വിദ്യാഭ്യാസ മേഖലയിലേയ്ക്ക് സംക്രമിപ്പിക്കാനായി ഉന്നത വിദ്യാഭ്യാസ രംഗത്ത് സമഗ്ര മാറ്റം ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) എല്ലാ സ്ഥാപനങ്ങൾക്കും നാക് അല്ലെങ്കിൽ സാക് അക്രഡിറ്റേഷൻ അർഹത നേടുംവിധം സ്ഥാപന നിലവാരമുയർത്താനായി പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) അദ്ധ്യാപകരുടെ നൈപുണ്യശേഷി ഉയർത്തുന്നതിനും കാലാനുസൃതമായി നവീകരിക്കുന്നതിനും പദ്ധതിയുണ്ടോ ;

(ഡി) വിദ്യാർത്ഥികളുടെ നവീന ആശയങ്ങൾ സമ്പുഷ്ടമാക്കുന്നതിനും ആശയവിനിമയത്തിൽ ഉൾപ്പെടെ അവരുടെ കഴിവ് വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന രീതിയിൽ പഠന സമ്പ്രദായം പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): (എ) ഉണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്തെ സമഗ്ര മാറ്റം ലക്ഷ്യമാക്കി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ച് നടപ്പിലാക്കിവരുന്നു.

അക്രെഡിറ്റേഷന് ഊന്നൽ നൽകിക്കൊണ്ട് എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും 2022-നുള്ളിൽ അക്രെഡിറ്റേഷൻ ലഭ്യമാക്കേണ്ടതാണ്. അതിനായി സ്റ്റേറ്റ് അസസ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ സെന്റർ സ്ഥാപിക്കുവാൻ തീരുമാനിച്ചു.

ഫാക്കൽറ്റി, ട്രെയിനിംഗ് സെന്റർ :- മികച്ച അദ്ധ്യാപകരുടെ അപര്യാപ്തത നിലനിൽക്കുന്നതിനാൽ അദ്ധ്യാപകരുടെ കഴിവും ഗുണവും വർദ്ധിപ്പിക്കുന്നതിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിൽ സയൻസ്, ഹ്യൂമാനിറ്റീസ്, സാമൂഹ്യശാസ്ത്രം, ആർട്ട്, ലിറ്ററേച്ചർ എന്നീ വിഭാഗത്തിൽ ഫാക്കൽറ്റി ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

വിദ്യാർത്ഥികൾ ആർജ്ജിക്കേണ്ട കഴിവുകൾ മുൻകൂട്ടി കണ്ടെത്തി, ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും ഗ്രാജ്വേറ്റ് ആട്രിബ്യൂട്ട്സിനും ഊന്നൽ നൽകിക്കൊണ്ട് കരിക്കുലത്തിൽ മാറ്റങ്ങൾ നടത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി :- സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് കോളേജുകളിലും സർവ്വകലാശാല ഡിപ്പാർട്ടുമെന്റുകളിലും ബിരുദ, ബിരുദാനന്തര തലത്തിൽ നോൺ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കായി 2009 മുതൽ ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

എറുഡൈറ്റ് പദ്ധതി:- ഉന്നതവിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'എറുഡൈറ്റ് അഥവാ 'Scholar in Residence Scheme'.

ക്ലസ്റ്റർ കോളേജ് പദ്ധതി:- ഒരേ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ (പ്രത്യേകിച്ചും കോളേജുകൾ), അക്കാദമികവും ഭൗതികവുമായ വിഭവങ്ങൾ പരസ്പരം പങ്കുവയ്ക്കുകയും അതുവഴി ഉന്നത വിദ്യാഭ്യാസ രംഗത്ത് മേന്മ (excellence) കൈവരിക്കുന്നതിനുമായി 'ക്ലസ്റ്റർ ഓഫ് കോളേജസ് ' എന്ന ആശയം വിഭാവന ചെയ്തിട്ടുണ്ട്.

പി.ജി റീസ്ട്രക്ചറിംഗ്: ബിരുദതലത്തിൽ നടപ്പിലാക്കിയ കരിക്കുലം പരിഷ്കരണത്തിന് തുടർച്ചയായി പി.ജി. തല വിദ്യാഭ്യാസം പുനഃസംഘടിപ്പിക്കുന്നതിന് പ്രൊഫ. ഇ.ഡി. ജെമ്മീസ് ചെയർമാനായി ഒരു കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്.

ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുവാനായി ഒരു വിദഗ്ദ്ധ സമിതിക്ക് രൂപം നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന സർവ്വകലാശാലയ്ക്ക് 5 കോടി രൂപയുടെ ചാൻസലേഴ്സ് അവാർഡും ഗവേഷണ രംഗത്ത് മികവുകാട്ടുന്ന കേരളീയർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകുന്നതിനായി കൈരളി അവാർഡും ഏർപ്പെടുത്തിയിട്ടുണ്ട്.

ബിരുദതലത്തിൽ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സമയബന്ധിതമായി പ്രത്യേക ക്ലാസ്സുകൾ നൽകി പരീക്ഷകൾക്ക് തയ്യാറാക്കുന്ന Scholar Support Programme നടത്തിവരുന്നു. പഠനത്തിൽ പ്രഗത്ഭരായ വിദ്യാർത്ഥികൾക്ക് external mentor-ന്റെ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് Walk with Scholar എന്ന പദ്ധതി, കേരളത്തിലെ കോളേജുകളിലെ യുവാക്കളായ അദ്ധ്യാപകരുടെ ഒരു സംഘത്തെ കണ്ടെത്തി അവരിലെ പ്രത്യേക വാസനകൾ വികസിപ്പിക്കുന്നതിനും അദ്ധ്യയന രംഗത്തെ കണ്ടെത്തലുകളുടെയും ഗവേഷണങ്ങളുടെയും സമന്വയം ത്വരിതപ്പെടുത്തുന്നതിനുംവേണ്ടി FLAIR (Fostering Linkages For Academic Innovation And Research) എന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.

<u>ഇന്റേൺഷിപ്പ്</u>-എല്ലാ കുട്ടികൾക്കും പ്രത്യേകിച്ചും എഞ്ചിനീയറിംഗ് പഠിക്കുന്നവർക്ക് ഇന്റേൺഷിപ്പ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തും.

(ബി - ഡി) ഉണ്ട്.

**കർഷക ആത്മഹത്യകൾ**

27(*297) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u>

<u>ശ്രീ. വി. ഡി. സതീശൻ:</u>

<u>ശ്രീ. വി. പി. സജീന്ദ്രൻ:</u>

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക ആത്മഹത്യകൾ പെരുകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രളയത്തിന്റെ പശ്ചാത്തലത്തിൽ വ്യാപകമായ കൃഷിനാശം കർഷക ആത്മഹത്യകളുടെ വർദ്ധനവിന് കാരണമായിട്ടുണ്ടോ;

(ബി) കഴിഞ്ഞ മൂന്ന് മാസത്തിനകത്ത് നിരവധി കർഷകർ കടക്കെണി കാരണം ആത്മഹത്യ ചെയ്യുകയുണ്ടായിട്ടും സർക്കാർ ക്രിയാത്മകമായ ഇടപെടൽ നടത്തുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കാർഷിക ലോണുകൾ എഴുതിത്തള്ളാൻ സർക്കാർ മുൻകയ്യെടുക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): (എ) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ വ്യാപകമായ കൃഷിനാശം സംഭവിച്ചിട്ടും കടക്കെണിമൂലം കർഷക ആത്മഹത്യകളൊന്നുംതന്നെ നാളിതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(ബി) ഈ സർക്കാർ കാർഷിക മേഖലയിൽ ദീർഘവീക്ഷണത്തോടും കാര്യക്ഷമതയോടുംകൂടി നടത്തിയ ഇടപെടൽ കാരണം കഴിഞ്ഞ മൂന്ന് മാസത്തിനകത്ത് കടക്കെണിമൂലം കർഷക ആത്മഹത്യകളൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനത്തെ കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 12-10-2018 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ച് സ.ഉ.(എം.എസ്) നമ്പർ. 367/2018/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കർഷകർക്ക് കൃഷി പുനരാരംഭിക്കുന്നതിന് വിത്ത്, വളം മുതലായവ സൗജന്യമായി നൽകിയിട്ടുണ്ട്. മഴക്കെടുതിമൂലം ദുരിതത്തിലായ കർഷകർക്ക് ആശ്വാസം എത്തിക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം കാർഷിക കടങ്ങൾക്കും വിദ്യാഭ്യാസ വായ്പകൾക്കും 2018 ജൂലൈ 31 മുതൽ ഒരു വർഷത്തേയ്ക്ക് എസ്.എൽ.ബി.സി. മൊറട്ടോറിയം പ്രഖ്യാപിച്ചു. പ്രളയബാധിത ജില്ലകളിലെ കർഷകരുടെ കാർഷിക വായ്പകൾ പുനഃക്രമീകരിക്കുന്നതിനും മൊറട്ടോറിയത്തിന്റെ കാലപരിധി കഴിഞ്ഞശേഷം ടേം ലോൺ ആക്കിയാൽ കൂട്ടുപലിശ ഒഴിവാക്കി സാധാരണ പലിശ മാത്രം ഈടാക്കുവാനും തിരിച്ചടവ് തുക തവണകളായി അഞ്ചുവർഷംകൊണ്ട് തിരിച്ചടയ്ക്കാവുന്ന രീതിയിൽ പുനഃക്രമീകരിക്കുവാനും സംസ്ഥാനതല ബാങ്കേഴ്സ് സമിതി പ്രതിനിധികളുമായി സർക്കാർ നടത്തിയ ചർച്ചയിൽ തീരുമാനമായിട്ടുണ്ട്.

**റബ്ബർ കർഷകർക്കായുള്ള ആശ്വാസ നടപടികൾ**

28(*298) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റബ്ബർ കർഷകരെ ദുരിതത്തിലാഴ്ത്തുന്ന കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങൾക്കെതിരെ സംസ്ഥാന സർക്കാർ എന്തൊക്കെ ഇടപെടലുകളാണ് നടത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) റബ്ബറിന്റെ അനിയന്ത്രിത ഇറക്കുമതിയും വിലയിടിവും കാരണം ബുദ്ധിമുട്ടിലായ റബ്ബർ കർഷകർക്ക് എന്തൊക്കെ ആശ്വാസ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ റബ്ബറിനെ പ്രോത്സാഹിപ്പിച്ചു കൊണ്ട് കേരളത്തിലെ റബ്ബർ കർഷകരെ തളർത്താനുള്ള കേന്ദ്ര സർക്കാർ നീക്കം തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): (എ & ബി) സംസ്ഥാനത്തെ റബ്ബർ കർഷകരെ വിലയിടിവ് ഉൾപ്പെടെയുള്ള ദുരിതത്തിൽനിന്നും രക്ഷിക്കുവാൻ ആവശ്യമായ നടപടികൾ എടുക്കണമെന്നാവശ്യപ്പെട്ട് 2018 ഫെബ്രുവരി മാസം 22-ാം തീയതി സംസ്ഥാന കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം കേന്ദ്ര വാണിജ്യകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ റബ്ബർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുവാനും പ്രശ്നപരിഹാരം നിർദ്ദേശിക്കുവാനുമായി "ടാസ്ക് ഫോഴ്സ് ഓൺ റബ്ബർ സെക്ടർ" എന്ന പേരിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി റബ്ബർ മേഖലയുടെ സംരക്ഷണത്തിനായി നിർദ്ദേശങ്ങൾ സമർപ്പിക്കുകയുമുണ്ടായി. സ്വാഭാവിക റബ്ബറിന് കേന്ദ്ര സഹായത്തോടെ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പാക്കുക, ഇറക്കുമതി നിയന്ത്രണം തുടരുക, റബ്ബറിനെ ഒരു കാർഷിക ഉൽപന്നമായി പരിഗണിക്കുക, അഡ്വാൻസ് ആതറൈസേഷൻ പദ്ധതി പുനഃക്രമീകരിക്കുക എന്നിവ ഉൾപ്പെടെയുള്ളവയിൽ കർഷകർക്ക് പ്രയോജന പ്രദമായിത്തീരാവുന്ന തരത്തിലുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് റബ്ബറിന് കിലോയ്ക്ക് അതത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്ന പദ്ധതിയിൽ ഇപ്പോൾ റബ്ബറിന് കിലോയ്ക്ക് 150 രൂപയാണ് താങ്ങുവിലയായി കണക്കാക്കുന്നത്. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനുള്ള റബ്ബർ കൃഷിക്ക് സബ്സിഡി ലഭിക്കും.

റബ്ബർ ബോർഡിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക അനുവദിച്ചുകൊണ്ട് ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള തുക കൃഷി ഡയറക്ടർ ബന്ധപ്പെട്ട സർക്കാർ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നു. പ്രസ്തുത അക്കൗണ്ടിൽനിന്നും സബ്സിഡി വിതരണത്തിന് അനുമതി നൽകികൊണ്ട് ധനകാര്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുകയും റബ്ബർ കർഷകർക്ക് അർഹമായ സബ്സിഡി തുക അതത് അക്കൗണ്ടുകളിലേയ്ക്ക് ഇലക്ട്രോണിക് ട്രാൻസ്ഫർ മുഖേന വിതരണം നടത്തിവരികയും ചെയ്യുന്നു. ഈ പദ്ധതി പ്രകാരം നടപ്പുസാമ്പത്തിക വർഷം 286.17 കോടി രൂപ സബ്സിഡിയായി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 811.87 കോടി രൂപ ഈ പദ്ധതിക്ക് കീഴിൽ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(സി) വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ റബ്ബർ കൃഷി വ്യാപിക്കുന്നുണ്ട്. എന്നാൽ സംസ്ഥാനത്തെ റബ്ബർ കൃഷിയെ തളർത്തുവാൻ നീക്കമുള്ളതായി അറിവില്ല.

**പൊതുഗതാഗത സംവിധാനത്തിന്റെ കാര്യക്ഷമത**

29(*299) ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. എസ്. ശർമ്മ:
ശ്രീ. ബി. സത്യൻ:
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഗതാഗത സംവിധാനത്തിന്റെ കാര്യക്ഷമതക്കുറവുകൊണ്ടും സാമ്പത്തിക സ്ഥിതിയിലുണ്ടാകുന്ന പുരോഗതികൊണ്ടും സഞ്ചാരത്തിന് സ്വകാര്യ വാഹനങ്ങളുടെ ഉപയോഗം വലിയ തോതിൽ വർദ്ധിക്കുന്നത് അപകടം വളരെ വർദ്ധിക്കുന്നതിനും അന്തരീക്ഷ മലിനീകരണത്തിനും കാരണമാകുന്നതിനാൽ പൊതുഗതാഗത സംവിധാനം കാര്യക്ഷമമാക്കാൻ പദ്ധതിയുണ്ടോ;

(ബി) നഗരങ്ങളിൽ ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് മാത്രം അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇലക്ട്രിക് വാഹന പദ്ധതിയുടെ വിശദാംശം അറിയിക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): (എ) പൊതുഗതാഗത സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഒരു പരിധിവരെ പൊതുജനങ്ങൾ ഉൾപ്പെടെയുള്ളവരുടെ കൂട്ടായ പരിശ്രമം വഴി മാത്രമെ സാധിക്കുകയുള്ളൂ. ഇതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മാധ്യമങ്ങളിലൂടെയും മറ്റും ബോധവത്കരണത്തിന് ശ്രമിക്കുന്നുണ്ട്. അതോടൊപ്പം സുരക്ഷാമാനദണ്ഡങ്ങൾ റോഡുകളിൽ ഉറപ്പുവരുത്തുന്നതിന് മോട്ടോർ വാഹന വകുപ്പും പോലീസും റോഡ്

സേഫ്റ്റി അതോറിറ്റിയും സംയുക്തമായി പദ്ധതികൾ നടപ്പിൽ വരുത്തുന്നുണ്ട്. പുതിയ 'സേഫ് കേരള' പദ്ധതിയിലൂടെ സുരക്ഷിതമായ റോഡ് യാത്രയ്ക്ക് സർക്കാർ മുന്തിയ പരിഗണന നൽകുന്നുണ്ട്. കൂടാതെ സുസ്ഥിര പരിസ്ഥിതി സംരക്ഷണം മുൻനിർത്തി ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിനും ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ സമഗ്രമായ ഒരു ഇ.വി. പോളിസി തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒരു കരട് പോളിസി സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പൊതുഗതാഗതം പരിസ്ഥിതി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യിൽ പുതുതായി 10 ഇലക്ട്രിക് ബസ്സുകൾ വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കി സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ 5 ബസ്സുകൾ ശബരിമല മഹോത്സവത്തോടനുബന്ധിച്ച് നിലയ്ക്കൽ-പമ്പ ചെയിൻ സർവ്വീസ് നടത്തുന്നതിനായി ഇതിനോടകം ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. 2025-നുള്ളിൽ നിലവിലെ കെ.എസ്.ആർ.ടി.സി.-യുടെ കൂടുതൽ ബസ്സുകൾ ഇലക്ട്രിക് ബസുകളായി മാറ്റണമെന്നും ഉദ്ദേശിക്കുന്നുണ്ട്.

(ബി) തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ നഗരങ്ങളിൽ പുതുതായി 2000 പെർമിറ്റുകൾ ഇലക്ട്രിക് ഓട്ടോറിക്ഷകൾക്കും 1000 പെർമിറ്റുകൾ സി.എൻ.ജി./എൽ.എൻ.ജി./എൽ.പി.ജി. എന്നിവയ്ക്കും മാത്രമായി അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഡീസൽ ഓട്ടോറിക്ഷകൾ നിർബന്ധമായും സി.എൻ.ജി./എൽ.എൻ.ജി., ഇലക്ട്രിക് ഓട്ടോറിക്ഷകളാക്കി മാറ്റുന്നതിന് ഇലക്ട്രിക് പോളിസിയിൽ നിർദ്ദേശമുണ്ട്. ഇപ്രകാരം മാറ്റുന്നതിന് 2020 മാർച്ച് 31 വരെ സമയം അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

2020-നുള്ളിൽ 200000 ഇരുചക്ര വാഹനങ്ങളും 50000 മുച്ചക്ര വാഹനങ്ങളും 1000 ചരക്കുവാഹനങ്ങളും 3000 ബസുകളും 100 ബോട്ടുകളും പുറത്തിറക്കുന്നതിനും 2022-നുള്ളിൽ സംസ്ഥാനത്ത് 10 ലക്ഷം ഇലക്ട്രിക് വാഹനങ്ങൾ നിരത്തിലിറക്കുന്നതിനും ഇലക്ട്രിക് പോളിസിയിൽ വിഭാവന ചെയ്യുന്നുണ്ട്. ഇലക്ട്രിക് വാഹനങ്ങൾ കേരളത്തിൽ തന്നെ ഉത്പാദിപ്പിക്കുന്നതിനുള്ള സാദ്ധ്യതകളാണ് സർക്കാർ പരിശോധിക്കുന്നത്. ഇതിനായി വിദേശ കമ്പനികൾ ഉൾപ്പെടെയുള്ളവരുമായി പ്രാരംഭ ചർച്ചകൾ നടത്തിവരുന്നു. സംസ്ഥാനത്തെ പ്രമുഖ എഞ്ചിനീയറിംഗ് കോളേജുകളുമായി ബന്ധപ്പെട്ട് ഇലക്ട്രിക് വാഹനങ്ങൾ സംബന്ധിച്ച ഗവേഷണങ്ങൾ നടത്തുന്നതിനുള്ള സാധ്യതകളും പരിഗണിക്കുന്നുണ്ട്. ഇലക്ട്രിക് വാഹന നിർമ്മാണത്തിൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കെൽട്രോൺ, കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്, കേരള ഇലക്ട്രിക്കൽ & അലൈഡ്

എഞ്ചിനീയറിംഗ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികൾക്കാണ് സർക്കാർ ശ്രമിക്കുന്നത്. ഇതിനായുള്ള ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള ഉത്തരവാദിത്തം കെ.എസ്.ഇ.ബി.-യെ ഏൽപ്പിക്കുന്നതിനും പദ്ധതിയുണ്ട്. ഇപ്രകാരം ഇലക്ട്രിക് വാഹന മേഖലയിൽ സാങ്കേതിക രംഗത്ത് സംസ്ഥാനത്തിന് ഒരു കുതിച്ചു ചാട്ടം ഉണ്ടാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ പുതിയ സാഹചര്യം പ്രസ്തുത കമ്പനികൾക്ക് സാമ്പത്തികമായും നേട്ടമുണ്ടാക്കാൻ പര്യാപ്തമാണ്. അടിക്കടിയുണ്ടാകുന്ന ഇന്ധന വില വർദ്ധനവിന്റെ സാഹചര്യത്തിൽ ഇലക്ട്രിക് വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നത് ഭാവിയിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിരത ഉറപ്പുവരുത്തുന്നതിനും സഹായിക്കും. കൂടാതെ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കെ.എസ്.ആർ.ടി.സി-.ക്കും സ്വകാര്യ ബസുടമകൾക്കും ഇ-ബസുകളുടെ ഉപയോഗം സാമ്പത്തിക നേട്ടം കൈവരിക്കുന്നതിന് സഹായിക്കും. ഇ-ഓട്ടോറിക്ഷകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 30,000 രൂപ അല്ലെങ്കിൽ വാഹന വിലയുടെ 25% ഏതാണോ കുറവ് ആ തുക ഇൻസെന്റീവായി ആദ്യ ഒരു വർഷത്തേയ്ക്ക് നൽകുന്നതിനും ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിനായി നികുതിയിനത്തിൽ ഇളവ് നൽകുന്നതിനുമുള്ള പദ്ധതിയും സർക്കാരിന്റെ പരിഗണനയിലുണ്ട്.

## മൗലാന ആസാദ് നാഷണൽ ഫെലോഷിപ്പ്

30(*300) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നതവിദ്യാഭ്യാസത്തിനായി അനുവദിച്ച മൗലാന ആസാദ് നാഷണൽ ഫെലോഷിപ്പ് കഴിഞ്ഞ രണ്ട് വർഷമായി സംസ്ഥാനത്തെ അർഹരായ കുട്ടികൾക്ക് ലഭിക്കാത്ത സാഹചര്യമുണ്ടോ;

(ബി) ഇത് സംബന്ധമായ വിജ്ഞാപനം യു.ജി.സി.-യും ബന്ധപ്പെട്ട മന്ത്രാലയവും ഇനിയും ഇറക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ വിജ്ഞാപനം ഇറക്കാത്തത് സംബന്ധിച്ച കാര്യങ്ങൾ ആരായുകയുണ്ടായോ; സംസ്ഥാനത്തെത്ര കുട്ടികൾക്കാണ് നിലവിൽ ഇത് കാരണം ആനുകൂല്യം നഷ്ടപ്പെടുക എന്ന് അറിയിക്കാമോ;

(ഡി) ആനുകൂല്യം പുനഃസ്ഥാപിച്ച് കിട്ടാൻ സംസ്ഥാന സർക്കാർ ഇതിനോടകം നടത്തിയ ശ്രമങ്ങൾ എന്തൊക്കെയാണ്; ആനുകൂല്യങ്ങൾ എന്നത്തേക്ക് പുനഃസ്ഥാപിക്കാനാകും; വിശദാംശങ്ങൾ നൽകുമോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): (എ-ഡി) സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ ഇത്തരത്തിൽ ഒരു ഫെലോഷിപ്പ് പദ്ധതി നിലവിലില്ല. എന്നാൽ കേന്ദ്ര സർക്കാരിന്റെ ന്യൂനപക്ഷക്ഷേമ മന്ത്രാലയത്തിന്റെ കീഴിലുള്ള മൗലാന ആസാദ് ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിലാണ് മൗലാനാ ആസാദ് നാഷണൽ ഫെല്ലോഷിപ്പ് നടപ്പിലാക്കിവരുന്നത്. യു.ജി.സി.-യാണ് ഇതിന്റെ നോഡൽ ഏജൻസി. എം.എഫിൽ, പി.എച്ച്.ഡി. മുതലായ ഉന്നതവിദ്യാഭ്യാസം ചെയ്യുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അഞ്ച് വർഷത്തെ സംയോജിത ഫെലോഷിപ്പായി സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് മൗലാന ആസാദ് നാഷണൽ ഫെല്ലോഷിപ്പ്. വിജ്ഞാപനത്തിനനുസൃതമായി ഗവേഷകർ നേരിട്ടാണ് ഓൺലൈനിൽ അപേക്ഷ സമർപ്പിക്കുന്നത്. 2017 ഏപ്രിൽ മുതൽ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (ഡി.ബി.റ്റി.) സ്കീം പ്രകാരം കേന്ദ്ര സർക്കാർ നേരിട്ട് ഗുണഭോക്താക്കളായ വിദ്യാർത്ഥികൾക്ക് ഫെല്ലോഷിപ്പ് നൽകിവരുന്നു. സംസ്ഥാന സർക്കാർ വിതരണം ചെയ്യാത്ത സാമ്പത്തിക സഹായമായതിനാൽ ആനുകൂല്യം നഷ്ടപ്പെട്ട വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## (ii) അടിയന്തര ചോദ്യത്തിന്റെ ഉത്തരം

## തിരുവനന്തപുരം വിമാനത്താവളത്തിന്റെ സ്വകാര്യവൽക്കരണം

ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം സ്വകാര്യമേഖലയ്ക്ക് കൈമാറാനുള്ള നടപടികൾ കൈക്കൊള്ളാൻ കേന്ദ്ര സർക്കാർ തീരുമാനിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ സർക്കാർ ഇടപെടാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :(എ& ബി) ഉണ്ട്. തിരുവനന്തപുരം വിമാനത്താവളത്തിന്റെ ടെർമിനലുകളുടെ വികസനവും പരിപാലനവും അടക്കമുള്ള മേഖലകൾ മത്സരാധിഷ്ഠിത ലേലത്തിലൂടെ കണ്ടെത്തുന്ന പൊതു-സ്വകാര്യ

മേഖലയ്ക്ക് കൈമാറുന്നതിനുള്ള തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത്. ഈ തീരുമാനം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര വ്യോമയാന മന്ത്രിക്ക് രണ്ട് തവണ കത്തയച്ചിട്ടുണ്ട്. വിമാനത്താവളങ്ങളുടെ നിർമ്മാണത്തിലും നടത്തിപ്പിലുമുള്ള സംസ്ഥാനത്തിന്റെ പരിചയം കണക്കിലെടുത്ത് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും ഭാവി വികസന പ്രവർത്തനങ്ങളും സംസ്ഥാന സർക്കാരിനെ ഏൽപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. അതോടൊപ്പം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സംഘം കേന്ദ്രത്തിലെ വ്യോമയാന മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നതിന് നിയോഗിച്ചിട്ടുള്ള സെക്രട്ടറിമാരുടെ സംഘവുമായി ഇതുസംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ട്. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും വികസനവും സംസ്ഥാനത്തിന്റെ അധീനതയിലുള്ള ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) മുഖേന നടപ്പിലാക്കണമെന്നും നാളിതുവരെ വിമാനത്താവളത്തിനായി ഏറ്റെടുത്ത് നൽകിയ ഭൂമി വിലയ്ക്ക് തത്തുല്യമായ ഓഹരി സംസ്ഥാനത്തിന് നൽകണമെന്നുമുള്ള സർക്കാർ നിർദ്ദേശം അറിയിച്ചിട്ടുമുണ്ട്. കേരളത്തിന്റെ ആവശ്യത്തോട് കേന്ദ്രം അനുകൂല തീരുമാനം കൈക്കൊള്ളുമെന്ന് പ്രതീക്ഷിക്കുന്നു.

## (iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

### പഴം പച്ചക്കറി കർഷകർക്കുള്ള സഹായ പദ്ധതി

1(3433) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ള പഴം പച്ചക്കറി കർഷകരെ സഹായിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കർഷകർക്കാവശ്യമായ നടീൽ വസ്തുക്കളും വളങ്ങളും സൗജന്യമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം കർഷകരുടെ എല്ലാ കടങ്ങളും എഴുതിത്തള്ളുന്നതിന് നടപടി എടുക്കുമോ?

ഉത്തരം

(എ) ഉണ്ട്. പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

പച്ചക്കറി വികസന പദ്ധതി

പ്രളയത്തിൽ സംസ്ഥാനത്താകെ 10859 ഹെക്ടർ സ്ഥലത്തെ പച്ചക്കറി കൃഷിക്ക് നാശം സംഭവിച്ച കാർഷിക മേഖലയിൽ പച്ചക്കറി കൃഷിക്കുണ്ടായ നഷ്ടം പരിഹരിക്കുന്നതിനായി സംസ്ഥാന കൃഷി വകുപ്പ് ബഹുമുഖ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രളയക്കെടുതികളിൽനിന്നും കർഷകരെ കൈപിടിച്ചുയർത്തുന്നതിനും ശാസ്ത്രീയ സമീപനത്തിലൂടെയും സന്നദ്ധ സേവനത്തിലൂടെയും കാർഷിക മേഖലയുടെ പുനഃസൃഷ്ടിക്കുമായി 'പുനർജനി' എന്ന പേരിൽ പ്രത്യേക പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. കർഷകർക്ക് ആവശ്യമായ പച്ചക്കറി തൈകളും പച്ചക്കറി വിത്ത് പായ്ക്കറ്റുകളും സൗജന്യമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതികൾ

പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ള പഴം, പച്ചക്കറി കർഷകരെ സഹായിക്കുന്നതിന് കേന്ദ്ര സർക്കാർ അനുവദിച്ച മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി വിള വിസ്തൃതി വ്യാപനത്തിനായി അനുവദിച്ച സഹായങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമനമ്പർ | ഘടകം | ഭൗതിക ലക്ഷ്യം(ഹെക്ടർ) | സാമ്പത്തിക ലക്ഷ്യം(രൂപ ലക്ഷത്തിൽ) |
|---|---|---|---|
| | വിള വിസ്തൃതി വ്യാപനം | | |
| 1 | സ്ട്രോബറി | 100 | 150 |
| 2 | വാഴ | 20000 | 5250 |
| 3 | കൈതച്ചക്ക | 500 | 131.25 |
| 4 | ടിഷ്യൂക്കൾച്ചർ വാഴ | 1000 | 375 |
| 5 | മാവ് | 500 | 90 |
| 6 | പ്ലാവ് | 250 | 45 |
| 7 | ഹൈബ്രിഡ് പച്ചക്കറി കൃഷി | 10000 | 2000 |

(ബി) പ്രളയാനന്തരം കർഷകർക്കാവശ്യമായ നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പച്ചക്കറി വിത്ത്, പച്ചക്കറി തൈകൾ എന്നിവ സൗജന്യമായി വിതരണം നടത്തുന്ന പ്രവർത്തനം പുരോഗമിച്ചുവരുന്നു. 2018-2019 വാർഷിക പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്ന വിവിധ വിള വികസന പദ്ധതികൾ, മണ്ണ് പരിപോഷണ പദ്ധതി എന്നിവയിലൂടെ ജൈവവളവും രാസവളവും കർഷകർക്ക് സൗജന്യ നിരക്കിൽ നൽകിവരുന്നു. 6497.58 MT നെൽ വിത്ത് സൗജന്യമായി വിതരണം ചെയ്തു. ഈ ഇനത്തിൽ 25.99 കോടി രൂപയുടെ ആനുകൂല്യം കർഷകർക്ക് ലഭിച്ചിട്ടുണ്ട്. 75% സബ്സിഡി നിരക്കിൽ 23100 ഹെക്ടർ സ്ഥലത്തേയ്ക്ക് 5400 രൂപ നിരക്കിൽ കുമ്മായം വിതരണം ചെയ്തു. ഈ ഇനത്തിൽ കർഷകർക്ക് 23.40 കോടി രൂപയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. ഇതേ ആവശ്യത്തിന് 5.4 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയത് വിതരണം ചെയ്തുവരുന്നു.

(സി) മഴക്കെടുതിമൂലം ദുരിതത്തിലായ കർഷകർക്ക് ആശ്വാസം എത്തിക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം കാർഷിക കടങ്ങൾക്കും വിദ്യാഭ്യാസ വായ്പകൾക്കും 2018 ജൂലൈ 31 മുതൽ ഒരു വർഷത്തേയ്ക്ക് എസ്.എൽ.ബി.സി. മൊറട്ടോറിയം പ്രഖ്യാപിച്ചു. കാർഷിക വായ്പകളിന്മേലും വിദ്യാഭ്യാസ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് 12/10/2018 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രളയബാധിത ജില്ലകളിലെ കർഷകരുടെ കാർഷിക വായ്പകൾ പുനഃക്രമീകരിക്കുന്നതിനും, മൊറട്ടോറിയത്തിന്റെ കാലപരിധി കഴിഞ്ഞശേഷം ടേം ലോൺ ആക്കിയാൽ കൂട്ടുപലിശ ഒഴിവാക്കി സാധാരണ പലിശ മാത്രം ഈടാക്കുവാനും തിരിച്ചടവ് തുക തവണകളായി അഞ്ചു വർഷംകൊണ്ട് തിരിച്ചടയ്ക്കാവുന്ന രീതിയിൽ പുനഃക്രമീകരിക്കുവാനും സംസ്ഥാനതല ബാങ്കേഴ്സ് സമിതി പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ തീരുമാനമായിട്ടുണ്ട്.

**ചക്ക ഔദ്യോഗിക ഫലമാക്കിയതിൽ പ്ലാവ് കർഷകർക്കുള്ള ആനുകൂല്യം**

2(3434) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചക്ക സംസ്ഥാനത്തിന്റെ ഔദ്യോഗിക ഫലമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടികളാണ് സർക്കാർ എടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി പ്ലാവ് കർഷകർക്ക് എന്തെങ്കിലും ആനുകൂല്യം നൽകുന്നതിന് നടപടികൾ എടുക്കുമോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ചക്ക സംസ്ഥാനത്തിന്റെ ഔദ്യോഗിക ഫലമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ 2018 മേയ് മാസം 19 മുതൽ 26 വരെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരളയുടെ ആഭിമുഖ്യത്തിൽ സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് തൃശ്ശൂർ തേക്കിൻകാട് മൈതാനിയിൽ വച്ച് സംസ്ഥാന 'ചക്ക മഹോത്സവം 2018' സംഘടിപ്പിക്കുകയുണ്ടായി. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരളയുടെ ആഭിമുഖ്യത്തിൽ ചക്ക മഹോത്സവത്തിൽ സെമിനാറുകൾക്കുപുറമേ ചക്കയുടെ വിവിധ ഇനങ്ങൾ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ, മേൽത്തരം നടീൽ വസ്തുക്കൾ എന്നിവയുടെ പ്രദർശന-വിപണന സ്റ്റാളുകൾ സജ്ജമാക്കി. ചക്ക മഹോത്സവത്തോടനുബന്ധിച്ച് 2018 മേയ് 24-ാം തീയതി ഒരു ഏകദിന സെമിനാറും കർഷക സംഗമവും ഈ മേഖലയ്ക്ക് വിശിഷ്ട സംഭാവന നൽകിയ മഹത് വ്യക്തികളെ ആദരിക്കുന്ന ചടങ്ങും സംഘടിപ്പിച്ചു.

(ബി) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ- കേരള മുഖാന്തരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതി പ്രകാരം 2018-2019 വാർഷിക പദ്ധതിയിൽ 450 ഹെക്ടർ സ്ഥലത്ത് ചക്കയുടെ വിള വിസ്തൃതി വ്യാപനത്തിനായുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. സാധാരണ അകലം പാലിക്കുന്ന ഉത്പാദനച്ചെലവ് കൂടുതലല്ലാത്ത ഫലവർഗ്ഗങ്ങൾ (സൂക്ഷ്മ ജലസേചന സൗകര്യം ഇല്ലാത്തത്) എന്ന പദ്ധതി ഘടകത്തിൽ ഉൾപ്പെടുത്തി ഹെക്ടറൊന്നിന് 18,000 രൂപ ധനസഹായം നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

## കൃഷി സ്ഥലങ്ങളുടെ കേടുപാടുകൾ

3(3435) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി സ്ഥലങ്ങൾക്ക് കാലവർഷക്കെടുതിയിലും പ്രളയത്തിന്റെ ഫലമായും സംഭവിച്ചിട്ടുള്ള കേടുപാടുകൾ തീർക്കുന്നതിന് സംസ്ഥാന കൃഷി വകുപ്പ് സ്വീകരിച്ചിട്ടുള്ളതും സ്വീകരിച്ചുവരുന്നതുമായ നടപടികൾ വിശദീകരിക്കുമോ;

(ബി) ഇടിഞ്ഞുപോയ വയലോരങ്ങളും തകർന്ന തോടിന്റെ കരകളും മണ്ണ് വീണ് നിറഞ്ഞ പാടശേഖരങ്ങളും നഷ്ടമായ ജലസേചന സൗകര്യങ്ങളും പുനഃസ്ഥാപിക്കുവാൻ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കൃഷി വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെ;

(സി) ഈ പ്രവൃത്തികൾക്കാവശ്യമായ ഫണ്ട് കണ്ടെത്തുന്നത് ഏത് ശീർഷകത്തിൽ നിന്നാണെന്നും ഇതിനായി വകയിരുത്തിയ തുകയെത്രയാണെന്നും അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) ചെളിമണ്ണ്, പാറ, മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കംചെയ്യുന്നതിനും ഉരുൾപൊട്ടൽമൂലം കൃഷിഭൂമി നഷ്ടപ്പെട്ടവർക്കും 621 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

കൃഷിയിടങ്ങളിലേയ്ക്ക് ആവശ്യമായ കുമ്മായം 75% സബ്സിഡി നിരക്കിൽ 43.100 ഹെക്ടർ സ്ഥലത്തേയ്ക്ക് ഹെക്ടർ ഒന്നിന് 5,400 രൂപ നിരക്കിൽ വിതരണം ചെയ്തു. ഈയിനത്തിൽ 23.40 കോടി രൂപയുടെ ആനുകൂല്യം കർഷകർക്ക് ലഭിച്ചിട്ടുണ്ട്. ഈ ആനുകൂല്യം 10,000 ഹെക്ടർ സ്ഥലത്തേയ്ക്കുകൂടി ലഭ്യമാക്കുന്നതിന് 5.4 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇത് കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മഹാപ്രളയത്തിൽ തകർന്നുപോയ ആലപ്പുഴ, കോട്ടയും പത്തനംതിട്ട ജില്ലകളിലെ 270 ബണ്ടുകൾ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു. എസ്റ്റിമേറ്റിന്റെ 20% തുക അഡ്വാൻസായി പാടശേഖര സമിതികൾക്ക് നൽകി 25 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾക്ക് ഇ-ടെൻണ്ടർ നടപടികൾ ഒഴിവാക്കി വേഗത്തിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പമ്പിംഗ് സബ്സിഡി നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉദാരമാക്കി. കൃഷിയിറക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം കണക്കാക്കി പമ്പിംഗ് സബ്സിഡി നൽകുന്നതിനും തൻ സീസണിലെ കൃഷിക്ക് പമ്പിംഗ് സബ്സിഡി നൽകുന്നതിനും കോൺട്രാക്ടർ മുഖേന നടത്തുന്ന പമ്പിംഗിന് നൽകിവരുന്ന അതേ നിരക്ക് തന്നെ (പുഞ്ചയ്ക്ക് ഏക്കറിന് 1,800 രൂപയും വിരിപ്പിന് ഏക്കറിന് 1900 രൂപയും) പാടശേഖര സമിതി/കർഷകർക്ക് സ്വന്തമായി നടത്തുന്ന പമ്പിംഗ് ജോലികൾക്കും നൽകുന്നതിനും അനുമതി നൽകി. പ്രളയത്തിൽ തകർന്ന ബണ്ടുകൾ ബലപ്പെടുത്തുന്നതിനും കൃഷിയിടത്തിലെ ചെളി നീക്കം ചെയ്യുന്നതിനും ഫലവൃക്ഷത്തൈകളുടെ നടീൽ ഉൾപ്പെടെയുള്ള കൃഷിപ്പണികൾ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയുടെ നിലവിലെ മാനദണ്ഡങ്ങളിൽ മാറ്റംവരുത്തി. മഹാപ്രളയത്തിൽ നശിച്ച പമ്പുസെറ്റുകൾ, പെട്ടിപറ എന്നിവയുടെ അറ്റകുറ്റപ്പണികൾക്കും വെള്ളം വറ്റിക്കുന്നതിനും ബണ്ട് റിപ്പയറിംഗിനുമായി 174.78 ലക്ഷം രൂപ ധനസഹായം ലഭ്യമാക്കി. ഇതിനുപുറമെ 25.81 കോടി രൂപ കൂടി അധികമായി സർക്കാർ അനുവദിച്ചിട്ടുണ്ട്. മണ്ണ് പര്യവേക്ഷണ-സംരക്ഷണ വകുപ്പ് ഉരുൾപൊട്ടലുണ്ടായ പ്രദേശങ്ങളിലെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കായി 200 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

(ബി) <u>പത്തനംതിട്ട ജില്ല</u>: മണ്ണ് വീണ് നിറഞ്ഞ പാടശേഖരങ്ങൾ, നഷ്ടമായ ജലസേചന സൗകര്യങ്ങൾ ഇവ പുനഃസ്ഥാപിക്കുവാൻ 165.942 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

<u>കോട്ടയം ജില്ല</u>: പ്രളയംമൂലം ഇടിഞ്ഞുപോയതും മടവീഴ്ചമൂലം നാശം സംഭവിച്ചതുമായ പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മിക്കുന്നതിനും പാടശേഖരങ്ങളിൽ അടിഞ്ഞുകൂടിയ ചെളിമണ്ണ് നീക്കം ചെയ്യുന്നതിനും പാടശേഖരസമിതിക്ക് ധനസഹായം നൽകുന്നതിന് ബണ്ട് എംബാങ്ക്മെന്റിനും സാമ്പത്തിക സഹായം നൽകുന്നുണ്ട്. മാത്രമല്ല കേട് സംഭിച്ച മോട്ടോറുകൾ റിപ്പയർ ചെയ്യുന്നതിനും സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

<u>ആലപ്പുഴ ജില്ല</u>: പ്രളയത്തിൽ കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കംചെയ്ത് കൃഷിയോഗ്യമാക്കുന്നതിന് ധനസഹായമായി ഹെക്ടറിന് 12,200 രൂപ പ്രകാരം കൃഷി വകുപ്പ് നൽകിവരുന്നു. ഇതിനായി 360 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വെള്ളത്തിനടിയിലായ 204 മോട്ടോറുകൾ റിപ്പയർ ചെയ്തതിന് 40.1 ലക്ഷം രൂപ ചെലവഴിച്ചു. ബാക്കിയുള്ള മോട്ടോറുകളുടെയും പെട്ടി പറയുടെയും റിപ്പയറിംഗിനായി 360 ലക്ഷം രൂപ അനുവദിച്ചത് വിതരണം ചെയ്തുവരുന്നു.

(സി) <u>പത്തനംതിട്ട</u>

| ക്രമ നമ്പർ | ശീർഷകം | ഇനം | അനുവദിച്ച തുക |
|---|---|---|---|
| 1 | 2245-2-114-99-എഫ് | പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം | 185 ലക്ഷം |
| 2 | 2245-2-115-99-എഫ് | കൃഷിസ്ഥലത്തെ ചെളി നീക്കം ചെയ്യൽ | 200 ലക്ഷം |

<u>കോട്ടയം</u>

| ക്രമ നമ്പർ | ശീർഷകം | ഇനം | അനുവദിച്ച തുക |
|---|---|---|---|
| 1 | 2245-2-114-99-ഫ്ലഡ് | ബണ്ട് നിർമ്മാണം, പമ്പ്സെറ്റ് റിപ്പയറിംഗ് എന്നിവയ്ക്ക് | 290 ലക്ഷം |
| 2 | 2245-2-115-99 | മണ്ണ്, ചെളി നീക്കം ചെയ്യൽ | 16 ലക്ഷം |

ആലപ്പുഴ

| ക്രമ നമ്പർ | ശീർഷകം | ഇനം | അനുവദിച്ച തുക |
|---|---|---|---|
| 1 | 2245-1-101-94 | മടവീഴ്ച, ബണ്ട് റിപ്പയർ | 142.76 |
| 2 | 2245-1-101-94 | മോട്ടോർ റിപ്പയർ | 40.1 |
| 3 | 2245-2-114-99 | മോട്ടോർ റിപ്പയർ | 360 |
| 4 | 2245-2-115-99 | മണ്ണ്, ചെളി നീക്കം ചെയ്യൽ | 360 |

## മണ്ണ് പരിശോധന

4(3436) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിനുശേഷം വിവിധ ജില്ലകളിലെ കൃഷിയിടങ്ങളിൽ മണ്ണ് പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) ഇതിൽ ഓരോ ജില്ലയിലെ മണ്ണിനും എന്തൊക്കെ മാറ്റമാണ് സംഭവിച്ചതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രളയാനന്തരം പ്രളയബാധിത പ്രദേശത്തെ മേൽമണ്ണ് ഒലിച്ചുപോകുകയും മണ്ണിന്റെ അമ്ലരസം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം എന്നീ മൂലകങ്ങളുടെ അളവിലും മാറ്റം സംഭവിച്ചിട്ടുണ്ട്. തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ പ്രധാന മൂലകങ്ങളായ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം എന്നിവയുടെ അളവ് കുറഞ്ഞു. കൊല്ലം ജില്ലയിൽ നൈട്രജന്റെ അളവിൽ മാറ്റമില്ല. എന്നാൽ ഫോസ്ഫറസ്, പൊട്ടാസ്യം എന്നിവയുടെ അളവ് കുറഞ്ഞു. പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ നൈട്രജൻ, പൊട്ടാസ്യം എന്നിവയുടെ അളവ് കുറയുകയും ഫോസ്ഫറസിന്റെ അളവ് കൂടുകയും ചെയ്തു. കോട്ടയം, വയനാട്, കണ്ണൂർ ജില്ലകളിൽ നൈട്രജൻ, പൊട്ടാസ്യം എന്നിവയുടെ അളവ് കുറഞ്ഞു. എന്നാൽ ഫോസ്ഫറസിന്റെ അളവിൽ മാറ്റമില്ല. ഇടുക്കിയിൽ നൈട്രജന്റെ അളവ് കൂടുകയും ഫോസ്ഫറസ്, പൊട്ടാസ്യം എന്നിയുടെ അളവ് കുറയുകയും ചെയ്തു. എന്നാൽ എറണാകുളം ജില്ലയിൽ എല്ലാ പ്രധാന മൂലകങ്ങളുടെയും അളവ് കൂടി. പാലക്കാട് ജില്ലയിൽ നൈട്രജന്റെ അളവിൽ മാറ്റം

ഇല്ല. എന്നാൽ ഫോസ്ഫറസ്, പൊട്ടാസ്യം എന്നിവയുടെ അളവ് കൂടി. കോഴിക്കോട് ജില്ലയിൽ നൈട്രജന്റെ അളവിൽ നേരിയ കുറവുണ്ടായി. ഫോസ്ഫറസിന്റെ അളവിൽ മാറ്റമില്ല. പൊട്ടാസ്യത്തിന്റെ അളവ് കുറഞ്ഞു. കാസർഗോഡ് ജില്ലയിൽ നൈട്രജൻ, ഫോസ്ഫറസ് എന്നിവയുടെ അളവിൽ മാറ്റമില്ല. എന്നാൽ പൊട്ടാസ്യത്തിന്റെ അളവ് കുറഞ്ഞു.

## ഹൈടെക് കൂൺ കൃഷി യൂണിറ്റുകൾ

5(3437) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈടെക് കൂൺ കൃഷി യൂണിറ്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ് യൂണിറ്റുകൾ ആരംഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത യൂണിറ്റുകൾക്ക് ആരുടെയൊക്കെ സാങ്കേതിക സഹായമാണ് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ചെറുകിട കൂൺ വളർത്തൽ യൂണിറ്റുകളും ചെറുകിട കൂൺ സംസ്കരണ യൂണിറ്റുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പിലാക്കിവരുന്നു.

(ബി) ബാധകമല്ല.

## വിത്ത് വിതരണം

6(3438) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിക്കായിട്ടുള്ള നല്ലയിനം വിത്തുകൾ വിതരണം ചെയ്യുന്നതിന് കൃഷി വകുപ്പിന് കഴിയുന്നുണ്ടോ;

(ബി) ഏതെല്ലാം തരത്തിലുള്ളതും ഇനത്തിലുള്ളതുമായ വിത്തുകളാണ് നിലവിൽ വിതരണം ചെയ്തുവരുന്നത്;

(സി) ഈ സർക്കാർ വിത്ത് ഉല്പാദനം വർദ്ധിപ്പിച്ചിട്ടുണ്ടോ; ഇപ്രകാരം ഉല്പാദിപ്പിക്കുന്ന വിത്തുകൾ സൗജന്യമായിട്ടാണോ ജനങ്ങൾക്ക് നൽകിവരുന്നത്; ഏതെല്ലാം കേന്ദ്രങ്ങളിൽ കൂടിയാണ് ഇവ വിതരണം ചെയ്തുവരുന്നതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകൾ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ എന്നിവ ഗുണമേന്മയുള്ള വിത്തും നടീൽ വസ്തുക്കളും ഉത്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്.

(ബി)

1. <u>നെൽ വിത്തുകൾ</u> - ശ്രേയസ്സ്, ജ്യോതി, ഉമ, മട്ടത്രിവേണി, പ്രത്യാശ, ആതിര.

2. <u>പച്ചക്കറി വിത്തുകൾ</u>

   പയർ - ലോല, ഭാഗ്യലക്ഷ്മി

   വെണ്ട - അനാമിക, സൽകീർത്തി

   മുളക് - അനുഗ്രഹ

   മഞ്ഞൾ - അമ്പിളി

   വെള്ളരി - മുടിക്കോട്, ലോക്കൽ, സൗഭാഗ്യ, അരിണിമ, താലോലി

   പാവൽ - പ്രിയങ്ക

   പടവലം - കൗമുദി

   ചീര - അരുൺ

   ചതുരപയർ- രേവതി

   പീച്ചിൽ - ലോക്കൽ ഇനം

   ചുരയ്ക്ക - ലോക്കൽ ഇനം

   കുമ്പളം - കെ.എ.യു. ലോക്കൽ

3. ഫലവൃക്ഷത്തൈകളുടെ ബഡ്ഡുകൾ, ലെയറുകൾ, ഗ്രാഫ്റ്റുകൾ

4. വേര് പിടിപ്പിച്ച കുരുമുളക് തൈകൾ

5. കവുങ്ങിൻ തൈകൾ

6. ടിഷ്യൂകൾച്ചർ വാഴത്തൈകൾ

7. തെങ്ങിൻ തൈകൾ.

(സി) വിത്തുല്പാദനം വർദ്ധിപ്പിച്ചിട്ടുണ്ട്. സബ്സിഡി നിരക്കിലും സർക്കാർ നിരക്കിലും വിത്തുകൾ ഫാമുകളിൽനിന്ന് നൽകിവരുന്നു. സൗജന്യ നിരക്കിൽ പദ്ധതിക്കനുസൃതമായി ഫാമുകളിൽനിന്ന് നേരിട്ടും സംസ്ഥാന വിത്തുല്പാദന കേന്ദ്രങ്ങൾ വഴിയും കൃഷി ഭവനുകൾ, പഞ്ചായത്ത് തുടങ്ങിയ കേന്ദ്രങ്ങൾ വഴിയും വിത്തുകൾ വിതരണം ചെയ്തുവരുന്നു.

**കാർഷിക മേഖല**

7(3439) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി ഈ വർഷം നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ഈ പദ്ധതികൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവ കൃത്യമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 2018-2019 വർഷത്തിൽ കാർഷികവൃത്തിയുടെയും കൃഷിയുടെയും പുനരുജ്ജീവനത്തിന് ഉല്പാദനം, വിജ്ഞാന വ്യാപനം, പരിശീലനം, യന്ത്രവൽക്കരണം, മൂല്യവർദ്ധനവ്, വിപണനം, കർഷക ക്ഷേമം എന്നീ തലങ്ങളിൽ കർഷകരെ സഹായിക്കുന്ന പദ്ധതികൾ കൃഷിവകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.

ഭക്ഷ്യവിളയായ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, എന്നിവയ്ക്കുപുറമേ സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ മുതലായവയുടെ കൃഷി നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് പുഷ്പകൃഷി ഉൾപ്പെടെയുള്ള കൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിനായി ഗുണമേന്മയുള്ള ഉത്പാദനോപാധികൾ ലഭ്യമാക്കുന്നതിന് കൃഷി വകുപ്പ് ശ്രദ്ധിക്കുന്നു. കൂടാതെ പരമ്പരാഗത ഇനങ്ങളും നാടൻ ഇനങ്ങളും സംരക്ഷിക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കുന്നു. കാർഷിക രംഗത്തെ സാങ്കേതികവിദ്യ കർഷകരിൽ എത്തിക്കുന്നതിനുള്ള കാർഷിക വിജ്ഞാന വ്യാപന പദ്ധതിയും കാർഷിക സർവ്വകലാശാലയുടെ ഗവേഷണഫലങ്ങൾ കർഷകരിലെത്തിക്കാനുള്ള പദ്ധതിയും കൃഷി വകുപ്പ് നടപ്പിലാക്കുന്നു. കാർഷിക പ്രവർത്തനങ്ങൾ സമയബന്ധിതമായി

നടപ്പിലാക്കുന്നത് സാദ്ധ്യമാക്കുന്നതിന് കാർഷിക സേവന കേന്ദ്രങ്ങളും സേവന സംവിധാനവും പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കുന്നു. കർഷകർ ഉത്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനാവശ്യമായ പദ്ധതികളും കൃഷി വകുപ്പ് നടപ്പിലാക്കുന്നു.

2018-2019 സാമ്പത്തിക വർഷം കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതി | പദ്ധതി വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | നെൽകൃഷി വികസന പദ്ധതി | 8765.00 |
| 2 | പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ പ്രോത്സാഹനത്തിനുള്ള പദ്ധതി | 350.00 |
| 3 | പച്ചക്കറി കൃഷി വികസന പദ്ധതി | 8700.00 |
| 4 | കിഴങ്ങ്/പയർവർഗ്ഗങ്ങളുടെ വികസനം | 250.00 |
| 5 | നാളീകേര വികസന പദ്ധതി | 5000.00 |
| 6 | സുഗന്ധവിള വികസന പദ്ധതി | 1100.00 |
| 7 | ഹൈടെക് അഗ്രികൾച്ചർ | 100.00 |
| 8 | പഴങ്ങൾ, പൂക്കൾ. ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനത്തിനുള്ള പദ്ധതി | 1200.00 |
| 9 | മണ്ണിന്റെയും വേരിന്റെയും ആരോഗ്യപരിപാലനവും ഉത്പാദനക്ഷമത ഉയർത്തുന്നതിനുമുള്ള പദ്ധതി | 2833.00 |
| 10 | വിള ആരോഗ്യ പരിപാലന പദ്ധതി | 1648.00 |
| 11 | ജൈവകൃഷിയും ഉത്തമ കൃഷിമുറകളും | 1011.00 |
| 12 | ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും | 2300.00 |
| 13 | ലബോറട്ടറികളുടെ ആധുനീകരണം | 800.00 |
| 14 | കാർഷിക വിജ്ഞാന വ്യാപനം | 4400.00 |
| 15 | കാർഷിക വിവരവും വിനിമയവും | 500.00 |
| 16 | കാർഷിക സേവന കേന്ദ്രങ്ങളും സേവന സംവിധാനവും | 3167.00 |

| | | |
|---|---|---|
| 17 | വിള ഇൻഷ്വറൻസ് പദ്ധതി | 1400.00 |
| 18 | പ്രകൃതിക്ഷോഭങ്ങളും കീടരോഗങ്ങളും അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തര പരിപാടി | 500.00 |
| 19 | ജൈവ വൈവിധ്യ സംരക്ഷണത്തിനും പരമ്പരാഗത വിള ഇനങ്ങളുടെ പ്രോത്സാഹനത്തിനുമുള്ള പദ്ധതി | 100.00 |
| 20 | കാർഷിക വിളകളുടെ വിപണി വികസനം | 1517.00 |
| 21 | വിലസ്ഥിരതയ്ക്ക് വിപണി ഇടപെടൽ പദ്ധതി | 2422.00 |
| 22 | കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണവും മൂല്യവർദ്ധനയും | 2531.00 |
| 23 | പ്രത്യേക കാർഷിക മേഖല പദ്ധതി | 1000.00 |
| 24 | വയനാട് പാക്കേജ് പദ്ധതി | 1900.00 |
| 25 | ബയോഗ്യാസ് പ്ലാന്റുകൾക്ക് അധികധനസഹായം സ്ഥാപിക്കൽ | 200.00 |
| 26 | ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന നിധി (ആർ.ഐ.ഡി.എഫ്.) | 1000.00 |
| 27 | ഇന്റർനാഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് സെന്റർ ഫോർ ബിലോ സീ ലെവൽ ഫാമിംഗ്(IRTCBF) | 60.00 |

കർഷകർക്കുള്ള പദ്ധതി സഹായങ്ങൾ കൃഷിഭവനുകൾ മുഖേന നൽകിവരുന്നു.

(ബി) സംസ്ഥാനതലത്തിൽ ബഹുമാനപ്പെട്ട കൃഷി മന്ത്രിയും കാർഷികോല്പാദന കമ്മീഷണറും കൃഷി ഡയറക്ടറുടെയും കൃഷി അഡീഷണൽ ഡയറക്ടറുടെയും യോഗം നടത്തി പദ്ധതി നിർവ്വഹണം വിലയിരുത്തിവരുന്നുണ്ട്.

ജില്ലാതല പ്രിൻസിപ്പൽ കൃഷി ഓഫീസർമാരുടെ പദ്ധതി അവലോകനയോഗം എല്ലാമാസവും സംസ്ഥാനതലത്തിൽ വിളിച്ചുചേർത്ത് കൃഷി ഡയറക്ടർ ജില്ലാതല പദ്ധതി നിർവ്വഹണം അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ ജില്ലാതല കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരുടെ യോഗം കൃഷി അഡീഷണൽ ഡയറക്ടർമാർ കാലാകാലങ്ങളിൽ വിളിച്ചു ചേർത്തും, വീഡിയോ കോൺഫറൻസ് മുഖാന്തരവും ഓരോ പദ്ധതിയുടെയും നടത്തിപ്പിന്റെ വിലയിരുത്തൽ നടത്തുന്നുണ്ട്.

ജില്ലാ കൃഷി ഓഫീസർമാർ ബ്ലോക്കുതല കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെയും പഞ്ചായത്ത് തലത്തിലുള്ള കൃഷി ഓഫീസർമാരുടെയും യോഗം എല്ലാമാസവും ചേർന്ന് പദ്ധതികളുടെ നിർവ്വഹണം അവലോകനം ചെയ്യുന്നു.

പഞ്ചായത്ത്, ജില്ലാ, സംസ്ഥാന കാർഷിക വികസന സമിതികൾ കൂടുമ്പോൾ ജനപ്രതിനിധികൾ കൃഷി വകുപ്പിന്റെ ഇടപെടലുകൾ കാര്യക്ഷമമാണോ എന്ന് വിലയിരുത്താറുണ്ട്.

കൂടാതെ പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് തലങ്ങളിലും കാർഷികമേഖലയുടെ വികസനത്തിൽ കൃഷി വകുപ്പിന്റെ ഇടപെടലുകൾ കാര്യക്ഷമമാണോ എന്ന് നിരന്തരം വിലയിരുത്തലുകൾ നടത്താറുണ്ട്.

**കാർഷികമേഖലയുടെ പുനഃസൃഷ്ടി**

8(3440) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര കേരളത്തിലെ കാർഷിക മേഖലയുടെ പുനഃസൃഷ്ടിയെ സംബന്ധിച്ചുള്ള കാഴ്ചപ്പാട് വിശദമാക്കാമോ;

(ബി) പ്രളയാനന്തരം മണ്ണിലും കാലാവസ്ഥയിലുമുണ്ടായ മാറ്റങ്ങൾ പുതിയ കൃഷിരീതികൾ അവലംബിക്കുന്നതിനുള്ള സാധ്യതയായി കാണാനാകുമോ; വ്യക്തമാക്കുമോ;

(സി) പ്രളയജലം ഒഴുകിയിറങ്ങിയ കൃഷിസ്ഥലങ്ങളിൽ മണ്ണിന്റെ സ്വഭാവവും ഘടനയും മാറിയതിനാൽ ജൈവകൃഷിക്ക് അനുയോജ്യമായ അന്തരീക്ഷം ഉരുത്തിരിഞ്ഞിട്ടുള്ളതായി എന്തെങ്കിലും വിവരം ലഭ്യമായിട്ടുണ്ടോ?

ഉത്തരം

(എ) പ്രളയംമൂലം കേരളത്തിലെ കാർഷിക മേഖലയ്ക്ക് കനത്ത നാശഷ്ടമാണ് ഉണ്ടായിട്ടുള്ളത്. വിവിധ വിളകൾക്കുണ്ടായ നാശനഷ്ടത്തോടൊപ്പം ആസ്തികൾക്കും സർക്കാർ ഫാമുകൾക്കും നാശനഷ്ടമുണ്ടായി. കൂടാതെ മണ്ണിന്റെ ഘടനയിൽ വ്യത്യാസം സംഭവിച്ചതോടൊപ്പം ധാരാളം കർഷകർക്ക് കൃഷിഭൂമി തന്നെ നഷ്ടമാകുന്ന സ്ഥിതിയുണ്ടായി.

കാർഷിക മേഖലയിൽ പുനരുജ്ജീവന പ്രവർത്തനങ്ങൾ നടത്തി പഴയ സ്ഥിതിയിലേയ്ക്ക് പുനഃസൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഒരു ജീവിതകാലംകൊണ്ട് സ്വരൂപിച്ച ആസ്തികൾ ഏതാനും ദിവസം കൊണ്ട് നഷ്ടപ്പെടുന്നത് നിസ്സഹായരായി നോക്കിനിൽക്കേണ്ടി വന്ന ജനസമൂഹം, പ്രത്യേകിച്ച് കർഷകർ കടുത്ത മാനസിക സമ്മർദ്ദത്തിലാണ്. ഇവരെ വിവിധ വികസന പദ്ധതികൾ നടപ്പിലാക്കിയും സാങ്കേതിക സമാശ്വാസ ഉപദേശങ്ങൾ നൽകിയും കൃഷിയിലേയ്ക്ക് തിരിച്ചുകൊണ്ടുവരുന്ന കാഴ്ചപ്പാടോടെ കൃഷി വകുപ്പ് വിവിധ നടപടികൾ ആരംഭിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും ആരംഭിച്ച 'പുനർജനി' പദ്ധതി ഇതിന് ഉദാഹരണമാണ്. കാർഷിക മേഖലയിൽ വിളനാശംമൂലമുണ്ടായ നഷ്ടം നികത്തുന്നതിനായി പ്രകൃതിക്ഷോഭംമൂലമുണ്ടായ നാശനഷ്ടത്തിനുള്ള ആനുകൂല്യവും വിള ഇൻഷ്വറൻസ് ആനുകൂല്യവും നൽകുന്നു. അതോടൊപ്പം വീണ്ടും കൃഷിയിലെ പൂർവ്വസ്ഥിതി വീണ്ടെടുക്കുന്നതിനായി നെൽവിത്ത്, പച്ചക്കറിവിത്ത്, പച്ചക്കറിത്തൈകൾ, മറ്റ് നടീൽ വസ്തുക്കൾ എന്നിവ വിതരണം ചെയ്യുക, അടിഞ്ഞുകൂടിയ മണ്ണ്, ചെളി എന്നിവ നീക്കംചെയ്യുക, കൃഷിഭൂമി അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മസേനാ അംഗങ്ങളുടെയും മറ്റ് സന്നദ്ധ പ്രവർത്തകരുടെയും സഹായത്തോടെ പൂർവ്വസ്ഥിതിയിലാക്കുക, പ്രളയാനന്തരം ഉണ്ടായിട്ടുള്ള കീടരോഗബാധ നിയന്ത്രിക്കുന്നതിന് അടിയന്തരമായി പ്രവർത്തനങ്ങൾ നടപ്പിലാക്കി തുടർനഷ്ടം ഒഴിവാക്കുക, മണ്ണിന്റെ ഇപ്പോഴത്തെ അവസ്ഥ മനസ്സിലാക്കി പുനരുജ്ജീവനത്തിന് ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നിവയാണ് ഏറ്റവും അവശ്യം വേണ്ട കാര്യങ്ങൾ. ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയാണ്. നെൽവയലുകളെ സംരക്ഷിക്കുന്നത് കൂടാതെ അതിവൃഷ്ടിയെ പ്രതിരോധിക്കുന്നതിനായി കൂടുതൽ മഴവെള്ളം മണ്ണിലേയ്ക്ക് ഇറങ്ങുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഊന്നൽ നൽകിവരുന്നു. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ, മഴവെള്ളസംഭരണ സംവിധാനങ്ങൾ, മണ്ണൊലിപ്പ് തടയുന്നതിനുതകുന്ന വിളകളുടെ കൃഷി എന്നീ പ്രവൃത്തികൾ ഭാവിയിലെ പ്രതിരോധത്തിനായി വ്യാപിപ്പിക്കണമെന്ന കാഴ്ചപ്പാടാണുള്ളത്. കൂടാതെ പ്രളയാനന്തരം ഉണ്ടാകാൻ സാദ്ധ്യതയുള്ള വരൾച്ചക്കെതിരെയുള്ള പ്രതിരോധപ്രവർത്തനങ്ങൾ നടപ്പിലാക്കണം. വിവിധ കൃഷികളോടൊപ്പം മറ്റ് അനുബന്ധ മേഖലകളായ മൃഗസംരക്ഷണം, തേനീച്ച വളർത്തൽ, മത്സ്യകൃഷി എന്നീ ഘടകങ്ങളും ഉൾപ്പെടുത്തിയുള്ള സംയോജിത കൃഷി യൂണിറ്റുകൾക്ക് കൂടുതൽ പ്രാധാന്യം നൽകേണ്ടതുണ്ട്.

ഇത്തരത്തിൽ കൃഷി മേഖലയിലെ പുനരുജ്ജീവനത്തോടൊപ്പം ഭാവിയിൽ കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങളുടെ പ്രതിരോധത്തിനും ഊന്നൽ നൽകിക്കൊണ്ടായിരിക്കണം പ്രവർത്തിക്കേണ്ടത്. അടിസ്ഥാനപരമായി കാർഷിക ആവാസ വ്യവസ്ഥ സംരക്ഷണവും സുസ്ഥിര കൃഷി വികസനവും എന്ന

കാഴ്ചപ്പാടിലൂടെയാണ് കാർഷികമേഖലയിലെ ഭാവിപദ്ധതികൾ ആസൂത്രണം ചെയ്യുന്നത്.

(ബി) പ്രളയാനന്തരം മണ്ണിലും കാലാവസ്ഥയിലുമുണ്ടാകുന്ന മാറ്റങ്ങൾ പുതിയ കൃഷി രീതികൾ അവലംബിക്കുന്നതിന് പ്രേരകമായി കാണുന്നു. ഒറ്റവിള കൃഷിക്ക് പകരം വിവിധ വിളകളും മറ്റ് അനുബന്ധ മേഖല ഘടകങ്ങളും ഉൾപ്പെടുത്തി സംയോജിത കൃഷി രീതിക്ക് കൂടുതൽ പ്രാധാന്യം നൽകണം. കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുന്ന വിള ഇനങ്ങളുടെയും നാടൻ ഇനങ്ങളുടെയും കൃഷി പ്രോത്സാഹിപ്പിക്കണം. അതിവർഷം, വരൾച്ച, ഉപ്പുവെള്ളം കയറുന്ന സ്ഥിതി എന്നിവയെ പ്രതിരോധിക്കുന്ന ഇനങ്ങൾ കൂടുതൽ വ്യാപിപ്പിക്കണം. അതോടൊപ്പം പ്രളയാനന്തരം ചില പ്രദേശങ്ങളിൽ എക്കൽ അടിഞ്ഞ് മണ്ണിന് കൂടുതൽ ഫലപുഷ്ടി ഉണ്ടായതായി കാണുന്നു. ഇത്തരം സാഹചര്യങ്ങളെ പ്രയോജനപ്പെടുത്തണം.

മണ്ണൊലിപ്പ് തടയുന്നതിനും മഴവെള്ളം കൂടുതൽ മണ്ണിൽ സംഭരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കണം. കൂടുതൽ നാരുവേരു പടലമുള്ള വിളകളായ രാമച്ചം, തീറ്റപ്പുല്ല്, മറ്റ് ആവരണ വിളകൾ എന്നിവയും ഉൾപ്പെടുത്തുന്ന കൃഷി രീതി അവലംബിക്കാവുന്നതാണ്.

മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾക്കും തെങ്ങിന് തടം തുറക്കുന്നതുപോലുള്ള കാർഷിക പ്രവർത്തനങ്ങൾക്കും പ്രോത്സാഹനം നൽകാവുന്നതാണ്. കൂടാതെ പ്രളയാനന്തരം മണ്ണിന്റെ ഘടനയുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ കേരള കാർഷിക സർവ്വകലാശാല ഗവേഷണ വിഭാഗം മേധാവി സമർപ്പിച്ച റിപ്പോർട്ടിൽ പ്രളയാനന്തരം കൃഷിഭൂമിയിലെ ഉത്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിന് നടപ്പിലാക്കേണ്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

1. മണ്ണിന്റെ ജൈവഘടന വീണ്ടെടുക്കുന്നതിന് മണ്ണ് നന്നായി ഇളക്കി വായു സഞ്ചാരം ഉറപ്പാക്കേണ്ടതാണ്. കരിയില പോലെയുള്ള വസ്തുക്കൾ ഉപയോഗിച്ച് പുതയിടുന്നതും നന്നായിരിക്കും.

2. മണ്ണിന്റെ അമ്ലരസം കുറയ്ക്കുന്നതിനും ക്ഷാരഗുണം വർദ്ധിപ്പിക്കുന്നതിനുമായി കുമ്മായം/ഡോളോമൈറ്റ് ചേർക്കേണ്ടതാണ്.

3. മണ്ണിലെ ജൈവാംശം വർദ്ധിപ്പിക്കുന്നതിന് കമ്പോസ്റ്റ് രൂപത്തിലുള്ള ജൈവവളങ്ങൾ, കാലിവളം പച്ചിലവളങ്ങൾ എന്നിവ അത്യുത്തമമാണ്. പയറുവർഗ്ഗ വിളകൾ കൃഷി ചെയ്യുകയോ വളപ്പയർ വിതച്ച് ഉഴുതു ചേർക്കുകയോ ചെയ്യേണ്ടതാണ്.

4. എക്കൽ ഒരടിയോളം ഘനത്തിൽ മാത്രമെ അടിഞ്ഞു കൂടിയിട്ടുള്ളൂവെങ്കിൽ നന്നായി ഇളക്കി മണ്ണിനോട് ചേർത്ത് കൊടുക്കുന്നത് മണ്ണിന്റെ ഉല്പാദനക്ഷമത കൂട്ടും. എന്നാൽ കൂടുതൽ ഘനത്തിൽ എക്കൽ അടിഞ്ഞുകൂടിയിട്ടുണ്ടെങ്കിൽ അവ നീക്കം ചെയ്യേണ്ടതാണ്.

5. പ്രധാന മൂലകങ്ങളായ നൈട്രജൻ, പൊട്ടാസ്യം, കാൽസ്യം, മഗ്നീഷ്യം എന്നിവയുടെ നഷ്ടം ഉടനെ പരിഹരിക്കുന്നതിന് ഈ മൂലകങ്ങൾ വളമായിത്തന്നെ ചേർത്തുകൊടുക്കേണ്ടതാണ്.

(സി) സംസ്ഥാനത്തുണ്ടായ വെള്ളപ്പൊക്കത്തെ തുടർന്നുണ്ടായ കൃഷിനാശം നേരിടുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും വിള പരിപാലനത്തിനും സംരക്ഷണത്തിനുമായി വിശദമായ രൂപരേഖ തയ്യാറാക്കുന്നതിനുമായി കേരള കാർഷിക സർവ്വകലാശാല ഗവേഷണ കേന്ദ്രങ്ങൾ, കൃഷിവകുപ്പ്, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞരും ഉദ്യോഗസ്ഥരും അടങ്ങുന്ന ടീമുകളെ 14-9-2018 -ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 930/2018/കൃഷി പ്രകാരം നിയമിച്ചിരുന്നു. ഇതിനുപരിയായി കേരള കാർഷിക സർവ്വകാലാശാലാ ഗവേഷണ വിഭാഗം മേധാവി സമർപ്പിച്ച റിപ്പോർട്ടിൽ പ്രളയാനന്തരം സമതലപ്രദേശങ്ങളിലും പുഴയോര പ്രദേശങ്ങളിലും നെൽപ്പാടങ്ങളിലും വലിയ തോതിൽ എക്കൽ അടിഞ്ഞുകൂടിയിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുഴയോട് ചേർന്നുകിടക്കുന്ന തീരങ്ങളിലെ പാടങ്ങളിൽ ഉൾപ്പെടെ വലിയ തോതിൽ മണലും അടിഞ്ഞുകൂടിയിട്ടുണ്ട്. ഈ എക്കൽ പോഷണമൂലകങ്ങളാൽ സമ്പുഷ്ടമാണ്. എന്നാൽ പൊട്ടാസ്യം, കാൽസ്യം, മഗ്നീഷ്യം, ബോറോൺ എന്നീ മൂലകങ്ങളുടെ അഭാവം ശ്രദ്ധിക്കേണ്ടതുണ്ട്. ഘനലോഹങ്ങളുടെയോ, കീടനാശിനി അവശിഷ്ടങ്ങളുടെയോ സാന്നിദ്ധ്യം ഈ എക്കൽ പരിശോധനയിൽ കണ്ടിട്ടില്ല. എക്കലിന്റെ അമ്ലത്വം നിർവീര്യാവസ്ഥയിലാണ്. ഇത് അഭികാമ്യമായ നിലയിലാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ അവസ്ഥ ജൈവകൃഷിക്ക് അനുയോജ്യമാണ്.

## പാലക്കാട് ജില്ലയിൽ കെ.എൽ.യു. ലഭിക്കുന്നതിനുള്ള കാലതാമസം

9(3441) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ രണ്ടുവർഷത്തിനകം പാലക്കാട് ജില്ലയിൽ കെ.എൽ.യു വിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും, ഇതിൽ എത്ര അപേക്ഷകളിൽ തീരുമാനം എടുത്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിന് കാലതാമസം ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ രണ്ടുവർഷത്തിനകം പാലക്കാട് ജില്ലയിൽ കെ.എൽ.യു.-വിനായി 2501 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 985 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.

(ബി) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008-ൽ നിലവിൽവന്നശേഷം അഞ്ച് സെന്റ്, പത്ത് സെന്റ് തുടങ്ങി ചെറുവിസ്തൃതിയിൽ വീട് വയ്ക്കുന്നതിനായി നെൽവയൽ വാങ്ങി പരിവർത്തനാനുമതിക്കായി അപേക്ഷിക്കുന്നതിനെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച WP(c)3466/2017 -ലെ വിധിന്യായത്തെത്തുടർന്ന് അപ്രകാരമുള്ള അപേക്ഷകൾ പരിഗണിക്കുന്നത് മാറ്റിവയ്ക്കാൻ 21-4-2018-ലെ ജില്ലാതല അധികൃത സമിതി തീരുമാനം എടുത്തതിനാലും, അപേക്ഷകളുടെ ബാഹുല്യവുമാണ് അപേക്ഷകൾ തീർപ്പാക്കുന്നതിന് കാലതാമസം നേരിടുന്നത്.

## പ്രളയത്തെ തുടർന്ന് തോട്ടം മേഖല നേരിടുന്ന പ്രശ്നങ്ങൾ

10(3442) ശ്രീ. എം. വിൻസെന്റ്:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തെ തുടർന്ന് തോട്ടം മേഖല നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രളയം സൃഷ്ടിച്ച പ്രതിസന്ധിയിൽനിന്നും കരകയറാൻ ഭൂമിയുടെ ഘടനയിൽ മാറ്റംവരുത്താതെ മറ്റ് വിളകളും കൃഷി ചെയ്യാൻ അനുമതി നൽകുന്നതിന് ആലോചിക്കുന്നുണ്ടോ;

(സി) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പശ്ചിമഘട്ട കൃഷി പരിസ്ഥിതി സൗഹൃദമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018-2019 ജൂലൈ-ആഗസ്റ്റ് മാസങ്ങളിലുണ്ടായ അതിവർഷവും തുടർന്നുണ്ടായ വെള്ളപ്പൊക്കവും മണ്ണിടിച്ചിലും കാർഷിക മേഖലയിൽ വ്യാപകമായ നഷ്ടമാണ് വരുത്തിയിട്ടുള്ളത്. തോട്ടം മേഖലയിൽ ഈ

നഷ്ടം വളരെ പ്രകടമാണ്. ഇത്തരം വിളകളെല്ലാം ബഹുവർഷ വിളകളായതിനാൽ പ്രധാനമായും രണ്ടുതരത്തിൽ നഷ്ടമുണ്ടായി. മൂന്ന് മുതൽ ഏഴ് വർഷം വരെ കൃഷി ചെയ്ത് ഉത്പാദനം ലഭിച്ചുതുടങ്ങിയ ഘട്ടത്തിലാണ് ഇവയിൽ നാശനഷ്ടമുണ്ടായത്. ലഭിച്ചുകൊണ്ടിരുന്ന വരുമാനം പെട്ടെന്ന് നിലയ്ക്കുമ്പോഴുണ്ടാകുന്ന ആഘാതം വളരെ വലുതാണ്. ഇതോടൊപ്പം കാർഷിക വായ്പയെടുത്ത് കൃഷി ചെയ്യുന്നവരെ സംബന്ധിച്ച് വായ്പ തിരിച്ചടയ്ക്കുവാൻ സാധിക്കാത്ത സാഹചര്യം സംജാതമായി. വീണ്ടും ഈ വിളകളുടെ കൃഷി ആരംഭിച്ച് ഉത്പാദനം ലഭിക്കുന്ന ദീർഘ കാലയളവിൽ കർഷകന് വരുമാനമൊന്നും ലഭിക്കുന്നില്ല. പുതിയ കൃഷിക്ക് തുടക്കത്തിൽ ആവശ്യമായ മൂലധനം കണ്ടെത്തുവാനും കർഷകർക്ക് ബുദ്ധിമുട്ടുണ്ടാകുന്നു. കാർഷിക വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് അനുവദിച്ച മൊറട്ടോറിയം ഇത്തരം കർഷകർക്ക് വലിയ ആശ്വാസമാണ് നൽകിയിട്ടുള്ളത്.

കുരുമുളക്, ഏലം, ജാതി, ഗ്രാമ്പൂ, തെങ്ങ്, കവുങ്ങ്, റബ്ബർ, ഇഞ്ചി, മഞ്ഞൾ തുടങ്ങി കേരളത്തിലെ പ്രധാന തോട്ടവിളകളെ വെള്ളപ്പൊക്കം ഗുരുതരമായി ബാധിച്ചിട്ടുണ്ട്. വെള്ളക്കെട്ടുമൂലം വൻതോതിൽ വിളനാശം സംഭവിച്ചു. ഏലത്തോട്ടങ്ങൾ, റബ്ബർ, കവുങ്ങ് തൈകൾ മുതലായവയിൽ ഇത് വളരെ പ്രകടമാണ്. മഴക്കാലത്ത് റെയിൻ ഗാർഡ് ഉപയോഗിച്ചുള്ള ടാപ്പിംഗ് റബ്ബറിന് ഉയർന്ന വില ലഭിക്കുന്ന സീസണാണ്. ഈ മാർഗ്ഗം വെള്ളപ്പൊക്കംമൂലം നടപ്പാക്കുവാൻ സാധിച്ചിട്ടില്ല. തോട്ടം തൊഴിലാളികളെ സംബന്ധിച്ച് തൊഴിൽദിനങ്ങൾ നഷ്ടപ്പെട്ടത് കാരണം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. മണ്ണിടിച്ചിൽ നിലവിലുള്ള കൃഷിയിൽ പൂർണ്ണമായ നാശമുണ്ടാക്കിയതിനുപുറമേ ഭൂമിയുടെ കിടപ്പിൽ മാറ്റമുണ്ടാക്കി. ഇവിടങ്ങളിൽ ഭൂമി പുനരുദ്ധാരണ, മണ്ണ് സംരക്ഷണ നടപടികൾ സ്വീകരിച്ച ശേഷം മാത്രമെ കൃഷി പുനരാരംഭിക്കുവാൻ സാധിക്കുകയുള്ളൂ. വെള്ളപ്പൊക്കത്തോടൊപ്പം അമിതമായ മണ്ണ്, ചെളി അടിഞ്ഞതുമൂലം മേൽമണ്ണിന്റെ ഭൗതിക രാസഘടനയിൽ മാറ്റമുണ്ടാക്കി. മണ്ണിന്റെ അമ്ലത്വം കുറയ്ക്കുന്നതിന് സബ്സിഡി നിരക്കിൽ കുമ്മായം വിതരണം ചെയ്യുന്നുണ്ട്.

പ്രളയാനന്തരം തോട്ടവിളകളിൽ കാണപ്പെടുന്ന കീടരോഗ ബാധകളാണ് മറ്റൊരു പ്രശ്നം. കവുങ്ങ് കൃഷിയിൽ മഹാളി രോഗം, ഗ്രാമ്പൂ, ജാതി മരങ്ങളുടെ ഉണക്കം, കുരുമുളകിൽ ബോറെർ ആക്രമണം എന്നിവ വർദ്ധിച്ച തോതിൽ കാണപ്പെടുന്നു. ഇവ പരിഹരിക്കുന്നതിന് ശാസ്ത്രജ്ഞരുടെ ടീം തോട്ടങ്ങൾ സന്ദർശിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചു. നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് കൃഷി വകുപ്പിൽനിന്നും ധനസഹായം നൽകുന്നു. ജലസേചനം തോട്ടവിളകൾക്ക് അത്യന്താപേക്ഷിതമാണ്. ജലസേചനാവശ്യത്തിന്

ഉപയോഗിച്ചുകൊണ്ടിരുന്ന പമ്പുസെറ്റുകൾ, ജലസേചന സംവിധാനങ്ങൾ എന്നിവ പലയിടങ്ങളിലും നശിച്ചുപോയിട്ടുണ്ട്. പുതിയ പമ്പ്സെറ്റുകൾ വാങ്ങുന്നതിന് കൃഷി വകുപ്പ് മുഖേന പ്രത്യേക ധനസഹായം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) കേരളത്തിന്റെ കാലാവസ്ഥയ്ക്കും ആവാസ വ്യവസ്ഥയ്ക്കും അനുയോജ്യമായ വിളകൾ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി കൃഷി ചെയ്യാവുന്നതാണ്.

(സി) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ കർഷകർക്ക് വർദ്ധിച്ച വരുമാനം ലഭിക്കുന്നതോടൊപ്പം സുസ്ഥിരവും ആവാസവ്യവസ്ഥയ്ക്ക് കോട്ടംതട്ടാതെയുമുള്ള കൃഷി പ്രോത്സാഹിപ്പിക്കുക എന്നതാണ് കൃഷിവകുപ്പിന്റെ കാഴ്ചപ്പാട്.

## അനൗദ്യോഗിക മെമ്പർമാർക്ക് നൽകിവരുന്ന സിറ്റിംഗ് ഫീസ്

11(3443) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭവൻ സമിതികൾ, ജില്ലാ കർഷകവികസന പദ്ധതികൾ എന്നിവയിൽ പങ്കെടുക്കുന്ന അനൗദ്യോഗിക മെമ്പർമാർക്ക് നൽകിവരുന്ന സിറ്റിംഗ് ഫീസ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) അവസാനമായി ഈ തുക പുതുക്കി നിശ്ചയിച്ചതെന്നാണ്;

(സി) കാലാനുസൃതമായി പ്രസ്തുത സിറ്റിംഗ് ഫീസിൽ വർദ്ധനവ് നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 100 രൂപ.

(ബി) 25-8-2012-ന് (25-8-2012-ലെ സ.ഉ.(കൈ) 208/2012/കൃഷി)

(സി) സർക്കാരിന്റെ പരിഗണനയിലാണ്.

## ആലത്തൂർ എരിമയൂർ കേരഗ്രാമം പദ്ധതി

12(3444) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ ആലത്തൂർ, എരിമയൂർ പഞ്ചായത്തുകളെ തമ്മിൽ സംയോജിപ്പിച്ച് നടത്തുന്ന കേരഗ്രാമം പദ്ധതിയുടെ പ്രവർത്തന പുരോഗതിയെക്കുറിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവർത്തനത്തിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ;ഏതെല്ലാം തരത്തിലുള്ള ഫണ്ടാണ് കേരഗ്രാമത്തിന്റെ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്;

(സി) കേരഗ്രാമം പദ്ധതിപ്രകാരം എന്തെല്ലാം ആനുകൂല്യങ്ങൾ കർഷകർക്ക് ലഭിക്കുമെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലേയ്ക്ക് അനുവദിച്ച "കേരഗ്രാമം" പദ്ധതി സമീപ പഞ്ചായത്തുകളായ ആലത്തൂരിലെ 90 ഹെക്ടറും എരിമയൂരിലെ 160 ഹെക്ടറും ചേർത്താണ് നടപ്പിലാക്കുന്നത്. വാർഡുതലത്തിൽ യോഗങ്ങൾ സംഘടിപ്പിക്കുകയും പഞ്ചായത്തുതല കേരസമിതികൾ രൂപീകരിക്കുകയും ആയതിന്റെ രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുകയും ചെയ്തുവരുന്നു. പദ്ധതി പ്രദേശത്ത് നടപ്പിലാക്കേണ്ട ഘടകങ്ങൾ നിർണ്ണയിച്ചുകൊണ്ടുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കി അംഗീകാരം നേടുകയും ആയതുപ്രകാരമുള്ള സംയോജിത പരിചരണ മുറകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഒരു കേരഗ്രാമത്തിന് സംസ്ഥാന പദ്ധതി വിഹിതമായി 50.17 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) 250 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണ മുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉത്പാദനം, തെങ്ങുകയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടംതുറക്കൽ, കളനിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവരാസവസ്തുക്കൾ, ജീവാണു വളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ചുമാറ്റി മേൽത്തരം തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിനുപുറമേ സാദ്ധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു.

ചുവടെ ചേർത്തിരിക്കുന്ന ഘടകങ്ങൾ പ്രാദേശിക ആവശ്യാനുസരണം തെരഞ്ഞെടുത്ത് ആക്ഷൻ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കാവുന്നതാണ്.

1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 25,000 രൂപ പ്രകാരം 250 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 62.50 ലക്ഷം രൂപ. ഇതിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു:

a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ -35 രൂപ/തെങ്ങ്

b) തൊണ്ട് കുഴിച്ചിടൽ - 50 രൂപ/തെങ്ങ്

c) കുമ്മായം - 9 രൂപ/തെങ്ങ്

d) രാസവളം -20 രൂപ/തെങ്ങ്

e) മഗ്നീഷ്യം സൾഫേറ്റ് -3.75 രൂപ/തെങ്ങ്

f) ജൈവവളം -25 രൂപ/തെങ്ങ്

g) സസ്യസംരക്ഷണം -10 രൂപ/തെങ്ങ

h) ജീവാണു വളങ്ങൾ, ജൈവീകനിയന്ത്രണോപാധികൾ പ്രയോഗിക്കുന്നതിന് -75 രൂപ/തെങ്ങ്

i) രോഗം ബാധിച്ചതും ഉത്പാദനശേഷി നശിച്ച തെങ്ങ് മുറിച്ച് മാറ്റുന്നതിന് -1,000 രൂപ/തെങ്ങ്

j) ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് -60 രൂപ/തെങ്ങ്

k) ഇടവിളകൃഷി -6,000 രൂപ ഹെക്ടറിന്

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25,000 രൂപ ക്രമത്തിൽ പരമാവധി 5 ലക്ഷം രൂപ.

3. 61 തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2,000 രൂപ നിരക്കിൽ

4. 8 ജൈവവള ഉല്പാദന യൂണിറ്റുകൾ - ഒരു യൂണിറ്റിന് 10,000 രൂപ നിരക്കിൽ ആനുകൂല്യം

5. പഞ്ചായത്തുതല കേരസമിതികൾക്കുള്ള പ്രവർത്തന ചെലവായി 1 ലക്ഷം രൂപ, മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റിന് 2 ലക്ഷം രൂപ.

6. കേരഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചെലവായി 15,000 രൂപ.

7. താല്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് എസ്.എഫ്.എ.സി. മുഖാന്തരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ട് അധിഷ്ഠിത ധനസഹായം.

## സഹസ്ര സരോവരം പദ്ധതി

13(3445) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹസ്ര സരോവരം പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ; പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നാളിതുവരെ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന ക്രമത്തിൽ 1000 ചിറകൾ സംരക്ഷിക്കുക എന്ന ദൗത്യംവഴി അടഞ്ഞ ജലസ്രോതസ്സുകളെ പുനർജ്ജനിപ്പിക്കുകയും തദ്വാരാ കുടിവെള്ളവും കാർഷികാവശ്യത്തിനുള്ള ജലസേചനവും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടുകൂടി കൃഷി വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിവരുന്ന ഒരു ബൃഹത് പദ്ധതിയാണ് സഹസ്ര സരോവർ പദ്ധതി.

(ബി) സഹസ്ര സരോവർ പദ്ധതി പ്രകാരം ആർ.ഐ.ഡി.എഫ്. സ്കീമുകളിലും ആർ.കെ.വി.വൈ. സ്കീമിലും ഉൾപ്പെടുത്തി നടന്നുവരുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## സഹസ്ര സരോവരം പദ്ധതി

14(3446) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹസ്ര സരോവരം പദ്ധതി പ്രകാരം ഏതെല്ലാം ക്ഷേത്രങ്ങളുടെ കുളം നവീകരിക്കുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ മുത്താലം ശ്രീ ദുർഗ്ഗാ ഭഗവതി ക്ഷേത്രത്തിലെ കുളം നവീകരിക്കുന്നതിന് ധനസഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത അപേക്ഷയുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(ഡി) ധനസഹായം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) സഹസ്ര സരോവരം പദ്ധതി പ്രകാരം നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ക്ഷേത്രക്കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നത്. ആയതിൽ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന് ഭരണാനുമതി നൽകിയിട്ടുള്ള ക്ഷേത്രക്കുളങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) മുത്താലം ശ്രീദുർഗ്ഗാ ഭഗവതി ക്ഷേത്രക്കുളം നവീകരിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്.

(സി) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ മുത്താലം ശ്രീ ദുർഗ്ഗാ ഭഗവതി ക്ഷേത്രത്തിലെ കുളം നവീകരണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കുമ്പോൾ ധനസഹായം അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

## പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ

15(3447) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭവനുകൾക്ക് കീഴിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ നിലവിലുണ്ടോ; എങ്കിൽ സംസ്ഥാനത്തെത്ര പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ ഉണ്ടെന്നതിന്റെ കണക്ക് ജില്ലതിരിച്ച് വിശദമാക്കുമോ;

(ബി) പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കുക വഴി കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള നേട്ടം എന്താണെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് കൂടുതൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്ത് 202 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. 2018-2019 വർഷത്തിൽ 14 ജില്ലകളിലായി പുതിയതായി 50 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ല തിരിച്ച് പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ജില്ല | പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 14 |
| 2 | കൊല്ലം | 15 |
| 3 | ആലപ്പുഴ | 15 |
| 4 | പത്തനംതിട്ട | 9 |
| 5 | കോട്ടയം | 14 |
| 6 | ഇടുക്കി | 12 |
| 7 | എറണാകുളം | 18 |
| 8 | തൃശ്ശൂർ | 25 |
| 9 | പാലക്കാട് | 16 |
| 10 | മലപ്പുറം | 17 |
| 11 | കോഴിക്കോട് | 16 |
| 12 | വയനാട് | 7 |
| 13 | കണ്ണൂർ | 16 |
| 14 | കാസർഗോഡ് | 8 |
| | **ആകെ** | **202** |

(ബി) കാർഷികവിളകളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി കീടരോഗ നിരീക്ഷണം നടത്തി കർഷകർക്ക് കീടരോഗബാധയെപ്പറ്റി മുൻകൂട്ടി അറിവ് നൽകുവാനും നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുള്ള ശാസ്ത്രീയ നിർദ്ദേശങ്ങൾ നൽകുവാനും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കുക വഴി കഴിഞ്ഞിട്ടുണ്ട്. 2017-2018 വരെ 152 ബ്ലോക്കുകളിലായി 202 കൃഷി ഭവനുകളിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിച്ച് പ്രവർത്തനം തുടരുന്നു. കൂടാതെ കൊല്ലം, പാലക്കാട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ ജില്ലാതല റഫറൽ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്.

പ്ലാന്റ് ഹെൽത്ത് ക്ലിനിക്കിന്റെ ഭാഗമായ പെസ്റ്റ് സ്കൗട്ടുകൾ കൃത്യമായ ഇടവേളകളിൽ കൃഷിയിടം സന്ദർശിക്കുകയും കീടരോഗബാധയുടെ തോത് മനസ്സിലാക്കി, കീടരോഗബാധ സംബന്ധിച്ച മുന്നറിയിപ്പുകളും നിയന്ത്രണ

മാർഗ്ഗങ്ങളും കർഷകർക്ക് നൽകുന്നു. ഇന്റർനെറ്റ് ആസ്പദമാക്കിയുള്ള Crop pest Surveilance System (CPSS) എന്ന സേവനം ഇതുവഴി കർഷകർക്ക് ലഭിക്കുന്നു. കൂടാതെ കീടരോഗ നിർണ്ണയത്തിനുള്ള ഉപകരണങ്ങൾ, ശത്രു/മിത്ര കീടങ്ങളെ തിരിച്ചറിയാനുള്ള സ്പെസിമനുകൾ, കീടരോഗലക്ഷണങ്ങൾ സംബന്ധിച്ച പോസ്റ്ററുകൾ, ചാർട്ടുകൾ, ഫോട്ടോഗ്രാഫുകൾ എന്നിവയും കൃഷി സംബന്ധ വിവരങ്ങൾ അടങ്ങിയ ചെറുലൈബ്രറികളും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളിൽ സ്ഥാപിച്ചിട്ടുണ്ട്. മണ്ണിന്റെ അമ്ലത്വ പരിശോധനയും സന്തുലിത വളപ്രയോഗം സംബന്ധിച്ച നിർദ്ദേശങ്ങളും ക്ലിനിക്കുകൾ വഴി ലഭ്യമാക്കുന്നു. കീടരോഗ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ പെസ്റ്റ്ബുള്ളറ്റിനും ഇതുവഴി ലഭ്യമാക്കുന്നു. തന്മൂലം ശത്രു/മിത്ര കീടങ്ങളെ തിരിച്ചറിയാനും കീടബാധ അനുസരിച്ച് രാസകീടനാശിനികൾ പരമാവധി കുറച്ച് നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കാനും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേന കർഷകർക്ക് കഴിയുന്നു.

(സി) സംസ്ഥാനത്ത് 202 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. 2018-2019-ൽ 50 എണ്ണം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഘട്ടംഘട്ടമായി മുഴുവൻ കൃഷി ഭവനുകളിലും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

**കേരഗ്രാമം**

16(3448) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളെയാണ് കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലൂടെ കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിലെ കരവാരം, തിരുവല്ലം, ഉഴമലയ്ക്കൽ എന്നിവിടങ്ങളിലാണ് 2018-2019 വർഷം കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്.

(ബി) 250 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉത്പാദനം, തെങ്ങുകയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണ

മുറകളുടെ ഭാഗമായി തടംതുറക്കൽ, കളനിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവരാസവളങ്ങൾ, ജീവാണു വളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ചുമാറ്റി മേൽത്തരം തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിനുപുറമേ സാദ്ധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു.

ചുവടെ ചേർത്തിരിക്കുന്ന ഘടകങ്ങൾ പ്രാദേശിക ആവശ്യാനുസരണം തെരഞ്ഞെടുത്ത് നടപ്പിലാക്കാവുന്നതാണ്.

1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 25,000 രൂപ പ്രകാരം 250 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 62.50 ലക്ഷം രൂപ. ഇതിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.

   (a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ -35 രൂപ/തെങ്ങ്

   (b) തൊണ്ട് കുഴിച്ചിടൽ - 50 രൂപ/തെങ്ങ്

   (c) കുമ്മായം - 9 രൂപ/തെങ്ങ്

   (d) രാസവളം -20 രൂപ/തെങ്ങ്

   (e) മഗ്നീഷ്യം സൾഫേറ്റ് -3.75 രൂപ/തെങ്ങ്

   (f) ജൈവവളം - 25 രൂപ/തെങ്ങ്

   (g) സസ്യസംരക്ഷണം -10 രൂപ/തെങ്ങ്

   (h) ജീവാണു വളങ്ങൾ, ജൈവീകനിയന്ത്രണോപാധികൾ പ്രയോഗിക്കുന്നതിന് -75 രൂപ/തെങ്ങ്

   (i) രോഗം ബാധിച്ചതും ഉത്പാദനശേഷി നശിച്ച തെങ്ങ് മുറിച്ച് മാറ്റുന്നതിന് -1000 രൂപ/തെങ്ങ്

   (j) ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് -60 രൂപ/തെങ്ങ്

   (k) ഇടവിളകൃഷി -6,000 രൂപ ഹെക്ടറിന്

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25,000 രൂപ ക്രമത്തിൽ പരമാവധി 5 ലക്ഷം രൂപ.

3. 61 തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2,000 രൂപ നിരക്കിൽ

4. 8 ജൈവവള ഉല്പാദന യൂണിറ്റുകൾ - ഒരു യൂണിറ്റിന് 10,000 രൂപ നിരക്കിൽ ആനുകൂല്യം

5. പഞ്ചായത്തുതല കേരസമിതികൾക്കുള്ള പ്രവർത്തന ചെലവായി 1 ലക്ഷം രൂപ, മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റിന് 2 ലക്ഷം രൂപ.

6. കേരഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചെലവായി 15,000 രൂപ.

7. താല്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ട് അധിഷ്ഠിത ധനസഹായം.

## ഹരിത കേരളം പദ്ധതി

17(3449) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹരിത കേരളം പദ്ധതിയുടെ ഭാഗമായി നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

ഹരിത കേരളം മിഷൻ ഉപമിഷനായ സുജലം-സുഫലം പ്രകാരം സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു: തരിശുരഹിത മാതൃകാ ജൈവഗ്രാമ പദ്ധതി പ്രകാരം 13 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി നടപ്പിലാക്കുകയും 12,00,000 രൂപ ചെലവഴിക്കുകയും ചെയ്തു.

2. സമൃദ്ധി വല്ലംനിറ പദ്ധതി പ്രകാരം പച്ചക്കറികൃഷി, പൂകൃഷി എന്നിവ 100 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കുകയും 1,00,500 രൂപ ചെലവഴിക്കുകയും ചെയ്തു.

3. സമൃദ്ധി അങ്കണവാടി ജൈവഗ്രാമം തുടർ പദ്ധതി പ്രകാരം 166 അങ്കണവാടികളിലായി 3.3 ഹെക്ടർ സ്ഥലത്ത് പച്ചക്കറികൃഷി നടപ്പിലാക്കുകയും 34,030 രൂപ ചെലവഴിക്കുയും ചെയ്തു.

4. പൊതുസ്ഥലങ്ങളിൽ 2200 ഫലവൃക്ഷ തൈകൾ വച്ചുപിടിപ്പിക്കുകയും ഇതിനായി 4,28,000 രൂപ ചെലവഴിക്കുകയും ചെയ്തു.

5. നെടുമങ്ങാട് ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിൽ ഒരു ഇക്കോഷോപ്പ് സ്ഥാപിക്കുകയും ഇതിനായി 2,00,000 രൂപ അനുവദിക്കുകയും ചെയ്തു.

6. നെടുമങ്ങാട് ബ്ലോക്കിൽ ജൈവ പച്ചക്കറി കൃഷി 4 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കി.

7. ആനാട് ഗ്രാമപഞ്ചായത്തിൽ തരിശ് നിലത്തിൽ 1.7 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടത്തുകയും ചെയ്തു.

8. മാണിക്കൽ കൃഷിഭവൻ വഴി 4000 പച്ചക്കറി വിത്തു പാക്കറ്റുകൾ സ്കൂളുകൾക്കും, കർഷകർക്കായി 3750 പാക്കറ്റുകളും നൽകിയിട്ടുണ്ട്. കൂടാതെ 4000 പച്ചക്കറി തൈകൾ വിതരണം ചെയ്തിട്ടുണ്ട്. ജലസംരക്ഷണത്തിന്റെ ഭാഗമായി 156 കിണറുകൾ റീചാർജ്ജ് ചെയ്തു. ഹതിതഭവനം പദ്ധതിയിൽ 5 വീടുകൾക്ക് ധനസഹായം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ തരിശുനിലം പദ്ധതിയിൽ 2 ഹെക്ടർ പച്ചക്കറി, വാഴ എന്നിവ കൃഷി ചെയ്തിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി 5 ഹെക്ടർ തരിശുനിലം വാഴ, പച്ചക്കറി എന്നിവ കൃഷി ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ആനാട്, പനവൂർ പഞ്ചായത്തുകളുടെ അതിർത്തിയായ കരിഞ്ചാത്തിമൂലയിൽനിന്നും ആരംഭിക്കുന്ന കിള്ളിയാർ നഗരത്തിലേയ്ക്ക് പ്രവേശിക്കുന്ന വഴയില വരെയുള്ള 22 കി. മീ. കിള്ളിയാർ മിഷൻ എന്ന പേരിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും എം.എൽ.എ.-മാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ ജനകീയമായി ശുചീകരിച്ചു. പുഴയിലേയ്ക്ക് തുറന്നിരുന്ന മാലിന്യകുഴലുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അടപ്പിച്ചു. കരകുളം പഞ്ചായത്തിൽ കളത്തറക്കാവ് സംരക്ഷണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഹരിത കേരളം മിഷന്റെ 'വെള്ളം വൃത്തി വിളവ് ' എന്നീ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനുള്ള പദ്ധതി ക്ലീൻ കരകുളം - ഗ്രീൻ കരകുളം എന്ന പദ്ധതി കരകുളം പഞ്ചായത്തിൽ നടപ്പിലാക്കിവരുന്നു.

## ചെരിവുകൾ സുസ്ഥിരപ്പെടുത്തുന്ന പദ്ധതി

18(3450) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ മണ്ണിടിച്ചിലുള്ള സ്ഥലങ്ങളിലെ ചെരിവുകൾ സുസ്ഥിരപ്പെടുത്തുന്നതിനായി എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര കോടി രൂപയാണ് 2018-19 ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്; ഇതിൽ എത്രകോടി രൂപയാണ് നാളിതുവരെ ചെലവഴിച്ചിരിക്കുന്നത്;

(സി) സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത പ്രവർത്തനം നടപ്പാക്കിയിട്ടുള്ളത്; ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തലിനും/ മണ്ണിടിച്ചിൽ ബാധിത പ്രദേശങ്ങളുടെ പുനരുദ്ധാരണത്തിനുമായി സംസ്ഥാന മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് 2402-00-102-87 പദ്ധതി ശീർഷകത്തിൽ മണ്ണിടിച്ചിൽ ബാധിത പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) 2018-19 സാമ്പത്തിക വർഷം 465 ലക്ഷം രൂപയാണ് പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത്. മണ്ണിടിച്ചിൽ ബാധിത പ്രദേശങ്ങളുടെ പുനരുദ്ധാരണത്തിനായി വകുപ്പ് 2017-18 -ൽ ഇടുക്കി, കോട്ടയും കോഴിക്കോട്, പാലക്കാട് എന്നീ ജില്ലകളിൽ തുടർന്നുവന്നിരുന്ന പദ്ധതികളുടെ പൂർത്തീകരണത്തിനും 2018-19-ൽ ഇടുക്കി, പത്തനംതിട്ട, കോഴിക്കോട് ജില്ലകളിലെ പുതിയ പദ്ധതികളിലെ പ്രവർത്തനങ്ങൾക്കും ടി തുക വിനിയോഗിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ആഗസ്റ്റ് മാസമുണ്ടായ മഹാപ്രളയംകാരണം പദ്ധതി പ്രവർത്തനങ്ങൾ ഒന്നുംതന്നെ ഈ മേഖലയിൽ ഏറ്റെടുക്കാൻ സാധിച്ചില്ല. പ്രളയാനന്തരം പദ്ധതി പ്രവർത്തനങ്ങൾ ഒക്ടോബർ മാസം ആരംഭിച്ചിട്ടുണ്ട്. നാളിതുവരെ 17.14 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ നിർവ്വഹിച്ച് 36.35 ഹെക്ടർ പ്രദേശം സംരക്ഷിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഇടുക്കി, കോട്ടയും പാലക്കാട്, പത്തനംതിട്ട, കോഴിക്കോട് ജില്ലകളിലാണ് പ്രവർത്തനം നടപ്പിലാക്കുവാൻ വിഭാവന ചെയ്തിരിക്കുന്നത്. നാളിതുവരെ കോട്ടയും ഇടുക്കി ജില്ലകളിലെ വിവിധ പദ്ധതികളിലായി 17.14 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി തിരിച്ച് കൈവരിച്ച പുരോഗതി അനുബന്ധമായി ചേർക്കുന്നു*.

## ജലാശയങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി പദ്ധതി

19(3451) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലാശയങ്ങൾ പുനരുജീവിപ്പിക്കുന്നതിനായി കൃഷി വകുപ്പിന്റെ എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര കോടി രൂപയാണ് 2018-19 ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്;

(സി) ഇതിൽ എത്ര ശതമാനമാണ് ചെലവഴിച്ചത്;

(ഡി) ഏതെല്ലാം ജില്ലകളിലാണ് കൃഷി വകുപ്പ് പ്രസ്തുത പ്രവർത്തനം നടപ്പിലാക്കിയത്; ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ജലാശയങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി കൃഷി വകുപ്പിന്റെ കീഴിൽ കെ.എൽ.ഡി.സി. നടപ്പിലാക്കുന്ന പദ്ധതിയാണ് സഹസ്ര സരോവർ പദ്ധതി.

2018-2019 സാമ്പത്തിക വർഷം മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന് ജലാശയങ്ങളുടെയും നീരുറവകളുടെയും പുനരുജ്ജീവനത്തിനായി ഒരു പുതിയ പദ്ധതിക്ക് (2402-00-102-78 പദ്ധതി ശീർഷകം) അംഗീകാരം ലഭിച്ചിട്ടുണ്ട്. പരമ്പരാഗത ഉറവകളുടെയും ജലസ്രോതസ്സുകളുടെയും പുനരുദ്ധാരണത്തിന് ഭൂഗർഭവിതാന തോത് ആപത്കരമാംവിധം കുറഞ്ഞിരിക്കുന്ന പ്രദേശങ്ങളിലെ ഭൂഗർഭജല വിതാനം ഉയർത്തുവാനും നദികളുടെ കൈവഴികളുടെയും നീർച്ചാലുകളുടെയും പുനരുജ്ജീവനത്തിനുമായി മൂന്ന് ഘടകങ്ങൾക്കാണ് ഈ പദ്ധതിയിൽ അംഗീകാരം ലഭിച്ചിട്ടുള്ളത്.

(ബി&സി) കെ.എൽ.ഡി.സി. നടപ്പിലാക്കുന്ന സഹസ്ര സരോവർ പദ്ധതി പ്രധാനമായും നബാർഡിന്റെ ധനസഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ്. സ്കീം മുഖേനയും കൃഷി വകുപ്പിന്റെ കീഴിൽ കേന്ദ്രധനസഹായത്തോടെ ആർ.കെ.വി.വൈ. സ്കീം മുഖേനയും നടപ്പാക്കിവരുന്നു. 2018-2019 വർഷത്തിൽ കെ.എൽ.ഡി.സി.-യ്ക്കായി നബാർഡ് ധനസഹായത്തിലുള്ള ആർ.ഐ.ഡി.എഫ്. പദ്ധതികൾക്കായി 56 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ 19.11 കോടി രൂപ അടിസ്ഥാന സൗകര്യ വികസനം, സഹസ്ര സരോവർ പദ്ധതി എന്നതിലേയ്ക്കായിട്ടാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ ആർ.ഐ.ഡി.എഫ്. 20, ആർ.ഐ.ഡി.എഫ്. 21 എന്നീ സ്കീമുകളിലായി 36.89 ശതമാനം ചെലവഴിച്ചിട്ടുണ്ട്. ആർ.ഐ.ഡി.എഫ്. 22 സ്കീമുകളുടെ ടെണ്ടറിംഗ് നടപടികൾ പൂർത്തിയായി വരുന്നു. ബിൽ തുകകൾ നൽകിത്തുടങ്ങിയിട്ടില്ല. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട് ജലാശയങ്ങളുടെയും നീരുറവകളുടെയും പുനരുജ്ജിവനത്തിനായുള്ള പദ്ധതിക്കായി 2018-2019-ലെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ജലസ്രോതസ്സുകളുടെ പുനരുദ്ധാരണത്തിനായി 25 ലക്ഷം രൂപയാണ് നീക്കിവച്ചിരിക്കുന്നത്. പദ്ധതി പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ഡി) മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലയിലെ രണ്ട് പൊതുകുളങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പ് സാമ്പത്തിക വർഷം നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു.

കെ.എൽ.ഡി.സി. നടപ്പിലാക്കിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

| ജില്ല | കുളങ്ങളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 3 |
| കൊല്ലം | 21 |
| കോട്ടയം | 5 |
| ആലപ്പുഴ | 8 |
| എറണാകുളം | 6 |
| തൃശ്ശൂർ | 23 |
| പാലക്കാട് | 20 |
| കോഴിക്കോട് | 2 |
| കണ്ണൂർ | 23 |
| കാസർഗോഡ് | 6 |

## വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് പ്രത്യേക പാക്കേജ്

20(3452) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. സജി ചെറിയാൻ :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയംമൂലം തകർന്ന കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി ആവിഷ്കരിക്കാനുദ്ദേശിക്കുന്ന നൂതന പദ്ധതികളിൽ വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് പ്രത്യേക പാക്കേജ് അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) വി.എഫ്.പി.സി.കെ.-യുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് മാതൃകാ പഴത്തോട്ടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കൃഷി വകുപ്പും വി.എഫ്.പി.സി.കെ.-യും ചേർന്ന് നടപ്പാക്കിവരുന്ന ജൈവവൈവിധ്യ സംരക്ഷണ പദ്ധതി പ്രകാരം ഏതെല്ലാം പരമ്പരാഗത ഇനങ്ങളുടെ സംരക്ഷണവും വംശവർദ്ധനയുമാണ് ലക്ഷ്യമിടുന്നതെന്ന് വി.എഫ്.പി.സി.കെ. വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രളയം തകർത്ത കാർഷികമേഖലയുടെ പുനരുജ്ജീവനത്തിനായി വി.എഫ്.പി.സി.കെ. നടത്തിവരുന്ന നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു: പ്രകൃതിക്ഷോഭം നേരിട്ട വി.എഫ്.പി.സി.കെ. കർഷകർക്ക് പഴം-പച്ചക്കറി കിഴങ്ങുവർഗ്ഗ വിളകൾ പുതുതായി കൃഷി ചെയ്യുന്നതിന് എസ്.എച്ച്.എം. സഹായത്തോടെ 25.88 കോടി രൂപയുടെ വിളവികസന പദ്ധതി നടപ്പിലാക്കിവരുന്നു:

| ക്രമ നമ്പർ | പദ്ധതി വിശദാംശങ്ങൾ | വിസ്തൃതി (ഹെക്ടറിൽ) | സബ്സിഡി (ഹെക്ടറിൽ) | തുക (ലക്ഷം) |
|---|---|---|---|---|
| 1 | വാഴകൃഷി(കന്ന്) വ്യാപനം | 6000 | 26,250 | 1575.00 |
| 2 | വാഴകൃഷി (ടി.സി) വ്യാപനം | 100 | 37,500 | 37.5 |
| 3 | പൈനാപ്പിൾ കൃഷി വ്യാപനം | 100 | 26,250 | 26.25 |
| 4 | മാവ് കൃഷി വ്യാപനം | 85 | 18,000 | 15.30 |
| 5 | ഹൈബ്രിഡ് പച്ചക്കറി കൃഷി വ്യാപനം | 4250 | 20,000 | 850.00 |
| 6 | ഇഞ്ചി കൃഷി വ്യാപനം | 500 | 12,000 | 60.00 |
| 7 | മഞ്ഞൾ കൃഷി വ്യാപനം | 200 | 12,000 | 24.00 |
| | ആകെ | | | 2588.05 |

ഈ പദ്ധതി വഴി പുതുതായി കൃഷിയിറക്കുന്നതിന് വിത്ത്/നടീൽ വസ്തുക്കൾ, മറ്റ് ഉത്പാദനോപാധികൾ എന്നിവ ലഭ്യമാക്കുന്നതാണ്.

ഇതിനു പുറമേ, 20 ഹെക്ടർ വീതമുള്ള 98 ക്ലസ്റ്ററുകളിലായി പി.കെ.വി.വൈ.. പദ്ധതി പ്രകാരം, ജൈവകൃഷിക്കായി ഈ വർഷം 7 കോടി രൂപ കൗൺസിലിന് അനുവദിച്ചിട്ടുണ്ട്. പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയുടെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് ജൈവോൽപ്പന്ന

സർട്ടിഫിക്കേഷൻ നൽകുന്നതിനുമാണ് ഈ തുക വിനിയോഗിക്കുന്നത്. കൗൺസിലിന്റെ കീഴിലുള്ള വിത്ത് ഉത്പാദക കർഷകർക്കുണ്ടായ നഷ്ടം പരിഹരിക്കുവാൻ, പ്രധാനമായും അടിസ്ഥാന സൗകര്യങ്ങൾ പുനഃസ്ഥാപിക്കുവാനായി ഹെക്ടറിന് 1.50 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വി.എഫ്.പി.സി.കെ. നടപ്പിലാക്കുന്ന പ്രത്യേക വായ്പാ പദ്ധതിയിൽപ്പെട്ട 8695 കർഷകർക്കായി ഏതാണ്ട് 75 കോടി രൂപയുടെ വായ്പയാണ് നിലവിലുള്ളത്. സർക്കാർ പ്രഖ്യാപിച്ച ആശ്വാസ പദ്ധതിയുടെ ഭാഗമായി ഇവർക്ക് തുക തിരിച്ചടവിന് ഒരു വർഷത്തെ മൊറട്ടോറിയവും പലിശയിളവും ലഭ്യമാക്കും.

നാഷണൽ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് വി.എഫ്.പി.സി.കെ. നേരിട്ടുനടത്തുന്ന വിള ഇൻഷ്വറൻസ് പദ്ധതിയിൽപ്പെട്ട 2936 കർഷകർക്ക് 4.3 കോടി രൂപയുടെ ഇൻഷ്വറൻസ് ക്ലെയിം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 1.5 കോടി രൂപയുടെ ശേഷിക്കുന്ന ക്ലെയിം തീർപ്പാക്കിവരുന്നു. പ്രളയത്തിൽ നഷ്ടം നേരിട്ട കൗൺസിലിന്റെ കീഴിലുള്ള സ്വാശ്രയ കർഷക സമിതികൾക്ക് അടിസ്ഥാന സൗകര്യങ്ങളുടെ പുനരുദ്ധാരണത്തിനും പദ്ധതി സഹായം ലഭ്യമാക്കുന്നുണ്ട്.

(ബി) വി.എഫ്.പി.സി.കെ.-യുടെ നേതൃത്വത്തിൽ ഇടുക്കി ജില്ലയിൽ ഒരു പച്ചക്കറി മാതൃകാ പഴന്തോട്ടം സ്ഥാപിക്കുന്നതിന് തത്വത്തിൽ ധാരണയായിട്ടുണ്ട്.

(സി) വി.എഫ്.പി.സി.കെ. പച്ചക്കറി വ്യാപന പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ സൂചിപ്പിക്കുന്ന പരമ്പരാഗത ഇനങ്ങളുടെ സംരക്ഷണവും വംശവർദ്ധനയും 2018-2019 സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിടുന്നു.

1. ആനക്കൊമ്പൻ വെണ്ട
2. വ്‌ളാത്താങ്കര ചീര
3. അഞ്ചൽ പയർ
4. ഉണ്ട മുളക്
5. വെള്ള കാന്താരി
6. കോടാലി മുളക്
7. നാടൻ പൊട്ടുവെള്ളരി
8. ആട്ടുകൊമ്പൻ അമര
9. കല്ലിങ്കൽ കോവൽ

10. ആലപ്പുഴ പട്ടുചീര
11. താമരക്കണ്ണൻ ചേമ്പ്
12. മരങ്ങാട്ടുപള്ളി വഴുതന
13. ആദിത്യപുരം പാവൽ
14. മലപ്പുണ്ട് വെളുത്തുള്ളി
15. സിലിണ്ടർ കൂർക്ക
16. നാടൻ നിത്യ വഴുതന
17. കക്കാട് പാവൽ
18. കുന്നുകര ചീര
19. തിരുവാണിയൂർ പടവലം
20. മറ്റത്തൂർ പച്ചചീര
21. വാഴയൂർ പാവൽ
22. കോട്ടായി വഴുതന
23. വിത്തിനശ്ശേരി വെണ്ട
24. എഡയൂർ മുളക്
25. വേങ്ങേരി വഴുതന
26. എടക്കര പയർ
27. തലക്കുളത്തൂർ കക്കിരി
28. കേളൂപയർ
29. കൊളക്കാടൻ പയർ
30. മട്ടന്നൂർ ലോക്കൽ വെള്ളരി
31. കണ്ണൂർ ചുരയ്ക്ക
32. കാസർഗോഡ് ലോക്കൽ പടവലം
33. ചുവപ്പുചുണ്ടൻ പയർ.

പരമ്പരാഗത നാടൻ പഴം-പച്ചക്കറി ഇനങ്ങളുടെ ജനിതക സംരക്ഷണവും കൃഷി വ്യാപനവും ലക്ഷ്യമിട്ട് വിപുലമായ പദ്ധതി നടപ്പിലാക്കുന്നതിന് കൗൺസിൽ ലക്ഷ്യമിടുന്നു. തെരഞ്ഞെടുക്കപ്പെട്ട കർഷകർ വഴി ഇവയുടെ വിത്തുൽപ്പാദനം നടത്തുകയും അവ സംഭരിച്ച് ഗുണമേന്മ ഉറപ്പാക്കി വിതരണം ചെയ്യുകയുമാണ് പ്രാഥമിക ലക്ഷ്യം. ഇതിനുമുന്നോടിയായി പൊട്ടു വെള്ളരി, കേളുപയർ, വേങ്ങേരി വഴുതന, ആലപ്പുഴ പട്ടുചീര, തലക്കുളത്തൂർ കക്കിരി എന്നിവയുടെ വിത്തുകൾ കർഷകരിൽനിന്നും ശേഖരിച്ച് വിതരണം ചെയ്തുതുടങ്ങിയിട്ടുണ്ട്.

## കാർഷിക മേഖലയുടെ അഭിവൃദ്ധി

21(3453) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പുസാമ്പത്തിക വർഷം കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) ഹൈടെക് അഗ്രികൾച്ചർ, ജൈവ കൃഷി പ്രോൽസാഹനം, സുജലം, സുഫലം പദ്ധതികൾ ഇവയിലൂടെ ഉദ്ദേശിച്ച പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ ഓരോന്നിലൂടെയും കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണ് വിശദമാക്കുമോ;

(സി) നെൽകൃഷിയുടെ വ്യാപനത്തിനും പ്രോൽസാഹനത്തിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്; ആയതിന്റെ അടിസ്ഥാനത്തിൽ നെല്ലുൽപ്പാദനത്തിൽ കൈവരിച്ച നേട്ടം വിശദമാക്കാമോ;

(ഡി) കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും, അവയിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) കാർഷിക മേഖലയുടെ ഉന്നമനത്തിനായി കൃഷി വകുപ്പ് 2018-2019 വർഷത്തിൽ പുതുതായി നടപ്പിലാക്കുന്ന പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

1. പരമ്പരാഗത ഇനങ്ങൾക്ക് പ്രചരണം നൽകുന്നതിനും പരിസ്ഥിതി സൗഹൃദ കൃഷി രീതികളിലൂടെ സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യ ഉത്പാദനത്തിനും ഊന്നൽനൽകിക്കൊണ്ടുള്ള സീറോ ബഡ്ജറ്റ് നാച്വറൽ ഫാമിംഗ്.

2. ജൈവ കൃഷിരീതികളെക്കുറിച്ച് കർഷകരുടെ കൃഷിയിടങ്ങളിൽത്തന്നെ പരിശീലനവും ബോധവൽക്കരണവും നടത്തുന്നതിനായി ഫാം സ്കൂളുകൾ.

3. ഉല്പാദനോപാധികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി കൺട്രോൾ എൻഫോഴ്സ്മെന്റ് വിഭാഗം പുതുതായി രൂപീകരിച്ച് പ്രവർത്തനം നടത്തുന്നതിനുള്ള പദ്ധതി.

4. കർഷകസഭയും ഞാറ്റുവേല ചന്തകളും

5. അട്ടപ്പാടി മില്ലറ്റ് വില്ലേജ് പദ്ധതിയുടെ കീഴിൽ കൂടുതൽ കൃഷി വികസന പദ്ധതികളും ചെറുധാന്യങ്ങളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണവും.

6. കൃഷി ഭവന്റെ പ്രവർത്തനങ്ങൾ സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കി കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.

7. ബയോഗ്യാസ് നിർമ്മാണത്തിന് കേന്ദ്രസഹായത്തിനുപുറമേ കൂടുതൽ ധനസഹായം നൽകുന്നതിനുള്ള പദ്ധതി.

8. കാർഷിക ഉല്പാദനത്തിൽ നൂതന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന കർഷക ഗ്രൂപ്പുകൾക്ക് ആധുനിക സാങ്കേതികവിദ്യകളും യന്ത്രങ്ങളും ഉപയോഗിച്ചുള്ള സംസ്കരണത്തിനും വിപണനത്തിനുമായി സഹായം നൽകുന്ന പദ്ധതി.

9. കേരളത്തിലെ കാർഷിക മേഖല നേരിട്ട കനത്ത പ്രളയത്തിനുശേഷം പുനരുജ്ജീവനത്തിനായി പുനർജനി എന്നപേരിലുള്ള പദ്ധതി.

കൂടാതെ കാർഷിക വിജ്ഞാന വ്യാപനത്തിനായി 2018-2019 സാമ്പത്തിക വർഷത്തിൽ വിവര സാങ്കേതികവിദ്യ മേഖലയുമായി ബന്ധപ്പെട്ട് പുതുതായി നടപ്പിലാക്കുന്ന പരിപാടികൾ ചുവടെ ചേർക്കുന്നു:

- SFAC – തത്സമയകൃഷിയിട പരിശീലന പരിപാടി
- കൃഷിവകുപ്പിന്റെ പുതിയ വെബ്സൈറ്റ് www.keralaagriculture.gov.in

  www.karshikakeralam.gov.in
- ആഷ സോഫ്റ്റ്‌വെയർ.

  www.asha.kerala.gov.in – Automation System for Agro Services and Hiring Centre Activities

- fms.kerala.gov.in
- SMART- System for Monitoring Agriculture Relief Transactions (Natural Calamity Relief Payment)
- വെർച്വൽ ക്ലാസ്സ് റൂം/വീഡിയോ കോൺഫറൻസ് സൗകര്യങ്ങൾ
- കൃഷി ഡാഷ്ബോർഡ്
- MIS(Management Information System)

(ബി) ഹൈടെക് അഗ്രികൾച്ചർ, ജൈവകൃഷി പ്രോത്സാഹനം, 'സുജലം സുഫലം' പദ്ധതികൾ ഇവയിലൂടെ ഉദ്ദേശിച്ച പുരോഗതി പൂർണ്ണമായും കൈവരിക്കാനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരികയാണ്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷനിലൂടെ നടപ്പിലാക്കുന്ന ഹൈടെക് ഫാമിംഗ് പദ്ധതിയിലൂടെ 1170 പോളിഹൗസുകൾ നിർമ്മിച്ചിട്ടുണ്ട്. പോളിഹൗസ് കർഷകർക്ക് പോളിഹൗസ് കൃഷിയിലുള്ള സാങ്കേതിക പരിജ്ഞാനത്തിന്റെ കുറവ് പരിഹരിക്കുന്നതിനുള്ള പ്രായോഗിക പരിശീലനം നൽകിയും വിപണന സൗകര്യം ഒരുക്കിയും പദ്ധതി ഉദ്ദേശിച്ച നേട്ടം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

2016-2017 സാമ്പത്തിക വർഷത്തിൽ ജൈവകൃഷി വ്യാപിപ്പിക്കുന്നതിനായി 841.43489 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി 12500 ഹെക്ടർ സ്ഥലത്തേയ്ക്ക് ജൈവ കൃഷി വ്യാപിപ്പിച്ചു. താഴെ കാണിച്ചിട്ടുള്ള ഘടകങ്ങൾ നടപ്പിലാക്കി.

1. ഉത്തമകൃഷിമുറകളിലൂന്നിയുള്ള പച്ചക്കറി കൃഷി ക്ലസ്റ്ററുകൾ (ജി.എ.പി. ക്ലസ്റ്റർ)
2. ജൈവവള യൂണിറ്റുകൾ
3. ഇക്കോ ഷോപ്പുകളും വിപണിയും
4. ഉത്പാദന ഇൻസെന്റീവ്
5. ജൈവകാർഷിക മണ്ഡലം അവാർഡ്
6. സുരക്ഷിത ഭക്ഷ്യ ഉത്പാദന പദ്ധതി (Safe to Eat)

2017-2018 സാമ്പത്തിക വർഷത്തിൽ ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനായി 1000.00 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾക്കാണ് അനുമതി ലഭിച്ചത്. 2017-2018 പദ്ധതി നടപ്പിലാക്കിയതോടുകൂടി 18000 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി സാദ്ധ്യമായിട്ടുണ്ട്. ആയതിന്റെ പ്രധാന ഘടകങ്ങൾ

ചുവടെ ചേർക്കുന്നു:

1. നല്ല മുറകളിലൂന്നിയുള്ള പച്ചക്കറി കൃഷി ക്ലസ്റ്ററുകൾ (ജി.എ.പി. ക്ലസ്റ്റർ)
2. ജൈവകാർഷിക മണ്ഡലം അവാർഡുകൾ
3. ജൈവ പച്ചക്കറി വിപണികൾ (ഇക്കോഷോപ്പുകൾ)
4. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം
5. കാസർഗോഡ് ജില്ലയിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ
6. നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ടുള്ള കുട്ടനാട്ടിലെ കൃഷി (കുട്ടനാട് ജി.എ.പി).

2018-2019 സാമ്പത്തിക വർഷം ജൈവകൃഷിയും ഉത്തമകൃഷിമുറകളും പദ്ധതിയിലൂടെ ഗണ്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. നാളിതുവരെ കൈവരിച്ച നേട്ടങ്ങളും നടപ്പ് സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങളും ചുവടെ ചേർക്കുന്നു:

1. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള ജൈവക്യഷി പ്രവർത്തനങ്ങൾ - ഓരോ ക്ലസ്റ്ററും 25 ഹെക്ടർ വരെയാണ് ഉൾക്കൊള്ളുന്നത്. ഇവയ്ക്ക് ഹെക്ടർ ഒന്നിന് 3,000 രൂപ ധനസഹായം നൽകുന്നു. ഇതുവരെ (2010-2018) 999 ജൈവ ക്ലസ്റ്ററുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. ഒരു ക്ലസ്റ്ററിന് 75,000 രൂപയാണ് ധനസഹായം നൽകുന്നത്. നടപ്പ് സാമ്പത്തിക വർഷം 251 പുതിയ ക്ലസ്റ്ററുകൾ അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ PKVY പദ്ധതി പ്രകാരമുള്ള 619 ജൈവ ക്ലസ്റ്ററുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 2018-2019 സാമ്പത്തിക വർഷത്തിൽ പുതുതായി 110 ക്ലസ്റ്ററുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

2. ഇക്കോഷോപ്പുകൾ - ജൈവ ക്ലസ്റ്ററുകളിൽ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങളും മറ്റ് ഉത്പാദനോപാധികളും വിപണനം ചെയ്യുന്നതിന് സംസ്ഥാനത്ത് 2017-2018 വരെ 214 ഇക്കോഷോപ്പുകൾ സ്ഥാപിച്ചു. നടപ്പ് സാമ്പത്തിക വർഷം 33 പുതിയ ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നു.

3. ജൈവ ഉത്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം - ക്ലസ്റ്ററുകൾ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിന് 30 ലക്ഷം രൂപ അനുവദിച്ചു.

4. കാസർഗോഡ് ജില്ലയിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ - കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവകൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി VFPCK മുഖാന്തരം പി.ജി.എസ്. സർട്ടിഫിക്കേഷൻ പ്രോഗ്രാം നടപ്പാക്കുന്നു. 1000 ഹെക്ടർ സ്ഥലത്ത് ഹെക്ടറിന് 6,000 രൂപ എന്ന ക്രമത്തിലാണ് ഇതിനായി ധനസഹായം നൽകുന്നത്.

5. സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലം അവാർഡ് - ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജകമണ്ഡലം (ഒന്നാം സമ്മാനം 15 ലക്ഷം രൂപ), കോർപ്പറേഷൻ (ഒന്നാം സമ്മാനം 3 ലക്ഷം രൂപ), മുനിസിപ്പാലിറ്റി (ഒന്നാം സമ്മാനം 3 ലക്ഷം രൂപ), ഗ്രാമപഞ്ചായത്ത് ജില്ലാ തലത്തിൽ (ഒന്നാം സമ്മാനം 3 ലക്ഷം രൂപ) എന്നിങ്ങനെ മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ നൽകുന്നു. ഇതിനായി 63 ലക്ഷം രൂപയാണ് വിനിയോഗിക്കുന്നത്.

6. കുട്ടനാട് GAP പദ്ധതി - കുട്ടനാട്ടിൽ സുസ്ഥിര ജൈവ നെൽകൃഷി നടപ്പിലാക്കുന്നതിനും കുട്ടനാടിനെ പ്രത്യേക കാർഷിക മേഖലയാക്കുന്നതിനും ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ 27750 ഹെക്ടർ സ്ഥലത്തെ പാടശേഖരത്തിലാണ് ഈ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. ഇതിനായി 100 ലക്ഷം രൂപ ചെലവഴിക്കുന്നതിന് ലക്ഷ്യമിടുന്നു. കുട്ടനാട്ടിലെ വരിനെല്ലിന്റെ നിയന്ത്രണം, കുട്ടനാട് കരിമണ്ണിന്റെ പരിപാലനം, ജൈവ ഉപാധികളുടെ നിർമ്മാണം, കള നിയന്ത്രണം, മാർക്കറ്റ് ഇന്റർവെൻഷൻ, മറ്റ് ജൈവകാർഷിക മുറകൾ ഉൾപ്പെട്ട ഡോക്യുമെന്റേഷനുകൾ, പരിശീലനം എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

7. അവശിഷ്ട വിഷാംശ പരിശോധന - സംസ്ഥാന കൃഷി വകുപ്പ് പഴം-പച്ചക്കറികളിൽ സേഫ് റ്റു ഈറ്റ് എന്ന പദ്ധതി ഘടകം പ്രകാരം വെള്ളായണി കാർഷിക കോളേജിലെ "കീടാനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽനിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബിൽ പരിശോധിക്കുകയും പരിശോധനാ ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്പോർട്ടൽ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ വഴി അന്യസംസ്ഥാന വിഷലിപ്ത പച്ചക്കറികളുടെ ഉപയോഗത്തിന് ഒരു പരിധിവരെ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്.

കൂടാതെ ഹോർട്ടികൾച്ചർ കോളേജ് വെള്ളാണിക്കര (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നീ സ്ഥാപനങ്ങളിലും കീടനാശിനി അവശിഷ്ട പരിശോധന ലാബ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

8. സീറോ ബഡ്ജറ്റ് നാച്വറൽ ഫാമിംഗ് - " സീറോ ബഡ്ജറ്റ് നാച്വറൽ ഫാമിംഗ് " എന്ന പുതിയ കൃഷി രീതി കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതിലൂടെ സുസ്ഥിര കൃഷി ചെലവു കുറഞ്ഞ രീതിയിൽ നടപ്പാക്കുന്നതിനും കർഷകരെ സജ്ജമാക്കുന്നതിന് സീറോ ബഡ്ജറ്റ് നാച്വറൽ ഫാമിംഗിന്റെ പ്രയോക്താവായ പത്മശ്രീ. സുഭാഷ് പലേക്കറിനെ ഉൾപ്പെടുത്തി ശില്പശാല സംഘടിപ്പിക്കുകയുണ്ടായി.

9. ഫാം സ്കൂൾ & കർഷകർക്കുള്ള പരിശീലനങ്ങൾ - ജൈവകൃഷി രീതി കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുംവേണ്ടി ഫാം സ്കൂളുകൾ, കർഷകർക്കുള്ള പരിശീലന പരിപാടികൾ എന്നിവ നടപ്പിലാക്കുന്നു. ഈ വർഷം ജൈവ കൃഷി സംബന്ധിച്ച് 76 ഫാം സ്കൂളുകൾ സംസ്ഥാനത്തുടനീളം പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

10. പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ..) - ഇതൊരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. 60:40 അനുപാതത്തിൽ കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് ജൈവകൃഷി വ്യാപനം നടത്തുന്ന പദ്ധതിയാണിത്. മൂന്ന് വർഷം തുടർച്ചയായി നടപ്പാക്കുന്ന ഈ പദ്ധതിയിൽ ക്ലസ്റ്ററൊന്നിന് 14.95 ലക്ഷം രൂപയാണ് ധനസഹായം. കർഷകർക്കുള്ള ബോധവൽക്കരണം, ക്ലസ്റ്റർ അംഗങ്ങൾക്കുള്ള പരിശീലന പരിപാടികൾ, ജൈവ ഉത്പാദനോപാധികളുടെ നിർമ്മാണം, ജൈവവളം, ജൈവ കീടനാശിനികൾ എന്നിവയുടെ ഉല്പാദനം, മണ്ണ് പരിശോധന, പി.ജി.എസ്. സർട്ടിഫിക്കേഷൻ, ഓർഗാനിക് മേളകൾ, മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുക ഇവയാണ് പ്രധാന പ്രവർത്തനങ്ങൾ. 12380 ഹെക്ടർ സ്ഥലത്ത് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

ജൈവ കൃഷിരീതിക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള ഹരിത കേരള മിഷന്റെ ഒരു ഉപദൗത്യമാണ് 'സുജലം സുഫലം'. താഴെപ്പറയുന്ന നേട്ടങ്ങൾ പ്രസ്തുത ഉപമിഷനിലൂടെ സാധിച്ചിട്ടുണ്ട്.

1. വർഷങ്ങളായി കൃഷി നടത്താതിരുന്ന തരിശ് പാടശേഖരങ്ങളിൽ കൃഷി ഇറക്കുവാൻ സാധിച്ചു. മെത്രാൻ കായൽ, ആറൻമുള പാടശേഖരം, തൊടിയൂർ വട്ടകായൽ, കല്ലറ, കടത്തുരുത്തി, ആവളപ്പാണ്ടി, മയ്യിൽ (കീഴളം), പുന്നയൂർ തുടങ്ങിയവ ഉദാഹരണങ്ങളാണ്.

2. പച്ചക്കറി ഉത്പാദനം വർദ്ധിപ്പിച്ചു. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് പച്ചക്കറി തൈകളും പച്ചക്കറി കിറ്റുകളും സൗജന്യമായി വിതരണം നടത്തുകയും മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കാൻ ഗ്രോബാഗുകൾ വിതരണം നടത്തുകയും അവ പരിപാലിക്കുന്നതിന് പരിശീലനവും നൽകി. 2017-2018 വർഷത്തിൽ 10.01 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉത്പാദിപ്പിക്കാൻ സാധിച്ചു.

3. രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം പരമാവധി കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അനുവർത്തിച്ചു. പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തി. ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ (Safe to eat) ഉത്പാദനം വർദ്ധിപ്പിക്കുകയും ചെയ്തു.

(സി) സംസ്ഥാന സർക്കാരിന്റെ "നെൽകൃഷി വികസന പദ്ധതി" , കേന്ദ്രാവിഷ്കൃത പദ്ധതിയായ "രാഷ്ട്രീയ കൃഷി വികാസ് യോജന" യുടെ ഭാഗമായ "പ്രൊഡക്റ്റിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പ്രകാരമുള്ള ആനുകൂല്യങ്ങൾ സംസ്ഥാനത്തെ മുഴുവൻ നെൽകർഷകർക്കും നൽകുന്നു. "ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി " പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്നുണ്ട്. ഇതിനുപുറമേ "വയനാട് പാക്കേജിലെ" ഒരു ഘടകമായി ജില്ലയിലെ സുഗന്ധ നെല്ലിനങ്ങളുടെ വികസനത്തിനുള്ള പദ്ധതിയും "പ്രത്യേക കാർഷിക മേഖലാ" പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

നെൽകൃഷി വികസന പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷി വികസനത്തിന് ഹെക്ടർ ഒന്നിന് 5,500 രൂപയും സവിശേഷ നെല്ലിനങ്ങളുടെ വികസനത്തിനു 10,000 രൂപയും ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിനു 10,000 രൂപയും കരനെൽകൃഷിക്ക് 13,600 രൂപയും ധനസഹായമായി നൽകും. തരിശ് നിലത്തിലെ കൃഷിക്ക് ഹെക്ടർ ഒന്നിന് ഒന്നാം വർഷം 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയുമാണ് ധനസഹായം നൽകുന്നത്. ഇതിനുപുറമേ നഗരപ്രദേശത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള നെൽകൃഷി വികസനത്തിനുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും റൈസ് ഇന്നൊവേഷൻ ഫണ്ട് പ്രകാരമുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും നൽകുന്നുണ്ട്.

രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പദ്ധതി പ്രകാരം ഹെക്ടർ ഒന്നിന് 4,500 രൂപയുടെ ധനസഹായം നൽകും.

ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം 100 ഹെക്ടർ വിസ്തൃതിയുള്ള ക്ലസ്റ്ററുകളിൽ വിവിധ പ്രദർശനത്തോട്ടങ്ങൾ ചെയ്യുന്നതിന് ഹെക്ടർ ഒന്നിന് 9,000 രൂപ ധനസഹായം നൽകും. ക്രോപ്പിംഗ് സിസ്റ്റം പ്രദർശനത്തോട്ടത്തിന് ഹെക്ടർ ഒന്നിന് 15,000 രൂപയും ഹൈബ്രിഡ് വിത്തുപയോഗിക്കുന്നതിന് ഒരു ക്വിന്റലിന് 10,000 രൂപയും റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ താഴെയുള്ള അത്യുത്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 2,000 രൂപയും റിലീസ്

ചെയ്തിട്ട് 10 വർഷത്തിൽ കൂടുതലായ അത്യുത്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 1,000 രൂപയും ലഭിക്കും. സൂക്ഷ്മമൂലക വളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കുമ്മായ വസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1,000 രൂപയും കീടനാശിനി/ജൈവ കീടനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കളനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും ആനുകൂല്യം നൽകും. മരുന്ന് തളിക്കുന്നതിനുള്ള സ്പ്രേയറിന് 600 രൂപയും പവർ സ്പ്രേയറിന് 3,000 രൂപയും വിന്നോവറിന് 10,000 രൂപയുമാണ് സബ്സിഡി നൽകുക. പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് 10,000 രൂപ സബ്സിഡി നൽകും.

സംസ്ഥാനത്ത് നെൽകൃഷിക്ക് അനുയോജ്യ കാർഷിക കാലാവസ്ഥയുള്ള പ്രദേശങ്ങളെ നെൽകൃഷിയുടെ പ്രത്യേക കാർഷിക മേഖലകളാക്കി കണക്കാക്കി അവിടെയുള്ള സ്രോതസ്സുകളും സാധ്യതകളും പരിമിതികളും പരിഗണിച്ച് വിത്ത് മുതൽ വിപണി വരെയുള്ള എല്ലാ ഭൗതിക സാമ്പത്തിക സാഹചര്യങ്ങളും സജ്ജമാക്കി പരമാവധി ഉല്പാദനം കൈവരിക്കുവാനും ഉല്പന്നത്തിന്റെ മെച്ചപ്പെട്ട കൈകാര്യത്തിലൂടെയും മൂല്യവർദ്ധനനവിലൂടെയും മെച്ചപ്പെട്ട വിപണന സംവിധാനത്തിലൂടെയും കർഷകർക്ക് പരമാവധി വരുമാനം ലഭ്യമാക്കാനുമായി ഏഴ് പ്രത്യേക കാർഷിക മേഖലയ്ക്കുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളും നടപ്പിലാക്കുന്നു.

കാർഷിക ഉപകരണങ്ങൾ, യന്ത്രങ്ങൾ എന്നിവ സബ്സിഡിയോടെ കർഷകർക്ക് ലഭിക്കുന്നതിനും കേന്ദ്രാവിഷ്കൃത പദ്ധതിയായ "സബ്മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ സ്കീമും (എസ്.എം.എ.എം.)" നിലവിലുണ്ട്.

2015-2016 സാമ്പത്തിക വർഷം 196870 ഹെക്ടർ സ്ഥലത്തെ നെൽകൃഷിയിൽനിന്നും 549275 ടൺ അരി ഉത്പാദിപ്പിച്ച സ്ഥാനത്ത് 2017-2018 സാമ്പത്തിക വർഷം 220449 ഹെക്ടർ നെൽകൃഷിയും 617260 ടൺ അരി ഉത്പാദനവും ഉണ്ടായതായാണ് കൃഷി വകുപ്പിന്റെ കണക്ക്.

(ഡി) കാർഷിക വിഭവങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണത്തിനായി എസ്.എഫ്.എ.സി. 2012-2013 മുതൽ 2015-2016 വർഷങ്ങളിലായി കേരളത്തിലെ വിവിധ ജില്ലകളിലായി തേങ്ങ, ചക്ക, മാങ്ങ, വാഴപ്പഴം, സുഗന്ധദ്രവ്യങ്ങൾ, മറ്റു പഴവർഗ്ഗങ്ങൾ എന്നിവയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ 42 സംരംഭകർക്ക് 40% സബ്സിഡി നിരക്കിൽ 1.15 കോടി രൂപ ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു. 2018-2019 വർഷത്തിൽ 6 കോടി രൂപ വിവിധ സംരംഭങ്ങൾക്കായി ധനസഹായം നൽകുന്നതിനുള്ള തുക അനുവദിച്ചിട്ടുണ്ട്. ഈ തുക കൊണ്ട് 50% സബ്സ്ഡി നിരക്കിൽ 18 സംരംഭകർക്ക് ധനസഹായം നൽകുന്നു. കൂടാതെ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ സംരംഭങ്ങൾ തുടങ്ങുന്നതിനായി സംരംഭകർക്ക് വിവിധ പരിശീലന പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. 2016 വർഷം മുതൽ വൈഗ എന്ന

പേരിൽ അന്തർദ്ദേശീയ തലത്തിലുള്ള കാർഷിക മേളയും പ്രദർശനവും സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ കേരള കാർഷിക സർവ്വകലാശാലയുടെ സംസ്ഥാനത്തുടനീളമുള്ള ഗവേഷണ കേന്ദ്രങ്ങൾ, കൃഷിവിജ്ഞാന കേന്ദ്രങ്ങൾ, കോളേജുകൾ എന്നിവിടങ്ങളിൽ പഴം, പച്ചക്കറികൾ, സുഗന്ധവ്യഞ്ജന വിളകൾ, നാളികേരം, ഔഷധ സസ്യങ്ങൾ എന്നീ കാർഷിക വിളകളെല്ലാം മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിച്ച് കർഷക പൊതുസമൂഹത്തിനും വിതരണം ചെയ്തുവരുന്നുവെന്ന് കാർഷിക സർവ്വകലാശാലയും അറിയിച്ചിട്ടുണ്ട്.

കാർഷിക ഉത്പന്നങ്ങൾ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റുന്നതിനും കർഷകരെ സഹായിക്കുന്നതിനുമായി വിവിധ കാർഷിക വിളകളായ തെങ്ങ്, നെല്ല്, വാഴ, തേൻ, പച്ചക്കറി, സുഗന്ധവ്യഞ്ജനങ്ങൾ മുതലായവയ്ക്ക് 5 അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ കോക്കനട്ട് അഗ്രോപാർക്ക് കോഴിക്കോട് ജില്ലയിൽ കൂത്താളി ഫാമിലും, വേങ്ങേരി കാർഷിക മൊത്ത വ്യാപാര വിപണന കേന്ദ്രത്തിലും ബനാന-ഹണി അഗ്രോപാർക്ക് തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിലും, വെജിറ്റബിൾ അഗ്രോപാർക്ക് ഇടുക്കി ജില്ലയിലെ പഴത്തോട്ടത്തിലുമാണ് ആരംഭിക്കുന്നത്. കർഷകരുടെ ഉത്പന്നങ്ങൾക്ക് മാന്യമായ വരുമാനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇത് നടപ്പിലാക്കുന്നത്.

22-6-2027-ലെ സ.ഉ.(സാധാ) നമ്പർ625/2017 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അഗ്രോപാർക്കുകൾ നടപ്പാക്കുന്നതിന് കെയ്കോയെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 1-1-2018-ലെ സ.ഉ.(എം.എസ്)നമ്പർ1/2018 കൃഷി നമ്പർ ഉത്തരവ് പ്രകാരം 100.13 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

**കാർഷിക കടാശ്വാസ കമ്മീഷൻ**

22(3454) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ കാർഷിക കടാശ്വാസ കമ്മീഷൻ സിറ്റിംഗിലൂടെ എത്ര തുക അവാർഡായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഫലമായി എത്ര കർഷകർക്കു ഗുണം ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2016-2017 സാമ്പത്തിക വർഷത്തിൽ 7480 കർഷകർക്ക് 20,00,00,000 രൂപയും 2017-2018 സാമ്പത്തിക വർഷത്തിൽ 7949 കർഷകർക്ക് 19,76,64,765 രൂപയും അനുവദിച്ചുനൽകിയിട്ടുണ്ട്.

## ആലത്തൂരിൽ ഉരുൾപൊട്ടൽമൂലം ഭൂമി നഷ്ടപ്പെട്ടവർക്ക് എസ്.ഡി.ആർ.എഫ്.-ൽ നിന്നുള്ള സഹായം

23(3455) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉരുൾപൊട്ടൽമൂലം ഭൂമിയും മറ്റും നഷ്ടപ്പെട്ടവർക്ക് നൽകുന്ന എസ്.ഡി.ആർ.എഫ്.-ൽ നിന്നുള്ള സഹായം ഒരു ഹെക്ടറിന് എത്ര രൂപ വീതമാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ആലത്തൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിന്റെ പരിധിയിൽ ഉൾപ്പെട്ട കിഴക്കഞ്ചേരി, ആലത്തൂർ പഞ്ചായത്തുകൾക്ക് പ്രസ്തുത ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഗുണഭോക്താക്കൾക്ക് അതെപ്പോൾ ലഭ്യമാകുമെന്ന് അറിയിക്കാമോ;

(ഡി) എത്ര രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒരു ഹെക്ടറിന് 37,500 രൂപ നിരക്കിലാണ് അനുവദിക്കുന്നത്.

(ബി&സി) ആനുകൂല്യം നൽകുന്നതിനാവശ്യമായ തുക എസ്.ഡി.ആർ.എഫ്. ആയി ലഭ്യമാണ്. ലഭിച്ച 17 അപേക്ഷകൾ വാല്യുവേഷനുവേണ്ടി മലമ്പുഴ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ട്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും മൂല്യനിർണ്ണയം അടിയന്തരമായി ലഭ്യമാക്കി ഈ മാസം തന്നെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി)

| പഞ്ചായത്ത് | ഏരിയ | നാശനഷ്ടതുക |
|---|---|---|
| ആലത്തൂർ | 4.46 ഹെക്ടർ | 10,00,000 |
| കിഴക്കഞ്ചേരി | 1 ഹെക്ടർ | 2,00,000 |

## ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ

24(3456) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് കൃഷി വകുപ്പ് മുഖാന്തരം നടത്തിവരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഷൊർണ്ണൂർ മണ്ഡലത്തിൽ ജൈവകൃഷിയുമായി ബന്ധപ്പെട്ട എന്തെല്ലാം പദ്ധതികളാണ് പുതിയതായി ആവിഷ്കരിച്ചിട്ടുള്ളതെന്നും എന്തെല്ലാം പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ളതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ചുവടെ വിശദമാക്കുന്ന ഘടകങ്ങൾ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

1. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള ജൈവ കാർഷിക പ്രവർത്തങ്ങൾ

   ഓരോ ക്ലസ്റ്ററുകളും 25 ഹെക്ടർ വരെയാണ് ഉൾക്കൊള്ളുന്നത്. ഇവയ്ക്ക് ഹെക്ടർ ഒന്നിന് 3,000 രൂപ ധനസഹായം നൽകുന്നു. നടപ്പു സാമ്പത്തിക വർഷം 251 ക്ലസ്റ്ററുകളിൽ പദ്ധതി നടപ്പിലാക്കുന്നതാണ്.

   ഇതിനുപുറമേ കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.കെ.വി.വൈ.. പദ്ധതി പ്രകാരമുള്ള 619 ക്ലസ്റ്ററുകൾ 12380 ഹെക്ടറിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ 2018-19 സാമ്പത്തിക വർഷം പുതുതായി 110 ക്ലസ്റ്ററുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

2. ഇക്കോഷോപ്പുകൾ- ജൈവ ക്ലസ്റ്ററുകളിൽ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങളും മറ്റ് ഉത്പാദനോപാധികൾ എന്നിവയുടെ വിപണനത്തിനായി ഇക്കോഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു. പുതുതായി ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിന് 2 ലക്ഷം രൂപയും കഴിഞ്ഞ വർഷം സ്ഥാപിച്ച ഇക്കോഷോപ്പുകൾക്ക് 1 ലക്ഷം രൂപ വീതവുമാണ് ധനസഹായം നൽകുന്നത്. 2017-2018 വരെ സംസ്ഥാനത്ത് 214 ഇക്കോഷോപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്.

3. ജൈവ ഉത്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം - ക്ലസ്റ്ററുകൾ ഉത്പാദിപ്പിക്കുന്ന ജൈവ ഉത്പന്നങ്ങൾ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിന് ഇതിനോടകം 32 നേരിട്ടുള്ള വിപണികൾ സ്ഥാപിച്ചിട്ടുണ്ട്.

4. കാസർഗോഡ് ജില്ലയിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ - കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവകൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ മുഖാന്തരം പി.ജി.എസ്. സർട്ടിഫിക്കേഷൻ പ്രോഗ്രാം നടത്തുന്നതിന് ഹെക്ടറിന് 6,000 രൂപ ക്രമത്തിൽ ധനസഹായം നൽകിവരുന്നു.

5. കുട്ടനാട് GAP പദ്ധതി - കുട്ടനാട്ടിൽ സുസ്ഥിര ജൈവ കൃഷി നടപ്പിലാക്കുന്നതിനും കുട്ടനാടിനെ പ്രത്യേക കാർഷിക മേഖലയാക്കുന്നതിനും ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്. ആലപ്പുഴ, കോട്ടയം പത്തനംതിട്ട ജില്ലകളിലെ 27750 ഹെക്ടർ സ്ഥലത്തെ പാടശേഖരത്തിലാണ് ഈ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. കുട്ടനാട്ടിലെ വരിനെല്ലിന്റെ നിയന്ത്രണം, കുട്ടനാട് കരിമണ്ണിന്റെ പരിപാലനം, ജൈവ ഉപാധികളുടെ നിർമ്മാണം, കള നിയന്ത്രണ പരിശീലന പരിപാടികൾ, സംയോജിത കീട നിയന്ത്രണം എന്നിവയാണ് പ്രധാനമായും നടപ്പാക്കുന്നത്.

6. സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലം അവാർഡ് - ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജക മണ്ഡലം (ഒന്നാം സമ്മാനം 15 ലക്ഷം രൂപ), കോർപ്പറേഷൻ(ഒന്നാം സമ്മാനം 3 ലക്ഷം രൂപ), മുനിസിപ്പാലിറ്റി(ഒന്നാം സമ്മാനം 3 ലക്ഷം രൂപ), ഗ്രാമപഞ്ചായത്ത് ജില്ലാ തലത്തിൽ (ഒന്നാം സമ്മാനം 3 ലക്ഷം രൂപ) എന്നിങ്ങനെ മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ നൽകുന്നു.

7. അവശിഷ്ട വിഷാംശ പരിശോധന - സംസ്ഥാന കൃഷി വകുപ്പ് പഴം-പച്ചക്കറികളിൽ സേഫ് റ്റു ഈറ്റ് എന്ന പദ്ധതി ഘടകം പ്രകാരം വെള്ളായണി കാർഷിക കോളേജിലെ "കീടാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽനിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബിൽ പരിശോധിക്കുകയും പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ വഴി അന്യസംസ്ഥാന വിഷലിപ്ത പച്ചക്കറികളുടെ ഉപയോഗത്തിന് ഒരു പരിധി വരെ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഹോർട്ടികൾച്ചർ കോളേജ് വെള്ളാണിക്കര (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നീ സ്ഥാപനങ്ങളിലും

കീടനാശിനി അവശിഷ്ട പരിശോധന ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

8. സീറോ ബഡ്ജറ്റ് നാച്വറൽ ഫാമിംഗ് - " സീറോ ബഡ്ജറ്റ് നാച്വറൽ ഫാമിംഗ് " എന്ന പുതിയ കൃഷി രീതി കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതിലൂടെ സുസ്ഥിര കൃഷി ചെലവു കുറഞ്ഞ രീതിയിൽ നടപ്പാക്കുന്നതിനും കർഷകരെ സജ്ജമാക്കുന്നതിന് സീറോ ബഡ്ജറ്റ് നാച്വറൽ ഫാമിംഗിന്റെ പ്രയോക്താവായ പത്മശ്രീ. സുഭാഷ് പലേയ്ക്കറിനെ ഉൾപ്പെടുത്തി ശില്പശാല സംഘടിപ്പിക്കുകയുണ്ടായി.

9. ഫാം സ്കൂൾ & കർഷകർക്കുള്ള പരിശീലനങ്ങൾ - ജൈവ കൃഷിരീതി കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുംവേണ്ടി ഫാം സ്കൂളുകൾ, കർഷകർക്കുള്ള പരിശീലന പരിപാടികൾ എന്നിവ നടപ്പിലാക്കുന്നു. ഈ വർഷം ജൈവ കൃഷി സംബന്ധിച്ച് 76 ഫാം സ്കൂളുകൾ സംസ്ഥാനത്തുടനീളം പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

10. പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ..) - ഇതൊരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. 60:40 അനുപാതത്തിൽ കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് ജൈവകൃഷി വ്യാപനം നടത്തുന്ന പദ്ധതിയാണിത്. മൂന്ന് വർഷം തുടർച്ചയായി നടപ്പാക്കുന്ന ഈ പദ്ധതിയിൽ ക്ലസ്റ്റർ ഒന്നിന് 14.95 ലക്ഷം രൂപയാണ് ധനസഹായം. കർഷകർക്കുള്ള ബോധവൽക്കരണം, ക്ലസ്റ്റർ അംഗങ്ങൾക്കുള്ള പരിശീലന പരിപാടികൾ, ജൈവഉത്പാദനോപാധികളുടെ നിർമ്മാണം, ജൈവവളം, ജൈവ കീടനാശിനികൾ എന്നിവയുടെ ഉല്പാദനം, മണ്ണ് പരിശോധന, പി.ജി.എസ്. സർട്ടിഫിക്കേഷൻ, ഓർഗാനിക് മേളകൾ, മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുക ഇവയാണ് പ്രധാന പ്രവർത്തനങ്ങൾ.12380 ഹെക്ടർ സ്ഥലത്ത് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

(ബി) ഷൊർണ്ണൂർ മണ്ഡലത്തിൽ ജൈവകൃഷിയുമായി ബന്ധപ്പെട്ട് ലക്കിടി, പേരൂർ, ചളവറ കൃഷി ഭവൻ പ്രദേശത്ത് ജൈവകൃഷി പ്രവർത്തനങ്ങൾക്കായി 25 ഹെക്ടർ വീതമുള്ള രണ്ട് ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. കർഷകർക്ക് വിവിധ മാതൃകാ കൃഷിയിടങ്ങൾ സന്ദർശിക്കുന്നതിനായുള്ള പരിപാടികൾക്കായി 20,000 രൂപ ചെലവഴിച്ചു. കാർഷിക ഉത്പന്നങ്ങളുടെ വിപണനത്തിനായി വാണിയംകുളം കൃഷിഭവൻ പരിധിയിലും അനങ്ങനടി കൃഷി ഭവൻ പരിധിയിലും ഓരോ ഇക്കോഷോപ്പ് പ്രവർത്തിച്ചുവരുന്നു. കൂടാതെ വാണിയംകുളം കൃഷി ഭവൻ പരിധിയിൽ പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി 50 ഏക്കർ സ്ഥലത്ത് ജൈവകൃഷി നടന്നുവരുന്നു.

ആയതിന്റെ ഭാഗമായി ജൈവ ഉത്പാദനോപാധികളുടെ നിർമ്മാണം, ജൈവവളം, ജൈവ കീടനാശിനികൾ എന്നിവയുടെ ഉത്പാദനം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 17,85,000 രൂപ ചെലവഴിച്ചു. അനങ്ങനടി കൃഷി ഭവൻ ഇക്കോഷോപ്പിന്റെ തുടർപ്രവർത്തനം, രണ്ട് ക്ലസ്റ്ററുകളുടെ രൂപീകരണം, ഫാം സ്കൂൾ, കർഷകർക്കുള്ള പരിശീലന പരിപാടികൾ, മാതൃകാ കൃഷിയിടങ്ങൾ സന്ദർശിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 2018-2019 വർഷം 3,35,000 രൂപയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കൂടാതെ ഷൊർണ്ണൂർ മണ്ഡലത്തിൽ ജൈവകൃഷിയുമായി ബന്ധപ്പെട്ട് വാണിയംകുളം സ്വാശ്രയ കർഷക സമിതിയുടെ കീഴിൽ ജൈവകൃഷിയോട് ആഭിമുഖ്യമുള്ള കർഷകരെ ചേർത്ത് ഒരു പി.ജി.എസ്. ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. ഇവർ പി.ജി.എസ്. മാനദണ്ഡങ്ങൾക്കനുസൃതമായി 5 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തുവരുന്നു.

## പച്ചക്കറി ഉത്പാദനം

25(3457) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി കൃഷി വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; ഉത്പന്നങ്ങളുടെ വിപണനം നടത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇടവിള കൃഷിക്കായി എന്തെല്ലാം സഹായങ്ങളാണ് കർഷകർക്കായി നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(സി) പൂർണ്ണമായും ജൈവകൃഷി നടപ്പിലാക്കുന്നതിന് കൃഷിവകുപ്പിന് പദ്ധതിയുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഭാഗമായി കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുകയെന്ന് വിശദീകരിക്കുമോ?

### <u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത നേടുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് കൃഷി വകുപ്പ് നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. ഈ പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കർഷകർക്ക് കൃഷിക്കാവശ്യമായ എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ വിവിധ ഘടകങ്ങൾ

വിജയകരമായി നടപ്പാക്കുക വഴി ഓരോ വർഷത്തിലും പച്ചക്കറി കൃഷിയുടെ വിസ്തീർണ്ണം കൂട്ടുന്നതിനും അതുവഴി പച്ചക്കറിയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം 2018-2019 വർഷം 80 കോടി രൂപയാണ് പച്ചക്കറി കൃഷിക്ക് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ളത്. സ്കൂൾ വിദ്യാർത്ഥികൾ, വീട്ടമ്മമാർ, സന്നദ്ധ സംഘടനകളുടെയും റസിഡന്റ്സ് അസോസിയേഷനുകളുടെയും അംഗങ്ങൾ, കർഷകർ എന്നിവർ ഈ പദ്ധതിയുടെ വിജയത്തിൽ പങ്കാളികളാകുന്നതാണ്. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, മട്ടുപ്പാവ് കൃഷി പ്രോത്സാഹനം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി, പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവൽക്കരണം, പ്രചരണം, ക്ലസ്റ്ററുകൾക്ക് പച്ചക്കറി കൃഷി ചെയ്യുന്നതിന് സഹായം അവാർഡ് നൽകി മികച്ച കർഷകരെ പ്രോത്സാഹിപ്പിക്കൽ, സൂക്ഷ്മ മൂലകങ്ങളുടെ ഉപയോഗം, എ ഗ്രേഡ് ക്ലസ്റ്റർ പ്രോത്സാഹനം, ബ്ലോക്ക് തല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം, ബ്ലോക്ക് തല നഴ്സറികളുടെ വികസനം, മഴ മറകൾ സ്ഥാപിക്കൽ, സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വളപ്രയോഗവും, തരിശുനില കൃഷിക്ക് ധനസഹായും മാധ്യമങ്ങൾ വഴിയുള്ള വിത്തു വിതരണം, എൻ.ജി.ഒ.-കൾ മുഖേന പച്ചക്കറി വിത്ത് നൽകൽ എന്നീ ഘടകങ്ങളാണ് ഈ പദ്ധതി മുഖേന നടപ്പിലാക്കുന്നത്.

സ്ഥലപരിമിതിമൂലം കൃഷി ചെയ്യാൻ സാധിക്കാത്ത പട്ടണവാസികൾക്കായി അതിനുള്ള എല്ലാ സഹായങ്ങളും പച്ചക്കറി വികസന പദ്ധതി പ്രകാരം നൽകിവരുന്നു. ഇതിനായി ടി പദ്ധതിയിൽ മട്ടുപ്പാവ് കൃഷി എന്ന ഘടകമായി ഉൾപ്പെടുത്തി വിവിധ പച്ചക്കറി വിത്തുകൾ മുളപ്പിച്ച ഗ്രോബാഗ് യൂണിറ്റുകൾ നൽകുന്നുണ്ട്. കൂടാതെ താഴെപ്പറയുന്നവകൂടി 2018-19 -ൽ പദ്ധതി ഘടകങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

- ഓണത്തിന് ഒരു മുറം പച്ചക്കറി
- അർബൻ ക്ലസ്റ്റർ പ്രോത്സാഹനവും മാലിന്യ സംസ്കരണവും
- ജില്ലാതല ക്ലസ്റ്റർ പ്രോത്സാഹനം
- മഴമറ
- സ്ഥാപനങ്ങളിലെ പച്ചക്കറി കൃഷി
- സൂക്ഷ്മ ജലസേചനം
- ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം

- പരമ്പരാഗത വിത്തിനങ്ങളുടെ ഉത്പാദനം
- ഭൗമസൂചികാ രജിസ്ട്രേഷൻ
- ബഹുവർഷ പച്ചക്കറി തൈകളുടെ വിതരണം
- ബഹുവർഷ പച്ചക്കറികളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി
- അഗ്രോസർവ്വീസ് സെന്ററുകൾ വഴി പരമ്പരാഗത പച്ചക്കറി ഇനങ്ങൾ, മറ്റു തൈകൾ എന്നിവ ഉത്പാദിപ്പിക്കുന്ന പദ്ധതി
- മിനി പോളീഹൗസ്
- ഊർജ്ജരഹിത ശീതീകരണ യൂണിറ്റുകൾ (സീറോ എനർജി കൂൾ ചേംബർ)
- ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം
- കൃഷിയിടങ്ങളിൽ ബയോകൺട്രോൾ ഏജന്റ് നിർമ്മാണം
- നഴ്സറി
- സൂപ്പർ ക്ലസ്റ്റർ
- ബ്ലോക്ക് തല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം

(ബി) കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പച്ചക്കറി വികസന പദ്ധതിയിൽ ഇടവിള കൃഷിക്കായി കർഷകർക്ക് ധനസഹായം നൽകിവരുന്നുണ്ട്. ഇതിൻ പ്രകാരം ക്ലസ്റ്ററുകൾ വഴി പച്ചക്കറി കൃഷി നടപ്പിലാക്കുന്ന ഘടകത്തിൽ പുതുതായി നട്ടുപിടിപ്പിച്ച റബ്ബർത്തോട്ടങ്ങളെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. റബ്ബർ ബോർഡുമായി സഹകരിച്ച് ഇടവിളയായി പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്. അതിനായി 49.5 ലക്ഷം രൂപ സ്റ്റാഗേഡ് ക്ലസ്റ്ററിൽ 330 ഹെക്ടറിന് സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽനിന്നും ജില്ലകൾക്ക് നൽകിയിട്ടുണ്ട്.

(സി) നിലവിൽ സംസ്ഥാനത്ത് ജൈവ ക്ലസ്റ്ററുകൾ രൂപീകരിച്ച് ജൈവ കൃഷി നടപ്പിലാക്കിവരുന്നു. സംസ്ഥാനാവിഷ്കൃത പദ്ധതിയായ ജൈവകൃഷിയും ഉത്തമ കൃഷിമുറകൾ പദ്ധതി, കാസർഗോഡ് പി.ജി.എസ്. സർട്ടിഫിക്കേഷൻ പദ്ധതി, കുട്ടനാട് ജി.എ.പി പദ്ധതി എന്നിവ നടപ്പാക്കുന്നു. ഇതിനുപുറമേ കേന്ദ്രാവിഷ്കൃത പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ.) - പദ്ധതിയും നടപ്പാക്കുന്നുണ്ട്. ഈ പദ്ധതികളിലൂടെ കർഷകർക്ക് ചുവടെ വിശദമാക്കുന്ന സഹായങ്ങളാണ് ലഭിക്കുക.

1. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള ജൈവകാർഷിക പ്രവർത്തനങ്ങൾ- ഓരോ ക്ലസ്റ്ററുകളും 25 ഹെക്ടർ വരെയാണ് ഉൾക്കൊള്ളുന്നത്. ഇവയ്ക്ക് ഹെക്ടർ ഒന്നിന് 3,000 രൂപ ധനസഹായം നൽകുന്നു. ക്ലസ്റ്റർ ഒന്നിന് 75,000 രൂപയാണ് ധനസഹായം നൽകുന്നത്. നടപ്പ് സാമ്പത്തിക വർഷം 251 ക്ലസ്റ്ററുകളിൽ പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിനുപുറമേ പി.കെ.വി.വൈ. പദ്ധതി പ്രകാരമുള്ള 619 ക്ലസ്റ്ററുകൾ 12380 ഹെക്ടറുകളിൽ പ്രവർത്തിച്ചുവരുന്നു.

2. ഇക്കോഷോപ്പുകൾ- ജൈവ ക്ലസ്റ്ററുകളിൽ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ, മറ്റ് ഉത്പാദന ഉപാധികൾ എന്നിവയുടെ വിപണനത്തിനായി ഇക്കോഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു. പുതുതായി ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിന് 2 ലക്ഷം രൂപയും കഴിഞ്ഞ വർഷം സ്ഥാപിച്ച ഇക്കോഷോപ്പുകൾക്ക് 1 ലക്ഷം രൂപ വീതവുമാണ് ധനസഹായം നൽകുന്നത്.

3. ജൈവ ഉത്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം - ക്ലസ്റ്ററുകൾ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ കോർപ്പറേഷനുകൾ, മുൻസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിന് ഇതിനോടകം 32 നേരിട്ടുള്ള വിപണികൾ സ്ഥാപിച്ചിട്ടുണ്ട്.

4. കാസർഗോഡ് ജില്ലയിൽ പി.ജി.എസ് സർട്ടിഫിക്കേഷൻ - കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവകൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ. മുഖാന്തരം പി.ജി.എസ്. സർട്ടിഫിക്കേഷൻ നടത്തുന്നതിന് 1000 ഹെക്ടറിലേയ്ക്ക് 60 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്. ഹെക്ടറിന് 6,000 രൂപ ക്രമത്തിലാണ് ധനസഹായം നൽകുന്നത്.

5. കുട്ടനാട് GAP പദ്ധതി - കുട്ടനാട്ടിൽ സുസ്ഥിര ജൈവ കൃഷി നടപ്പിലാക്കുന്നതിനും കുട്ടനാടിനെ പ്രത്യേക കാർഷിക മേഖലയാക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ള പദ്ധതിയാണിത്. ആലപ്പുഴ, കോട്ടയം പത്തനംതിട്ട ജില്ലകളിലെ 27750 ഹെക്ടർ സ്ഥലത്തെ പാടശേഖരത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി നടപ്പ് സാമ്പത്തിക വർഷം 100 ലക്ഷം രൂപ വിനിയോഗിക്കുന്നു. കുട്ടനാട്ടിലെ വരിനെല്ലിന്റെ നിയന്ത്രണം, കുട്ടനാട് കരിമണ്ണിന്റെ പരിപാലനം, ജൈവ

ഉപാധികളുടെ നിർമ്മാണം, കള നിയന്ത്രണ പരിശീലന പരിപാടികൾ, സംയോജിത കീട നിയന്ത്രണം എന്നിവയാണ് പ്രധാനമായും നടപ്പാക്കുന്നത്.

6. സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലം അവാർഡ് - ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജക മണ്ഡലം(ഒന്നാം സമ്മാനം 15 ലക്ഷം രൂപ), കോർപ്പറേഷൻ(ഒന്നാം സമ്മാനം 3 ലക്ഷം രൂപ), മുനിസിപ്പാലിറ്റി(ഒന്നാം സമ്മാനം 3 ലക്ഷം രൂപ), ഗ്രാമപഞ്ചായത്ത് ജില്ലാ തലത്തിൽ (ഒന്നാം സമ്മാനം 3 ലക്ഷം രൂപ) എന്നിങ്ങനെ മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ നൽകുന്നു.

7. അവശിഷ്ട വിഷാംശ പരിശോധന - സംസ്ഥാന കൃഷി വകുപ്പ് പഴം-പച്ചക്കറികളിൽ സേഫ് റ്റു ഈറ്റ് എന്ന പദ്ധതി ഘടകം പ്രകാരം വെള്ളായണി കാർഷിക കോളേജിലെ "കീടാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽനിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ടി ലാബിൽ പരിശോധിക്കുകയും പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ വഴി ഇത്തരം അന്യ സംസ്ഥാന വിഷലിപ്ത പച്ചക്കറികളുടെ ഉപയോഗത്തിന് ഒരു പരിധി വരെ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഹോർട്ടികൾച്ചർ കോളേജ് വെള്ളാണിക്കര (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നീ സ്ഥാപനങ്ങളിലും കീടനാശിനി അവശിഷ്ട പരിശോധന ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

8. സീറോ ബഡ്ജറ്റ് നാച്വറൽ ഫാമിംഗ് - " സീറോ ബഡ്ജറ്റ് നാച്വറൽ ഫാമിംഗ് " എന്ന പുതിയ കൃഷി രീതി കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതിലൂടെ സുസ്ഥിര കൃഷി ചെലവു കുറഞ്ഞ രീതിയിൽ നടപ്പാക്കുന്നതിനും കർഷകരെ സജ്ജമാക്കുന്നതിന് സീറോ ബഡ്ജറ്റ് നാച്വറൽ ഫാമിംഗിന്റെ പ്രയോക്താവായ പത്മശ്രീ. സുഭാഷ് പലേക്കറിനെ ഉൾപ്പെടുത്തി ശില്പശാല സംഘടിപ്പിക്കുകയുണ്ടായി.

9. ഫാം സ്കൂൾ & കർഷകർക്കുള്ള പരിശീലനങ്ങൾ - ജൈവകൃഷി രീതി കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുംവേണ്ടി ഫാം സ്കൂളുകൾ, കർഷകർക്കുള്ള പരിശീലന പരിപാടികൾ എന്നിവനടപ്പിലാക്കുന്നു. ഈ വർഷം ജൈവ കൃഷി സംബന്ധിച്ച് 76 ഫാം സ്കൂളുകൾ സംസ്ഥാനത്തുടനീളം പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

10. പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ.) - ഇത് ഒര കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. 60:40 അനുപാതത്തിൽ കേന്ദ്ര സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് ജൈവകൃഷി വ്യാപനം നടത്തുന്ന പദ്ധതിയാണിത്. മൂന്ന് വർഷം തുടർച്ചയായി നടപ്പാക്കുന്ന ഈ പദ്ധതിയിൽ ക്ലസ്റ്റർ ഒന്നിന് 14.95 ലക്ഷം രൂപയാണ് ധനസഹായം. കർഷകർക്കുള്ള ബോധവൽക്കരണം, ക്ലസ്റ്റർ അംഗങ്ങൾക്കുള്ള പരിശീലന പരിപാടികൾ, ജൈവഉത്പാദനോപാധികളുടെ നിർമ്മാണം, ജൈവവളം, ജൈവ കീടനാശിനികൾ എന്നിവയുടെ ഉല്പാദനം, മണ്ണ് പരിശോധന, പി.ജി.എസ്. സർട്ടിഫിക്കേഷൻ, ഓർഗാനിക് മേളകൾ, മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുക ഇവയാണ് പ്രധാന പ്രവർത്തനങ്ങൾ. 12380 ഹെക്ടർ സ്ഥലത്ത് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു

## ഹോർട്ടികോർപ്പ് വഴിയുള്ള പച്ചക്കറി വിതരണം

26(3458) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോർട്ടികോർപ്പ് വിതരണം ചെയ്യുന്ന പച്ചക്കറികളുടെ സംഭരണരീതി എപ്രകാരമാണ് ;

(ബി) വിഷരഹിതമായ പച്ചക്കറികൾ എന്ന വ്യാജേന ഹോർട്ടികോർപ്പ് ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളും സ്വകാര്യ സ്ഥാപനങ്ങളും അന്യ സംസ്ഥാനങ്ങളിൽനിന്നും പച്ചക്കറികൾ സംഭരിച്ച് വിപണനം ചെയ്യുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇപ്രകാരമുള്ള ചൂഷണം തടയുന്നതിനായി പച്ചക്കറികളിലെ വിഷാംശ പരിശോധന ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പഴം, പച്ചക്കറികളുടെ പരിശോധനയ്ക്ക് എന്തെല്ലാം മാർഗ്ഗ നിർദ്ദേശങ്ങളാണ് സർക്കാർ നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഹോർട്ടികോർപ്പിന് കാസർഗോഡ് ഒഴികെയുള്ള ജില്ലകളിൽ ജില്ലാ സംഭരണ കേന്ദ്രങ്ങളും, ഹരിപ്പാട്, ചടയമംഗലം എന്നിവിടങ്ങളിൽ ഉപസംഭരണ കേന്ദ്രങ്ങളും ഉൾപ്പെടെ 15 സംഭരണ കേന്ദ്രങ്ങൾ നിലവിലുണ്ട്. ഈ കേന്ദ്രങ്ങൾ വഴി പച്ചക്കറി സംഭരിച്ചുവരുന്നു. കർഷകർ, കർഷക കൂട്ടായ്മകൾ, വി.എഫ്.പി.സി.കെ., കാർഷിക മൊത്തവ്യാപാര വിപണികൾ എന്നിവിടങ്ങളിൽ നിന്നുമാണ് കേരളത്തിൽ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പ് സംഭരിക്കുന്നത്. കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ ഇതര സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽനിന്നും സംഭരിച്ചു വരികയും ചെയ്യുന്നു. സവാള ഉത്പാദന സീസണുകളിൽ നേരിട്ട് നാഫെഡ് വഴി നാസിക്കിൽനിന്നും മറ്റു ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികൾ വഴിയും സംഭരിക്കാറുണ്ട്. തികച്ചും ഒഴിച്ചുകൂടാൻ ആകാത്ത അത്യാവശ്യ ഘട്ടങ്ങളിൽ പൊതു വിപണിയിൽനിന്നും പച്ചക്കറികൾ സംഭരിക്കാറുണ്ട്.

(ബി) കർഷകർ ഉത്പാദിപ്പിക്കുന്ന പച്ചക്കറികളും അത്യാവശ്യ ഘട്ടങ്ങളിൽ ഇതര സംസ്ഥാനങ്ങളിലെ പച്ചക്കറികളുമാണ് ഹോർട്ടികോർപ്പ് വിപണനം ചെയ്യുന്നത്. വിഷരഹിത പച്ചക്കറികൾ എന്ന പേരിൽ ഹോർട്ടികോർപ്പ് വിപണനം നടത്താറില്ല. എന്നാൽ ജി.എ.പി. (ഗുഡ് അഗ്രികൾച്ചറൽ പ്രാക്ടീസസ്) സർട്ടിഫിക്കേഷനോടുകൂടി കർഷകരിൽനിന്നും ലഭിക്കുന്ന പച്ചക്കറികൾ പ്രത്യേക ലേബലിൽ വിപണനം നടത്താറുണ്ട്.

(സി) സുരക്ഷിത ഭക്ഷ്യ ഉത്പാദന പദ്ധതിയുടെ ഭാഗമായി കേരള സംസ്ഥാന കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ വെള്ളായണി കാർഷിക കോളേജിൽ 2013 ജനുവരി മുതൽ (production and marketing of " safe to eat" (pesticide free vegetables, fruits and food products for sale through government outlet) നടപ്പാക്കിവരുന്നു. കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലബോറട്ടറിയിലെ ഉദ്യോഗസ്ഥർ അന്യസംസ്ഥാനങ്ങളിൽനിന്നും സംസ്ഥാനത്തെത്തുന്ന പച്ചക്കറികളുടെയും കർഷകരുടെ കൃഷിയിടങ്ങളിൽ നിന്ന് പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനികളുടെ വിഷാംശത്തിന്റെ തോത് പരിശോധന നടത്തി കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിലും പരിശോധനാഫലം മൂന്ന് മാസത്തിലൊരിക്കൽ പരസ്യപ്പെടുത്തിവരുന്നു. കൂടാതെ ഇക്കോഷോപ്പുകളിലും പച്ചക്കറികടകളിലും വിൽപ്പന നടത്തുന്ന പഴം പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് അവയിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തുന്നതിന് കേരള കാർഷിക

സർവ്വകലാശാലയ്ക്ക് 'ജൈവകൃഷിയും ഉത്തമ കൃഷിമുറകളും' പദ്ധതിയിൽ ഫണ്ട് നൽകുന്നുണ്ട്. പഴം പച്ചക്കറികളുടെ പരിശോധനയ്ക്ക് അത്യാധുനിക സൗകര്യങ്ങളും ദേശീയ തലത്തിലുള്ള അക്രഡിറ്റേഷൻ (NABL) ലഭിച്ച സർക്കാർ നിയന്ത്രണത്തിലുള്ള ഏക കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലബോറട്ടറിയാണ് വെള്ളായണി കാർഷിക കോളേജിലേത്.

ഇതിനുപുറമേ വെള്ളാണിക്കര കാർഷിക കോളേജ് (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നിവിടങ്ങളിലും കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ഡി) ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 അനുബന്ധ ചട്ടങ്ങളും നിബന്ധനകളും അനുസരിച്ചാണ് പരിശോധനകൾ നടത്തിവരുന്നത്.

**പഴം പച്ചക്കറി എന്നിവകളിൽ കീടനാശിനി ഉപയോഗം**

27(3459) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പച്ചക്കറി, പഴങ്ങൾ എന്നിവയിൽ കൂടിയ തോതിൽ കീടനാശിനികൾ ഉപയോഗിക്കുന്നത് കണക്കിലെടുത്ത് ഇവ പരിശോധിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇവ പരിശോധിക്കുന്നതിന് സംസ്ഥാനത്ത് ലാബുകൾ നിലവിലുണ്ടോ; പുതിയതായി ലാബുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറി, പഴങ്ങൾ എന്നിവയിൽ കൂടിയ തോതിൽ കീടനാശിനികൾ ഉപയോഗിക്കുന്നത് കണക്കിലെടുത്ത് പഴം, പച്ചക്കറികളിലെ സാമ്പിളുകൾ മാർക്കറ്റുകളിൽനിന്നും ശേഖരിച്ച് കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന വെള്ളായണി " കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബിൽ പരിശോധന നടത്തുന്നുണ്ട്. ടി ലാബിന് കീടാശിനി അവശിഷ്ട വിഷാംശ പരിശോധന രംഗത്ത് അന്താരാഷ്ട്ര അംഗീകാരം (ISO17025:2005) ലഭിച്ചിട്ടുണ്ട്. ലബോറട്ടറിയിൽ വിദേശനിർമ്മിതവും, അതിനൂതനവും, അത്യധികം കാര്യക്ഷമവും, കീടനാശിനിയുടെ നൂറ് കോടിയിൽ ഒരു അംശംപോലും കണ്ടെത്താൻ കഴിവുള്ളതുമായ ഗ്യാസ് ക്രമറ്റോഗ്രാഫ്, മാസ് സ്പെക്ട്രോമീറ്റർ, ലിക്വിഡ് ക്രമറ്റോഗ്രാഫ് തുടങ്ങിയ ഉപകരണങ്ങളുണ്ട്. കർഷകരുടെ

കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽനിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് ടി ലാബിൽ പരിശോധിക്കുകയും പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലായ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു. ഇപ്രകാരം പരിശോധനാ ഫലം മൂന്ന് മാസത്തിലൊരിക്കൽ പ്രസിദ്ധീകരിച്ച് ഇതുസംബന്ധിച്ച അവബോധം പൊതുജനങ്ങളിലും കർഷകരിലും സൃഷ്ടിക്കുന്നു.

(ബി) ഉണ്ട്. കേരള കാർഷിക സർവ്വകലാശാലയ്ക്ക് കീഴിൽ വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട പരിശോധന ലാബിൽ പച്ചക്കറി സാമ്പിളുകൾ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽനിന്നും ശേഖരിച്ച് പരിശോധന നടത്തിവരുന്നു. കാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളായണി ലാബിനുപുറമേ ഹോർട്ടിക്കൾച്ചർ കോളേജ്, വെള്ളാണിക്കര, ആർ.എ.ആർ.എസ്. കുമരകം, കാർഷിക കോളേജ്, പടന്നക്കാട് എന്നിവിടങ്ങളിൽ കീടനാശിനി അവശിഷ്ട പരിശോധന ലാബുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

നടപ്പുസാമ്പത്തിക വർഷം വെള്ളാണിക്കര കാർഷിക കോളേജ് (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നിവിടങ്ങളിൽ കീടാനാശിനി അവശിഷ്ടവിഷാംശ പരിശോധന നടത്തുന്നതിന് ലാബുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

## വിഷരഹിത പച്ചക്കറി ഉറപ്പാക്കൽ

28(3460) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിഷരഹിത പച്ചക്കറി ഉറപ്പാക്കാൻ കൃഷി വകുപ്പ് എന്തെല്ലാം സംവിധാനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) ആഭ്യന്തര പച്ചക്കറിയിലും അന്യസംസ്ഥാനങ്ങളിൽനിന്നുംവരുന്ന പച്ചക്കറിയിലുമുള്ള രാസവസ്തുക്കൾ പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട്;

(സി) പച്ചക്കറി പരിശോധനയ്ക്കായി കൃഷി വകുപ്പിൽ മൊബൈൽ ലബോറട്ടറി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരിശോധനയിലെ കണ്ടെത്തലുകൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വിഷരഹിത പച്ചക്കറി ഉറപ്പാക്കുന്നതിനായി 'ജൈവകൃഷിയും ഉത്തമകൃഷിമുറകളും' പദ്ധതി നടപ്പാക്കുന്നു. ഇതിനുപുറമെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ..) പദ്ധതി നടപ്പാക്കിയും പി.ജി.എസ്. സർട്ടിഫിക്കേഷൻ നടത്തി വിഷരഹിത പച്ചക്കറി ഉറപ്പാക്കാനുള്ള ശ്രമങ്ങൾ തുടരുന്നു. സംസ്ഥാന സർക്കാർ വിഷരഹിത പച്ചക്കറി ഉത്പാദിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള ജൈവകാർഷിക പ്രവർത്തനങ്ങൾ- ഓരോ ക്ലസ്റ്ററും 25 ഹെക്ടർ വരെയാണ് ഉൾക്കൊള്ളുന്നത്. ഇവയ്ക്ക് ഹെക്ടർ ഒന്നിന് 3,000 രൂപ ധനസഹായം നൽകുന്നു. കർഷകരുടെ കൂട്ടായ ജൈവ കാർഷിക പ്രവർത്തനങ്ങൾക്ക് ക്ലസ്റ്ററൊന്നിന് 75,000 രൂപയാണ് ധനസഹായം നൽകുന്നത്. നടപ്പു സാമ്പത്തിക വർഷം 251 ക്ലസ്റ്ററുകളിൽ പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിനുപുറമേ പി.കെ.വി.വൈ.. പദ്ധതി പ്രകാരമുള്ള 619 ക്ലസ്റ്ററുകൾ 12380 ഹെക്ടറുകളിൽ പ്രവർത്തിച്ചുവരുന്നു.

2. ഇക്കോഷോപ്പുകൾ- ജൈവ ക്ലസ്റ്ററുകളിൽ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ, മറ്റ് ഉത്പാദന ഉപാധികൾ എന്നിവയുടെ വിപണനത്തിനായി ഇക്കോഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്ത് നിലവിൽ 214 ഇക്കോഷോപ്പുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. നടപ്പു സാമ്പത്തിക വർഷം 33 പുതിയ ഇക്കോഷോപ്പുകളാണ് പ്രവർത്തനം ആരംഭിക്കുന്നത്.

3. ജൈവ ഉത്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം - ക്ലസ്റ്ററുകൾ ഉത്പാദിപ്പിക്കുന്ന ജൈവ ഉത്പന്നങ്ങൾ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിന് ഇതിനോടകം 32 നേരിട്ടുള്ള വിപണികൾ സ്ഥാപിച്ചിട്ടുണ്ട്.

4. കാസർഗോഡ് ജില്ലയിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ- കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവകൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ. മുഖാന്തരം പി.ജി.എസ്. സർട്ടിഫിക്കേഷൻ നടത്തുന്നതിന് 1000 ഹെക്ടറിലേയ്ക്ക് 60 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്. ഹെക്ടറിന് 6,000 രൂപ ക്രമത്തിലാണ് ധനസഹായം നൽകുന്നത്.

5. കുട്ടനാട് GAP പദ്ധതി - കുട്ടനാട്ടിൽ സുസ്ഥിര ജൈവ കൃഷി നടപ്പിലാക്കുന്നതിനും കുട്ടനാടിനെ പ്രത്യേക കാർഷിക മേഖലയാക്കുന്നതിനും ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ 27750 ഹെക്ടർ സ്ഥലത്തെ പാടശേഖരത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. കുട്ടനാട്ടിലെ വരിനെല്ലിന്റെ നിയന്ത്രണം, കുട്ടനാട് കരിമണ്ണിന്റെ പരിപാലനം, ജൈവ ഉപാധികളുടെ നിർമ്മാണം, കള നിയന്ത്രണ പരിശീലന പരിപാടികൾ, സംയോജിത കീട നിയന്ത്രണം എന്നിവയാണ് പ്രധാനമായും നടപ്പാക്കുന്നത്.

6. സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലം അവാർഡ് - ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി സംസ്ഥാന തലത്തിൽ നിയോജകമണ്ഡലം (ഒന്നാം സമ്മാനം 15 ലക്ഷം രൂപ), കോർപ്പറേഷൻ (ഒന്നാം സമ്മാനം 3 ലക്ഷം രൂപ), മുനിസിപ്പാലിറ്റി (ഒന്നാം സമ്മാനം 3 ലക്ഷം രൂപ), ജില്ലാ തലത്തിൽ ഗ്രാമപഞ്ചായത്ത് (ഒന്നാം സമ്മാനം 3 ലക്ഷം രൂപ) എന്നിങ്ങനെ മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ നൽകുന്നു.

7. അവശിഷ്ട വിഷാംശ പരിശോധന - സംസ്ഥാന കൃഷി വകുപ്പ് പഴം-പച്ചക്കറികളിൽ സേഫ് റ്റു ഈറ്റ് എന്ന പദ്ധതി ഘടകം പ്രകാരം വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽനിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബിൽ പരിശോധിക്കുകയും പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. ഈ പ്രവർത്തങ്ങൾ വഴി ഇത്തരം അന്യ സംസ്ഥാന വിഷലിപ്ത പച്ചക്കറികളുടെ ഉപയോഗത്തിന് ഒരു പരിധി വരെ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഹോർട്ടികൾച്ചർ കോളേജ് വെള്ളാണിക്കര (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നീ സ്ഥാപനങ്ങളിലും കീടനാശിനി അവശിഷ്ട പരിശോധന ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

8. സീറോ ബഡ്ജറ്റ് നാച്വറൽ ഫാമിംഗ് - " സീറോ ബഡ്ജറ്റ് നാച്വറൽ ഫാമിംഗ് " എന്ന പുതിയ കൃഷി രീതി കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതിലൂടെ സുസ്ഥിര കൃഷി ചെലവുകുറഞ്ഞ രീതിയിൽ നടപ്പാക്കുന്നതിനും കർഷകരെ സജ്ജമാക്കുന്നതിന് സീറോ ബഡ്ജറ്റ് നാച്വറൽ ഫാമിംഗിന്റെ പ്രയോക്താവായ പത്മശ്രീ ശ്രീ. സുഭാഷ് പലേയ്ക്കറിനെ ഉൾപ്പെടുത്തി ശില്പശാല സംഘടിപ്പിക്കുകയുണ്ടായി.

9. ഫാം സ്കൂൾ & കർഷകർക്കുള്ള പരിശീലനങ്ങൾ - ജൈവകൃഷി രീതി കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുംവേണ്ടി ഫാം സ്കൂളുകൾ, കർഷകർക്കുള്ള പരിശീലന പരിപാടികൾ എന്നിവ നടപ്പിലാക്കുന്നു. ഈ വർഷം ജൈവ കൃഷി സംബന്ധിച്ച് 76 ഫാം സ്കൂളുകൾ സംസ്ഥാനത്തുടനീളം പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

10. പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ.) - ഇതൊരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. 60:40 അനുപാതത്തിൽ കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് ജൈവകൃഷി വ്യാപനം നടത്തുന്ന പദ്ധതിയാണിത്. മൂന്ന് വർഷം തുടർച്ചയായി നടപ്പാക്കുന്ന ഈ പദ്ധതിയിൽ ക്ലസ്റ്റർ ഒന്നിന് 14.95 ലക്ഷം രൂപയാണ് ധനസഹായം. കർഷകർക്കുള്ള ബോധവൽക്കരണം, ക്ലസ്റ്റർ അംഗങ്ങൾക്കുള്ള പരിശീലന പരിപാടികൾ, ജൈവഉത്പാദനോപാധികളുടെ നിർമ്മാണം, ജൈവവളം, ജൈവ കീടനാശിനികൾ എന്നിവയുടെ ഉല്പാദനം, മണ്ണ് പരിശോധന, പി.ജി.എസ്. സർട്ടിഫിക്കേഷൻ, ഓർഗാനിക് മേളകൾ, മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുക ഇവയാണ് പ്രധാന പ്രവർത്തനങ്ങൾ. 12380 ഹെക്ടർ സ്ഥലത്ത് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു

(ബി) കൃഷി വകുപ്പ് ജൈവ പച്ചക്കറികൾ പരിശോധിച്ച് അവയിലെ അവശിഷ്ട വിഷാംശത്തിന്റെ അളവ് റിപ്പോർട്ട് ചെയ്യുന്നതിന് കേരള കാർഷിക സർവ്വകലാശാലയ്ക്ക് കീഴിൽ വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബിൽ പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുകയും വിഷാംശത്തിന്റെ അളവ് സംബന്ധിച്ച പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം പരിശോധനാ ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്.

ഇതിനുപുറമേ നടപ്പ് സാമ്പത്തിക വർഷം വെള്ളാണിക്കര കാർഷിക കോളേജ് (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നിവിടങ്ങളിലും കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തുന്നതിന് ലാബുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(സി) ഇല്ല.

## പഴം പച്ചക്കറി ഉത്പാദന സംസ്കരണ വിപണന യൂണിറ്റുകൾ

29(3461) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന പഴം, പച്ചക്കറി ഉല്പാദന, സംസ്കരണ, വിപണന യൂണിറ്റുകളുടെ വിവരങ്ങൾ ഇനം തിരിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ പ്രവർത്തന അനുമതിക്കായി അപേക്ഷിച്ചിട്ടുള്ളതും ഇതുവരെ അനുമതി ലഭിക്കാത്തതുമായ യൂണിറ്റുകളുടെ വിവരങ്ങൾ ഇനം തിരിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) ഇലഞ്ഞിയിലെ പഴം, പച്ചക്കറി സംസ്കരണ യൂണിറ്റിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

### ഉത്തരം

(എ-സി) മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപമെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ 2018-2019 പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരളയുടെ 25-7-2018 -ൽ നടന്ന 34-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി 4.335 ലക്ഷം രൂപ ധനസഹായത്തോടെ ശ്രീ. ജോമി പോൾ, മുട്ടപ്പിള്ളി ഹൗസ്, ഇലഞ്ഞി എന്ന കർഷകന് പച്ചക്കറികളുടെ മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിന്റെ പൂർത്തീകരണ റിപ്പോർട്ടും വാല്യുവേഷൻ റിപ്പോർട്ടും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ ലഭ്യമായാലുടൻ തന്നെ പരിശോധിച്ച് ഗുണഭോക്താവിന് ആനുകൂല്യം അനുവദിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ഒരു നെല്ലും ഒരു മീനും കൃഷി

30(3462) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു നെല്ലും ഒരു മീനും കൃഷി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം കൃഷി നിലങ്ങളിലാണ് ഇത് നടപ്പാക്കുന്നത്;

(സി) എത്ര ഹെക്ടറിലാണ് കൃഷിചെയ്യാൻ ഉദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത കൃഷി നടപ്പാക്കാൻ വകയിരുത്തിയ തുക വ്യക്തമാക്കുമോ?

ഉത്തരം

(എ) 'ഒരു നെല്ലും ഒരു മീനും' പദ്ധതി ഫിഷറീസ് വകുപ്പ് ADAK വഴി നടപ്പാക്കുന്ന പദ്ധതിയാണ്. 2002 മുതൽ ADAK കുട്ടനാട്, കൈപ്പാട്, പൊക്കാളി പ്രദേശങ്ങളിൽ ഈ പദ്ധതി നടപ്പാക്കിവരുന്നു. കുറഞ്ഞത് 5 പേരടങ്ങുന്ന 5 ഹെക്ടർ സ്ഥലം കൃഷി ചെയ്യാൻ കഴിയുന്ന ഗ്രൂപ്പുകൾക്ക് ഇതിലേയ്ക്ക് അപേക്ഷിക്കാം. ഒരു സീസൺ നെല്ലും അടുത്ത സീസൺ മീനും എന്നതാണ് കൃഷിയുടെ ക്രമം. നെൽകൃഷി തൃപ്തികരമായി ചെയ്യുന്നവർക്കാണ് മീൻ കൃഷിക്ക് ധനസഹായം നൽകുക. നെൽകൃഷി തൃപ്തികരമായി നടപ്പാക്കി എന്ന ഒരു സാക്ഷ്യപത്രം നൽകുന്ന ചുമതല മാത്രമാണ് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പിൽ നിക്ഷിപ്തമായിട്ടുള്ളത്.

(ബി) തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ കോൾ നിലങ്ങളിലും, ആലപ്പുഴ, കോട്ടയം ജില്ലകളിലെ കുട്ടനാടൻ നിലങ്ങളിലും, കൊല്ലം ജില്ലയിലെ പോളച്ചിറയിലും ഇതു നടപ്പിലാക്കിവരുന്നു.

(സി) 6500 ഹെക്ടർ സ്ഥലത്താണ് കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്നത്. നടപ്പുവർഷം 3086 ഹെക്ടറിൽ നടപ്പിലാക്കി കഴിഞ്ഞു.

(ഡി) കൃഷി വകുപ്പിന്റെ ബഡ്ജറ്റിൽ ഇതിനായി പ്രത്യേകം തുക വകയിരുത്തിയിട്ടില്ല. ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റിലാണ് പ്രസ്തുത പദ്ധതിക്ക് തുക വകയിരുത്തുന്നത്.

**അരി ഉത്പാദനത്തിലെ വർദ്ധന**

31(3463) ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ജി.എസ്. ജയലാൽ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അരി ഉല്പാദനം കുറഞ്ഞുവരുന്ന പ്രവണതയിൽനിന്ന് വ്യത്യസ്തമായി, ഈ വർഷം അരി ഉല്പാദനം കൂടിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) അരി ഉല്പാദനം വർദ്ധിച്ചതിന് സഹായകരമായ മാറ്റങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയെന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാർ നിലവിൽവന്നശേഷം നെൽകൃഷി വ്യാപിപ്പിച്ചതിന്റെ ഫലങ്ങൾ ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) അരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യംവച്ച് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷിയുടെ വിസ്തൃതിയിലും ഉത്പാദനത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ ആറ് വർഷത്തെ നെൽകൃഷി വിസ്തൃതിയും ഉത്പാദനവും ചുവടെ പറയും പ്രകാരമാണ്.

| വർഷം | വിസ്തൃതി (ഹെക്ടർ) | ഉല്പാദനം (ടൺ) |
|---|---|---|
| 2012-2013 | 197277 | 508299 |
| 2013-2014 | 199611 | 564325 |
| 2014-2015 | 198158 | 562092 |
| 2015-2016 | 196870 | 549275 |
| 2016-2017 | 171398 | 436483 |
| 2017-2018 | 220449 | 617260 |

2016-2017 -ൽ വിസ്തൃതിയിൽ കാണുന്ന ഗണ്യമായ കുറവ് രണ്ടാം വിള കാലത്തും തുടർന്നും ഉണ്ടായ രൂക്ഷമായ വരൾച്ചമൂലമായിരുന്നു. വരൾച്ചമൂലം 36891.22 ഹെക്ടർ നെൽകൃഷിയും 36.4 ഹെക്ടർ സ്ഥലത്ത് ഞാറ്റടിയും ഉണങ്ങിപ്പോയിരുന്നു. രൂക്ഷമായ വരൾച്ച കാരണം പാലക്കാട് ജില്ലയിൽ രണ്ടാം

വിള കാലത്ത് ജില്ലാ വിള നിർണ്ണയ സമിതി സ്ഥിതിഗതികൾ അവലോകനം ചെയ്യുകയും കർഷകരെ ബോധവത്കരിക്കുകയും ചെയ്തതിൻ പ്രകാരം 13990 ഹെക്ടർ സ്ഥലത്ത് കൃഷി ഇറക്കിയില്ല. ഇപ്രകാരം 50917.62 ഹെക്ടർ സ്ഥലത്തെ കൃഷിയിലുണ്ടായ കുറവ് കാരണമാണ് വിസ്തൃതിയിലും ഉത്പാദനത്തിലും കുറവ് വന്നത്.

2017-2018 സാമ്പത്തിക വർഷം 220449.375 ഹെക്ടർ നെൽകൃഷിയും 617260 ടൺ അരി ഉത്പാദനവും ഉണ്ടായതായാണ് കൃഷി വകുപ്പിന്റെ കണക്ക്. 2018-2019 വർഷത്തിൽ 224000 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുവാനാണ് കൃഷി വകുപ്പ് ലക്ഷ്യമിടുന്നത്. ഇതിൽനിന്നും 650000 ടൺ അരിയാണ് പ്രതീക്ഷിക്കുന്നത്.

(ബി) വിസ്തൃതിയിലുണ്ടായ വർദ്ധനവാണ് ഉത്പാദന വർദ്ധനവായി പ്രതിഫലിച്ചത്. നെൽകൃഷി വിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി ഈ സാമ്പത്തിക വർഷം സർക്കാർ സമഗ്ര നെൽകൃഷി വികസന പദ്ധതിക്കായി 87.65 കോടി രൂപ വകയിരുത്തി നടപ്പിലാക്കിവരുന്നു. ഇതിനുപുറമെ കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്റ്റിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പ്രകാരമുള്ള ആനുകൂല്യങ്ങൾ സംസ്ഥാനത്തെ മുഴുവൻ നെൽകർഷകർക്കും നൽകുന്നു. ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്നുണ്ട്. വയനാട് പാക്കേജിലെ ഒരു ഘടകമായി ജില്ലയിലെ സുഗന്ധ നെല്ലിനങ്ങളുടെ വികസനത്തിനുള്ള പദ്ധതി വയനാട്ടിലും പ്രത്യേക കാർഷിക മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ട് പ്രത്യേക കാർഷിക മേഖലാ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

(സി) വിസ്തൃതിയിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. ആയതിന് ആനുപാതികമായി ഉത്പാദനത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്.

2015-2016 സാമ്പത്തിക വർഷം 196870 ഹെക്ടർ സ്ഥലത്താണ് നെൽകൃഷി ചെയ്തിരുന്നത്. ആയത് 2017-2018 സാമ്പത്തിക വർഷം കൃഷിവകുപ്പിന്റെ കണക്കുകൾ പ്രകാരം 220449.375 ഹെക്ടറാക്കി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 23579 ഹെക്ടർ സ്ഥലത്ത് പുതുതായി നെൽകൃഷി ചെയ്യുന്നതിന് സാധിച്ചിട്ടുണ്ട്.

ഓരോ പദ്ധതി ഘടകത്തിലും ശ്രദ്ധ ചെലുത്തിയതിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണവും ഇടപെടലും ഉറപ്പാക്കിയതിന്റെയും ജനകീയ കൂട്ടായ്മ വളർത്തിയെടുക്കാൻ സാധിച്ചതിന്റെയും ഫലമാണ് നെൽകൃഷി മേഖലയിലുണ്ടായ നേട്ടം.

(ഡി) നടപ്പു സാമ്പത്തിക വർഷം 224000 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഇറക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

മുൻ വർഷത്തെ തരിശുനില കൃഷി നിലനിർത്തുന്നതിനൊപ്പം 2878 ഹെക്ടർ സ്ഥലത്ത് അധികമായി തരിശുനില കൃഷി ചെയ്യാൻ സംസ്ഥാനാവിഷ്കൃത പദ്ധതിയായ നെൽകൃഷി വികസന പദ്ധതി പ്രകാരം വിഭാവന ചെയ്യുന്നു. എന്നാൽ, 4000 ഹെക്ടറിൽ കൂടുതൽ തരിശുനിലം കൃഷി ചെയ്യുമെന്നാണ് പ്രാഥമിക കണക്കുകൾ സൂചിപ്പിക്കുന്നത്.

2683.82 ഹെക്ടർ കരനെല്ല് കൃഷി ചെയ്യിക്കുകയും 1600 ഹെക്ടർ സ്ഥലത്തെ ഒരുപൂ കൃഷി ഇരുപ്പൂവാക്കുകയും ചെയ്യാൻ പദ്ധതി പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## തരിശ് നിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിനുള്ള നടപടികൾ

32(3464) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ ഡിവിഷനിലെ തരിശ് നിലങ്ങൾ കൃഷി യോഗ്യമാക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിക്കുന്നതിന് 2018-19 ബഡ്ജറ്റ് വിഭാവന ചെയ്തിരുന്നോ;

(ബി) വകുപ്പുതലത്തിൽ തരിശ് നിലങ്ങൾ ഉപയോദപ്രദമാക്കാവുന്നവയുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(സി) കൃഷി വകുപ്പും എഞ്ചിനീയറിംഗ് വിഭാഗവും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) പദ്ധതികൾ ആരംഭിക്കുന്നതിനുള്ള സമയം നിശ്ചയിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) 2018-2019 സാമ്പത്തിക വർഷത്തെ നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം സംസ്ഥാനത്തെ 2878 ഹെക്ടർ തരിശുനിലത്തിൽ നെൽകൃഷി ചെയ്യുന്നതിന് ഫണ്ട് വകയിരുത്തിയിട്ടുണ്ട്. അതിൻപ്രകാരം ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ ഡിവിഷനിലെ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിനുള്ള കരട് റിപ്പോർട്ട് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. ആല പഞ്ചായത്തിലെ മാമ്പ്ര വടക്ക് പാടശേഖരത്തിൽ 6 ഹെക്ടറും മാമ്പ്ര തെക്ക് പാടശേഖരത്തിൽ 9 ഹെക്ടറും ചാല്യം പാടം പാടശേഖരത്തിൽ 55 ഹെക്ടറും കണ്ണമ്പള്ളി പാടശേഖരത്തിൽ 20 ഹെക്ടറും ചേർന്ന് ആകെ 90 ഹെക്ടർ തരിശുനിലം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനുള്ള നെൽവിത്ത് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്.

ബുധനൂർ പഞ്ചായത്തിൽ പുതുശ്ശേരിക്കുഴി വട്ടപുറം പാടശേഖരത്തിൽ 0.4 ഹെക്ടറും, ചെറുതോട് പാടശേഖരത്തിൽ 3.88 ഹെക്ടറും, ഏഴുമുറം കീറ്റുകോണം പാടശേഖരത്തിൽ 7.6 ഹെക്ടറും, കരിക്കോണം പാടശേഖരത്തിൽ 10.4 ഹെക്ടറും, പടനിലം പാടശേഖരത്തിൽ 2 ഹെക്ടറും, കലായിക്കൽ പാടശേഖരത്തിൽ 0.8 ഹെക്ടറും, പച്ചിലവേലി പാടശേഖരത്തിൽ 2.12 ഹെക്ടറും ചേർന്ന് ആകെ 27.20 ഹെക്ടർ തരിശുനിലം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനുള്ള നെൽവിത്ത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ചെറിയനാട് പഞ്ചായത്തിലെ പൂമാട്ടിൽ പാടശേഖരത്തിൽ 30 ഹെക്ടർ സ്ഥലത്ത് ഈ പദ്ധതി നടപ്പിലാക്കുന്നു.

പാണ്ടനാട് പഞ്ചായത്തിലെ കീഴ്വമ്പഴി പാടശേഖരത്തിൽ 3.3 ഹെക്ടറും, ചിറക്കുഴി പാടശേഖരത്തിൽ 0.8 ഹെക്ടറും കിളിയന്തറ പാടശേഖരത്തിൽ 0.64 ഹെക്ടറും, വെള്ളൂപ്പടവ് പാടശേഖരത്തിൽ 17.4 ഹെക്ടറും, വെള്ളൂപ്പടവ് പുഞ്ച പാടശേഖരത്തിൽ 2 ഹെക്ടറും ചേർന്ന് ആകെ 24.14 ഹെക്ടർ തരിശുനിലം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പാടശേഖരം കൃഷി ചെയ്തുവെങ്കിലും നശിച്ചുപോയി. വീണ്ടും കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിനുള്ള നെൽവിത്ത് വിതരണം ചെയ്തിട്ടുണ്ട്.

പുലിയൂർ പഞ്ചായത്തിൽ കരിപ്പുറം കീഴ്ച്ചേരിമേൽ പാടശേഖരത്തിൽ 25 ഹെക്ടറും പടനിലം പാടശേഖരത്തിൽ 3 ഹെക്ടറും, ചിറ്റാറ്റുവയൽ പാടശേഖരത്തിൽ 4 ഹെക്ടറും നരച്ചമുട്ടം പാടശേഖരത്തിൽ 3 ഹെക്ടറും, പുലിയൂർ ആല പാടശേഖരത്തിൽ 20 ഹെക്ടറും ചേർന്ന് ആകെ 55 ഹെക്ടർ തരിശുനിലം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നെൽവിത്ത് വിതരണം ചെയ്തിട്ടുണ്ട്. പുലിയൂർ പഞ്ചായത്തിലെ നരച്ചമുട്ടം, വടപ്പുറം, പൂവണ്ണാമുറി, ചിറ്റാറ്റുവയൽ, പടനിലം എന്നീ പാടങ്ങളിൽ വെള്ളം ഒഴിഞ്ഞുപോയിട്ടില്ലാത്തതിനാൽ കൃഷിയിറക്കാൻ സാധിക്കാതെ കിടക്കുന്നു.

മാന്നാർ പഞ്ചായത്തിൽ മാറകം പാടശേഖരത്തിൽ 15 ഹെക്ടറും കോയിക്കൽ പള്ളം പാടശേഖരത്തിൽ 12 ഹെക്ടറും ചേർന്ന് ആകെ 27 ഹെക്ടർ സ്ഥലത്ത് പദ്ധതി പ്രകാരം തരിശുകൃഷി നടപ്പാക്കുന്നു. ഈ കൃഷിക്ക് സൗജന്യമായി നെൽവിത്ത് നൽകി ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി റാമ്പ് പണിയുന്നു.

മുളക്കുഴ പഞ്ചായത്തിൽ പൂക്കച്ചാൽ പാടശേഖരത്തിൽ 20 ഹെക്ടർ സ്ഥലത്ത് പദ്ധതി പ്രകാരം തരിശുകൃഷി ചെയ്യുന്നു.

തിരുവൻവണ്ടൂർ പഞ്ചായത്തിൽ ഉമയാറ്റുകര പാടശേഖരത്തിൽ 0.8 ഹെക്ടർ തരിശുനിലത്ത് പദ്ധതി പ്രകാരം കൃഷി ചെയ്യുന്നു.

വെണ്മണി പഞ്ചായത്തിൽ വിവിധ പാടശേഖരങ്ങളിലായി 10 ഹെക്ടർ പാടത്ത് പദ്ധതി പ്രകാരം തരിശുകൃഷി ചെയ്യുന്നതിന് വിത്ത് നൽകും.

ഇപ്രകാരം ഒൻപത് പഞ്ചായത്തുകളിലെ 31 പാടശേഖരങ്ങളിലായി 284.14 ഹെക്ടർ ദീർഘകാലം തരിശുകിടന്നിരുന്ന നെൽവയൽ കൃഷിയോഗ്യമാക്കുന്നു.

(സി&ഡി) കൃഷി വകുപ്പും എഞ്ചിനീയറിംഗ് വിഭാഗവും ചേർന്ന് പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിനുള്ള പ്രാഥമിക യോഗം നടന്നിരുന്നു. എന്നാൽ തുടർന്ന് പ്രളയമുണ്ടാകുകയും പ്രളയബാധിത പ്രദേശങ്ങൾ കൃഷിയോഗ്യക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകേണ്ടി വരികയും ചെയ്തതിനാൽ തുടർപ്രവർത്തനങ്ങൾ നടന്നില്ല.

അടുത്ത രണ്ട് വർഷങ്ങളിലേയ്ക്ക് പ്രവർത്തനം നടക്കത്തക്കവണ്ണം കൃഷിഭവൻ തലത്തിൽ പ്രൊപ്പോസലുകൾ തയ്യാറാക്കിവരുന്നു.

## തരിശിട്ട നെൽപ്പാടങ്ങളിൽ നെൽകൃഷി

33(3465) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശിട്ട നെൽപ്പാടങ്ങളിൽ നെൽകൃഷി പുനരാരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) എത്ര ഏക്കർ സ്ഥലത്താണ് നെൽകൃഷി പുനരാരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) കൃഷിക്ക് അനുയോജ്യമായ നെൽപ്പാടങ്ങൾ കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തൊട്ടാകെയുള്ള തരിശിട്ട നെല്പാടങ്ങളിൽ നെൽകൃഷി പുനരാരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ടുവർഷങ്ങളിലായി 8268.0717 ഹെക്ടർ സ്ഥലത്ത് തരിശുനിലം കൃഷിയോഗ്യമാക്കിയിട്ടുമുണ്ട്. കഴിഞ്ഞ രണ്ട് വർഷങ്ങളിലായി 23579 ഹെക്ടർ സ്ഥലത്ത് പുതിയതായി കൃഷി ഇറക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

തരിശുപാടങ്ങളുടെ കണക്കെടുക്കാനും പരമാവധി സ്ഥലം കൃഷി ചെയ്യിക്കാനുമുള്ള നടപടികൾ കൃഷിഭവൻ തലത്തിൽ നടന്നുവരുന്നു. ജനകീയ കൂട്ടായ്മയോടെ തരിശുനിലത്ത് കൃഷിയിറക്കുകയും ഉല്പാദിപ്പിച്ച നെല്ല് ബ്രാന്റ് നെയിമോടുകൂടി വിപണിയിൽ എത്തിക്കുകയും ചെയ്ത മാതൃകകളും ഈ രണ്ടു വർഷത്തിൽ ഉണ്ടായിട്ടുണ്ട്.

തരിശു ഭൂമിയിൽ നെൽ കൃഷി ചെയ്യുന്നതിന് തുടർച്ചയായി മൂന്നുവർഷം ആനുകൂല്യം നൽകുന്നു. ഒന്നാം വർഷം ഹെക്ടറിന് 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയും ധനസഹായമായി നൽകുന്നതാണ്. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ച് നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25,000 രൂപയും ഭൂവുടമയ്ക്ക് 5,000 രൂപയും നൽകും. രണ്ടാം വർഷം ഇത് യഥാക്രമം 5,800 രൂപയും 1,200 രൂപയും മൂന്നാം വർഷം 3,750 രൂപയും 750 രൂപയുമാണ് ഈ പദ്ധതി പ്രകാരം നൽകുന്നത്.

(ബി) നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം 2016-17-ൽ 6955.96 ഏക്കറിലും 2017-2018-ൽ 13714.215 ഏക്കറിലും തരിശുനിലം കൃഷി ചെയ്തു. നടപ്പുസാമ്പത്തിക വർഷം നാളുകളായി തരിശുകിടന്ന 7195 ഏക്കർ(2878 ഹെക്ടർ) സ്ഥലത്ത് പുതിയതായി നെൽകൃഷിയിറക്കുവാൻ വിഭാവന ചെയ്തിരുന്നുവെങ്കിലും 10000 ഏക്കറിൽ കൂടുതൽ തരിശു നിലങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) കൃഷിക്ക് അനുയോജ്യമായ നെൽപാടങ്ങൾ സംബന്ധിച്ച കണക്കുകൾ ശേഖരിച്ച് രേഖപ്പെടുത്തി സൂക്ഷിക്കാൻ കൃഷിഭവൻ തലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ആകെ തരിശ്, മറ്റു കൃഷി ചെയ്യുന്നവ, കൃഷിയോഗ്യമല്ലാത്തവ, കൃഷിയിറക്കുവാൻ സാധ്യമായവ, ഉടമസ്ഥർ കൃഷി ചെയ്യാനും കൃഷിക്ക് വിട്ടുകൊടുക്കാനും തയ്യാറല്ലാത്ത സ്ഥലം എന്നിങ്ങനെ ക്രോഡീകരിച്ച കണക്കുകൾ കൃഷിഭവൻ തലത്തിൽ സൂക്ഷിക്കുന്നു.

## നെൽകൃഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

34(3466) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര ഹെക്ടർ സ്ഥലത്താണ് ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നെൽകൃഷി ഉണ്ടായിരുന്നത്; നെൽകൃഷി വർധിപ്പിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നെൽകൃഷി ഇപ്പോൾ എത്ര ഹെക്ടറായി വർദ്ധിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; കേരളത്തിലുണ്ടായ പ്രളയത്തിൽ നെൽകർഷകർക്ക് എന്തൊക്കെ നാശനഷ്ടങ്ങളാണ് ഉണ്ടായിരിക്കുന്നത്; എത്ര രൂപയുടെ നഷ്ടമുണ്ടായി; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രളയക്കെടുതിയിൽ നെൽകൃഷിക്കുണ്ടായ നാശനഷ്ടം പരിഹരിക്കാൻ കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; വായ്പയെടുത്ത് നെൽകൃഷി നടത്തി പ്രളയത്തിൽ അകപ്പെട്ട കർഷകർക്ക് പുതിയതായി കൃഷി ചെയ്യാൻ വിത്ത്, വളം തുടങ്ങിയവ സൗജന്യമായി അനുവദിച്ചിട്ടുണ്ടോ;

(ഡി) ഇവരുടെ വായ്പാ തിരിച്ചടവിന് എന്തെങ്കിലും പദ്ധതി സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 2015-2016 സാമ്പത്തിക വർഷം 196870 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയുണ്ടായിരുന്നു.

സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പ്രകാരമുള്ള ആനുകൂല്യങ്ങൾ സംസ്ഥാനത്തെ മുഴുവൻ നെൽകർഷകർക്കും നൽകുന്നു. ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്നുണ്ട്. ഇതിനുപുറമെ വയനാട് പാക്കേജിലെ ഒരു ഘടകമായി ജില്ലയിലെ സുഗന്ധ നെല്ലിനങ്ങളുടെ വികസനത്തിനുള്ള പദ്ധതിയും പ്രത്യേക കാർഷിക മേഖലാ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

നെൽകൃഷി വികസന പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷി വികസനത്തിന് ഹെക്ടർ ഒന്നിന് 5,500 രൂപയും സവിശേഷ നെല്ലിനങ്ങളുടെ വികസനത്തിനു 10,000 രൂപയും ഒരുപൂ കൃഷി ഇരുപ്പൂവാക്കുന്നതിന് 10,000

രൂപയും കരനെൽ കൃഷിക്ക് 13,600 രൂപയും ധനസഹായമായി നൽകുന്നു. തരിശ് നിലങ്ങളിൽ നെൽകൃഷി പ്രാവർത്തികമാക്കുന്നതിനായി ഹെക്ടർ ഒന്നിന് ഒന്നാം വർഷം 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയുമാണ് ധനസഹായം നൽകുന്നത്. ഇതിനുപുറമേ നഗരപ്രദേശത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളുൾപ്പെടെ നെൽകൃഷി വികസനത്തിനുള്ള പദ്ധതിയിൽ അധിഷ്ഠിത ധനസഹായവും റൈസ് ഇന്നൊവേഷൻ ഫണ്ട് പ്രകാരമുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും നൽകുന്നുണ്ട്.

രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്റ്റിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പ്രകാരം ഹെക്ടർ ഒന്നിന് പരമാവധി 4,500 രൂപയും ധനസഹായം നൽകുന്നു.

ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം 100 ഹെക്ടർ വിസ്തൃതിയുള്ള ക്ലസ്റ്ററുകളിൽ വിവിധ പ്രദർശനത്തോട്ടങ്ങൾ ചെയ്യുന്നതിന് ഹെക്ടർ ഒന്നിന് 9,000 രൂപ ധനസഹായം നൽകും. ക്രോപ്പിംഗ് സിസ്റ്റം പ്രദർശനത്തോട്ടത്തിന് ഹെക്ടർ ഒന്നിന് 15,000 രൂപയും ഹൈബ്രിഡ് വിത്തുപയോഗിക്കുന്നതിന് ഒരു ക്വിന്റലിന് 10,000 രൂപയും റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ താഴെയുള്ള അത്യുത്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 2,000 രൂപയും റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ കൂടുതലായ അത്യുത്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 1000 രൂപയും ലഭിക്കും. സൂക്ഷ്മ മൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1,000 രൂപയും കീടനാശിനി/ജൈവ കീടനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കളനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും ആനുകൂല്യം നൽകും. മരുന്നു തളിക്കുന്നതിനുള്ള സ്പ്രേയറിന് 600 രൂപയും പവർ സ്പ്രേയറിന് 3,000 രൂപയും വിന്നോവറിന് 10,000 രൂപയുമാണ് സബ്സിഡി നൽകുക. പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് 10,000 രൂപ സബ്സിഡി നൽകും.

സംസ്ഥാനത്ത് നെൽകൃഷിക്ക് അനുയോജ്യ കാർഷിക കാലാവസ്ഥയുള്ള പ്രദേശങ്ങളെ നെൽകൃഷിയുടെ പ്രത്യേക കാർഷിക മേഖലകളായി കണക്കാക്കി അവിടെയുള്ള സ്രോതസ്സുകളും സാധ്യതകളും പരിമിതികളും പരിഗണിച്ച് വിത്ത് മുതൽ വിപണി വരെയുള്ള എല്ലാ ഭൗതിക സാമ്പത്തിക സാഹചര്യങ്ങളും സജ്ജമാക്കി പരമാവധി ഉല്പാദനം കൈവരിക്കുവാനും ഉല്പന്നത്തിന്റെ മെച്ചപ്പെട്ട കൈകാര്യത്തിലൂടെയും മൂല്യവർദ്ധനവിലൂടെയും മെച്ചപ്പെട്ട വിപണന സംവിധാനത്തിലൂടെയും കർഷകർക്ക് പരമാവധി വരുമാനം ലഭ്യമാക്കാനുമായി ഏഴ് പ്രത്യേക കാർഷിക മേഖലയ്ക്കുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളും നടപ്പിലാക്കുന്നു.

കാർഷിക ഉപകരണങ്ങൾ, യന്ത്രങ്ങൾ എന്നിവ സബ്സിഡിയോടെ കർഷകർക്ക് ലഭിക്കുന്നതിനും കേന്ദ്രാവിഷ്കൃത പദ്ധതിയായ "സബ്മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ സ്കീമും (എസ്.എം.എ.എം.)" നിലവിലുണ്ട്.

(ബി) 2017-2018 സാമ്പത്തിക വർഷം 220449 ഹെക്ടർ നെൽകൃഷി ചെയ്തതായാണ് കൃഷി വകുപ്പിന്റെ കണക്ക്.

2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയം 35000 ഹെക്ടർ സ്ഥലത്തെ ഉത്പാദനശേഷിയുള്ള നെൽകൃഷിയെയും 820 ഹെക്ടർ സ്ഥലത്തെ ഞാറ്റടിയെയും പൂർണ്ണമായും നശിപ്പിച്ചുകളഞ്ഞു. 63211 ഹെക്ടർ സ്ഥലത്ത് 2018 -ൽ ഒന്നാം വിള കൃഷി ചെയ്തിരുന്നതിൽനിന്നും പകുതിയിലേറെ സ്ഥലത്തെ കൃഷി പ്രളയംമൂലം നഷ്ടപ്പെട്ടു. അതിനുപുറമേ നെല്ലിന്റെ ഉത്പാദനം തുടങ്ങിയ ഘട്ടത്തിലെ കാലാവസ്ഥാ വ്യതിയാനവും മഴയും വെള്ളക്കെട്ടും ഉത്പാദനക്ഷമതയെ വളരെ പ്രതികൂലമായി ബാധിക്കുകയുണ്ടായി.

കുട്ടനാട് പ്രദേശത്തെ പുഞ്ച കൃഷി, വയനാട് ജില്ലയിലെ നഞ്ച കൃഷി എന്നിവ ആരംഭിക്കുന്ന സമയത്തായിരുന്നു ഈ ദുരന്തം. വൻതോതിൽ ചെളിയടിഞ്ഞ പാടശേഖരങ്ങൾ കൃഷി യോഗ്യമാക്കുന്നത് ബൃഹത്തായ അദ്ധ്വാനവും സാമ്പത്തിക ബാധ്യതയും ഉണ്ടാക്കി.

ഇതിനുപുറമേയാണ് നെല്ലിന്റെയും വിത്തിന്റെയും സംഭരണികൾക്കുണ്ടായ നാശവും തന്മൂലമുണ്ടായ വിത്തിന്റെ ക്ഷാമവും കുട്ടനാട്/പൊക്കാളി/കോൾ പ്രദേശത്തെ പെട്ടിയും പറയും പമ്പുസെറ്റുകൾ, മോട്ടോർ ഷെഡ്ഡ്, മോട്ടോർ തറ എന്നിവ വെള്ളം കയറിയതിനാൽ ഉപയോഗയോഗ്യമല്ലാതാകുകയും വൈദ്യുതി ലൈനുകൾ മുറിഞ്ഞു പോവുകയും ചെയ്തു. തന്മൂലം പമ്പിംഗിനും തടസ്സം നേരിട്ടു.

നെൽകൃഷി നാശനഷ്ടമായി 81642 ലക്ഷം രൂപ കൃഷി വകുപ്പ് കണക്കാക്കുന്നു.

(സി) പ്രളയത്തിൽ നെൽകൃഷി നശിച്ചുപോയ മുഴുവൻ കർഷകർക്കും വീണ്ടും വിതയ്ക്കുന്നതിന് 6497.58 മെട്രിക് ടൺ വിത്ത് പൂർണ്ണമായും സൗജന്യമായി വിതരണം ചെയ്തു. ഈ വകയിൽ കർഷകർക്ക് 25.99 കോടി രൂപയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. കൃഷിയിടങ്ങളിലേയ്ക്ക് ആവശ്യമായ കുമ്മായം 75% സബ്സിഡി നിരക്കിൽ 43100 ഹെക്ടർ സ്ഥലത്തേയ്ക്ക് ഹെക്ടർ ഒന്നിന് 5400 രൂപ നിരക്കിൽ വിതരണം ചെയ്തു. ഈ ഇനത്തിൽ 23.40 കോടി രൂപയുടെ ആനുകൂല്യം കർഷകർക്ക് ലഭിച്ചിട്ടുണ്ട്. ഈ ആനുകൂല്യം 10000 ഹെക്ടർ സ്ഥലത്തേക്കുകൂടി ലഭ്യമാക്കുന്നതിന് 5.4 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇത് കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

(ഡി) മഴക്കെടുതിമൂലം ദുരിതത്തിലായ കർഷകർക്ക് ആശ്വാസം എത്തിക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം കടങ്ങൾക്കും 2018 ജൂലൈ 31 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം എസ്.എൽ.ബി.സി. തീരുമാനിച്ചു. 12-10-2018 മുതൽ ഒരു വർഷത്തേയ്ക്ക് ജപ്തി നടപടികൾക്കും മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. പ്രളയബാധിത ജില്ലകളിലെ കർഷകരുടെ കാർഷിക വായ്പകൾ പുനഃക്രമീകരിക്കുന്നതിനും, മൊറട്ടോറിയത്തിന്റെ കാലപരിധി കഴിഞ്ഞശേഷം ടേംലോൺ ആക്കിയാൽ കൂട്ടുപലിശ ഒഴിവാക്കി സാധാരണ പലിശ മാത്രം ഈടാക്കുവാനും തിരിച്ചടവ് തുക തവണകളായി അഞ്ചുവർഷം കൊണ്ട് തിരിച്ചടയ്ക്കാവുന്ന രീതിയിൽ പുനഃക്രമീകരിക്കുവാനും എസ്.എൽ.ബി.സി. പ്രതിനിധികളുമായുള്ള ചർച്ചയിൽ ധാരണയായിട്ടുണ്ട്.

**നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

35(3467) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) ഈ സർക്കാർ കാലയളവിൽ എത്ര ഹെക്ടറിൽ അധികം നെൽകൃഷി വ്യാപിപ്പിച്ചിട്ടുണ്ട്;

(സി) നെൽകൃഷിക്ക് നാശമുണ്ടായാൽ നഷ്ടപരിഹാരം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) നെൽകൃഷിക്കു നൽകുന്ന സബ്സിഡി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നുണ്ടോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ "നെൽകൃഷി വികസന പദ്ധതി" , കേന്ദ്രാവിഷ്കൃത പദ്ധതിയായ "രാഷ്ട്രീയ കൃഷി വികാസ് യോജന" -യുടെ ഭാഗമായ "പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പ്രകാരമുള്ള ആനുകൂല്യങ്ങൾ സംസ്ഥാനത്തെ മുഴുവൻ നെൽകർഷകർക്കും നൽകുന്നു. "ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി " പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്നുണ്ട്. ഇതിനുപുറമേ "വയനാട് പാക്കേജിലെ" ഒരു ഘടകമായി ജില്ലയിലെ സുഗന്ധ നെല്ലിനങ്ങളുടെ വികസനത്തിനുള്ള പദ്ധതിയും "പ്രത്യേക കാർഷിക മേഖലാ" പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

നെൽകൃഷി വികസന പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷി വികസനത്തിന് ഹെക്ടർ ഒന്നിന് 5,500 രൂപയും സവിശേഷ നെല്ലിനങ്ങളുടെ വികസനത്തിന് 10,000 രൂപയും ഒരുപൂ കൃഷി ഇരുപ്പൂവാക്കുന്നതിന് 10,000 രൂപയും കരനെൽകൃഷിക്ക് 13,600 രൂപയും ധനസഹായമായി നൽകും. തരിശ് നിലത്തിലെ കൃഷിക്ക് ഹെക്ടർ ഒന്നിന് ഒന്നാം വർഷം 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയുമാണ് ധനസഹായം നൽകുന്നത്. ഇതിനുപുറമേ നഗരപ്രദേശത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള നെൽകൃഷി വികസനത്തിനുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും റൈസ് ഇന്നൊവേഷൻ ഫണ്ട് പ്രകാരമുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും നൽകുന്നുണ്ട്.

"രാഷ്ട്രീയ കൃഷി വികാസ് യോജന"യുടെ ഭാഗമായ "പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പദ്ധതി പ്രകാരം ഹെക്ടർ ഒന്നിന് 4,500 രൂപയുടെ ധനസഹായം നൽകും.

"ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി" പ്രകാരം 100 ഹെക്ടർ വിസ്തൃതിയുള്ള ക്ലസ്റ്ററുകളിൽ വിവിധ പ്രദർശനത്തോട്ടങ്ങൾ ചെയ്യുന്നതിന് ഹെക്ടർ ഒന്നിന് 9,000 രൂപ ധനസഹായം നൽകും. ക്രോപ്പിംഗ് സിസ്റ്റം പ്രദർശനത്തോട്ടത്തിന് ഹെക്ടർ ഒന്നിന് 15,000 രൂപയും ഹൈബ്രിഡ് വിത്തുപയോഗിക്കുന്നതിന് ഒരു ക്വിന്റലിന് 10,000 രൂപയും റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ താഴെയുള്ള അത്യുത്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 2,000 രൂപയും റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ കൂടുതലായ അത്യുത്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 1000 രൂപയും ലഭിക്കും. സൂക്ഷ്മ മൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1,000 രൂപയും കീടനാശിനി/ജൈവ കീടനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കളനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും ആനുകൂല്യം നൽകും. മരുന്നു തളിക്കുന്നതിനുള്ള സ്പ്രെയറിന് 600 രൂപയും പവർ സ്പ്രെയറിന് 3,000 രൂപയും വിന്നോവറിന് 10,000 രൂപയുമാണ് സബ്സിഡി നൽകുക. പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് 10,000 രൂപ സബ്സിഡി നൽകും.

സംസ്ഥാനത്ത് നെൽകൃഷിക്ക് അനുയോജ്യ കാർഷിക കാലാവസ്ഥയുള്ള പ്രദേശങ്ങളെ നെൽകൃഷിയുടെ പ്രത്യേക കാർഷിക മേഖലകളായി കണക്കാക്കി അവിടെയുള്ള സ്രോതസ്സുകളും സാധ്യതകളും പരിമിതികളും പരിഗണിച്ച് വിത്ത് മുതൽ വിപണി വരെയുള്ള എല്ലാ ഭൗതിക സാമ്പത്തിക സാഹചര്യങ്ങളും സജ്ജമാക്കി പരമാവധി ഉല്പാദനം കൈവരിക്കുവാനും ഉല്പന്നത്തിന്റെ മെച്ചപ്പെട്ട കൈകാര്യത്തിലൂടെയും മൂല്യവർദ്ധനവിലൂടെയും മെച്ചപ്പെട്ട വിപണന

സംവിധാനത്തിലൂടെയും കർഷകർക്ക് പരമാവധി വരുമാനം ലഭ്യമാക്കാനുമായി ഏഴ് പ്രത്യേക കാർഷിക മേഖലയ്ക്കുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളും നടപ്പിലാക്കുന്നു.

കാർഷിക ഉപകരണങ്ങൾ, യന്ത്രങ്ങൾ എന്നിവ സബ്സിഡിയോടെ കർഷകർക്ക് ലഭിക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ "സബ്മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ സ്കീമും (എസ്.എം.എ.എം.)" നിലവിലുണ്ട്.

(ബി) 2015-2016 സാമ്പത്തിക വർഷം 1,96,870 ഹെക്ടർ സ്ഥലത്തുണ്ടായിരുന്ന നെൽകൃഷി 2017-2018 സാമ്പത്തിക വർഷം 2,20,449 ഹെക്ടറായി വർദ്ധിപ്പിച്ചതായാണ് കൃഷി വകുപ്പിന്റെ കണക്ക്. അതായത് 23579 ഹെക്ടർ സ്ഥലത്ത് അധികമായി കൃഷി ചെയ്തു. 2018-2019 -ൽ നെൽകൃഷിയുടെ വിസ്തൃതി 2,24,000 ഹെക്ടറായി വർദ്ധിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നെൽകൃഷിക്കുണ്ടായ നാശനഷ്ടത്തിന് സമയബന്ധിതമായി നഷ്ടപരിഹാര തുക നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## നെൽകൃഷി പ്രോത്സാഹനം

36(3468) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഇതിന്റെ ഫലമായി നെല്ലുല്പാദനം വർദ്ധിച്ചിട്ടുണ്ടോ;

(സി) നെല്ലിന് ഇപ്പോൾ നലകിവരുന്ന സംഭരണ വില എത്രയാണ്; ഇത് വർദ്ധിപ്പിക്കുന്നതിന് കൃഷി വകുപ്പിൽനിന്നും നടപടി സ്വീകരിക്കുമോ;

### ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ "നെൽകൃഷി വികസന പദ്ധതി" , കേന്ദ്രാവിഷ്കൃത പദ്ധതിയായ "രാഷ്ട്രീയ കൃഷി വികാസ് യോജന" യുടെ ഭാഗമായ "പ്രൊഡക്റ്റിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പ്രകാരമുള്ള ആനുകൂല്യങ്ങൾ സംസ്ഥാനത്തെ മുഴുവൻ നെൽകർഷകർക്കും നൽകുന്നു. ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി " പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്നുണ്ട്. ഇതിനുപുറമേ "വയനാട് പാക്കേജിലെ" ഒരു ഘടകമായി ജില്ലയിലെ സുഗന്ധ നെല്ലിനങ്ങളുടെ വികസനത്തിനുള്ള പദ്ധതിയും "പ്രത്യേക കാർഷിക മേഖലാ" പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

നെൽകൃഷി വികസന പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷി വികസനത്തിന് ഹെക്ടർ ഒന്നിന് 5,500 രൂപയും സവിശേഷ നെല്ലിനങ്ങളുടെ വികസനത്തിനു 10,000 രൂപയും ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിന് 10,000 രൂപയും കരനെൽകൃഷിക്ക് 13,600 രൂപയും ധനസഹായമായി നൽകും. തരിശ് നിലത്തിലെ കൃഷിക്ക് ഹെക്ടർ ഒന്നിന് ഒന്നാം വർഷം 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയുമാണ് ധനസഹായം നൽകുന്നത്. ഇതിനുപുറമേ നഗരപ്രദേശത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള നെൽകൃഷി വികസനത്തിനുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും റൈസ് ഇന്നൊവേഷൻ ഫണ്ട് പ്രകാരമുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും നൽകുന്നുണ്ട്.

2017-2018 സാമ്പത്തിക വർഷം ബ്ലോക്കുതല സംയോജനത്തിനും റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനും പദ്ധതിയധിഷ്ഠിത ധനസഹായം നൽകിയിരുന്നു.

"രാഷ്ട്രീയ കൃഷി വികാസ് യോജന"യുടെ ഭാഗമായ "പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പദ്ധതി പ്രകാരം ഹെക്ടർ ഒന്നിന് പരമാവധി 4,500 രൂപയുടെ ധനസഹായം നൽകും.

"ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി" പ്രകാരം 100 ഹെക്ടർ വിസ്തൃതിയുള്ള ക്ലസ്റ്ററുകളിൽ വിവിധ പ്രദർശനത്തോട്ടങ്ങൾ ചെയ്യുന്നതിന് ഹെക്ടർ ഒന്നിന് 9,000 രൂപ ധനസഹായം നൽകും. ക്രോപ്പിംഗ് സിസ്റ്റം പ്രദർശനത്തോട്ടത്തിന് ഹെക്ടർ ഒന്നിന് 15,000 രൂപയും ഹൈബ്രിഡ് വിത്തുപയോഗത്തിന് ഒരു ക്വിന്റലിന് 10,000 രൂപയും റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ താഴെയുള്ള അത്യുത്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 2,000 രൂപയും റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ കൂടുതലായ അത്യുത്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 1000 രൂപയും ലഭിക്കും. സൂക്ഷ്മമൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1,000 രൂപയും കീടനാശിനി/ജൈവ കീടനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കളനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും ആനുകൂല്യം നൽകും. മരുന്നു തളിക്കുന്നതിനുള്ള സാധാരണ സ്പ്രെയറിന് 600 രൂപയും പവർ സ്പ്രെയറിന് 3,000 രൂപയും വിന്നോവറിന് 10,000 രൂപയുമാണ് സബ്സിഡി നൽകുക. പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് 10,000 രൂപ സബ്സിഡി നൽകും.

സംസ്ഥാനത്ത് നെൽകൃഷിക്ക് അനുയോജ്യ കാർഷിക കാലാവസ്ഥയുള്ള പ്രദേശങ്ങളെ നെൽകൃഷിയുടെ പ്രത്യേക കാർഷിക മേഖലകളായി കണക്കാക്കി അവിടെയുള്ള സ്രോതസ്സുകളും സാധ്യതകളും പരിമിതികളും പരിഗണിച്ച് വിത്ത് മുതൽ വിപണി വരെയുള്ള എല്ലാ ഭൗതിക സാമ്പത്തിക സാഹചര്യങ്ങളും

സജ്ജമാക്കി പരമാവധി ഉല്പാദനം കൈവരിക്കുവാനും ഉല്പന്നത്തിന്റെ മെച്ചപ്പെട്ട കൈകാര്യത്തിലൂടെയും മൂല്യവർദ്ധനനവിലൂടെയും മെച്ചപ്പെട്ട വിപണന സംവിധാനത്തിലൂടെയും കർഷകർക്ക് പരമാവധി വരുമാനം ലഭ്യമാക്കാനുമായി ഏഴ് പ്രത്യേക കാർഷിക മേഖലയ്ക്കുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളും നടപ്പിലാക്കുന്നു.

കാർഷിക ഉപകരണങ്ങൾ, യന്ത്രങ്ങൾ എന്നിവ സബ്സിഡിയോടെ കർഷകർക്ക് ലഭിക്കുന്നതിനും കേന്ദ്രാവിഷ്കൃത പദ്ധതിയായ "സബ്മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ സ്കീമും (എസ്.എം.എ.എം.)" നിലവിൽ ഉണ്ട്.

(ബി) ഉണ്ട്. വിസ്തൃതി വർദ്ധിക്കുന്നതിനു ആനുപാതികമായി ഉൽപ്പാദനം വർദ്ധിച്ചിട്ടുണ്ട്. 2015-2016 സാമ്പത്തിക വർഷം 196870 ഹെക്ടർ സ്ഥലത്തുണ്ടായിരുന്ന നെൽകൃഷിയിൽനിന്നും 549275 ടൺ അരി ഉത്പാദിപ്പിച്ച സ്ഥാനത്ത് 2017-2018 സാമ്പത്തിക വർഷം 220449 ഹെക്ടർ നെൽകൃഷിയും 617260 ടൺ അരി ഉത്പാദനവും ഉണ്ടായതായി കൃഷി വകുപ്പ് കണക്കാക്കുന്നു. 2017-2018 വർഷം 224000 ഹെക്ടർ സ്ഥലത്ത് കൃഷി ഇറക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിൽനിന്നും 650000 ടൺ അരി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) കേന്ദ്രസർക്കാർ നെല്ലിന്റെ അടിസ്ഥാന താങ്ങുവില കിലോഗ്രാമിന് 15 രൂപ 50 പൈസയിൽനിന്നും 17 രൂപ 50 പൈസയായി വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ 2018-2019 സീസൺ മുതൽ സംസ്ഥാന സർക്കാർ നെല്ലിന്റെ സംഭരണ വില കിലോഗ്രാമിന് 25 രൂപ 30 പൈസയായി വർദ്ധിപ്പിച്ചിട്ടുണ്ട്. (13-8-2018 സർക്കാർ ഉത്തരവ് സ.ഉ.(സാധാ)നമ്പർ 410/2018/ഭ.പൊ.വി.വ.) സംസ്ഥാന സർക്കാരിന്റെ പ്രോത്സാഹന ബോണസ്സ് കിലോഗ്രാമിന് 7 രൂപ 80 പൈസയാണ്.

## ട്രാക്ടർ ലഭ്യതക്കുറവ്

37(3469) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ട്രാക്ടർ ലഭ്യതക്കുറവ് കാരണം നിരവധി നെൽക്കർഷകർ കൃഷി ഉപേക്ഷിക്കേണ്ട സാഹചര്യമുണ്ടോ;

(ബി) പ്രസ്തുത കാരണത്താൽ ചെല്ലഞ്ചിപ്പാടം തരിശിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ ട്രാക്ടർ ലഭ്യതക്കുറവ് കാരണം കർഷകർ നെൽകൃഷി ഉപേക്ഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മാത്രമല്ല, കാർഷിക കർമ്മസേനകൾ, അഗ്രോസർവ്വീസ് സെന്ററുകൾ, പാടശേഖര സമിതികൾ, കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും എഞ്ചിനീയറിംഗ് വിഭാഗം, എന്നിവിടങ്ങളിലെല്ലാം ഈ ഉപകരണങ്ങൾ ലഭ്യമാണ്. സംസ്ഥാനത്ത് കാർഷിക കർമ്മസേനകൾ, അഗ്രോസർവ്വീസ് സെന്ററുകൾ എന്നിവരുടെ പക്കൽ ആകെ 257 ട്രാക്ടറുകൾ ലഭ്യമാണ്. ഇതിനുപുറമെ SMAM പദ്ധതി പ്രകാരം കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കും സബ്സിഡി നിരക്കിൽ ട്രാക്ടർ ഉൾപ്പെടെയുള്ള കാർഷികോപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നത് കർഷകർക്ക് ഉപയോഗപ്പെടുന്നുണ്ട്.

(ബി) ഇല്ല. നിലവിൽ ചെല്ലഞ്ചിപ്പാടം തരിശിട്ടിട്ടില്ല. ട്രാക്ടർ ഉപയോഗിച്ച് ഇവിടെ കൃഷിയിറക്കിയിട്ടുണ്ട്.

(സി) ജനകീയാസൂത്രണ പദ്ധതി പ്രകാരം കർമ്മസേനകൾക്ക് യന്ത്രോപകരണങ്ങൾ ലഭ്യമാക്കുവാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്.

**നെൽകൃഷിയുടെ വിസ്തീർണ്ണം**

38(3470) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതനുസരിച്ച് നെൽകൃഷിയുടെ വിസ്തീർണ്ണം എത്ര ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിനായി കൃഷിക്ക് അനുയോജ്യമായതും തരിശിട്ടിരിക്കുന്നതുമായ നെൽപ്പാടങ്ങൾ പ്രയോജനപ്പെടുത്താൻ ഉദ്ദേശ്യമുണ്ടോ; വിശദാംശങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നെൽകൃഷിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, കേന്ദ്രാവിഷ്കൃത

പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്ന ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി, വയനാട് പാക്കേജിലെ ഒരു ഘടകമായി ജില്ലയിലെ സുഗന്ധ നെല്ലിനങ്ങളുടെ വികസനത്തിനുള്ള പദ്ധതി, പ്രത്യേക കാർഷിക മേഖലാ പദ്ധതി തുടങ്ങിയവ നടപ്പിലാക്കുന്നുണ്ട്.

നെൽകൃഷി വികസന പദ്ധതിപ്രകാരം സുസ്ഥിര നെൽകൃഷി വികസനത്തിന് ഹെക്ടർ ഒന്നിന് 5,500 രൂപയും സവിശേഷ നെല്ലിനങ്ങളുടെ വികസനത്തിന് 10,000 രൂപയും ഒരുപൂ കൃഷി ഇരുപ്പൂവാക്കുന്നതിന് 10,000 രൂപയും കരനെൽകൃഷിക്ക് 13,600 രൂപയും ധനസഹായമായി നൽകും. തരിശ് നിലങ്ങളിൽ നെൽകൃഷി പ്രാവർത്തികമാക്കുന്നതിനായി ഹെക്ടർ ഒന്നിന് ഒന്നാം വർഷം 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയുമാണ് ധനസഹായം നൽകുന്നത്. ഇതിനുപുറമേ നഗരപ്രദേശത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളുൾപ്പെടെ നെൽകൃഷി വികസനത്തിനുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും റൈസ് ഇന്നൊവേഷൻ ഫണ്ട് പ്രകാരമുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും നൽകുന്നുണ്ട്.

രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പദ്ധതി പ്രകാരം ഹെക്ടർ ഒന്നിന് പരമാവധി 4,500 രൂപയുടെ ധനസഹായം നൽകുന്നു.

ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം 100 ഹെക്ടർ വിസ്തൃതിയുള്ള ക്ലസ്റ്ററുകളിൽ വിവിധ പ്രദർശനത്തോട്ടങ്ങൾ ചെയ്യുന്നതിന് ഹെക്ടർ ഒന്നിന് 9,000 രൂപ ധനസഹായം നൽകും. ക്രോപ്പിംഗ് സിസ്റ്റം പ്രദർശനത്തോട്ടത്തിന് ഹെക്ടർ ഒന്നിന് 15,000 രൂപയും ഹൈബ്രിഡ് വിത്തുപയോഗത്തിന് ഒരു ക്വിന്റലിന് 10,000 രൂപയും റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ താഴെയുള്ള അത്യുത്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 2,000 രൂപയും റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ കൂടുതലായ അത്യുത്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 1000 രൂപയും ലഭിക്കും. സൂക്ഷ്മ മൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1,000 രൂപയും കീടനാശിനി/ജൈവ കീടനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കളനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും ആനുകൂല്യം നൽകും. മരുന്നു തളിക്കുന്നതിനുള്ള സ്പ്രേയറിന് 600 രൂപയും പവർ സ്പ്രേയറിന് 3,000 രൂപയും വിന്നോവറിന് 10,000 രൂപയുമാണ് സബ്സിഡി നൽകുന്നത്. പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് 10,000 രൂപ സബ്സിഡി നൽകുന്നു.

സംസ്ഥാനത്ത് നെൽകൃഷിക്ക് അനുയോജ്യ കാർഷിക കാലാവസ്ഥയുള്ള പ്രദേശങ്ങളെ നെൽകൃഷിയുടെ പ്രത്യേക കാർഷിക മേഖലകളായി കണക്കാക്കി അവിടെയുള്ള സ്രോതസ്സുകളും സാധ്യതകളും പരിമിതികളും പരിഗണിച്ച് വിത്ത് മുതൽ വിപണി വരെയുള്ള എല്ലാ ഭൗതിക സാമ്പത്തിക സാഹചര്യങ്ങളും സജ്ജമാക്കി പരമാവധി ഉല്പാദനം കൈവരിക്കുവാനും ഉല്പന്നത്തിന്റെ മെച്ചപ്പെട്ട കൈകാര്യത്തിലൂടെയും മൂല്യവർദ്ധനവിലൂടെയും മെച്ചപ്പെട്ട വിപണന സംവിധാനത്തിലൂടെയും കർഷകർക്ക് പരമാവധി വരുമാനം ലഭ്യമാക്കാനുമായി ഏഴ് പ്രത്യേക കാർഷിക മേഖലയ്ക്കുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളും നടപ്പിലാക്കുന്നു.

കാർഷിക ഉപകരണങ്ങൾ, യന്ത്രങ്ങൾ എന്നിവ സബ്സിഡിയോടെ കർഷകർക്ക് ലഭിക്കുന്നതിനും കേന്ദ്രാവിഷ്കൃത പദ്ധതിയായ സബ്മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ സ്കീമും (എസ്.എം.എ.എം.) നിലവിൽ ഉണ്ട്.

(ബി) 2016-17-ൽ 171398 ഹെക്ടറായിരുന്ന നെൽകൃഷിയുടെ വിസ്തൃതി പദ്ധതികളുടെ നടത്തിപ്പിന്റെയും കൃത്യമായ ഇടപെടലുകളുടെയും ഫലമായി 2017-18-ൽ 220449 ഹെക്ടറായി വർദ്ധിച്ചു. 2018-2019 സാമ്പത്തിക വർഷം അത് 224000 ഹെക്ടറായി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) വിസ്തൃതി വർദ്ധിപ്പിക്കാൻ സ്വീകരിച്ചിരുന്ന മാർഗ്ഗം തരിശുകിടക്കുന്ന മുഴുവൻ നെല്പാടങ്ങളും ഘട്ടം ഘട്ടമായി കൃഷി ചെയ്യിപ്പിക്കുകയും കര നെൽകൃഷി ചെയ്യുകയുമാണ്. കര നെൽകൃഷിക്ക് ഹെക്ടറിന് 13,600 രൂപ സബ്സിഡിയായി നൽകുന്നു.

തരിശുഭൂമിയിൽ നെൽ കൃഷി ചെയ്യുന്നതിനു തുടർച്ചയായി മൂന്നു വർഷം ആനുകൂല്യം നൽകുന്നു. ഒന്നാം വർഷം ഹെക്ടറിന് 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയും ധനസഹായമായി നൽകുന്നതാണ്. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ചു നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25,000 രൂപയും ഭൂവുടമയ്ക്ക് 5,000 രൂപയും നൽകും. രണ്ടാം വർഷം ഇതു യഥാക്രമം 5800 രൂപയും 1200 രൂപയും മൂന്നാം വർഷം 3750 രൂപയും 750 രൂപയുമാണ്. പ്രസ്തുത പദ്ധതി പ്രകാരം 2016-17 -ൽ 2782.3857 ഹെക്ടറും 2017-2018 -ൽ 5485.686 ഹെക്ടറും തരിശു നിലങ്ങളിൽ നെൽകൃഷി ചെയ്തു.

തരിശ്ശ ഭൂമിയിൽ കൃഷി ചെയ്യിക്കുന്നതിൽ അനുഭവപ്പെടുന്ന ഏറ്റവും രൂക്ഷമായ പ്രശ്നം പാട്ടച്ചീട്ടിന്റെ അഭാവമായിരുന്നു. കഴിഞ്ഞ രണ്ടുവർഷവും ചെയ്തതുപോലെ ഈ വർഷവും പാട്ടക്കരാർ ഉടമ്പടി വയ്ക്കാൻ വിമുഖത കാണിക്കുന്ന ഭൂവുടമകൾക്കും പാട്ടക്കർഷകർക്കും കൃഷി ഉദ്യോഗസ്ഥരുടെ വ്യക്തമായ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ട നിർദ്ദിഷ്ട ആനുകൂല്യം നൽകാവുന്നതാണെന്ന് കൃഷി ഡയറക്ടർ സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ഉത്തരവ് നൽകിയിട്ടുണ്ട്.

## തരിശുനിലങ്ങളിലെ നെൽകൃഷി

39(3471) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിനായി കൂടുതൽ സഹായം കൃഷി വകുപ്പ് മുഖേന നൽകുന്നതിനായി ആലോചിച്ചുവരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) പാടശേഖര സംഘങ്ങളുടെ നേതൃത്വത്തിൽ നെൽകൃഷിയിറക്കിയതിന് ശേഷം കാലാവസ്ഥ വ്യതിയാനം മൂലമുണ്ടാകുന്ന നഷ്ടം വിള ഇൻഷ്വറൻസ് സ്കീം പോലുള്ള പദ്ധതികളിൽക്കൂടി തിരികെ ലഭിക്കുന്നതിന് തടസ്സമായി നിൽക്കുന്ന മാനദണ്ഡങ്ങൾ പരിശോധിച്ച് മാറ്റംവരുത്തുവാൻ തയ്യാറായിട്ടുണ്ടോ;

(സി) ഇത്തരം പ്രശ്നങ്ങൾ ഭാവിയിൽ ഉയർന്നുവരാതിരിക്കാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ വർഷം നെൽകൃഷിയിറക്കിയ തരിശുനിലങ്ങളിൽ കുറെക്കൂടി വിപുലമായ രീതിയിലും മറ്റ് തരിശുനിലങ്ങളിലേയ്ക്കും കൃഷി വ്യാപിപ്പിക്കാൻ ഉതകുന്ന രീതിയിൽ എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിവരുന്നതെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) തരിശുഭൂമിയിൽ നെൽ കൃഷി ചെയ്യുന്നതിനു തുടർച്ചയായി മൂന്ന് വർഷം ആനുകൂല്യം നൽകുന്നു. ഒന്നാം വർഷം ഹെക്ടറിന് 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയും ധനസഹായമായി നൽകുന്നതാണ്.

ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ച് നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25,000 രൂപയും ഭൂവുടമയ്ക്ക് 5,000 രൂപയും നൽകും. രണ്ടാം വർഷം ഇത് യഥാക്രമം 5,800 രൂപയും 1,200 രൂപയും മൂന്നാം വർഷം 3750 രൂപയും 750 രൂപയുമാണ്

(ബി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കിവരുന്ന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വിളകൾക്ക് ദോഷമായി ഭവിക്കുന്ന അന്തരീക്ഷ താപനിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, അതിവൃഷ്ടി, ശക്തമായ കാറ്റ്, തുടർദിവസങ്ങളിൽ ഉണ്ടാകുന്ന ശക്തമായ മഴ, വരൾച്ച, രോഗകീടാക്രമണത്തിന് അനുയോജ്യമായ കാലാവസ്ഥാ സാഹചര്യങ്ങൾ എന്നിവയ്ക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. ഓരോ വിജ്ഞാപിത പ്രദേശങ്ങളിലും സ്ഥാപിച്ചിട്ടുള്ള കാലാവസ്ഥാ നിലയങ്ങളിൽ രേഖപ്പെടുത്തുന്ന നിർദ്ദിഷ്ട കാലാവസ്ഥാ ഘടകങ്ങളുടെ തോതിനെ അടിസ്ഥാനമാക്കിയാണ് പദ്ധതിയിൽ ഇൻഷ്വർ ചെയ്ത വിളകൾക്ക് നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നത്.

എന്നാൽ 2018 ഖാരിഫ് സീസൺ വരെ തീവ്രവർഷവും പ്രളയവും എന്ന ഘടകങ്ങൾ ഉൾപ്പെട്ടിരുന്നില്ല. 2018-2019 റാബി സീസണിൽ പദ്ധതി മാനദണ്ഡങ്ങളുടെ പട്ടികയിൽ തീവ്രവർഷവും പ്രളയവും ഉരുൾപൊട്ടലും add on cover ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി വിജ്ഞാപനം ചെയ്യുന്ന ഓരോ വിളയ്ക്കും ഏറ്റവും ആവശ്യമായ കാലാവസ്ഥാ ഘടകങ്ങൾ തെരഞ്ഞെടുക്കുകയും അതിന്റെയെല്ലാം തോത് നിർണ്ണയിക്കുകയുമാണ് സംസ്ഥാന കൃഷി വകുപ്പിന്റെ സാങ്കേതിക സമിതി ചെയ്യുന്നത്. ആയതിനാൽ നിലവിലെ റാബി സീസണിൽ (2018-2019) മാനദണ്ഡങ്ങളുടെ പട്ടികയിൽ തീവ്രവർഷവും പ്രളയവും അനുബന്ധ കെടുതികളും add on cover ആയി ഉൾപ്പെടുത്തി വിജ്ഞാപനമിറക്കാൻ തീരുമാനമായി.

(ഡി) നെൽകൃഷി വികസന പദ്ധതി പ്രകാരം തരിശുനില കൃഷിക്ക് മൂന്ന് വർഷത്തേയ്ക്കാണ് ആനുകൂല്യം നൽകുന്നത്. മൂന്ന് വർഷം തുടർച്ചയായി കൃഷി ചെയ്യുന്നതിനുവേണ്ടിയാണിത്. അടിസ്ഥാന സൗകര്യ വികസനം ആവശ്യമുള്ള പക്ഷം പദ്ധതിയധിഷ്ഠിതമായി അതിനും നെൽ കൃഷി വികസന പദ്ധതിയിൽ വ്യവസ്ഥയുണ്ട്. തരിശുനില കൃഷി തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയും പരമാവധി ജനകീയ പങ്കാളിത്തത്തോടെയും നടപ്പാക്കിവരുന്നതും പരമാവധി വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ്.

## കുട്ടനാട്ടിൽ നെൽകൃഷി

40(3472) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. അനിൽ അക്കര:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ നെൽകൃഷി അവസാനിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ;

(ബി) വൻനഷ്ടത്തിലായ നെൽകൃഷി അവസാനിപ്പിച്ചുകൊണ്ട് കുടിവെള്ള പ്ലാന്റ് നിർമ്മിക്കണമെന്ന അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അഭിപ്രായത്തോട് വകുപ്പ് യോജിക്കുന്നുണ്ടോ;

(സി) കുട്ടനാട്ടിലെ നെൽകൃഷി പ്രകൃതിക്ക് അനുയോജ്യമല്ലാത്തതാണെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ടോ;

(ഡി) അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പ്രസ്തുത പരാമർശം ഏതെങ്കിലും പഠനത്തിന്റെ അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഇല്ല.

(സി) ഇല്ല. കേരളത്തിന്റെ പ്രധാനപ്പെട്ട നെല്ലറയാണ് കുട്ടനാട്. കാലാവസ്ഥയ്ക്കും പ്രകൃതിക്കും ആവാസ വ്യവസ്ഥയ്ക്കും നീരൊഴുക്കിനും കോട്ടം തട്ടാത്ത തരത്തിലും ജൈവകൃഷി സമ്പ്രദായങ്ങളനുവർത്തിച്ചു കൊണ്ടുമാണ് കുട്ടനാട്ടിൽ നെൽകൃഷി നടപ്പിലാക്കിവരുന്നത്. മാത്രവുമല്ല കുട്ടനാട്ടിൽ നെൽകൃഷി കൂടുതൽ വ്യാപിപ്പിക്കാനാണ് കൃഷി വകുപ്പ് ഉദ്ദേശിക്കുന്നത്. പ്രളയത്തിനുശേഷം ഈ വർഷത്തെ പുഞ്ച കൃഷിയിൽ കഴിഞ്ഞ വർഷം പുഞ്ച കൃഷി ചെയ്തതിനേക്കാൾ 7000 ഹെക്ടറെങ്കിലും അധികം കൃഷിയിറക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) ഇതുസംബന്ധിച്ച് സർക്കാരോ കാർഷിക സർവ്വകലാശാലയോ ശാസ്ത്രീയ പഠനം നടത്തിയിട്ടില്ല. യാതൊരു ശാസ്ത്രീയ അടിസ്ഥാനവും ഈ പരാമർശത്തിനില്ല.

## കോൾ നിലങ്ങളിൽ ഇരുപ്പൂകൃഷി

41(3473) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോൾനിലങ്ങളിൽ ഇരുപ്പൂകൃഷി നടത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഏതെല്ലാം പാടശേഖരങ്ങളിലാണ് ഇരുപ്പൂകൃഷി നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത പദ്ധതി പ്രകാരം കർഷകർക്ക് ലഭിക്കുന്നതെന്ന് വിശദീകരിക്കുമോ;

(ഡി) പമ്പിംഗ് സബ്സിഡിയിൽ എന്തെങ്കിലും വർദ്ധനവ് ഇതിന്റെ ഭാഗമായി വരുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് വിശദീകരിക്കുമോ?

### ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിൽ ഇരുപ്പൂകൃഷി ചെയ്യുന്നതിനായി ഓപ്പറേഷൻ കോൾ ഡബിൾ എന്ന പദ്ധതി നടപ്പാക്കുന്നു. നെല്ല്-നെല്ല്, നെല്ല്-പച്ചക്കറി/ധാന്യങ്ങൾ/പയറുവർഗ്ഗങ്ങൾ/എള്ള് എന്നിവയാണ് ഓപ്പറേഷൻ കോൾ ഡബിൾ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് ഉദ്ദേശിക്കുന്നത്.

(ബി) നെല്ല്-നെല്ല് ഇരുപ്പൂകൃഷി നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുള്ള പാടശേഖരങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു:

1. കാഞ്ഞാൺ കോൾ
2. ശ്രീരാമൻ ചിറ
3. പുറത്തൂർ കോൾപ്പടവ്
4. ചെറുകോൾ
5. തെക്കേ കൊഞ്ചിറ
6. പള്ളിപ്പുറം
7. എലവത്തൂർ കിഴക്ക്
8. ആലപ്പാട്

9. മണലൂർത്താഴം
10. വടക്കേപൊന്നോർത്താഴം
11. പൊണ്ണമുത
12. പുള്ള്
13. വടക്കേ കൊഞ്ചിറ
14. മതുക്കര വടക്ക്
15. മണൽ പുഴ കണ്ണോത്ത്
16. പെരുവല്ലൂർ
17. സംഘം കോൾനോർത്ത്
18. തരിശ് കരിമ്പാടം
19. കരിമ്പാടം
20. മതുക്കര തെക്ക്.

രണ്ടാം വിളയായി പച്ചക്കറി/ ധാന്യങ്ങൾ പയറുവർഗ്ഗങ്ങൾ/എള്ള് എന്നിവ കൃഷി ചെയ്യുന്നതിന് നിശ്ചയിച്ചിട്ടുള്ള പാടശേഖരങ്ങളുടെ ലിസ്റ്റ്

1. മനക്കൊടി വെളുത്തൂർ ഉൾപ്പാടം
2. എറവ് ആറുമുറി
3. ജയന്തി കോൾപ്പടവ്
4. വാരിയം കോൾപ്പടവ്
5. കുറുമ്പിലം പാടം
6. പഴുവിൽ ബണ്ട് റോഡ്
7. വെണ്ടറപ്പാടം
8. ഏലമുത
9. പടിഞ്ഞാറേ കരിമ്പാടം
10. കിഴക്കേ കരിമ്പാടം

11. മതുക്കര തെക്ക്

12. പേനകം

13. പറപ്പാടം

14. കോടന്നൂർ കോൾ

15. പുല്ലഴി.

(സി) സമഗ്ര നെൽകൃഷി വികസന പദ്ധതിയിൽപ്പെടുത്തി 1710 ഹെക്ടർ സ്ഥലത്ത് സുസ്ഥിര നെൽകൃഷി വികസനം (ഹെക്ടറിന് 5,500 രൂപ), ഇരുപ്പൂ കൃഷി നടപ്പിലാക്കൽ (ഹെക്ടറിനു 10000 രൂപ), പ്രവർത്തനച്ചെലവ് (ഹെക്ടറിന് 360 രൂപ) എന്നീ ഘടകങ്ങൾക്കായി 271.206 ലക്ഷം രൂപയും പച്ചക്കറി വികസന പദ്ധതി പ്രകാരം 500 ഹെക്ടർ സ്ഥലത്തേയ്ക്ക് 150 ലക്ഷം രൂപയും പയറുകൃഷി വികസന പദ്ധതി പ്രകാരം 765 ഹെക്ടർ സ്ഥലത്തേയ്ക്ക് 76.5 ലക്ഷം രൂപയും സോയിൽ ആൻഡ് റൂട്ട് ഹെൽത്ത് മാനേജ്മെന്റ് പദ്ധതി പ്രകാരം കുമ്മായം നൽകുന്നതിന് 2975 ഹെക്ടർ സ്ഥലത്തേയ്ക്ക് 160.65 ലക്ഷം രൂപയും (ആകെ 658.356 ലക്ഷം രൂപ) അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ കൃഷി വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയും ആയതു പ്രകാരം ഓപ്പറേഷൻ കോൾ ഡബിൾ പദ്ധതിക്കായി 3-12-2018-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്.)നമ്പർ 144/2018/അഗ്രി പ്രകാരം ഒരു കോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു. ബാക്കി തുകയായ 5.58 കോടി രൂപയ്ക്കുവേണ്ടി കൃഷി വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രോപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ഡി) ഇതിന്റെ ഭാഗമായി പമ്പിംഗ് സബ്സിഡിയിൽ വർദ്ധനവ് വരുത്തിയിട്ടില്ല.

എന്നാൽ 2018 ആഗസ്റ്റ് മാസത്തിൽ കേരളത്തിലുണ്ടായ വെള്ളപ്പൊക്കത്തിന്റെയും പ്രളയത്തിന്റെയും പ്രത്യേക സാഹചര്യത്തിൽ കൃഷി ഇറക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം കണക്കാക്കി പമ്പിംഗ് സബ്സിഡി നൽകുന്നതിനും തൻ കൊല്ലത്തെ (തൻ സീസൺ) കൃഷിക്ക് പമ്പിംഗ് സബ്സിഡി നൽകുന്നതിനും അനുമതി നൽകി ഉത്തരവായിട്ടുണ്ട്. 4-9-2018-ലെ സ.ഉ.(കൈ)നമ്പർ 111/2018 അഗ്രി) കൂടാതെ കോൺട്രാക്ടർ മുഖേന നടത്തുന്ന പമ്പിംഗിനു നൽകുന്ന അതേ നിരക്കുതന്നെ (പുഞ്ച കൃഷിക്ക് 1,800 രൂപയും രണ്ടാം വിളയ്ക്ക് ഏക്കറിനു 1,900 രൂപയും) പാടശേഖരസമിതി/കർഷകർ സ്വന്തമായി നടത്തുന്ന പമ്പിംഗ് ജോലികൾക്കും നൽകുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

## മാമം നാളികേര കോംപ്ലക്സ്

42(3474) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാമം നാളികേര കോംപ്ലക്സ് പ്രവർത്തനരഹിതമായത് കാരണം അവിടത്തെ കോടികൾ വിലയുള്ള ഉപകരണങ്ങൾ നശിച്ചുപോയിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലം ബസ് സ്റ്റാൻഡ് നിർമ്മാണത്തിനായി വിട്ടു നൽകണമെന്ന് ആറ്റിങ്ങൽ നഗരസഭ അപേക്ഷിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് വെർജിൻ കോക്കനട്ട് ഓയിൽ പ്ലാന്റ് തുടങ്ങുന്നതിനായി യന്ത്രങ്ങൾ വാങ്ങിയിരുന്നുവെങ്കിലും നിയമാനുസൃതം ആവശ്യമായ തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ഫുഡ് സേഫ്റ്റി അതോറിറ്റിയുടെയും ഫയർ & സേഫ്റ്റി വകുപ്പിന്റെയും ലൈസൻസുകൾ ലഭ്യമാക്കാത്തതിനാൽ പ്ലാന്റ് പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞിരുന്നില്ല.

മേൽ സൂചിപ്പിച്ച ലൈസൻസുകളെല്ലാം ലഭ്യമാക്കി 2019 ജനുവരി മാസത്തിൽ തന്നെ ഉദ്ഘാടനം നടത്തി പ്ലാന്റ് പ്രവർത്തനം ആരംഭിക്കുന്നതിനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്.

(ബി) മാമം നാളികേര കോംപ്ലക്സ് സ്ഥിതിചെയ്യുന്ന സ്ഥലം ബസ് സ്റ്റാന്റ് നിർമ്മാണത്തിനായി വിട്ടുനൽകണമെന്ന് അവശ്യപ്പെട്ടുകൊണ്ട് ആറ്റിങ്ങൽ നഗരസഭ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ഈ സ്ഥലം ബസ് സ്റ്റാന്റ് നിർമ്മാണത്തിന് വിട്ടുകൊടുക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

## കേരകൃഷി

43(3475) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര ഹെക്ടർ സ്ഥലത്താണ് ഇപ്പോൾ തെങ്ങ് കൃഷിയുള്ളതെന്ന ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) കേരകർഷകർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിവരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രതിസന്ധി നേരിടുന്ന കേരവ്യവസായം സംരക്ഷിക്കുന്നതിനായി കേരകൃഷി വ്യാപിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള 2016-2017-ലെ കണക്കുകൾ പ്രകാരം കേരളത്തിൽ 7,81,496 ഹെക്ടർ സ്ഥലത്താണ് നാളികേര കൃഷി ചെയ്തുവരുന്നത്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | വിസ്തീർണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 70467 |
| 2 | കൊല്ലം | 50938 |
| 3 | പത്തനംതിട്ട | 15877 |
| 4 | ആലപ്പുഴ | 33670 |
| 5 | കോട്ടയം | 25610 |
| 6 | ഇടുക്കി | 16122 |
| 7 | എറണാകുളം | 43079 |
| 8 | തൃശ്ശൂർ | 80504 |
| 9 | പാലക്കാട് | 59547 |
| 10 | മലപ്പുറം | 102836 |
| 11 | കോഴിക്കോട് | 119064 |
| 12 | വയനാട് | 10322 |
| 13 | കണ്ണൂർ | 88217 |
| 14 | കാസർഗോഡ് | 65243 |
| ആകെ | | 781496 |

(ബി) നാളികേരത്തിന്റെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുവാനായി സംയോജിത വിള പരിപാലനമുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ "കേരഗ്രാമം" എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2014-2015 വർഷം മുതൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്നു.

സംയോജിത വിള പരിപാലനമുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷിച്ചും അഭിവൃദ്ധിപ്പെടുത്തിയും ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുവാനാണ് കേരഗ്രാമം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ശാസ്ത്രീയമായി കൃഷി ചെലവുകൾ ക്രമീകരിച്ചുകൊണ്ട് ഉത്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ ഉതകുന്ന ഘടകങ്ങൾ എല്ലാം തന്നെ സമഗ്ര നാളികേര വികസനത്തിനായുള്ള ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അത്യുത്പാദനശേഷിയുള്ള ഇടത്തരം പൊക്കമുള്ള (Semital) തെങ്ങുകളുടെയും കുറിയ ഇനം തെങ്ങുകളുടെയും ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതി 2017-2018 വർഷം നടപ്പിലാക്കുകയുണ്ടായി. 2018-2019 വർഷവും ടി പദ്ധതി തുടരുന്നുണ്ട്. തെങ്ങിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുക, കേരകൃഷിയിൽ നിന്നുമുള്ള വരുമാനം വർദ്ധിപ്പിക്കുക, വിളവെടുപ്പിന് നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുക, കണിക ജലസേചനം വഴി ജലവിനിയോഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നിവയാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധ നിയന്ത്രണ മാർഗ്ഗങ്ങൾ ക്യാമ്പയിൻ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 2017-2018 വർഷം 275.42 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. 2018-2019 വർഷം ടി പദ്ധതിക്കായി 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഗുണമേന്മയേറിയ കുറിയ ഇനം/സങ്കരയിനം/ഇടത്തരം പൊക്കമുള്ള (Semital) തെങ്ങിൻ തൈകളുടെ ഉത്പാദനം, കർഷക പങ്കാളിത്തത്തോടെ ത്വരിതപ്പെടുത്തുവാനുള്ള പ്രോജക്ടുകൾ, കീടരോഗനിയന്ത്രണം ഫലപ്രദമാക്കുവാനുള്ള പ്രോജക്ട്, ജില്ലകൾ തമ്മിലുള്ള ഉത്പാദനക്ഷമത വ്യത്യാസത്തെ സംബന്ധിച്ച ശാസ്ത്രീയ പഠനം എന്നീ മേഖലകളിൽ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ കീഴിൽ കാസർഗോഡ് പ്രവർത്തിക്കുന്ന കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം മുഖേനയുള്ള ത്രിവത്സര പ്രോജക്ടുകൾ സംസ്ഥാന കൃഷി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ 207-2018 മുതൽ നടന്നുവരുന്നു.

കൂടാതെ നാളികേര വികസന ബോർഡ് മുഖേന അനുവദിച്ച് നൽകിയിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളായ തെങ്ങ് പ്രദർശനത്തോട്ടങ്ങൾ സ്ഥാപിക്കൽ, പ്രായാധിക്യവും രോഗബാധമൂലവും ഉത്പാദനക്ഷമത നശിച്ച തെങ്ങുകൾ വെട്ടിമാറ്റി ഗുണമേന്മയുള്ള തൈകൾ നടുന്നതിനും ശേഷിക്കുന്ന തെങ്ങുകളെ ശാസ്ത്രീയമായി പരിപാലിക്കുക, പ്രാദേശിക തെങ്ങിൻതൈ നഴ്സറികൾക്കുള്ള സഹായം തെങ്ങ് ഇൻഷ്വറൻസ് എന്നീ പദ്ധതികളും സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു.

(സി) സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ച 2016-2017-ലെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് നിലവിൽ 7.81 ലക്ഷം ഹെക്ടർ സ്ഥലത്ത് നാളികേര കൃഷി നിലവിലുണ്ട്. അടുത്ത പത്ത് വർഷ കാലയളവിൽ 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് കൂടി അധികമായി തെങ്ങ് കൃഷി വ്യാപിപ്പിച്ച് 9.25 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2018 മുതൽ 2028 വരെ നീളുന്ന പത്ത് വർഷത്തെ വികസന കാഴ്ചപ്പാടോടെ 21-11-2018-ലെ സ.ഉ.(കൈ) 138/18/കൃഷി നമ്പർ ഉത്തരവ് പ്രകാരം നാളികേര വികസന കൗൺസിൽ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ നാളികേര വികസനത്തിനായി താഴെ പറയുന്ന പ്രധാന പുതിയ ഇടപെടലുകൾ വിഭാവന ചെയ്യുന്നുണ്ട്.

(a) 10 വർഷം കൊണ്ട് കേരളത്തിലെ നാളികേര കൃഷി 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി വ്യാപിപ്പിക്കുക.

(b) തെങ്ങിന്റെ ഉത്പാദനക്ഷമത ഹെക്ടറിന് 6889 നാളികേരത്തിൽനിന്നും 8500 നാളികേരമായി ഉയർത്തുക.

(c) ശാസ്ത്രീയമായ വിത്ത് തേങ്ങ സംഭരണം വിപുലപ്പെടുത്തിയും വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിച്ചും ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ലഭ്യത ആവശ്യാനുസരണം എല്ലാ കർഷകർക്കും ഉറപ്പു വരുത്തുക.

(d) തെങ്ങിൻ തോട്ടങ്ങളിൽ ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുക, ബഹുവിള കൃഷി സമ്പ്രദായം നടപ്പിലാക്കുക.

(e) നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള എല്ലാ പഞ്ചായത്തുകളിലും തെങ്ങിന്റെ സംയോജിത വികസനത്തിനായി 'കേരഗ്രാമങ്ങൾ' ആരംഭിക്കുക.

(f) വിളവെടുപ്പിനും കീടരോഗ പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമായി യുവതീയുവാക്കൾക്ക് പരിശീലനം നൽകി കേര കർമ്മസേനകൾ രൂപീകരിക്കുക.

(g) നാളികേരാധിഷ്ഠിത മൂല്യവർദ്ധിത സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക.

(h) നാളികേര മേഖലയിൽ സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുക.

(i) നാളികേര അഗ്രോപാർക്കുകൾ പ്രവർത്തനം ആരംഭിക്കുക.

(j) നീര ഉൾപ്പെടെയുള്ള ഗുണമേന്മയുള്ള കേരോല്പന്നങ്ങൾ ദേശീയ/ അന്തർദ്ദേശീയ വിപണികളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

## നാളികേര കൃഷിയുടെ വ്യാപനം

44(3476) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു കാലത്ത് ഏറെ കീർത്തി കേട്ടിരുന്ന കേരളത്തിലെ നാളികേര കൃഷിയുടെ പാരമ്പര്യം തിരിച്ചുപിടിക്കുന്നതിനും നാളികേര കൃഷി വ്യാപിപ്പിക്കുന്നതിനുമായി ഏതെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കേരളത്തിലെ നാളികേര കർഷകരെ സഹായിക്കുന്നതിനായി നാളികേരത്തിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നതിനും നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ച് സമയബന്ധിതമായി നല്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) നാളികേര ഉല്പന്നങ്ങളുടെ വൈവിധ്യത്തിനായി പദ്ധതി ആവിഷ്കരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരകൃഷിയുടെ വിസ്തൃതി നിലവിലെ 7.81 ലക്ഷം ഹെക്ടറിൽനിന്നും 9.25 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുക. നാളികേരത്തിന്റെ ഉത്പാദനം, ഉത്പാദനക്ഷമത വർദ്ധിപ്പിക്കുക, സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 2018 മുതൽ 2028 വരെ നീളുന്ന പത്ത് വർഷത്തെ വികസന കാഴ്ചപ്പാടോടുകൂടി സംസ്ഥാനത്ത് സമഗ്ര നാളികേര വികസനത്തിനായി നാളികേര വികസന കൗൺസിൽ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ നാളികേര വികസനത്തിനായി താഴെപ്പറയുന്ന പ്രധാന പുതിയ ഇടപെടലുകൾ വിഭാവനചെയ്യുന്നുണ്ട്.

(a) 10 വർഷംകൊണ്ട് കേരളത്തിലെ നാളികേര കൃഷി 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി വ്യാപിപ്പിക്കുക.

(b) തെങ്ങിന്റെ ഉത്പാദനക്ഷമത ഹെക്ടറിന് 6889 നാളികേരത്തിൽനിന്നും 8500 നാളികേരമായി ഉയർത്തുക.

(c) ശാസ്ത്രീയമായ വിത്ത് തേങ്ങ സംഭരണം വിപുലപ്പെടുത്തിയും

വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിച്ചും ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ലഭ്യത ആവശ്യാനുസരണം എല്ലാ കർഷകർക്കും ഉറപ്പുവരുത്തുക.

(d) തെങ്ങിൻ തോട്ടങ്ങളിൽ ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുക. ബഹുവിള കൃഷി സമ്പ്രദായം നടപ്പിലാക്കുക.

(e) നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള എല്ലാ പഞ്ചായത്തുകളിലും തെങ്ങിന്റെ സംയോജിത വികസനത്തിനായി 'കേരഗ്രാമങ്ങൾ' ആരംഭിക്കുക.

(f) വിളവെടുപ്പിനും കീടരോഗ പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമായി യുവതീയുവാക്കൾക്ക് പരിശീലനം നൽകി കേര കർമ്മസേനകൾ രൂപീകരിക്കുക.

(g) നാളികേരാധിഷ്ഠിത മൂല്യവർദ്ധിത സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക.

(h) നാളികേര മേഖലയിൽ സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുക.

(i) നാളികേര അഗ്രോപാർക്കുകൾ പ്രവർത്തനം ആരംഭിക്കുക.

(j) നീര ഉൾപ്പെടെയുള്ള ഗുണമേന്മയുള്ള കേരോല്പന്നങ്ങൾ ദേശീയ/ അന്തർദ്ദേശീയ വിപണികളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

(ബി) കേരളത്തിലെ നാളികേര കർഷകരെ സംരക്ഷിക്കുന്നതിനായി കൊപ്രയുടെ താങ്ങുവില വർദ്ധിപ്പിക്കണമെന്നും പച്ചത്തേങ്ങയ്ക്ക് താങ്ങുവില പ്രഖ്യാപിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ വിശദമായ പ്രൊപ്പോസൽ കേന്ദ്രഗവൺമെന്റിന്റെ CACP-യുടെ (Commission for Agricultural Cost and Prices ) പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

പ്രകൃതിക്ഷോഭംമൂലമുള്ള തെങ്ങുകളുടെ നാശനഷ്ടത്തിന് കായ്ഫലമുള്ളതിന് 700 രൂപ, കായ്ഫലമില്ലാത്തതിന് 350 രൂപ, ഒരു വർഷം വരെ പ്രായമായ തൈകൾക്ക് 102.80 രൂപ എന്ന കണക്കിലാണ് ഇപ്പോൾ നഷ്ടപരിഹാരം നൽകിവരുന്നത്. എന്നാൽ 2017-ൽ പുതുക്കിയ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കായ്ഫലമുള്ളതിന് 2,000 രൂപ, 7 വർഷം വരെ പ്രായമായ കായ്ഫലമില്ലാത്തതിന് 400 രൂപ, 3 വർഷം വരെയുള്ള തൈകൾക്ക് 200 രൂപ എന്ന കണക്കിൽ നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

(സി)

1. മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ സാദ്ധ്യത മനസ്സിലാക്കുന്നതിനും, സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും, കർഷകർ, വികസന ഉദ്യോഗസ്ഥർ, ശാസ്ത്രജ്ഞർ, സംരംഭകർ, വ്യവസായികൾ, പൊതുജനങ്ങൾ എന്നിവരുടെ ഇടപെടലുകൾ സാദ്ധ്യമാക്കുന്നതിനായി വൈഗ എന്ന പേരിൽ പ്രദർശന സെമിനാർ 2016 മുതൽ എല്ലാ വർഷവും ഡിസംബർ മാസം സംഘടിപ്പിച്ചുവരുന്നു.

2. മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിനായി എസ്.എഫ്.എ.സി. (സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം) മുഖാന്തരം പ്രോജക്ട് അധിഷ്ഠിത ധനസഹായം നൽകുന്നു.

3. നീര ഉത്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ധനസഹായം നൽകിയിട്ടുണ്ട്.

4. നീര ടെക്നീഷ്യന്മാരുടെ കുറവ് പരിഹരിക്കുതന്നതിനായി അവർക്കുള്ള പരിശീലനം കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖാന്തരം നടപ്പിലാക്കിവരുന്നു.

5. നീരയുടെ ഉള്ളടക്ക ഘടകങ്ങൾ ഏകീകരിച്ചുകൊണ്ട് ഗുണനിലവാര മാനദണ്ഡങ്ങൾ സർക്കാർ വിജ്ഞാപനമായി പുറപ്പെടുവിച്ചിട്ടുണ്ട്.

6. നീര ഒറ്റ ബ്രാന്റായി തനതായ ആരോഗ്യപാനീയം എന്ന നിലയിൽ അന്താരാഷ്ട്ര നിലവാരത്തിൽ പുറത്തിറക്കുന്നതിനായി പേരും, ലോഗോയും നിശ്ചയിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

7. കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ കേരോല്പന്നങ്ങളുടെ ഉത്പാദനവും വിപണനവും നടന്നുവരുന്നു.

സംസ്ഥാനത്ത് കാർഷിക വികസന രംഗത്ത് മൂല്യവർദ്ധനവിനായി അഗ്രോപാർക്ക് രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും Special Purpose Vehicle (SPV) ആയി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ നിയമിക്കുകയും പദ്ധതിക്ക് 100.13 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ കൂത്താളി ഫാമിലും, വേങ്ങേരി കാർഷിക മൊത്തവ്യാപാര വിപണിയിലും നാളികേരത്തിന്റെ അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള ഡി.പി.ആർ. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (KAICO) കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

## നാളികേര വികസന കൗൺസിൽ

45(3477) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര വികസന കൗൺസിൽ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്ന തുകയും അതിൽ കേന്ദ്ര സംസ്ഥാന വിഹിതവും വ്യക്തമാക്കാമോ;

(ബി) നിലവിൽ ഏതൊക്കെ സമിതികളാണ് ഇതിന്റെ ഭാഗമായി രൂപീകരിച്ചിരിക്കുന്നത് ; വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാന ബഡ്ജറ്റിൽ നാളികേര കൃഷി വികസനത്തിനായി വകകൊള്ളിച്ചിരിക്കുന്ന തുകയ്ക്കുപുറമേ നാളികേര വികസന ബോർഡിന്റെയും ജനകീയാസൂത്രണ പദ്ധതി വിഹിതത്തിന്റെയും എൽ.എസ്.ജി.ഡി. തുടങ്ങിയ വകുപ്പുകളുടെയും എസ്.എഫ്.എ.സി, കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഫണ്ടുകൾ ഏകോപനം സാധ്യമാക്കിക്കൊണ്ടാണ് നാളികേര വികസന കൗൺസിൽ പ്രവർത്തിക്കുവാൻ ലക്ഷ്യമിടുന്നത്.

(ബി) സംസ്ഥാനതല നാളികേര വികസന ജനറൽ കൗൺസിൽ, എക്സിക്യൂട്ടീവ് കമ്മിറ്റി, ജില്ലാതല നാളികേര കൗൺസിൽ എന്നിവ രൂപീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## നാളികേര സംഭരണം

46(3478) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര സംഭരണത്തിനായി 2018 വർഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) എത്ര മെട്രിക് ടൺ നാളികേരമാണ് സംഭരിച്ചത്;

(സി) ആര് വഴിയാണ് സംഭരിക്കുന്നത്;

(ഡി) ഏത് മാസം വരെയുള്ള സംഭരണത്തിനാണ് കൃഷിക്കാർക്ക് തുക നൽകിയത്?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കേരഫെഡിൽ അംഗങ്ങളായ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ/കേന്ദ്ര നാളികേര വികസന ബോർഡിന് കീഴിലുള്ള നാളികേര ഉൽപ്പാദക സൊസൈറ്റി/ഫെഡറേഷനുകൾ, ഡ്രയർ സൗകര്യമുള്ള മറ്റ് സൊസൈറ്റികൾ, കൂടാതെ കർഷകരിൽനിന്നും നേരിട്ടും കേന്ദ്ര ഏജൻസിയായ നാഫെഡ് മുഖേനയും ഗുണനിലാവാരമുള്ള പച്ച നാളികേരം സംഭരിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

(ബി) പച്ച നാളികേരത്തിന് കമ്പോളത്തിൽ സാമാന്യേന ഉയർന്ന വിലയായതിനാൽ താങ്ങുവില പദ്ധതി പ്രകാരമുള്ള സംഭരണം നടത്തേണ്ട ആവശ്യം ഉണ്ടായിട്ടില്ല. നാളികേരത്തിന് വിലയിടിവ് ഉണ്ടാകുമ്പോൾ കർഷകർക്ക് ആശ്വാസമായാണ് നാളികേരം സംഭരിച്ചുവരുന്നു. ത്.

(സി) കേരഫെഡിൽ അംഗങ്ങളായ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ/കേന്ദ്ര നാളികേര വികസന ബോർഡിനു കീഴിലുള്ള നാളികേര ഉത്പാദക സൊസൈറ്റി/ഫെഡറേഷനുകൾ, ഡ്രയർ സൗകര്യമുള്ള മറ്റ് സൊസൈറ്റികൾ കൂടാതെ കർഷകരിൽനിന്നും നേരിട്ടും കേന്ദ്ര ഏജൻസിയായ നാഫെഡ് മുഖേനയുമാണ് സംഭരിക്കുന്നത്.

(ഡി) നാളികേരം സംഭരിച്ചവകയിൽ കർഷകർക്ക് കുടിശ്ശികയില്ലാതെ മുഴുവൻ തുകയും നൽകിയിട്ടുണ്ട്.

**എഞ്ചിൻ ഓയിലായി വെളിച്ചെണ്ണ**

47(3479) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്രീയമായ പഠനം നടത്തി വെളിച്ചെണ്ണ എഞ്ചിൻ ഓയിൽ ആയി ഉപയോഗിക്കണം എന്ന് ആവശ്യപ്പെട്ട് രാജീവൻ. ജി. നൽകിയ നിവേദനത്തിന്റെ തുടർനടപടികൾ ഏതുഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പഠനങ്ങൾ നടന്നിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ശാസ്ത്രീയമായ പഠനം നടത്തി വെളിച്ചെണ്ണ എഞ്ചിൻ ഓയിലായി ഉപയോഗിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ജി. രാജീവൻ 2010 ഡിസംബർ 17-ന് സമർപ്പിച്ച നിവേദനത്തിന്മേലുള്ള തുടർനടപടികളുടെ ഭാഗമായി ഇതിന്റെ

സാധ്യതകൾ വിലയിരുത്താൻ നിയോഗിച്ച ഒരു വിദഗ്ദ്ധ സമിതിയുടെ യോഗം 2014 ജനുവരി 21-ന് കൂടുകയും ഈ പ്രോജക്ടിന്റെ വിജയസാദ്ധ്യതകൾ ഉറപ്പാക്കുന്നതിനായി വിവിധ ഗവേഷണ സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് ഒരു ബഹുമുഖ ഗവേഷണം ആവശ്യമാണെന്ന് വിദഗ്ദ്ധ സമിതി ശിപാർശ ചെയ്യുകയും ചെയ്തു. ഇതിലേയ്ക്കായി ഐ.ഐ.റ്റി, കുസാറ്റ്, കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം, കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചർ എഞ്ചിനീയറിംഗ്, കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രെട്രോളിയം പൊതുമേഖലാ പെട്രോളിയം കമ്പനികൾ, യന്ത്രവാഹന നിർമ്മാതാക്കൾ തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായസഹകരണത്തോടെ തിരുവനന്തപുരത്തെ ശ്രീചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജിന്റെ നേതൃത്വത്തിൽ ഒരു ഗവേഷണ പ്രമേയം സമർപ്പിക്കുവാൻ വിദഗ്ദ്ധ സമിതി ശിപാർശ ചെയ്തു. പ്രസ്തുത ഗവേഷണം നാളികേര വികസന ബോർഡിന്റെ പങ്കാളിത്തത്തോടെ അവരുടെ ധനസഹായത്തിൽ നടത്തണമെന്നും വിദഗ്ദ്ധ സമിതി നിർദ്ദേശിച്ചു. വിദഗ്ദ്ധ സമിതിയുടെ വിലയിരുത്തലുകളും നിർദ്ദേശങ്ങളും 23-4-2015 -ലെ 'SPMD/INV-8/2010/KSCSTE' നമ്പർ കത്ത് പ്രകാരം ശ്രീചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജിന്റെ പ്രിൻസിപ്പലിനെ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഡയറക്ടർ അറിയിക്കുകയുണ്ടായി. കത്തിന് പ്രതികരണമൊന്നും ലഭിക്കാത്തതിനാൽ 4-8-2018 -ൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഡയറക്ടർ വീണ്ടും ഈ വിഷയം ശ്രീചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജിന്റെ പ്രിൻസിപ്പലിനെ ഓർമ്മപ്പെടുത്തി. ഇതിന് നാളിതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ല. ശ്രീചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജിൽ നിന്നുമുള്ള പ്രമേയം ലഭിക്കുന്ന മുറയ്ക്ക് കാലതാമസമില്ലാതെ തുടർനടപടികൾ കൈക്കൊള്ളുന്നതാണെന്ന് ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഡയറക്ടർ അറിയിച്ചിരുന്നു.

(ബി) കൃഷി വകുപ്പിൽ ഇതുമായി ബന്ധപ്പെട്ട പഠനങ്ങൾ നടത്തിയിട്ടില്ല.

**കേരഗ്രാമം പദ്ധതി**

48 (3480) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരകൃഷിയുടെ വികസനത്തിന് നടപ്പിലാക്കിവരുന്ന കേരഗ്രാമം പദ്ധതിയിൽ ഷൊർണ്ണൂർ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളെ തെരഞ്ഞെടുത്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിവഴി ഈ പഞ്ചായത്തുകൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ;

(സി) ഷൊർണ്ണൂർ മണ്ഡലത്തിലെ കൂടുതൽ പഞ്ചായത്തുകളെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 2018-19 വർഷം നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതിയിൽ ഷൊർണ്ണൂർ മണ്ഡലത്തിൽ അനങ്ങനാടി പഞ്ചായത്തിനെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

(ബി) 250 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉത്പാദനം, തെങ്ങുകയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടംതുറക്കൽ, കളനിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവരാസവസ്തുക്കൾ, ജീവാണു വളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ചുമാറ്റി മേൽത്തരം തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിനുപുറമേ സാദ്ധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു.

ചുവടെ ചേർത്തിരിക്കുന്ന ഘടകങ്ങൾ പ്രാദേശിക ആവശ്യാനുസരണം തെരഞ്ഞെടുത്ത് ആക്ഷൻ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കാവുന്നതാണ്.

1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 25,000 രൂപ പ്രകാരം 250 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 62.50 ലക്ഷം രൂപ. ഇതിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു:

a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ -35 രൂപ/തെങ്ങ്

b) തൊണ്ട് കുഴിച്ചിടീൽ - 50 രൂപ/തെങ്ങ്

c) കുമ്മായം - 9 രൂപ/തെങ്ങ്

d) രാസവളം -20 രൂപ/തെങ്ങ്

e) മഗ്നീഷ്യം സൾഫേറ്റ് -3.75 രൂപ/തെങ്ങ്

f) ജൈവവളം - 25 രൂപ/തെങ്ങ്

g) സസ്യസംരക്ഷണം -10 രൂപ/തെങ്ങ്

h) ജീവാണുവളങ്ങൾ,ജൈവീക
നിയന്ത്രണോപാധികൾ പ്രയോഗിക്കുന്നതിന് -75 രൂപ/തെങ്ങ്

i) രോഗം ബാധിച്ചതും ഉത്പാദനശേഷി നശിച്ചതുമായ തെങ്ങ് മുറിച്ച് മാറ്റുന്നതിന് -1,000 രൂപ/തെങ്ങ്

j)ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് -60 രൂപ/ തെങ്ങ്

k) ഇടവിളകൃഷി -6,000 രൂപ ഹെക്ടറിന്

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25,000 രൂപ ക്രമത്തിൽ പരമാവധി 5 ലക്ഷം രൂപ.

3. 61 തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2,000 രൂപ നിരക്കിൽ

4. 8 ജൈവവള ഉല്പാദന യൂണിറ്റുകൾ - ഒരു യൂണിറ്റിന് 10,000 രൂപ നിരക്കിൽ ആനുകൂല്യം

5. പഞ്ചായത്തുതല കേരസമിതികൾക്കുള്ള പ്രവർത്തന ചെലവായി 1 ലക്ഷം രൂപ, മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റിന് 2 ലക്ഷം രൂപ.

6. കേരഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചെലവിനായി 15,000 രൂപ.

7. താല്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ട് അധിഷ്ഠിത ധനസഹായം

(സി) 2018-2019 വർഷം കൂടുതൽ പഞ്ചായത്തുകളെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നിർവ്വാഹമില്ല. എന്നാൽ വരും വർഷങ്ങളിൽ ഘട്ടം ഘട്ടമായി നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള എല്ലാ പഞ്ചായത്തുകളിലും തെങ്ങിന്റെ സംയോജിത വികസനത്തിനായി "കേരഗ്രാമങ്ങൾ" ആരംഭിക്കുവാൻ ലക്ഷ്യമിടുന്നുണ്ട്.

## കേരഗ്രാമം പദ്ധതി

49(3481) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഗ്രാമം പദ്ധതിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുത്ത പ്രദേശങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 250 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉത്പാദനം, തെങ്ങുകയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടംതുറക്കൽ, കളനിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവരാസവസ്തുക്കൾ, ജീവാണു വളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ചുമാറ്റി മേൽത്തരം തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിനുപുറമേ സാദ്ധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു.

ചുവടെ ചേർത്തിരിക്കുന്ന ഘടകങ്ങൾ പ്രാദേശിക ആവശ്യാനുസരണം തെരഞ്ഞെടുത്ത് നടപ്പിലാക്കാവുന്നതാണ്:

1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 25,000 രൂപ പ്രകാരം 250 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 62.50 ലക്ഷം രൂപ. ഇതിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു:

a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ -35 രൂപ/തെങ്ങ്

b) തൊണ്ട് കുഴിച്ചിടീൽ - 50 രൂപ/തെങ്ങ്

c) കുമ്മായം - 9 രൂപ/തെങ്ങ്

d) രാസവളം -20 രൂപ/തെങ്ങ്

e) മഗ്നീഷ്യം സൾഫേറ്റ് -3.75 രൂപ/തെങ്ങ്

f) ജൈവവളം - 25 രൂപ/തെങ്ങ്

g) സസ്യസംരക്ഷണം -10 രൂപ/തെങ്ങ്

h) ജീവാണു വളങ്ങൾ, ജൈവീകനിയന്ത്രണോപാധികൾ പ്രയോഗിക്കുന്നതിന് -75 രൂപ/തെങ്ങ്

i) രോഗം ബാധിച്ചതും ഉത്പാദനശേഷി നശിച്ചതുമായ തെങ്ങ് മുറിച്ച് മാറ്റുന്നതിന് -1000 രൂപ/തെങ്ങ്

j) ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് -60 രൂപ/തെങ്ങ്

k) ഇടവിളകൃഷി -6,000 രൂപ ഹെക്ടറിന്

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25,000 രൂപ ക്രമത്തിൽ പരമാവധി 5 ലക്ഷം രൂപ.

3. 61 തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2,000 രൂപ നിരക്കിൽ

4. 8 ജൈവവള ഉല്പാദന യൂണിറ്റുകൾ - ഒരു യൂണിറ്റിന് 10,000 രൂപ നിരക്കിൽ ആനുകൂല്യം

5. പഞ്ചായത്തുതല കേരസമിതികൾക്കുള്ള പ്രവർത്തന ചെലവായി 1 ലക്ഷം രൂപ, മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റിന് 2 ലക്ഷം രൂപ.

6. കേരഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചെലവിനായി 15,000 രൂപ.

7. താല്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ട് അധിഷ്ഠിത ധനസഹായം

(ബി) കോഴിക്കോട് ജില്ലയിൽ 2018-2019 വർഷം കേരഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്ന പ്രദേശങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പഞ്ചായത്തിന്റെ പേര് |
|---|---|
| 1 | ചെറുവത്തൂർ |
| 2 | വേളം |
| 3 | ബാലുശ്ശേരി |
| 4 | കട്ടിപ്പാറ |
| 5 | മൂടാടി |
| 6 | വളയം |
| 7 | നന്മണ്ട |
| 8 | പെരുമണ്ണ |
| 9 | നൊച്ചാട് |
| 10 | കായക്കൊടി |
| 11 | ചോറോട് |
| 12 | ഉണ്ണികുളം |

## റബ്ബർ വിലസ്ഥിരത ഫണ്ട് സംവിധാനം

50(3482) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബർ വില സ്ഥിരത ഫണ്ട് സംവിധാനം നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെയായി എത്ര തുകയാണ് അനുവദിച്ചത്; ആയതിൽ എത്ര തുക കർഷകർക്ക് നൽകിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) നടപ്പുവർഷം നാളിതുവരെയായി കർഷകർക്ക് റബ്ബർ വില സ്ഥിരത ഫണ്ട് ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പ്രശ്നം അടിയന്തരമായി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതം അനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സംസ്ഥാന സർക്കാർ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും (കിലോയ്ക്ക് 150 രൂപ) റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന ദൈനംദിന വില സൂചികയും തമ്മിലുള്ള വലിയ വ്യത്യാസം കർഷകർ സമർപ്പിക്കുന്ന ബില്ലുകളുടെ അടിസ്ഥാനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നല്കിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം RSS-1,2,3,4,5 ഇനം റബ്ബറിനും ലാറ്റക്സിനും സബ്സിഡി നൽകി വരുന്നു. പ്രസ്തുത പദ്ധതിയുടെ 4-ാം ഘട്ടം 2018 ജൂലൈയിൽ തുടങ്ങി 2019 ജൂണിൽ അവസാനിക്കുന്ന തരത്തിൽ നിലവിൽ നടപ്പിലാക്കിവരികയാണ്.

(ബി- ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 811.87 കോടി രൂപ ഈ പദ്ധതിക്കു കീഴിൽ കർഷകർക്കു ലഭ്യമാക്കിയിട്ടുണ്ട്. ഈ സ്കീം നിലവിൽ വന്നതിനുശേഷം ആകെ 1191.57 കോടി രൂപയാണ് സബ്സിഡിയായി വിതരണം ചെയ്തിട്ടുള്ളത്.

ഈ പദ്ധതി പ്രകാരം നടപ്പുസാമ്പത്തിക വർഷം 16/11/2018 വരെ 286.17 കോടി രൂപ സബ്സിഡിയായി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

**റബ്ബറിന് കേന്ദ്രസർക്കാർ നൽകുമെന്ന് പറഞ്ഞിരുന്ന പാക്കേജ്**

51(3483) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന് കേന്ദ്രസർക്കാർ നൽകുമെന്ന് പറഞ്ഞിരുന്ന പാക്കേജ് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ബി) റബ്ബർ വിലയിടിവിന് പ്രധാനപ്പെട്ട കാരണങ്ങൾ എന്തൊക്കെയാണ്; ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) കേരളത്തിന് ഈ പ്രതിസന്ധി മറികടക്കുന്നതിന് എന്തെങ്കിലും പ്രത്യേകമായി ചെയ്യുവാൻ കഴിയുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) റബ്ബറിനായി പ്രത്യേക പാക്കേജ് കേന്ദ്രസർക്കാർ അനുവദിച്ചിട്ടില്ല.

(ബി) രാജ്യത്തെ റബ്ബറിന്റെ ഉയർന്ന ആവശ്യകതമൂലമുള്ള ഇറക്കുമതി, അന്താരാഷ്ട്ര തലത്തിലെ റബ്ബറിന്റെ വിലയിടിവ്, കുറഞ്ഞ ഇറക്കുമതി നികുതി എന്നിവയാണ് റബ്ബർ വിലയിടിവിനുള്ള പ്രധാന കാരണങ്ങൾ. സംസ്ഥാനത്തെ റബ്ബർ കർഷകരെ വിലയിടിവ് ഉൾപ്പെടെയുള്ള ദുരിതത്തിൽനിന്നും സംരക്ഷിക്കുവാൻ ആവശ്യമായ നടപടികളെടുക്കണം എന്നാവശ്യപ്പെട്ട് കേന്ദ്ര വാണിജ്യകാര്യ മന്ത്രിയെ നേരിൽ കണ്ട് സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി റബ്ബർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുവാനും പ്രശ്നപരിഹാരം നിർദ്ദേശിക്കുവാനുമായി "ടാസ്ക് ഫോഴ്സ് ഓൺ റബ്ബർ സെക്ടർ" എന്ന പേരിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി റബ്ബർ മേഖലയുടെ സംരക്ഷണത്തിനായി നിർദ്ദേശങ്ങൾ സമർപ്പിക്കുകയുമുണ്ടായി. സ്വാഭാവിക റബ്ബറിന് കേന്ദ്ര സഹായത്തോടെ റബ്ബർ പ്രോഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പാക്കുക, ഇറക്കുമതി നിയന്ത്രണം തുടരുക, റബ്ബറിനെ ഒരു കാർഷിക ഉത്പന്നമായി പരിഗണിക്കുക, അഡ്വാൻസ് ആതറൈസേഷൻ പദ്ധതി പുനഃക്രമീകരിക്കുക എന്നിവ ഉൾപ്പെടെയുള്ളവയിൽ കർഷകർക്ക് പ്രയോജനപ്രദമായി തീരാവുന്ന തലത്തിലുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. റബ്ബർ വിലയിടിവുമൂലം കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി 2015-16 സാമ്പത്തിക വർഷം മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നു. സംസ്ഥാന ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിക്ക് ആവശ്യമുള്ള മുഴുവൻ തുകയും സംസ്ഥാന സർക്കാരാണ് നൽകുന്നത്. പദ്ധതി പ്രകാരം സ്വാഭാവിക റബ്ബറിന്റെ താങ്ങുവിലയായ 150 രൂപയും റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന അതത് ദിവസത്തെ വിൽപ്പന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് അവരുടെ അപേക്ഷ പ്രകാരം നൽകിവരുന്നു. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കി.ഗ്രാം. റബ്ബറിനാണ് ഇപ്രകാരം ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷിഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിലുള്ള റബ്ബർ കൃഷിക്കാണ് ആനുകൂല്യം ലഭിക്കുന്നത്.

(സി) റബ്ബർ ഒരു വ്യാവസായിക ഉത്പന്നമാണ്. അതിന്റെ വില വ്യാവസായിക ആവശ്യകതയും കമ്പോളത്തിലെ ലഭ്യതയും അന്താരാഷ്ട്ര വിലയേയും അടിസ്ഥാനമാക്കിയാണ് നിശ്ചയിക്കപ്പെടുന്നത്. ആയതിനാൽ സംസ്ഥാനത്തിന് മാത്രമായി വില നിർണ്ണയിക്കാനാവില്ല. എന്നിരുന്നാലും കർഷകരെ വിലയിടിവിൽനിന്നും സംരക്ഷിക്കുവാൻ സംസ്ഥാന സർക്കാർ പരമാവധി ശ്രമിക്കുന്നു.

(ഡി) റബ്ബർ വിലയിടിവുമൂലം കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി 2015-2016 സാമ്പത്തിക വർഷം മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നു. സംസ്ഥാന ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിക്ക് ആവശ്യമുള്ള മുഴുവൻ തുകയും സംസ്ഥാന സർക്കാരാണ് നൽകുന്നത്. പദ്ധതി പ്രകാരം സ്വാഭാവിക റബ്ബറിന്റെ താങ്ങുവിലയായ 150 രൂപയും റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന അതത് ദിവസത്തെ വിൽപ്പന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് അവരുടെ അപേക്ഷ പ്രകാരം നൽകിവരുന്നു. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കി.ഗ്രാം. റബ്ബറിനാണ് ഇപ്രകാരം ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷിഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിലുള്ള റബ്ബർ കൃഷിക്കാണ് ആനുകൂല്യം ലഭിക്കുന്നത്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിക്ക് 50:50 എന്ന നിരക്കിൽ കേന്ദ്രസർക്കാർ വിഹിതം നൽകണമെന്ന് കേന്ദ്രസർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. സംസ്ഥാനത്തെ റബ്ബർ കർഷകരെ വിലയിടിവ് ഉൾപ്പെടെയുള്ള ദുരിതത്തിൽനിന്നും രക്ഷിക്കുവാൻ ആവശ്യമായ നടപടികളെടുക്കണം എന്നാവശ്യപ്പെട്ട് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി റബ്ബർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുവാനും പ്രശ്നപരിഹാരം നിർദ്ദേശിക്കുവാനുമായി "ടാസ്ക് ഫോഴ്സ് ഓൺ റബ്ബർ സെക്ടർ" എന്ന പേരിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി റബ്ബർ മേഖലയുടെ സംരക്ഷണത്തിനായി നിർദ്ദേശങ്ങൾ സമർപ്പിക്കുകയുമുണ്ടായി. കമ്മിറ്റി റിപ്പോർട്ട് കേന്ദ്രസർക്കാർ പരിഗണിച്ചുവരികയാണ്.

## റബ്ബറിന്റെ വിലയിടിവ്

52(3484) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന്റെ വിലയിടിയുന്നതുമൂലം സംസ്ഥാനത്തെ റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വില തകർച്ച നേരിടുന്ന ഈ ഘട്ടത്തിൽ കമ്പോളത്തിൽ ഇടപെടുന്നതിന് റബ്ബർ ബോർഡ് വിമുഖത പ്രകടിപ്പിക്കുന്നുണ്ടോ; ആയതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) സ്വാഭാവിക റബ്ബറിന്റെ അനിയന്ത്രിതമായ ഇറക്കുമതി നിയന്ത്രിക്കുന്നതിന് സേഫ് ഗാർഡ് ഡ്യൂട്ടി ഏർപ്പെടുത്തണമെന്ന കർഷകരുടെ ആവശ്യം കേന്ദ്ര സർക്കാരിനുമുന്നിൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള പ്രതികരണം അറിയിക്കുമോ;

(ഡി) റബ്ബറിനെ കാർഷിക വിളയായി പരിഗണിക്കണമെന്ന നിർദ്ദേശത്തിൻമേലുള്ള കേന്ദ്ര സർക്കാരിന്റെ പ്രതികരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) റബ്ബറിന്റെ വിലയിടിവുമൂലം സംസ്ഥാനത്തെ കർഷകർക്ക് ഉത്പാദന ചെലവ് പോലും പലപ്പോഴും ലഭിക്കുന്നില്ല. വ്യവസായികൾ ഷീറ്റ് റബ്ബറിനെ അപേക്ഷിച്ച് ഇറക്കുമതി ചെയ്യപ്പെടുന്ന ബ്ലോക്ക് റബ്ബറിൽ കൂടുതൽ താല്പര്യം കാണിക്കുന്നതും കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. ഉയർന്ന ഉത്പാദന ചെലവാണ് സംസ്ഥാനത്തെ കർഷകർ അഭിമുഖീകരിക്കുന്ന മറ്റൊരു പ്രശ്നം. സാങ്കേതിക വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളുടെ ലഭ്യതകുറവും കർഷകർ നേരിടുന്ന പ്രധാന പ്രശ്നമാണ്.

(ബി) വിലത്തകർച്ച ഒഴിവാക്കാൻ കേന്ദ്രസർക്കാരോ റബ്ബർ ബോർഡോ പ്രത്യേകമായി പദ്ധതികൾ രൂപീകരിച്ചിട്ടില്ല. സംസ്ഥാന സർക്കാർ റബ്ബർ ബോർഡുമായി സഹകരിച്ചാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിവരുന്നത്. റബ്ബർ ബോർഡിന് പ്രത്യേക ഫണ്ട് ഇല്ലാത്തതിനാൽ സംസ്ഥാന സർക്കാരാണ് പദ്ധതിയുടെ മുഴുവൻ ചെലവും വഹിക്കുന്നത്.

(സി) ഇറക്കുമതി നിയന്ത്രണത്തിന് സേഫ് ഗാർഡ് ഡ്യൂട്ടി ഉൾപ്പെടെയുള്ള നടപടികളെടുക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന് അനുകൂലമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

(ഡി) ടാസ്ക് ഫോഴ്സ് ഓൺ റബ്ബർ സെക്ടറിന്റെ അന്തിമറിപ്പോർട്ടിൽ റബ്ബറിനെ കാർഷിക വിളയായി പരിഗണിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്.

**കർഷക ആത്മഹത്യ**

53(3485) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 വർഷത്തിൽ നാളിതുവരെ എത്ര കർഷകരാണ് സംസ്ഥാനത്ത് ആത്മഹത്യ ചെയ്തിട്ടുള്ളത് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഓരോ വർഷത്തിലും എത്ര കർഷകരാണ് ആത്മഹത്യ ചെയ്തിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് കാർഷിക ആത്മഹത്യ റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ വയനാട് ജില്ലയിൽ കാർഷികേതര കാരണങ്ങളാൽ 2018-ൽ മൂന്ന് കർഷകരും 2017-ൽ കോഴിക്കോട് ജില്ലയിൽ ഒരു കർഷകനും ആത്മഹത്യ ചെയ്തിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## കാർഷിക ആവശ്യങ്ങൾക്ക് സൗജന്യമായി വൈദ്യുതി

54(3486) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് കാർഷിക ആവശ്യങ്ങൾക്കായി വൈദ്യുതി കണക്ഷൻ സൗജന്യമായി നൽകിയിരുന്നത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കർഷകർക്ക് കാർഷിക ആവശ്യങ്ങൾക്കായി വൈദ്യുതി കണക്ഷൻ സൗജന്യമായി നൽകുന്നതിന് വൈദ്യുതി വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കൃഷി വകുപ്പിന്റെ കാർഷിക സൗജന്യ വൈദ്യുത പദ്ധതി 1995 മുതൽ തുടർന്നുവരികയാണ്. കാർഷിക മേഖല പുഷ്ടിപ്പെടുത്തുന്നതിന്റെ ഭാഗമായി കൃഷി വകുപ്പ് നടപ്പിലാക്കിയ കാർഷിക സൗജന്യ വൈദ്യുതി പദ്ധതിപ്രകാരം നെൽകൃഷിക്ക് ഭൂവിസ്തൃതി കണക്കിലെടുക്കാതെയും മറ്റ് വിളകൾക്ക് 2 ഹെക്ടർ വരെയും കാർഷിക വൈദ്യുതി സൗജന്യം ലഭ്യമാക്കിവരുന്നു. എന്നാൽ ഇതിൻപ്രകാരം കാർഷിക വൈദ്യുതി കണക്ഷൻ നേടുന്നതിനായുള്ള അപേക്ഷാ ഫീസും മറ്റ് ചെലവുകളും കർഷകർ നേരിട്ട് കെ.എസ്.ഇ.ബി.-യിൽ ഒടുക്കേണ്ടതുണ്ട്. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി സംബന്ധിച്ച് കർഷകർക്കുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് കൃഷി വകുപ്പും വൈദ്യുതി വകുപ്പും യഥാസമയം നടപടികൾ സ്വീകരിച്ചുവരുന്നു. ുണ്ട്.

## കർഷകർക്കുണ്ടായ നാശനഷ്ടങ്ങൾ

55(3487) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതിമൂലം നാശനഷ്ടം സംഭവിച്ച എത്ര കർഷകർക്ക് നഷ്ടപരിഹാരം നൽകിക്കഴിഞ്ഞു; ഇനി എത്ര പേർക്ക് നൽകുവാനുണ്ട്; വിശദമാക്കുമോ ;

(ബി) പ്രളയക്കെടുതിമൂലം വരുമാനം കുറഞ്ഞ കർഷകരുടെ വായ്പകൾ എഴുതിത്തള്ളുവാൻ ആവശ്യമായ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) മഹാപ്രളയത്തിൽ സംഭവിച്ച കൃഷി നാശത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ഇതുവരെ അപേക്ഷ സമർപ്പിച്ച 305964 കർഷകരിൽ 232966 കർഷകർക്ക് എസ്.ഡി.ആർ.എഫ്. ഫണ്ടിൽനിന്നും 66.747 കോടി രൂപയുടെ ധനസഹായം നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമേ, സംസ്ഥാന വിഹിതമായി 218198 കർഷകർക്ക് 110.27 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. ചെളിമണ്ണ്, പാറ, മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടൽമൂലം കൃഷിഭൂമി നഷ്ടപ്പെട്ടവർക്കും 525 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 11867 കർഷകർക്ക് നഷ്ടപരിഹാരമായി 18.88 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. പ്രളയക്കെടുതികളുടെ ഭാഗമായി കോട്ടയും ആലപ്പുഴ ജില്ലകളിൽ പ്രധാൻമന്ത്രി ഫസൽ ഭീമ യോജന പ്രകാരം ഇൻഷ്വർ ചെയ്തത് കൃഷിയിറക്കിയതും വായ്പയെടുത്തിട്ടും വിളയിറക്കാൻ കഴിയാതിരുന്നതുമായ കർഷകർക്ക് നഷ്ടപരിഹാരമായി ഇൻഷ്വറൻസ് തുകയുടെ 25% നൽകുന്നതിന് സർക്കാർ തീരുമാനിച്ചു.

(ബി) പ്രളയക്കെടുതിമൂലം ദുരിതത്തിലായ കർഷകർക്ക് ആശ്വാസം എത്തിക്കുന്നതിന്റെ ഭാഗമായി കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള കാർഷിക വായ്പകളും വിദ്യാഭ്യാസ വായ്പകളും ഉൾപ്പെടെയുള്ള എല്ലാത്തരം വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 12-10-2018 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

**കർഷക പെൻഷൻ**

56(3488) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഒൻപത് ഗ്രാമപഞ്ചായത്തുകളുടെ പരിധിക്കുള്ളിൽ കർഷക പെൻഷൻ വാങ്ങുന്നവരുടെ എണ്ണം എത്രയെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത പെൻഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്നും അപേക്ഷ സമർപ്പിക്കേണ്ടതിന്റെ വിശദാംശങ്ങളും നൽകാമോ;

(സി) ഏതുമാസം വരെയുള്ള പെൻഷൻ തുകയാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ 847 പേർ കർഷക പെൻഷൻ വാങ്ങുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പഞ്ചായത്ത് | കർഷക പെൻഷൻ വാങ്ങുന്നവരുടെ എണ്ണം |
|---|---|---|
| 1 | ആനാട് | 56 |
| 2 | കല്ലറ | 40 |
| 3 | നന്ദിയോട് | 67 |
| 4 | നെല്ലനാട് | 166 |
| 5 | പനവൂർ | 136 |
| 6 | പാങ്ങോട് | 63 |
| 7 | പെരിങ്ങമല | 81 |
| 8 | പുല്ലമ്പാറ | 119 |
| 9 | വാമനപുരം | 119 |

(ബി) പ്രസ്തുത പെൻഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1. 60 വയസ്സ് പൂർത്തിയാക്കിയ 10 സെന്റെങ്കിലും കൃഷി ചെയ്യുന്ന/ചെയ്തുവരുന്നതും പരമാവധി 2 ഹെക്ടർ വരെ കൃഷിഭൂമിയുള്ളവരുമായ "കൃഷി മുഖ്യ ഉപജീവനമാക്കിയ കർഷകന് " ഈ പദ്ധതിയിൽ അംഗമാകാൻ അർഹതയുണ്ടായിരിക്കും.
2. തെരഞ്ഞെടുക്കപ്പെടുന്ന കർഷർക്കുള്ള മെമ്പർഷിപ്പ് ഫീസ് 25 രൂപ ആയിരിക്കണം.
3. കർഷകന്റെ വാർഷിക വരുമാനം ഒന്നരലക്ഷം രൂപയിൽ താഴെയായിരിക്കണം.

4. സർവ്വീസിൽനിന്നും വിരമിച്ച സർക്കാർ, പെൻഷൻ കൈപ്പറ്റുന്ന മറ്റ് വിഭാഗങ്ങൾ എന്നിവർക്ക് കർഷക പെൻഷന് അർഹത യുണ്ടായിരിക്കുന്നതല്ല. എന്നാൽ ഇ.പി.എഫ്. പെൻഷൻ ലഭിക്കുന്നവർക്കും ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്നവർക്കും കർഷക പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും.
5. കഴിഞ്ഞ പത്ത് കൊല്ലമായി കൃഷി ചെയ്തു ജീവിച്ചുവരുന്നു. വർക്കാണ് പദ്ധതിയിൽ ചേരാൻ അർഹതയുള്ളത്.
6. വർഷങ്ങളായി വിദേശത്ത് ജോലി ചെയ്ത് മടങ്ങിയെത്തിയവർക്ക് കുറഞ്ഞത് 10 വർഷമെങ്കിലും കാർഷിക മേഖലയിൽ ജോലി ചെയ്താൽ മറ്റ് നിബന്ധനകൾക്ക് വിധേയമായി കർഷക പെൻഷന് അർഹതയണ്ടായിരിക്കുന്നതാണ്.
7. കർഷക പെൻഷന് അപേക്ഷിക്കുന്ന വ്യക്തിയുടെ പേര് വിവരങ്ങൾ ബന്ധപ്പെട്ട കൃഷി ഓഫീസർ സർട്ടിഫൈ ചെയ്യേണ്ടതും ഓരോ മാസത്തേയും കാർഷിക വികസന സമിതിയിൽ അവതരിപ്പിച്ച് അംഗീകാരം തേടേണ്ടതും അംഗീകാരം ലഭിക്കുന്ന മാസം മുതൽ പെൻഷൻ പദ്ധതിയിൽ അംഗത്വം നൽകാവുന്നതുമാണ്.
8. ഒരു കുടുംബത്തിൽ ഭാര്യക്കോ/ഭർത്താവിനോ (ഒരാൾക്ക്) മാത്രമെ കർഷക പെൻഷന് അർഹതയുള്ളു. പെൻഷൻ ലഭിക്കുന്ന ആൾ മരണമടഞ്ഞാൽ മറ്റു വരുമാനങ്ങളില്ലാത്ത പക്ഷം ജീവിതപങ്കാളിക്ക് പെൻഷൻ നൽകാവുന്നതാണ്.
9. മേൽ നിർദ്ദേശങ്ങൾ നിലവിൽ കർഷക പെൻഷൻ വാങ്ങുന്നവർക്കും ബാധകമായിരിക്കും.
10. നിലവിൽ കർഷക പെൻഷനും സാമൂഹ്യ സുരക്ഷാ പെൻഷനും ഒരുമിച്ച് വാങ്ങുന്നവർക്ക് 1,100 രൂപ നിരക്കിൽ കർഷക പെൻഷനും 600 രൂപ നിരക്കിൽ ഒരു സാമൂഹ്യ സുരക്ഷ പെൻഷനും അർഹതയുണ്ടായിരിക്കും. എന്നാൽ 21-1-2017 മുതൽ പുതുതായി കർഷക പെൻഷന് അർഹരാകുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയുണ്ടായിരിക്കില്ല.
11. പുതിയ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാൻ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്.
12. 85 വയസ്സിന് മുകളിലുള്ള കർഷകൻ, മാനസികമോ ശാരീരികമോ ആയ 80%-ന് മുകളിൽ വൈകല്യമുള്ളവർ, സ്ഥിരമായി കിടപ്പിലുള്ള രോഗികൾ എന്നിവർക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ബോദ്ധ്യപ്പെടുന്ന പക്ഷം ആധാർ കാർഡ് നിർബന്ധമില്ല.

മേൽ നിബന്ധനകൾക്ക് വിധേയമായി അർഹരായ കർഷകർ ആധാർ കാർഡ്, ബാങ്ക് പാസ്സ് ബുക്ക്, സ്ഥലത്തിന്റെ നികുതി അടച്ച രസീതെന്നിവയുടെ പകർപ്പുകളും വരുമാന സർട്ടിഫിക്കറ്റും സഹിതം ബന്ധപ്പെട്ട കൃഷി ഭവനിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(സി) നിലവിൽ ആനാട് പഞ്ചായത്തിൽ 2018 ജൂലൈ വരെയും മറ്റ് എട്ട് പഞ്ചായത്തുകളിൽ 2018 ആഗസ്റ്റ് മാസം വരെയും പെൻഷൻ തുക വിതരണം ചെയ്തിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും 2018 നവംബർ മാസം വരെയുള്ള പെൻഷൻ തുക വിതരണം ചെയ്യുന്നതിനായി ഫണ്ട് നൽകിയിട്ടുണ്ട്. ഈ ആഴ്ച തന്നെ പെൻഷൻ വിതരണം ചെയ്യുന്നതാണ്.

**കർഷകർക്ക് പെൻഷൻ വർദ്ധന**

57(3489) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് പെൻഷൻ വർദ്ധന വരുത്തിയതിലൂടെ എത്ര തുകയുടെ അധിക ബാദ്ധ്യത വകുപ്പിനുണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) എത്ര കർഷകർക്ക് ഇതിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചെറുകിട നാമമാത്ര കർഷകർക്കുള്ള പ്രതിമാസ പെൻഷൻ 17-1-2018 -ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.10/2018/കൃഷി പ്രകാരം 1,000 രൂപയെന്നത് 1-4-2017 മുതൽ പ്രാബല്യത്തിൽ 1,100 രൂപയായി വർദ്ധിപ്പിച്ചപ്പോൾ 30-11-2018 വരെ 59,45,62,400 രൂപയുടെ അധിക ബാധ്യത വകുപ്പിന് ഉണ്ടായിട്ടുണ്ട്.

(ബി) നിലവിൽ 290908 കർഷകർക്ക് ഇതിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്.

**ചെങ്ങന്നൂരിൽ കാർഷിക എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സേവനങ്ങൾ**

58(3490) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ ദുരന്തത്തിൽ ചെങ്ങന്നൂർ മണ്ഡലത്തിൽ കൃഷി നശിച്ചവരുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; നഷ്ടപരിഹാരം നൽകുന്നതിൽ സ്വീകരിച്ച നടപടികൾ വിവരിക്കുമോ ;

(ബി) കർഷകർക്കുണ്ടായ നഷ്ടങ്ങളുടെ കണക്കുകൾ കൃഷിഭവൻ അടിസ്ഥാനത്തിൽ നൽകാമോ;

(സി) കാർഷിക എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സേവനങ്ങൾ പ്രളയത്തിനു ശേഷം ചെങ്ങന്നൂരിൽ എത്രമാത്രം കാര്യക്ഷമമായിരുന്നെന്ന് വിവരിക്കാമോ;

(ഡി) പാടശേഖരങ്ങളുടെ പുറം ബണ്ട് ബലപ്പെടുത്തൽ, പമ്പ് ഹൗസ് നിർമ്മാണം, പെട്ടിപറ സ്ഥാപിക്കൽ ,കേടായ മോട്ടോർ മാറ്റി സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ കൃഷി എഞ്ചിനീയറിംഗ് വിഭാഗം എത്ര പാടശേഖരങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്; വിവരിക്കാമോ?

<u>ഉത്തരം</u>

(എ) ശേഖരിച്ചിട്ടുണ്ട്. കർഷകരുടെ നഷ്ടപരിഹാരത്തിനുള്ള അപേക്ഷകൾ സ്വീകരിച്ച് പരിശോധന നടത്തി 8817 കർഷകർക്കായി 3,19,77,737 രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. ബാക്കി നഷ്ടപരിഹാര തുക അക്കൗണ്ടിലേയ്ക്ക് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വിളതിരിച്ചുള്ള നാശനഷ്ടത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) പ്രളയശേഷം കേടായ മോട്ടോറുകൾ പരിശോധിക്കുന്നതിനും പുനർജ്ജനി പരിപാടിയിൽ മെഷിനറികൾ റിപ്പയർ ചെയ്തുകൊടുക്കുന്നതിനും സാധിച്ചിട്ടുണ്ട്. പ്രളയശേഷം നെൽകൃഷി പുനരാരംഭിക്കുന്ന വേളയിൽ മാന്നാർ കൃഷി ഭവന്റെ കീഴിൽ നാലുതോട് പാടത്തും പാണ്ടനാട്, മേലൂർപ്പടവ്, ഫുലക്കുളം പാടത്തും ഉണ്ടായ മടവീഴ്ച പരിശോധിക്കുകയും അടിയന്തരമായി വേണ്ട സാങ്കേതികോപദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇവ പൂർത്തിയാക്കുന്നമുറയ്ക്ക് വൗച്ചറുകളും ബില്ലുകളും കൃഷി ഓഫീസറുടെ സാക്ഷ്യപത്രവും സമിതിയുടെ കമ്മിറ്റി മിനിട്സും സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചെങ്ങന്നൂർ അഗ്രോസർവ്വീസ് സെന്റർ പരിശോധിക്കുകയും കേടായ മെഷിനറികൾ കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ആഫീസിൽ നന്നാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ഡി) പ്രളയശേഷം ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ മാന്നാർ കൃഷി ഭവൻ പരിധിയിലുള്ള മുക്കം-വാലയിൽ ബണ്ട് സംരക്ഷിക്കുന്നതിനുള്ള 6,11,87,000 രൂപയുടെ എസ്റ്റിമേറ്റ് പ്രോജക്ട് തയ്യാറാക്കുന്നതിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കേടായി പ്രവർത്തനക്ഷമമാക്കിയിട്ടുള്ള പതിനൊന്ന് മോട്ടോർ ഷെഡുകൾ പരിശോധിച്ച് പൂർത്തീകരണ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്രളയംമൂലം കാർഷികമേഖലയിലുണ്ടായ നഷ്ടം

59(3491) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ കാർഷിക മേഖലയിലെ നഷ്ടങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഏത് ഏജൻസിയെയാണ് ഈ പഠനം നടത്തുവാൻ നിയോഗിച്ചിരിക്കുന്നത്;

(ബി) പ്രസ്തുത ഏജൻസി പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ലഭ്യമാക്കാമോ;

(സി) പ്രളയം നടന്ന് നൂറുദിവസം പിന്നിടുമ്പോൾ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിച്ചിട്ടുള്ളതായി വിലയിരുത്തുന്നുണ്ടോ; ഇതിനുള്ള എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. കേരള സ്റ്റേറ്റ് ദുരന്ത നിവാരണ അതോറിറ്റിയെ നോഡൽ ഏജൻസിയാക്കി കൃഷി വകുപ്പിന്റെ പ്രഥമ വിവര റിപ്പോർട്ടുകളെ അടിസ്ഥാനപ്പെടുത്തി ഐക്യരാഷ്ട്ര സഭാസംഘം പഠനം നടത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് പ്രിന്റ് ചെയ്ത് കിട്ടിയിട്ടില്ല.

(സി) മഹാപ്രളയത്തിൽ സംഭവിച്ച കൃഷിനാശത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ഇതുവരെ 3,05,964 കർഷകർ അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ 2,32,966 കർഷകർക്ക് എസ്.ഡി.ആർ.എഫ്.-ൽനിന്നും 66.747 കോടി രൂപയുടെ ധനസഹായം നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമെ സംസ്ഥാന വിഹിതമായി 218198 കർഷകർക്ക് 110.27 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. ചെളി, മണ്ണ്, പാറ, മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടൽമൂലം കൃഷി ഭൂമി നഷ്ടപ്പെട്ടവർക്കും 621.33 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 11867 കർഷകർക്ക് നഷ്ടപരിഹാരമായി 18.88 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. പ്രളയക്കെടുതികളുടെ ഭാഗമായി കോട്ടയം, ആലപ്പുഴ ജില്ലകളിൽ പ്രധാനമന്ത്രി ഫസൽ ഭീമ യോജന പ്രകാരം ഇൻഷ്വർ ചെയ്ത് കൃഷിയിറക്കിയതും

വായ്പയെടുത്തിട്ടും വിളയിറക്കാൻ കഴിയാതിരുന്നതുമായ കർഷകർക്ക് നഷ്ടപരിഹാരമായി ഇൻഷ്വറൻസ് തുകയുടെ 25% നൽകുന്നതിന് സർക്കാർ തീരുമാനിച്ചു.

കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി വിവിധ പദ്ധതികളിലായി 1603 കോടി രൂപയുടെ കേന്ദ്ര ധനസഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള മെമ്മോറാണ്ടം തയ്യാറാക്കി കേന്ദ്ര കൃഷിമന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ എന്ന പദ്ധതിയിൻകീഴിൽ 102.1855 കോടി രൂപയുടെ അധിക ധനസഹായത്തിനുള്ള നിർദ്ദേശം സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ വഴി സമർപ്പിക്കുകയും കേന്ദ്ര സർക്കാർ ഈയിനത്തിൽ 93.556 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇന്റർനാഷണൽ ഫണ്ട് ഫോർ അഗ്രികൾച്ചർ ഡെവലപ്മെന്റ് (IFAD) -ൽനിന്നും 500 കോടി രൂപയുടെ ധനസഹായം ലഭ്യമാക്കുന്നതിന് 745 കോടി രൂപയുടെ പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഉരുൾപ്പൊട്ടലുണ്ടായ പ്രദേശങ്ങളിലെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കായി 200 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. പ്രളയക്കെടുതികളിൽനിന്നും കർഷകരെ കൈപിടിച്ച് ഉയർത്തുന്നതിനും ശാസ്ത്രീയ സമീപനത്തിലൂടെയും കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ സന്നദ്ധ സേവനത്തിലൂടെയും കാർഷികമേഖലയെ പുനഃസൃഷ്ടിക്കുന്നതിനുമായി "പുനർജനി" എന്ന പേരിൽ ഒരു പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. പ്രളയത്തിൽ നെൽകൃഷി നശിച്ചുപോയ മുഴവൻ കർഷകർക്കും വീണ്ടും വിതയ്ക്കുന്നതിന് 6497.58 മെട്രിക് ടൺ വിത്ത് പൂർണ്ണമായും സൗജന്യമായി വിതരണം ചെയ്തു. ഈ വകയിൽ കർഷകർക്ക് 25.99 കോടി രൂപയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

ഇതോടൊപ്പം ഒരു കോടി പച്ചക്കറിത്തൈകൾ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നുണ്ട്. കൂടാതെ 50 ലക്ഷം പച്ചക്കറിവിത്ത് പായ്ക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്തുകഴിഞ്ഞു. കൃഷിയിടങ്ങളിലേയ്ക്ക് ആവശ്യമായ കുമ്മായം 75% സബ്സിഡി നിരക്കിൽ 43100 ഹെക്ടർ സ്ഥലത്തേയ്ക്ക് ഹെക്ടർ ഒന്നിന് 5,400 രൂപ നിരക്കിൽ വിതരണം ചെയ്തു. ഈയിനത്തിൽ 23.40 കോടി രൂപയുടെ ആനുകൂല്യം കർഷകർക്ക് ലഭിച്ചിട്ടുണ്ട്. ഈ ആനുകൂല്യം 10000 ഹെക്ടർ സ്ഥലത്തേയ്ക്ക് കൂടി ലഭ്യമാക്കുന്നതിന് 5.4 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇത് കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ, 12 ലക്ഷം വേരുപിടിപ്പിച്ച കുരുമുളക് തൈകൾ പൂർണ്ണമായും സൗജന്യമായി വിതരണം ചെയ്തു. ഇഞ്ചി, മഞ്ഞൾ എന്നിവയുടെ 364.5 മെട്രിക്

ടൺ നടീൽ വസ്തുക്കളും ജാതി, ഗ്രാമ്പു എന്നിവയുടെ 15800 തൈകളും സൗജന്യ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കി. 22 ലക്ഷം വാഴക്കന്നുകൾ വാങ്ങുന്നതിലേയ്ക്കായി സബ്സിഡി നിരക്കിൽ ആകെ 2.4 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മഹാപ്രളയത്തിൽ തകർന്നുപോയ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ 270 ബണ്ടുകൾ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു. എസ്റ്റിമേറ്റിന്റെ 20% തുക അഡ്വാൻസായി പാടശേഖര സമിതികൾക്ക് നൽകി. 25 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ നടപടികൾ ഒഴിവാക്കി വേഗത്തിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

മഹാപ്രളയത്തിൽ നശിച്ച പമ്പുസെറ്റുകൾ, പെട്ടിപറ എന്നിവയുടെ അറ്റകുറ്റപ്പണികൾക്കും വെള്ളം വറ്റിക്കുന്നതിനും ബണ്ട് റിപ്പയറിംഗിനുമായി 174.78 ലക്ഷം രൂപ ധനസഹായം ലഭ്യമാക്കി. ഇതിനുപുറമെ 25.81 കോടി രൂപ കൂടി അധികമായി സർക്കാർ അനുവദിച്ചിട്ടുണ്ട്. പ്രളയാനന്തരം വിളകൾക്കുണ്ടായ രോഗകീടബാധ, എലിശല്യം എന്നിവയ്ക്കുള്ള പരിഹാര മാർഗ്ഗനിർദ്ദേശങ്ങളും കർഷകരിലേയ്ക്ക് എത്തിച്ചു. മഴക്കെടുതിമൂലം ദുരിതത്തിലായ കർഷകർക്ക് ആശ്വാസം എത്തിക്കുന്നതിന്റെ ഭാഗമായി കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള കാർഷിക, വിദ്യാഭ്യാസ വായ്പകൾ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 2018 ഒക്ടോബർ 12 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചു.

## കോതമംഗലം മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം

60(3492) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിന്റെ ഭാഗമായി കോതമംഗലം മണ്ഡലത്തിൽ ഉണ്ടായ കൃഷിനാശം കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലുണ്ടായ കൃഷിനാശം വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ; ഓരോ വില്ലേജിലും എത്ര തുകയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ കൃഷിനാശം സംഭവിച്ച മുഴുവൻ പേർക്കും നഷ്ടപരിഹാര തുക വിതരണം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) അതിൽ വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകർക്ക് ഇൻഷ്വറൻസ് തുക വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) പ്രസ്തുത മണ്ഡലത്തിലെ നഷ്ടപരിഹാര തുകയുടെ വിതരണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. പ്രളയത്തിന്റെ ഭാഗമായി കൃഷി ഭവൻ തിരിച്ചുള്ള കണക്ക് ലഭ്യമാണ്. ആകെ 1,47,16,321 രൂപയുടെ കൃഷിനാശമുണ്ടായിട്ടുണ്ട്.

(സി) പ്രളയത്തിന്റെ ഭാഗമായി 50,000 രൂപയിൽ താഴെ കൃഷിനാശം സംഭവിച്ച മുഴുവൻ കർഷകർക്കും നഷ്ടപരിഹാരത്തുക വിതരണം ചെയ്തിട്ടുണ്ട്. 50,000 രൂപയ്ക്ക് മുകളിലുള്ള നഷ്ടപരിഹാരത്തിനുള്ള അപേക്ഷകളിൽ തുക അനുവദിക്കുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചുവരുന്നു.

(ഡി) വിതരണം ചെയ്തിട്ടുണ്ട്. 14,23,700 രൂപ വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ഇ) ഉപധനാഭ്യർത്ഥന/അഡീഷണൽ ഓതറൈസേഷൻ വഴി ഫണ്ട് ലഭ്യമാക്കി നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പ്രളയത്തെ തുടർന്ന് കർഷകർക്കുണ്ടായ നാശനഷ്ടങ്ങൾ**

61(3493) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ പെരിന്തൽമണ്ണ മണ്ഡലത്തിലുണ്ടായ കൃഷിനാശം തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര കർഷകർക്ക് എന്തെല്ലാം തരത്തിലുള്ള കാർഷിക നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്; നാശനഷ്ടങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ കാർഷിക വിളയ്ക്കും ഉണ്ടായിട്ടുള്ള ഉല്പാദനക്കുറവ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിലുണ്ടായ നാശനഷ്ടങ്ങളെ തുടർന്ന് ഈ കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാൻ തീരുമാനിച്ചിട്ടുള്ളത്; എത്രപേർക്ക്, എത്ര തുക വീതം, ആകെ എത്ര രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്; ഇനി എത്ര കർഷകർക്ക് എന്തെല്ലാം സഹായം നൽകാൻ അവശേഷിക്കുന്നുണ്ടെന്നത് വിശദമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ കാർഷിക വിളകൾക്ക് നാശനഷ്ടമുണ്ടായ എല്ലാ കർഷകർക്കും അർഹതപ്പെട്ട എല്ലാ സഹായവും നൽകുന്നതിനും വീണ്ടും കൃഷിയിറക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പെരിന്തൽമണ്ണ മണ്ഡലത്തിലെ 1270 കർഷകർക്ക് താഴെപ്പറയുന്ന വിളകൾക്ക് കൃഷിനാശം സംഭവിച്ചിട്ടുണ്ട്.

കമുക് കായ്ഫലമുള്ളത്, കമുക് കായ്ഫലമില്ലാത്തത്, തെങ്ങ് കായ്ഫലമുള്ളത്, തെങ്ങ് കായ്ഫലമില്ലാത്തത്, റബ്ബർ കറയെടുക്കുന്നത്, റബ്ബർ കറയെടുക്കാത്തത്, കുരുമുളക്, വാഴ കുലച്ചത്, വാഴ കുലയ്ക്കാത്തത്, മരച്ചീനി, പച്ചക്കറികൾ, ചേന, ചേമ്പ്, ഇഞ്ചി, മഞ്ഞൾ, നെല്ല്, ജാതി കായ്ഫലമുള്ളത്, ജാതി കായ്ഫലമില്ലാത്തതെന്നിവ. ഏകദേശം 50-100 ശതമാനം വരെ ഉൽപ്പാദനക്കുറവ് സംഭവിച്ചിട്ടുണ്ട്.

(ബി) പ്രളയത്തിൽ കൃഷിനാശം സംഭവിച്ച 1270 കർഷകരിൽ 830 കർഷകർക്ക് 1,32,29,393 രൂപ ധനസഹായം നൽകിയിട്ടുണ്ട്. ബാക്കിയുള്ള 440 കർഷകർക്ക് 97,30,989 രൂപ ആനുകൂല്യം നൽകുവാനുണ്ട്. ആയത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

## നാശനഷ്ടമുണ്ടായ കാർഷിക വിളയുടെ കണക്ക്

62(3494) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ നാശനഷ്ടമുണ്ടായ കാർഷിക വിളയുടെ കണക്കെടുത്തിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) വിളനാശം സംഭവിച്ച് കടക്കെണിയിലായ കർഷകർക്ക് വീണ്ടും കൃഷിയിറക്കുന്നതിനാവശ്യമായ വിത്തും മറ്റ് കാർഷികോപാധികളും കർഷകർക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(സി) പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച കാർഷിക യന്ത്രങ്ങൾ, പമ്പ് സെറ്റുകൾ തുടങ്ങിയവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പാടശേഖരങ്ങളിലേയ്ക്കുള്ള വൈദ്യുതി ലൈനുകളും ട്രാൻസ്ഫോർമറുകളും പുനഃസ്ഥാപിക്കുന്നതിനുമുള്ള പദ്ധതി കൃഷിവകുപ്പിനുണ്ടോ ; വിശദീകരിക്കുമോ;

(ഡി) പ്രളയാനന്തരം കൃഷിയിടങ്ങളിലെ മണ്ണിനുണ്ടായിട്ടുള്ള മാറ്റം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ആയതിന്റെ ഘടകം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഘടകം | രൂപ (കോടിയിൽ) |
|---|---|---|
| 1 | ധാന്യവിളകൾക്കുണ്ടായ നാശനഷ്ടം | 816.48 |
| 2 | പയറുവർഗ്ഗങ്ങൾക്കുണ്ടായ നാശനഷ്ടം | 0.45 |
| 3 | പച്ചക്കറികൾക്കും കിഴങ്ങുവർഗ്ഗ വിളകൾക്കുമുണ്ടായ നാശനഷ്ടം | 1539.90 |
| 4 | ഫലവർഗ്ഗ വിളകൾക്കുണ്ടായ നാശനഷ്ടം | 2335.51 |
| 5 | സുഗന്ധവ്യഞ്ജന വിളകൾക്കുണ്ടായ നാശനഷ്ടം | 9753.99 |
| 6 | എണ്ണക്കുരുവിളകൾക്കുണ്ടായ നാശനഷ്ടം | 248.74 |
| 7 | ഔഷധ സസ്യവിളകൾക്കുണ്ടായ നാശനഷ്ടം | 1.50 |
| 8 | കരിമ്പ് കൃഷിക്കുണ്ടായ നാശനഷ്ടം | 0.55 |
| 9 | തോട്ടവിളകൾക്കുണ്ടായ നാശനഷ്ടം | 3848.13 |
| | **ആകെ** | **18545.25** |

(ബി) പ്രളയത്തിൽ നെൽകൃഷി നശിച്ചുപോയ മുഴവൻ കർഷകർക്കും വീണ്ടും വിതയ്ക്കുന്നതിന് 25.94 കോടി രൂപയുടെ 6497.58 മെട്രിക് ടൺ വിത്ത് പൂർണ്ണമായും സൗജന്യമായി വിതരണം ചെയ്തു. ഒരു കോടി പച്ചക്കറിത്തൈകളും 50 ലക്ഷം പച്ചക്കറിവിത്ത് പായ്ക്കറ്റുകളും സൗജന്യമായി വിതരണം ചെയ്തുകഴിഞ്ഞു. കൃഷിയിടങ്ങളിലേയ്ക്ക് ആവശ്യമായ കുമ്മായം 75% സബ്സിഡി നിരക്കിൽ, 43100 ഹെക്ടർ സ്ഥലത്തേയ്ക്ക് ഹെക്ടർ ഒന്നിന് 5,400 രൂപ നിരക്കിൽ 23.40 കോടി രൂപയുടെ ആനുകൂല്യം വിതരണം ചെയ്തു. ഈ ആനുകൂല്യം 10000 ഹെക്ടർ സ്ഥലത്തേയ്ക്കുകൂടി ലഭ്യമാക്കുന്നതിന് 5.4 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 12 ലക്ഷം വേരുപിടിപ്പിച്ച കുരുമുളക് തൈകൾ പൂർണ്ണമായും സൗജന്യമായി വിതരണം ചെയ്തു. ഇഞ്ചി, മഞ്ഞൾ എന്നിവയുടെ 364.5 മെട്രിക് ടൺ നടീൽ വസ്തുക്കളും ജാതി, ഗ്രാമ്പു എന്നിവയുടെ 15800 തൈകളും സൗജന്യ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കി. 22 ലക്ഷം വാഴക്കന്നുകൾ വാങ്ങുന്നതിലേയ്ക്കായി സബ്സിഡി നിരക്കിൽ ആകെ 2.4 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

മഴക്കെടുതിമൂലം ദുരിതത്തിലായ കർഷകർക്ക് ആശ്വാസം എത്തിക്കുന്നതിന്റെ ഭാഗമായി കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള കാർഷിക വിദ്യാഭ്യാസ വായ്പകൾ ഉൾപ്പെടെയുള്ള എല്ലാത്തരം വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 2018 ഒക്ടോബർ 12 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചു.

വളത്തിന്റെ ലഭ്യത ഉറപ്പാക്കുവാനായി കേരളത്തിന്റെ കൃഷി വിസ്തീർണ്ണത്തിന്റെ അനുപാതത്തിനും കഴിഞ്ഞ വർഷത്തെ വളത്തിന്റെ ഉപഭോഗത്തിനും അനുസരിച്ച് കേന്ദ്ര സർക്കാരിൽ കണക്കുകൾ സമർപ്പിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ മാസത്തിലേയ്ക്കും കൃഷി വകുപ്പ് ആവശ്യപ്പെട്ട വളങ്ങൾ അനുവദിക്കുകയും ചെയ്തു. അതിനുപുറമെ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ മാസം യൂറിയ അനുവദിക്കുകയും ചെയ്തു.

(സി) പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച കാർഷിക യന്ത്രങ്ങൾ, പമ്പ് സെറ്റുകൾ തുടങ്ങിയവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ "സബ്മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ സ്കീം" നിലവിലുണ്ട്. പാടശേഖരങ്ങളിലേയ്ക്കുള്ള വൈദ്യുതി ലൈനുകളും ട്രാൻസ്ഫോർമറുകളും പുനഃസ്ഥാപിക്കുന്നതിനുള്ള പദ്ധതി കൃഷി വകുപ്പിൽ നിലവിലില്ല.

(ഡി) ഉണ്ട്. സംസ്ഥാനത്തെ വെള്ളപ്പൊക്കത്തെ തുടർന്നുണ്ടായ കൃഷിനാശം നേരിടുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും വിള പരിപാലനത്തിനും സംരക്ഷണത്തിനുമായി വിശദമായ രൂപരേഖ തയ്യാറാക്കുന്നതിനുമായി കേരള കാർഷിക സർവ്വകലാശാല, ഗവേഷണ കേന്ദ്രങ്ങൾ, കൃഷി വകുപ്പ്, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞരും ഉദ്യോഗസ്ഥരുമടങ്ങുന്ന ടീമുകളെ നിയമിച്ചിരുന്നു. തൃശ്ശൂർ, പാലക്കാട്/മലപ്പുറം, കോഴിക്കോട്/വയനാട്, എറണാകുളം, ആലപ്പുഴ/ കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ രൂപീകരിച്ച സംഘങ്ങൾ പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേരള കാർഷിക സർവ്വകലാശാല ഗവേഷണ വിഭാഗം മേധാവി റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തു.

മേൽമണ്ണ് ഒലിച്ചുപോയ മലയോര മേഖലകളിലെയും കുന്നിൻ പ്രദേശങ്ങളിലെയും മണ്ണിൽനിന്ന് മേൽമണ്ണിനോടൊപ്പം പോഷകമൂലകങ്ങൾ ധാരാളമായി നഷ്ടപ്പെട്ടതായി കണ്ടിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജൈവാംശവും ഒപ്പംതന്നെ മൂലകങ്ങളായ നൈട്രജൻ, ഫോസ്ഫറസ്, കാൽസ്യം, മഗ്നീഷ്യം സൾഫർ, ബോറോൺ തുടങ്ങിയവയും നഷ്ടപ്പെട്ടിട്ടുണ്ട്. കൂടാതെ

സമതലപ്രദേശങ്ങളിലും പുഴയോര പ്രദേശങ്ങളിലും നെൽപ്പാടങ്ങളിലും വലിയ തോതിൽ എക്കൽ അടിഞ്ഞുകൂടിയിട്ടുണ്ട്. ഈ എക്കൽ പോഷകമൂലകങ്ങളാൽ സമ്പുഷ്ടമാണ്. എന്നാൽ പൊട്ടാസ്യം, കാൽസ്യം, മഗ്നീഷ്യം, ബോറോൺ എന്നീ മൂലകങ്ങളുടെ അഭാവം ശ്രദ്ധിക്കേണ്ടതുണ്ട്. ഘനലോഹങ്ങളുടെയോ കീടനാശിനി അവശിഷ്ടങ്ങളുടെയോ സാന്നിദ്ധ്യം ഈ എക്കൽ പരിശോധനയിൽ കണ്ടിട്ടില്ല. എക്കലിന്റെ അമ്ലത്വം നിർവീര്യാവസ്ഥയിലാണ്. ഈ എക്കൽ മണ്ണ് സൂക്ഷ്മ രൂപത്തിലുള്ള തരികളായതുകൊണ്ട് ഇവ ഉണങ്ങുമ്പോൾ അടിഞ്ഞുകൂടിയ എക്കലിന്റെ അളവനുസരിച്ച് പല ഘനത്തിലുള്ള പാളികളായി മണ്ണിന്റെ മേൽത്തട്ടിൽ ഉറച്ചുപോകുന്നു. തന്മൂലം മണ്ണിലെ വായുസഞ്ചാരത്തിനും വേരുകളുടെ വളർച്ചയ്ക്കും വിഘാതമാകുന്നു.

## പ്രളയക്കെടുതിയിൽ നെൽകൃഷിമേഖലയ്ക്കുണ്ടായ നാശനഷ്ടം

63(3495) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയക്കെടുതിയിൽ തൃശ്ശൂർ ജില്ലയിലെ നെൽകൃഷിമേഖലയിൽ വെള്ളം പമ്പ് ചെയ്യുന്ന മോട്ടോറുകൾ, പെട്ടിപറകൾ, മോട്ടോർതറകൾ, ഷെഡ്ഡുകൾ എന്നിവയ്ക്ക് സംഭവിച്ച നാശനഷ്ടത്തെ സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ പുനഃസ്ഥാപിക്കുന്നതിനായി എടുത്ത നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) നാശത്തിന് മതിയായ നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കൃഷി വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗം, കാർഷിക സർവ്വകലാശാല, കൃഷി വിജ്ഞാന കേന്ദ്രം, എഞ്ചിനീയറിംഗ് കോളേജ് എന്നിവരുടെ നേതൃത്വത്തിൽ അദാലത്ത് സംഘടിപ്പിച്ച് കൃത്യമായ കണക്കെടുപ്പ് നടത്തി മോട്ടോർ പമ്പ് സെറ്റ്, പെട്ടി പറ എന്നിവയുടെ റിപ്പയറിംഗ് നടപടികൾ സ്വീകരിച്ചുവരുന്നു. 80% പമ്പ് സെറ്റുകളും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

(സി) മോട്ടോർ പമ്പ് സെറ്റ് റിപ്പയറിംഗ്, പെട്ടി പറ, റിപ്പയറിംഗ്, ബണ്ട് പുനരുദ്ധാരണം എന്നിവയ്ക്കായി ഇതുവരെ 9 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## ഫാം ടൂറിസം പദ്ധതി

64(3496) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറെ ടൂറിസ്റ്റുകൾ സന്ദർശനം നടത്തുന്ന മൂന്നാറിന്റെ കവാടമായ നേര്യമംഗലത്ത് പെരിയാറിന്റെ തീരത്ത് ഏക്കറോളം വ്യാപിച്ചുകിടക്കുന്ന ജില്ലാ കൃഷിതോട്ടത്തിൽ ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത കൃഷിതോട്ടത്തിൽ ഫാം ടൂറിസം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ;

(സി) ഫാം ടൂറിസത്തിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് ഇവിടെ നടപ്പിലാക്കാൻ കഴിയുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ ;

(ഡി) ടൂറിസ്റ്റുകൾ ധാരാളമെത്തുന്ന ടി സ്ഥലത്ത് ഫാം ടൂറിസം നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

ഉത്തരം

(എ - ഡി) ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുന്നത് പരിശോധിച്ചുവരുന്നു. പദ്ധതിയുടെ പൂർണ്ണമായ രൂപരേഖ തയ്യാറായിട്ടില്ല.

## തരിശ് ഭൂമിയിലെ കൃഷി

65(3497) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ നെയ്യാറ്റിൻകര നഗരസഭ, അതിയന്നൂർ, തിരുപുറം, ചെങ്കൽ, കാരോട്, കുളത്തൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലായി എത്ര ഏക്കർ തരിശ് ഭൂമി നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; തരിശ് ഭൂമി നിലവിലുള്ള സ്ഥലങ്ങളുടെ പേരുവിവരം വ്യക്തമാക്കുമോ ;

(ബി) തരിശ് ഭൂമിയിൽ ഏതൊക്കെ തരത്തിലുള്ള കൃഷികൾ ചെയ്യാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ ;

(സി) തരിശ് ഭൂമിയിൽ കൃഷി ചെയ്യുന്നതിന് ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ഏതെങ്കിലും പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ നെയ്യാറ്റിൻകര നഗരസഭ, അതിയന്നൂർ, കാരോട്, കുളത്തൂർ എന്നിവിടങ്ങളിലായി 52.5 ഏക്കർ തരിശ് ഭൂമി നിലവിലുണ്ട്. തിരുപുറം, ചെങ്കൽ കൃഷിഭവൻ പരിധിയിൽ തരിശുഭൂമിയില്ലെന്ന് ജില്ലാ കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്. നിലവിലുള്ള തരിശിന്റെ കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പഞ്ചായത്ത് | തരിശിന്റെ വിസ്തൃതി (ഹെക്ടർ) | സ്ഥലത്തിന്റെ പേര് |
|---|---|---|---|
| 1 | നെയ്യാറ്റിൻകര | 6 | ഊരൂട്ടുകാല, രാമേശ്വരം |
| 2 | അതിയന്നൂർ | 3 | ഊരൂട്ടുകാല, അതിയന്നൂർ, ഭാസ്കർ നഗർ |
| 3 | കുളത്തൂർ | 3 | കുളത്തൂർ |
| 4 | കാരോട് | 9 | ഐര, കാന്തള്ളൂർ, എറിചെല്ലൂര് |

(ബി) നെല്ല്, പച്ചക്കറി, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്യാൻ സാധിക്കും.

(സി) കുളത്തൂർ, അതിയന്നൂർ പഞ്ചായത്തുകളിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ "ജൈവസമൃദ്ധി" എന്ന പേരിൽ ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ സംയുക്തമായി പ്രോജക്റ്റ് നടപ്പിലാക്കുന്നു. കാരോട് പഞ്ചായത്തിൽ 7 ഹെക്ടർ സ്ഥലത്ത് തരിശുരഹിത പദ്ധതി ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു.

## തരിശുനില കൃഷി

66 (3498) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശുനില കൃഷി വ്യാപിപ്പിക്കുന്നതിന് പ്രത്യേക ഫണ്ടുകൾ കൃഷി വകുപ്പ് അനുവദിച്ചിട്ടുണ്ടോ;

(ബി) ആലത്തൂർ മണ്ഡലത്തിൽ 'നിറ' എന്ന സമഗ്ര കാർഷിക വികസന പദ്ധതി പ്രകാരം 10 ഹെക്ടർ സ്ഥലത്ത് തരിശ് നില കൃഷി നടത്തിയതിന്റെ ധനസഹായം അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) തരിശുനില കൃഷി പ്രൊജക്ടിന് പ്രത്യേകമായി അനുവദിക്കുന്ന 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ അനുവദിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി പ്രകാരം തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിന് തുടർച്ചയായി മൂന്നുവർഷം ആനുകൂല്യം നൽകും. ഒന്നാം വർഷം ഹെക്ടറിന് 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയും ധനസഹായമായി നൽകുന്നതാണ്. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ചുനൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25,000 രൂപയും ഭൂവുടമയ്ക്ക് 5,000 രൂപയും നൽകും. രണ്ടാം വർഷം ഇത് യഥാക്രമം 5800 രൂപയും 1200 രൂപയും മൂന്നാം വർഷം 3750 രൂപയും 750 രൂപയുമാണ്.

(ബി) ആലത്തൂർ നിയോജകമണ്ഡലത്തിൽ ആലത്തൂർ കൃഷി ഭവൻ പരിധിയിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 'നിറ' പദ്ധതിക്കായി ബഡ്ജറ്റിൽ പ്രത്യേക ഫണ്ട് നീക്കിവച്ചിട്ടില്ല.

പാലക്കാട് ജില്ലയ്ക്ക് സംസ്ഥാനാവിഷ്കൃത നെൽകൃഷി വികസന പദ്ധതിയുടെ ഭാഗമായി അനുവദിച്ച തരിശുനില കൃഷിക്കുള്ള ഫണ്ടിൽ നിന്നുമാണ് ഇതിനുള്ള ധനസഹായം നൽകിയത്. ആലത്തൂർ കൃഷി ഭവൻ പരിധിയിൽ 'നിറ' പദ്ധതിയുടെ ഭാഗമായി 10 ഹെക്ടർ സ്ഥലത്ത് തരിശുനില കൃഷി നടത്തിയതിന്റെ ധനസഹായമായി 2,73,800 രൂപ അനുവദിച്ചിട്ടുണ്ട്.

(സി) പദ്ധതിയധിഷ്ഠിതമായി തരിശുനില കൃഷി ചെയ്യുന്നതിനുള്ള 5 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സംസ്ഥാനതല സാംഗ്ഷനിങ് കമ്മിറ്റി പരിശോധിച്ച് നടപടി സ്വീകരിക്കും.

**തരിശുപാട കൃഷി**

67 (3499) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജക മണ്ഡലത്തിൽ എത്രത്തോളം തരിശുപാടങ്ങളിൽ ഈ സർക്കാരിന്റെ കാലയളവിൽ നെൽകൃഷി ഇറക്കിയിട്ടുണ്ട്;

(ബി) തരിശുപാട കൃഷിക്ക് നിലവിൽ നൽകുന്ന ആനുകൂല്യങ്ങളും പ്രോത്സാഹനങ്ങളും എന്താണ്;

(സി) 2016 ആഗസ്റ്റിനുശേഷം സംഭരിച്ച നെല്ലിന്റെ അളവ് വ്യക്തമാക്കാമോ; ഏതെല്ലാം ഏജൻസി വഴിയാണ് നെല്ല് സംഭരിച്ചത്;

(ഡി) 2016-17-ലും 2017-18-ലും നെൽകൃഷിക്കായി ആറന്മുള മണ്ഡലത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്?

ഉത്തരം

(എ) ആറന്മുള നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ 486.1 ഹെക്ടർ തരിശുപാടങ്ങളിൽ നെൽകൃഷി ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി പ്രകാരം തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിന് തുടർച്ചയായി മൂന്നുവർഷം ആനുകൂല്യം നൽകുന്നു. ഒന്നാം വർഷം ഹെക്ടറിന് 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയും ധനസഹായമായി നൽകുന്നു. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ചുനൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25,000 രൂപയും ഭൂവുടമയ്ക്ക് 5,000 രൂപയും നൽകും. രണ്ടാം വർഷം ഇത് യഥാക്രമം 5800 രൂപയും 1200 രൂപയും മൂന്നാം വർഷം 3,750 രൂപയും 750 രൂപയുമാണ്. നെൽകൃഷിക്ക് പൊതുവായി നൽകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി* ഇതോടൊപ്പം വയ്ക്കുന്നു. നിലം ഒരുക്കുന്നതിനും ബണ്ട് നിർമ്മിക്കുന്നതിനുമായി തൊഴിലുറപ്പ് പദ്ധതി കർഷകർക്ക് ഉപയോഗിക്കാവുന്നതാണ്. കൂടാതെ നെല്ല് 25.30 രൂപ നിരക്കിൽ സപ്ലൈകോ, ഓയിൽപാം, ചില സഹകരണ സ്ഥാപനങ്ങൾ എന്നിവ വഴി കേരളത്തിലെ കർഷകരിൽനിന്നും സംഭരിക്കുന്നുണ്ട്.

(സി) 2016 ആഗസ്റ്റിനുശേഷം 1415.145 ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. സപ്ലൈകോ, ഓയിൽപാം ഇന്ത്യ, കുടുംബശ്രീ, പ്രൈവറ്റ് ഏജൻസികൾ മുതലായവ വഴിയാണ് നെല്ല് സംഭരിച്ചത്.

(ഡി) ആറന്മുള മണ്ഡലത്തിൽ നെൽകൃഷിക്കായി 2016-17 സാമ്പത്തിക വർഷം 96,71,596 രൂപയും 2017-18 സാമ്പത്തിക വർഷം 65,61,316 രൂപയും ചെലവഴിച്ചിട്ടുണ്ട്.

**പാടങ്ങളിൽ കൃഷിയിറക്കുന്നവർക്ക് നൽകുന്ന സഹായങ്ങൾ**

68(3500) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നുണ്ട്;

(ബി) മുൻ സർക്കാരിന്റെ കാലത്തെത്ര ഹെക്ടർ സ്ഥലത്ത് കൃഷിചെയ്തിരുന്നു;

(സി) പുതുതായി എത്ര ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) തരിശു നെൽപ്പാടങ്ങളിൽ കൃഷിയിറക്കുന്നവർക്ക് എന്തൊക്കെ സഹായങ്ങൾ ലഭ്യമാക്കുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 2009-10 മുതൽ 2015-16 വരെ നെൽകൃഷിയുടെ വിസ്തൃതി ഓരോ വർഷവും കുറഞ്ഞുവരികയായിരുന്നു. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷിയുടെ വിസ്തൃതിയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് നെൽകൃഷിയുടെ വിസ്തൃതി 196870 ഹെക്ടർ ആയിരുന്നു. 2016-17 സാമ്പത്തിക വർഷം 171398 ഹെക്ടർ സ്ഥലത്ത് നെൽകൃഷി വിളവെടുത്തതായി ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ച കണക്ക് കാണിക്കുന്നു. എന്നാൽ 2016-17 ലെ രണ്ടാം വിള കാലത്തുണ്ടായ രൂക്ഷമായ വരൾച്ചയിൽ 50917.62 ഹെക്ടർ സ്ഥലത്തെ കൃഷി നശിച്ചുപോവുകയോ കൃഷി ചെയ്യാൻ കഴിയാതെ വരികയോ ചെയ്തതിനാലാണ് 2016-17 ൽ ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ പ്രസിദ്ധീകരിച്ച കണക്ക് പ്രകാരം വിസ്തൃതി കുറവ് കാണുന്നത്. 2017-18-ൽ കൃഷി വകുപ്പിന്റെ കണക്കുകൾ പ്രകാരം 220449 ഹെക്ടർ കൃഷി ചെയ്തിട്ടുണ്ട്. നടപ്പുവർഷം 224000 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) മുൻസർക്കാർ അധികാരത്തിലുണ്ടായിരുന്ന 5 വർഷക്കാലത്തെ നെൽകൃഷിയുടെ വിസ്തൃതി ചുവടെ ചേർക്കുന്നു:

| വർഷം | വിസ്തൃതി (ഹെക്ടറിൽ) |
|---|---|
| 2011-12 | 208161 |
| 2012-13 | 197277 |
| 2013-14 | 199611 |
| 2014-15 | 198159 |
| 2015-16 | 196870 |

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 23579 ഹെക്ടർ സ്ഥലത്ത് അധികമായി കൃഷിയിറക്കാൻ സാധിച്ചു. തരിശുനിലകൃഷിയിലും കരനെൽകൃഷിയിലും അധികമായി ശ്രദ്ധചെലുത്തുകയും ഒരുപ്പൂകൃഷി ഇരുപ്പൂവാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. കൃഷി ചെയ്തുകൊണ്ടിരിക്കുന്ന സ്ഥലങ്ങൾ തരിശിടാതെ ശ്രദ്ധിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിന് തുടർച്ചയായി മൂന്നുവർഷം ആനുകൂല്യം നൽകിവരുന്നു. ഒന്നാം വർഷം ഹെക്ടറിന് 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയും ധനസഹായമായി നൽകുന്നതാണ്. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ചുനൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25,000 രൂപയും ഭൂവുടമയ്ക്ക് 5,000 രൂപയും നൽകും. രണ്ടാം വർഷം ഇത് യഥാക്രമം 5800 രൂപയും 1200 രൂപയും മൂന്നാം വർഷം 3750 രൂപയും 750 രൂപയുമാണ്.

**രാസവള വിഹിതം**

69(3501) ശ്രീ. ബി. ഡി. ദേവസ്സി:

ശ്രീ. ഒ. ആർ. കേളു:

ശ്രീ. കെ. കുഞ്ഞിരാമൻ:

ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാസവളങ്ങളുടെ കേന്ദ്ര വിഹിതം വെട്ടിക്കുറച്ചതിനാൽ സംസ്ഥാനത്ത് യൂറിയ, പൊട്ടാഷ് തുടങ്ങിയവയുടെ ക്ഷാമം രൂക്ഷമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്ര സർക്കാർ കേരളത്തിനുള്ള രാസവള വിഹിതം വെട്ടിക്കുറയ്ക്കാനുണ്ടായ സാഹചര്യം എന്താണെന്ന് അറിയിക്കാമോ;

(സി) പ്രളയത്തിന് ശേഷം കാർഷിക മേഖലയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ സജീവമാകുന്ന ഈ സമയത്തുണ്ടായ രൂക്ഷമായ വളം ക്ഷാമം ഏതെല്ലാം വിളകളെയാണ് പ്രതികൂലമായി ബാധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) വളത്തിന്റെ ക്ഷാമത്തോടൊപ്പം വിലയിലുണ്ടായിട്ടുള്ള വർദ്ധനവ് ഉല്പാദനക്ഷമതയെ സാരമായി ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഒക്ടോബർ മാസം അവസാനം തൃശ്ശൂർ, ആലപ്പുഴ ജില്ലകളിൽ വളത്തിന്റെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിനുള്ള രാസവളവിഹിതം വെട്ടിക്കുറച്ചിട്ടില്ല. എന്നാൽ ഇറക്കുമതി ചെയ്യുന്ന വളങ്ങളുടെ ലഭ്യത ഡോളർ നിരക്കിലുള്ള വ്യത്യാസം കാരണം ബാധിച്ചിട്ടുണ്ട്. റെയിൽവേ ചരക്ക് ഗതാഗതവുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങളുണ്ടായപ്പോൾ ആവശ്യമായ വളം റോഡ് മാർഗ്ഗം എത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ സ്ഥലങ്ങളിലും വളങ്ങളുടെ ലഭ്യത ഉറപ്പാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

(സി) രാസവളങ്ങളുടെ ക്ഷാമം ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ കേന്ദ്ര സർക്കാരുമായും വളം വിതരണം ചെയ്യുന്ന കമ്പനിക്കാരുമായും ചർച്ചകൾ നടത്തുകയും കേരളത്തിൽ വളം വിതരണം നടത്തുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുള്ള കമ്പനികളുടെ വിഹിതം മറ്റ് കമ്പനികൾക്ക് മാറ്റി നൽകുകയും വളങ്ങളുടെ ക്ഷാമം പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ യൂറിയ ഒഴികെയുള്ള രാസവളങ്ങളുടെ വില വർദ്ധിച്ചിട്ടുണ്ട്. യൂറിയ ഒഴികെയുള്ള രാസവളങ്ങളുടെ വില നിശ്ചയിക്കുന്നതിനുള്ള അധികാരം കേന്ദ്രസർക്കാർ വളം വിൽപ്പന നടത്തുന്ന കമ്പനികൾക്ക് നൽകിയതിനാലാണ് വില വർദ്ധനവുണ്ടായത്. അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവും ഡോളർ നിരക്കിലെ വ്യത്യാസവും വിലവർദ്ധനവിന് കാരണമായിട്ടുണ്ട്. വളങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള വിലയേക്കാൾ കൂടുതൽ വില കർഷകരിൽനിന്നും ഈടാക്കാതിരിക്കുവാൻ നിലവിൽ പി.ഒ.എസ്. മെഷീനുകൾ മുഖേനയാണ് നേർ വളങ്ങളും കോംപ്ലക്സ് വളങ്ങളും വിൽപ്പന നടത്തുന്നത്. പി.ഒ.എസ്. മെഷീനുകൾ മുഖേന വാങ്ങുന്ന വളങ്ങൾക്ക് അതിൽ പ്രിന്റ് ചെയ്തിരിക്കുന്ന എം.ആർ.പി. നൽകിയാൽ മതി. ഇതിനെക്കുറിച്ച് കർഷകരെ ബോധവത്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പി.ഒ.എസ്. മെഷീൻ ഉപയോഗിക്കാത്ത ഡിപ്പോകൾക്കെതിരെ നടപടികൾ സ്വീകരിക്കുവാൻ ജില്ലാതല എൻഫോഴ്സ്മെന്റ് സ്ക്വാഡ് പരിശോധന ശക്തമാക്കിയിട്ടുണ്ട്. രാസവളങ്ങളുടെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടയുടൻ തന്നെ ശക്തമായ ഇടപെടൽ നടത്തുകയും പ്രശ്നപരിഹാരമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ഉൽപ്പാദനക്ഷമതയെ ബാധിക്കത്തക്ക രീതിയിലുള്ള രാസവളക്ഷാമമുണ്ടായിട്ടില്ല.

## രാസവളങ്ങളുടെ ലഭ്യതക്കുറവ്

70(3502) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് രാസവളങ്ങളുടെ ലഭ്യതക്കുറവ് ഉണ്ടായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

ഉണ്ട്. ഒക്ടോബർ മാസം അവസാനമാണ് രാസവളങ്ങളുടെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടത്. ഉടൻ തന്നെ കേന്ദ്ര സർക്കാരുമായും വളം വിതരണം ചെയ്യുന്ന കമ്പനികളുമായും ബന്ധപ്പെടുകയും വളത്തിന്റെ ക്ഷാമം ശ്രദ്ധയിൽപ്പെട്ട ജില്ലകളിൽ വളം എത്തിക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്തു. കേന്ദ്ര സർക്കാരിനോട് അധിക വിഹിതം ആവശ്യപ്പെട്ടതനുസരിച്ച് രണ്ട് കമ്പനികൾക്കുകൂടി വളം വിതരണത്തിനുള്ള അനുമതി നൽകുകയും വളങ്ങളുടെ ക്ഷാമം പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

## കാർഷിക വായ്പകൾക്ക് പ്രഖ്യാപിച്ച മൊറട്ടോറിയം

71(3503) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വായ്പകൾക്ക് പ്രഖ്യാപിച്ച മൊറട്ടോറിയത്തിന് ഏത് തീയതി വരെയാണ് പ്രാബല്യം;ഏത് തരത്തിലുള്ള വായ്പകളാണ് മൊറട്ടോറിയത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നത്; വിശദമാക്കാമോ;

(ബി) മൊറട്ടോറിയം നിലനിൽക്കെ വായ്പ തിരിച്ചടവ് മുടങ്ങിയാൽ അനന്തര നടപടിയുമായി ബാങ്ക് അധികൃതർ മുന്നോട്ടുപോവുകയാണെങ്കിൽ വായ്പയെടുത്ത കർഷകന് മൊറട്ടോറിയത്തിന്റെ ആനുകൂല്യം ലഭിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യേണ്ടത്; അറിയിക്കാമോ;

(സി) ഇത്തരത്തിൽ സർക്കാർ ഉത്തരവ് നിലനിൽക്കെ അതിനെതിരെ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾക്കെതിരെ സ്വീകരിക്കാവുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കർഷകർ എടുത്തിട്ടുള്ള കാർഷിക, വിദ്യാഭ്യാസ വായ്പകളുൾപ്പെടെയുള്ള എല്ലാത്തരം വായ്പകളുടെയും പേരിലുള്ള ജപ്തി നടപടികൾക്ക് 2018 ഒക്ടോബർ 12 മുതൽ ഒരു വർഷക്കാലത്തേയ്ക്കാണ് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുള്ളത്.

2018 ഓഗസ്റ്റ് 20-ന് കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പ്രത്യേക യോഗം ഷെഡ്യൂൾഡ്/വാണിജ്യ ബാങ്കുകൾ ഉടൻ നടപ്പിലാക്കേണ്ട പ്രളയ ദുരിതാശ്വാസ നടപടികൾ ചർച്ച ചെയ്ത് അംഗീകരിക്കുകയും ഈ നടപടികളുടെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ബാങ്കുകൾക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ നടപടികളുടെ വിശദാംശങ്ങൾ www.slbckerala.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മൊറട്ടോറിയം കാലയളവിൽ ബാങ്കിന് തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയില്ല.

മൊറട്ടോറിയം അനുവദിച്ചിട്ടുള്ള വായ്പകൾക്ക് മൊറട്ടോറിയം കാലയളവിൽ ബാങ്കുകൾ തിരിച്ചടവ് ആവശ്യപ്പെടുന്നില്ലായെന്ന് എസ്.എൽ.ബി.സി. കൺവീനർ അറിയിച്ചിട്ടുണ്ട്.

(സി) സർക്കാർ ഉത്തരവ് നിലനിൽക്കെ അതിനെതിരെ പ്രവർത്തിക്കുന്ന സഹകരണ ബാങ്ക്/സഹകരണ സ്ഥാപനങ്ങൾക്കെതിരെ സഹകരണ നിയമപ്രകാരമുള്ള നടപടികൾ സഹകരണ വകുപ്പാണ് സ്വീകരിച്ചുവരുന്നത്.

## കർഷകരുടെ കടങ്ങൾക്ക് മൊറട്ടോറിയം

72(3504) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ സർവ്വതും നഷ്ടപ്പെട്ട കർഷകരുടെ കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) വിവിധ സഹകരണ ബാങ്കുകളിൽനിന്നും വായ്പ എടുത്ത കർഷകരുടെ വായ്പയുടെ പലിശ മൊറട്ടോറിയം കാലാവധി കഴിഞ്ഞതിനുശേഷം ഈടാക്കാനുള്ള സഹകരണ ബാങ്കിന്റെ തീരുമാനം കൃഷിവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വ്യവസ്ഥകൾക്ക് മാറ്റംവരുത്തി മോറട്ടോറിയം കാലാവധിയിൽ പലിശ പൂർണ്ണമായും ഇളവ് ചെയ്യാൻ കൃഷി വകുപ്പ് സഹകരണ ബാങ്കുകളിൽ സമ്മർദ്ദം ചെലുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മഴക്കെടുതിമൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായി പ്രളയബാധിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ള ഇടങ്ങളിലെ കർഷകർക്ക് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കർഷകർ എടുത്തിട്ടുള്ള കാർഷിക, വിദ്യാഭ്യാസ വായ്പകളുൾപ്പെടെയുള്ള എല്ലാത്തരം വായ്പകളുടെയും പേരിലുള്ള ജപ്തി നടപടികൾക്ക് 2018 ഒക്ടോബർ 12 മുതൽ ഒരു വർഷക്കാലത്തേയ്ക്കാണ് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുള്ളത്.

2018 ഓഗസ്റ്റ് 20-ന് കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പ്രത്യേക യോഗം ഷെഡ്യൂൾഡ്/വാണിജ്യ ബാങ്കുകൾ ഉടൻ നടപ്പിലാക്കേണ്ട പ്രളയ ദുരിതാശ്വാസ നടപടികൾ ചർച്ച ചെയ്ത് അംഗീകരിക്കുകയും ഈ നടപടികളുടെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ബാങ്കുകൾക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ നടപടികളുടെ വിശദാംശങ്ങൾ www.slbckerala.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അർഹമായ കാർഷിക വായ്പകൾക്കുള്ള മൊറട്ടോറിയം ഈ നടപടികളുടെ ഭാഗമാണ്.

സംസ്ഥാനത്ത് മഴക്കെടുതിമൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായി പ്രളയബാധിത പ്രദേശമായി ദുരന്ത നിവാരണ അതോറിറ്റിയുടെ മാർഗ്ഗരേഖ പ്രകാരം സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഇടങ്ങളിലെ കാർഷിക കടങ്ങൾക്ക് 31-7-2018 മുതൽ ഒരു വർഷത്തേയ്ക്ക് സഹകരണസംഘം രജിസ്ട്രാറുടെ 51/18 നമ്പർ സർക്കുലർ പ്രകാരം മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. പ്രളയബാധിത പ്രദേശമായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിലെ അംഗങ്ങൾ എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നത്. മൊറട്ടോറിയം കാലാവധിയിലെ പിഴപ്പലിശ ഈടാക്കുന്നതല്ല. മൊറട്ടോറിയം കാലാവധിയിൽ നിലവിലുള്ള നിശ്ചിത നിരക്കിലുള്ള പലിശ ബന്ധപ്പെട്ട സഹകരണസംഘം/ബാങ്കിന് മൊറട്ടോറിയം കാലാവധിക്കുശേഷം ഈടാക്കാവുന്നതാണ്. എന്നാൽ സഹകരണസംഘം/ബാങ്ക് സ്വന്തം ഫണ്ട് ഉപയോഗിച്ചുനൽകുന്ന വായ്പകളിന്മേലുള്ള മേൽകാലയളവിലെ പലിശ അതത് സ്ഥാപനങ്ങളുടെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ ഇളവ് ചെയ്തുകൊടുക്കുന്നതാണെന്നും സഹകരണസംഘം രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

12-10-2018-ലെ സ.ഉ.(എം.എസ്.)നമ്പർ 367/2018/റവ. സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തുണ്ടായ മഹാപ്രളയം കണക്കിലെടുത്ത് സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള വിവിധ സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ കൂടാതെ റവന്യൂ റിക്കവറി ആക്ട് 1968, 71-ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽനിന്നും എടുത്തിട്ടുള്ള ക്ഷീര വികസനവും മൃഗസംരക്ഷണവും ഉൾപ്പെടെയുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് ഉത്തരവ് തീയതിയായ 12-10-2018 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ 51/18 തീയതി 15-10-2018 നമ്പർ സർക്കുലർ പ്രകാരം മൊറട്ടോറിയം കാലാവധിയിൽ നിലവിലുള്ള നിശ്ചിത നിരക്കിലുള്ള പലിശ ബന്ധപ്പെട്ട സഹകരണസംഘം/ബാങ്കിന് മൊറട്ടോറിയം കാലാവധിക്കുശേഷം ഈടാക്കാവുന്നതാണ്. എന്നാൽ സഹകരണസംഘം/ബാങ്ക് സ്വന്തം ഫണ്ടുപയോഗിച്ച് നൽകുന്ന വായ്പകളിന്മേലുള്ള മേൽ കാലയളവിലെ പലിശ അതത് സ്ഥാപനങ്ങളുടെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്.

**നീര പാനീയങ്ങൾ ഏകീകൃത ബ്രാൻഡാക്കുന്നതിനുള്ള പദ്ധതി**

73(3505) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീരയുടെ ഉല്പാദനം കുറയാനുണ്ടായ സാഹചര്യമെന്തെന്നും ഉല്പാദനക്കുറവ് കയറ്റുമതിയെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) നീര പാനീയങ്ങൾ ഏകീകൃത ബ്രാൻഡാക്കാനുള്ള പദ്ധതി നിലവിലുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഏകീകൃത ബ്രാൻഡ്, ലോഗോ ആവശ്യത്തിന് ടെക്നീഷ്യന്മാരെ ലഭ്യമാകാത്തതെന്നിവയുടെ അഭാവം ഉല്പാദനത്തെ ബാധിച്ചിട്ടുണ്ട്.

(ബി) നീര ഏകീകൃത ബ്രാൻഡാക്കുന്നതിനും അന്താരാഷ്ട്ര വിപണിയിൽ എത്തിക്കുക എന്ന ഉദ്ദേശത്തോടുകൂടിയും നീരയുടെ ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് 18-7-2018 -ലെ സ.ഉ.(പി) നമ്പർ 06/2018/കൃഷി പ്രകാരം സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. നീര ഏകീകൃത ബ്രാൻഡായി തനതായ ആരോഗ്യ പാനീയം എന്ന നിലയിൽ പുറത്തിറിക്കുന്നതിനായി പേരും, ലോഗോയും നിശ്ചയിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. നീര ഉൾപ്പെടെയുള്ള ഗുണമേന്മയുള്ള കേരോല്പന്നങ്ങൾ ദേശീയ/അന്തർദേശീയ വിപണികളിൽ എത്തിക്കുന്നതിനുള്ള നടപടികൾ കൂടി ഉൾപ്പെടുത്തി നാളീകേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. കൗൺസിലിന്റെ ആദ്യയോഗം 7-12-2018-ൽ തിരുവനന്തപുരത്ത് ചേർന്ന് ഭാവിപരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

## കൃഷി ഓഫീസർ തസ്തികയിലെ ഒഴിവുകൾ

74(3506) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിൽ കൃഷി ഓഫീസർമാരുടെ ആകെ എത്ര തസ്തികകൾ ഉണ്ടെന്നും ഇതിൽ എത്രയെണ്ണം ഒഴിഞ്ഞുകിടക്കുകയാണെന്നും എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) കൃഷി ഓഫീസർമാരുടെ ഒഴിവുള്ള കൃഷിഭവനുകളുടെ എണ്ണവും പേരും വ്യക്തമാക്കാമോ;

(സി) കാർഷിക-കാർഷികാനുബന്ധ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് കൃഷി ഓഫീസർമാരുടെ ഒഴിവുകൾ നികത്താത്തത് തടസമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

### ഉത്തരം

(എ) കൃഷി വകുപ്പിൽ കൃഷി ഓഫീസർമാരുടെ 1098 അംഗീകൃത തസ്തികകളാണ് ആകെ നിലവിലുള്ളത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കൃഷി ഓഫീസർമാരുടെ 120 ഒഴിവുകളുണ്ടായിരുന്നു. 5 വർഷമായി റാങ്ക് ലിസ്റ്റില്ലായിരുന്നു. ഒഴിവുകൾ പി.എസ്.സി. വഴി നികത്തുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചു. ഇതിനകം റാങ്ക് ലിസ്റ്റിൽനിന്നും 385 ഒഴിവുകളിൽ പി.എസ്.സി. മുഖേന നിയമനം നടത്തിയിട്ടുണ്ട്. ഇതിൽ നിലവിൽ 28 ഉറന്ന ഒഴിവുകളും പ്രസവാവധി, പഠനാവധി മുതലായവയിൽ 12 ഒഴിവുകളും നിലവിലുണ്ട്. ഇതിൽ ആകെ 31 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഒഴിവുള്ള കൃഷിഭവനകളുടെ പേര് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഇല്ല. ഒഴിവുള്ള കൃഷിഭവനകളുടെ ചാർജ്ജ് തൊട്ടടുത്ത കൃഷി ഓഫീസർമാർക്ക് നൽകി പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കിവരികയാണ്.

## കൃഷി വകുപ്പിലെ ഉദ്യോഗസ്ഥ ഒഴിവുകൾ

75(3507) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ, ജില്ലാ കൃഷി ഓഫീസർ അടക്കം എത്ര ഉദ്യോഗസ്ഥൻമാരുടെ ഒഴിവുകൾ നിലവിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഒഴിവുകൾ എത്രയുംപെട്ടന്ന് നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കൃഷി വകുപ്പിൽ പാലക്കാട് ജില്ലയിൽ വിവിധ തസ്തികകളിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 2 |
| 2 | കൃഷി ഓഫീസർ | 3 |
| 3 | ക്ലാർക്ക് | 11 |
| 4 | ക്ലാർക്ക് ടൈപ്പിസ്റ്റ് | 1 |
| 5 | വർക്ക് സൂപ്രണ്ട് | 3 |
| 6 | വാച്ച്മാൻ | 1 |
| 7 | ഡ്യൂപ്ലിക്കേറ്റിംഗ് ഓപ്പറേറ്റർ | 1 |
| 8 | ഫിറ്റർ | 1 |
| 9 | ലാബ് അറ്റൻഡർ | 2 |
| 10 | മെക്കാനിക്ക് | 15 |
| 11 | ഫോട്ടോഗ്രാഫർ | 1 |
| | ആകെ | 41 |

(ബി) നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കൃഷി വകുപ്പിൽ കാസർഗോഡ് ജില്ലയിലുള്ള തസ്തികകൾ

76(3508) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കൃഷിവകുപ്പിൽ എത്ര തസ്തികകളാണുള്ളതെന്ന് ഉദ്യോഗപ്പേര് സഹിതം വ്യക്തമാക്കാമോ;

(ബി) ഇതിൽ ഇപ്പോൾ ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്നും എത്രകാലമായിട്ടാണ് ഈ ഒഴിവ് തുടരുന്നതെന്നും വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ കാസർഗോഡ് ജില്ലയിൽനിന്ന് കൃഷിവകുപ്പിലെ എത്ര ഉദ്യോഗസ്ഥരെയും ജീവനക്കാരെയും സ്ഥലം മാറ്റിയിട്ടുണ്ടെന്നും പകരം ആളെ നിയമിച്ചതിന് ശേഷമാണോ സ്ഥലംമാറ്റം നൽകിയതെന്നും വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ വന്നതിനുശേഷം ജില്ലയിൽ ഒരേ തസ്തികയിൽ എത്ര പ്രാവശ്യം സ്ഥലംമാറ്റം നടന്നുവെന്നും ഏതെല്ലാം തസ്തികകളായിരുന്നു അവയെന്നും വ്യക്തമാക്കാമോ;

(ഇ) ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ എപ്പോൾ നികത്തുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പിൻ കീഴിൽ ആകെ 34 തസ്തികകളാണുള്ളത്.

| | | |
|---|---|---|
| 1 | പ്രിൻസിപ്പൽ കൃഷി ഓഫീസർ | 1 |
| 2 | പ്രോജക്ട് ഡയറക്ടർ | 1 |
| 3 | കൃഷി ഡെപ്യൂട്ടി ഡയറക്ടർ | 6 |
| 4 | ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടർ | 1 |
| 5 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ (ബ്ലോക്ക്) | 6 |
| 6 | കശുമാവ് വികസന ഓഫീസർ | 1 |
| 7 | സീനിയർ കൃഷി ഓഫീസർ | 2 |
| 8 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ (എം) | 1 |
| 9 | ടെക്നിക്കൽ അസിസ്റ്റന്റ് | 1 |
| 10 | അസിസ്റ്റന്റ് പ്രിൻസിപ്പൽ കൃഷി ഓഫീസർ | 1 |

| | | |
|---|---|---|
| 11 | അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് | 1 |
| 12 | കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 |
| 13 | കൃഷി അസിസ്റ്റന്റ് എഞ്ചിനീയർ | 2 |
| 14 | കൃഷി ഓഫീസർ | 40 |
| 15 | കൃഷി ഫീൽഡ് ഓഫീസർ | 2 |
| 16 | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 1 |
| 17 | അക്കൗണ്ട്സ് ഓഫീസർ | 1 |
| 18 | സീനിയർ സൂപ്രണ്ട് (അക്കൗണ്ടന്റ്) | 1 |
| 19 | സയന്റിഫിക് അസിസ്റ്റന്റ് | 1 |
| 20 | കൃഷി അസിസ്റ്റന്റ് | 115 |
| 21 | ജൂനിയർ സൂപ്രണ്ട് | 8 |
| 22 | ഫെയർകോപ്പി സൂപ്രണ്ട് | 1 |
| 23 | ടൈപ്പിസ്റ്റ് | 9 |
| 24 | ക്ലാർക്ക് | 48 |
| 25 | ഓവർസിയർ | 2 |
| 26 | ഡ്രൈവർ | 4 |
| 27 | ഗാർഡനർ കം ക്ലീനർ | 1 |
| 28 | മെക്കാനിക് | 2 |
| 29 | ഓഫീസ് അറ്റൻഡന്റ് | 13 |
| 30 | ട്രാക്ടർ ക്ലീനർ | 2 |
| 31 | ട്രാക്ടർ ഡ്രൈവർ | 4 |
| 32 | വാച്ച്മാൻ | 2 |
| 33 | വർക്ക് സൂപ്രണ്ട് | 2 |
| 34 | ഫോർമാൻ | 1 |

(ബി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

1. പ്രിൻസിപ്പൽ കൃഷി ഓഫീസർ - 1 (3-12-2018 മുതൽ)

2. കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വൈ.പി.) -1 (1-12-2018 മുതൽ)

3. കാഷ്യു ഡെവലപ്‌മെന്റ് ഓഫീസർ -1 (29-10-2018 മുതൽ)

4. സീനിയർ കൃഷി ഓഫീസർ -1 (14-9-2018 മുതൽ)

5. (a) കൃഷി ഓഫീസർ ചെമ്മനാട് - 1-7-2018 മുതൽ

   (b) കൃഷി ഓഫീസർ ചെങ്കള - 31-8-2018 മുതൽ

   (c) കൃഷി ഓഫീസർ ബെള്ളൂർ - 12-11-2018 മുതൽ

6. കൃഷി അസിസ്റ്റന്റ് -1 (വോർക്കാടി കൃഷി ഭവൻ 4-7-2018 മുതൽ)

7. അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് - 9-2-2018 മുതൽ തിരുവനന്തപുരത്ത് ഡെപ്യൂട്ടേഷൻ.

8. ജൂനിയർ സൂപ്രണ്ട് -1 (1-8-2018 മുതൽ)

9. ക്ലാർക്ക് -1 (1-11-2016 മുതൽ)

10. ഓവർസീയർ -1 (19-6-2005 മുതൽ)

11. മെക്കാനിക് - 2 (22-5-2007 മുതലും 11-11-2015 മുതലും)

12. ട്രാക്ടർ ഡ്രൈവർ -2 (24-7-2007 മുതലും 9-7-2007 മുതലും)

13. ഫോർമാൻ - 1 (8-1-2005 മുതൽ) .

(സി&ഡി) പ്രൊമോഷൻ തസ്തികകളിലാണ് അധികമായി ഒഴിവ് വന്നത്. റിട്ടയർമെന്റിനോടനുബന്ധിച്ച് പ്രൊമോഷൻ ലഭിക്കുന്നവർ തുടർന്ന് മാതൃജില്ലകളിലേയ്ക്ക് സ്ഥലംമാറ്റം ആവശ്യപ്പെടുമ്പോൾ സ്ഥലംമാറ്റം നൽകിവരുന്നുണ്ട്.

| |
|---|
| (എ) പ്രിൻസിപ്പൽ കൃഷി ഓഫീസർ -3 പേർ, പിന്നീട് നിയമനം നടത്തി. |
| (ബി) പ്രോജക്ട് ഡയറക്ടർ, ആത്മ -9 പേർ, പിന്നീട് നിയമനം നടത്തി. |
| (സി) കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വാ.മാ.) -3, പകരം നിയമനം നടത്തിയിട്ടുണ്ട്.<br>കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഇ.&ടി.) -3, പകരം നിയമനം നടത്തിയിട്ടുണ്ട്.<br>കൃഷി ഡെപ്യൂട്ടി ഡയറക്ടർ (NWDPRA) -2, പകരം നിയമനം നടത്തിയിട്ടുണ്ട്.<br>കൃഷി ഡെപ്യൂട്ടി ഡയറക്ടർ (സി) -1, പകരം നിയമനം നടത്തിയിട്ടുണ്ട്. |

| |
|---|
| കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വൈ.പി.) -3, പകരം നിയമനം നടത്തിയിട്ടുണ്ട്. |
| (ഡി) അസിസ്റ്റന്റ് പ്രിൻസിപ്പൽ കൃഷി ഓഫീസർ -1, പകരം നിയമനം നടത്തിയിട്ടുണ്ട്. |
| (ഇ) ടെക്നിക്കൽ അസിസ്റ്റന്റ് -1, പിന്നീട് നിയമനം നടത്തിയത്. |
| (എഫ്) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് -2, പിന്നീട് നിയമനം നടത്തിയത്. |
| (ജി) അക്കൗണ്ട്സ് ഓഫീസർ -1, പകരം നിയമനം നടത്തിയത് |
| (എച്ച്) സീനിയർ കൃഷി ഓഫീസർ -4, 3 പകരം നിയമനം, 1 പിന്നീട് നിയമിച്ചത്. |
| (ഐ) കൃഷി അസിസ്റ്റന്റ് ഡയറക്ടർ (ബ്ലോക്ക്) -4 പേർ, പകരം നിയമനം. |
| (ജെ) കൃഷി അസിസ്റ്റന്റ് എഞ്ചിനീയർ -1, പിന്നീട് നിയമനം. |
| (കെ) അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് -2, പിന്നീട് നിയമനം. |
| (എൽ) കശുമാവ് വികസന ഓഫീസർ -2, പിന്നീട് നിയമനം. |
| (എം) ജൂനിയർ സൂപ്രണ്ട് -10 പേർ. |
| (എൻ) ടൈപ്പിസ്റ്റ് 3 പേർ |
| (ഒ) കൃഷി ഫീൽഡ് ഓഫീസർ -2, പകരം നിയമനം. |
| (പി) കൃഷി അസിസ്റ്റന്റ് - 16 പകരം നിയമനം. |

(ഇ) പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ മുതൽ സീനിയർ കൃഷി ഓഫീസർമാർ വരെയുള്ള തസ്തികകളിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൃഷി ഓഫീസർ തസ്തിക മുതൽ താഴേയ്ക്കുള്ള തസ്തികയിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വോർക്കാടി കൃഷി ഭവനിൽ 2018 പൊതുസ്ഥലം മാറ്റത്തിൽ നിയമിച്ച കൃഷി അസിസ്റ്റന്റ്, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ സ്റ്റേമൂലം ജോലിയിൽ പ്രവേശിക്കാത്തത് കാരണമാണ് ടി തസ്തിക ഒഴിഞ്ഞുകിടക്കുന്നത്. ബഹു. ട്രൈബ്യൂണലിന്റെ അന്തിമവിധി ലഭ്യമാകുന്നമുറയ്ക്ക് ടി തസ്തിക നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## കൃഷി വകുപ്പിൽ സ്പെഷ്യൽ റൂൾസ്

77(3509) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷി വകുപ്പിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

കേരള അഗ്രികൾച്ചറൽ സ്റ്റേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികളും ശേഷിച്ച തസ്തികകൾ ഉൾപ്പെടുത്തി വിശേഷാൽ ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## വാഴ കർഷകർ

78(3510) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വാഴ കർഷകർക്ക് അവർ ഉത്പാദിപ്പിക്കുന്ന മുഴുവൻ കുലകളും വിൽക്കാൻ പറ്റാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പല കർഷക സംഘങ്ങളും ഈ വർഷം കുലകൾ വാങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കർഷകർ ഉത്പാദിപ്പിക്കുന്ന മുഴുവൻ ഉത്പന്നങ്ങളും വാങ്ങുന്നതിന് കാട്ടാക്കട താലൂക്കിൽ എന്തെല്ലാം സംവിധാനം ആണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല.

(സി) കാട്ടാക്കട താലൂക്കിൽ കാട്ടാക്കട, മാറനല്ലൂർ എന്നിവിടങ്ങളിൽ വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക സമിതികൾ പ്രവർത്തിക്കുന്നു. കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിപണികളിലെത്തിച്ച് കച്ചവടക്കാർക്ക് വിപണനം ചെയ്യുന്നതിന് നിലവിൽ സൗകര്യമുണ്ട്. ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും കർഷകരെ രക്ഷിക്കുന്നതിന് ഇത് സഹായകമാണ്. ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും വിപണന ചെലവുകൾ കുറയ്ക്കുവാനും അതുവഴി കർഷകർക്ക് സുസ്ഥിര വരുമാനവും മെച്ചപ്പെട്ട ജീവിതനിലവാരവും ഉറപ്പാക്കുവാനും ഇതുവഴി കഴിയുന്നു. ഈ രണ്ട് സമിതികളിലൂടെ കാട്ടാക്കട ബ്ലോക്കിലെ കർഷകർക്ക് ആഴ്ചയിൽ ഏഴ് ദിവസവും വിപണന സൗകര്യം ഉറപ്പാക്കിയിട്ടുണ്ട്.

## വിള ഇൻഷ്വറൻസ് പദ്ധതി

79(3511) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി-പേരാമ്പ്ര വെളിയന്നൂർചല്ലിയിൽ കൃഷിയിറക്കിയ കർഷക ഗ്രൂപ്പുകൾക്ക് മഴ കാരണം നെൽകൃഷി നശിച്ചതിനാൽ ഭീമമായ നഷ്ടം സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കർഷകർക്ക് ലഭിക്കേണ്ട നഷ്ടപരിഹാരം നൽകാൻ കഴിയാത്തതിനുള്ള കാരണം പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ;

(സി) വെളിയന്നൂർചല്ലിയിൽ നെൽകൃഷിക്കായി നിലമൊരുക്കലിന്റെ ഭാഗമായി തോട് വെട്ടിയതിന് കർഷകർക്ക് ചെലവായ തുക ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി തിരികെ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ടി പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. വെളിയന്നൂർചല്ലിയിലെ അരിക്കുളം കൃഷിഭവൻ പരിധിയിൽവരുന്ന ഒരവുങ്കൽ പാടശേഖര സമിതിക്ക് 50 ഏക്കർ നെൽകൃഷി നശിച്ചതിന്റെ 7 ലക്ഷം രൂപയുടെയും ഊരള്ളൂർ പാടശേഖര സമിതിയിലെ 36.25 ഏക്കർ നെൽകൃഷി നാശമുണ്ടായതിന്റെ നഷ്ടപരിഹാരം 5,07,500 രൂപയുടെയും അപേക്ഷകൾ നഷ്ടപരിഹാരം നൽകുന്നതിനായി പരിഗണിച്ചുവരുന്നു. വെളിയന്നൂർചല്ലിയിലെ കൊയിലാണ്ടി കൃഷിഭവൻ പരിധിയിൽവരുന്ന മൂഴിക്കമീത്തൽ പാടശേഖര സമിതിക്ക് 2.4 ഏക്കർ കൃഷിനാശമുണ്ടായതിന്റെ 84,000 രൂപയും ഒറ്റക്കണ്ടം പാടശേഖര സമിതിക്ക് രണ്ട് ക്ലെയിമുകളിലായി 1.14 ഹെക്ടർ കൃഷി നാശത്തിന് 39,900 രൂപയും 4.46 ഹെക്ടർ കൃഷിനാശത്തിന് 1,56,100 രൂപയും അനുവദിക്കുന്നതിനായുള്ള നടപടിക്രമം തയ്യാറായിട്ടുണ്ട്. ആയത് അനുവദിക്കുന്നതിനുള്ള നടപടി ജില്ലാതലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

(സി) വെളിയന്നൂർചല്ലി കൃഷിയോഗ്യമാക്കുന്നതിനുവേണ്ടി ഏകദേശം 4 കി.മീ. നീളത്തിൽ പാടശേഖരങ്ങളുടെ ആഭിമുഖ്യത്തിൽ ഒരു തോട്

നിർമ്മിച്ചതിന് ചെലവ് വന്ന 7.5 ലക്ഷം രൂപയിൽ 3.5 ലക്ഷം രൂപ കഴിഞ്ഞ വർഷത്തെ ആത്മ ഡിസ്ട്രിക്ട് സ്പെസിഫിക് ആക്ടിവിറ്റിയിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. വളരെ കാര്യക്ഷമമായി തരിശുഭൂമി കൃഷിയോഗ്യമാക്കാൻ മുന്നോട്ടിറങ്ങിയ പാടശേഖരങ്ങളുടെ ബാക്കി തുക നൽകുന്നതിനായി ഒരു പ്രോജക്ട് തയ്യാറാക്കി 2018-19 വർഷത്തെ നെൽകൃഷി വികസന പദ്ധതിയിലെ ഇന്നവേഷൻ ഫണ്ട് ഇനത്തിൽ ഉൾപ്പെടുത്തി എത്രയുംപെട്ടെന്ന് സമർപ്പിക്കാൻ കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ചെങ്കൽ പഞ്ചായത്തിലെ കൃഷിനാശം**

80(3512) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ഡാം മുന്നറിയിപ്പില്ലാതെ തുറന്നത് കാരണം ചെങ്കൽ പഞ്ചായത്തിലെ ഏക്കർ കണക്കിന് കൃഷി നശിക്കാൻ ഇടയായിട്ടുണ്ടോ;

(ബി) ഡാമുകൾ തുറന്നുവിടുന്നതിനുമുൻപ് കർഷകരെ അറിയിക്കാൻ കൃഷി വകുപ്പ് ജലവിഭവ വകുപ്പുമായി ചർച്ച നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഈ കഴിഞ്ഞ രൂക്ഷമായ പ്രളയംമൂലം കൃഷി നശിക്കാൻ ഇടയായിട്ടുണ്ട്. 3 പാടശേഖരങ്ങൾ പൂർണ്ണമായും വെള്ളത്തിനടിയിലായി. വാഴ, പച്ചക്കറി എന്നിവയ്ക്കും വ്യാപകമായ നാശനഷ്ടമുണ്ടായി.

(ബി) ചർച്ച നടത്തിയിട്ടില്ല.

**ആലത്തൂർ മണ്ഡലത്തിൽ ഹരിത കേരളം പദ്ധതി**

81(3513) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളുടെ കൃഷിഭവൻ തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര സ്ഥലം തരിശുവിമുക്തമാക്കി കൃഷി ചെയ്യുവാനായെന്നത് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടത്താനിരിക്കുന്ന തുടർ പ്രവർത്തനങ്ങളുടെ വിവരണം നൽകാമോ?

ഉത്തരം

(എ) ഹരിത കേരളം മിഷന്റെ ഭാഗമായി സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കുന്ന സുജലം സുഫലം പദ്ധതി പ്രകാരം താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

1. കിഴക്കഞ്ചേരി

i. 250 യൂണിറ്റ് പച്ചക്കറി കിറ്റ് വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.

ii. 20 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിക്ക് കൂലിചെലവ് നൽകി.

iii. 12500 തെങ്ങിന് ജൈവവളം നൽകി.

iv. 490 ഹെക്ടർ നെൽകൃഷിക്ക് ഉഴവുകൂലി നൽകി.

v. 32000 എണ്ണം പച്ചക്കറി തൈകൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.

vi. 4302 കിറ്റ് പച്ചക്കറി വിത്ത് വിതരണം ചെയ്തു.

vii. 55 യൂണിറ്റ് ഗ്രോബാഗുകൾ വിതരണം ചെയ്തു.

2. ആലത്തൂർ

i. 10 ഹെക്ടർ തരിശുഭൂമിയിൽ നെൽകൃഷി ചെയ്തു.

ii. 50 യൂണിറ്റ് ഗ്രോബാഗുകൾ വിതരണം ചെയ്തു.

iii. 32000 എണ്ണം പച്ചക്കറി തൈകൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.

iv. 5 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിക്ക് കൂലിചെലവ് നൽകി.

v. 3 കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചു.

vi. 4302 കിറ്റ് പച്ചക്കറി വിത്ത് വിതരണം ചെയ്തു.

vii. 0.4 ഹെക്ടർ തരിശുഭൂമിയിൽ പച്ചക്കറി കൃഷി ചെയ്തു.

viii. 425 ഹെക്ടർ നെൽകൃഷിക്ക് ഉഴവുകൂലി നൽകി.

3. എരിമയൂർ

i. 55 യൂണിറ്റ് ഗ്രോബാഗുകൾ വിതരണം ചെയ്തു.

ii. 32000 എണ്ണം പച്ചക്കറി തൈകൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.

iii. 2 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് നൽകി.

iv. 4302 കിറ്റ് പച്ചക്കറി വിത്ത് വിതരണം ചെയ്തു.

v. 1000 ഹെക്ടർ നെൽകൃഷിക്ക് ഉഴവുകൂലി നൽകി.

vi. ചാണകം പൊടിച്ചുകൊടുക്കുന്ന 3 യൂണിറ്റുകൾ നിർമ്മിച്ചു.

(ബി) 1. ആലത്തൂരിൽ 10 ഹെക്ടർ തരിശ് സ്ഥലത്ത് നെൽകൃഷി ചെയ്തു.

2. ആലത്തൂരിൽ 0.4 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തു.

(സി) 1. തരിശ് ഭൂമിയിൽ രണ്ടാം വിളയും തുടർന്ന് ചെയ്തുകൊണ്ടിരിക്കുന്നു.

2. പരിസ്ഥിതി സൗഹൃദ കൃഷി നടപ്പിലാക്കുന്നു.

3. ആലത്തൂർ പഞ്ചായത്തിൽ 100 ഹെക്ടർ സ്ഥലത്ത് ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പിലാക്കുന്നു.

4. ആലത്തൂർ, എരുമയൂർ പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി തുടങ്ങി.

5. പച്ചക്കറിവിത്തുകളും തൈകളും വിതരണം നടന്നുകൊണ്ടിരിക്കുന്നു.

## ജൈവ വൈപ്പിൻ പദ്ധതി

82(3514) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിന്റെ അനുവാദം കിട്ടിയ ജൈവ വൈപ്പിൻ പദ്ധതി നടപ്പിൽ വരുത്തുന്നതിന് നിലവിൽ തടസ്സങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കാർഷിക ഉൽപ്പാദനത്തിനും മൽസ്യ ഉൽപ്പാദനത്തിനും ഇരട്ട പ്രാധാന്യവും കാർഷിക മേഖലയ്ക്ക് ജൈവ സവിശേഷതയും ഉറപ്പുവരുത്തുന്ന പ്രസ്തുത പദ്ധതിയുടെ തുടർനിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കുന്ന ജൈവ വൈപ്പിൻ പദ്ധതിയിൽ അംഗീകാരം ലഭിച്ച 10 വർക്കുകളിൽ 9 എണ്ണം പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടിയുള്ളതാണ്. പ്രസ്തുത ജോലികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ബാക്കിയുള്ള ഒരു വർക്ക് വൈപ്പിൻ മേഖലയിലെ

5 പഞ്ചായത്തുകളിലെ 9 തോടുകൾ, വീരൻപുഴ എന്നിവിടങ്ങളിലെ ഡീസിൽറ്റിംഗ് വർക്കാണ്. പ്രസ്തുത വർക്കിന് CREZ ക്ലിയറൻസ് ലഭിച്ചിട്ടില്ല. തോടുകളിൽനിന്നും നീക്കുന്ന ചെളി ശേഖരിക്കുന്നതിന് പോർട്ട് ട്രസ്റ്റിന്റെ ഡ്രംപിംഗ് യാർഡ് ലഭിക്കുന്നതിനുള്ള അനുമതിക്കായി അപേക്ഷിച്ചിട്ടുള്ളതാണ്. പ്രസ്തുത അനുമതി ലഭിച്ചാൽ മാത്രമെ CREZ സ്റ്റേ നീക്കി ഡീസിൽറ്റിംഗ് പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

നബാർഡ് ആർ.ഐ.ഡി.എഫ്. XX -ൽ ഉൾപ്പെടുത്തി കൃഷി വകുപ്പിന്റെ അനുവാദം ലഭ്യമായ ജൈവ വൈപ്പിൻ പദ്ധതിക്ക് KCZMA-യുടെ സ്റ്റോപ്പ് മെമ്മോയും ഹൈക്കോടതിയിൽ നിലവിലുള്ള രണ്ട് കേസുകളുമാണ് തടസ്സങ്ങളായിട്ടുള്ളത്. KCZMA-യുടെ പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിലേയ്ക്കായി NCESS മുഖാന്തരം CRZ സ്റ്റാറ്റസ് റിപ്പോർട്ടുകൾ, മാപ്പുകൾ ഇവ കെ.എൽ.ഡി.സി. സമർപ്പിച്ചെങ്കിലും കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി പവർ പോയിന്റ് പ്രസന്റേഷൻ നടത്തുന്നതിന് നിർദ്ദേശിച്ചിരുന്നു. 4-4-2018-ൽ കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിലെ തീരുമാനപ്രകാരം 4-5-2018-ൽ വൈപ്പിൻ എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ എറണാകുളം ജില്ലാ കളക്ടറുടെ ചേംബറിൽ ഒരു യോഗം ചേരുകയും ജൈവ വൈപ്പിൻ പദ്ധതിയോടനുബന്ധിച്ച് വീരം പുഴയുടെ ആഴം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ലഭ്യമാകുന്ന ഡ്രെഡ്ജിംഗ് മെറ്റീരിയൽ താൽക്കാലികമായി സൂക്ഷിക്കാൻ കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ സ്ഥലം സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ആയതിന്മേൽ തുടർനടപടികൾക്കായി കൊച്ചിൻ പോർട്ട് ട്രസ്റ്റ് ചെയർമാന് കത്ത് നൽകിയെങ്കിലും ആദ്യം അനുവാദം ലഭിച്ചിരുന്നില്ല. എന്നാൽ ഇക്കാര്യം പുനഃപരിശോധിക്കണമെന്ന് കെ.എൽ.ഡി.സി. അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റ്, കെ.എൽ.ഡി.സി.-യുടെ കത്ത് ഇപ്പോൾ പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) താൽക്കാലികമായി മണ്ണ് ശേഖരിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മണ്ണ് മാറ്റുന്നതുൾപ്പെടെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി KCZMA-യുടെ പവർ പോയിന്റ് പ്രസന്റേഷൻ ഉടനടി നടത്തുന്നതാണെന്നും KCZMA- യുടെ അനുമതി ലഭിച്ചാൽ കോടതിയിൽ നിലവിലിരുന്ന കേസുകളിൽ തീരുമാനമുണ്ടാകുമെന്നും പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു.

## ചാത്തൻചാൽ കാർഷിക വികസന പദ്ധതി

83(3515) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി-കാടുകുറ്റി ഗ്രാമപഞ്ചായത്തുകളിലായി ഉൾപ്പെട്ടുകിടക്കുന്ന ചാത്തൻചാൽ കാർഷിക വികസന പദ്ധതിക്കായി കെ.എൽ.ഡി.സി. മുഖേന സമർപ്പിച്ച പ്രോജക്ട് ആർ.ഐ.ഡി.എഫ്. 24 ൽ ഉൾപ്പെടുത്തി നബാർഡ് സഹായത്തോടെ നടപ്പാക്കുന്നതിനായി നടപടി സ്വീകരിച്ചുവെങ്കിലും ധനകാര്യവകുപ്പിന്റെ അനുമതി ലഭിക്കാതെ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചാത്തൻചാൽ കാർഷിക വികസന പദ്ധതി നടപ്പാക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി-കാടുകുറ്റി ഗ്രാമപഞ്ചായത്തുകളിലായി ഉൾപ്പെട്ടുകിടക്കുന്ന ചാത്തൻചാൽ കാർഷിക വികസന പദ്ധതിക്കായി 751 ലക്ഷം രൂപയുടെ പദ്ധതി റിപ്പോർട്ട് കെ.എൽ.ഡി.സി. തയ്യാറാക്കി നബാർഡ് ആർ.ഐ.ഡി.എഫ്. 24-ൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി സമർപ്പിച്ചുവെങ്കിലും പ്രസ്തുത പദ്ധതിക്ക് നബാർഡിൽ നിന്ന് അംഗീകാരം ലഭിച്ചിട്ടില്ല.

## വി.എഫ്.പി.സി.കെ. -ലെ ജീവനക്കാരുടെ പെൻഷൻ പദ്ധതി

84(3516) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വി.എഫ്.പി.സി.കെ. എന്ന സ്ഥാപനത്തിന് സ്പെഷ്യൽ റൂൾസ് ബാധകമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാർക്ക് ഏത് തരം പെൻഷൻ പദ്ധതിയാണ് നടപ്പിലാക്കിയിരിക്കുന്നത്; വ്യക്തമാക്കാമോ;

(സി) ഈ സ്ഥാപനത്തിലെ ജീവനക്കാരെ കൃഷിവകുപ്പോ, ധനകാര്യവകുപ്പോ നിർദ്ദേശം നൽകാതെ ദേശീയ പെൻഷൻ പദ്ധതിയിൽ ചേർത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കൗൺസിലിൽ ജീവനക്കാരുടെ നിയമനമുൾപ്പെടെയുള്ള ചട്ടങ്ങൾ (Staff Regulation) 11-6-2010-ലെ GO.(Rt.) No. 1101/10/AD ഉത്തരവ് പ്രകാരം അംഗീകരിച്ച് 5-1-2011 മുതൽ നടപ്പിലാക്കിവരുന്നു.

(ബി) വി.എഫ്.പി.സി.കെ. ഉദ്യോഗസ്ഥർക്ക് 1-4-2014 മുതൽ നാഷണൽ പെൻഷൻ സ്കീം (NPS) നടപ്പിലാക്കുന്നുണ്ട്. ഈ സ്കീം പ്രകാരം, കൗൺസിലിലെ സ്ഥിരം ജീവനക്കാരുടെ അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും അടങ്ങുന്ന തുകയുടെ 10 ശതമാനമാണ് കൗൺസിൽ വിഹിതമായി നിക്ഷേപിക്കുന്നത്.

വി.എഫ്.പി.സി.കെ.-യിൽ നാഷണൽ പെൻഷൻ സ്കീം നടപ്പിലാക്കുന്നതിന് മുമ്പ് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് സ്കീം അനുസരിച്ചുള്ള പെൻഷൻ പദ്ധതി മാത്രമാണ് നിലവിലുണ്ടായിരുന്നത്. 1995 ആഗസ്റ്റിലാണ് കൗൺസിൽ ജീവനക്കാരെ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് സ്കീമിൽ എൻറോൾ ചെയ്തത്. ഇ.പി.എഫ്. നിയമപ്രകാരം Average Wage ceiling ആയി നിശ്ചയിക്കുന്ന തുകയുടെ 12% ആണ് ഈ സ്കീമിലേയ്ക്ക് അടയ്ക്കുന്ന എംപ്ലോയർ കോൺട്രിബ്യൂഷൻ. ഈ തുകയുടെ 8.33% ആണ് പെൻഷൻ സ്കീമിലേയ്ക്ക് വകയിരുത്തുന്നത്.

ഇ.പി.എഫ്. പദ്ധതിയുടെ ചട്ടങ്ങൾ പ്രകാരം നാമമാത്രമായ തുകയാണ് പെൻഷനായി ജീവനക്കാർക്ക് ലഭിക്കുക. 1-4-2014-ൽ ഇ.പി.എഫ്. നിയമപ്രകാരം Average wage ceiling ആയി നിശ്ചയിച്ചിരുന്നത് 6500 രൂപ മാത്രമായിരുന്നു. ഈ തുകയുടെ 12% (780 രൂപ) മാത്രമായിരുന്നു എംപ്ലോയർ കോൺട്രിബ്യൂഷൻ. ഇതുവഴി ലഭിക്കുന്ന പെൻഷൻ തുക തീർത്തും കുറവായതിനാലും സ്റ്റാറ്റ്യൂട്ടറി പെൻഷൻ പോലുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭ്യമല്ലാതിരുന്നതിനാലും കേരള സർക്കാരിന്റെ കീഴിലുള്ള പല സ്ഥാപനങ്ങളിലും നടപ്പിലാക്കുന്ന നാഷണൽ പെൻഷൻ സ്കീം (NPS) കൗൺസിലിലും നടപ്പിലാക്കണമെന്ന ആവശ്യം ഉയർന്നുവരികയുണ്ടായി. ജീവനക്കാരുടെ ആവശ്യപ്രകാരം 22-8-2012-ൽ നടന്ന 57-ാമത് വി.എഫ്.പി.സി.കെ. ഡയറക്ടർ ബോർഡ് മുമ്പാകെ ഈ വിഷയം അനുമതിക്കായി സമർപ്പിക്കുകയും നാഷണൽ പെൻഷൻ സ്കീം (NPS to Corporates), PFRDA മാനദണ്ഡങ്ങൾക്ക് വിധേയമായി, കൗൺസിലിൽ നടപ്പിലാക്കുന്നതിന് ബോർഡ് അനുമതി നൽകുകയും ചെയ്തു.

(സി) കൗൺസിലിലെ ജീവനക്കാർക്ക് നാഷണൽ പെൻഷൻ സ്കീം (എൻ.പി.എസ്.) നടപ്പിലാക്കണമെന്ന കൗൺസിലിന്റെ 57-ാമത് ഡയറക്ടർ ബോർഡ് തീരുമാനത്തിനുള്ള അനുമതി ആവശ്യപ്പെട്ടുകൊണ്ട് 4-12-2012-ൽ കൃഷി വകുപ്പ് ഗവൺമെന്റ് സെക്രട്ടറിക്ക് VFPCK/06/HR/NPS/2012/1214 നമ്പർ കത്ത് അയയ്ക്കുകയും എന്നാൽ ഈ തീരുമാനം നടപ്പിലാക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമില്ലെന്ന് കൃഷി (പിബി) വകുപ്പിന്റെ 06.08.2014-ലെ 38128/PB2/2012/കൃഷി കത്ത് പ്രകാരം കൗൺസിലിനെ അറിയിച്ചിട്ടുമുണ്ട്. എന്നാൽ ഒരേസമയം വി.എഫ്.പി.സി.കെ.-യിലെ ജീവനക്കാർ ഇ.പി.എഫ്.-ലും നാഷണൽ പെൻഷൻ സ്കീമിലും (NPS) ചേർന്നിട്ടുള്ളതായും 2014-15 മുതൽ 2017-18 വരെ NPS വിഹിതം നൽകിയതുമൂലം 5.13 കോടി രൂപയുടെ അധിക ചെലവ് വന്നതായി അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

## പ്ലാന്റേഷൻ കോർപ്പറേഷൻ എസ്റ്റേറ്റുകളിലെ തൊഴിലാളികൾ

85(3517) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ എത്ര എസ്റ്റേറ്റുകളാണ് ഉള്ളത്; ഇതിൽ എത്ര ഹെക്ടർ സ്ഥലമുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ എസ്റ്റേറ്റുകളിൽ ജോലി ചെയ്യുന്നതിന് എത്ര തൊഴിലാളികളാണ് വേണ്ടത്; നിലവിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) തൊഴിലാളികളുടെ എണ്ണക്കുറവ് ജില്ലയിലെ പ്ലാന്റേഷന്റെ പ്രവർത്തനത്തെ ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കൂടുതൽ തൊഴിലാളികളെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

### ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന് മൂന്ന് എസ്റ്റേറ്റുകളാണുള്ളത്.

ഇവയിൽ താഴെപ്പറയും പ്രകാരം സ്ഥലമാണുള്ളത്.

1. കാസർഗോഡ് - 2065 ഹെക്ടർ
2. ചീമേനി - 1123.11 ഹെക്ടർ
3. രാജപുരം - 1522.91 ഹെക്ടർ.

(ബി) കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ എസ്റ്റേറ്റുകളിൽ നിലവിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണവും മൊത്തം ആവശ്യമുള്ളവരുടെ എണ്ണവും ചുവടെ ചേർത്തിട്ടുള്ളത് പ്രകാരമാണ്.

| ക്രമ നമ്പർ | എസ്റ്റേറ്റ് | നിലവിലെ സ്ഥിരം തൊഴിലാളികളുടെ എണ്ണം | മൊത്തം ആവശ്യമുള്ളവരുടെ എണ്ണം | നിലവിലുള്ള താൽക്കാലിക തൊഴിലാളികളുടെ എണ്ണം |
|---|---|---|---|---|
| 1 | കാസർഗോഡ് | 83 | 182 | |
| 2 | ചീമേനി | 11 | 57 | |
| 3 | രാജപുരം | 23 | 56 | |
| | ആകെ | 117 | 295 | 243 |

(സി) ഇല്ല. സ്ഥിരം തൊഴിലാളികളെയും താൽക്കാലിക തൊഴിലാളികളെയും ഉപയോഗിച്ച് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

(ഡി) എൻഡോസൾഫാൻ ബാധിതരുടെ ആശ്രിതരായ 25 പേരെ നിയമിക്കുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു. കൂടാതെ ആവശ്യകതയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള താൽക്കാലിക തൊഴിലാളികളെ സ്ഥിരം തൊഴിലാളികളാക്കുന്നതിനുള്ള നടപടികളും കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു.

## ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ

86(3518) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ ആവശ്യാനുസരണം പൂർണ്ണമായും ഉല്പാദിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) നടീൽ വസ്തുക്കളുടെ ഉല്പാദനത്തിനായുള്ള പദ്ധതിയിൽ 505.85 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിന്ന് ഗുണമേന്മയുള്ള കുരുമുളക് തൈകൾ ഉല്പാദിപ്പിക്കുന്നതിന് 163.84 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിരിക്കുന്നു. കൂടാതെ മറ്റ് തൈകളുടെ ഉല്പാദനത്തിനും ലക്ഷ്യമിട്ടിരിക്കുന്നു. നല്ലയിനം വാഴത്തൈകൾ, ആന്തൂറിയം, ഔഷധസസ്യങ്ങൾ എന്നിവ ഉല്പാദിപ്പിക്കുന്നതിനായി 40 ലക്ഷം രൂപയും കേരസമൃദ്ധിയെന്ന പദ്ധതിയിൽ 376800 ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കുന്നതിനായി 217 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

സ്റ്റേറ്റ് സീഡ് പ്ലാൻ എന്ന പദ്ധതിയിൽ നെൽവിത്തുകളും, പച്ചക്കറി വിത്തുകളും ഉല്പാദിപ്പിക്കുന്നതിനായി 50 ലക്ഷം രൂപയും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

രജിസ്റ്റർ ചെയ്ത വിത്തുല്പാദകർ മുഖേന നെല്ലിന്റെയും പച്ചക്കറി വിത്തുകളുടെയും ഉല്പാദനം കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയും വി.എഫ്.പി.സി.കെ.-യും യഥാക്രമം നടത്തിവരുന്നു.

**കർഷകർക്കായി പഠന ക്ലാസുകൾ**

87(3519) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് കൃഷി സംബന്ധമായ കാര്യങ്ങളിൽ കൃത്യത വരുത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള പഠന ക്ലാസ്സുകൾ കൃഷി വകുപ്പ് നടത്തിവരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ കർഷകർക്കായി മുഖാമുഖമുള്ള പഠനക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് കൃഷി വകുപ്പ് പദ്ധതികൾ തയ്യാറാക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന 5 മേഖലാ പരിശീലന കേന്ദ്രങ്ങൾ, 2 കർഷക പരിശീലന കേന്ദ്രങ്ങൾ,റിസർച്ച് ടെസ്റ്റിംഗ് ആൻഡ് ട്രെയിനിംഗ് സെന്റർ എന്നിവ വഴി കർഷകർക്ക് പരിശീലനങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ 'ആത്മ' പദ്ധതിയുടെ ഭാഗമായും കർഷക പരിശീലനങ്ങൾ സംഘടിപ്പിച്ചുവരുന്നു. കർഷകരും ശാസ്ത്രജ്ഞരും തമ്മിലുള്ള മുഖാമുഖം പരിപാടിയും (Farmer Scientist Interaction) ആത്മയുടെ ഭാഗമായി നടത്തിവരുന്നു.

## സോയിൽ സർവ്വേ ആൻഡ് സോയിൽ കൺസർവേഷൻ പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികൾ

88(3520) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോയിൽ സർവ്വേ ആൻഡ് സോയിൽ കൺസർവേഷൻ വകുപ്പിന്റെ - നബാർഡ്-അർ.ഐ.ഡി.എഫ്.-XXIV (24) (2018-19) പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ ഏതൊക്കെയാണ്;

(ബി) പ്രസ്തുത പദ്ധതിയിൽ നിലമ്പൂർ മണ്ഡലത്തിലെ പാതാർ വാട്ടർ ഷെഡ് ഉൾപ്പെട്ടിട്ടുണ്ടോ (ഫയൽ IFA2/104/2018/Agri); ഉണ്ടെങ്കിൽ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ) നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ 24-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി 2018-19 സാമ്പത്തിക വർഷം 1441 ഹെക്ടർ പ്രദേശത്തിന് 25.73 കോടി രൂപ അടങ്കലിൽ 5 പദ്ധതികൾക്ക് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) നിലമ്പൂർ മണ്ഡലത്തിലെ പാതാർ നീർത്തട പദ്ധതി ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ 24-ൽ ഉൾപ്പെട്ടിട്ടില്ല. കീഴാറ്റൂർ, പോത്തുകാൽ പഞ്ചായത്തുകളിലെ 1958 ഹെക്ടർ പ്രദേശ സംരക്ഷണത്തിന് 515.15 ലക്ഷം രൂപ അടങ്കലിൽ പാതാർ നെമ്മിനി നീർത്തട പദ്ധതി മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ആർ.ഐ.ഡി.എഫ്. 24 ഘട്ടത്തിൽ ഉൾപ്പെടുത്തി സമർപ്പിച്ചിരുന്നെങ്കിലും ഫണ്ടിന്റെ പരിമിതിമൂലം ടി പദ്ധതിക്ക് നബാർഡിൽനിന്നും അംഗീകാരം ലഭിച്ചിരുന്നില്ല.

## മണ്ണ് സംരക്ഷണ പദ്ധതികൾ

89(3521) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ മണ്ണ് സംരക്ഷണ പദ്ധതികൾക്കായുള്ള എത്ര നിർദ്ദേശങ്ങൾ സോയിൽ സർവ്വേ വകുപ്പിൽ നിലവിലുണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി നിർദ്ദേശങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനായി പിറവം നിയോജകമണ്ഡലത്തിലെ 4 മണ്ണ് സംരക്ഷണ പദ്ധതിക്കായുള്ള നിർദ്ദേശങ്ങൾ നിലവിലുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കുളങ്ങാട് പാടശേഖര വെള്ളപ്പൊക്ക നിയന്ത്രണ നീർച്ചാൽ സംരക്ഷണ പദ്ധതി, വെങ്കലത്തുചാൽ പാടശേഖര വെള്ളപ്പൊക്ക നിയന്ത്രണ നീർച്ചാൽ സംരക്ഷണ പദ്ധതി എന്നീ പദ്ധതികൾ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ആർ.ഐ.ഡി.എഫ്. 24 ഘട്ടത്തിൽ ഉൾപ്പെടുത്തി സമർപ്പിച്ചെങ്കിലും സെക്ടോറൽ അലോക്കേഷൻ പരിമിതിമൂലം അംഗീകാരം നൽകിയിട്ടില്ല. കോഴിച്ചാൽ-പുഞ്ച പാടശേഖര വെള്ളപ്പൊക്ക നിയന്ത്രണ നീർച്ചാൽ സംരക്ഷണ പദ്ധതി, കാളികുളം പാടശേഖര വെള്ളപ്പൊക്ക നിയന്ത്രണ നീർച്ചാൽ സംരക്ഷണ പദ്ധതി എന്നീ പദ്ധതികളുടെ വിശദമായ രൂപരേഖ തയ്യാറാക്കിവരുന്നു.

**പ്രളയബാധിത പ്രദേശങ്ങളിലെ മണ്ണ്**

90(3522) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള ഉൾപ്പെടെ ഉള്ള പ്രളയബാധിത പ്രദേശങ്ങളിലെ മണ്ണ് പഠനവിധേയമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പഠനം നടത്താൻ ചുമതലപ്പെടുത്തിയത് ആരെയാണ്;

(ബി) പ്രളയശേഷം അടിഞ്ഞുകൂടിയ മണ്ണിന് എന്തെങ്കിലും സവിശേഷ ഗുണങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്ത് വെള്ളപ്പൊക്കത്തെ തുടർന്നുണ്ടായ കൃഷിനാശം നേരിടുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും വിള പരിപാലനത്തിനും സംരക്ഷണത്തിനുമായി വിശദമായ രൂപരേഖ തയ്യാറാക്കുന്നതിനുമായി കേരള കാർഷിക സർവ്വകലാശാല, ഗവേഷണ കേന്ദ്രങ്ങൾ, കൃഷി വകുപ്പ്, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞരും ഉദ്യോഗസ്ഥരുമടങ്ങുന്ന ടീമുകളെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

14-9-2018-ലെ സ.ഉ.(സാധാ) നമ്പർ 930/2018/കൃഷി പ്രകാരം നിയമിച്ചിരുന്നു. ഇതിൻപ്രകാരം കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ ടീം ലീഡർ ആയിട്ടുള്ള ടീമുകൾ രൂപീകരിച്ച് ആറന്മുള ഉൾപ്പെടെയുള്ള പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേരള കാർഷിക സർവ്വകലാശാല ഗവേഷണ വിഭാഗം മേധാവി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

(ബി) പ്രളയശേഷം സമതലപ്രദേശങ്ങളിലും പുഴയോര പ്രദേശങ്ങളിലും നെൽപാടങ്ങളിലും വലിയ തോതിൽ എക്കൽ അടിഞ്ഞുകൂടിയിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുഴയോട് ചേർന്നുകിടക്കുന്ന തീരങ്ങളിലെ പാടങ്ങളിൽ ഉൾപ്പെടെ വലിയ തോതിൽ മണലും അടിഞ്ഞുകൂടിയിട്ടുണ്ട്. ഈ എക്കൽ പോഷകമൂലകങ്ങളാൽ സമ്പുഷ്ടമാണ്. എന്നാൽ പൊട്ടാസ്യം, കാൽസ്യം, മഗ്നീഷ്യം, ബോറോൺ എന്നീ മൂലകങ്ങളുടെ അഭാവം ശ്രദ്ധിക്കേണ്ടതുണ്ട്. ഘനലോഹങ്ങളുടെയോ കീടനാശിനി അവശിഷ്ടങ്ങളുടെയോ സാന്നിദ്ധ്യം ഈ എക്കൽ പരിശോധനയിൽ കണ്ടിട്ടില്ല. എക്കലിന്റെ അമ്ലത്വം നിർവീര്യാവസ്ഥയിലാണ്. ഇത് അഭികാമ്യമായ നിലയാണ്.

## കോതമംഗലം മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ

91(3523) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കൃഷിയും സോയിൽ കൺസർവേഷൻ വകുപ്പും വഴി കോതമംഗലം മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ ഏതെല്ലാമെന്നും ഓരോ പ്രവൃത്തിയുടെയും ചെലവും വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(സി) പുതുതായി എന്തെങ്കിലും പദ്ധതികൾ കൃഷി വകുപ്പിന്റെ പരിഗണനയിൽ ഉണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) 1) 2017-18 - കോട്ടപ്പടി കൃഷിഭവനിലെ വിളപരിപാലന ക്ലിനിക്കിന്റെ അധികസൗകര്യമൊരുക്കാൻ ചെലവഴിച്ച തുക - 1,93,093

2) 2017-18 അഗ്രോ സർവ്വീസ് സെന്ററിന്റെ സൗകര്യം മെച്ചപ്പെടുത്താൻ (മെഷീനറി) - 6,06,850 രണ്ട് പ്രവൃത്തികളും പൂർത്തീകരിച്ചു.

3) 2017-18 സാമ്പത്തിക വർഷത്തിൽ നബാർഡിന്റെ ഫണ്ടിൽനിന്നും 1,24,00,000 രൂപ കോതമംഗലം ബ്ലോക്കിലെ പിണ്ടിമന പഞ്ചായത്തിലെ കുന്നത്തറ-ആയപ്പാറ തോടിന്റെ സംരക്ഷണ ഭിത്തി നിർമ്മാണത്തിന് വകയിരുത്തിയിട്ടുണ്ട്.

4) പല്ലാരിമംഗലം പഞ്ചായത്തിലെ മുളമാരിച്ചിറ വാട്ടർഷെഡ് നിർമ്മാണത്തിന് 2017-18 വർഷത്തിൽ പശ്ചിമഘട്ട വികസന പദ്ധതി ഫണ്ടിൽനിന്നും 8,57,162 രൂപയും 2018-19 വർഷത്തിൽ 4,60,233 രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) 1) പിണ്ടിമന പഞ്ചായത്തിലെ കുന്നത്തറ-ആയപ്പാറ തോടിന്റെ സംരക്ഷണ ഭിത്തി നിർമ്മാണം പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നു.

2) പല്ലാരിമംഗലം പഞ്ചായത്തിലെ മുളമാരിച്ചിറ വാട്ടർഷെഡ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്.

(സി) ഇല്ല.

**ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണം**

92(3524) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കടയ്ക്കാവൂർ വില്ലേജിലെ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വില്ലേജിലെ ഡാറ്റാ ബാങ്ക് എന്ന് പ്രസിദ്ധീകരിക്കും; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ബാധകമല്ല.

**സോയിൽ സർവ്വേ ആൻഡ് കൺസർവേഷൻ ഡിപ്പാർട്ട്മെന്റ്**

93(3525) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോയിൽ സർവ്വേ ആൻഡ് കൺസർവേഷൻ വകുപ്പിന്റെ പ്രവർത്തനം വിലയിരുത്താമോ;

(ബി) പ്രളയത്തിനുശേഷം മണ്ണിന്റെ പോഷക മൂലകങ്ങളിൽ എന്തെങ്കിലും മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) പ്രളയത്തിനുശേഷം മണ്ണിന്റെ പോഷക മൂലകങ്ങളിലുണ്ടായ മാറ്റം സംബന്ധിച്ച എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) മണ്ണ്, ജലം, ജൈവസമ്പത്ത് എന്നീ അമൂല്യങ്ങളായ പ്രകൃതി വിഭവങ്ങളുടെ ശാസ്ത്രീയമായ വിവരശേഖരണം നടത്തുകയും മണ്ണിന്റെ ഘടന, രാസഭൗതിക സ്വഭാവങ്ങൾ, കഴിവുകൾ, പരിമിതികൾ എന്നിവ കൃത്യമായി അപഗ്രഥിച്ച് അതിന്റെ അടിസ്ഥാനത്തിൽ ആ പ്രദേശത്തിന്റെ സുസ്ഥിര വികസനത്തിനായുള്ള വികസന പദ്ധതികളും, വിവിധ മണ്ണ് ജലസംരക്ഷണ പദ്ധതികളും ശാസ്ത്രീയമായി നടപ്പിലാക്കുക എന്ന പ്രധാന ലക്ഷ്യത്തോടെയാണ് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് പ്രവർത്തിക്കുന്നത്. നീർത്തടാടിസ്ഥാനത്തിലുള്ള വികസന പ്രവർത്തനങ്ങൾക്കും മണ്ണിന്റെ ആരോഗ്യ പരിപാലനത്തിനും ഭൂവിഭവ സമാഹരണത്തിനും ഊന്നൽ നൽകിയാണ് ഈ വകുപ്പ് പ്രവർത്തിക്കുന്നത്. മണ്ണ് പര്യവേക്ഷണ പ്രവർത്തനങ്ങൾക്കായി മണ്ണ് പര്യവേക്ഷണ (സോയിൽ സർവ്വേ) വിഭാഗവും മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കായി മണ്ണ് സംരക്ഷണ (സോയിൽ കൺസർവേഷൻ) വിഭാഗവും പ്രവർത്തിക്കുന്നു. ജില്ലാതല ആസൂത്രണത്തിന് ആവശ്യമായ അടിസ്ഥാന വിവരങ്ങൾ നൽകുന്ന മണ്ണ് പര്യവേഷണം, മണ്ണിന്റെ രാസപരിശോധന നടത്തുന്ന ലാബുകൾ എന്നിവ മണ്ണ് പര്യവേക്ഷണ വിഭാഗത്തിന്റെ പ്രവർത്തനങ്ങളാണ്. നബാർഡ് ധനസഹായത്തോടുകൂടിയുള്ള ആർ.ഐ.ഡി.എഫ്.-ലൂടെ കാർഷിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങളുടെ സംരക്ഷണത്തിനും ശുദ്ധജല സംഭരണികളുടെ വൃഷ്ടിപ്രദേശത്തിന്റെ സംരക്ഷണത്തിനും കുളങ്ങളുടെ പുനരുദ്ധാരണത്തിനുമായുള്ള വിവിധ പദ്ധതികൾ മണ്ണ് സംരക്ഷണ വിഭാഗം നടപ്പിലാക്കുന്നു. ഇതിനുപുറമെ പ്രകൃതിവിഭവ പരിപാലനം, മണ്ണ് ജല സംരക്ഷണം, നീർത്തട വികസനം എന്നീ വിഷയങ്ങളിൽ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) ഉണ്ട്. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ മണ്ണ് പര്യവേക്ഷണ വിഭാഗം നടത്തിയ പഠനങ്ങളിൽ മണ്ണിൽ അമ്ലാംശം വർദ്ധിച്ചതായി കണ്ടെത്തിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ അമ്ലത നേരിയ തോതിൽ കുറഞ്ഞതായി കണ്ടെത്തി. മണ്ണൊലിപ്പുണ്ടായ മേഖലകളിൽ പല സ്ഥലങ്ങളിലും മണ്ണിന്റെ പോഷകമൂലകങ്ങൾ നശിച്ചതായി കണ്ടെത്തിയിട്ടുണ്ട്. പാലക്കാട്, തൃശ്ശൂർ, എറണാകുളം, കോട്ടയം എന്നീ ജില്ലകളിൽ പൊട്ടാസ്യത്തിന്റെ കുറവ് കണ്ടെത്തിയിട്ടുണ്ട്.

(സി) കേരള കാർഷിക സർവ്വകലാശാല ഗവേഷണ വിഭാഗം മേധാവി സമർപ്പിച്ച റിപ്പോർട്ടിൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിനുശേഷം പൊതുവെ മണ്ണിന്റെ അമ്ലരസം വർദ്ധിച്ചതായി കാണപ്പെടുന്നു എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽമണ്ണ് ഒലിച്ചുപോയ മലയോര മേഖലകളിലെയും കുന്നിൻപ്രദേശങ്ങളിലെയും മണ്ണിൽനിന്ന് മേൽമണ്ണിനോടൊപ്പം പോഷകമൂലകങ്ങൾ ധാരാളമായി നഷ്ടപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജൈവാംശവും ഒപ്പം തന്നെ മൂലകങ്ങളായ നൈട്രജൻ, ഫോസ്ഫറസ്, കാൽസ്യം, മഗ്നീഷ്യം, സൾഫർ, ബോറോൺ തുടങ്ങിയവയും നഷ്ടപ്പെട്ടിട്ടുണ്ട്. പുഴയോട് ചേർന്നുകിടക്കുന്ന തീരങ്ങളിലെ പാടങ്ങളിൽ ഉൾപ്പെടെ വലിയ തോതിൽ മണൽ അടിഞ്ഞുകൂടിയിട്ടുണ്ട്. കൂടാതെ സമതലപ്രദേശങ്ങളിലും പുഴയോരപ്രദേശങ്ങളിലും നെൽപ്പാടങ്ങളിലും വലിയ തോതിൽ എക്കൽ അടിഞ്ഞുകൂടിയിട്ടുണ്ട്. ഈ എക്കൽ പോഷകമൂലകങ്ങളാൽ സമ്പുഷ്ടമാണെന്നും ഘനലോഹങ്ങളുടെയോ കീടനാശിനി അവശിഷ്ടങ്ങളുടെയോ സാന്നിദ്ധ്യം ഈ എക്കൽ പരിശോധനയിൽ കണ്ടില്ലെന്നും പ്രതിപാദിച്ചിട്ടുണ്ട്. എക്കലിന്റെ അമ്ലത്വം നീർവീര്യാവസ്ഥയിലായതിനാൽ ഇത് അഭികാമ്യമായ നിലയാണെന്നും എന്നാൽ പൊട്ടാസ്യം, കാൽസ്യം, മഗ്നീഷ്യം, ബോറോൺ എന്നീ മൂലകങ്ങളുടെ അഭാവം ശ്രദ്ധിക്കേണ്ടതുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ശാസ്താംകോട്ട ഹരിതതീരം പ്രോജക്ട്

94(3526) <u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ല പഞ്ചായത്ത്, കൊല്ലം കോർപ്പറേഷൻ, ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത്, ശാസ്താംകോട്ട, വെസ്റ്റ് കല്ലട ഗ്രാമ പഞ്ചായത്തുകൾ എന്നീ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സംയുക്ത നൂതന പ്രോജക്ടായ ശാസ്താംകോട്ട ഹരിതതീരം പദ്ധതിക്ക് സാങ്കേതികാനുമതി നൽകുന്നതിന് പദ്ധതിയുടെ എസ്റ്റിമേറ്റ് എന്നാണ് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടർക്ക് ലഭിച്ചത്;

(ബി) പ്രസ്തുത പദ്ധതിക്ക് എന്നാണ് സാങ്കേതികാനുമതി നൽകിയത്;

(സി) നടീൽ കാലഘട്ടം കഴിഞ്ഞിട്ടും സാങ്കേതികാനുമതി ലഭിക്കാത്തതിനാൽ നടാതെ സൂക്ഷിച്ചിട്ടുള്ള തൈകളിൽ എത്ര എണ്ണം നശിച്ച് പോയിട്ടുണ്ട്;

(ഡി) പ്ലാന്റേഷൻ ടെറസിന്റെ ചരിഞ്ഞ വശത്ത് മണ്ണൊലിപ്പ് തടയുന്നതിനായി കയർ ഭൂവസ്ത്രം വിരിച്ച് പുല്ല് വച്ചുപിടിപ്പിക്കുന്നതിന് സാങ്കേതികാനുമതി നൽകാത്തതെന്തുകൊണ്ടാണ്;

(ഇ) ശാസ്താംകോട്ട തടാകത്തിന്റെ തീരത്തോടടുത്ത് അടിഞ്ഞുകൂടിയിരിക്കുന്ന ചെളി പരീക്ഷണാടിസ്ഥാനത്തിൽ നീക്കം ചെയ്ത് തടാകത്തിന് സമാന്തരമായി മണ്ണൊലിപ്പ് തടയുന്നതിനായി മൺബണ്ട് നിർമ്മിക്കുന്നതിന് സാങ്കേതികാനുമതി നൽകാത്തതെന്തുകൊണ്ടാണ് എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) 17-5-2018-ൽ നിർവ്വഹണ ഉദ്യോഗസ്ഥനായ കൊല്ലം ജില്ല മണ്ണ് സംരക്ഷണ ഓഫീസർ സമർപ്പിച്ചിട്ടുള്ള ശാസ്താംകോട്ട ഹരിതതീരം പദ്ധതിയുടെ രൂപരേഖയും എസ്റ്റിമേറ്റും പരിശോധിച്ചപ്പോൾ സാങ്കേതിക ന്യൂനതകൾ കണ്ടെത്തിയതിനാൽ പ്രസ്തുത ന്യൂനതകൾ പരിഹരിക്കുന്നതിനായി പദ്ധതിയുടെ എസ്റ്റിമേറ്റ് മടക്കി നൽകുകയും അവ പൂർണ്ണമായും പരിഹരിച്ച് 29-10-2018-ൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വീണ്ടും സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിക്ക് 31-10-2018-ൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിൽനിന്നും സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

(സി) മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് തലത്തിൽ 31-10-2018-ൽ സാങ്കേതികാനുമതി പദ്ധതിക്ക് ലഭ്യമാകുന്നതിന് മുമ്പ് നിർവ്വഹണ ഉദ്യോസ്ഥൻ വാങ്ങിവച്ച തൈകളിൽ നിലവിൽ 150-ഓളം തൈകൾ നശിച്ച് പോയിട്ടുണ്ട്. സാങ്കേതികാനുമതി ഇല്ലാതെ തൈകൾ വാങ്ങി സർക്കാരിന് നഷ്ടം വരുത്തിയ ഉദ്യോഗസ്ഥനെതിരെ വകുപ്പ് തലത്തിൽ നടപടി കൈക്കൊണ്ടുവരുന്നു.

(ഡി) ശാസ്താംകോട്ട ഹരിതതീരം പദ്ധതിയുടെ രൂപരേഖയും എസ്റ്റിമേറ്റും പരിശോധിക്കുന്ന വേളയിൽ അതിൽ ഉൾപ്പെടുത്തിയിരുന്ന കയർ ഭൂവസ്ത്രം വിരിക്കുന്ന പ്രവൃത്തിയുടെ സാങ്കേതിക സാധ്യതയെക്കുറിച്ചുള്ള ഫീൽഡുതല പരിശോധന ആവശ്യമായി തോന്നിയതിനാൽ പ്രസ്തുത പ്രവൃത്തിക്കുള്ള അനുമതി ഒഴിവാക്കിയാണ് 31-10-2018-ൽ ശാസ്താംകോട്ട ഹരിതതീരം പദ്ധതിക്ക് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിൽനിന്നും സാങ്കേതികാനുമതി നൽകിയത്. തുടർന്ന് ഡയറക്ടറേറ്റ് തലത്തിൽ ഫീൽഡുതല പരിശോധന നടത്തുകയും കയർ ഭൂവസ്ത്രം വിരിക്കുന്ന പ്രവൃത്തി പ്രസ്തുത പ്രദേശത്ത് ആവശ്യമില്ലെന്ന് വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

(ഇ) ശാസ്താംകോട്ട ഹരിതതീരം പദ്ധതി രൂപരേഖയിൽ ശിപാർശ ചെയ്തിരുന്ന അമ്പലക്കടവ് ഭാഗത്ത് തീരത്തോട് ചേർന്ന് വെള്ളത്തിനടിയിൽ അടിഞ്ഞുകൂടിയിരിക്കുന്ന എക്കൽ മണ്ണ് 30 സെന്റീമീറ്റർ ആഴത്തിൽ നീക്കം ചെയ്ത് സമാന്തര മൺബണ്ട് നിർമ്മിക്കുന്ന പ്രവൃത്തിയിന്മേൽ CWRDM-ന്റെ പഠനറിപ്പോർട്ട് ലഭ്യമായശേഷം മാത്രമെ പ്രവർത്തനം നടത്തുവാൻ സാധിക്കുകയുള്ളൂ. മേൽ സാഹചര്യത്തിൽ CWDRM -ൽനിന്നും റിപ്പോർട്ട് ലഭ്യമാകുന്നതിനനുസൃതമായി സാങ്കേതികാനുമതി നൽകുന്നതിന്മേൽ തുടർതീരുമാനം കൈക്കൊള്ളുന്നതാണ്.

## മീനംപള്ളിതോട് വാട്ടർഷെഡ് പദ്ധതി

95(3527) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ മണ്ണ് പര്യവേക്ഷണ വകുപ്പിന് കീഴിൽ ഭരണാനുമതി ലഭ്യമായ മീനംപള്ളിതോട് വാട്ടർഷെഡ് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; ആയത് എന്ന് ആരംഭിച്ച് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ആർ.ഐ.ഡി.എഫ്. 22-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി അരുവിക്കര, വിളപ്പിൽ പഞ്ചായത്തുകളിലായി സ്ഥിതിചെയ്യുന്ന മീനമ്പള്ളിതോട് വാട്ടർഷെഡ് പദ്ധതിയിൻകീഴിൽ 95 ലക്ഷം രൂപ അടങ്കലിൽ 380 ഹെക്ടർ പ്രദേശത്ത് ശാസ്ത്രീയമായ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ അവലംബിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു. പദ്ധതി പ്രവർത്തനങ്ങൾ 2018 ഫെബ്രുവരി മാസം ആരംഭിച്ചിട്ടുണ്ട്. പദ്ധതിയിൽ നാളിതുവരെ 0.62 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ആർ.ഐ.ഡി.എഫ്. 22-ാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്ന മീനമ്പള്ളിതോട് പദ്ധതിക്ക് 25-11-2016-ൽ ഭരണാനുമതിയും 5-5-2017-ൽ സാങ്കേതികാനുമതിയും നൽകിയിരുന്നു. ഗുണഭോക്തൃ കമ്മിറ്റിയിലുണ്ടായ അഭിപ്രായ വ്യത്യാസം കാരണമാണ് പദ്ധതി ആരംഭിക്കുന്നതിൽ കാലതാമസമുണ്ടായത്. പദ്ധതി പ്രവർത്തനങ്ങൾ 2018 ഫെബ്രുവരി മാസം ആരംഭിച്ചുവെങ്കിലും പ്രതികൂല കാലാവസ്ഥ കാരണം പദ്ധതി പ്രവർത്തനങ്ങളിൽ കാര്യമായ പുരോഗതിയുണ്ടായില്ല. തിരുവനന്തപുരം ജില്ല മണ്ണ് സംരക്ഷണ ഓഫീസ് മുഖേനയാണ് പ്രാരംഭ പദ്ധതി പ്രവർത്തനങ്ങൾ നിർവ്വഹിച്ചുവന്നിരുന്നത്. പദ്ധതി പ്രദേശത്തിനോടുള്ള സാമീപ്യം കണക്കിലെടുത്ത് പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി പദ്ധതിയുടെ നിർവ്വഹണം

അരുവിക്കര മണ്ണ് സംരക്ഷണ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലേയ്ക്ക് മാറ്റി നൽകുകയുണ്ടായി. പദ്ധതി പ്രവർത്തനങ്ങൾ അരുവിക്കര ഓഫീസ് മുഖേന പുനരാരംഭിച്ചിട്ടുണ്ട്. ആർ.ഐ.ഡി.എഫ്. 22 പദ്ധതി കാലാവധിക്കുള്ളിൽ തന്നെ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

**കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം**

96(3528) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എത്ര കോടി രൂപയാണ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) പ്രസ്തുത തുകയുടെ 25 ശതമാനം പോലും ചെലവഴിക്കാൻ സാധിക്കാത്തതെന്തുകൊണ്ടാണ്;

(സി) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത യൂണിവേഴ്സിറ്റി എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷത്തെ വാർഷിക സംസ്ഥാന പ്ലാനിൽ ഉൾപ്പെടുത്തി കേരള കാർഷിക സർവ്വകലാശാലയ്ക്ക് 80.85 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ പ്രളയബാധയെ തുടർന്നുണ്ടായ ധനപ്രതിസന്ധിയെ തുടർന്ന് മൊത്തം ബഡ്ജറ്റിന്റെ 20% കുറവ് വരുത്താൻ തീരുമാനിച്ചു. ശേഷിക്കുന്നതിൽ 15 കോടി രൂപ അനുവദിക്കുകയും ബാക്കി തുക അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രളയാനന്തരം സാമ്പത്തിക വിഭവ ലഭ്യതയിൽ കുറവ് വന്നത് തുക ചെലവഴിക്കുവാൻ സാധിക്കാത്ത സാഹചര്യമുണ്ടായി.

(സി) കാർഷിക സർവ്വകലാശാലയുടെ ഗവേഷണ വിഭാഗം മേധാവിയുടെ നേതൃത്വത്തിൽ സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിലെ വിദഗ്ദ്ധ ശാസ്ത്രജ്ഞരെ ഉൾപ്പെടുത്തി സംസ്ഥാനത്തിന്റെ പ്രളയബാധിത ജില്ലകൾ സന്ദർശിക്കുന്നതിന് കമ്മിറ്റികൾ രൂപീകരിക്കുകയുണ്ടായി. കൃഷി വകുപ്പ്, തദ്ദേശ ഭരണ സ്ഥാപനങ്ങൾ എന്നിവരുമായി ചേർന്ന് ഈ പ്രദേശങ്ങളിൽ പ്രാഥമിക പഠനം നടത്തി അവിടെ നടപ്പിലാക്കേണ്ട ശാസ്ത്രീയ ഇടപെടലുകളെ സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കൃഷി വകുപ്പുമായി സഹകരിച്ചുകൊണ്ട് ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ സർവ്വകലാശാല ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചർ റിസർച്ച് അനുവദിച്ചിരുന്ന ഫണ്ട്

97(3529) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.സി.എ.ആർ. കേരള കാർഷിക സർവ്വകലാശാലയ്ക്ക് അനുവദിച്ചിരുന്ന ഫണ്ടിൽ കുറവ് വന്നു എന്ന കാരണത്താൽ സർവ്വകലാശാലയിലെ ഏതെങ്കിലും തസ്തികയിൽ ജീവനക്കാരുടെ നിലവിലുള്ള എണ്ണത്തിൽ കുറവുകൾ വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ കുറവുകൾ വരുത്തിയ തസ്തികകൾക്ക് അനുസൃതമായി കേഡർ സ്ട്രെംഗ്ത് തീരുമാനിച്ച് ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ തസ്തികകൾ നഷ്ടപ്പെടുന്നത് സർവ്വകലാശാലയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് വിഘാതമുണ്ടാക്കുമെന്നതിനാൽ പ്രസ്തുത ഉത്തരവുകൾ പുനഃപരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) കാർഷിക സർവ്വകലാശാലയിൽ ഐ.സി.എ.ആർ.-ന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന വിവിധ എ.ഐ.സി.ആർ.പി./ എ.ഐ.എൻ.പി. എന്നീ പദ്ധതികളിലെ താഴെപ്പറയുന്ന തസ്തികകൾ ഐ.സി.എ.ആർ. നിർത്തലാക്കിയിട്ടുണ്ട്:

| തസ്തിക | നിർത്തലാക്കിയ തസ്തികകളുടെ എണ്ണം |
|---|---|
| അദ്ധ്യാപക തസ്തികകൾ | 15 |
| അസിസ്റ്റന്റ് | 2 |
| ക്ലാസ് IV | 12 |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് | 2 |
| ഡ്രൈവർ | 3 |
| ഫാം ഓഫീസർ | 15 |
| ലാബ് അസിസ്റ്റന്റ് ഗ്രേഡ് III | 5 |
| ടെക്നിക്കൽ അസിസ്റ്റന്റ് | 3 |

(ബി) തസ്തികകൾ നിർത്തലാക്കിയതിനെ തുടർന്ന് പ്രസ്തുത തസ്തികകളുടെ എണ്ണത്തിൽ കുറവ് വരുത്തി കേഡർ സ്ട്രെംഗ്ത് നിശ്ചയിച്ചിട്ടുണ്ട്.

(സി) തസ്തികകൾക്കുള്ള അനുമതി പിൻവലിക്കുന്ന ഉത്തരവുകൾ പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് 21-6-2018 തീയതിയിൽ കേരള കാർഷിക സർവ്വകലാശാല ഐ.സി.എ.ആർ. -ന് കത്ത് നൽകിയിട്ടുണ്ട്. വിവിധ ബാഹ്യസഹായ പദ്ധതികളിലേയ്ക്ക് ഐ.സി.എ.ആർ. അനുവദിച്ച തസ്തികകളാണ് നിർത്തലാക്കിയത്.

## കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെ പ്രവർത്തനം

98(3530) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെ പ്രവർത്തനം എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) 2018-19 ബഡ്ജറ്റിൽ പ്രസ്തുത കോർപ്പറേഷനായി വകയിരുത്തിയ പ്ലാൻ ഫണ്ട് തുക ചെലവാക്കാൻ സാധിക്കാത്തതെന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാരിനും കേന്ദ്ര വെയർഹൗസിംഗ് കോർപ്പറേഷനും തുല്യഓഹരി പങ്കാളിത്തമുള്ളതും 1962-ലെ വെയർഹൗസിംഗ് കോർപ്പറേഷൻസ് ആക്ടനുസരിച്ച് പ്രവർത്തിക്കുന്നതുമായ ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനാണ് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ. കേരളത്തിലുടനീളം 55 വെയർഹൗസുകളിലായി ശാസ്ത്രീയമായി സാധനങ്ങൾ സൂക്ഷിച്ചുവയ്ക്കാവുന്ന വിധത്തിൽ പണികഴിപ്പിച്ചിട്ടുള്ള 2 ലക്ഷം മെട്രിക് ടൺ സംഭരണശേഷിയുള്ള ഗോഡൗണുകളും ഒരു കണ്ടെയ്നർ ഫ്രെയ്റ്റ് സ്റ്റേഷനും സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് കീഴിൽ പ്രവർത്തിക്കുന്നു. സർക്കാർ സഹായത്തോടെ ആലത്തൂരിൽ ഒരു മോഡേൺ റൈസ് മില്ലും കോർപ്പറേഷൻ പണികഴിപ്പിച്ചിട്ടുണ്ട്. വിളവെടുപ്പ് കാലത്ത് ഉല്പന്നങ്ങൾക്കുണ്ടാകുന്ന വിലയിടിവ് തടയുന്നതിന് അവ ശാസ്ത്രീയമായി സൂക്ഷിക്കുകയും ഉല്പന്നങ്ങൾക്ക് വില വർദ്ധിക്കുന്ന അവസരത്തിൽ കർഷകർക്ക് അത് വിൽക്കുന്നതിനും വെയർഹൗസിംഗ് കോർപ്പറേഷൻ അവസരമൊരുക്കുന്നു. വെയർഹൗസിംഗ് കോർപ്പറേഷനിൽ സൂക്ഷിക്കുന്ന കാർഷികോല്പന്നങ്ങളുടെ മേൽ നൽകുന്ന വെയർഹൗസ് രസീതിന്മേൽ കർഷകർക്ക് ബാങ്കുകളിൽനിന്നും കാർഷികവായ്പ എടുക്കുന്നതിനുള്ള സൗകര്യവും നൽകിവരുന്നു.

സർക്കാർ വിവിധ ഘട്ടങ്ങളിലായി നടപ്പാക്കുന്ന പ്രൈസ് സപ്പോർട്ട് സ്കീം മുഖേന കൊപ്ര, റബ്ബർ, നെല്ല് തുടങ്ങിയവയുടെ സംഭരണവും വെയർഹൗസിംഗ് കോർപ്പറേഷൻ നടത്തിവരുന്നു. കോർപ്പറേഷനിൽ സൂക്ഷിക്കുന്ന കാർഷികോല്പന്നങ്ങൾ കേടുകൂടാതെ നിലനിർത്തുന്നതിന് ഉപയോഗിക്കുന്ന കീടനശീകരണ പ്രവർത്തനങ്ങൾ കൃഷിയിടങ്ങളിലും കാർഷികോല്പന്നങ്ങൾ സൂക്ഷിക്കുന്ന സ്ഥലങ്ങളിലും ആയത് കർഷകരുടെ വീടുകളിലും ഉത്തരവാദിത്വത്തോടെ നിർവ്വഹിച്ചുവരുന്നു. ഇതിനായി പ്രത്യേകം പരിശീലനം സിദ്ധിച്ച ജീവനക്കാർ കോർപ്പറേഷനിലുണ്ട്.

കേരള കാർഷിക സർവ്വകലാശാലയുടെ സഹായത്തോടെ വെയർഹൗസിംഗ് കോർപ്പറേഷൻ വികസിപ്പിച്ചെടുത്ത 'റോഡോഫോ' എന്ന എലിവിഷ ബെയ്റ്റ് കേരളത്തിലെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾ എന്നീ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേനയും കൃഷി ഭവനുകൾ മുഖേനയും നടത്തുന്ന എലി നശീകരണ പദ്ധതികളിൽ വളരെ വിജയകരമായി ഉപയോഗിച്ചുവരുന്നു. വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി കീടനശീകരണ പ്രവർത്തനം കപ്പലുകളിലും കൊച്ചി മെട്രോ, കേരള ഹൈക്കോടതി, കേരള നിയമസഭ, കൊച്ചിൻ ഷിപ്പ്യാർഡ്, കെ.റ്റി.ഡി.സി. ഹോട്ടലുകൾ, മെഡിക്കൽ കോളേജുകൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ നടത്തിവരുന്നു.

കേരളത്തിൽ നടപ്പാക്കുന്ന ഭക്ഷ്യസുരക്ഷയുടെ ഭാഗമായി ആയതിന്റെ വിജയകരമായ പ്രവർത്തനത്തിന് കോർപ്പറേഷന്റെ സ്വന്തം ഗോഡൗണുകൾക്ക് പുറമെ ഗോഡൗണുകൾ വാടകയ്ക്ക് എടുത്തുനൽകി ഭക്ഷ്യസുരക്ഷാ പദ്ധതി വിജയിപ്പിക്കുന്നതിന് വെയർഹൗസിംഗ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തനം ഇടനിലക്കാരെ ഒഴിവാക്കി ഭക്ഷ്യധാന്യങ്ങൾ വാതിൽപ്പടി വിതരണം നടത്തണമെന്ന സർക്കാരിന്റെ നയം പൂർണ്ണമായും നടപ്പിലാക്കുന്നതിന് സഹായകരമാകുന്നു.

(ബി) ആസൂത്രണ ബോർഡുമായി ബന്ധപ്പെട്ട് കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെ കമ്പ്യൂട്ടർവൽക്കരണത്തിന്റെ വിശദാംശങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണെന്ന വ്യവസ്ഥയോടെ 2018-19 സാമ്പത്തിക വർഷത്തിൽ 6-6-2018-ലെ സ.ഉ.(എം.എസ്.) നം. 78/2018/എ.ഡി. പ്രകാരം 75.00 ലക്ഷം രൂപ കോർപ്പറേഷന്റെ കമ്പ്യൂട്ടർവൽക്കരണത്തിനും സുരക്ഷാമേൽനോട്ട സംവിധാനത്തിനും ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

ഗോഡൗൺ-കം-അഗ്രി കോംപ്ലക്സ് നിർമ്മാണത്തിന് ആവശ്യമായ ശേഷിച്ച തുക നബാർഡ് അല്ലെങ്കിൽ അർഹതപ്പെട്ട മറ്റേതെങ്കിലും ഏജൻസിയിൽനിന്നും ലഭിക്കുമെന്ന് ഉറപ്പ് വരുത്തിയതിനുശേഷം ടി തുക അനുവദിക്കുന്നതാണെന്ന നിബന്ധനയോടെ 08.06.2018-ലെ സ.ഉ.(എം.എസ്.) നം. 80/2018/എ.ഡി. പ്രകാരം ഗോഡൗൺ-കം-അഗ്രി കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

ആസൂത്രണ ബോർഡ് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന്റെ അടിസ്ഥാനത്തിൽ തുക വിതരണം ചെയ്യുന്നതാണെന്ന വ്യവസ്ഥയോടെ 13-6-2018-ലെ സ.ഉ.(എം.എസ്.) 81/2018/എ.ഡി. പ്രകാരം കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന് "ഷെയർ പാർട്ടിസിപ്പേഷൻ" ഇനത്തിൽ 50 ലക്ഷം രൂപ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

2018-19 ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന പ്രസ്തുത 3.25 കോടി രൂപ അനുവദിക്കുന്നതിന് കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ പ്ലാനിംഗ് ബോർഡിൽ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്.

ഭരണാനുമതി ഉത്തരവുകളിലെ നിർദ്ദേശങ്ങൾ എല്ലാംതന്നെ പാലിച്ചുവെന്ന് ഉറപ്പുവരുത്തി ടി വിവരങ്ങൾ അറിയിക്കുന്നതിന് കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ, കേരളം നേരിട്ട കടുത്ത കാലവർഷക്കെടുതിയുടെ പശ്ചാത്തലത്തിൽ 2018-19 വർഷത്തെ പദ്ധതി വിഹിതത്തിൽ 20% കുറവ് വരുത്തേണ്ടതാണെന്ന ധനകാര്യ വകുപ്പിന്റെ 29.09.2018-ലെ സ.ഉ.(അച്ചടി) നമ്പർ 153/2018/ധന.-ൽ നിർദ്ദേശിച്ച പ്രകാരം പദ്ധതി വിഹിതത്തിൽ കുറവു വരുത്തേണ്ട 111.22 കോടി രൂപ കൃഷി വകുപ്പിന്റെ 27 സ്കീമുകളിലെ 81 കമ്പോണന്റുകളിൽനിന്നും കണ്ടെത്തേണ്ടിയിരുന്നതിനാൽ മേൽ 111.22 കോടി രൂപയിൽ വെയർഹൗസിംഗ് കോർപ്പറേഷന് പ്ലാൻ ഫണ്ടിൽ വകയിരുത്തിയിരുന്ന കമ്പ്യൂട്ടർവൽക്കരണത്തിനും സുരക്ഷാമേൽനോട്ട സംവിധാനത്തിനുമുള്ള 75 ലക്ഷം രൂപയും ഗോഡൗൺ-കം-അഗ്രി കോംപ്ലക്സിന് വകയിരുത്തിയിരുന്ന 200 ലക്ഷം രൂപയും ഉൾപ്പെട്ടിട്ടുണ്ട്. അത്തരത്തിൽ 111.22 കോടി രൂപ (20%) കുറവ് വരുത്തുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ധനകാര്യ വകുപ്പിൽ സ്വീകരിച്ചുവരുന്നു. മേൽപരാമർശിച്ച കാരണങ്ങളാൽ 2018-19 ബഡ്ജറ്റിൽ കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷനായി വകയിരുത്തിയ പ്ലാൻ ഫണ്ട് തുക ചെലവാക്കാൻ സാധിച്ചിട്ടില്ല.

## പഞ്ചായത്ത് വിഭജനത്തിനെതിരെയുള്ള സ്റ്റേ

99(3531) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പഞ്ചായത്ത് വിഭജനം നടത്തിയിരുന്നോയെന്നും എങ്കിൽ ഏതെല്ലാം പഞ്ചായത്തുകളും നഗരസഭകളുമാണ് വിഭജിച്ചതെന്നും വ്യക്തമാക്കുമോ ;

(ബി) ഏതെങ്കിലും വിഭജനം കോടതി സ്റ്റേ ചെയ്തിരുന്നോ എന്നും എങ്കിൽ ഏതു പഞ്ചായത്തുമായി ബന്ധപ്പെട്ട വിഭജനമാണ് സ്റ്റേ ചെയ്തതെന്നും അതിനുള്ള കാരണമെന്തായിരുന്നുവെന്നും വ്യക്തമാക്കുമോ ;

(സി) സ്റ്റേ ഉത്തരവ് പ്രാബല്യത്തിൽവന്നപ്പോൾ പഞ്ചായത്തിന്റെ വിഭജനവുമായി ബന്ധപ്പെട്ട ഏതെല്ലാം നടപടികൾ പൂർത്തിയായിരുന്നുവെന്നും അതിനുവേണ്ടി വന്ന സാമ്പത്തിക ചെലവും തൊഴിൽ ദിനങ്ങളും എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പഞ്ചായത്ത് വിഭജന നടപടികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിൻ പ്രകാരം നിർത്തിവച്ചിരുന്നു. അതിനാൽ പഞ്ചായത്ത് വിഭജനം നടത്തിയിരുന്നില്ല.

നഗരസഭകളുടെ വിഭജനം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. കാസർഗോഡ് ജില്ലയിലെ പടന്ന ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡ് അഴിത്തല ഭാഗത്തുള്ള 132 വീടുകൾ ഉൾപ്പെടുന്ന പ്രദേശം നീലേശ്വരം മുനിസിപ്പാലിറ്റിയുമായി കൂട്ടിച്ചേർത്തു.
2. കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് മുനിസിപ്പൽ കൗൺസിലിന്റെ 16 മുതൽ 35 വരെയുള്ള വാർഡുകൾ കൂട്ടിച്ചേർത്തുകൊണ്ട് ആന്തൂർ മുനിസിപ്പാലിറ്റി രൂപീകരിച്ചു.
3. കണ്ണൂർ മുനിസിപ്പാലിറ്റി, പള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത്, പുഴതി ഗ്രാമപഞ്ചായത്ത്.

എടക്കാട് - ഗ്രാമപഞ്ചായത്ത്

ഏലയാവൂർ - ഗ്രാമപഞ്ചായത്ത്

ചേലോറ ഗ്രാമപഞ്ചായത്ത് എന്നിവ കൂട്ടിച്ചേർത്ത് കണ്ണൂർ കോർപ്പറേഷൻ രൂപീകരിച്ചു.

4. ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ഗ്രാമപഞ്ചായത്ത്, പള്ളിപ്പാട് ഗ്രാമപഞ്ചായത്തിലെ 12, 13, 14, 15, 16 എന്നീ വാർഡുകളും 11-ാം വാർഡിലെ കോളാച്ചിറയിൽനിന്നും കോട്ടയിൽ ജംഗ്ഷൻ വരെയുള്ള നരിഞ്ജിൻ റോഡിന് വടക്കുവശത്തുള്ള പ്രദേശവും കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിലെ 6, 7, 8 ,9 എന്നീ വാർഡുകളും ചിങ്ങോലി ഗ്രാമപഞ്ചായത്തിലെ 3-ാം വാർഡും കൂട്ടിച്ചേർത്തുകൊണ്ട് ഹരിപ്പാട് നഗരസഭ രൂപീകരിച്ചു.

5. പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി ഗ്രാമപഞ്ചായത്ത്, തൃക്കടീരി ഗ്രാമപഞ്ചായത്തിലെ 14, 15, 16 എന്നീ വാർഡുകൾ ചേർത്തുകൊണ്ട് ചെർപ്പുളശ്ശേരി നഗരസഭ രൂപീകരിച്ചു.

6. പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ഗ്രാമപഞ്ചായത്ത്, തെങ്കര ഗ്രാമപഞ്ചായത്തിലെ 15, 16 വാർഡുകൾ കൂട്ടിച്ചേർത്ത് മണ്ണാർക്കാട് നഗരസഭ രൂപീകരിച്ചു.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 10-7-2015-ലെ വിവിധ വ്യവഹാരങ്ങളിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് വിഭജന നടപടികൾ നിർത്തിവച്ചിട്ടുള്ളത്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 4-ാം വകുപ്പ് പ്രകാരം ഓരോ ഗ്രാമത്തിനോ ഗ്രാമങ്ങളുടെ കൂട്ടത്തിനോ ഒരു പഞ്ചായത്ത് രൂപീകരിക്കുവാനും ഏതെങ്കിലും ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിൽനിന്നും ഏതെങ്കിലും ഗ്രാമത്തെയോ, ഗ്രാമങ്ങളുടെ കൂട്ടങ്ങളെയോ ഉൾപ്പെടുത്തുവാനും ഒഴിവാക്കാനുമുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുണ്ട്. ഇത്തരത്തിൽ നിയമത്തിൽ വിവക്ഷിക്കുന്ന ഗ്രാമം ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 243 അനുച്ഛേദം (ജി) പ്രകാരം ബഹുമാനപ്പെട്ട ഗവർണർ വിജ്ഞാപനം ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർക്കാരിന്റെ 25-4-2015-ലെ സ.ഉ.(അച്ചടി) നമ്പർ 140/15/ തസ്വഭവ., 141/15/തസ്വഭവ. നമ്പർ ഉത്തരവുകൾ പ്രകാരം 2015-ലെ പൊതുതെരഞ്ഞെടുപ്പിന് മുന്നോടിയായി 69 ഗ്രാമപഞ്ചായത്തുകൾ രൂപീകരിച്ചു കൊണ്ടും ഭരണ സൗകര്യത്തിനായി ചില ഗ്രാമപഞ്ചായത്തുകളുടെ ഭാഗങ്ങൾ 14 ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് കൂട്ടിച്ചേർത്തുകൊണ്ടും അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുമ്പായി ആർട്ടിക്കിൾ 243(ജി) പ്രകാരം ഗവർണറുടെ വിജ്ഞാപനം പുറപ്പെടുവിക്കാത്തതിനാലാണ് വിഭജന നടപടികൾ നിർത്തിവച്ചത്.

കോടതി സ്റ്റേ ചെയ്ത വിഭജന നടപടികൾ.

തിരുവനന്തപുരം

1. നാവായിക്കുളം ഗ്രാമപഞ്ചായത്ത് വിഭജിച്ച് കടവൂർ ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ.

കൊല്ലം

1. കുളക്കട, നെടുവത്തൂർ ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പുത്തൂർ ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ.
2. പിറവന്തൂർ, തെന്മല, ആര്യങ്കാവ് ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പുനല ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ.
3. തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് വിഭജിച്ച് കണ്ണനല്ലൂർ ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ.

പത്തനംതിട്ട

1. ഏറത്ത് ഗ്രാമപഞ്ചായത്ത് വിഭജിച്ച് ഏനാത്ത് ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ.

ആലപ്പുഴ

1. ചുനക്കര, നൂറനാട് ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് ചാരുമ്മൂട് ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ.
2. ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത് വിഭജിച്ച് അർത്തുങ്കൽ ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ.

എറണാകുളം

1. കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് വിഭജിച്ച് പട്ടിമറ്റം ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ.

പാലക്കാട്

1. ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് വിഭജിച്ച് കാരക്കാട് ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ.

മലപ്പുറം

1. പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത് വിഭജിച്ച് ചെമ്പ്രശ്ശേരി ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ.
2. ചെറുകാവ് ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡ് വാഴൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുത്തൽ.

3. പൊന്മല, കുറുവ ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പാങ്ങ് ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ.

4. വണ്ടൂർ ഗ്രാമപഞ്ചായത്ത് വിഭജിച്ച് വാണിയമ്പലം ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ.

5. തൃക്കലങ്ങാട് ഗ്രാമപഞ്ചായത്ത് വിഭജിച്ച് എലങ്കൂർ ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ.

6. മംഗലം ഗ്രാമപഞ്ചായത്ത് വിഭജിച്ച് കൂട്ടായി ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ.

7. ആലിപ്പറമ്പ ഗ്രാമപഞ്ചായത്ത് വിഭജിച്ച് അറക്കമ്പറമ്പ് ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ.

8. തിരുനാവായ ഗ്രാമപഞ്ചായത്ത് വിഭജിച്ച് അനന്താവൂർ ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ.

<u>കോഴിക്കോട്</u>

1. നരിപ്പറ്റ, കായക്കൊടി ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് കൈവേലി ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ.

2. ചെറുകുളത്തൂർ ഗ്രാമപഞ്ചായത്ത് രൂപീകരണം.

3. ഉണ്ണികുളം ഗ്രാമപഞ്ചായത്ത് വിഭജിച്ച് പൂനൂർ ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ.

<u>വയനാട്</u>

1. പൂതാടി ഗ്രാമപഞ്ചായത്ത് വിഭജിച്ച് നടവയൽ ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ.

<u>കണ്ണൂർ</u>

1. നടുവിൽ ഗ്രാമപഞ്ചായത്ത് വിഭജിച്ച് കരുവഞ്ചാൽ ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ.

2. വള്ളിത്തോട് ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ.

3. കൂടാലി ഗ്രാമപഞ്ചായത്ത് വിഭജിച്ച് പട്ടാന്നൂർ ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ.

4. ചിറക്കൽ ഗ്രാമപഞ്ചായത്ത് വിഭജിച്ച് കാട്ടാമ്പള്ളി ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ.

കാസർഗോഡ്

1. ഉദുമ, പള്ളിക്കര ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പനയാൽ ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ.
2. അജാനൂർ ഗ്രാമപഞ്ചായത്ത് വിഭജിച്ച് മാണിക്കോത്ത് ഗ്രാമപഞ്ചായത്ത് രൂപീകരിക്കൽ.

(സി) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളായി പരിവർത്തനം ചെയ്യുന്നതിനുമുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും അതിനനുസൃതമായ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുമായി 10-6-2014-ലെ സ.ഉ.(സാധാ) നമ്പർ 1465/2014/ തസ്വഭവ. പ്രകാരം സമിതി രൂപീകരിച്ചിരുന്നു. പുതിയ ഗ്രാമപഞ്ചായത്തുകളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് സർക്കാരിലും പഞ്ചായത്ത് ഡയറക്ടർക്കും ലഭ്യമായിട്ടുള്ള നിവേദനങ്ങൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന അന്വേഷണം നടത്തുകയും വ്യക്തമായ അഭിപ്രായം ശേഖരിക്കുകയും ചെയ്തു. സർക്കാരിന്റെ 25-4-2015-ലെ സ.ഉ.(അച്ചടി)നം. 140/15/തസ്വഭവ., 141/15/ തസ്വഭവ. നമ്പർ ഉത്തരവുകൾ പ്രകാരം 2015-ലെ പൊതുതെരഞ്ഞെടുപ്പിനു മുന്നോടിയായി 69 ഗ്രാമപഞ്ചായത്തുകൾ രൂപീകരിച്ചുകൊണ്ടും ഭരണ സൗകര്യത്തിനായി ചില ഗ്രാമപഞ്ചായത്തുകളുടെ ഭാഗങ്ങൾ 14 ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് കൂട്ടിച്ചേർത്തു കൊണ്ടും അന്തിമവിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

സാമ്പത്തിക ചെലവും തൊഴിൽ ദിനങ്ങളും സംബന്ധിച്ച വിവരങ്ങൾ തിട്ടപ്പെടുത്തിയിട്ടില്ല.

**ആസ്തി വികസന ഫണ്ട്**

100(3532) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ എം.എൽ.എ.ആസ്തി വികസന ഫണ്ടിൽനിന്നും ഭരണാനുമതി ലഭ്യമായിട്ടുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ പ്രൈസ്. ഐ.ഡി.-യും ഭരണാനുമതി ലഭ്യമായ തീയതിയും വ്യക്തമാക്കാമോ;

(സി) ഇതിൽ എത്ര പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നും എത്ര പ്രവൃത്തി പൂർത്തീകരിച്ചെന്നും, മുഴുവൻ പ്രവൃത്തികളുടേയും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(ഡി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ സാങ്കേതിക അനുമതി, ടെൻഡർ അടക്കമുള്ള തുടർനടപടി സ്വീകരിക്കുവാൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ തുടർനടപടിയിൽ താമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) ഭരണാനുമതി ലഭിച്ചിട്ടുള്ള മുഴുവൻ പ്രവൃത്തികളിലും അടിയന്തര നടപടി സ്വീകരിച്ച് പ്രവൃത്തി പൂർത്തിയാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) കോതമംഗലം നിയോജകമണ്ഡലത്തിൽ, 2017-18 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും ഭരണാനുമതി ലഭിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ പ്രൈസ് ഐ.ഡി., ഭരണാനുമതി ലഭ്യമായ തീയതി, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നീ വിവരങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(ഡി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ തുടർനടപടികളിൽ മനഃപൂർവ്വമായ കാലതാമസം നേരിട്ടിട്ടില്ല.

(ഇ) ഭരണാനുമതി ലഭിച്ചിട്ടുള്ള മുഴുവൻ പ്രവൃത്തികളും അടിയന്തര നടപടി സ്വീകരിച്ച് പൂർത്തിയാക്കുന്നതാണ്.

## വികസന അതോറിറ്റികൾ

101(3533) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര വികസന അതോറിറ്റികളുണ്ട്; അവ ഏതെല്ലാം; നിർത്തലാക്കിയ വികസന അതോറിറ്റികൾ പുനഃസ്ഥാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വികസന അതോറിറ്റികൾ 2016 ജനുവരി മുതൽ ഏറ്റെടുത്ത പദ്ധതികൾ ഏതെല്ലാമെന്നും ഇതിൽ എത്രയെണ്ണം പൂർത്തിയാക്കിയെന്നും വെളിപ്പെടുത്തുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) വികസന അതോറിറ്റികളുടെ അധികാര പരിധിവിട്ട് ഏതെങ്കിലും സ്ഥലത്ത് പ്രോജക്ടുകളോ പദ്ധതികളോ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;

(ഡി) മുൻകാലങ്ങളിൽ ഏറ്റെടുത്ത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കുവാനുള്ള പദ്ധതികൾ ഏതെല്ലാം എന്ന് വെളിപ്പെടുത്തുമോ;

(ഇ) 2016 ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് നിലവിൽ വന്നതിനുശേഷം ഓരോ അതോറിറ്റികളും ഏറ്റെടുത്ത പുതിയ പ്രോജക്ടുകൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;

(എഫ്) നഗരഹൃദയങ്ങളിൽ ഇടുങ്ങിയ റോഡും സുരക്ഷിതമല്ലാത്ത പഴയ കെട്ടിടങ്ങളുമുള്ള സ്ഥലങ്ങളിൽ ഭൂമി പുനഃക്രമീകരിച്ച് ലാൻഡ് പൂളിംഗ് പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിന്റെ രൂപരേഖ തയ്യാറാക്കുവാൻ അതോറിറ്റികൾക്ക് നിർദ്ദേശം നൽകുമോ;

(ജി) മറ്റ് സംസ്ഥാനങ്ങളിലെ അതോറിറ്റികളുടെ പ്രവർത്തനങ്ങൾ പഠിച്ച് സംസ്ഥാനത്തെ അതോറിറ്റികളെ പുനരുജ്ജീവിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിൽ തിരുവനന്തപുരം വികസന അതോറിറ്റി, വിശാല കൊച്ചി വികസന അതോറിറ്റി, ഗോശ്രീ ദ്വീപ് വികസന അതോറിറ്റി എന്നീ മൂന്ന് വികസന അതോറിറ്റികളുണ്ട്. 10-3-2017-ലെ സ.ഉ.(കൈ) നം. 54/2017/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, വള്ളുവനാട് എന്നീ വികസന അതോറിറ്റികൾ നിർത്തലാക്കിയിരുന്നു. നിർത്തലാക്കിയ വികസന അതോറിറ്റികളൊന്നും പുനഃസ്ഥാപിച്ചിട്ടില്ല.

(ബി) വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) ഇല്ല.

(ഡി & ഇ) വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(എഫ്&ജി) ഇതുസംബന്ധിച്ച പ്രൊപ്പോസലുകൾ ഈ വകുപ്പിൽ നിലവിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ക്ഷേമപ്രവർത്തനങ്ങളിൽ വേഗതയും ഫലപ്രാപ്തിയും ഉറപ്പാക്കാൻ നടപടി

102(3534) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക തലത്തിലുള്ള ക്ഷേമവികസനപ്രവർത്തനങ്ങളിൽ വേഗതയും ഫലപ്രാപ്തിയും ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) എന്തെല്ലാം സാങ്കേതികവിദ്യകളുടെ സാദ്ധ്യതകളാണ് ഇതിനായി പ്രയോജനപ്പെടുത്തുന്നതെന്നറിയിക്കാമോ?

ഉത്തരം

(എ&ബി) പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ പ്രക്രിയ ലളിതവും കാര്യക്ഷമമാക്കുകയും പദ്ധതി രൂപീകരണം സമയബന്ധിതമാക്കുകയും ചെയ്തിട്ടുണ്ട്. പതിമൂന്നാം പദ്ധതിക്ക് മുമ്പുണ്ടായിരുന്ന 8 മാസം പദ്ധതി രൂപീകരണം, 4 മാസം പദ്ധതി നിർവ്വഹണം എന്ന രീതിക്ക് മാറ്റമുണ്ടായി. ഒപ്പം വിപുലമായ ജനകീയ ചർച്ചകളുടെ അടിസ്ഥാനത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനം കൂടുതൽ ജനോപകാരപ്രദവും വികസനോന്മുഖവുമാക്കത്തക്ക രീതിയിൽ മാർഗ്ഗ നിർദ്ദേശങ്ങളും ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. സംയോജിത വികസന കാഴ്ചപ്പാട് രൂപീകരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ജില്ലാ പദ്ധതികൾ തയ്യാറാക്കൽ, തദ്ദേശഭരണ സ്ഥാപനതല ആസൂത്രണസമിതികളുടെ രൂപീകരണം എന്നിവയ്ക്ക് പുറമെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടെയും പ്രോജക്ടുകളുടെയും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന-ജില്ലാ തലത്തിൽ സന്നദ്ധ പ്രവർത്തനത്തിന് തയ്യാറുള്ള വിദഗ്ദ്ധരുടെ പാനലിന് രൂപം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമുള്ള പരിശീലനങ്ങൾ, പദ്ധതി നിർവ്വഹണം സംബന്ധിച്ച അവലോകന യോഗങ്ങൾ എന്നിവയും നടത്തിവരുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുകയും പദ്ധതി ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങൾ ഓൺലൈനാക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും പദ്ധതി രൂപീകരണം, അംഗീകാരം തുടങ്ങിയവ ഓൺലൈനായി ഐ.കെ.എം. വികസിപ്പിച്ചെടുത്ത സുലേഖ സോഫ്റ്റ്‌വെയർ

വഴിയാണ് നടക്കുന്നത്. പരാതി രൂപീകരണ ഗ്രാമസഭകൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ ഗ്രാമസഭ പോർട്ടൽ വെബ് പ്രവർത്തിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് തങ്ങളുടെ നിർദ്ദേശങ്ങൾ ഇതിലൂടെ രേഖപ്പെടുത്താൻ കഴിയും. പദ്ധതി നിർവ്വഹണ നടപടിക്രമങ്ങളിൽ പ്രധാനപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് ഉൾപ്പെടെയുള്ളവ സുലേഖ സോഫ്റ്റ്‌വെയറിൽ തന്നെ ലഭ്യമാക്കുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്. സാധാരണക്കാരന് തദ്ദേശഭരണ സ്ഥാപനങ്ങളിൽ കയറിയിറങ്ങാതെ തന്നെ സർട്ടിഫിക്കറ്റുകൾ ലഭിക്കുവാനും നികുതി അടയ്ക്കുന്നതിനും മറ്റുമുള്ള ഓൺലൈൻ സൗകര്യങ്ങൾ നിലവിലുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ അഴിമതി തടയുന്നതിനും സമയബന്ധിതമായി സേവനം ലഭ്യമാക്കുന്നതിനുമായി ഗ്രാമപഞ്ചായത്തുകളിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സമഗ്രമായ മാറ്റവും പൗരസേവനം കാര്യക്ഷമമുള്ളതാക്കുകയും ചെയ്യുന്നു.

(സി) തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ അഴിമതി തടയുന്നതിനും സമയബന്ധിതമായി സേവനം ലഭ്യമാക്കുന്നതിനുമായി ഗ്രാമപഞ്ചായത്തുകളിൽ ഇ- ഗവേണൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സമഗ്രമായ മാറ്റവും, പൗരസേവനം കാര്യക്ഷമതയുള്ളതാക്കുകയും ചെയ്യുന്നു. ബ്രോഡ്ബാന്റ്, NOFL (National Optical Fiber Network), KSWAN (Kerala State Wide Area Network) ഇവ ഉപയോഗിച്ചുകൊണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിലവിൽ VPN (Virtual Private Network) സൗകര്യങ്ങൾ ലഭ്യമാണ്. സാധാരണക്കാരന് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ കയറിയിറങ്ങാതെ തന്നെ സർട്ടിഫിക്കറ്റുകൾ ലഭിക്കുവാനും നികുതി അടയ്ക്കുന്നതിനും മറ്റുമുള്ള ഓൺലൈൻ സൗകര്യങ്ങൾ നിലവിലുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ വിവിധതരം പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ്, പദ്ധതി രൂപീകരണം, അംഗീകാരം, മേൽനോട്ടം, അക്കൗണ്ടിംഗ്, വരുമാനം, ക്രയവിക്രയങ്ങൾ, ഓഫീസ് പ്രവർത്തനം, ജനന-മരണ, വിവാഹ രജിസ്ട്രേഷൻ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ, പൊതുസേവനങ്ങൾ, യോഗനടപടിക്രമങ്ങൾ തുടങ്ങിയവയാണ് ഇ-ഗവേണൻസ് നടപ്പാക്കാനായി തെരഞ്ഞെടുത്തിട്ടുള്ളത്. ഐ.കെ.എം. മുഖേന നഗരസഭകളിൽ നടപ്പിലാക്കുന്ന വിവിധ ഓൺലൈൻ സോഫ്റ്റ്‌വെയറുകൾ മുഖേന വിവര സാങ്കേതികവിദ്യയുടെ അനന്തസാദ്ധ്യതകൾ ഉപയോഗിക്കുന്നു. ജനനമരണ സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ്, വസ്തു നികുതി, കെട്ടിട പെർമിറ്റ് തുടങ്ങിയവയ്ക്കായി നഗരസഭകളിൽ വിവിധ സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ചുവരുന്നു.

## മഹാകവി ജി. ശങ്കരക്കുറുപ്പിന്റെ സ്മാരകം

103(3535) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണയന്നൂർ താലൂക്കിലെ സർവ്വേ നമ്പർ 2681-ൽ ഉൾപ്പെട്ട റവന്യൂ പുറമ്പോക്കായ 25 സെന്റ് സ്ഥലം മഹാകവി ജി.ശങ്കരക്കുറുപ്പിന് സ്മാരകം നിർമ്മിക്കുന്നതിനായി റവന്യൂ വകുപ്പ് കൊച്ചി നഗരസഭയ്ക്ക് കൈമാറിയതിന്റെ അടിസ്ഥാനത്തിൽ സ്മാരകം നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

### ഉത്തരം

മഹാകവി ജി. ശങ്കരക്കുറുപ്പിന് സ്മാരകം നിർമ്മിക്കുന്നതിനായി കൊച്ചി നഗരസഭയുടെ 2018-19 വർഷത്തെ പദ്ധതി വിഹിതത്തിൽനിന്നും 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നഗരസഭയ്ക്ക് ലഭ്യമായ 25 സെന്റ് സ്ഥലം ചുറ്റുമതിൽ നിർമ്മിച്ച് സംരക്ഷിക്കുന്നതിനായി 5 ലക്ഷം രൂപയുടെ പ്രോജക്റ്റിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

## തദ്ദേശസ്വയംഭരണ പൊതു സർവ്വീസ്

104(3536) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ പൊതു സർവ്വീസ് രൂപീകരിക്കുമ്പോൾ സംസ്ഥാനത്തെ ലക്ഷക്കണക്കിന് ബിരുദധാരികൾക്ക് അപേക്ഷിക്കാൻ കഴിയുന്ന ഗസറ്റഡ് തസ്തികകൾ ഇല്ലാതാകുമെന്നുള്ള ബിരുദധാരികളുടെ ആശങ്കകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) കേരളാ ലോക്കൽ സെൽഫ് ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ് സ്റ്റേറ്റ് സർവ്വീസിന്റെ സ്പെഷ്യൽ റൂൾ 2018-ന്റെ കരട് ഭേദഗതി വരുത്തി കരട് രൂപരേഖ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ; ആയതിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) കരട് രൂപരേഖയ്ക്കുള്ള ആക്ഷേപങ്ങൾ സ്വീകരിച്ചുവരുന്നുണ്ടോ; ഇതുവരെ എത്ര ആക്ഷേപങ്ങൾ ലഭിച്ചിട്ടുണ്ട്; അന്തിമ ഉത്തരവ് എന്നത്തേയ്ക്ക് പുറപ്പെടുവിക്കാനാകും എന്നറിയിക്കാമോ;

(ഡി) മുനിസിപ്പൽ കോമൺ സർവ്വീസിനെ സർക്കാർ സർവ്വീസായി പരിഗണിക്കുന്നതു സംബന്ധിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ഉത്തരവ് ഇറക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(ഇ) വകുപ്പുകളുടെ സംയോജനം നിലവിലുള്ള റാങ്ക് ലിസ്റ്റുകളെ പ്രതികൂലമായി ബാധിക്കുമോയെന്നുള്ള ഉദ്യോഗാർത്ഥികളുടെ ആശങ്ക പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിച്ചുവരുന്നു എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ പൊതുസർവ്വീസ് നിലവിൽ വരുമ്പോൾ നിലവിൽ ബിരുദധാരികൾക്ക് ഉണ്ടായിരുന്ന അവസരങ്ങൾ പൂർണ്ണമായും കരട് ചട്ടങ്ങളിലും നിലനിർത്തിയിട്ടുണ്ട്.

(ബി) കേരള ലോക്കൽ സെൽഫ് ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ് സ്റ്റേറ്റ് സർവ്വീസിന്റെ സ്പെഷ്യൽ റൂൾ 2018-ന്റെ കരട് മാത്രമെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളൂ. കരടിന്മേൽ ഇതുവരെ ഭേദഗതി വരുത്തിയിട്ടില്ല.

(സി) ഉണ്ട്. കരട് ചട്ടങ്ങൾ സർക്കാരിൽ ലഭിച്ചതിനുശേഷം 38-ഓളം ആക്ഷേപങ്ങൾ/നിവേദനങ്ങൾ വിവിധ സംഘടനകളിൽനിന്നും ലഭിച്ചിട്ടുണ്ട്. അവ പരിശോധിച്ചതിനുശേഷം അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(ഡി) ഇല്ല. മുനിസിപ്പൽ കോമൺ സർവ്വീസിനെ സർക്കാർ സർവ്വീസായി പരിഗണിക്കുന്നതിന് മുന്നോടിയായി 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 48, 222, 224 വകുപ്പുകൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) കരട് സ്പെഷ്യൽ റൂളുകൾ അന്തിമമായതിനുശേഷം മാത്രമെ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി ആവശ്യമെങ്കിൽ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**ആധുനിക ശ്മശാനങ്ങളുടെ നിർമ്മാണം**

105(3537) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ശാന്തികവാടംപോലെ സംസ്കാര ചടങ്ങുകൾ നടത്തുന്നതിന് സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾക്ക് പുറമെ 241 ആധുനിക ശ്മശാനങ്ങൾ കൂടി നിർമ്മിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ എത്ര ശ്മശാനങ്ങൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; അവ എവിടെയെല്ലാമെന്ന് വിവരിക്കാമോ?

ഉത്തരം

(എ) കിഫ്ബി വഴി 150 തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ മോഡേൺ ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കുന്നതിന് 123 കോടി രൂപയ്ക്ക് 18-11-2017-ലെ ജി.ഒ.(ആർ.ടി) 3711/2017/ത.സ്വ.ഭ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. 12 തദ്ദേശഭരണ സ്ഥാപനങ്ങളുടെ 11.43 കോടി രൂപയുടെ പ്രോജക്ടുകൾ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി നിർവ്വഹണ ഏജൻസിയായ ഇംപാക്ട് കേരള ലിമിറ്റഡ് മുഖേന സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് നിലവിൽ പ്രൊപ്പോസലുകളൊന്നും ലഭ്യമായിട്ടില്ല.

**അനധികൃത പരസ്യ ബോർഡുകൾ**

106(3538) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുസ്ഥലത്തെ അനധികൃത പരസ്യ ബോർഡുകൾ നീക്കാൻ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിരിക്കുന്നത്; നീക്കംചെയ്ത ബോർഡുകളുടെ എണ്ണം ജില്ല തിരിച്ച് നൽകാമോ?

ഉത്തരം

സംസ്ഥാനത്തെ നഗരസഭ/ഗ്രാമപഞ്ചായത്ത് പരിധിയിൽ അനധികൃതമായി സ്ഥാപിച്ച പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി ഡബ്ല്യു.പി.(സി) 22750/18 & 25784/18 നമ്പർ ഹർജികളിന്മേൽ പുറപ്പെടുവിച്ച ഉത്തരവുകളുടെയും സർക്കാർ പുറപ്പെടുവിച്ച 6-10-2018-ലെ 41/ആർസി2/2018/തസ്വഭവ. നമ്പർ പരിപത്രത്തിന്റെയും 26-10-2018-ലെ സ.ഉ.(സാധാ) നമ്പർ 2733/2018/തസ്വഭവ. നമ്പർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ അനധികൃത പരസ്യ ബോർഡുകൾ നഗരസഭകളും ഗ്രാമപഞ്ചായത്തുകളും നീക്കം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ 115296 പരസ്യ ബോർഡുകൾ/ ഹോർഡിംഗ്സുകൾ/ ബാനറുകൾ ആണ് ഇതുവരെ നഗരസഭകൾ നീക്കം ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകൾ നീക്കം ചെയ്തത് 188413 എണ്ണമാണ്. അനധികൃത പരസ്യബോർഡുകൾ നീക്കംചെയ്തതിന്റെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വാണിജ്യ സ്ഥാപനങ്ങളിലെ പാർക്കിംഗ് ഫീസ്

107(3539) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് വാണിജ്യ സ്ഥാപനങ്ങൾ അമിതമായ ഫീസ് ഈടാക്കുന്ന കാര്യം അറിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം നഗരസഭകളിൽ ഇത്തരത്തിൽ പാർക്കിംഗിന് ഫീസ് വാങ്ങുന്നത് സംബന്ധിച്ച് പരാതികൾ നിലവിലുണ്ട്;

(സി) കസ്റ്റമേഴ്സിന്റെ പക്കൽനിന്നും വാണിജ്യസ്ഥാപനങ്ങൾ പാർക്കിംഗ് ഫീസ് വാങ്ങുന്നതിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷനുകളിൽ സ്വീകരിച്ച നടപടി സംബന്ധിച്ച ഫയലിന്റെ കോപ്പി ലഭ്യമാക്കുമോ; വിശദവിവരം നല്കുമോ;

(ഡി) കോർപ്പറേഷൻ സെക്രട്ടറിമാർ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് വാണിജ്യ സ്ഥാപനങ്ങൾ ഫീസ് ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോഴിക്കോട്, തിരുവനന്തപുരം, തൃശ്ശൂർ എന്നീ നഗരസഭകളിൽ ഇതുസംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി&ഡി) കോഴിക്കോട്, തിരുവനന്തപുരം, തൃശ്ശൂർ കോർപ്പറേഷനുകളിൽ ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി പരിശോധനകൾ നടന്നുവരുന്നു. ഈ വിഷയത്തിൽ കോർപ്പറേഷനുകൾ സ്വീകരിച്ച നടപടി സംബന്ധിച്ച ഫയൽ പിന്നീട് ലഭ്യമാക്കുന്നതാണ്.

കോഴിക്കോട് നഗരസഭയിൽ പരാതി ലഭിച്ചതിനെ തുടർന്ന് വാണിജ്യ സ്ഥാപനങ്ങളുടെ സംഘടനകളുടെ സെക്രട്ടറിമാർക്ക് നോട്ടീസ് നൽകുകയും നിയമാനുസൃതമായ നടപടികൾ സ്വീകരിച്ച് പാർക്കിംഗ് ഫീസ് ഈടാക്കുന്നത് അവസാനിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

തൃശ്ശൂർ നഗരസഭയിൽ പാർക്കിംഗ് ഫീസുമായി ബന്ധപ്പെട്ട പരാതികളിന്മേൽ അന്വേഷണം നടന്നുവരുന്നു.

## പലിശരഹിത വായ്പ

108(3540) ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയദുരന്തത്തിൽ ഗൃഹോപകരണങ്ങളും ഉപജീവനോപാധികളും നഷ്ടപ്പെട്ടവർക്ക് ആശ്വാസമേകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും, ഉപജീവനോപാധികൾ ഉറപ്പാക്കുന്നതിനും പലിശരഹിത വായ്പ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഏത് ഏജൻസി വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) വായ്പ വിതരണത്തിന്റെ നടപടിക്രമങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ - സി) പ്രളയദുരന്തത്തിൽ ഗൃഹോപകരണങ്ങളും ജീവനോപാധികളും നഷ്ടപ്പെട്ടവർക്കായി അത് വീണ്ടെടുക്കുന്നതിനായി നടപ്പിലാക്കിയ പലിശരഹിത വായ്പാ പദ്ധതിയാണ് റിസർജെന്റ് കേരള ലോൺ സ്കീം. ഈ പദ്ധതി പ്രകാരം ഗാർഹികോപകരണങ്ങൾ വാങ്ങാനും മറ്റ് കാര്യങ്ങൾക്കുമായി സർക്കാരിന്റെ ഒറ്റത്തവണ ധനസഹായമായ 10,000 രൂപ ലഭിച്ച കുടുംബനാഥയ്ക്ക് ഒരു ലക്ഷം രൂപ വരെ പലിശരഹിത ബാങ്ക് വായ്പ ലഭ്യമാകും. കുടുംബശ്രീയെയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ളത്. അയൽക്കൂട്ട വായ്പാ പദ്ധതിയായാണ് ഇത് ആരംഭിച്ചിട്ടുള്ളത്.

(ഡി) ബാങ്കുകളുമായി ചേർന്ന് പദ്ധതി രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി സഹകരിച്ച് സഹകരണ ബാങ്കുകളുടെയും സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുമായി ചേർന്ന് ഷെഡ്യൂൾഡ് ബാങ്കുകളുടെയും പദ്ധതി രൂപീകരിക്കുകയും കാസർഗോഡ് ഒഴികെയുള്ള ജില്ലകളിൽ നടപ്പിലാക്കിവരികയും ചെയ്യുന്നു.

## പ്രളയബാധിത മേഖലയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം

109(3541) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രസിച്ച മഹാപ്രളയത്തിന് ശേഷം ജനജീവിതം സാധാരണഗതിയിലാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്ക് വ്യക്തമാക്കുമോ;

(ബി) തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും സംവിധാനങ്ങൾക്കും സംഭവിച്ച നഷ്ടത്തിന്റെ കണക്കെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ദുരിതാശ്വാസ ക്യാമ്പുകളുടെ ചുമതല ഭംഗിയായി നിർവ്വഹിക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിച്ച പങ്ക് വിശദമാക്കുമോ;

(ഡി) പ്രളയശേഷം പ്രസ്തുത പ്രദേശങ്ങൾ അണുവിമുക്തമാക്കുന്നതിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമായിരുന്നോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രളയംമൂലം വെള്ളം കയറിയ വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവ ശുദ്ധീകരിക്കുന്നതിന് പഞ്ചായത്ത് വകുപ്പും നഗരസഭകളും മുന്തിയ പരിഗണന നൽകിയിട്ടുണ്ട്. ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പ്രളയബാധിത ജില്ലകളിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ മേൽനോട്ടത്തിൽ കോർകമ്മിറ്റികൾ രൂപീകരിച്ചു. വാർഡ് അടിസ്ഥാനത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ കുടുംബശ്രീ പ്രവർത്തകർ, എൻ.എസ്.എസ്. വോളന്റിയർ, വിദ്യാർത്ഥികൾ, യുവജനങ്ങൾ, യൂത്ത് ക്ലബ്ബ് അംഗങ്ങൾ, ആശാപ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ, കാർഷിക കർമ്മസേനാ സന്നദ്ധ പ്രവർത്തകർ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾ, അങ്കണവാടി വർക്കർ/ഹെൽപ്പർമാർ കൂടാതെ ശുചീകരണത്തിന് സന്നദ്ധത അറിയിച്ചവർ എന്നിവരെ ഉൾപ്പെടുത്തി 5 പേരടങ്ങുന്ന ശുചീകരണ സ്ക്വാഡുകൾ രൂപീകരിക്കുകയും തൊഴിലുറപ്പ്, കാർഷിക കർമ്മസേനാ സംവിധാനങ്ങളിൽ നിന്ന് ഉപകരണങ്ങൾ ലഭ്യമാക്കി കെട്ടിടങ്ങൾ, കിണറുകൾ എന്നിവയുടെ ശുചീകരണ പ്രവർത്തനങ്ങൾ മാതൃകാപരമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

മഹാപ്രളയത്തിന്റെ പാഠങ്ങൾ ഉൾക്കൊണ്ടും ഇതുസംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ കണക്കിലെടുത്തുമാണ് നവകേരള സൃഷ്ടിക്കായി 2019-2020 വാർഷിക പദ്ധതി തയ്യാറാക്കേണ്ടതെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രളയത്തെ തുടർന്ന് വെള്ളം കയറിയ വീടുകളിൽ വാസയോഗ്യമായ എല്ലാ വീടുകളും പ്രളയാനന്തരം നഗരസഭകളുടെയും സന്നദ്ധ പ്രവർത്തകരുടെയും ഇതര സർക്കാർ വകുപ്പുകളുടെയും നേതൃത്വത്തിൽ വൃത്തിയാക്കുകയും പരിസരങ്ങളിൽ അണുനശീകരണം നടത്തുകയും ചെയ്തു. പ്രളയത്തിൽ മലിനമാക്കപ്പെട്ട എല്ലാ കിണറുകളും ശുദ്ധീകരിക്കുകയും കുടിവെള്ള ലഭ്യത ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.

പ്രളയം രൂക്ഷമായി ബാധിച്ച ആലപ്പുഴ, എറണാകുളം, കോട്ടയം, പത്തനംതിട്ട, തൃശ്ശൂർ, വയനാട് ജില്ലകളിലെ 41 നഗരസഭകളിൽ പ്രളയം ബാധിച്ച വീടുകൾ നഗരസഭകളുടെയും സന്നദ്ധ സംഘടനകളുടെയും മറ്റ് സർക്കാർ വകുപ്പുകളുടെയും നേതൃത്വത്തിൽ ശുചീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ കനത്ത കാലവർഷക്കെടുതികളുടെ പശ്ചാത്തലത്തിൽ നാശനഷ്ടം സംഭവിച്ച ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടങ്ങൾ, പൂർണ്ണമായോ ഭാഗികമായോ നശിച്ച ഓഫീസ് രേഖകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വിവരശേഖരണം നടത്തുന്നതിനും പുനഃസ്ഥാപിക്കാൻ ആവശ്യമായ ചെലവ് കണക്കാക്കുന്നതിനുമായി പരിശോധനാ ടീമുകളെ നിശ്ചയിക്കുകയും പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് തലത്തിലെ നഷ്ടം സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

പ്രളയത്തിൽ നഗരസഭകൾക്ക് ഉണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് കണക്കാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

**കോർപ്പറേഷനുകൾ**

| | |
|---|---|
| സ്കൂളുകൾ | ₹ 68,00,000 |
| അങ്കണവാടികൾ | ₹ 2,24,00,000 |
| പ്രൈമറി ഹെൽത്ത് സെന്ററുകൾ | ₹ 18,00,000 |
| മുനിസിപ്പാലിറ്റി ഉടമസ്ഥതയിലുള്ള മറ്റ് കെട്ടിടങ്ങൾ | ₹ 44,00,000 |
| റോഡുകൾ | ₹ 11,96,18,700 |

**മുനിസിപ്പാലിറ്റികൾ**

| | |
|---|---|
| സ്കൂളുകൾ | ₹ 3,02,00,000 |
| അങ്കണവാടികൾ | ₹ 8,36,00,000 |
| പ്രൈമറി ഹെൽത്ത് സെന്ററുകൾ | ₹ 94,00,000 |
| മുനിസിപ്പാലിറ്റി ഉടമസ്ഥതയിലുള്ള മറ്റ് കെട്ടിടങ്ങൾ | ₹ 3,32,00,000 |
| റോഡുകൾ | ₹ 29,60,84,280 |

(സി) ദുരിതാശ്വാസ ക്യാമ്പുകളിൽ അരി ഉൾപ്പെടെയുള്ള ഭക്ഷണസാധനങ്ങൾ, വസ്ത്രം, കിടക്കകൾ, മരുന്ന് തുടങ്ങിയ എല്ലാ സാധനങ്ങളും ഗ്രാമപഞ്ചായത്തുതലത്തിൽ ശേഖരിച്ച് എത്തിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറേറ്റിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കളക്ഷൻ സെന്റർ ആരംഭിക്കുകയും പ്രസ്തുത കളക്ഷൻ സെന്ററിൽനിന്നും 67 ലോഡ് ഭക്ഷ്യസാധനങ്ങൾ പ്രളയബാധിത ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിച്ചിട്ടുമുണ്ട്.

ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിഞ്ഞിരുന്നവർക്ക് ആവശ്യമായ ഭക്ഷണം, കുടിവെള്ളം, വസ്ത്രങ്ങൾ, വൈദ്യസഹായം, മറ്റത്യാവശ്യ വസ്തുക്കൾ എന്നിവ നഗരസഭകളുടെയും സന്നദ്ധ സംഘടനകളുടെയും നേതൃത്വത്തിൽ നൽകി. ക്യാമ്പുകളിൽ ആവശ്യമായ വൈദ്യുതി ലഭ്യമാക്കി ദൈനംദിന ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. ടോയ്‌ലെറ്റ് സൗകര്യങ്ങൾ ഇല്ലാതിരുന്ന ക്യാമ്പുകളിൽ ബയോ ടോയ്‌ലെറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തി. നഗരസഭാ ഉദ്യോഗസ്ഥരുടെ സേവനം 24 മണിക്കൂറും ക്യാമ്പുകളിൽ ഉറപ്പാക്കിയിരുന്നു.

(ഡി) പ്രളയാനന്തര ശുചീകരണ പ്രവർത്തനങ്ങളുടെ തുടർച്ചയായി സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 2 വരെ തീയതികളിൽ പ്രളയബാധിത ജില്ലകളിലെ നദികൾ, തോടുകൾ, പൊതുസ്ഥലങ്ങൾ, ജലാശയങ്ങൾ എന്നിവയിലെ മാലിന്യങ്ങൾ നീക്കംചെയ്യുന്ന പ്രവൃത്തി സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ കാര്യക്ഷമമായി നടത്തിയിട്ടുണ്ട്. എലിപ്പനി, ഡെങ്കിപ്പനി തുടങ്ങിയ പകർച്ചവ്യാധികളുടെ മരുന്നുകൾ ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ എല്ലാ മേഖലയിൽ എത്തിക്കുന്നതിനും പകർച്ചവ്യാധികൾ സംബന്ധിച്ച

ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. പ്രളയബാധിത പ്രദേശങ്ങളിൽ കേരള, തമിഴ്നാട് ആരോഗ്യ വകുപ്പുകളുടെ സംയുക്ത സർവ്വേയിൽ പകർച്ചവ്യാധികൾ പടരാൻ സാധ്യതയുള്ളതായി കണ്ടെത്തിയ സ്ഥലങ്ങളിൽ ഉറവിട നശീകരണം, കീടനാശിനി പ്രയോഗം, ഫോഗിംഗ് എന്നീ പ്രവർത്തനങ്ങൾ നടത്തി രോഗാണുവാഹകരായ ജീവികൾ പെരുകുന്നില്ലായെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ അംഗീകാരമുള്ള സ്ഥലങ്ങളിൽ നിന്ന് മാത്രം കുടിവെള്ളം ശേഖരിക്കുന്നുവെന്ന് ഉറപ്പുവരുത്തി കുടിവെള്ളത്തിന്റെ സാമ്പിൾ ശേഖരിച്ച് ക്ലോറിൻ അളവ് ഒ.റ്റി. കിറ്റ് ഉപയോഗിച്ച് പരിശോധിക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ മുഖേന ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്.

പ്രളയശേഷം ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിച്ചിരുന്ന സ്ഥലങ്ങളും പരിസരപ്രദേശങ്ങളും നഗരസഭാ ആരോഗ്യ വിഭാഗത്തിന്റെ നേതൃത്വത്തിൽ ബ്ലീച്ചിംഗ് പൗഡർ, കുമ്മായം തുടങ്ങിയ അണുനാശിനികൾ ഉപയോഗിച്ച് അണുനശീകരണം നടത്തിയിട്ടുണ്ട്. ദുരിതാശ്വാസ ക്യാമ്പുകളിലും പരിസരപ്രദേശങ്ങളിലും അതുപോലെ പ്രളയജലം ഇറങ്ങിയ പ്രദേശങ്ങളിലും വളരെ കാര്യക്ഷമമായി അണുനശീകരണ പ്രവർത്തനങ്ങൾ നഗരസഭകളുടെ നേതൃത്വത്തിൽ അടിയന്തര പ്രാധാന്യത്തോടെ നടത്തിയിട്ടുണ്ട്.

## ബാലുശ്ശേരി മണ്ഡലത്തിൽ വിവിധ പ്രദേശങ്ങളിൽ ബസ് ഷെൽട്ടർ

110(3542) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ ബസ് ഷെൽട്ടർ നിർമ്മിക്കുന്നതിനായി GO.(Rt)No: 2176/17/LSGD നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ചിരുന്ന പ്രവൃത്തി ആരംഭിക്കുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബസ് ഷെൽട്ടർ നിർമ്മിക്കുന്നതിനായി സിഡ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ബസ്സ് ഷൽട്ടർ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(സി) ബാലുശ്ശേരി മണ്ഡലത്തിലെ ബസ് ഷെൽട്ടർ നിർമ്മാണ പ്രവൃത്തി വേഗത്തിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ-സി) ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ 10 സ്ഥലങ്ങളിൽ ബസ് ഷെൽട്ടർ നിർമ്മാണം എന്ന പ്രവൃത്തി സിഡ്കോ മുഖേന നടപ്പിലാക്കാൻ 28-6-2017-ലെ സ.ഉ.(സാധാ) നമ്പർ 2176/17/തസ്വഭവ. പ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ഭരണാനുമതിയിലെ ക്രമനമ്പർ 1 ,3, 8 എന്നീ മൂന്ന് ഇടങ്ങളിൽ ബസ് ഷെൽട്ടർ നിലവിലുണ്ട്. ബാക്കിവരുന്ന സ്ഥലങ്ങളിൽ ബസ് ഷെൽട്ടർ നിർമ്മിക്കാൻ സ്ഥലപരിമിതിയുണ്ട്. പുതിയ സ്ഥലം കണ്ടെത്തി കത്ത് നൽകാൻ ബന്ധപ്പെട്ട പഞ്ചായത്തുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥലസൗകര്യം ലഭിക്കുന്ന മുറയ്ക്ക് സിഡ്കോ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

## പഞ്ചായത്ത്, നഗരസഭ, ഗ്രാമവികസനം എന്നീ വകുപ്പുകളെ സംയോജിപ്പിച്ച് ഏകീകൃത പൊതുസർവ്വീസ് രൂപീകരണം

111(3543) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത്, നഗരസഭ, ഗ്രാമവികസനം എന്നീ മൂന്ന് വകുപ്പുകളെ സംയോജിപ്പിച്ച് ഏകീകൃത പൊതു സർവ്വീസ് രൂപീകരിക്കുന്നതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇത് സംബന്ധിച്ച് ജീവനക്കാരുമായും സർവ്വീസ് സംഘടനകളുമായും നടത്തിയ ചർച്ചയിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(സി) സംയോജനം സംബന്ധിച്ച് ലോക്കൽ ഗവൺമെന്റ് കമ്മീഷനിൽനിന്നും കരട് ചട്ടങ്ങൾ ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യത്യസ്ത തസ്തികകളിൽ നിന്നുമുള്ള സ്ഥാനക്കയറ്റം, നിയമനം അടക്കമുള്ള നടപടികൾ ഏത് രീതിയിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) പഞ്ചായത്ത്, നഗരസഭ, ഗ്രാമവികസനം എന്നീ മൂന്ന് വകുപ്പുകളെ സംയോജിപ്പിച്ച് ഏകീകൃത പൊതുസർവ്വീസ് രൂപീകരിക്കുന്ന നടപടിയുടെ ഭാഗമായി തയ്യാറാക്കിയ കരട് സ്പെഷ്യൽ റൂൾ ബന്ധപ്പെട്ട ജീവനക്കാരുടെ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ട്. സംഘടനകൾ ഉന്നയിച്ച ആവശ്യങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഉണ്ട്. പ്രസ്തുത കരട് ചട്ടത്തിൽ പ്രതിപാദിച്ചിട്ടുള്ള സ്ഥാനക്കയറ്റം, നിയമനം അടക്കമുള്ള വിവരങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

## തിരുവമ്പാടി നിയോജകമണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതി

112(3544) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് തിരുവമ്പാടി നിയോജക മണ്ഡലത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ എന്തെല്ലാം പ്രവർത്തനങ്ങളാണ് നാളിതുവരെ നടത്തിയതെന്ന് ഇനംതിരിച്ച് വിശദമാക്കുമോ;

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട് ഇനി എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത നിയോജക മണ്ഡലത്തിൽ ആവിഷ്കരിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണ കാലയളവ് വിശദമാക്കുമോ?

ഉത്തരം

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ഒന്നാം ഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം, രണ്ടാം ഘട്ടമായി ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണത്തിനുള്ള ധനസഹായം നൽകൽ എന്നീ പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളത്. തിരുവമ്പാടി നിയോജകമണ്ഡലത്തിലെ 312 പൂർത്തീകരിക്കാത്ത ഭവനങ്ങളിൽ നാളിതുവരെ 305 ഭവനങ്ങൾ ലൈഫ് മിഷൻ പദ്ധതിയിലൂടെ പൂർത്തീകരിച്ചു. ഭൂരഹിത ഭവനരഹിതരുടെ 808 പേരടങ്ങിയ ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽനിന്നും വിശദമായ പരിശോധനയ്ക്കുശേഷം കണ്ടെത്തിയ 369 അർഹരായ ഗുണഭോക്താക്കളിൽ 352 പേർക്ക് സാമ്പത്തിക സഹായം നൽകി നിർമ്മാണം തുടർന്നുവരുന്നു. നാളിതുവരെ 6 വീടുകൾ പൂർത്തീകരിച്ചു.

(ബി) ഒന്നാംഘട്ടത്തിൽ നിർമ്മാണം പൂർത്തീകരിക്കാൻ ബാക്കിയുള്ള 7 വീടുകൾ പൂർത്തീകരിക്കുവാനും, രണ്ടാംഘട്ടത്തിൽ എഗ്രിമെന്റ്വച്ച് പ്രവൃത്തി നടന്നുവരുന്ന 363 വീടുകൾ പൂർത്തീകരിക്കുവാനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ യോഗ്യതയുള്ള ഗുണഭോക്താക്കളെ കരാർ വച്ച് ധനസഹായം നൽകുന്നതിനുള്ള പ്രവർത്തനം ഏറ്റെടുക്കുന്നതാണ്. അടുത്ത ഘട്ടത്തിൽ ഭൂരഹിതരായ ഭവനരഹിതർക്ക് ഭവന സമുച്ചയം നിർമ്മിച്ച് ഭവനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) പദ്ധതി കാലയളവായ 2021-ൽ പദ്ധതി പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

## പ്രളയാനന്തരം മാലിന്യ നിർമ്മാർജ്ജനം

113(3545) ശ്രീ. സി. ദിവാകരൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയദുരന്തത്തിനുമുമ്പ് ഉപയോഗപ്രദമായിരുന്നതും പിന്നീട് ഉപയോഗശൂന്യമായതുമായ വീട്ടുപകരണങ്ങൾ, പൊളിഞ്ഞുവീണ കെട്ടിട അവശിഷ്ടങ്ങൾ, പ്രളയത്തിൽ നശിച്ച മരങ്ങളും അവശിഷ്ടങ്ങളും, വാഹനങ്ങൾ എന്നിവയുടെ നിർമ്മാർജനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ദുരിതാശ്വാസ ക്യാമ്പുകളുടെ പ്രവർത്തനഫലമായി ഉണ്ടായ പാക്കിംഗ് വേസ്റ്റുൾപ്പെടെയുള്ള മാലിന്യങ്ങളുടെ സംസ്കരണം സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രളയസമയത്ത് ഉപയോഗശൂന്യമായ ഇലക്ട്രോണിക് മാലിന്യങ്ങളുടെ സംസ്കരണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) മാലിന്യ നിർമ്മാർജനത്തിൽ ഏതൊക്കെ ഏജൻസികൾ സഹകരിച്ചുവെന്നും പൊതുജന പങ്കാളിത്തം എത്രമാത്രം സഹായകര മായിരുന്നെന്നും വിശദമാക്കുമോ?

### ഉത്തരം

(എ) പ്രളയബാധിത പ്രദേശങ്ങളിലെ അജൈവമാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയിരുന്നു. പ്ലാസ്റ്റിക്, കുപ്പി, ബാഗ്, ചെരുപ്പ്, പ്ലാസ്റ്റിക് നിർമ്മിത കളിപ്പാട്ടങ്ങൾ, റബ്ബർ, ചില്ലുകുപ്പികൾ, റക്സിൻ, തുണി, മെത്ത, തലയണ എന്നിവയാണ് പ്രധാനമായും ക്ലീൻ കേരള കമ്പനി മുഖേന ശേഖരിച്ച് സംസ്കരണത്തിന് കൈമാറിയിട്ടുള്ളത്. പ്രളയബാധിത പ്രദേശങ്ങളിലെ കെട്ടിടാവശിഷ്ടങ്ങളും മരങ്ങളും മറ്റും നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ദുരിതാശ്വാസ ക്യാമ്പുകളിലും കളക്ഷൻ പോയിന്റുകളിലുംവരുന്ന അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സ്റ്റോറേജ് സൗകര്യങ്ങൾ കണ്ടെത്തി പിന്നീട് അവ റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിലെത്തിച്ച് പുനഃചംക്രമണത്തിന് വിധേയമാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ക്ലീൻ കേരള കമ്പനിക്ക് നിർദ്ദേശം നൽകിയിരുന്നു. പ്ലാസ്റ്റിക് ബോട്ടിലുകൾ ശേഖരിച്ച് ബന്ധപ്പെട്ട ഏജൻസികൾക്ക് കൈമാറുന്നതിനും പ്ലാസ്റ്റിക് മാലിന്യങ്ങൾ ഷ്രെഡ്ഡ് ചെയ്ത് റോഡ് ടാറിംഗിന് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുവാൻ ക്ലീൻ കേരള കമ്പനിക്ക് നിർദ്ദേശം നൽകിയിരുന്നു. ദുരിതാശ്വാസ ക്യാമ്പുകളിൽ ഉണ്ടായിരുന്ന പാക്കിംഗ് വേസ്റ്റ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി ശേഖരിക്കുകയും ഇവയിൽ പുനഃചംക്രമണ യോഗ്യമായവ റീസൈക്ലിംഗ് ഏജൻസികൾക്കും ബാക്കിയുള്ളവ ശാസ്ത്രീയമായ ലാൻഡ് ഫില്ലിംഗിനുമായി കൈമാറുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഇ-മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണത്തിനായി അംഗീകൃത ഏജൻസികൾക്ക് കൈമാറുന്നതിന് ക്ലീൻകേരള കമ്പനിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. പ്രളയക്കെടുതിയെ തുടർന്ന് വർദ്ധിച്ച തോതിൽ മാലിന്യം അടിഞ്ഞുകൂടിയ സാഹചര്യത്തിൽ ക്ലീൻ കേരള കമ്പനിക്കുപുറമെ ശുചിത്വ മിഷൻ അംഗീകരിച്ചിട്ടുള്ള ഗ്രീൻ വേംസ് എക്കോ സൊല്യൂഷൻസ്, എൽ.എൽ.പി. വെസ്റ്റ് ഹിൽ, കോഴിക്കോട്, ക്രിസ്സ് ഗ്ലോബൽ ട്രേഡേഴ്സ്, വെങ്ങൽ, ആലുംതുരുത്തി പി. ഒ., തിരുവല്ല, ഒലീന മഹിളാ സമാജം, വെസ്റ്റ് ഹിൽ, കോഴിക്കോട്, നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ്, കോഴിക്കോട്, പ്ലാസ്റ്റിക് റീസൈക്ലിംഗ് ഇൻഡസ്ട്രിയൽ അസോസിയേഷൻ, പെരുമ്പാവൂർ, എറണാകുളം, സ്ക്രാപ്പ് മർച്ചന്റ്സ് അസോസിയേഷൻ എന്നീ സ്ഥാപനങ്ങളുടെ സേവനം കൂടി ഈ ആവശ്യത്തിലേയ്ക്ക് പ്രയോജനപ്പെടുത്തിയിരുന്നു. കൂടാതെ അജൈവ മാല്യസംസ്കരണത്തിന് കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് എന്ന കമ്പനിയുടെ സേവനംകൂടി ആവശ്യമെങ്കിൽ ഉൾപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിരുന്നു.

(ഡി) വർദ്ധിച്ച തരത്തിലുള്ള പൊതുജന പങ്കാളിത്തത്തോടൊപ്പം ക്ലീൻ കേരള കമ്പനി, ഹരിത സഹായ സ്ഥാപനങ്ങൾ, കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, ഗ്രീൻ വേംസ് എക്കോ സൊല്യൂഷൻസ്, എൽ.എൽ.പി. വെസ്റ്റ് ഹിൽ, കോഴിക്കോട്, ക്രിസ്സ് ഗ്ലോബൽ ട്രേഡേഴ്സ്, വെങ്ങൽ, ആലുംതുരുത്തി പി.ഒ., തിരുവല്ല, ഒലീന മഹിളാ സമാജം, വെസ്റ്റ് ഹിൽ, കോഴിക്കോട്, നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ്, കോഴിക്കോട്, പ്ലാസ്റ്റിക് റീസൈക്ലിംഗ് ഇൻഡസ്ട്രിയൽ അസോസിയേഷൻ, പെരുമ്പാവൂർ, എറണാകുളം, സ്ക്രാപ്പ് മർച്ചന്റ്സ് അസോസിയേഷൻ എന്നീ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും സേവനങ്ങൾ അജൈവ മാലിന്യസംസ്കരണത്തിന് ഉപയോഗിച്ചിട്ടുണ്ട്.

## തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ പദ്ധതി രൂപീകരണവും നിർവ്വഹണവും

114(3546) ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. സജി ചെറിയാൻ:
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിൽ പദ്ധതി രൂപീകരണവും നിർവ്വഹണവും സമയബന്ധിതവും കാര്യക്ഷമവുമാക്കുന്നതിന് ഈ സർക്കാർ നടത്തിയ ഇടപെടലുകൾ അറിയിക്കാമോ; മുൻ കാലത്തെ അപേക്ഷിച്ച് കൈവരിച്ച പുരോഗതി അറിയിക്കാമോ;

(ബി) പ്രളയം സൃഷ്ടിച്ച പ്രതിസന്ധിക്കിടയിലും തദ്ദേശ സ്ഥാപനങ്ങളിലെ ഈ വർഷത്തെ പദ്ധതിയിൽ പുരോഗതി കൈവരിക്കാനായോ; ഇതിനായി ചെയ്ത പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) നാടിന്റെ വികസനം ജനാഭിലാഷത്തിനനുസരിച്ച് എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച ജനകീയാസൂത്രണം രാജ്യവ്യാപകമായി പകർത്താൻ കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) ഈ സർക്കാർ പുതുക്കിയ രൂപത്തിൽ നടപ്പാക്കിവരുന്ന രണ്ടാം ഘട്ട ജനകീയാസൂത്രണ പരിപാടി ലക്ഷ്യം കാണുന്നതിന് നടത്തിവരുന്ന ഇടപെടലുകൾ വിശദമാക്കാമോ?

### ഉത്തരം

(എ&ബി) പതിമൂന്നാം പദ്ധതിക്ക് മുമ്പുണ്ടായിരുന്ന 8 മാസം പദ്ധതി രൂപീകരണം, 4 മാസം പദ്ധതി നിർവ്വഹണം എന്ന രീതിക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാറ്റമുണ്ടായി. 2017-18-ൽ എല്ലാ തദ്ദേശ സ്ഥാപനങ്ങളുടെയും വാർഷിക പദ്ധതികൾ 2017 ജൂൺ 15-ാം തീയതിക്കുമുമ്പ് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ചു. 2018-19 വർഷത്തിൽ 1147 തദ്ദേശഭരണ സ്ഥാപനങ്ങൾ 2018 മാർച്ച് 31-ന് മുമ്പും ശേഷിച്ച 53 എണ്ണം 2018 ഏപ്രിൽ മാസത്തിലും പദ്ധതികൾ ജില്ലാ ആസൂത്രണ സമിതികളുടെ അംഗീകാരത്തിനായി സമർപ്പിക്കുകയുണ്ടായി. സംസ്ഥാനത്തുണ്ടായ പ്രളയം കാരണം തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിൽ കുറച്ച് സമയനഷ്ടമുണ്ടായെങ്കിലും പദ്ധതി രൂപീകരണവും അംഗീകാരവും നേരത്തെതന്നെ പൂർത്തിയാക്കിയതുകൊണ്ട് ഏറ്റവും പുതിയ കണക്കുകളനുസരിച്ച് സംസ്ഥാനത്തെ

തദ്ദേശഭരണ സ്ഥാപനങ്ങളുടെ നടപ്പുസാമ്പത്തിക വർഷത്തെ പദ്ധതി ചെലവ് മുൻവർഷങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണ്.

| വർഷം | ജനറൽ | എസ്.സി.പി. | റ്റി.എസ്.പി. | ആകെ |
|---|---|---|---|---|
| 2018-19 | 48.88 | 35.47 | 32.61 | 44.37 |
| 2017-18 | 38.14 | 22.85 | 3.34 | 28.28 |
| 2016-17 | 28.24 | 5.93 | 1.03 | 11.73 |
| 2015-16 | 33.05 | 13.44 | 2.07 | 19.52 |
| 2014-15 | 31.41 | 14.60 | 2.53 | 22.85 |

പദ്ധതി നിർവ്വഹണത്തിന് പൂർണ്ണമായും ഒരു വർഷം ലഭിക്കത്തക്ക രീതിയിൽ മാർച്ച് 31-ന് മുമ്പുതന്നെ പദ്ധതി അംഗീകാരം നേടുന്നതിന് നടപടികൾ സ്വീകരിച്ചത്. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ജില്ലാതലങ്ങളിൽ നടത്തിവരുന്ന പദ്ധതി നിർവ്വഹണ അവലോകന യോഗങ്ങൾ, പഞ്ചായത്ത് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന പ്ലാൻ മോണിറ്ററിംഗ് സെൽ നിരന്തരം പദ്ധതി പുരോഗതി നേരിട്ട് വിലയിരുത്തുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നത് എന്നിവ പദ്ധതി പുരോഗതിയിൽ മുന്നേറ്റമുണ്ടാക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

(സി) കേരളത്തിൽ രണ്ട് ദശാബ്ദമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജനകീയാസൂത്രണം മാതൃകയിൽ ഇന്ത്യയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലേയ്ക്കും 'ഗ്രാമപഞ്ചായത്ത് വികസന പദ്ധതി' (Grama Panchayat Development Plan -GPDP) എന്ന പേരിൽ വ്യാപിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ പ്രാദേശിക ഗവൺമെന്റുകളെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരണ പ്രക്രിയ ലളിതവും കാര്യക്ഷമമാക്കുകയും പദ്ധതി രൂപീകരണം സമയബന്ധിതമാക്കുകയും ചെയ്തിട്ടുണ്ട്. പതിമൂന്നാം പദ്ധതിയിലെ ആദ്യ രണ്ട് വർഷങ്ങളിലെ പ്രധാന ഊന്നൽ പദ്ധതി ആസൂത്രണവും നിർവ്വഹണവും സമയബന്ധിതമാക്കുക എന്നതായിരുന്നു. തുടർന്നുള്ള വർഷങ്ങളിൽ പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനാണ് ഊന്നൽ നൽകുന്നത്. ഒപ്പം വിപുലമായ ജനകീയ ചർച്ചകളുടെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനം കൂടുതൽ ജനോപകാരപ്രദവും വികസനോന്മുഖവുമാക്കുന്നതിനും നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തുകയും സർക്കാർ ഉത്തരവുകളിൽ

ഇതിനാവശ്യമായ മാറ്റങ്ങളും വരുത്തിയിട്ടുണ്ട്. 2019-20 വാർഷിക പദ്ധതിക്ക് ഡിസംബർ 31-നകം ജില്ലാ ആസൂത്രണ സമിതി അംഗീകാരം ലഭ്യമാക്കുന്ന തരത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ 23-10-2018-ലെ സ.ഉ.(സാധാ) നമ്പർ 2710/2018/തസ്വഭവ. പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

## കില ആവിഷ്കരിച്ച കർമ്മപദ്ധതികൾ

115(3547) ശ്രീ. രാജു എബ്രഹാം:
ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. ബാബു:
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ മേഖലകളിൽ കാലാവസ്ഥാവ്യതിയാനം വരുത്തുന്ന മാറ്റങ്ങൾ നേരിടുന്നതിന് കില കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി മലയോരമേഖലയ്ക്കും തീരദേശമേഖലയ്ക്കുമായി പ്രത്യേകമായി പഠനവും പദ്ധതി രൂപീകരണവും നടത്തുമോ;

(സി) ഏതെല്ലാം സ്ഥാപനങ്ങളാണ് പ്രസ്തുത പഠനങ്ങൾക്കാവശ്യമായ സാങ്കേതിക സഹായം നൽകുന്നത്;

(ഡി) ഏതെല്ലാം ജില്ലകളിലാണ് ആദ്യഘട്ടത്തിൽ പദ്ധതി നടപ്പാക്കുന്നതെന്നും ഇതിനായി തദ്ദേശസ്ഥാപനങ്ങളിലെ ജീവനക്കാർക്കും ജനപ്രതിനിധികൾക്കും പരിശീലനം ആരംഭിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് വിവിധ മേഖലകളിൽ കാലാവസ്ഥാ വ്യതിയാനം വരുത്തുന്ന പ്രത്യാഘാതങ്ങൾ പ്രാദേശികമായി ലഘൂകരിക്കാൻ കാലാവസ്ഥാ വ്യതിയാനം പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് മൂന്ന് ഘട്ട പഠനപരമ്പര കില നടത്തുന്നുണ്ട്. അതിൽ ഒന്നാംഘട്ട പരിശീലനം ഇപ്പോൾ കിലയിൽ നടന്നുകൊണ്ടിരിക്കുന്നു. 16-11-2017-ൽ ആരംഭിച്ച ഒന്നാംഘട്ട പരിശീലനത്തിൽ ഇതുവരെ 220 തദ്ദേശഭരണ സ്ഥാപനങ്ങളാണ് പങ്കെടുത്തിട്ടുള്ളത്. ഈ പരിശീലനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, സെക്രട്ടറി, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ (വികസനം,

ക്ഷേമം, ആരോഗ്യ-വിദ്യാഭ്യാസം), വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺമാർ, വൈസ് ചെയർപേഴ്സൺമാർ (ആരോഗ്യം, കുടിവെള്ളം, കൃഷി, വിദ്യാഭ്യാസം), 6 ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി (ബി.എം.സി.) അംഗങ്ങൾ എന്നിവരാണ് പങ്കെടുക്കുന്നത്. ഒന്നാംഘട്ട പരിശീലനത്തിൽ പങ്കെടുത്ത തദ്ദേശ ഭരണ സ്ഥാപനങ്ങൾ 'കാലാവസ്ഥാ വ്യതിയാനം- പ്രാദേശിക കർമ്മപദ്ധതി' തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

(ബി) ആദ്യഘട്ട കാലാവസ്ഥ വ്യതിയാനം - പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കൽ എന്ന പരിശീലനത്തിൽ ഹോട്ട് സ്പോട്ട് ജില്ലകളായ വയനാട്, ഇടുക്കി, ആലപ്പുഴ, പാലക്കാട് ജില്ലകൾക്കാണ് പരിശീലനം നൽകിയിരുന്നത്. പ്രളയാനന്തരം മറ്റ് ജില്ലകൾക്കും പരിശീലനം നൽകിക്കൊണ്ടിരിക്കുന്നു. മലയോരം, തീരദേശം, തണ്ണീർത്തടങ്ങൾ തുടങ്ങി വിവിധ പ്രദേശങ്ങൾക്ക് അനുസൃതമായാണ് പരിശീലന പരിപാടികൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്. തീരദേശമേഖലയ്ക്ക് 'കോസ്റ്റൽ ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച്' എന്ന പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ചൂട് കൂടിവരുന്ന പ്രദേശങ്ങളിൽ 'ഹീറ്റ് ആക്ഷൻ പ്ലാൻ' തയ്യാറാക്കുവാനും പരിശീലന പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. അതുപോലെ കാർബൺ ന്യൂട്രൽ പഞ്ചായത്തുകളാകാനുള്ള പരിശീലന സഹായവും തയ്യാറാക്കപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് "ചൂടിനെ നേരിടാൻ", "കാലാവസ്ഥാ വ്യതിയാനവും കാർഷിക മേഖലയും", "കാലാവസ്ഥാ വ്യതിയാനവും മൃഗപരിപാലനവും" എന്നീ മൂന്ന് കൈപ്പുസ്തകങ്ങളും തയ്യാറാക്കിയിട്ടുണ്ട്.

(സി) ക്ലൈമറ്റ് ചേഞ്ച് ഇന്നോവേഷൻ പ്രോഗ്രാം, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി (ഡിപ്പാർട്ട്മെന്റ് ഓഫ് അറ്റ്മോസ്ഫിയറിക് സയൻസ്), ഇന്ത്യൻ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം, കില- ജിയോ ഇൻഫോമാറ്റിക്സ് സെന്റർ എന്നീ സ്ഥാപനങ്ങളാണ് പഠനങ്ങൾക്കാവശ്യമായ സാങ്കേതിക സഹായം നൽകുന്നത്.

(ഡി) 2017 നവംബർ 16-ന് ആദ്യഘട്ടമെന്ന നിലയിൽ ഹോട്ട് സ്പോട്ട് ജില്ലകളായ ഇടുക്കി, വയനാട്, ആലപ്പുഴ, പാലക്കാട് ജില്ലകളെ കേന്ദ്രീകരിച്ചുള്ള പരിശീലനമായിരുന്നു നടത്തിയത്. 2018 ആഗസ്റ്റിൽ പ്രളയാനന്തരം എല്ലാ ജില്ലകളിലേയ്ക്കും ഈ പരിശീലനം നൽകി തുടങ്ങിയിട്ടുണ്ട്. ഹോട്ട് സ്പോട്ട് ജില്ലകൾ കൂടാതെ തൃശ്ശൂർ, എറണാകുളം, പത്തനംതിട്ട, കോട്ടയം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ 7 ജില്ലകൾക്കുകൂടി പരിശീലനം നൽകിവരുന്നു. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, സെക്രട്ടറി, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ

(വികസനം, ക്ഷേമം, ആരോഗ്യ-വിദ്യാഭ്യാസം), വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺമാർ, വൈസ് ചെയർപേഴ്സൺമാർ (ആരോഗ്യം, കുടിവെള്ളം, കൃഷി, വിദ്യാഭ്യാസം), 6 ബി.എം.സി. അംഗങ്ങൾ എന്നിവർക്കാണ് ആദ്യഘട്ട പരിശീലനം നൽകിയിരുന്നത്. ജില്ലാതലങ്ങളിൽ വച്ച് പുതിയതായി രൂപീകരിച്ച എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെയും വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്ക് പരിശീലനം നൽകിയിട്ടുണ്ട്.

## ആസ്തി വികസന ഫണ്ടിന്റെ സമയബന്ധിതമായ ഉപയോഗം

116(3548) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഇതരവകുപ്പുകളുടെ ചുമതലയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിർദ്ദേശിക്കപ്പെടുമ്പോൾ ഫണ്ട് ഡെപ്പോസിറ്റ് ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) എം.എൽ.എ. നിർദ്ദേശിക്കപ്പെട്ട തുകയുടെ അടിസ്ഥാനത്തിൽ ഭരണാനുമതി ലഭിച്ചശേഷം ഫണ്ട് ഡെപ്പോസിറ്റ് ചെയ്യുന്നതിനായി കാലതാമസം ഉണ്ടാകുമ്പോൾ പദ്ധതിയുടെ പൂർത്തീകരണത്തിന് നിർദ്ദേശിക്കപ്പെട്ട തുക അപര്യാപ്തമാവുകയും പദ്ധതി പൂർത്തീകരിക്കുന്നതിന് കഴിയാതെയുംവരുന്ന സാഹചര്യത്തിൽ ഭരണാനുമതി ലഭിച്ചശേഷം സമയബന്ധിതമായി തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാലതാമസമുണ്ടാകാതിരിക്കാൻ നിർവ്വഹണോദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനം

117(3549) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. അനിൽ അക്കര:
ശ്രീ. എ.പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനം മന്ദഗതിയിലായ സാഹചര്യത്തിൽ സർക്കാർ ജില്ലാതല യോഗങ്ങൾ വിളിച്ചിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത യോഗങ്ങളിലെ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു;

(സി) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതികൾക്കായി സർക്കാർ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം ചെയ്യുന്നതിലേയ്ക്കായി ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ജില്ലാതല അവലോകന യോഗങ്ങൾ നടന്നുവരുന്നു.

ഇടുക്കി, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, തിരുവനന്തപുരം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിൽ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാതല യോഗങ്ങൾ വിളിച്ചുചേർത്തിട്ടുള്ളതാണ്.

(ബി) 2018-19-ലെ വാർഷിക പദ്ധതി പുരോഗതി ജില്ലാതലത്തിൽ അവലോകനം ചെയ്തു. ഡിസംബർ 31-നകം 70 ശതമാനം തുക വിനിയോഗിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു. 2019-20 വാർഷിക രൂപീകരണ നടപടി ഡിസംബർ 31-നകം പൂർത്തീകരിച്ച് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടേണ്ടതും ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ പദ്ധതി പുരോഗതി അവലോകനം ചെയ്യേണ്ടതും ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പുരോഗതി ജില്ലാ കളക്ടർമാർ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തി മോണിറ്റർ ചെയ്യേണ്ടതാണെന്നും തീരുമാനിച്ചു.

(സി) സംസ്ഥാനം നേരിട്ട പ്രളയദുരന്തത്തിന്റെ പശ്ചാത്തലത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിക്കൊണ്ടുള്ള സർക്കാരിന്റെ 19-9-2018-ലെ സ.ഉ. (സാധാ) നമ്പർ 2462/2018/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം എന്നീ മേഖലകൾക്ക് പ്രധാന്യം നൽകിക്കൊണ്ട് ഒരു പുതിയ വർക്കിംഗ് ഗ്രൂപ്പ് നിർബന്ധമായും രൂപീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

2019-20 വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മഹാപ്രളയത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവരുടെ തൊഴിൽ ഉറപ്പാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രോജക്ടുകൾക്കും അതുപോലെ പ്രളയത്തിൽ നശിച്ചതോ കേടുപാടുകൾ വന്നതോ ആയ പൊതു ആസ്തികളുടെ അറ്റകുറ്റപ്പണികൾക്കും പുനർനിർമ്മാണത്തിനുമുള്ള പ്രോജക്ടുകൾക്കും ഉയർന്ന പരിഗണന നൽകേണ്ടതാണെന്ന് സർക്കാരിന്റെ 23-10-2018-ലെ സ.ഉ.(സാധാ) നമ്പർ2710/2018/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ നിർദ്ദേശിക്കുകയുണ്ടായി.

**ഹെക്സാ പാർക്ക്**

118(3550) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള സ്ഥലത്ത് ടൂറിസം വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികളിലൊന്നായ ഹെക്സാ പാർക്കിന്റെ പദ്ധതി നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പെർമിസീവ് സാംഗ്ഷൻ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷയിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് (ഫയൽ നമ്പർ ആർ.സി1/138/18) എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത സാംഗ്ഷൻ ലഭ്യമാകുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് ഉള്ളതെന്നും ഇതിന്റെ അനുമതി എന്ന് ലഭ്യമാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പ്രസ്തുത വിഷയത്തിൽ നഗരകാര്യ ഡയറക്ടറുടെ വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**നിലമ്പൂർ മണ്ഡലത്തിലെ പദ്ധതികൾ**

119(3551) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ എം.എൽഎ.-യുടെ ആസ്തി വികസന ഫണ്ട്,

പ്രാദേശിക വികസന ഫണ്ടെന്നിവ ഉപയോഗിച്ച് തദ്ദേശ സ്വയംഭരണവകുപ്പ് മുഖേന നടപ്പിലാക്കുന്ന ഏതെല്ലാം പദ്ധതികളാണുള്ളത് ;

(ബി) ഓരോന്നിന്റെയും നിലവിലെ അവസ്ഥ അറിയിക്കാമോ; ഇതുമായി ബന്ധപ്പെട്ട ഫയലുകളിൽ കാലതാമസം വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ; ഫയൽ നടപടി വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) നിലമ്പൂർ മണ്ഡലത്തിലെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് തദ്ദേശസ്വയംഭരണ (എഞ്ചിനീയറിംഗ്) വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിവരവും നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവുമടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*. ഫയൽ നടപടികൾ വേഗത്തിലാക്കാനുള്ള നടപടികൾ തദ്ദേശസ്വയംഭരണ (എഞ്ചിനീയറിംഗ്) വിഭാഗം സ്വീകരിക്കുന്നുണ്ട്.

**ഇൻഫർമേഷൻ കേരള മിഷന്റെ പ്രവർത്തനങ്ങൾ**

120(3552) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.കെ.എം.-ന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ എത്ര സ്ഥിരം ജീവനക്കാർ, ഡെപ്യൂട്ടേഷൻ, താത്കാലിക ജീവനക്കാർ വീതം ഉണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ താത്കാലിക ജീവനക്കാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് വിശദമാക്കുമോ?

ഉത്തരം

(എ) കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നെറ്റ്‌വർക്ക് സംവിധാനങ്ങളും സ്ഥാപിക്കുക, വിവിധ ആവശ്യങ്ങൾക്കായി സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

രൂപകൽപ്പന ചെയ്ത് വിന്യസിക്കുക എന്നിവയാണ് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഇ-ഗവേണൻസ് നടപ്പാക്കുകയെന്ന ലക്ഷ്യത്തോടെ രൂപീകരിച്ച ഇൻഫർമേഷൻ കേരള മിഷന്റെ (ഐ.കെ.എം.) പ്രധാന പ്രവർത്തനങ്ങൾ. ഗ്രാമപഞ്ചായത്തുകളുടെ വിവിധ പ്രവർത്തങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം ലക്ഷ്യമാക്കി ഇൻഫർമേഷൻ കേരള മിഷൻ പതിനാറോളം ആപ്ലിക്കേഷൻ സോഫ്റ്റ്വെയറുകൾ വികസിപ്പിച്ച് വിന്യസിപ്പിച്ചിട്ടുണ്ട്. 1184 തദ്ദേശ ഭരണ സ്ഥാപനങ്ങളെ സ്റ്റേറ്റ് ഡാറ്റാ സെന്ററുമായി KSWAN/VPN കണക്ടിവിറ്റി സ്ഥാപിക്കുക വഴി പൊതുജനങ്ങൾക്കും തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ വെബ് അധിഷ്ഠിത സേവനങ്ങളിലൂടെ ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(സി) പ്രത്യേക മാനദണ്ഡങ്ങളൊന്നും നിശ്ചയിച്ചിട്ടില്ല.

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി അടങ്കൽ തുക**

121(3553) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി അടങ്കൽ തുക എത്രയായിരുന്നു; അതിൽ നാളിതുവരെ എന്ത് തുക ചെലവഴിച്ചു; ഇത് ആകെ അടങ്കൽ തുകയുടെ എത്ര ശതമാനമാണ്;

(ബി) 2017-18 സാമ്പത്തിക വർഷം അനുവദിച്ച തുക മുഴുവൻ ചെലവഴിച്ച് പദ്ധതികൾ നടപ്പിലാക്കിയ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏതൊക്കെയാണ്;

(സി) മാർച്ച് മാസം തിരക്കിട്ട് പദ്ധതി പണം ചെലവഴിക്കുന്ന പ്രവണത അവസാനിപ്പിക്കുവാൻ എന്തെങ്കിലും നടപടി ആലോചിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി അടങ്കൽത്തുക, 2018 മാർച്ച് 31 വരെയുള്ള ചെലവ്, ചെലവ് ശതമാനം എന്നിവ ചുവടെ ചേർക്കുന്നു:

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| തദ്ദേശ ഭരണ സ്ഥാപന തരം | പദ്ധതി അടങ്കൽ തുക | ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 3044.82 കോടി | 2760.1 കോടി | 90.65% |
| ജില്ലാ പഞ്ചായത്ത് | 792.5 കോടി | 563.19 കോടി | 71.06 % |
| കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി | 1564.85 കോടി | 1260.98 കോടി | 80.58 % |
| ബ്ലോക്ക് പഞ്ചായത്ത് | 79250.03 ലക്ഷം | 70863.54 ലക്ഷം | 89.42 % |

(ബി) 2017-18 സാമ്പത്തിക വർഷം അനുവദിച്ച തുക മുഴുവൻ ചെലവഴിച്ച് പദ്ധതികൾ നടപ്പിലാക്കിയ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

(സി) മാർച്ച് മാസത്തിൽ തിരക്കിട്ട് പദ്ധതി പണം ചെലവഴിക്കുന്ന പ്രവണത അവസാനിപ്പിക്കുന്നതിനായി പദ്ധതി നിർവ്വഹണത്തിന് പൂർണ്ണമായും ഒരു വർഷം ലഭിക്കത്തക്ക വിധത്തിൽ മാർച്ച് മാസത്തിൽ പദ്ധതി അംഗീകാരം നേടുന്നതിന് പഞ്ചായത്തുകൾക്ക് കർശന നിർദ്ദേശം നൽകുകയും ത്രൈമാസ ടാർജറ്റ് നിശ്ചയിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

അവലോകന യോഗങ്ങളിൽ നഗരസഭകൾക്ക് ഡിസംബർ 31-നുള്ളിൽ പദ്ധതിയുടെ 75 ശതമാനം പൂർത്തിയാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനം കുറവുള്ള നഗരസഭകൾക്ക് പ്രത്യേകമായി നിർദ്ദേശം നൽകി. പദ്ധതി പ്രവർത്തനത്തിന്റെ ചെലവ് വർദ്ധിപ്പിക്കാൻ വേണ്ട നടപടികളും നടന്നുവരുന്നുണ്ട്.

ബ്ലോക്കുതലത്തിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് മേഖല-ജില്ലാതല യോഗങ്ങൾ സമയബന്ധിതമായി ചേരുകയും ഉദ്യോഗസ്ഥർക്കുവേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നുണ്ട്.

## തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി

122(3554) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ഇനത്തിൽ അനുവദിച്ച തുകയിൽ നാളിതുവരെയായി എത്ര ശതമാനം ആണ് ചെലവഴിച്ചിട്ടുള്ളതെന്ന് സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിനത്തിൽ അനുവദിച്ച തുകയിൽ നാളിതുവരെയായി ചെലവഴിച്ച തുകയും ശതമാനവും അനുബന്ധമായി ചേർക്കുന്നു*.

## ലൈഫ് ഭവന പദ്ധതി

123(3555) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) പൂർത്തീകരിച്ച വീടുകൾ ഉപഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണം ഏതെല്ലാം പഞ്ചായത്തുകളിൽ എന്ന് വ്യക്തമാക്കുമോ;

(സി) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിച്ചവരുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) ജില്ലയിൽ ലൈഫ് ഭവന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഏറ്റെടുത്ത 6151 പൂർത്തീകരിക്കാത്ത ഭവനങ്ങളിൽ 5868 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. ലൈഫ് ഭവന പദ്ധതിയുടെ രണ്ടാം ഘട്ടമായി ഏറ്റെടുത്ത് നിർമ്മാണം ആരംഭിച്ച ഭൂമിയുള്ള ഭവനരഹിത ഗുണഭോക്താക്കളിൽ 17 കുടുംബങ്ങൾ വീട് നിർമ്മാണം പൂർത്തീകരിച്ചു.

(ബി) ഉണ്ട്. 17 എണ്ണം. ചെമ്മരുതി - 13, പെരിങ്ങമല - 4.

(സി) ലൈഫ് ഒന്നാം ഘട്ടത്തിൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുള്ള ഗുണഭോക്താക്കൾക്ക് നൽകിയ സാമ്പത്തിക സഹായത്തിന്റെ തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള കണക്ക് താഴെപ്പറയുന്നു.

| തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് | സാമ്പത്തിക സഹായം ലഭിച്ചവരുടെ എണ്ണം |
|---|---|
| നെടുമങ്ങാട് മുനിസിപ്പാലിറ്റി | 33 |
| വെമ്പായം ഗ്രാമപഞ്ചായത്ത് | 4 |
| നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് | 49 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | |
|---|---|
| നെടുമങ്ങാട് പട്ടികജാതി വികസന ഓഫീസ് | 3 |

ലൈഫ് ഭവന പദ്ധതി രണ്ടാം ഘട്ടത്തിൽ ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് നൽകിയ ധനസഹായത്തിന്റെ തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള കണക്ക് താഴെപ്പറയുന്നു.

| **തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്** | **സാമ്പത്തിക സഹായം ലഭിച്ചവരുടെ എണ്ണം** |
|---|---|
| കരകുളം ഗ്രാമപഞ്ചായത്ത് | 243 പേർക്ക് ഒന്നാം ഗഡുവും<br>16 പേർക്ക് രണ്ടാം ഗഡുവും നൽകി |
| മാണിക്കൽ ഗ്രാമപഞ്ചായത്ത് | 322 പേർക്ക് ഒന്നാം ഗഡുവും<br>36 പേർക്ക് രണ്ടാം ഗഡുവും<br>3 പേർക്ക് മൂന്നാം ഗഡുവും നൽകി |
| അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് | 101 പേർക്ക് ഒന്നാം ഗഡുവും<br>3 പേർക്ക് രണ്ടാം ഗഡുവും നൽകി |
| പോത്തൻകോട് ഗ്രാമപഞ്ചായത്ത് | 110 പേർക്ക് ഒന്നാം ഗഡുവും<br>3 പേർക്ക് രണ്ടാം ഗഡുവും നൽകി |
| വെമ്പായം ഗ്രാമപഞ്ചായത്ത് | 160 പേർക്ക് ഒന്നാം ഗഡുവും<br>26 പേർക്ക് രണ്ടാം ഗഡുവും നൽകി |

## ലൈഫ് പദ്ധതി

124(3556) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതി പ്രകാരവും മറ്റു ഭവന പദ്ധതികൾ വഴിയും അനർഹമായി ഫണ്ട് കൈപ്പറ്റിയ പതിനൊന്നായിരത്തിലധികം പേരെ കുറിച്ച് സർക്കാരിന് കൃത്യമായ വിവരങ്ങൾ ലഭ്യമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരിശോധനയിൽ ഇവരെ കണ്ടെത്താൻ കഴിയാത്ത സാഹചര്യമുണ്ടോ; ചിലർ മരണപ്പെടുകയും മറ്റ് ചിലർ അന്യസംസ്ഥാനങ്ങളിലേയ്ക്ക് താമസം മാറ്റുകയും ചെയ്ത സാഹചര്യമുണ്ടോ; വ്യക്തമാക്കുമോ;

(സി) കോടിക്കണക്കിനു രൂപയുടെ നഷ്ടം സർക്കാരിന് ഇതു വഴി സംഭവിച്ചതായുള്ള റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;

(ഡി) റേഷൻ കാർഡില്ലാത്തതിനാൽ പദ്ധതിയിൽനിന്നും പുറത്തായ ഭൂമിയുള്ള ഭവനരഹിതരുടെ കാര്യത്തിൽ സർക്കാരിന്റെ തീരുമാനമെന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) ഗുണഭോക്താവ് ഉൾപ്പെട്ട റേഷൻ കാർഡിലെ മറ്റൊരാൾക്ക് സ്വന്തമായി വീടുണ്ടെങ്കിൽ അർഹതപ്പെട്ട ഗുണഭോക്താവിനെ പദ്ധതിയിൽ പരിഗണിക്കാത്ത സാഹചര്യമുണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ&ബി) ലൈഫ് പദ്ധതി പ്രകാരം അനർഹരായി ആരുംതന്നെ സഹായം കൈപ്പറ്റിയിട്ടില്ല. 2000-2001 സാമ്പത്തിക വർഷം മുതൽ വിവിധ സർക്കാർ ഭവനപദ്ധതികൾ പ്രകാരം ധനസഹായം വാങ്ങിയതും എന്നാൽ നാളിതുവരെ പൂർത്തിയാക്കാത്തതുമായ ചില ഗുണഭോക്താക്കളെ ലൈഫ് മിഷന്റെ ആദ്യഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുന്ന ഭവന പദ്ധതിയിൽ ഉൾക്കൊള്ളിച്ച് ധനസഹായം ലഭ്യമാക്കാൻ പരിഗണിച്ചപ്പോൾ ചിലരെ കണ്ടെത്താൻ കഴിഞ്ഞില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവരെല്ലാം അനർഹരാണെന്ന് സർക്കാർ കരുതുന്നില്ല. കണ്ടെത്താൻ കഴിയാത്തവരിൽ മരണപ്പെട്ടവരും സ്ഥലംമാറി പോയവരുമുണ്ട്. കൂടാതെ ചില ഗുണഭോക്താക്കൾ മറ്റ് തരത്തിൽ വീട് നിർമ്മാണം പൂർത്തിയാക്കിയവരുമുണ്ട്.

(സി) മുൻകാലങ്ങളിലെ ഭവന പദ്ധതികളിൽ എത്ര അനർഹർ ആനുകൂല്യം കൈപ്പറ്റിയെന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

(ഡി) ഗുണഭോക്താവിനെ തെരഞ്ഞെടുത്ത സമയത്ത് റേഷൻ കാർഡുള്ള, വീടില്ലാത്ത കുടുംബത്തിനാണ് ലൈഫ് മുഖേന വീടിനുള്ള ധനസഹായം നൽകുന്നത്. റേഷൻ കാർഡില്ലാത്തവരെ (അർഹരായ അഗതികൾ ഒഴികെ) നിലവിൽ പരിഗണിക്കുന്നില്ല.

(ഇ) ഉണ്ട്. ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒരു യൂണിറ്റായി പരിഗണിച്ചാണ് ഭവനം നൽകുന്നത്.

## ലൈഫ് മിഷൻ അന്തിമ ഗുണഭോക്തൃ പട്ടിക

125(3557) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തി അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുവാനായി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടും കൂടുതൽ അർഹർ പട്ടികയിൽ ഉൾപ്പെടാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലൈഫ് പദ്ധതിയിലെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി 9-2-2017-ലെ 391/17/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം കുടുംബശ്രീ മുഖേന സർവ്വേ നടത്തുകയും തുടർന്ന് 31-7-2017-ലെ 151/2017/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുമുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും മൂന്ന് ഘട്ടങ്ങളിലായി ആക്ഷേപങ്ങൾ തീർപ്പാക്കി ഉദ്യോഗസ്ഥതല പരിശോധന നടത്തി അനർഹരെ ഒഴിവാക്കി അന്തിമ പട്ടിക തയ്യാറാക്കുകയും ചെയ്തു. ടി പട്ടിക ഗ്രാമസഭയിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

ലൈഫ് മിഷൻ സർവ്വേയിലൂടെ ഗുണഭോക്താക്കളെ കണ്ടെത്താൻ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശത്തിലെ യോഗ്യതാ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1. ഭവനരഹിതരായ കുടുംബം
2. വാർഷിക വരുമാനം 3 ലക്ഷം രൂപയ്ക്കുതാഴെ
3. സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി, പെൻഷൻ എന്നിവർ അംഗങ്ങളായിട്ടുള്ളവർ (അനർഹർ)
4. സ്വകാര്യ ആവശ്യത്തിന് 4 ചക്ര വാഹനമില്ലാത്തവർ.
5. ഒരു റേഷൻ കാർഡിൽ ഒരു വീട് (റേഷൻ കാർഡിലുള്ള ആർക്കെങ്കിലും വീടുള്ള പക്ഷം ടി കുടുംബത്തിലെ ആരും അർഹരല്ല)
6. പഞ്ചായത്തിൽ 25 സെന്റും നഗരത്തിൽ 5 സെന്റിലും താഴെ ഭൂമിയുള്ളവർ.

(സി) ഉണ്ട്. അർഹരെ ഉൾപ്പെടുത്താനായി സപ്ലിമെന്ററി പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പിറവം നിയോജകമണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതി

126(3558) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയിൻ കീഴിൽ പിറവം നിയോജക മണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകൾ ഇതുവരെ ലഭിച്ചുവെന്ന വിവരം പഞ്ചായത്ത്/ മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് വീട് നിർമ്മിച്ച് നൽകിയെന്നും എത്ര പേർക്ക് വീട് നിർമ്മിച്ച് നൽകാനുണ്ടെന്നുമുള്ള വിവരം പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

### ഉത്തരം

(എ) പിറവം മണ്ഡലത്തിൽനിന്നും ലൈഫ് പദ്ധതിയുടെ രണ്ടാംഘട്ടമായ ഭൂമിയുള്ള ഭവനരഹിതരുടെ പട്ടികയിലുള്ള ഗുണഭോക്താക്കളുടെ എണ്ണം പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ആമ്പല്ലൂർ | - | 76 |
| ചോറ്റാനിക്കര | - | 51 |
| എടയ്ക്കാട്ടുവയൽ | - | 57 |
| മണീട് | - | 65 |
| ഇലഞ്ഞി | - | 54 |
| തിരുമാറാടി | - | 37 |
| പാമ്പാക്കുട | - | 36 |
| രാമമംഗലം | - | 41 |
| മുളന്തുരുത്തി | - | 35 |
| കൂത്താട്ടുകുളം മുനിസിപ്പാലിറ്റി | - | 7 |
| പിറവം മുനിസിപ്പാലിറ്റി | - | 45 |

(ബി) പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോതമംഗലം മണ്ഡലത്തിലെ ലൈഫ് പദ്ധതി ഗുണഭോക്താക്കൾ

127(3559) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽനിന്നും എത്ര ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഇതിൽ വീട് പണി പൂർത്തീകരിക്കാത്തവർ, ഭവനരഹിതർ, ഭൂരഹിത ഭവന രഹിതർ എന്നിങ്ങനെയുള്ളവർ എത്രയെന്നും പഞ്ചായത്ത് തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ലൈഫ് പദ്ധതിയുടെ ഭാഗമായി ഇതിൽ എത്രപേർക്ക് ആദ്യഘട്ട സഹായം ലഭ്യമാക്കി എന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(സി) ഭൂരഹിതർക്കുവേണ്ടി മണ്ഡലത്തിൽ എത്ര ഭൂമിയാണ് കണ്ടെത്തേണ്ടതെന്നും ഇതിനായി മണ്ഡലത്തിൽ എവിടെയെങ്കിലും ഭൂമി കണ്ടെത്തിയിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(ഡി) ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള എത്ര വീടുകളുടെ നിർമ്മാണം ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ഇ) പദ്ധതി വേഗത്തിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

### ഉത്തരം

(എ) വീട് പണി പൂർത്തീകരിക്കാത്തവർ (1-ാം ഘട്ടം)

കോതമംഗലം നിയോജകമണ്ഡലത്തിന് കീഴിലുള്ള പഞ്ചാത്തുകളിൽ പൂർത്തീകരിക്കാത്ത ഭവനങ്ങളിൽ ആകെ 227 വീടുകളുണ്ടായിരുന്നു. അതിൽ 219 വീടുകൾ പൂർത്തീകരിച്ചു. ഇനി പൂർത്തീകരിക്കാനുള്ള വീടുകളുടെ വിവരം പഞ്ചായത്തുകൾ തിരിച്ച് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| കോട്ടപ്പടി | - | 1 |
| നെല്ലിക്കുഴി | - | 1 |
| പിണ്ടിമന | – | 1 |
| കീരംപാറ | – | 1 |
| കുട്ടമ്പുഴ | - | 4 |

കോതമംഗലം മുനിസിപ്പാലിറ്റിയിൽ ആകെ 21 വീടുകളാണുണ്ടായിരുന്നത്. അതിൽ 18 എണ്ണം പൂർത്തീകരിച്ചു. ഇനി മൂന്നെണ്ണമാണ് പൂർത്തീകരിക്കാനുള്ളത്.

<u>ഭൂമിയുള്ള ഭവനരഹിതർ (2-ാം ഘട്ടം)</u>

| | | |
|---|---|---|
| നെല്ലിക്കുഴി | - | 619 |
| പിണ്ടിമന | - | 113 |
| കോട്ടപ്പടി | - | 70 |
| കവളങ്ങാട് | - | 162 |
| വാരപ്പെട്ടി | - | 80 |
| കീരംപാറ | - | 98 |
| പാല്ലാരിമംഗലം | - | 43 |
| കുട്ടമ്പുഴ | - | 431 |
| കോതമംഗലം മുനിസിപ്പാലിറ്റി | - | 95. |

<u>ഭൂരഹിത ഭവനരഹിതർ</u>

| | | |
|---|---|---|
| നെല്ലിക്കുഴി | - | 716 |
| പിണ്ടിമന | - | 159 |
| കോട്ടപ്പടി | - | 120 |
| കവളങ്ങാട് | - | 299 |
| വാരപ്പെട്ടി | - | 122 |
| കീരംപാറ | - | 278 |
| പാല്ലാരിമംഗലം | - | 99 |
| കുട്ടമ്പുഴ | - | 196 |
| കോതമംഗലം മുനിസിപ്പാലിറ്റി | - | 423. |

(ബി) ഭൂമിയുള്ള ഭവനരഹിതരിൽ ആദ്യഗഡു നൽകിയവരുടെ വിവരങ്ങൾ.

| | | |
|---|---|---|
| നെല്ലിക്കുഴി | - | 69 |
| പിണ്ടിമന | - | 65 |
| കോട്ടപ്പടി | - | 32 |

| | | |
|---|---|---|
| കവളങ്ങാട് | - | 35 |
| വാരപ്പെട്ടി | - | 42 |
| കീരംപാറ | - | 43 |
| പാല്ലാരിമംഗലം | - | 26 |
| കുട്ടമ്പുഴ | - | 118 |
| കോതമംഗലം മുനിസിപ്പാലിറ്റി | - | 34. |

(സി) കോതമംഗലം താലൂക്കിൽ പി.വി.ഐ.പി.-യുടെ ഉടമസ്ഥതയിലുള്ള 329 സെന്റ് (സർവ്വേ നമ്പർ 243/9, 223/1, 5, 4 (ഇരമല്ലൂർ വില്ലേജ്) ഭൂമി കണ്ടെത്തിയിട്ടുണ്ട്.

(ഡി) <u>വീടുപണി പൂർത്തീകരിച്ചവർ</u> - ഭൂമിയുള്ള ഭവനരഹിതരായ 44 പേർ വീടുപണി പൂർത്തീകരിച്ചു.

| | | |
|---|---|---|
| നെല്ലിക്കുഴി | - | 18 |
| പിണ്ടിമന | - | 2 |
| കോട്ടപ്പടി | - | 3 |
| കവളങ്ങാട് | - | 1 |
| വാരപ്പെട്ടി | - | 8 |
| കീരംപാറ | - | 2 |
| പാല്ലാരിമംഗലം | - | 1 |
| കുട്ടമ്പുഴ | - | 3 |
| കോതമംഗലം മുനിസിപ്പാലിറ്റി | - | 6 |

(ഇ) 5020 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് പ്രത്യേക പരിശോധന നടത്തി തുടർനടപടി സ്വീകരിക്കുന്നതാണ്. പുതിയ ഭവനം നിർമ്മിക്കുന്നതിന് കണ്ടെത്തിയിട്ടുള്ള 184255 പേരിൽ ഇനിയും രേഖകൾ സമർപ്പിക്കാനുള്ള ബാക്കിയുള്ളവർക്ക് രേഖകൾ ഹാജരാക്കുന്നതിന് അടിയന്തര നിർദ്ദേശം നൽകും. എല്ലാ രേഖകളും സമർപ്പിച്ചവർക്ക് കരാർ ചമച്ച് തുക കൊടുക്കുന്നതിനുള്ള നടപടി ഊർജ്ജിതമാക്കും. എല്ലാ ജില്ലയിലും പൈലറ്റ് ടവറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി ഊർജ്ജിതമാക്കി അടുത്ത വർഷത്തോടുകൂടി ടവറുകൾ പൂർത്തീകരിക്കും.

## കൊട്ടാരക്കര മണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി

128(3560) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും എത്ര പേർക്ക് ഭവനനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നു;

(ബി) നിയോജകമണ്ഡലത്തിലെ തദ്ദേശസ്ഥാപനങ്ങളിൽ പദ്ധതിയുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കുമോ; ഗുണഭോക്താക്കളുടെ വിവരം തദ്ദേശ സ്ഥാപനങ്ങൾ തിരിച്ച് നൽകുമോ?

ഉത്തരം

(എ) ലൈഫ് പദ്ധതിയിൽ കൊട്ടാരക്കര മണ്ഡലത്തിൽ ഒന്നാംഘട്ടത്തിൽ പൂർത്തീകരിക്കാത്ത ഭവനം പൂർത്തിയാക്കാനുള്ള 445 പേർക്കും രണ്ടാം ഘട്ടത്തിൽ 1431 ഭൂമിയുള്ള ഭവനരഹിതർക്കുമാണ് ഭവനനിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകാനുദ്ദേശിക്കുന്നത്. ഇതിൽ പൂർത്തിയാക്കാനുണ്ടായിരുന്ന 417 ഭവനങ്ങൾ പൂർത്തീകരിക്കുകയും പുതിയ ഭവനങ്ങളിൽ 2 എണ്ണം പൂർത്തീകരിക്കുകയും ചെയ്തു.

(ബി) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ഭൂമിയുള്ള ഭവനരഹിതരുടെ 1431 പേരടങ്ങിയ ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽനിന്നും വിശദ പരിശോധനയ്ക്കുശേഷം 957 പേരെ കണ്ടെത്തി. 761 പേർ കരാർ വച്ചതിൽ 558 പേർക്ക് ആദ്യഗഡു നൽകി നിർമ്മാണം തുടർന്നുവരുന്നു. നാളിതുവരെ 2 വീടുകൾ പൂർത്തീകരിച്ചു. ഗുണഭോക്താക്കളുടെ വിവരം തദ്ദേശസ്ഥാപനാടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നു*.

## ഷൊർണ്ണൂർ മണ്ഡലത്തിലെ ലൈഫ് പദ്ധതി

129(3561) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതി പ്രകാരം എത്ര ഗുണഭോക്താക്കളെയാണ് ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ കണ്ടെത്തിയിട്ടുള്ളത് ; ഇതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഷൊർണ്ണൂർ മണ്ഡലത്തിൽ സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർ എത്ര; ഭൂമിയില്ലാത്ത ഭവനരഹിതർ എത്ര; ഇത് സംബന്ധിച്ച് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) ലൈഫ് മിഷൻ പദ്ധതി പ്രകാരം ഷൊർണ്ണൂർ മണ്ഡലത്തിൽ ആകെ വിനിയോഗിച്ച തുകയുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ-സി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

**സംയോജിത പാർപ്പിട ചേരി വികസന പദ്ധതി**

130 (T*3562) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത പാർപ്പിട ചേരി വികസന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് വർഷം എന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി ആവിഷ്കരിച്ചശേഷം ഓരോ വർഷത്തെയും പുരോഗതി ജില്ല/വർഷം തിരിച്ച് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2007-15 കാലയളവിൽ സംയോജിത പാർപ്പിട ചേരി വികസന പദ്ധതി (IHSDP) കുടുംബശ്രീ മുഖേന നഗരങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വർഷം തിരിച്ചുള്ള പുരോഗതി റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു*.

**പൊതുസ്ഥലത്തെ പാർക്കിംഗ് ഫീസ്**

131(3563) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുസ്ഥലത്തെ പാർക്കിംഗ് ഫീസ് ഈടാക്കുന്നതിനായി സംസ്ഥാനത്ത് വിവിധ ജീവനക്കാരെ നിയമിച്ചതിനുശേഷം ഈയിനത്തിൽ ലഭിച്ച വരവ് എത്രയെന്ന് വിശദമാക്കാമോ;

(ബി) പാർക്കിംഗ് ഫീസ് ഈടാക്കുന്നതിനായി നിയോഗിക്കപ്പെടുന്ന ജിവനക്കാരുടെ സേവന, വേതന, നിയമന വ്യവസ്ഥകൾ വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) ഈ സർക്കാർ നിയോഗിച്ച ഇത്തരം ജീവനക്കാരുടെ വേതനത്തിനായി 2018 ഒക്ടോബർ വരെ ചെലവഴിച്ച തുകയും വാഹനങ്ങളുടെ പാർക്കിംഗ് ഇനത്തിൽ ശേഖരിച്ച തുകയും എത്രയെന്ന് അറിയിക്കുമോ; ഈയിനത്തിൽ അധികവരുമാനം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ**

132(3564) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ നിലവിൽ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകൾ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) 2019 ഡിസംബർ മാസം വരെയുള്ള കാലയളവിൽ പെൻഷനാകുന്ന ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കാമോ;

(സി) നിലവിൽ പഞ്ചായത്ത് വകുപ്പിൽ 50 വയസ്സിന് മുകളിൽ പ്രായമുള്ള ടെസ്റ്റ്എക്സംപ്ഷൻ മുഖേന യു.ഡി ക്ലാർക്കുമാരായി ജോലി ചെയ്യുന്നവരുടെ എണ്ണവും അവരുടെ വിരമിക്കൽ തീയതിയും സംബന്ധിച്ച വിവരം ലഭ്യമാക്കാമോ ?

ഉത്തരം

(എ)

| **തസ്തിക** | **എണ്ണം** |
|---|---|
| ജോയിന്റ് ഡയറക്ടർ | 4 |
| ഡെപ്യൂട്ടി ഡയറക്ടർ | 2 |
| സെക്രട്ടറി | 5 |
| അസിസ്റ്റന്റ് സെക്രട്ടറി | 3 |
| ജൂനിയർ സൂപ്രണ്ട് | 2 |
| ഹെഡ് ക്ലാർക്ക് | 2 |

| | |
|---|---|
| അക്കൗണ്ടന്റ് | 4 |
| സീനിയർ ക്ലാർക്ക് | 7 |
| ക്ലാർക്ക് | 199 |
| ഓഫീസ് അറ്റൻഡന്റ് | 42 |
| എൽ.ഡി. ടൈപ്പിസ്റ്റ് | 1 |

(ബി)

| തസ്തിക | എണ്ണം |
|---|---|
| സെക്രട്ടറി | 133 |
| അസിസ്റ്റന്റ് സെക്രട്ടറി | 40 |
| ജൂനിയർ സൂപ്രണ്ട് | 11 |
| ഹെഡ് ക്ലാർക്ക് | 20 |
| അക്കൗണ്ടന്റ് | 8 |
| സീനിയർ ക്ലാർക്ക് | 52 |
| ക്ലാർക്ക് | 28 |
| ഓഫീസ് അറ്റൻഡന്റ് | 14 |
| ഹെൽത്ത് ഇൻസ്പെക്ടർ | 1 |
| എൽ.ഡി. ടൈപ്പിസ്റ്റ് | 3 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |

(സി) നിലവിൽ പഞ്ചായത്ത് വകുപ്പിൽ 50 വയസ്സിനുമുകളിൽ പ്രായമുള്ള ടെസ്റ്റ്എക്സംപ്ഷൻ മുഖേന യു.ഡി. ക്ലാർക്കുമാരായി ജോലി ചെയ്യുന്ന 183 പേരുണ്ട്. ടിയാളുകളുടെ പേരും വിരമിക്കൽ തീയതിയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## മലപ്പുറം ജില്ലയിൽ പുതിയ പഞ്ചായത്തുകൾ

133(3565) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലയിലെ ഏതെങ്കിലും പഞ്ചായത്തുകളെ യോജിപ്പിച്ചോ, അല്ലാതെയോ മുനിസിപ്പാലിറ്റികളാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) നിലമ്പൂർ ബ്ലോക്കിന് കീഴിലുള്ള പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന പദ്ധതി വിഹിതത്തിൽ നിന്ന് ചുങ്കത്തറയിലെ കമ്മ്യൂണിറ്റി സെന്ററിൽ സർക്കാർ അനുമതിയോടെ പ്രവർത്തിക്കുന്ന സൗജന്യ ഡയാലിസിസ് സെന്ററിന് എല്ലാവർഷവും പണം അനുവദിക്കുവാൻ സാധിക്കുമോ; എങ്കിൽ വിശദമാക്കാമോ; ഇല്ലെങ്കിൽ ഇക്കാര്യത്തിന് പ്രത്യേക അനുമതി നൽകുവാൻ സാധിക്കുമോ ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) 28-3-2018 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 877/2018/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പുതിയ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കേണ്ടതിന്റെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ടതിന്റെയും ആവശ്യകതകൾ പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിനുള്ള ശിപാർശ സംബന്ധിച്ച കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതായിരിക്കും.

(സി) ചുങ്കത്തറയിൽ പ്രവർത്തിക്കുന്ന സൗജന്യ ഡയാലിസിസ് സെന്ററിന് എല്ലാ വർഷവും പണം അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേങ്ങൾ/ശിപാർശകൾ സർക്കാരിന്റെ പരിഗണനയിലില്ല. നിർദ്ദേശങ്ങൾ ലഭിക്കുകയാണെങ്കിൽ പരിശശോധനയ്ക്കുശേഷം മാത്രമെ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

## കുടുംബശ്രീ വഴി വായ്പ

134(T+3566) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച എത്ര വ്യക്തികൾക്കാണ് കുടുംബശ്രീ വഴി വായ്പ ലഭ്യമായത്; ജില്ല തിരിച്ച് കണക്കുകൾ വ്യക്തമാക്കാമോ?

ഉത്തരം

പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച 47821 ഗുണഭോക്താക്കൾക്ക് 401.21 കോടി രൂപ കുടുംബശ്രീ വഴി വായ്പയായി ലഭ്യമാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള

+ T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

കണക്കുകൾ ചുവടെ ചേർക്കുന്നു:

| ജില്ല | വായ്പ ലഭ്യമായ ഗുണഭോക്താക്കളുടെ എണ്ണം | വായ്പ തുക (കോടിയിൽ) |
|---|---|---|
| തിരുവനന്തപുരം | 76 | 0.68 |
| കൊല്ലം | 275 | 2.13 |
| പത്തനംതിട്ട | 1567 | 12.85 |
| ആലപ്പുഴ | 5651 | 45.71 |
| കോട്ടയം | 4096 | 22.2 |
| ഇടുക്കി | 166 | 1.64 |
| എറണാകുളം | 17722 | 160.98 |
| തൃശ്ശൂർ | 13096 | 110.58 |
| പാലക്കാട് | 965 | 7.43 |
| മലപ്പുറം | 1992 | 16.53 |
| കോഴിക്കോട് | 276 | 2.08 |
| വയനാട് | 1917 | 18.21 |
| കണ്ണൂർ | 22 | 0.19 |
| **ആകെ** | **47821** | **401.21** |

## കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ

135(3567) ശ്രീമതി വീണാ ജോർജ്ജ്:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ പുതിയ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ലോകത്തിനുതന്നെ മാതൃകയായ കുടുംബശ്രീ പദ്ധതിയെ സ്ത്രീ ശാക്തീകരണത്തിനുള്ള പ്രധാന ഉപാധിയാക്കി മാറ്റുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കെട്ടിടങ്ങൾ പൂർണ്ണമായി നിർമ്മിച്ച് താക്കോൽ കൈമാറുന്ന സമ്പൂർണ്ണ കെട്ടിട നിർമ്മാണ പദ്ധതിയിലേയ്ക്ക് കുടുംബശ്രീ പ്രവേശിച്ചതിന് പുറമെ കരിങ്കൽ ക്വാറികളുടെ നടത്തിപ്പും കുടുംബശ്രീ പ്രവർത്തകരെ ഏൽപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) ലൈഫ് മിഷനുമായി സഹകരിച്ച് മറ്റ് എന്തെല്ലാം പ്രവർത്തനങ്ങളാണ് കുടുംബശ്രീ ഏറ്റെടുത്തിരിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സ്ത്രീശാക്തീകരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു*.

(സി) ഗവൺമെന്റ് ഉടമസ്ഥതയിലുള്ളതും പ്രവർത്തിക്കാത്തതുമായ ക്വാറികൾ പ്രാദേശിക താൽപ്പര്യമനുസരിച്ച് ഏറ്റെടുക്കാൻ കുടുംബശ്രീ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) സർക്കാരിന്റെ ലൈഫ് ഭവന പദ്ധതിയിലുൾപ്പെട്ട ഭവനങ്ങളുടെ നിർമ്മാണം കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള നിർമ്മാണ യൂണിറ്റുകൾ മുഖാന്തരം പൂർത്തീകരിച്ചുവരുന്നു. നിലവിൽ ലൈഫ് ഭവന പദ്ധതിയിലുൾപ്പെട്ട 102 ഭവനങ്ങളാണ് നിർമ്മിച്ചുവരുന്നത്.

**കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ**

136(3568) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും ഇവയുടെ ശാക്തീകരണത്തിനായി നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ;

(ബി) കുടുംബശ്രീ വഴി നടപ്പാക്കിവരുന്ന നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ പ്രവർത്തനങ്ങളും അവയുടെ പുരോഗതിയും വ്യക്തമാക്കുമോ;

(സി) കൃഷിയിൽ സ്ത്രീ പ്രധാന്യം ഉറപ്പുവരുത്താനായി കുടുംബശ്രീ വഴി നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങളും അവയുടെ പുരോഗതിയും വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) കുടുംബശ്രീ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെത്ര പേർ പ്രവർത്തിച്ചുവരുന്നു എന്നും അവർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ;

(ഇ) കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും അവർക്ക് നല്കുന്ന ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിച്ച് നൽകുവാനും നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കുടുംബശ്രീ നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ പ്രവർത്തനങ്ങളും അവയുടെ പുരോഗതിയും അനുബന്ധമായി ചേർക്കുന്നു*.

(സി) കാർഷിക മേഖലയിൽ സ്ത്രീ പ്രാധാന്യം ഉറപ്പുവരുത്തുന്നതിനായി കുടുംബശ്രീ കൃഷി സംഘങ്ങൾ രൂപീകരിച്ച് (ജെ.എൽ.ജി.) പ്രവർത്തിച്ചുവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹിളാകിസാൻ സശാക്തീകരൺ പരിയോജന (എം.കെ.എസ്.പി.)-യുടെ ഭാഗമായി കൃഷി സംഘങ്ങൾക്കാവശ്യമായ പരിശീലനവും അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിനാവശ്യമായ സഹായങ്ങളും ചെയ്തുവരുന്നു. കൂടാതെ ഈ ജെ.എൽ.ജി.-കൾക്ക് അവരുടെ ബാങ്ക് ലോണിനനുസൃതമായി ഇന്ററസ്റ്റ് സബ്സിഡിയും ഏരിയ ഇൻസെന്റീവും നൽകിവരുന്നു. നിലവിൽ 63,000 ജെ.എൽ.ജി. ഗ്രൂപ്പുകളിലായി മൂന്നുലക്ഷത്തിലധികം വനിതാ കർഷകർ 52,000 ഹെക്ടർ ഭൂമിയിൽ കൃഷി ചെയ്തുവരുന്നു.

(ഡി&ഇ) സംസ്ഥാന-ജില്ലാ മിഷനുകളിൽ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| കരാർ ജീവനക്കാർ | - | 613 |
| ഡെപ്യൂട്ടേഷൻ ജീവനക്കാർ | - | 100 |
| തനത് ജീവനക്കാർ | - | 40 |
| ജില്ലാ/സംസ്ഥാന മിഷനുകളിലെ ദിവസ വേതന ജീവനക്കാർ | - | 36 |
| ആകെ | - | 789 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഡെപ്യൂട്ടേഷൻ ജീവനക്കാർക്ക് സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നൽകിവരുന്ന ആനുകൂല്യങ്ങളും തനത് ജീവനക്കാർക്ക് കെ.എസ്.എസ്.ആർ. 9 എ(1) പ്രകാരമുള്ള ആനുകൂല്യങ്ങളും കരാർ ജീവനക്കാർക്ക് റ്റി.എ., ഫെസ്റ്റിവൽ അലവൻസ് എന്നീ ആനുകൂല്യങ്ങളും നൽകിവരുന്നു.

**കുടുംബശ്രീയുടെ നെല്ലുകുത്ത് കേന്ദ്രത്തിന്റെ കറണ്ട് ചാർജ്**

137(3569) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ കരവാരം ഗ്രാമപഞ്ചായത്തിലെ ഞാറക്കാട്ടുവിളയിൽ പ്രവർത്തിച്ചിരുന്ന കുടുംബശ്രീയുടെ നെല്ലുകുത്തുകേന്ദ്രമായ മഹിമ ഇൻഡസ്ട്രീസിന്റെ കറണ്ട് ചാർജ് ബാധ്യത അടയ്ക്കാൻ അനുവാദം നൽകണമെന്നാവശ്യപ്പെട്ട് കരവാരം ഗ്രാമപഞ്ചായത്ത് അധികൃതർ നൽകിയ അപേക്ഷയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) കരവാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് 15-5-2018 തീയതിയായി നൽകിയ അപേക്ഷയിന്മേൽ പഞ്ചായത്ത് ഡയറക്ടർ നാളിതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) അപേക്ഷ കൈമാറി നൽകി 160 ദിവസം കഴിഞ്ഞിട്ടും മറുപടി ലഭ്യമാകാത്ത സാഹചര്യത്തിൽ മറുപടിയാവശ്യപ്പെട്ട് സർക്കാർ ഡയറക്ടറിന് റിമൈൻഡർ ലെറ്റർ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ?

ഉത്തരം

(എ-സി) കരവാരം ഗ്രാമപഞ്ചായത്ത് അധികൃതർ നൽകിയ അപേക്ഷയിൽ അന്വേഷണം നടത്തി കോ-ഓർഡിനേഷൻ കമ്മിറ്റി മുമ്പാകെ വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**അയൽക്കൂട്ടങ്ങളുടെ വിപുലീകരണം**

138(3570) ശ്രീമതി യു. പ്രതിഭ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. സി. കൃഷ്ണൻ :
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ അയൽക്കൂട്ട വർഷത്തിന്റെ ഭാഗമായി അയൽക്കൂട്ടങ്ങളുടെ വിപുലീകരണത്തിനും ശാക്തീകരണത്തിനുമായി നടത്തിവരുന്ന പ്രവർത്തനം

അറിയിക്കാമോ; കഴിഞ്ഞ രണ്ട് വർഷമായി കുടുംബശ്രീക്ക് ലഭിച്ച അംഗീകാരങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടുംബശ്രീ മിഷൻ വിവിധ മേഖലകളിലായി പുതിയതായി ഏർപ്പെടുത്തിയ സാമ്പത്തിക പിന്തുണ സ്കീമുകൾ ഏതെല്ലാം;

(സി) കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന സംയോജിത പദ്ധതികൾ ഏതെല്ലാമാണ്; ജൻഡർ റിസോഴ്സ് സെന്ററുകളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(ഡി) അഗതിരഹിത കേരളം പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കുടുംബശ്രീ അയൽക്കൂട്ടതല പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 2018-19-ൽ സംഘടിപ്പിക്കുന്ന 'ഇയർ ഓഫ് എൻ.എച്ച്.ജി.' ക്യാമ്പയിനിന്റെ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

(i) പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുക

(ii) ശാരീരിക-മാനസിക-ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർ, ട്രാൻസ്ജെന്ററുകൾ, വയോജനങ്ങൾ എന്നിവർക്കായി പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിക്കുക

(iii) പ്രവർത്തനരഹിതമായിരുന്ന അയൽക്കൂട്ടങ്ങളെ പ്രവർത്തന സജ്ജമാക്കുക

(iv) കണക്കുകളും രേഖകളും എഴുതി സൂക്ഷിക്കുന്നതിനുള്ള പരിശീലനം കുടുംബശ്രീ സ്കൂളിന്റെ ഭാഗമായി 2018 ഡിസംബർ മാസത്തിൽ സംഘടിപ്പിക്കുക

(v) അയൽക്കൂട്ടം-എ.ഡി.എസ്.-സി.ഡി.എസ്. ഗ്രഡേഷൻ പ്രവർത്തനങ്ങളും മെന്റർ അയൽക്കൂട്ടങ്ങളും എ.ഡി.എസ്., സി.ഡി.എസ്. തെരഞ്ഞെടുപ്പും 2019 ജനുവരി മാസത്തിൽ സംഘടിപ്പിക്കുക.

കഴിഞ്ഞ രണ്ടുവർഷമായി കുടുംബശ്രീക്ക് ലഭിച്ച ഇരുപതിൽപ്പരം അംഗീകാരങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കുടുംബശ്രീ മിഷൻ വിവിധ മേഖലകളിലായി സാമ്പത്തിക പിന്തുണ സ്കീമുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന സംയോജിത പദ്ധതികൾ ചുവടെ ചേർക്കുന്നു:

| പദ്ധതികൾ | സംയോജിത വകുപ്പ് |
|---|---|
| ഇ-സേവന കേന്ദ്രം | മോട്ടോർ വാഹന വകുപ്പ് |
| നിർമ്മാണ യൂണിറ്റുകൾ | MGNREGA വകുപ്പ് |
| ക്യാന്റീൻ, കാറ്ററിംഗ് | തദ്ദേശസ്വയംഭരണ വകുപ്പ് |
| ഹരിത സേന | ഹരിത മിഷൻ & ശുചിത്വ മിഷൻ |
| ന്യൂട്രിമിക്സ് | വനിതാ ശിശുവികസന വകുപ്പ് |
| ജെൻഡർ റിസോഴ്സ് സെന്റർ | തദ്ദേശസ്വയംഭരണ വകുപ്പ് |

<u>ജെന്റർ റിസോഴ്സ് സെന്ററുകൾ</u>

സ്ത്രീകളുടെ പദവി ഉയർത്തുന്നതിനും വനിതാ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ മാർഗ്ഗനിർദ്ദേശവും വൈദഗ്ദ്ധ്യവും പിന്തുണയും പരിശീലനവും നൽകുന്നതിനുള്ള സംവിധാനമായ 347 ജെന്റർ റിസോഴ്സ് സെന്ററുകൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്നുണ്ട്. ആഴ്ചയിൽ രണ്ട് ദിവസത്തെ കൗൺസിലിംഗ് സേവനം, ജെന്റർ അവബോധ പരിശീലന പരിപാടികൾ, പ്രാപ്തി വർദ്ധനവിനുള്ള പരിശീലനങ്ങൾ, വിവിധ വിഷയങ്ങളെ സംബന്ധിച്ച അവബോധ ക്ലാസുകൾ, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, കലാ കായിക ഗ്രൂപ്പുകളുടെ രൂപീകരണം, സാംസ്കാരിക പ്രവർത്തനങ്ങൾ തുടങ്ങിയവ ജെന്റർ റിസോഴ്സ് സെന്ററുകളിൽ നടന്നുവരുന്നു. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ വനിതകളുമായി ബന്ധപ്പെട്ട പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുന്നതിനും സഹായിക്കുന്നു.

(ഡി) അഗതിരഹിത കേരളം പദ്ധതിയുടെ ഗുണഭോക്താക്കളുടെ വിവരശേഖരണത്തിനായി കുടുംബശ്രീ തയ്യാറാക്കിയ മൊബൈൽ ആപ്ലിക്കേഷൻ സർവ്വേ പൂർത്തിയായിട്ടുണ്ട്. സർവ്വേ പ്രകാരം കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ പദ്ധതിരേഖ തയ്യാറാക്കുന്ന പ്രവർത്തനം തദ്ദേശ ഭരണ സ്ഥാപനതലത്തിൽ നടന്നുവരുന്നു. 483 തദ്ദേശ ഭരണ സ്ഥാപനങ്ങൾ പദ്ധതിരേഖ സമർപ്പിച്ചിട്ടുള്ളതും 227 എണ്ണം അവസാന ഘട്ടത്തിലുമാണ്. മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുള്ളതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ക്ഷേമപെൻഷനുകൾ**

139(3571) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് വഴി വിതരണം ചെയ്യുന്ന വിവിധ ക്ഷേമപെൻഷനുകളുടെ വിതരണത്തിൽ ഏതെങ്കിലും തരത്തിലുള്ള കുടിശ്ശിക നിലനിൽക്കുന്നുണ്ടോ; എങ്കിൽ കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;എന്നത്തേക്ക് ഇത് പൂർണ്ണമായും വിതരണം ചെയ്യുമെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയതായി പെൻഷനുകൾക്ക് അപേക്ഷ നൽകിയവർക്ക് പെൻഷൻ അനുവദിക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങളുണ്ടോ;ഉണ്ടെങ്കിൽ എന്തൊക്കെയെന്ന് വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. പ്രാദേശിക സർക്കാരുകൾ രേഖപ്പെടുത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിലും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കപ്പെട്ടതുകൊണ്ടും യഥാസമയം പ്രദേശിക സർക്കാരുകൾക്ക് സമർപ്പിക്കേണ്ട രേഖകൾ നൽകാതിരുന്നതിനാലും പെൻഷൻ വിതരണ സമയത്ത് ഗുണഭോക്താവ് സ്ഥലത്തില്ലാതിരുന്നതുകാരണം തുക തിരികെ അയക്കപ്പെട്ടതുമൂലവും ചില പെൻഷൻ ഗുണഭോക്താക്കൾക്ക് കുടിശ്ശിക നിലനിൽക്കുന്നുണ്ട്. കൂടാതെ 2018 ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ എന്നീ മാസങ്ങളിലെ പെൻഷൻ തുക കുടിശ്ശികയായിട്ടുണ്ട്. ഇത് ഡിസംബർ മാസത്തിൽ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പുതിയതായി അപേക്ഷ നൽകിയവർക്ക് പെൻഷൻ അനുവദിക്കുന്നതിന് നിലവിൽ സാങ്കേതിക തടസ്സങ്ങളൊന്നുമില്ല.

**സിരിജഗൻ കമ്മിറ്റി നിർദ്ദേശങ്ങൾ**

140(3572) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനിമൽ ബെർത്ത് കൺട്രോൾ (എ.ബി.സി.) പദ്ധതിയുടെ പ്രവർത്തനം പൂർണ്ണമായും നിലച്ചിട്ടുണ്ടോ;

(ബി) സിരിജഗൻ കമ്മിറ്റിയുടെ നിർദ്ദേശം നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ സംസ്ഥാനത്തെ എ.ബി.സി. പ്രോഗ്രാം കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു.

(ബി) ജസ്റ്റിസ് (റിട്ട.) സിരിജഗൻ കമ്മിറ്റി, തെരുവുനായകളുടെ ആക്രമണത്തിന് വിധേയരായവർക്ക് നിശ്ചയിക്കുന്ന നഷ്ടപരിഹാരം അതേപടി നൽകാനാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി 16-7-2018-ൽ റിട്ട് പെറ്റീഷൻ നമ്പർ 599/2015 (CC No. 944/2017)-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ടി കോടതി ഉത്തരവ് പാലിച്ചുകൊണ്ട് ജസ്റ്റിസ് (റിട്ട.) സിരിജഗൻ കമ്മറ്റിയുടെ 1 മുതൽ 16 വരെയുള്ള റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. കമ്മിറ്റിയുടെ പതിനേഴാമത്തെ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാവർക്കും നഷ്ടപരിഹാരം നൽകാൻ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിക്കൊണ്ട് സർക്കാർ 14-11-2018-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നഷ്ടപരിഹാരം നൽകിവരുന്നു.

**തെരുവുനായകളുടെ നിയന്ത്രണം**

141(3573) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായ ശല്യം പരിഹരിക്കുന്നതിനായി എ.ബി.സി. റൂൾസ് പ്രകാരം മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വീടുകളിൽ നായകളെ വളർത്തുന്നതിനായി ലൈസൻസ് എടുക്കണമെന്ന് വ്യവസ്ഥയുണ്ടെങ്കിലും അത് നടപ്പിലാക്കാൻ കഴിയാത്തതിന്റെ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;വിശദമാക്കാമോ;

(സി) തെരുവുനായ്ക്കളുടെ ആക്രമണത്തിൽ പരിക്കേറ്റവർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി സുപ്രീം കോടതി അംഗീകരിച്ച റിപ്പോർട്ടുകളിൽ ശിപാർശ ചെയ്തിട്ടുള്ള അർഹരായവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) തെരുവുനായശല്യം പരിഹരിക്കുന്നതിനായി എല്ലാ ഗ്രാമ പഞ്ചായത്തുകളിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ

പ്രവർത്തന പുരോഗതി കൃത്യമായി വിലയിരുത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. എ.ബി.സി. പദ്ധതി പ്രകാരമുള്ള മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് എല്ലാ നഗരസഭകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. നഗരസഭകളിലെ എ.ബി.സി. പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്.

(ബി) വീടുകളിൽ നായകളെ വളർത്തുന്നതിനായി ലൈസൻസ് എടുക്കണമെന്ന വ്യവസ്ഥ നഗരസഭകളിലും പഞ്ചായത്തുകളിലും കൃത്യമായി നടപ്പിലാക്കിവരുന്നു.

(സി) ജസ്റ്റിസ് (റിട്ട.) സിരിജഗൻ കമ്മിറ്റി, തെരുവ് നായകളുടെ ആക്രമണത്തിന് വിധേയരായവർക്ക് നിശ്ചയിക്കുന്ന നഷ്ടപരിഹാരം, അതേപടി നൽകാനാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി 16-7-2018-ൽ റിട്ട് പെറ്റീഷൻ നം. 599/2015 (CC No.944/2017)-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ടി കോടതി ഉത്തരവ് പാലിച്ചുകൊണ്ട് ജസ്റ്റിസ് (റിട്ട.) സിരിജഗൻ കമ്മിറ്റിയുടെ 1 മുതൽ 16 വരെയുള്ള റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. കമ്മിറ്റിയുടെ പതിനേഴാമത്തെ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാവർക്കും നഷ്ടപരിഹാരം നൽകാൻ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിക്കൊണ്ട് സർക്കാർ 14-11-2018-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നഷ്ടപരിഹാരം നൽകിവരുന്നു.

## പൊതുസ്ഥലം മലിനപ്പെടുത്തുന്നവർക്കെതിരെയുള്ള ശിക്ഷാനടപടികൾ

142(T*3574) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈക്കോടതിയുടെ വിധി ലംഘിച്ച് അനസ്യൂതം മാലിന്യം വലിച്ചെറിഞ്ഞ് പൊതുഇടങ്ങളും റോഡുകളും വഴികളും മലിനപ്പെടുത്തുന്ന പ്രവണത തുടർന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുസ്ഥലത്ത് മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ നിലവിൽ എന്തൊക്കെ ശിക്ഷ നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) മേൽ സൂചിപ്പിച്ച പ്രകാരം പൊതുയിടങ്ങൾ മലിനപ്പെടുത്തുന്നവർക്കതിരെ കർക്കശ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ; വിശദമാക്കുമോ?

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) വ്യാപകമായി ഇത്തരത്തിൽ മാലിന്യം വലിച്ചെറിയുന്ന പ്രവണത പൊതുജനങ്ങൾക്കിടയിലില്ല. എന്നിരുന്നാലും ചിലയിടങ്ങളിൽ മാലിന്യം വലിച്ചെറിയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പൊതുസ്ഥലത്ത് മാലിന്യം നിക്ഷേപിക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 219 (എസ്) വകുപ്പ്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 340 (എ) വകുപ്പ് എന്നിവ പ്രകാരം 500 രൂപയിൽ കുറയാതെയും 2,000 രൂപ വരെ ആകാവുന്നതുമായ പിഴ ഈടാക്കാവുന്നതാണ്. പൊതു ജലാശയത്തിലോ ജലമാർഗ്ഗത്തിലോ ചപ്പുചവറുകളോ മാലിന്യമോ വിസർജ്ജ്യ വസ്തുക്കളുടെ അവശിഷ്ടങ്ങളോ നിക്ഷേപിക്കുകയോ ഒഴുക്കി വിടുകയോ ചെയ്യുന്നതിന് മേൽ വകുപ്പുകൾ പ്രകാരം ജാമ്യമില്ലാക്കുറ്റമായി പരിഗണിക്കാവുന്നതും 10,000 രൂപ മുതൽ 25,000 രൂപ വരെ പിഴശിക്ഷയോ ഒരു വർഷം വരെ തടവ് ശിക്ഷയോ ലഭിക്കാവുന്നതാണ്. കൂടാതെ മേൽ പ്രസ്താവിച്ച തരത്തിലുള്ള പ്രവൃത്തികൾക്ക് 2018-ലെ കേരള ഇറിഗേഷൻ ആൻഡ് വാട്ടർ കൺസർവേഷൻ (ഭേദഗതി) ആക്ട് പ്രകാരം മൂന്ന് വർഷം വരെ തടവുശിക്ഷയോ രണ്ട് ലക്ഷം രൂപ വരെ പിഴയോ രണ്ടും കൂടിയോ ശിക്ഷ ലഭിക്കാവുന്നതാണ്.

സംസ്ഥാന പോലീസ് മേധാവി 14-11-2016-ൽ പുറപ്പെടുവിച്ച 9/2016-ാം നമ്പർ എക്സിക്യൂട്ടീവ് ഡയറക്ടീവ് പ്രകാരം പൊതുസ്ഥലത്ത് മാലിന്യം വലിച്ചെറിയുകയും അന്തരീക്ഷവും ജലാശയങ്ങളും മലിനപ്പെടുത്തുന്നതിനുമെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്യാവുന്നതാണ്.

അനുവദനീയമല്ലാത്ത സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുക, സ്വകാര്യയിടങ്ങളിൽ അലക്ഷ്യമായോ അസഹനീയതയുണ്ടാക്കുംവിധം മാലിന്യങ്ങൾ നിക്ഷേപിക്കുകയോ മാലിന്യ സംസ്കരണ/നിർമ്മാർജ്ജന നടപടി നിർദ്ദേശിച്ചിട്ടും നടപ്പാക്കാതിരിക്കുക എന്നീ പ്രവൃത്തികൾക്കെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ്/ മുനിസിപ്പാലിറ്റി ആക്ടുകൾ പ്രകാരം തദ്ദേശഭരണ സ്ഥാപന സെക്രട്ടറിയിൽ നിക്ഷിപ്തമായ അധികാരമനുസരിച്ചുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഇതിനായി പരിഹാര നടപടി നിർദ്ദേശിക്കുകയോ നടപ്പാക്കാത്ത പക്ഷം ആയത് പ്രാവർത്തികമാക്കിക്കൊണ്ട് റവന്യൂ റിക്കവറി സമ്പ്രദായത്തിൽ ചെലവ് ഈടാക്കുകയോ ചെയ്യാവുന്നതാണ്.

പ്രസ്തുത വ്യവസ്ഥകൾ പ്രകാരം പൊതുയിടങ്ങൾ മലിനപ്പെടുത്തുന്നവർക്കെതിരെ കർക്കശ നടപടികൾ സ്വീകരിക്കുന്നതിന് നിലവിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്.

## ഖരമാലിന്യ നിർമ്മാർജ്ജനം

143(3575) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. കെ.ജെ. മാക്സി:
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി എന്തെല്ലാം ആധുനിക സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഖരമാലിന്യത്തിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കാൻ സാധിക്കുന്ന ആധുനിക മാലിന്യ സംസ്കരണ പ്ലാന്റുകൾ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ഇപ്രകാരം പ്ലാന്റുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്നും ഇതിനായി എന്തെല്ലാം പ്രാഥമിക പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ അനുദിനം വർദ്ധിച്ചുവരുന്ന. ഖരമാലിന്യ പ്രശ്നം പരിഹരിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ഏഴ് സ്ഥലങ്ങളിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ഖരമാലിന്യം സംസ്കരിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് ആധുനിക സാങ്കേതികവിദ്യയിലധിഷ്ഠിതമായി പ്രവർത്തിക്കുന്ന പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കേന്ദ്രീകൃത ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച തുടർപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മാലിന്യ സംസ്കരണ മേഖലയിൽ നടപ്പാക്കാൻ കഴിയുന്ന നിക്ഷേപ പദ്ധതികളെക്കുറിച്ച് തീരുമാനമെടുക്കുന്നതിനും 23-9-2017-ലെ 3122/2017/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല ഉപദേശക സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. താഴെപ്പറയുന്ന 7 സ്ഥലങ്ങളിൽ ഖരമാലിന്യം സംസ്കരിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 11-6-2018-ലെ G.O. (MS) No. 82/2018/LSGD നമ്പർ പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | സ്ഥലം | ജില്ല |
|---|---|---|
| 1 | പെരിങ്ങമ്മല | തിരുവനന്തപുരം |
| 2 | ലാലൂർ | തൃശ്ശൂർ |
| 3 | കഞ്ചിക്കോട് | പാലക്കാട് |
| 4 | ഞെളിയംപറമ്പ് | കോഴിക്കോട് |
| 5 | ചെലോറ | കണ്ണൂർ |
| 6 | കുരീപ്പുഴ | കൊല്ലം |
| 7 | പാണക്കാട് | മലപ്പുറം |

മേൽപ്പറഞ്ഞിരിക്കുന്ന സ്ഥലങ്ങളിൽ വേസ്റ്റ്-ടു-എനർജി പ്ലാന്റുകൾ സ്ഥാപിക്കുന്നതിനനുയോജ്യരായ നിർവ്വഹണ ഏജൻസികളെ കണ്ടെത്തുന്നതിനായി ആർ.എഫ്.പി. ഫ്ലോട്ട് ചെയ്യുന്നതിന് പദ്ധതിയുടെ നോഡൽ ഏജൻസിയായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനെ (കെ.എസ്.ഐ.ഡി.സി.) സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ ഞെളിയംപറമ്പിലാണ് പദ്ധതിയുടെ ഭാഗമായുള്ള ആദ്യ പ്ലാന്റ് സ്ഥാപിക്കാൻ തീരുമാനിച്ചിരിക്കുന്നത്. ഇതിനായുള്ള ടെണ്ടർ സർക്കാർ ഇ-ടെണ്ടർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

## മാലിന്യ സംസ്കരണ സംവിധാനമില്ലാത്ത വ്യാപാര സ്ഥാപനങ്ങൾ

144(3576) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി മാലിന്യസംസ്കരണ സംവിധാനം ഒരുക്കാത്ത വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ എന്തൊക്കെയാണ് ;

(സി) സ്വന്തമായി മാലിന്യ സംസ്കരണ സംവിധാനം ഒരുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കെതിരെയാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉറവിട മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾ 2017 സെപ്തംബർ 15-നമുമ്പായി സജ്ജീകരിച്ച് പ്രവർത്തനക്ഷമമാക്കാത്ത സ്ഥാപനങ്ങളുടെ ഡി&ഒ ലൈസൻസ് വേറൊരു അറിയിപ്പ് കൂടാതെ റദ്ദാക്കുന്നതിന് 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, കേരള പഞ്ചായത്ത് രാജ് ആക്ട് എന്നിവയനുസരിച്ചുള്ള നടപടികൾ അതത് തദ്ദേശഭരണ സ്ഥാപന സെക്രട്ടറിമാർ ഉടനടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച നിർദ്ദേശങ്ങളടങ്ങിയ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

(സി&ഡി) സ്വന്തമായി മാലിന്യ സംസ്കരണ സംവിധാനമൊരുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടി വിവരം തദ്ദേശ ഭരണ സ്ഥാപനങ്ങളിൽനിന്നും ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

**ശുചീകരണ തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതികൾ**

145(3577) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ശുചീകരണത്തൊഴിലാളികൾക്കായി ഏതൊക്കെ ക്ഷേമപദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) മാലിന്യസംസ്കരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശുചീകരണ തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതികൾ നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയിലില്ല.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ താഴെപ്പറയുന്ന പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കുന്നത്.

- ഉറവിട മാലിന്യ സംസ്കരണം - വീടുകളിലും സ്ഥാപനങ്ങളിലും കമ്മ്യൂണിറ്റി തലത്തിലും

- മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി
- പുനഃചംക്രമണം ചെയ്യാൻ കഴിയാത്ത പ്ലാസ്റ്റിക് മാലിന്യം തദ്ദേശഭരണ സ്ഥാപന തലത്തിൽ സ്ഥാപിച്ചിട്ടുള്ള പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീനുകളിൽ ഷ്രെഡ്ഡ് ചെയ്ത് റോഡ് ടാറിംഗിന് ഉപയോഗിക്കുന്നതിനായി ക്ലീൻ കേരള കമ്പനിയുടെ മേൽനോട്ടത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ
- നിലവിലുള്ള പൊതു പ്ലാന്റുകളുടെ അറ്റകുറ്റപ്പണികളും അപ്ഗ്രഡേഷനും
- സ്ളോട്ടർഹൗസ്, ക്രിമറ്റോറിയം
- മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾ
- എല്ലാ വീടുകൾക്കും കക്കൂസ് സൗകര്യം വൃത്തിയും വെടിപ്പുമുള്ള പൊതുടോയ്‌ലറ്റ്
- പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് സംവിധാനങ്ങൾ
- സ്ഥാപനതല ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ
- പുനരുപയോഗ സാദ്ധ്യമായ സാധനങ്ങൾ പരമാവധി ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നതിനും പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കാനുമുള്ള ക്യാമ്പയിൻ, ബദൽ ഉല്പന്നങ്ങൾ ലഭ്യമാക്കൽ, ബദൽ ഉല്പന്ന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കൽ, ഗ്രീൻ പ്രോട്ടോകോൾ.
- വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ
- ശേഷിവികസന പരിപാടികൾ

മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ അനുദിനം വർദ്ധിച്ചുവരുന്ന. ഖരമാലിന്യപ്രശ്നം പരിഹരിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ഏഴ് സ്ഥലങ്ങളിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ഖരമാലിന്യം സംസ്കരിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും അതിജീവിക്കുന്നതിനുള്ള മുൻകരുതലുകൾ

146(3578) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളതാപനവും കാലാവസ്ഥാവ്യതിയാനവുംമൂലം ഉണ്ടാകുന്ന പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കുന്നതിനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കാലാവസ്ഥാവ്യതിയാനം കൃഷിയിലും അനുബന്ധ മേഖലകളിലും വരുത്തുന്ന മാറ്റങ്ങൾ എന്തെല്ലാമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പ്രതിരോധിക്കുന്നതിനായി എന്തെല്ലാം അടിയന്തര നടപടികൾ കൈക്കൊള്ളുവാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെയും ഇടയ്ക്കിടെയുണ്ടാകുന്ന പ്രകൃതിദുരന്തങ്ങളുടെയും പശ്ചാത്തലത്തിൽ 'ജൈവ വൈവിദ്ധ്യ ദുരന്ത നിവാരണ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം' എന്ന മേഖലയ്ക്ക് എല്ലാ തലത്തിലെയും തദ്ദേശ ഭരണ സ്ഥാപനങ്ങൾ പുതിയ വർക്കിംഗ് ഗ്രൂപ്പ് നിർബന്ധമായും രൂപീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 23-10-2018-ലെ സ.ഉ.(സാധാ) നമ്പർ 2710/2018/ത.സ്വ.ഭ.വ. (അനുബന്ധം)* പ്രകാരം പ്രസ്തുത വർക്കിംഗ് ഗ്രൂപ്പിന്റെ വിവിധ വിഷയാടിസ്ഥാനത്തിലുള്ള ചുമതലകൾ സംബന്ധിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രളയത്തെത്തുടർന്ന് പല സ്ഥലങ്ങളിലേയും മേൽമണ്ണ് ഒലിച്ചുപോകുകയും മണ്ണിന്റെ ഫലപുഷ്ടി നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. അതുപോലെ പല പ്രദേശങ്ങളിലും എക്കലും മണ്ണും കൂടുതലായി വന്നടിഞ്ഞ് കൃഷി ചെയ്യാൻ കഴിയാത്തതായും കണ്ടെത്തിയിട്ടുണ്ട്.

പ്രളയത്തെത്തുടർന്നുണ്ടായ കൃഷിനാശം നേരിടുന്നതിന് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് വിളപരിപാലനം, സംരക്ഷണം എന്നിവയുമായി രൂപരേഖ തയ്യാറാക്കുന്നതിനുള്ള ടീമുകൾ രൂപീകരിച്ചുകൊണ്ട് 14-9-2018-ലെ സ.ഉ. (സാധാ) നമ്പർ 930/2018/കൃഷി (അനുബന്ധം )* ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ബഡ്സ് സ്കൂൾ സ്ഥാപിക്കുന്നതിനുള്ള നിബന്ധനകൾ

147(T* 3579) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്സ് സ്കൂൾ സ്ഥാപിക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ബഡ്സ് സ്കൂൾ കെട്ടിടത്തിന് ഏതെങ്കിലും തരത്തിലുള്ള പ്രത്യേക സൗകര്യങ്ങൾ ഉണ്ടാകണമെന്ന നിബന്ധനയുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ;

(സി) പ്രസ്തുത സ്കൂളുകളിലെ അധ്യാപകർക്ക് എന്തെങ്കിലും പ്രത്യേക യോഗ്യതകൾ നിഷ്കർഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ-സി) ബഡ്സ് സ്കൂൾ സ്ഥാപിക്കുന്നതിനുള്ള നിബന്ധനകളും അദ്ധ്യാപകരുടെ പ്രത്യേക യോഗ്യതകളും നിഷ്കർഷിച്ചിട്ടുള്ള 29-7-2019-ലെ മാർഗ്ഗരേഖ തീയതി [സ.ഉ.(എം.എസ്) നമ്പർ 148/09/ത.സ്വ.ഭ.വ., 7-2-2018-ലെ സ.ഉ. (എം.എസ്.) നമ്പർ 20/2018/ത.സ്വ.ഭ.വ.] അനുബന്ധമായി ചേർക്കുന്നു.*

## പഴവങ്ങാടി പഞ്ചായത്തിലെ പൊതുശ്മശാന നിർമ്മാണം

148(3580) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്ക് ആസ്ഥാനത്തെ മൂന്ന് പഞ്ചായത്തുകൾക്കൊപ്പം പഴവങ്ങാടി പഞ്ചായത്തിൽ ആരംഭിച്ച പൊതുശ്മശാന നിർമ്മാണം ഏത് ഘട്ടം വരെയായി; നിർമ്മാണം പൂർത്തീകരിക്കുന്നതിൽ തടസ്സമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്ര ; ആരാണ് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്; എന്തൊക്കെ സൗകര്യങ്ങളാണ് ഇവിടെ ഏർപ്പെടുത്തുന്നത്; തടസ്സങ്ങൾ നീക്കി പദ്ധതി എന്ന് പ്രവർത്തനം ആരംഭിക്കാനാകും എന്ന് വ്യക്തമാക്കാമോ?

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ശ്മശാനത്തിന്റെ കെട്ടിട നിർമ്മാണം, മെഷീനുകൾ, അനുബന്ധ സൗകര്യങ്ങൾ എന്നിവ ഒരുക്കിയിട്ടുണ്ട്. ശ്മശാനത്തിലേയ്ക്ക് കൊണ്ടുവരുന്ന ചിമ്മിനി, കരാറുകാരുടെ ഗോഡൗണിൽവച്ച് പ്രളയത്തിൽ വെള്ളം കയറി നശിച്ചുപോയതിനാൽ നിർമ്മാണ പ്രവർത്തനത്തിന് തടസ്സം നേരിട്ടിട്ടുണ്ട്.

(ബി) 81,20,000 രൂപയാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തുക. കോസ്റ്റ് ഫോർഡ് എന്ന ഏജൻസി മുഖേന ഗ്രാമപഞ്ചായത്തിന്റെ മേൽനോട്ടത്തിൽ നിർമ്മാണം നടക്കുന്നു. ഗ്യാസ് ഉപയോഗിച്ച് പ്രവർത്തിക്കുന്ന ആധുനിക ശ്മശാനമാണ് വിഭാവന ചെയ്തിരിക്കുന്നത്. 2019 മാർച്ച് 31-നകം ശ്മശാനത്തിന്റെ നിർമ്മാണം പൂർത്തിയാക്കാൻ കഴിയുന്നതാണ്.

**പൊതുശ്മശാനങ്ങൾ**

149(3581) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങൾക്ക് പൊതുശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് എത്ര തുകയാണ് സർക്കാർ അനുവദിക്കുന്നത് ;

(ബി) പൊതുശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾ പ്രത്യേക ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ കൊല്ലം ജില്ലയിൽപ്പെടുന്ന തദ്ദേശസ്ഥാപനങ്ങൾക്ക് ശ്മശാനങ്ങളുടെ നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തിൽ 100 കോടി രൂപ കിഫ്ബിയിൽ ഉൾപ്പെടുത്തി ആധുനിക വാതക ശ്മശാനങ്ങൾ നിർമ്മിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ ഇക്കാര്യത്തിലേയ്ക്ക് തയ്യാറാക്കപ്പെടുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയാണ് ധനസഹായം എത്രയാണെന്ന് നിശ്ചയിക്കപ്പെടുന്നത്.

(ബി) തദ്ദേശഭരണ സ്ഥാപനതലങ്ങളിൽ എൽ.പി.ജി. ഇന്ധനമായി ഉപയോഗിക്കാവുന്ന ക്രിമറ്റോറിയം ഫർണസും അനുബന്ധ ഘടകങ്ങളും (സിവിൽ പ്രവൃത്തികളൊഴികെ) രൂപകല്പന സ്ഥാപിക്കൽ, പ്രവർത്തിപ്പിക്കലും പരിപാലനവും എന്നീ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിലേയ്ക്ക് താഴെപ്പറയുന്ന 5 സേവനദാതാക്കളെ എംപാനൽ ചെയ്തിട്ടുണ്ട്.

1. Jwalaa Equipments And Consultants

2. Alpha Equipments

3. Essco Furnaces Private Limited

4. Hi-Teck Crematorium Pvt. Ltd.

5. RAIDCO

6. COSTFORD

7. SILK

(സി) ഈ സർക്കാരിന്റെ കാലയളവിൽ കൊല്ലം ജില്ലയിൽപ്പെടുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ശ്മശാന നിർമ്മാണത്തിനായി ധനസഹായം അനുവദിച്ചിട്ടില്ല.

**റോഡ് പുനർനിർമ്മിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

150(3582) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകൾ പുനർനിർമ്മിക്കുന്നതിനായി സംസ്ഥാനത്തുടനീളം ഒരേ നിരക്കുകൾ തന്നെയാണോ നിലവിലുള്ളത്;

(ബി) ഒരേ നിരക്കുകൾ ആണെങ്കിൽ സോളിംഗ്, മെറ്റലിംഗ്, ടാറിംഗ്, റീ-ടാറിംഗ്, കോൺക്രീറ്റിംഗ് തുടങ്ങിയ പ്രവൃത്തികളിൽ നിലവിലുള്ള നിരക്കുകൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) റോഡുകൾ പുനർനിർമ്മിക്കുന്നതിനായി സംസ്ഥാനത്തുടനീളം ഒരേ നിരക്കല്ല നിലവിലുള്ളത്. ഓരോ ജില്ലകളുടെയും Cost Index അനുസരിച്ച് ഓരോ പ്രവൃത്തിയുടെയും നിരക്കിൽ വ്യത്യാസംവരുന്നുണ്ട്. റോഡ് പ്രവൃത്തികൾക്ക് ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റും അതത് സ്ഥലങ്ങളിലെ നിലവിലുള്ള കോസ്റ്റ് ഇൻഡക്സും ചേർത്താണ് നൽകുന്നത്. ടി കോസ്റ്റ് ഇൻഡക്സ് വ്യത്യസ്ത സ്ഥലങ്ങളിൽ വ്യത്യസ്ത നിരക്കായതിനാൽ ഒരേ നിരക്ക് പ്രായോഗികമല്ല.

## ലക്കിടി-പേരൂർ ഗ്രാമപഞ്ചായത്തിലെ മിത്രാനന്ദപുരം - കുണ്ടുകാട് റോഡ്

151(3583) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിൽ വാർഡ് 15 ലെ മിത്രാനന്ദപുരം - കുണ്ടുകാട് റോഡ് തകർന്ന് കിടക്കുന്ന കാര്യം ശ്രദ്ധയിലുണ്ടോ;

(ബി) പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. പാലക്കാട് ജില്ലയിലെ ലക്കിടി-പേരൂർ ഗ്രാമപഞ്ചായത്തിലെ മിത്രാനന്ദപുരം - കുണ്ടുകാട് റോഡിന്റെ നീളം 524 മീറ്ററാണ്. ഇതിൽ 189 മീറ്റർ നീളത്തിൽ മെറ്റലിംഗ് കഴിഞ്ഞതും 78 മീറ്റർ കോൺക്രീറ്റ് കഴിഞ്ഞതുമാണ്. ശേഷിക്കുന്ന 257 മീറ്റർ മണ്ണ് റോഡാണ്. ടി റോഡിൽ 189 മീറ്റർ നീളത്തിൽ മെറ്റലിംഗ് കഴിഞ്ഞ ഭാഗത്ത് ടാറിംഗ് ചെയ്യുന്നതിനായി ലക്കിടി-പേരൂർ ഗ്രാമപഞ്ചായത്ത് 218-19 സാമ്പത്തിക വർഷത്തിൽ 3,40,000 രൂപ വകയിരുത്തിയിട്ടുള്ളതും ടി പ്രവൃത്തി കരാർ വച്ചിട്ടുള്ളതുമാണ്.

## ബിറ്റുമിൻ വിലയിലുണ്ടാകുന്ന വിലവർദ്ധനവ്

152(3584) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ബിറ്റുമിൻ വിലയിലുണ്ടാകുന്ന വിലവർദ്ധനവ് മുൻകൂട്ടി കാണാൻ കഴിയാത്ത സാഹചര്യത്തിൽ പലപ്പോഴും എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടിവരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാരണത്താൽ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തിയിൽ നിന്ന് പിന്തിരിയുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് എന്തെല്ലാം പരിഹാരമാർഗ്ഗങ്ങളാണ് ആലോചിക്കുന്നത്?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. റോഡ് ടാറിംഗ് പ്രവൃത്തികളുടെ ടെണ്ടർ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയിലെ ബിറ്റുമിന്റെ വിലയും കരാർ കാലാവധിക്കുള്ളിൽ കരാറുകാരൻ വാങ്ങിയ ബിറ്റുമിന്റെ (1-11-2018-നുശേഷം വാങ്ങിയ) വിലയും താരതമ്യം ചെയ്ത് വില വ്യത്യാസം കരാറുകാരന് നൽകുന്നതിന് 13-11-2018-ലെ സ.ഉ. (സാധാ) നമ്പർ 9386/2018/ധന. ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

## ആലത്തൂർ ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണം

153(3585) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ നിയോജക മണ്ഡലത്തിൽ പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനർനിർമ്മിതിക്കായി എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

ആലത്തൂർ നിയോജക മണ്ഡലത്തിൽ ഏകദേശം 155.96 കിലോമീറ്റർ ഗ്രാമീണ റോഡുകൾ പ്രളയത്തിൽ തകർന്നിട്ടുണ്ട്. ഇതിന്റെ പുനർനിർമ്മിതിക്കായി ആകെ 1336.25 ലക്ഷം രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പഞ്ചായത്തിന്റെ പേര് | റോഡ് (കി.മീറ്ററിൽ) | തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | ആലത്തൂർ | 13.60 | 100.00 |
| 2 | എരിമയൂർ | 36.00 | 280.00 |
| 3 | കിഴക്കഞ്ചേരി | 53.50 | 321.00 |
| 4 | കുഴൽമന്ദം | 15.50 | 267.00 |
| 5 | തേങ്കുറിശ്ശി | 14.50 | 123.25 |
| 6 | മേലാർകോട് | 8.86 | 105.00 |
| 7 | വണ്ടാഴി | 14.00 | 140.00 |
| | **ആകെ** | **155.96** | **1336.25** |

## നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കെ.എസ്.ആർ.ആർ.ഡി.എ. പ്രവൃത്തികൾ

154(3586) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ചെങ്കൽ പഞ്ചായത്തിലെ ടൈൽ ഫാക്ടറി കാര്യയോട് റോഡിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കെ.എസ്.ആർ.ആർ.ഡി.എ. സ്വീകരിച്ച നടപടി ഏതെല്ലാം എന്ന് വിശദീകരിക്കാമോ;

(ബി) റോഡുപണി പുനരാരംഭിക്കാൻവേണ്ടി തദ്ദേശസ്വയംഭരണ വകുപ്പ് DD1/522/17 പ്രകാരം എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) 2019 മാർച്ചിന് മുമ്പ് നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുവാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ 3-10-2016-ൽ കരാർ ടെർമിനേറ്റ് ചെയ്യുകയും ബാക്കി പ്രവൃത്തികൾ 4-6-2017, 12-7-2017 എന്നീ തീയതികളിൽ ടെണ്ടർ ചെയ്തിട്ടുള്ളതുമാണ്. ടി ടെണ്ടറിൽ പങ്കെടുത്ത ഏക കരാറുകാരൻ എസ്റ്റിമേറ്റ് റേറ്റിൽനിന്നും 99 ശതമാനം അധികനിരക്ക് ആവശ്യപ്പെട്ടുകൊണ്ട് ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. ടെണ്ടർ എക്സസ് അനുവദിക്കുന്നതിനുവേണ്ടി KSRRDA-യിൽനിന്നും ലഭ്യമായ പ്രൊപ്പോസൽ DD1/522/17 നമ്പർ ഫയലിൽ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) പരിഗണിക്കുന്നതാണ്.

## എം.ജി.എൻ.ആർ.ഇ.ജി.-യിലെ അധിക തൊഴിൽ ദിനങ്ങൾ

155(3587) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ സാഹചര്യം കൂടി പരിഗണിച്ച് എം.ജി.എൻ.ആർ.ഇ.ജി. പദ്ധതിയിൽ അധിക തൊഴിൽ ദിനങ്ങൾ അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2018-19 സാമ്പത്തിക വർഷം സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളിലൂടെ 550 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനാണ് കേന്ദ്രസർക്കാരിൽനിന്നും അംഗീകാരം ലഭിച്ചിട്ടുള്ളത്.

എന്നാൽ പ്രളയക്കെടുതിമൂലമുണ്ടായ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 550 ലക്ഷം തൊഴിൽ ദിനങ്ങൾ എന്നത് 1119 ലക്ഷം തൊഴിൽ ദിനങ്ങളായി ഉയർത്തുന്നതിന് കേന്ദ്രസർക്കാരിലേയ്ക്ക് അപേക്ഷിക്കുകയും ടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനായി 2,65,246.41 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ അനുമതി ലഭ്യമായിട്ടില്ല.

**ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

156(3588) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാം ആണെന്ന് വിശദമാക്കാമോ;

(ബി) ഷൊർണ്ണൂർ മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഓരോ വർഷത്തിലും എത്ര തൊഴിൽ ദിനങ്ങൾ നൽകി എന്നതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പ്രതിഫല കുടിശ്ശിക നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചുവടെ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

1. പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതുപ്രവൃത്തികൾ
2. സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ
3. ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകളനുസരിക്കുന്ന സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനുള്ള പ്രവൃത്തികൾ
4. ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ പ്രവൃത്തികൾ.

(ബി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ഗ്രാമപഞ്ചായത്തിന്റെ പേര് | സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | | |
|---|---|---|---|
| | 2016-17 | 2017-18 | 2018-19 (04.12.2018 വരെ) |
| അനങ്ങാടി | 55668 | 46948 | 31180 |
| ചളവറ | 39890 | 31060 | 30040 |
| നല്ലായ | 60463 | 27066 | 25542 |
| തൃക്കടീരി | 46327 | 36662 | 30022 |
| വാണിയംകുളം | 83069 | 67629 | 55439 |
| വെള്ളിനേഴി | 56908 | 37586 | 36328 |
| **ആകെ** | **342325** | **246951** | **208551** |

(സി) ഉണ്ട്. 5-12-2018 വരെ അവിദഗ്ധ തൊഴിലാളികളുടെ വേതനയിനത്തിൽ 635.37 കോടി രൂപ കുടിശ്ശികയുണ്ട്. 5-12-2018-ൽ കേന്ദ്ര സർക്കാർ അനുവദിച്ച 366.06 കോടി രൂപ തൊഴിലാളികളുടെ അക്കൗണ്ടുകളിൽ എത്തുന്നതോടെ കുടിശ്ശിക 269.31 കോടി രൂപയായി കുറയുന്നതാണ്.

**ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

157(3589) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുള്ള തൊഴിലാളികളുടെ കൂലി കുടിശ്ശികയിനത്തിൽ കേന്ദ്രസർക്കാർ എത്ര തുക നൽകാനുണ്ട്;

(ബി) ജില്ല അടിസ്ഥാനത്തിലുള്ള കണക്ക് വിശദമാക്കാമോ?

ഉത്തരം

(എ) 5-12-2018 വരെ 635.37 കോടി രൂപ കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമാകാനുണ്ടായിരുന്നു. ഇതിൽ 366.06 കോടി രൂപ അനുവദിച്ച് 5-12-2018-ൽ കേന്ദ്ര സർക്കാർ ഉത്തരവായിട്ടുണ്ടെന്നതിനാൽ നിലവിൽ ലഭിക്കാനുള്ള കുടിശ്ശിക തുക 269.31 കോടി രൂപയാണ്.

(ബി) വേതന കുടിശ്ശികയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | കുടിശ്ശിക (5-12-2018 വരെ) |
|---|---|
| തിരുവനന്തപുരം | 72,32,79,952 |
| കൊല്ലം | 54,90,14,427 |
| പത്തനംതിട്ട | 24,10,28,122 |
| ആലപ്പുഴ | 82,08,96,215 |
| കോട്ടയം | 26,41,03,421 |
| ഇടുക്കി | 46,44,72,674 |
| എറണാകുളം | 37,11,32,273 |
| തൃശ്ശൂർ | 37,38,46,271 |
| പാലക്കാട് | 68,49,62,792 |
| മലപ്പുറം | 36,02,19,070 |
| കോഴിക്കോട് | 63,00,86,277 |
| വയനാട് | 29,10,28,186 |
| കണ്ണൂർ | 29,96,26,449 |
| കാസർഗോഡ് | 27,99,47,131 |
| **ആകെ** | **6,35,36,43,260** |

5-12-2018-ൽ കേന്ദ്ര സർക്കാർ അനുവദിച്ച തുക തൊഴിലാളികളുടെ അക്കൗണ്ടുകളിൽ എത്തുന്നതോടെ കുടിശ്ശിക 269.31 കോടി രൂപയായി കുറയുന്നതാണ്.

**തൊഴിലുറപ്പ് പദ്ധതി**

158(3590) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾ എത്ര; പുരുഷ/സ്ത്രീ തൊഴിലാളികൾ എന്നിവ തിരിച്ച് വ്യക്തമാക്കാമോ ;

(ബി) നാളിതുവരെ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിദഗ്ധ തൊഴിലാളികളുടെ വേതനയിനത്തിൽ വിതരണം ചെയ്യുവാനുള്ള കുടിശ്ശിക എത്ര ;

(സി) പ്രസ്തുത കുടിശ്ശികയിനത്തിൽ എത്ര തുക കേന്ദ്രസർക്കാർ നല്കാനുണ്ട്;

(ഡി) ഈ സർക്കാർ കാലയളവിൽ നാളിതുവരെ ഓരോ തൊഴിലുറപ്പ് തൊഴിലാളിക്കും ശരാശരി എത്ര തൊഴിൽ ദിനങ്ങൾ വീതം സൃഷ്ടിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഇ) തൊഴിലുറപ്പ് പദ്ധതിയിൽ വിവിധ പ്രായത്തിൽപ്പെട്ടവരും ഭിന്നശേഷിയുള്ളവരും സ്ത്രീകളും അടക്കമുള്ള തൊഴിലാളികൾ ജോലി ചെയ്യുന്നതിനാൽ അവരുടെ അധ്വാനഭാരം ലഘൂകരിക്കുന്നതിനും അനുവദനീയമായ പരമാവധി തൊഴിൽ ദിനങ്ങൾ ലഭ്യമാക്കാനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഗ്രാമീണ മേഖലയിലെ പ്രധാന വരുമാന മാർഗ്ഗമായതിനാൽ ഈ പദ്ധതി അഴിമതിരഹിതമായും കൂടുതൽ കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 53,82,361 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 34,43,691 സ്ത്രീ തൊഴിലാളികളും 19,38,670 പുരുഷ തൊഴിലാളികളും ഉൾപ്പെടുന്നു. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ 9773 പുരുഷന്മാരും 1,46,986 സ്ത്രീകളും ഉൾപ്പെടെ 1,56,759 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി&സി) വിദഗ്ദ്ധ തൊഴിലാളികളുടെ വേതനയിനത്തിൽ മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലും കുടിശ്ശിക നിലവിലില്ല.

(ഡി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വർഷം | സൃഷ്ടിച്ച ശരാശരി തൊഴിൽ ദിനങ്ങൾ |
|---|---|---|
| 1 | 2016-17 | 46.97 |
| 2 | 2017-18 | 47.24 |
| 3 | 2018-19 (5-12-2018 വരെ) | 39 |

(ഇ) സംസ്ഥാനത്ത് വിവിധ ഗ്രാമപഞ്ചായത്തുകളിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്ന പ്രവൃത്തികളിൽ മറ്റുള്ള സംസ്ഥാനങ്ങളെ അപേക്ഷിച്ച് സ്ത്രീ തൊഴിലാളികളുടെ പ്രാതിനിധ്യം വളരെ കൂടുതലും നിലവിലുള്ള എം.ഐ.എസ്. കണക്കുകൾ പ്രകാരം 90 ശതമാനത്തിൽ അധികവുമാണ്. തൊഴിലുറപ്പ് പദ്ധതിയിൽ നിലവിലുള്ള നിയമപ്രകാരം പത്തോ അതിലധികമോയുള്ള തൊഴിലാളികളെ പങ്കെടുപ്പിച്ചുകൊണ്ടാണ് ഓരോ പ്രവൃത്തിയും ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നത്. ഓരോ പ്രവൃത്തിയിലും ഏർപ്പെട്ടിരിക്കുന്ന കായികാദ്ധ്വാനം ചെയ്യാൻ കഴിവുള്ള അവിദഗ്ദ്ധ തൊഴിലാളിക്കൊപ്പം തന്നെ ഭിന്നശേഷിക്കാരായ തൊഴിലാളികളെ അതത് വർക്ക് സൈറ്റുകളിൽ നിയോഗിച്ച് അവരവരുടെ പ്രവർത്തനക്ഷമതയ്ക്കനുസരിച്ചുള്ള പ്രവൃത്തികൾ ചെയ്യാൻ അനുവാദം നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതിയിലേർപ്പെട്ടിരിക്കുന്ന വിവിധ തരത്തിലുള്ള തൊഴിലാളികളുടെ പ്രവർത്തന ക്ഷമതയ്ക്കനുസരിച്ചുള്ള പ്രവൃത്തികൾ കണ്ടെത്തുന്നതിനും ആനുപാതികമായുള്ള കൂലി നൽകുന്നതിനുംവേണ്ടിയുള്ള ടൈം & മോഷൻ സ്റ്റഡിയുടെ റിപ്പോർട്ട് അന്തിമഘട്ടത്തിലാണ്.

(എഫ്) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴലുറപ്പ് പദ്ധതി അഴിമതിരഹിതവും കൂടുതൽ സുതാര്യവും കാര്യക്ഷമവുമായി നടപ്പിലാക്കുന്നതിന് ചുവടെ സൂചിപ്പിക്കുന്ന പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു.

1. മറ്റ് പദ്ധതികളെ അപേക്ഷിച്ച് വിവിധ ഗ്രാമപഞ്ചായത്ത് വാർഡ് തലത്തിൽ പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങൾ മുഖേന കണ്ടെത്തുന്ന പ്രവൃത്തികൾ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുതലത്തിൽ ക്രോഡീകരിച്ച് ഓരോ വർഷവും ലേബർ ബഡ്ജറ്റ്/വാർഷിക കർമ്മ പദ്ധതി തയ്യാറാക്കി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അംഗീകാരത്തോടെയാണ് പദ്ധതി നടപ്പിലാക്കിവരുന്നത്.
2. പദ്ധതിയിൽ അഴിമതി ഇല്ലാതാക്കുന്നതിനുവേണ്ടി നിലവിലെ തൊഴിലുറപ്പ് നിയമ പ്രകാരം ഇടനിലക്കാരെയും കോൺട്രാക്ടർമാരെയും പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.
3. പദ്ധതിയിൽ ജോലി നോക്കിവരുന്ന തൊഴിലാളികൾക്ക് ലഭിക്കാനുള്ള വേതനം അവരുടെ ബാങ്ക്/പോസ്റ്റാഫീസ് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് കൈമാറുന്നതിനുവേണ്ടി നാഷണൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം (എൻ.ഇ.എഫ്.എം.എസ്.), പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (പി.എഫ്.എം.എസ്.) എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്.

## മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

159(3591) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കുടിശ്ശികയിനത്തിൽ ഓരോ ജില്ലയിലും എത്ര രൂപ കുടിശ്ശികയുണ്ടെന്ന് അറിയിക്കുമോ;

(ബി) കുടിശ്ശിക കൊടുത്തു തീർക്കുന്നതിനും താമസം കൂടാതെ വിതരണം ചെയ്യുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) വേതന കുടിശ്ശികയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | കുടിശ്ശിക (5-12-2018 വരെ) (രൂപ) |
|---|---|
| തിരുവനന്തപുരം | 72,32,79,952 |
| കൊല്ലം | 54,90,14,427 |
| പത്തനംതിട്ട | 24,10,28,122 |
| ആലപ്പുഴ | 82,08,96,215 |
| കോട്ടയം | 26,41,03,421 |
| ഇടുക്കി | 46,44,72,674 |
| എറണാകുളം | 37,11,32,273 |
| തൃശ്ശൂർ | 37,38,46,271 |
| പാലക്കാട് | 68,49,62,792 |
| മലപ്പുറം | 36,02,19,070 |
| കോഴിക്കോട് | 63,00,86,277 |
| വയനാട് | 29,10,28,186 |
| കണ്ണൂർ | 29,96,26,449 |
| കാസർഗോഡ് | 27,99,47,131 |
| ആകെ | **6,35,36,43,260** |

ഇതിൽ 5-12-2018-ൽ കേന്ദ്ര സർക്കാർ 366.06 കോടി രൂപ വേതന കുടിശ്ശികയിനത്തിൽ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇത് തൊഴിലാളികളുടെ അക്കൗണ്ടിലെത്തുന്നതോടെ പ്രസ്തുത കുടിശ്ശികയിൽ കുറവുണ്ടാകുന്നതാണ്.

(ബി) വേതന ഇനത്തിലെ കുടിശ്ശിക ഉൾപ്പെടെയുള്ള തുക അനുവദിക്കാൻ അഭ്യർത്ഥിച്ച് 20-8-2018-ൽ കേന്ദ്ര സർക്കാരിന് കത്ത് നൽകിയിരുന്നു. 2018-19 സാമ്പത്തിക വർഷം അംഗീകരിച്ച 550 ലക്ഷം തൊഴിൽ ദിനങ്ങൾ എന്നത് മഹാപ്രളയം കണക്കിലെടുത്ത് 1119 ലക്ഷം തൊഴിൽ ദിനങ്ങളായി ഉയർത്തുന്നതിന് കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. ടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് നിലവിലെ വേതന കുടിശ്ശിക ഉൾപ്പെടെ 2652.46 കോടി രൂപ അനുവദിക്കണമെന്ന പ്രൊപ്പോസലും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

**ആറന്മുള നിയോജകമണ്ഡലത്തിലെ റോഡുകൾ**

160(3592) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള നിയോജകണ്ഡലത്തിലുൾപ്പെട്ട ഇലന്തൂർ, കോയിപ്രം, പന്തളം ബ്ലോക്കുകൾക്ക് കീഴിലുള്ള റോഡുകളിൽ 2012 മുതൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ചവ ഏതെല്ലാമാണ് ; പേരും, അടങ്കൽ തുകയും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം റോഡുകൾ പൂർത്തിയാക്കിയിട്ടുണ്ട് ; ഇനി പൂർത്തീകരിക്കാനുള്ളവ ഏതൊക്കെ; അവ പൂർത്തീകരിക്കാത്തത് എന്തുകൊണ്ട്; വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിശദാംശം ചുവടെ ചേർക്കുന്നു:

| നം. | ബ്ലോക്ക് | വർഷം | റോഡിന്റെ പേര് | അനുവദിച്ച തുക (ലക്ഷം) |
|---|---|---|---|---|
| 1 | ഇലന്തൂർ | 2016-17 | പന്നിക്കുഴിജംഗ്ഷൻ - എസ്.എൻ.ഡി.പി. സ്കൂൾ റോഡ് | 114 |
| 2 | ഇലന്തൂർ | 2017-18 | കൈതവന ടെമ്പിൾ ജംഗ്ഷൻ - മുളയ്ക്കൽപ്പടി റോഡ് | 160 |

| | | | | |
|---|---|---|---|---|
| 3 | കോയിപ്പുറം | 2013-14 | കല്ലിശ്ശേരി - കവുങ്ങുംപ്രയാർ റോഡ് | 165 |
| 4 | കോയിപ്പുറം | 2013-14 | വലിയനാകുഴി - ആയിരക്കാവ് റോഡ് | 188.91 |
| 5 | കോയിപ്പുറം | 2017-18 | ഇടയ്ക്കാട് മാർക്കറ്റ് - ടി. കെ. റോഡ് | 308.44 |
| 6 | കോയിപ്പുറം | 2017-18 | മേത്താനം - കൊല്ലന്റേത്ത്പടി റോഡ് | 152 |
| 7 | പന്തളം | 2013-14 | പുതിയകാവ് - താനിവിള റോഡ് | 164.63 |
| 8 | പന്തളം | 2013-14 | ചിത്ര ജംഗ്ഷൻ - അമ്പലത്തിനാൽചിറ റോഡ് | 100.53 |
| 9 | പന്തളം | 2013-14 | മുണ്ടുകണ്ടം - കുരിശ് റോഡ് | 64.34 |
| 10 | പന്തളം | 2017-18 | പടനിലത്തുപടി - ഇന്ദിരാനഗർ റോഡ് | 142.90 |

(ബി) പ്രസ്തുത പദ്ധതിയിൽ പൂർത്തീകരിച്ച റോഡുകളുടെയും ഇനി പൂർത്തീകരിച്ച റോഡുകൾ പൂർത്തീകരിക്കാനുള്ള റോഡുകളുടെയും വിശദാംശം ചുവടെ ചേർത്തിരിക്കുന്നു.

| നം. | ബ്ലോക്ക് | റോഡിന്റെ പേര് | സ്റ്റാറ്റസ് |
|---|---|---|---|
| 1 | ഇലന്തൂർ | പന്നിക്കുഴി ജംഗ്ഷൻ - എസ്.എൻ.ഡി.പി. സ്കൂൾ റോഡ് | പൂർത്തീകരിച്ചു |
| 2 | കോയിപ്രം | കല്ലിശ്ശേരി - കവുങ്ങുംപ്രയാർ റോഡ് | പൂർത്തീകരിച്ചു |
| 3 | കോയിപ്രം | വലിയനാകുഴി - ആയിരക്കാവ് റോഡ് | പൂർത്തീകരിച്ചു |
| 4 | പന്തളം | പുതിയകാവ് - താനിവിള റോഡ് | പൂർത്തീകരിച്ചു |
| 5 | പന്തളം | ചിത്ര ജംഗ്ഷൻ - അമ്പലത്തിനാൽചിറ റോഡ് | പൂർത്തീകരിച്ചു |
| 6 | പന്തളം | മുണ്ടുകണ്ടം - കുരിശ് റോഡ് | പൂർത്തീകരിച്ചു |

ഇനി പൂർത്തീകരിക്കാനുള്ള റോഡുകൾ

| നം. | ബ്ലോക്ക് | റോഡിന്റെ പേര് |
|---|---|---|
| 1 | ഇലന്തൂർ | കൈതവന ടെമ്പിൾ ജംഗ്ഷൻ - മുളയക്കൽപ്പടി റോഡ് |
| 2 | കോയിപ്പുറം | ഇടയ്ക്കാട് മാർക്കറ്റ് - ടി. കെ. റോഡ് |
| 3 | കോയിപ്പുറം | മേത്താനം - കൊല്ലന്റേത്ത്പടി റോഡ് |
| 4 | പന്തളം | പടനിലത്തുപടി - ഇന്ദിരാനഗർ റോഡ് |

മേൽപ്പറയുന്ന 4 പ്രവൃത്തികളും പി.എം.ജി.എസ്.വൈ.-ൽ 2017-18 വർഷത്തിൽ സാംഗ്ഷൻ ചെയ്തുവയാണ്. ടി പ്രവൃത്തികളുടെ എഗ്രിമെന്റ് കാലാവധി അവസാനിച്ചിട്ടില്ല. 2019 മാർച്ചിൽ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാനാകുമെന്ന് കരുതുന്നു.

## ഷൊർണ്ണൂർ മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി

161(3593) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ ഷൊർണ്ണൂർ മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം അനുവദിക്കപ്പെട്ട പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 2016 മുതൽ ഷൊർണ്ണൂർ മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം പ്രവൃത്തികളൊന്നും ഏറ്റെടുത്തിട്ടില്ല.

## കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം വീട് നിർമ്മാണം

162(3594) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം വീടു നിർമ്മിക്കുന്നതിന് അനുമതി നൽകണമെന്ന് സർക്കാർ വിജ്ഞാപനം ചെയ്തുപ്രകാരം വീട് നിർമ്മിക്കാനുള്ള അനുമതിക്കായി സമർപ്പിച്ച എത്ര അപേക്ഷകൾ തീർപ്പാക്കാതെയുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത നിയമത്തിനു ശേഷം എത്ര അപേക്ഷകളിൽ തീർപ്പുകൽപിച്ചുവെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത നിയമം വന്നതിനു ശേഷവും ചില തദ്ദേശഭരണ സ്ഥാപനങ്ങൾ വീട് നിർമ്മാണ അനുമതിക്ക് അനാവശ്യ കാലതാമസം വരുത്തി ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നു എന്ന ആക്ഷേപം പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം നിലവിൽവന്നതിനുശേഷം സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ വീട് നിർമ്മിക്കുന്നതിന് അനുമതിക്കായി ലഭിച്ച അപേക്ഷയുടെയും നടപടിയെടുത്തവയുടെയും ശേഷിക്കുന്ന അപേക്ഷയുടെയും എണ്ണം അനുബന്ധമായി ചേർക്കുന്നു.* നഗരസഭകളിലും മുനിസിപ്പാലിറ്റികളിലും ലഭിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) കേരള നെൽവയൽ തണ്ണീർത്തട നിയമം നിലവിൽ വന്നതിനുശേഷം വീട് നിർമ്മിതിക്ക് അനാവശ്യ കാലതാമസം വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കെട്ടിട നിർമ്മാണാനുമതി നൽകുന്നതിനായുള്ള സോഫ്റ്റ്‌വെയർ**

163(3595) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിൽ കെട്ടിട നിർമ്മാണാനുമതി നൽകുന്നതിന് ഉപയോഗിക്കുന്ന സങ്കേതം സോഫ്റ്റ്‌വെയർ മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഏതെങ്കിലും പഠനത്തിന്റെയോ കണ്ടെത്തലിന്റെയോ അടിസ്ഥാനത്തിലാണോ സോഫ്റ്റ്‌വെയർ മാറ്റുന്നതെന്ന് അറിയിക്കാമോ;

(സി) സങ്കേതം സോഫ്റ്റ്‌വെയറിൽ നിന്ന് മാറുമ്പോൾ പൊതുജനങ്ങൾ, ഉദ്യോഗസ്ഥർ, പ്ലാനുകൾ തയ്യാറാക്കുന്നവർ എന്നിവർക്കുണ്ടാകാൻ സാധ്യതയുള്ള ബുദ്ധിമുട്ടുകൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇവ പരിഹരിക്കാൻ ചെയ്യുന്ന കാര്യങ്ങൾ അറിയിക്കാമോ;

(ഡി) സങ്കേതത്തിന് പകരം ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സംസ്ഥാനത്തെ നഗരസഭകളിൽ കെട്ടിട നിർമ്മാണാനുമതി നൽകുന്നതിന് ഉപയോഗിക്കുന്ന സങ്കേതം സോഫ്റ്റ്‌വെയർ മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്.

ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പോളിസിയുടെ ഭാഗമായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേന വികസിപ്പിച്ചെടുത്ത IBPMS സോഫ്റ്റ്‌വെയറാണ് ഇതിനുപകരം ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ടി സോഫ്റ്റ്‌വെയർ നഗരസഭകളിൽ നടപ്പിലാക്കുന്നതിന് മുന്നോടിയായുള്ള ഡെമോൺസ്ട്രേഷനും ട്രെയിനിംഗും പൈലറ്റ് ട്രയൽ റണ്ണും പുരോഗമിച്ചുവരുന്നു.

(ബി) ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പോളിസിയുടെ ഭാഗമായി കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ആക്ഷൻ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് കൂടുതൽ നൂതനമായ IBPMS സോഫ്റ്റ്‌വെയർ ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

(സി) സങ്കേതം സോഫ്റ്റ്‌വെയറിൽനിന്നും മാറുമ്പോൾ ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കും ഉദ്യോഗസ്ഥർക്കും ട്രെയിനിംഗും ഡെമോൺസ്ട്രേഷൻ ക്ലാസുകളും സംഘടിപ്പിച്ചുവരുന്നുണ്ട്.

(ഡി) IBPMS സോഫ്റ്റ്‌വെയർ മുഖേന ഏതൊരു അപേക്ഷകനും ലേ ഔട്ട്, കെട്ടിട നിർമ്മാണാനുമതിക്കായി ബിൽഡിംഗ് പ്ലാൻ അപേക്ഷകൾ, അനുബന്ധ രേഖകൾ എന്നിവ ഓൺലൈനായി നൽകാൻ സാധിക്കും. കൂടാതെ ഈ അപേക്ഷകൾ ഓൺലൈനായിത്തന്നെ പരിശോധിക്കുന്നതിനും നിർമ്മാണാനുമതി ഓൺലൈനായിത്തന്നെ നൽകുന്നതിനും ഈ സോഫ്റ്റ്‌വെയറിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

## വാസഗൃഹങ്ങളുടെ പെർമിറ്റ് നൽകുന്നതിനുള്ള സോഫ്റ്റ്‌വെയർ സംവിധാനം

164(3596) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ വാസഗൃഹങ്ങളുടെ പെർമിറ്റ് നൽകുന്നതിനുള്ള സോഫ്റ്റ്‌വെയർ സംവിധാനം നിലവിൽ പ്രവർത്തനക്ഷമമാണോ;

(ബി) ഈ സോഫ്റ്റ്‌വെയർ നിർമ്മിച്ചതാരാണ്; എത്ര കാലമായി ഇത് പ്രവർത്തിക്കുന്നില്ലെന്ന് അറിയിക്കുമോ;

(സി) ഈ സോഫ്റ്റ്‌വെയർ മാറ്റി പുതിയത് കൊണ്ടുവരുന്നതിന് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനായി ടെൻഡർ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പ്രവർത്തനക്ഷമമാണ്.

(ബി&സി) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗിക്കുന്ന സങ്കേതം സോഫ്റ്റ്‌വെയർ, ഇൻഫർമേഷൻ കേരള മിഷനാണ് വികസിപ്പിച്ചെടുത്തത്. നിലവിൽ പ്രവർത്തനക്ഷമമാണ്.

ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പോളിസിയുടെ ഭാഗമായി സംസ്ഥാനത്തെ നഗരസഭകളിൽ Intelligent Building Plan Management System (IBPMS) സോഫ്റ്റ്‌വെയർ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പോളിസിയുടെ ഭാഗമായി കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ആക്ഷൻ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് കൂടുതൽ നൂതനമായ IBPMS സോഫ്റ്റ്‌വെയർ ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

**നിർമ്മാണ പ്രവർത്തനങ്ങളുടെ സുരക്ഷാപാളിച്ചകൾ**

165(3597) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യമായ സുരക്ഷാസംവിധാനം ഒരുക്കാതെ സംസ്ഥാനത്ത് പലഭാഗത്തും ഫ്ളാറ്റുകളുടെയും ഉയർന്ന കെട്ടിടങ്ങളുടെയും നിർമ്മാണപ്രവർത്തനം നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണപ്രവർത്തനങ്ങളുടെ സുരക്ഷാപാളിച്ചകൾ ഒഴിവാക്കുവാനും ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെയുള്ളവരുടെ സുരക്ഷിതത്വം ഉറപ്പാക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെട്ടിടങ്ങളുടെ നിർമ്മാണവും നിർമ്മാണ സമയത്തെ സുരക്ഷിതത്വവുമായി ബന്ധപ്പെട്ട് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 7(11) (എഫ്), 116(3) (ii), 116 (3) (iii) എന്നിവ പ്രകാരവും കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 20(6), 20(7), 20(8), 120 എ(3)ii, 120 എ(3) (iii) എന്നിവ പ്രകാരവും കെട്ടിട ഉടമകളും ലൈസൻസ്ഡ് എഞ്ചിനീയർമാരും സുരക്ഷാ സംവിധാനം ഒരുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിന് വിരുദ്ധമായി നിർമ്മാണം നടത്തുന്നത് ശ്രദ്ധയിൽപ്പെടുന്നപക്ഷം നിയമപരമായി കെട്ടിട നിർമ്മാണ ലൈസൻസ് റദ്ദ് ചെയ്യുന്നതിനുള്ള നടപടി തദ്ദേശഭരണ സ്ഥാപനങ്ങൾ കൈക്കൊള്ളുന്നതാണ്. തൊഴിൽ വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള ഹെൽത്ത് & സേഫ്റ്റി മാന്വൽ പ്രകാരം തൊഴിലാളികളുടെ സേഫ്റ്റി ഉറപ്പുവരുത്തുന്നതിനും നിയമമുണ്ട്.

## വി.ഇ.ഒ. തസ്തിക

166(3598) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മുനിസിപ്പാലിറ്റിയെ കണ്ണൂർ കോർപ്പറേഷനാക്കിയതിനെ തുടർന്ന് കണ്ണൂർ ജില്ലയിൽ വി.ഇ.ഒ. തസ്തിക നഷ്ടപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ; വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ നഷ്ടപ്പെട്ട തസ്തികകൾ പുനഃക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പുനഃക്രമീകരണത്തിലൂടെ കണ്ണൂർ ജില്ലക്ക് എത്ര വി.ഇ.ഒ. ഗ്രേഡ് II (File No. ERB2/8/2018 LSGD) തസ്തികകളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പുനഃക്രമീകരണ നടപടികൾ പൂർത്തീകരിച്ച് ഉടൻതന്നെ നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 20 വി.ഇ.ഒ. തസ്തികകൾ. 10 ഗ്രാമപഞ്ചായത്തുകൾ കണ്ണൂർ കോർപ്പറേഷനിലേയ്ക്ക് കൂട്ടിച്ചേർത്തപ്പോൾ പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ നിലനിന്നിരുന്ന 20 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികകൾ കണ്ണൂർ ജില്ലയിൽ ഇല്ലാതായിട്ടുണ്ട്.

(ബി-ഡി) പരിശോധിച്ചുവരുന്നു.

**തദ്ദേശഭരണ സ്ഥാപനങ്ങളിലെ ശുചീകരണത്തൊഴിലാളികൾ**

167(3599) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, ടൗൺഷിപ്പുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന ശുചീകരണ തൊഴിലാളികളുടെ എണ്ണം ജില്ലയും ഓഫീസും തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരിൽ സ്ഥിരം ജീവനക്കാരുടെയും താത്കാലിക ജീവനക്കാരുടെയും കരാർ തൊഴിലാളികളുടെയും എണ്ണം പ്രത്യേകം ലഭ്യമാക്കാമോ;

(സി) കോർപ്പറേഷനുകളുടെ വിസ്തൃതി കൂടുന്നതിനനുസരിച്ച് തൊഴിലാളികളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**ലക്ചറർ ഇൻ- എക്സ്റ്റൻഷൻ എഡ്യൂക്കേഷൻ**

168(3600) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൻ കീഴിലെ വികസന പരിശീലനകേന്ദ്രങ്ങളിലെ ലക്ചറർ തസ്തികകൾ സംബന്ധിച്ച സ്പെഷ്യൽ റൂൾ പ്രകാരമുള്ള തസ്തികകൾ ഏതെല്ലാമാണ്; വിഷയും യോഗ്യത തിരിച്ച് വ്യക്തമാക്കുക;

(ബി) ലക്ചറർ ഇൻ-എക്സ്റ്റെൻഷൻ എഡ്യൂക്കേഷൻ തസ്തികയിലേയ്ക്ക് എത്ര നിയമനം നടത്തിയിട്ടുണ്ട്;

(സി) യോഗ്യത തുല്യമായ ലക്ചറർ ഇൻ-സോഷ്യൽ എജ്യൂക്കേഷൻ റാങ്ക് ലിസ്റ്റിൽനിന്നും ലക്ചറർ ഇൻ-എക്സ്റ്റെൻഷൻ എഡ്യൂക്കേഷൻ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തസ്തിക - ലക്ചറർ ഗ്രേഡ് II

സബോർഡിനേറ്റ് സർവ്വീസ്

| | വിഷയം | യോഗ്യത |
|---|---|---|
| 1 | അഗ്രികൾച്ചർ | Bsc. in Agriculture |
| 2 | റൂറൽ ഇക്കണോമിക്സ് | MA in Economics/ Applied Economics (at least 50% marks) |
| 3 | സോഷ്യൽ എഡ്യൂക്കേഷൻ | MSW/MA in Sociology (at least 50% marks) |
| 4 | എക്സ്റ്റൻഷൻ എഡ്യൂക്കേഷൻ | MSW/Masters Degree in Communication/ Journalism |
| 5 | ഹോം സയൻസ് | Bachelor's Degree with Home Science as a main or Subsidiary Subject/ M.Sc. in Home Science |

തസ്തിക - ലക്ചറർ ഗ്രേഡ് I

സ്റ്റേറ്റ് സർവ്വീസ്

| | വിഷയം | യോഗ്യത |
|---|---|---|
| 1 | അഗ്രികൾച്ചർ | BSc. in Agriculture |
| 2 | റൂറൽ ഇക്കണോമിക്സ് | MA in Economics/ Applied Economics (at least 50% marks) |
| 3 | സോഷ്യൽ എഡ്യൂക്കേഷൻ | MSW/MA in Sociology (at least 50% marks) |
| 4 | എക്സ്റ്റൻഷൻ എഡ്യൂക്കേഷൻ | MSW/Master of Communication & Journalism |
| 5 | ഹോം സയൻസ് | Bachelor's Degree with Home Science as a main or Subsidiary Subject. |
| 6 | റൂറൽ ഇൻഡസ്ട്രീസ് | BA/Bsc. Degree / Masters Degree in Management / B.Tech. |
| 7 | അനിമൽ ഹസ്ബൻഡറി | BVSC |
| 8 | റൂറൽ എഞ്ചിനീയറിംഗ് | B.Tech (Civil) (at least 55% of marks) |
| 9 | സഹകരണം | Degree with HDC |

(ബി) നിയമനങ്ങൾ നടത്തിയിട്ടില്ല. പ്രസ്തുത തസ്തിക സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് വിവിധ ഇ.റ്റി.സി.-കളിൽ അനുവദിച്ച് സർക്കാർ ഉത്തരവായിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## തൃക്കാക്കര മുനിസിപ്പൽ സെക്രട്ടറി

169(3601) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മുനിസിപ്പൽ ചട്ട പ്രകാരം മുനിസിപ്പൽ സെക്രട്ടറി ആകസ്മിക അവധി ഉൾപ്പെടെയുള്ള അവധി എടുക്കുമ്പോൾ ആ അവധികൾ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; അവധി വിവരം മുനിസിപ്പൽ ചെയർമാനെ അറിയിക്കണമെന്ന വ്യവസ്ഥയുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) സെക്രട്ടറി അവധിയിൽ പ്രവേശിക്കുമ്പോൾ അദ്ദേഹത്തിന്റെ ചുമതലകൾ മറ്റൊരു ഉദ്യോഗസ്ഥനെ ഏൽപ്പിച്ചുകൊണ്ട് പ്രൊസീഡിംഗ്സ് ഇറക്കണമെന്ന് വ്യവസ്ഥയുണ്ടോയെന്ന് വിശദമാക്കാമോ;

(സി) തൃക്കാക്കര മുനിസിപ്പൽ സെക്രട്ടറി പി.എസ്.ഷിബു 2018-ൽ ഇതുവരെ ഏതെല്ലാം ദിവസങ്ങൾ ഏതെല്ലാം അവധിയിൽ പ്രവേശിച്ചിരുന്നു എന്ന് വ്യക്തമാക്കുമോ; ഈ ദിവസങ്ങളിലെ അവധി അപേക്ഷ, അവധി അനുവദിച്ചുകൊണ്ടുള്ള അനുമതി എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഡി) തൃക്കാക്കര മുനിസിപ്പൽ സെക്രട്ടറി അവധിയിലായിരുന്ന ദിവസങ്ങളിൽ സെക്രട്ടറിയുടെ ചുമതല മറ്റൊരു ഉദ്യോഗസ്ഥനെ ഏൽപ്പിച്ചുകൊണ്ടുള്ള പ്രൊസീഡിംഗ്സിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഇ) മുനിസിപ്പൽ സെക്രട്ടറി അവധിയിലാണെന്ന വിവരം അവധിക്ക് അപേക്ഷിച്ചപ്പോഴെല്ലാം മുനിസിപ്പൽ ചെയർപേഴ്സനെ അറിയിക്കണമെന്ന വ്യവസ്ഥ തൃക്കാക്കര മുനിസിപ്പൽ സെക്രട്ടറി പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; തൃക്കാക്കര മുനിസിപ്പൽ സെക്രട്ടറിക്കെതിരെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, മുനിസിപ്പൽ ഡയറക്ടർ എന്നിവർക്ക് മുനിസിപ്പാലിറ്റിയിൽനിന്നും പരാതി ലഭിച്ചിട്ടുണ്ടോ; ഇതിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2011-ലെ കേരള മുനിസിപ്പാലിറ്റി (ഉദ്യോഗസ്ഥന്മാരുടെമേൽ നിയന്ത്രണം) ചട്ടങ്ങളിലെ ചട്ടം 13(2) പ്രകാരം ചെയർപേഴ്സണിന്, സെക്രട്ടറിക്ക് അർഹതയ്ക്ക് വിധേയമായി അവധി അനുവദിക്കാവുന്നതാണ്. ടി (2)-ാം ഉപചട്ടത്തിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്ക് കേരള സർവ്വീസ് റൂളിലെ നിബന്ധനകൾക്ക് വിധേയമായി ആകസ്മികാവധി ഒഴികെയുള്ള അവധി അനുവദിക്കേണ്ടത് ഈ ആവശ്യത്തിലേയ്ക്കായി സർക്കാർ അധികാരപ്പെടു ത്തിയിട്ടുള്ള സർക്കാർ ഉദ്യോഗസ്ഥനാണ്.

(ബി) കേരള മുനിസിപ്പാലിറ്റീസ് ആക്ട് സെക്ഷൻ 48(4) പ്രകാരം സർക്കാർ, സെക്രട്ടറിക്ക് അവധി അനുവദിക്കാവുന്നതും പകരം ഒരാളെ നിയോഗിക്കുകയോ അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ ആ ഉദ്യോഗസ്ഥന്റെ ചുമതല വഹിക്കുന്നതിന് ഒരു ഉദ്യോഗസ്ഥന് നാമനിർദ്ദേശം ചെയ്യുകയോ ചെയ്യാവുന്നതാണ്. അവധിയുടെ കാലദൈർഘ്യമനുസരിച്ചും അവധി അനുവദിക്കുന്ന അധികാരിയുടെ നിബന്ധനകൾ പ്രകാരവും നടപടി സ്വീകരിക്കാവുന്നതാണ്.

(സി) ആകസ്മികാവധി - 20-3-2018, 12-4-2018 (1/2 ദിവസം), 16-4-2018, 17-4-2018 (1/2 ദിവസം), 30-5-2018 (1/2 ദിവസം), 2-6-2018 (1/2 ദിവസം), 13-6-2018, 21-7-2018, 28-7-2018, 4-8-2018, 7-11-2018, 8-11-2018, 13-11-2018, 19-11-2018 (1/2 ദിവസം). ആകെ ആകസ്മികാവധി - 11 1/2 ദിവസം.

കോമ്പൻസേറ്ററി ഓഫ് -7-9-2018, 14-9-2018, 1-10-2018. ആകെ-3.

തൃക്കാക്കര നഗരസഭാ സെക്രട്ടറി ലഭ്യമാക്കിയ അവധി അപേക്ഷകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ഡി) സെക്രട്ടറി ആകസ്മികാവധിയിലായിരുന്ന ദിവസങ്ങളിൽ സെക്രട്ടറിയുടെ ചുമതല മറ്റൊരു ഉദ്യോഗസ്ഥനെ ഏല്പിച്ചുകൊണ്ട് നഗരകാര്യ വകുപ്പിൽനിന്നും പ്രൊസീഡിംഗ്സ് നൽകിയിട്ടില്ല.

(ഇ) മുനിസിപ്പൽ സെക്രട്ടറി അവധിയിലാണെന്ന വിവരം അവധിക്ക് അപേക്ഷിച്ചപ്പോഴെല്ലാം മുനിസിപ്പൽ ചെയർപേഴ്സനെ ഫോൺ മുഖേനയും രേഖാമൂലവും അറിയിച്ചിട്ടുണ്ടെന്ന് സെക്രട്ടറി നൽകിയ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. തൃക്കാക്കര നഗരസഭാ സെക്രട്ടറി ശ്രീ. ഷിബു പി.എസ്. എന്ന ജീവനക്കാരനെതിരെ തൃക്കാക്കര നഗരസഭാ ചെയർപേഴ്സൺ 09-11-2018-ലെ കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർക്ക് പരാതി നൽകിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ 29-11-2018-ലെ ഇ-2-18948/18 നമ്പർ കത്ത് പ്രകാരം കാരണം കാണിക്കൽ നോട്ടീസ് ടിയാന് നൽകിയിട്ടുള്ളതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തൃക്കാക്കര മുനിസിപ്പാലിറ്റി എഞ്ചിനീയറുടെ സർവ്വീസ്

170(3602) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മുനിസിപ്പാലിറ്റിയിൽ എഞ്ചിനീയറായി ജോലി നോക്കിവരുന്ന ശ്രീ.രാജേന്ദ്രൻ മുനിസിപ്പൽ സർവ്വീസിൽ പ്രവേശിച്ചതെന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇദ്ദേഹം ഇതുവരെ ഏതെല്ലാം ഓഫീസുകളിൽ ഏതെല്ലാം കാലയളവിൽ ഏതെല്ലാം തസ്തികകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രീ. രാജേന്ദ്രൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുനിസിപ്പൽ സർവ്വീസിൽ ജോലിയിൽ പ്രവേശിച്ചത് 25-1-1990-ലാണ്.

(ബി) ശ്രീ. രാജേന്ദ്രൻ സേവനമനുഷ്ഠിച്ച തസ്തികകളും കാലയളവും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നം. | തസ്തിക | കാലയളവ് | ഓഫീസ് |
|---|---|---|---|
| 1 | വർക്ക് സൂപ്രണ്ട് | 25-1-1990 -5 -6-1990 | ഗുരുവായൂർ ടൗൺഷിപ്പ് കമ്മിറ്റി ഓഫീസ് |
| 2 | വർക്ക് സൂപ്രണ്ട് | 6-6-1990 - 12-10-1993 | കൊച്ചി കോർപ്പറേഷൻ |
| 3 | വർക്ക് സൂപ്രണ്ട് | 13-10-1999- 09-6-1998 | കൊല്ലം മുനിസിപ്പാലിറ്റി |
| 4 | രണ്ടാംതരം ഓവർസിയർ | 4-8-1998- 16-9-1998 | മലപ്പുറം മുനിസിപ്പാലിറ്റി |
| 5 | രണ്ടാംതരം ഓവർസിയർ | 17-9-1998- 18-10-2001 | കൊച്ചി കോർപ്പറേഷൻ |
| 6 | ഒന്നാംതരം ഓവർസിയർ | 19-10-2001 - 27-10-2001 | കോട്ടയം മുനിസിപ്പാലിറ്റി |
| 7 | ഒന്നാംതരം ഓവർസിയർ | 27-10-2001 - 16-6-2002 | കൊച്ചി കോർപ്പറേഷൻ |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | 17-6-2002- 27-9-2008 | കൊച്ചി കോർപ്പറേഷൻ |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 6-10-2008- 27-1-2009 | ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി |

| | | | |
|---|---|---|---|
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ | 27-1-2009- 04-4-2010 | പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത്, എറണാകുളം |
| 11 | അസിസ്റ്റന്റ് എഞ്ചിനീയർ | 5-4-2010 - 11-1-2012 | തൃക്കാക്കര ഗ്രാമപഞ്ചായത്ത്, എറണാകുളം |
| 12 | അസിസ്റ്റന്റ് എഞ്ചിനീയർ | 12-1-2012 - 14-5-2012 | കൊച്ചി കോർപ്പറേഷൻ |
| 13 | അസിസ്റ്റന്റ് എഞ്ചിനീയർ | 15-5-2012 - 03-11-2012 | തൃക്കാക്കര മുനിസിപ്പാലിറ്റി |
| 14 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 5-11-2012 - 23-4-2013 | കാസർഗോഡ് ജില്ലാ പഞ്ചായത്ത് |
| 15 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 24-4-2013- 22-2-2016 | എറണാകുളം ജില്ലാ പഞ്ചായത്ത് |
| 16 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 22-2-2016 - 09-11-2017 | തൃക്കാക്കര മുനിസിപ്പാലിറ്റി |
| 17 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 10-11-2017 - 04-4-2018 | മാള ബ്ലോക്ക് പഞ്ചായത്ത് |
| 18 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 5-4-2018 മുതൽ തുടരുന്നു | തൃക്കാക്കര മുനിസിപ്പാലിറ്റി |

**ഗ്രാമവികസന വകുപ്പിലെ ലക്ചറർ ഗ്രേഡ് I തസ്തികകൾ**

171(3603) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ വികസന വകുപ്പിൽ എത്ര ലക്ചറർ ഗ്രേഡ് I തസ്തികകളുണ്ട്; ടി തസ്തികകൾ സൃഷ്ടിച്ചതിന്റേയും ഇവയ്ക്ക് ശമ്പള സ്കെയിൽ നിശ്ചയിച്ചതിന്റേയും ഉത്തരവുകളുടെ പകർപ്പ് നൽകുമോ;

(ബി) ലക്ചറർ ഗ്രേഡ് - II അഗ്രികൾച്ചർ തസ്തികയുടെ നിയമനത്തിനുള്ള യോഗ്യതകൾ എന്തൊക്കെയാണ്; ടി തസ്തികയുടെ ശമ്പള സ്കെയിൽ എത്രയാണ്; ടി തസ്തികകൾ സൃഷ്ടിച്ചതിന്റേയും ഇവയ്ക്ക് ശമ്പള സ്കെയിൽ നിശ്ചയിച്ചതിന്റേയും

ഉത്തരവുകളുടെ പകർപ്പ് നൽകുമോ; ഏതെല്ലാം ശമ്പള സ്കെയിലിലുള്ള ഏതൊക്കെ ഉദ്യോഗസ്ഥർക്ക് ടി തസ്തികയിലേയ്ക്ക് അപേക്ഷിക്കാം; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ &ബി) വിവരം ശേഖരിച്ചുവരുന്നു.

## ലൈറ്റ് മോട്ടോർ വെഹിക്കിൾ ഡ്രൈവർ ഗ്രേഡ്-II

172(3604) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ലൈറ്റ് മോട്ടോർ വെഹിക്കിൾ ഡ്രൈവർ ഗ്രേഡ്-II തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്; ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിയമനം ത്വരിതപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ലൈറ്റ് മോട്ടോർ വെഹിക്കിൾ ഡ്രൈവർ ഗ്രേഡ്-II തസ്തികയിൽ ആകെ 12 ഒഴിവുകൾ നിലവിലുണ്ട്. 9 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നഗരകാര്യ വകുപ്പിലെ 3 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

| വകുപ്പ് | ഒഴിവുകളുടെ എണ്ണം | പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തവ |
|---|---|---|
| ഗ്രാമവികസനം | 2 | 2 |
| പഞ്ചായത്ത് | ഇല്ല | ഇല്ല |
| നഗരകാര്യം | 10 | 7 (ബാക്കി 3 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| നഗര ഗ്രാമാസൂത്രണം | ഇല്ല | ഇല്ല |
| എഞ്ചിനീയറിംഗ് വിഭാഗം | ഇല്ല | ഇല്ല |

(ബി) പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

## ഇടക്കൊച്ചി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന് സ്ഥലം അനുവദിക്കൽ

173(3605) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽപ്പെടുന്നതും സ്ഥലവിസ്തൃതി കുറഞ്ഞതുമായ ഇടക്കൊച്ചി പ്രദേശത്ത് അനുവദിച്ച കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ പള്ളുരുത്തി മേഖല 16-ാം ഡിവിഷനിൽ കോർപ്പറേഷൻവക 3 ഏക്കറോളംവരുന്ന സ്ഥലം ഉണ്ടായിട്ടും പ്രദേശവാസികളുടെ അടിയന്തര ആവശ്യമായ പ്രസ്തുത ഓഫീസ് ആരംഭിക്കുവാൻ ആവശ്യമായ സ്ഥലം അനുവദിക്കാതെ പ്രദേശവാസികൾക്ക് ആവശ്യമില്ലാത്ത മറ്റ് പദ്ധതികൾക്കായി പ്രസ്തുത സ്ഥലം അനുവദിക്കാനുണ്ടായ കാരണം വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് എം.എൽ.എ. 10-4-2018-ൽ സമർപ്പിച്ച നിവേദനത്തിൽ നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇടക്കൊച്ചി പ്രദേശത്തെ ജനങ്ങൾ നേരിടുന്ന വൈദ്യുത പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി അനുവദിച്ച സെക്ഷൻ ഓഫീസിനായി പ്രസ്തുത സ്ഥലത്ത് നിന്ന് 10 സെന്റ് അനുവദിക്കുന്നതിന് പ്രഥമ പരിഗണന നൽകുന്നതിനും ബാക്കിയുള്ള സ്ഥലത്ത് കോർപ്പറേഷന്റെ പദ്ധതികൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊച്ചി നഗരസഭയുടെ പള്ളുരുത്തി മേഖലാ 16-ാം ഡിവിഷനിൽ നഗരസഭാവക സ്ഥലത്ത് NULM (ദേശീയ നഗര ഉപജീവന ദൗത്യം) മുഖേന 'Night Shelter' അമൃത് പദ്ധതിയുടെ കീഴിൽ ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ നഗരസഭയിൽ നിലവിലുണ്ട്. ബാക്കിയുള്ള സ്ഥലത്ത് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നപടി കൊച്ചി നഗരസഭ കൗൺസിലിന്റെ തീരുമാനത്തിന് വിധേയമായി സ്വീകരിക്കുന്നതാണ്.

(ബി) ഇല്ല.

(സി) കൊച്ചി നഗരസഭ കൗൺസിലിന്റെ തീരുമാനത്തിന് വിധേയമായി നടപടി സ്വീകരിക്കുന്നതാണ്.

## പള്ളിക്കലാറിലേയ്ക്ക് മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുവാൻ നടപടി

174 (3606) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നഗരത്തിന് സമീപത്തുകൂടി ഒഴുകുന്ന പള്ളിക്കലാറിലേയ്ക്ക് മാലിന്യങ്ങൾ നിക്ഷേപിക്കുന്നതും ജല മലിനീകരണവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(സി) പള്ളിക്കലാറ്റിലേയ്ക്ക് തുറക്കുന്ന ഓടകളും തോടുകളും മാലിന്യ മുക്തമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പള്ളിക്കലാറിലേയ്ക്ക് മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനായി നഗരസഭയിൽ രാത്രികാല സ്ക്വാഡ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതുകൂടാതെ സമീപവാസികളെ ബോധവത്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നഗരസഭ നടപ്പിലാക്കുന്നുണ്ട്. മാലിന്യം വലിച്ചെറിയരുതെന്ന് കർശന നിർദ്ദേശം നഗരസഭ നൽകിയിട്ടുണ്ട്. മാലിന്യം വലിച്ചെറിയുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഫൈൻ ചുമത്തുന്നതുൾപ്പെടെയുള്ള നടപടികളും കരുനാഗപ്പള്ളി നഗരസഭ സ്വീകരിക്കുന്നുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്. നഗരസഭയുടെ മഴക്കാലപൂർവ്വ ശുചീകരണ പ്രോജക്ടിൽ ഓടയിലെ മണ്ണും മാലിന്യങ്ങളും നീക്കംചെയ്തിട്ടുണ്ട്. തൊഴിലുറപ്പിൽ ഉൾപ്പെടുത്തി തോടുകൾ വൃത്തിയാക്കി വെള്ളമൊഴുക്ക് സുഗമമാക്കിയിട്ടുണ്ട്.

## ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിലെ ആദിവാസി സ്ത്രീകളുടെ ഉന്നമനം

175 (3607) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിലെ ആദിവാസി മേഖലയിലെ സ്ത്രീകളുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച ഷീ ടോയ്ലെറ്റ്, അമ്മവീട് പദ്ധതികൾ നടപ്പാക്കേണ്ടത് വന മേഖലയിലായതിനാൽ മറ്റ് നിർമ്മാണ ഏജൻസികൾക്ക് നിർമ്മാണത്തിന് അനുമതി ലഭിക്കാത്ത സാഹചര്യത്തിൽ, വനം വകുപ്പ് മുഖേന ഡെപ്പോസിറ്റ് വർക്ക് ആയി പദ്ധതി നടപ്പാക്കുന്നതിനായി പ്രത്യേക അനുമതി നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ അമ്മ വീട്, ഷീ ടോയ്‌ലെറ്റ് പ്രോജക്ടുകൾ വനസംരക്ഷണ സമിതി മുഖേന നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

## ഗ്രാമപഞ്ചായത്തുകളുടെ വിഭജനം/രൂപീകരണം

176 (3608) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെ വിഭജനം/രൂപീകരണം എന്നിവയ്ക്കുവേണ്ടി രൂപീകരിച്ച കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ റിപ്പോർട്ട്പ്രകാരം മലപ്പുറം ജില്ലയിൽ വിഭജിക്കപ്പെടുന്ന ഗ്രാമപഞ്ചായത്തുകളും, പുതിയതായി രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന പഞ്ചായത്തുകളും ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ വാർഡ് വിഭജനം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം 'എ'-യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) പുതിയ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കേണ്ടതിന്റെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ടതിന്റെയും ആവശ്യകതകൾ പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി 28-3-2018-ലെ സ.ഉ.(സാധാ) നമ്പർ 877/2018/ ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം പുതിയ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

## പിറവം മണ്ഡലത്തിൽ പ്രളയത്തിൽപ്പെട്ട വീടുകൾ

177 (3609) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽപ്പെട്ട് കേടുപാടുകൾ സംഭവിച്ച എത്ര വീടുകളുടെ അസസ്സ്മെന്റ് പിറവം മണ്ഡലത്തിൽ നടത്തിയിട്ടുണ്ട്; വിവരം പഞ്ചായത്ത്, മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ നല്കുമോ;

(ബി) ഇനി എത്ര വീടുകളുടെ അസസ്സ്മെന്റ് നടത്താനുണ്ടെന്ന വിവരം പഞ്ചായത്ത്, മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ അറിയിക്കുമോ?

ഉത്തരം

(എ) പിറവം നിയോജകമണ്ഡലത്തിൽ 9 ഗ്രാമപഞ്ചായത്തുകളും 2 മുനിസിപ്പാലിറ്റികളുമാണുള്ളത്. Information Kerala Mission ലഭ്യമാക്കിയ സർവ്വേ പ്രകാരമുള്ള റിപ്പോർട്ട് (05-12-2018 വരെയുള്ള കണക്ക്) അനുബന്ധമായി ചേർക്കുന്നു.* കൂത്താട്ടുകുളം നഗരസഭയിൽ 2018 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചിട്ടില്ലാത്തതാണ്.

(ബി) സർവ്വേ നടത്തിയതിൽ സൂക്ഷ്മ പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കേണ്ട ചുമതല ജില്ലാകളക്ടർക്കാണ്. സർവ്വേയിൽ ഉൾപ്പെടാത്തവരുടെ അപ്പീൽ അപേക്ഷകൾ 3-12-2018 വരെ സ്വീകരിക്കുകയും പ്രത്യേകം നിയമിച്ച പാനൽ ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. പിറവം നഗരസഭയിൽ ലഭിച്ച 27, Re-build Kerala അപ്പീൽ അപേക്ഷകളിന്മേൽ അസ്സസ്സ്മെന്റ് നടത്താനുണ്ട്. പഞ്ചായത്തുകളിൽ എല്ലാ വീടുകൾക്കും അസ്സസ്സ്മെന്റ് പൂർത്തീകരിച്ചിട്ടുണ്ട്.

**ജനറൽ ആശുപത്രിയിലെ പാർക്കിംഗ്**

178(3610) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിക്കുള്ളിലേയ്ക്ക് പ്രവേശിക്കുന്ന വാഹനങ്ങളെ രണ്ടാം ഗേറ്റിന് മുന്നിൽ തടഞ്ഞുനിർത്തി പാർക്കിംഗ് ഫീസ് പിരിക്കുന്നതുമൂലം ഗതാഗത തടസ്സമുണ്ടാകുന്നതും രോഗികൾക്കും കൂട്ടിരിപ്പുകാർക്കും മറ്റും ഉണ്ടാകുന്ന അസൗകര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയിൽ പാർക്കിംഗ് ഫീസ് ശേഖരിക്കുന്നതിന് നൽകിയ കരാറിന്റെ വിശദവിവരങ്ങൾ നൽകാമോ;

(സി) ആർക്കാണ് കരാർ നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ പ്രവേശിക്കുന്ന വാഹനങ്ങൾക്ക് പാർക്കിംഗ് ഫീസ് പിരിക്കുന്നതിനായി തിരുവനന്തപുരം നഗരസഭ കരാർ നൽകിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള വികസന പ്രവർത്തനങ്ങൾ

179(3611) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിൽ വരുത്തുന്ന വികസന പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദൂരസ്ഥലത്തുനിന്നും മെറ്റീരിയൽസ് കൊണ്ടു വരുമ്പോൾ കൺവയൻസ് അലവൻസ് ലഭിക്കാത്തതുകൊണ്ട് കരാറുകാർ ടെണ്ടർ പ്രവൃത്തികളിൽ പങ്കാളികളാകാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. വൈപ്പിൻ മണ്ഡലത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിൽ വരുത്തുന്ന വികസന പ്രവർത്തനങ്ങൾക്ക് ഭാഗികമായ സ്തംഭനാവസ്ഥയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. കൺവയൻസ് അലവൻസിന്റെ അപര്യാപ്തത ടെണ്ടർ പ്രവൃത്തികളെ ബാധിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ആയത് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ രൂക്ഷമായ വില വ്യത്യാസം നേരിടുന്ന സാധനസാമഗ്രികളുടെ വിലയിലെ അന്തരം പരിഹരിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിലേയും പൊതുമരാമത്ത് വകുപ്പിലേയും എഞ്ചിനീയർമാരെ ചുമതലപ്പെടുത്തുകയും മേൽ ഉദ്യോഗസ്ഥർ സ്ഥലം സന്ദർശനം നടത്തി actual conveyance-നെ അടിസ്ഥാനമാക്കി സാധന സാമഗ്രികളുടെ നിരക്ക് സംബന്ധിച്ച പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

## നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ

180 (3612) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട എത്ര പ്രവൃത്തികൾക്കാണ് 2016-17, 2017-18 എന്നീ വർഷങ്ങളിൽ പാറശ്ശാല ബി.ഡി.ഒ, നെയ്യാറ്റിൻകര നഗരസഭ സെക്രട്ടറി എന്നിവർക്ക് റവന്യൂ

വകുപ്പിൽനിന്നും ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ ; അപ്രകാരം അനുമതി ലഭിച്ച പ്രവൃത്തികൾക്ക് ടെൻഡർ നടപടികൾ സ്വീകരിച്ചോ എന്ന് വ്യക്തമാക്കുമോ;

(ബി) പാറശ്ശാല ബി.ഡി.ഒ.-യ്ക്ക് നൽകിയ പ്രവൃത്തികളിൽ എത്ര എണ്ണം പൂർത്തീകരിച്ചുവെന്നും ഇനി പൂർത്തീകരിക്കുവാനുള്ളത് ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) നെയ്യാറ്റിൻകര നഗരസഭ സെക്രട്ടറിക്ക് നൽകിയ പ്രവൃത്തികളിൽ എത്രയെണ്ണത്തിന് ടെൻഡർ നടപടികൾ സ്വീകരിച്ചുവെന്നും എത്രയെണ്ണം പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് 2016-17, 2017-18 വർഷങ്ങളിൽ പാറശ്ശാല ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർക്ക് റവന്യൂ വകുപ്പിൽനിന്നും നാല് പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിരുന്നു. നെയ്യാറ്റിൻകര നഗരസഭാ സെക്രട്ടറിക്ക് മൂന്ന് പ്രവൃത്തികൾക്ക് റവന്യൂ വകുപ്പിൽനിന്നും ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പാറശ്ശാല ബി.ഡി.ഒ. മൂന്ന് പ്രവൃത്തികൾക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ രണ്ട് പ്രവൃത്തികൾക്ക് ടെണ്ടർ, റീടെണ്ടർ, ക്വട്ടേഷൻ തുടങ്ങിയ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും ഒരു കരാറുകാരനും ടെണ്ടറിൽ പങ്കെടുത്തിരുന്നില്ല. നെയ്യാറ്റിൻകര നഗരസഭ സെക്രട്ടറി ഭരണാനുമതി ലഭ്യമായ മൂന്ന് പ്രവൃത്തികൾക്കും ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പാറശ്ശാല ബി.ഡി.ഒ. മൂന്ന് പ്രവൃത്തികൾക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നു. ഇതിൽ രണ്ട് പ്രവൃത്തികൾക്ക് ടെണ്ടർ, റീടെണ്ടർ, ക്വട്ടേഷൻ തുടങ്ങിയ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും ഒരു കരാറുകാരനും ടെണ്ടറിൽ പങ്കെടുത്തിരുന്നില്ല. 2018 നവംബർ മാസത്തിൽ ഒരു പ്രവൃത്തിക്കുകൂടി ഭരണാനുമതി ലഭിക്കുകയുണ്ടായി. എന്നാൽ ടി പ്രവൃത്തി ഒഴിവാക്കി ഇതിനായി അനുവദിച്ച തുക ടെണ്ടർ ചെയ്തിട്ടും ക്വാട്ട് ചെയ്യാത്ത രണ്ട് പ്രവൃത്തികളിൽ വിനിയോഗിക്കാൻ സ്ഥലം എം.എൽ.എ. നിർദ്ദേശിച്ചിരുന്നു. അതിൻപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി ജില്ലാകളക്ടർക്ക് ബി.ഡി.ഒ. സമർപ്പിച്ചിട്ടുണ്ട്. ഒരു പ്രവൃത്തിക്ക് കരാറുകാരൻ ടെണ്ടർ എടുത്തുവെങ്കിലും ഉടമ്പടി വയ്ക്കാൻ തയ്യാറാകുന്നില്ല. ഈ കാരണങ്ങളാൽ ഒരു പ്രവൃത്തിയും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

(സി) നെയ്യാറ്റിൻകര നഗരസഭ സെക്രട്ടറിക്ക് ഭരണാനുമതി ലഭ്യമായ മൂന്ന് പ്രവൃത്തികൾക്കും ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രവൃത്തികളൊന്നും പൂർത്തീകരിച്ചിട്ടില്ല.

**ഭവന നിർമ്മാണത്തിലെ ക്രമക്കേടുകൾ**

181 (3613) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നഗരസഭയിലെ ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ് അടുത്ത കാലത്തെന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**എം.എൽ.എ. പ്രത്യേക വികസന നിധി**

182(3614) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സ്കൂളുകളിലെ കുട്ടികൾക്ക് യാത്രാസൗകര്യത്തിനായി എം.എൽ.എ. എസ്.ഡി.എഫ്.-ൽനിന്നും നൽകിയ സ്കൂൾ ബസ്സിന്റെ ഇന്ധനച്ചെലവ് മുൻവർഷങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി നൽകിയിരുന്നതുപോലെ തുടർന്നും നൽകുന്നതിനുള്ള അനുമതി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂൾ കുട്ടികൾക്ക് യാത്രാ സൗകര്യം ഒരുക്കി എം.എൽ.എ. ഫണ്ടിൽനിന്നും അനുവദിച്ച സ്കൂൾ വാഹനങ്ങളുടെ ഇന്ധനച്ചെലവടക്കമുള്ളവ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. MLASDF/MPLAD മുഖേനയും മറ്റുരീതിയിലും ആർജ്ജിച്ചിട്ടുള്ള ബസ്സുകളുടെ ഡ്രൈവറുടെ ശമ്പളം, ഇന്ധനച്ചെലവ്, മറ്റ് ആവർത്തന ചെലവ് എന്നിവയിൽ തദ്ദേശഭരണ സ്ഥാപനം തുക ചെലവഴിക്കാൻ പാടില്ലായെന്ന് 14-2-2018-ലെ സ.ഉ.(കൈ) നമ്പർ 22/2018/ തസ്വഭവ., 29-1-2018-ലെ സ.ഉ.(കൈ) നമ്പർ11/2018/തസ്വഭവ. എന്നീ ഉത്തരവുകൾ പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

**പുതിയ നഗരസഭകൾക്കുള്ള സഹായ പദ്ധതികൾ**

183(3615) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകൃതമായ നഗരസഭകൾക്കായി പ്രത്യേക സഹായ പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത നഗരസഭകളിൽ നഗരസഭയ്ക്ക് ആവശ്യമായ സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള ജീവനക്കാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. പുതുതായി രൂപീകൃതമായ നഗരസഭകൾക്ക് പുതുതായി കെട്ടിട നിർമ്മാണം നടത്തുന്നതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ 1500 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതാണ്.

(ബി) പുതുതായി രൂപീകൃതമായ നഗരസഭകളിൽ പുതുതായി സൃഷ്ടിക്കപ്പെട്ട എല്ലാ തസ്തികകളിലും നിയമനം നടത്തിയിട്ടുണ്ട്. സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**തദ്ദേശസ്വയംഭരണ വകുപ്പിൽ കോമൺ സർവ്വീസ്**

184(3616) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലെ വിവിധ വകുപ്പുകളെ യോജിപ്പിച്ച് കോമൺ സർവ്വീസ് രൂപീകരിക്കുന്ന നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഉത്തരം

തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലെ വിവിധ വകുപ്പുകളെ യോജിപ്പിച്ച് കോമൺ സർവ്വീസ് രൂപീകരിക്കുന്ന നടപടിയുടെ ഭാഗമായി തയ്യാറാക്കിയ കരട് സ്പെഷ്യൽ റൂൾ ബന്ധപ്പെട്ട ജീവനക്കാരുടെ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ട്. സംഘടനകൾ ഉന്നയിച്ച ആവശ്യങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

## തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗം

185(3617) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗം ഡിവിഷൻ അടിസ്ഥാനത്തിൽ മാത്രമായതിനാൽ ഗ്രാമ- ബ്ലോക്ക് -ജില്ലാ പഞ്ചായത്തുകളിലെ മുഴുവൻ പ്രവൃത്തികളുടേയും എസ്റ്റിമേറ്റ് സമയബന്ധിതമായി തയ്യാറാക്കുന്നതിനും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും കഴിയാത്ത സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സിവിൽ വർക്കുകൾ പൂർത്തിയായിക്കഴിഞ്ഞ ശേഷമായിരിക്കും പലപ്പോഴും ഇലക്ട്രിക്കൽ വർക്കിന്റെ എസ്റ്റിമേറ്റുപോലും തയ്യാറാക്കുന്നതെന്നതാണ് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നതിന് തടസ്സമാകുന്നതെന്നത് ഗൗരവമായി കാണുന്നുണ്ടോ;

(സി) എങ്കിൽ സിവിൽ വർക്കിന്റെ എസ്റ്റിമേറ്റിനോടൊപ്പംതന്നെ ഇലക്ട്രിക്കൽ വർക്കിന്റെയും എസ്റ്റിമേറ്റ് യഥാസമയം തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇലക്ട്രിക്കൽ വർക്കുകൾ പൂർത്തീകരിക്കാത്തതുകൊണ്ട് മാത്രം പ്രവൃത്തി പൂർത്തികരിക്കാനാകാത്ത എത്ര കെട്ടിടങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കീഴിലുണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ;

(ഇ) തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗം കാര്യക്ഷമമാക്കുന്നതിന് ബ്ലോക്ക് അടിസ്ഥാനത്തിൽ ഒരു ഇലക്ട്രിക്കൽ എഞ്ചിനീയറെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരമൊരു സാഹചര്യം പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ വലിയ തടസ്സം സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സുഗമമായ നടത്തിപ്പിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള പരിധി കുറവായത് ശ്രദ്ധയിൽപ്പെട്ടതിനാൽ, സാങ്കേതികാനുമതി നൽകുന്നതിനും ജില്ലാതലത്തിൽ

രൂപീകരിച്ചിട്ടുള്ള കമ്മിറ്റിക്ക് 20 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകാനും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തന്മൂലം തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ നിർവ്വഹണം തടസ്സം കൂടാതെ നടപ്പിലാക്കി വരികയാണ്.

(ഡി) ഇല്ല. നടപടി സ്വീകരിക്കാവുന്നതാണ്.

(ഇ) ബ്ലോക്കുതലത്തിൽ ഇലക്ട്രിക്കൽ എഞ്ചിനീയർമാരെ നിയമിക്കുന്ന കാര്യം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.

**തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് പെൻഷൻ**

186(3618) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ മുൻഅംഗങ്ങൾക്ക് പെൻഷൻ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) പദ്ധതി സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു കമ്മിഷനെ നിയമിക്കുവാൻ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടോ; കമ്മീഷന്റെ കണ്ടെത്തലുകൾ എന്തെല്ലാം ; വിശദമാക്കാമോ;

(സി) പദ്ധതി നടത്തിപ്പുമൂലം സർക്കാരിനുണ്ടാകുന്ന ബാധ്യതകൾ കണക്കാക്കിയിട്ടുണ്ടോ; പഞ്ചായത്തിന്റെ തനത് ഫണ്ടിൽനിന്നും തുക നീക്കി വെച്ച് പെൻഷൻ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുൻഅംഗങ്ങൾക്ക് പെൻഷൻ അനുവദിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ബി) തീരുമാനിച്ചിട്ടില്ല.

(സി) ഇല്ല.

**രോഗികൾക്കുള്ള ധനസഹായത്തെക്കുറിച്ച് ബോധവൽക്കരണം**

187(3619) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ, സാമൂഹ്യനീതി എന്നീ വകുപ്പുകൾ മുഖേന ക്യാൻസർ, കിഡ്നി രോഗികൾക്ക് നൽകിവരുന്ന പ്രതിമാസ ധനസഹായങ്ങളെക്കുറിച്ച് രോഗികളെയും

ആശ്രിതരെയും കൂടുതൽ ബോധവൽക്കരിക്കാൻ പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുമോ;

(ബി) സാമൂഹ്യപെൻഷനുകളെ പോലെ പ്രതിമാസ ധനസഹായത്തിനുള്ള അപേക്ഷയും തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി സ്വീകരിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പഞ്ചായത്തുതലത്തിൽ പ്രൈമറി ഹെൽത്ത് സെന്ററുകൾ മുഖേനയും ആശാവർക്കർമാർ മുഖേനയും ബോധവത്കരണം നടത്താൻ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇക്കാര്യം നിലവിൽ പരിഗണനയിലില്ല.

## തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ

188(3620) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ജനുവരി 12, 13 തീയതികളിൽ ഹൈദരാബാദിലെ എൻ.ഐ.ആർ.ഡി.പി.ആർ.-ൽ നടന്ന സംസ്ഥാന ഗ്രാമവികസന വകുപ്പ് സെക്രട്ടറിമാരുടെ യോഗത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നിർദ്ദേശമുണ്ടായിരുന്നോ;

(ബി) സംസ്ഥാനത്ത് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സ്വയംതൊഴിൽ ആരംഭിക്കുന്നതിനും നൈപുണ്യ വികസനത്തിനും പ്രോത്സാഹനം നൽകുന്ന തൊഴിൽ പരിശീലന കേന്ദ്രങ്ങൾ പ്രാദേശികാടിസ്ഥാനത്തിൽ ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

## ഗ്രാമീണ റോഡുകളുടെ നവീകരണം

189(3621) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. കെ. എം. ഷാജി:
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയത്തെ തുടർന്ന് തകർന്ന ഗ്രാമീണ റോഡുകളുടെ നവീകരണത്തിന് ആവശ്യമായ ഫണ്ടെപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

പ്രളയത്തിൽ പൂർണ്ണമായോ ഭാഗികമായോ തകർന്ന റോഡുകൾ ഉൾപ്പെടെയുള്ള ആസ്തികളുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണിയും നടത്തേണ്ട സാഹചര്യം നേരിടുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടി പ്രവൃത്തികൾ നടപ്പ് വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിന് 23.08.2018-ലെ സ.ഉ (സാധാ) നമ്പർ 2313/2018/തസ്വഭവ. പ്രകാരം അനുമതി നൽകുകയും അടിയന്തര സ്വഭാവമുള്ള പ്രവൃത്തികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റോഡുകൾ നവീകരിക്കുന്നതിനായി ധനസഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ സംസ്ഥാനത്ത് പ്രളയത്തിൽ കേടുപാട് സംഭവിച്ച പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെട്ടതും അല്ലാത്തതുമായ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി 793.23 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

## ഗ്രാമവികസന വകുപ്പിലെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികകൾ

190 (3622) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ അന്യത്ര സേവനത്തിൽ ഉൾപ്പെടെ എത്ര തസ്തികകളുണ്ട്;

(ബി) പ്രസ്തുത തസ്തികയിൽ പി. എസ്. സി. മുഖേന നേരിട്ട് നിയമനം നടത്തുന്ന തസ്തികകൾ എത്ര; പി. എസ്. സി. മുഖേന തസ്തികമാറ്റം വഴി നിയമനം നടത്തുന്ന തസ്തികകൾ എത്ര; സ്ഥാനക്കയറ്റം വഴി നിയമനം നടത്തുന്ന തസ്തികകൾ എത്ര;

(സി) നിലവിൽ തസ്തികമാറ്റം വഴി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ ജോലി ചെയ്യുന്നവർ എത്ര; തസ്തികമാറ്റം മുഖേന നികത്താനുള്ള ഒഴിവുകൾ എത്ര; എന്നു വരെയുള്ള ഒഴിവുകളാണ് ഈ തസ്തികയിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്;ഇതിനുശേഷം ഈ കാറ്റഗറിയിൽ റിപ്പോർട്ട് ചെയ്യാനുള്ള ഒഴിവുകൾ എത്ര; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) 154 തസ്തികകൾ.

| | | |
|---|---|---|
| (ബി) പി.എസ്.സി. വഴി നേരിട്ടുള്ള നിയമനം | - | 51 |
| പി.എസ്.സി. വഴി തസ്തികമാറ്റ നിയമനം | - | 39 |
| സ്ഥാനക്കയറ്റം വഴിയുള്ള നിയമനം | - | 64 |

(സി) തസ്തികമാറ്റം വഴി നിയമിതരായ 13 പേർ ജോലിനോക്കുന്നു. ആയതിൽ 2 പേർ അന്യത്രസേവന വ്യവസ്ഥയിലാണ്. ഇനി നികത്താനുള്ള ഒഴിവുകൾ 26. നാളിതുവരെയുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. നിയമന ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

**കണ്ടലഴക് പദ്ധതി**

191(3623) <u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരള മിഷന്റെ ഭാഗമായി അഷ്ടമുടിക്കായലിന്റെ സംരക്ഷണത്തിനായി 20000 കണ്ടൽ ചെടികൾ വച്ചുപിടിപ്പിക്കുന്നതിന് കൊല്ലം ജില്ലാപഞ്ചായത്തും കൊല്ലം കോർപ്പറേഷനും അഷ്ടമുടിക്കായൽ തീരത്തോടടുത്ത് സ്ഥിതി ചെയ്യുന്ന വിവിധ പഞ്ചായത്തുകളും ഒരു സംയുക്ത നൂതന പ്രോജക്ടായ കണ്ടലഴക് പദ്ധതിയുടെ എസ്റ്റിമേറ്റ് സാങ്കേതിക അനുമതിക്കായി എന്നാണ് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടർക്ക് നൽകിയത്;

(ബി) പ്രസ്തുത പ്രോജക്ടിന് എന്തുകൊണ്ടാണ് സാങ്കേതികാനുമതി ലഭിക്കാത്തത്;

(സി) കണ്ടൽ തൈകൾ സമയബന്ധിതമായി തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെ ആണ് ഏല്പിച്ചിട്ടുള്ളത്;

(ഡി) കൊല്ലം ജില്ലാ പഞ്ചായത്തിൽനിന്നും എത്ര തുക പ്രസ്തുത പദ്ധതിയ്ക്ക് മുൻകൂറായി ഏജൻസിക്ക് നൽകിയിട്ടുണ്ട്; വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 19-9-2018-ന്.

(ബി) 'കണ്ടലഴക് ' പദ്ധതി മുഖേന നടപ്പിലാക്കുവാൻ ശിപാർശ ചെയ്തിട്ടുള്ള പ്രവൃത്തികൾ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതി പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നതല്ല എന്നതിനാലാണ് ടി പദ്ധതിക്ക് പ്രസ്തുത വകുപ്പിൽനിന്നും സാങ്കേതികാനുമതി നൽകാത്തത്.

(സി) ആയിരംതെങ്ങ് ജലകൃഷി വികസന ഏജൻസി, കേരളം (ADAK).

(ഡി) 8,00,000 രൂപ (എട്ട് ലക്ഷം രൂപ മാത്രം).

**ആർ.ഐ.ഡി.എഫ്. പദ്ധതി**

192 (3624) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ നിയന്ത്രണത്തിനും ഡ്രെയിനേജ് മെച്ചപ്പെടുത്തുന്നതിനുമായി ആർ.ഐ.ഡി.എഫ്. പദ്ധതി നിലവിലുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ കേന്ദ്ര സംസ്ഥാന വിഹിതം വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയുടെ ഭാഗമായി നാളിതുവരെ എത്ര രൂപ ചെലവാക്കിയെന്നും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രളയ നിയന്ത്രണവും ജലസേചനവും എന്ന ഘടകം ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ നിലവിലുണ്ട്. എന്നാൽ 'പ്രളയ നിയന്ത്രണവും ഡ്രെയിനേജ് മെച്ചപ്പെടുത്തലും' എന്ന ഒരു ഘടകം ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ നിലവിലില്ല.

(ബി) നബാർഡ് പ്രവൃത്തികൾക്ക് കേന്ദ്ര വിഹിതമില്ല. നബാർഡ് വിഹിതം 95%, സംസ്ഥാന വിഹിതം 5% ആണ്.

(സി) പ്രളയനിയന്ത്രണത്തിനായി RIDF-Tranche XX-ൽ ഉൾപ്പെടുത്തിയിരുന്ന രണ്ട് പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ രണ്ട് പദ്ധതികൾക്കായി 52.69 ലക്ഷം രൂപ നൽകിയിട്ടുള്ളതും 77,246 രൂപ റിലീസ് ചെയ്യാനായി നബാർഡിലേയ്ക്ക് ക്ലെയിം അയച്ചിട്ടുള്ളതുമാണ്.

## ഗ്രാമവികസന വകുപ്പിലെ വി.ഇ.ഒ.ഗ്രേഡ്-I, ഗ്രേഡ്-II തസ്തികകൾ

193 (3625) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽ വി.ഇ.ഒ ഗ്രേഡ് -I, ഗ്രേഡ്-II തസ്തികകളിൽ അനുപാതം നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) കണ്ണൂർ ജില്ലയിൽ ഈ അനുപാതം നിലനിർത്താൻ സാധിക്കാത്തതുമൂലം വി.ഇ.ഒ ഗ്രേഡ്-II തസ്തികയിൽ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ ;

(സി) വി.ഇ.ഒ ഗ്രേഡ്-I, ഗ്രേഡ്-II തസ്തികകളുടെ അനുപാതം നിലനിർത്താൻ സാധിക്കാത്ത തരത്തിൽ ഏതെങ്കിലും കേസ് നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ ;

(ഡി) വി.ഇ.ഒ ഗ്രേഡ് -II തസ്തികയിൽ ഏതൊക്കെ തരത്തിലാണ് നിലവിൽ ഒഴിവുകൾ ഉണ്ടാകുന്നത്;

(ഇ) ഇത്തരത്തിൽ 2019 ജൂൺ 30 വരെ കണ്ണൂർ ജില്ലയിൽ വി.ഇ.ഒ. ഗ്രേഡ് -II തസ്തികയിൽ പ്രതീക്ഷിക്കുന്ന ഒഴിവുകൾ എത്രയാണ് ?

### ഉത്തരം

(എ) ഉണ്ട്. കാലാകാലങ്ങളിലുള്ള ശമ്പള പരിഷ്കരണ ഉത്തരവിലാണ് വി.ഇ.ഒ. ഗ്രേഡ്-I, ഗ്രേഡ്-II അനുപാതം നിശ്ചയിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജില്ലാതലത്തിൽ വി.ഇ.ഒ. ഗ്രേഡ്-I, ഗ്രേഡ്-II അനുപാതം 1:1 ആക്കി നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്).*

(ബി) ഉണ്ട്. മേൽപ്പറഞ്ഞ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1:1 അനുപാതം പാലിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. ആയത് തുടർ പ്രൊമോഷനുകളിലൂടെയും വിരമിക്കലുകളിലൂടെയും ഉണ്ടാകുന്ന ഒഴിവുകളിലൂടെ ക്രമീകരിക്കുന്നതാണ്.

(സി) നിലവിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) വി.ഇ.ഒ. ഗ്രേഡ്-I-ലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുമ്പോഴും വി.ഇ.ഒ. ഗ്രേഡ്-II ജീവനക്കാർ വിരമിക്കുന്ന മുറയ്ക്കുമാണ് നിലവിൽ വി.ഇ.ഒ. ഗ്രേഡ്-II തസ്തികയിൽ ഒഴിവുകളുണ്ടാകുന്നത്.

(ഇ) സംസ്ഥാനതലത്തിൽ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ വി.ഇ.ഒ. ഗ്രേഡ്-I-ന് എക്സ്റ്റൻഷൻ ഓഫീസർമാരായി പ്രൊമോഷൻ നൽകുമ്പോൾ വി.ഇ.ഒ. ഗ്രേഡ്-II-ന് വി.ഇ.ഒ. ഗ്രേഡ് - I-ലേയ്ക്കുള്ള സ്ഥാനക്കയറ്റം നൽകുന്നതുവഴിയാണ് പ്രധാനമായും വി.ഇ.ഒ. ഗ്രേഡ് -II-ൽ ഒഴിവുകളുണ്ടാകുന്നത്. ആയതിനാൽ കണ്ണൂർ ജില്ലയിൽ മാത്രം എത്ര ഒഴിവുകൾ ഉണ്ടാകുമെന്ന് മുൻകൂട്ടി പറയുവാൻ കഴിയില്ല.

## വിജിലൻസ് സി.ടി.പി.-യുടെ പരിശോധന

194(3626) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ജനുവരി മുതൽ വിജിലൻസ് സി.റ്റി.പി (ചീഫ് ടൗൺ പ്ലാനർ)പരിശോധന നടത്തി കണ്ടെത്തിയ കേസുകൾ ഏതെല്ലാം; വ്യക്തമാക്കുമോ;

(ബി) വിജിലൻസ് സി.ടി.പി. കണ്ടെത്തിയ കേസുകൾ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) നിയമലംഘനം റിപ്പോർട്ട് ചെയ്തെത്ര കേസ്സുകളിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഡി) 2018-ൽ ഏതെല്ലാം തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിജിലൻസ് സി.ടി.പി. പരിശോധന നടത്തിയിട്ടുണ്ട്; കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഇ) ഏതെല്ലാം ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസുകളിൽ പരിശോധന നടത്തിയിട്ടുണ്ട്; കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2018 ജനുവരി മുതൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) നേതൃത്വം നൽകുന്ന തദ്ദേശസ്വയംഭരണ വകുപ്പ് വിജിലൻസ് വിംഗ് പരാതി പരിശോധനയിലൂടെയും മിന്നൽ പരിശോധനയിലൂടേയും സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായി 323 പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. തയ്യാറാക്കിയ പരിശോധനാ റിപ്പോർട്ടുകൾ എല്ലാം സമർപ്പിച്ചിട്ടുണ്ട്.

(സി) നിയമലംഘനമുൾപ്പെടെ സർക്കാരിലേയ്ക്ക് ലഭിച്ച എല്ലാ അന്വേഷണ റിപ്പോർട്ടുകളിന്മേലും തുടർനടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) 2018-ൽ പുളിമാത്ത് പഞ്ചായത്ത്, കൊട്ടാരക്കര നഗരസഭ, പത്തനാപുരം പഞ്ചായത്ത് എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളിൽ മിന്നൽ പരിശോധന നടത്തിയിട്ടുള്ളതാണ്. അവയുടെ പരിശോധന റിപ്പോർട്ടുകളുടെ തയ്യാറാക്കൽ പുരോഗമിച്ചുവരുന്നു.

(ഇ) 2018-ൽ ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസുകളിൽ പരിശോധന നടത്തിയിട്ടില്ല.

## ഓട്ടോ/ടാക്സി സ്റ്റാൻഡുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം

195(T* 3627) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട്ടോ/ടാക്സി സ്റ്റാൻഡുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ; ഇതിലേയ്ക്ക് നിലവിലുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) നിശ്ചിത മാനദണ്ഡം പാലിക്കാതെ ഡ്രൈവർമാർക്ക് സ്വന്തമായി സ്റ്റാൻഡുകൾ നിർമ്മിക്കാൻ അനുവാദം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അനധികൃതമായുള്ള സ്റ്റാൻഡുകൾ മാറ്റുന്നതിന് ആർക്കാണ് പരാതി നൽകേണ്ടതെന്ന് വ്യക്തമാക്കുമോ ;

(സി) തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഓഫീസിനും ജനറൽ ആശുപത്രിയുടെയും മുന്നിൽ തമ്പുരാൻമുക്ക് ഭാഗത്തേയ്ക്ക് പോകുന്ന ഫ്രീ ലെഫ്റ്റ് തടസ്സപ്പെടുത്തികൊണ്ട് ഓട്ടോസ്റ്റാന്റ് നിർമ്മിക്കാൻ അനുമതി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ജനറൽ ആശുപത്രിയിൽനിന്നും പുറത്തേയ്ക്ക് വരുന്ന വാഹനങ്ങൾ ഉൾപ്പെടെ തടസ്സംവരുന്ന വിധത്തിലുള്ള അനധികൃത ഓട്ടോസ്റ്റാൻഡ് മാറ്റി സ്ഥാപിക്കാത്തതെന്തുകൊണ്ട്; വ്യക്തമാക്കുമോ ;

(ഡി) ഗതാഗത തടസ്സംവരുന്ന പ്രസ്തുത ഓട്ടോസ്റ്റാൻഡ് മാറ്റുന്നതിന് നിർദ്ദേശം നൽകുമോ ?

### ഉത്തരം

(എ) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 472 അനുസരിച്ചാണ് നഗരസഭകളിൽ ഓട്ടോ/ടാക്സി സ്റ്റാൻഡുകൾ അനുവദിക്കുന്നത്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് മൂന്നാം പട്ടിക പ്രകാരം വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള താവളങ്ങൾ ഏർപ്പെടുത്തുക ഗ്രാമപഞ്ചായത്തുകളുടെ

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

അനിവാര്യ ചുമതലയാണ്. 1995-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (ഇറക്കുസ്ഥലങ്ങൾ, വിരാമസ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ, മറ്റ് വാഹന സ്റ്റാൻഡുകൾ) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം വണ്ടിത്താവളങ്ങളോ വാഹനസ്റ്റാൻഡുകളോ ഏർപ്പെടുത്തുന്നതിന് മുമ്പ് ആക്ഷേപം ഉന്നയിക്കാൻ ഗ്രാമപഞ്ചായത്ത് അവസരം നൽകണമെന്നും ആയതിലേയ്ക്കായി വ്യാപക പരസ്യം നൽകണമെന്നും വ്യവസ്ഥയുണ്ട്. ചട്ടം 5 പ്രകാരം മോട്ടോർ വാഹനങ്ങൾക്ക് പൊതുവായ സ്റ്റാൻഡോ, വിരാമസ്ഥലങ്ങളോ തുറക്കുന്നതിന് മുമ്പ് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ മുൻകൂട്ടിയുള്ള അനുവാദം ഗ്രാമപഞ്ചായത്ത് വാങ്ങിയിരിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) ഇല്ല. അതത് തദ്ദേശഭരണ സ്ഥാപന സെക്രട്ടറിക്ക് പരാതി നൽകാവുന്നതാണ്.

(സി&ഡി) ഇല്ല. പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## വികസന അതോറിറ്റികളിലെ ജീവനക്കാരുടെ നിയമനങ്ങൾ

196(T* 3628) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലെ ട്രിഡ, ജി.സി.ഡി.എ. എന്നീ വികസന അതോറിറ്റികളിലെ ജീവനക്കാരുടെ നിയമനം പി.എസ്.സി. മുഖാന്തരമാണോയെന്ന് വ്യക്തമാക്കുമോ;

(ബി) തദ്ദേശസ്വയംഭരണം, നഗരകാര്യം ഗ്രാമവികസനം എന്നീ വകുപ്പുകളെ സംയോജിപ്പിച്ച് രൂപീകരിക്കുന്ന പുതിയ വകുപ്പിന്റെ ഭാഗമായി വികസന അതോറിറ്റി ജീവനക്കാരെ ഉൾപ്പെടുത്തുമോ ;

(സി) വികസന അതോറിറ്റികൾ നിലനിർത്തികൊണ്ട് അവയിലെ ജീവനക്കാരെ സംയോജിത വകുപ്പിൽ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ട്രിഡ, ജി.സി.ഡി.എ. എന്നീ വികസന അതോറിറ്റികളിലെ സ്ഥിരം ജീവനക്കാരുടെ നിയമനം പി.എസ്.സി. മുഖാന്തരമാണ്.

(ബി&സി) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമായി വികസന അതോറിറ്റി ജീവനക്കാരെ ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## എം.ബി.എ. കോഴ്സ്

197(3629) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എയ്ഡഡ്, അൺ എയ്ഡഡ് ഉൾപ്പെടെ എം.ബി.എ കോഴ്സിന് എത്ര സീറ്റുകളാണ് ഇപ്പോഴുള്ളതെന്നും ഇതിൽ എത്ര സീറ്റുകൾ വിദ്യാർത്ഥികൾ പ്രവേശനം നേടാതെ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും അറിയിക്കാമോ;

(ബി) മാറ്റ് പരീക്ഷയെ എം.ബി.എ. കോഴ്സിന്റെ യോഗ്യതാ മാനദണ്ഡമായി പരിഗണിക്കുന്നതിന് എന്താണ് തടസ്സമെന്നറിയിക്കാമോ;

(സി) മാറ്റ് പരീക്ഷ എം.ബി.എ. കോഴ്സിന്റെ പ്രവേശനത്തിനുള്ള യോഗ്യത പരീക്ഷയായി പരിഗണിക്കാനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർക്കുന്നു. *

(ബി&സി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതി [WP(C) No. 30148/2016, 25866/2016, 26485/2016, 38033/2016 & 4581/2017] എന്നീ കേസുകളിലെ വിവിധ ഉത്തരവുകൾ പ്രകാരം സർക്കാർ ഏജൻസികൾ നടത്തുന്ന K.MAT, C.MAT, CAT എന്നീ പ്രവേശന പരീക്ഷകൾക്കു മാത്രമെ കേരളത്തിൽ എം.ബി.എ.-യ്ക്ക് സാധുതയുള്ളൂ എന്ന് വിധി പ്രസ്താവിച്ചിട്ടുള്ളതാകുന്നു.

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ [SLP(C) No. 6564/2018]-ലെ വിധി പ്രകാരം മേൽ ഹൈക്കോടതി ഉത്തരവുകൾ ശരിവച്ചിട്ടുള്ളതുമാണ്. MAT പ്രവേശന പരീക്ഷ നടത്തുന്നത് സ്വകാര്യ ഏജൻസിയായതിനാൽ മേൽപ്പറഞ്ഞ കോടതി വിധികളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരീക്ഷയെ എം.ബി.എ. കോഴ്സിന്റെ യോഗ്യതാ മാനദണ്ഡമായി പരിഗണിക്കാനാവുമോ എന്നത് പരിശോധനയിലാണ്.

## ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതികൾ

198(3630) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിൽ എത്ര കോടി രൂപയുടെ പദ്ധതികളാണ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2018-19 ൽ വകയിരുത്തിയിട്ടുള്ളതെന്നും ഏതെല്ലാം പദ്ധതികൾക്കാണ് തുക വകയിരുത്തിയിരിക്കുന്നതെന്നും വിശദമാക്കാമോ;

(ബി) 27-11-2018 വരെ ഈ ഓരോ പദ്ധതിയിലും എത്ര തുക ചെലവാക്കിയെന്നും ചെലവിന്റെ ശതമാനം എത്രയാണെന്നും വിശദമാക്കാമോ;

(സി) പദ്ധതികൾക്കായി വകയിരുത്തിയ തുക ചെലവഴിക്കാതിരിക്കുന്നതിന്റെ കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉന്നത വിദ്യാഭ്യാസ വകുപ്പിൽ 2018-19 സാമ്പത്തിക വർഷത്തിൽ ആകെ 1138.53 കോടി രൂപയുള്ള പദ്ധതികളാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ സംസ്ഥാന പദ്ധതികൾക്കായി 952.58 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതമായി 150.95 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(സി) 2018-19 സാമ്പത്തിക വർഷത്തേയ്ക്ക് വകയിരുത്തിയിട്ടുള്ള എല്ലാ പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ പ്രളയ ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ ആകെ പദ്ധതി വിഹിതത്തിൽ 20% കുറവ് വരുത്തി പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

## ഏകീകൃത പരീക്ഷ കലണ്ടർ

199(3631) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ പരീക്ഷ നടത്തുന്നതിനും റിസൾട്ട് പ്രഖ്യാപനത്തിനും അതിയായ കാലതാമസമുണ്ടാകുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ പരിഹരിച്ച് ഒരു ഏകീകൃത പരീക്ഷ കലണ്ടർ കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ നടപ്പിലാക്കാൻ ശ്രമിക്കുമോ എന്നറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) അതിയായ കാലതാമസം ഉണ്ടാകാറില്ല.

(ബി) സംസ്ഥാനത്തെ സർവ്വകലാശാലകൾക്കായി ഏകീകൃത അക്കാദമിക്-പരീക്ഷാ കലണ്ടർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് പ്രോ-വൈസ് ചാൻസിലർമാരെ അംഗങ്ങളാക്കി ഒരു പ്രത്യേക കമ്മിറ്റി ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി സർവ്വകലാശാല-കോളേജ് തലത്തിലെ അക്കാദമിക് - പരീക്ഷാ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും സമയബന്ധിതമായി പരീക്ഷകളുടെ നടത്തിപ്പും ഫലപ്രഖ്യാപനവും നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**കോളേജ് അദ്ധ്യാപകരുടെ പെൻഷൻ കുടിശ്ശിക**

200(3632) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിട്ടയർ ചെയ്ത കോളേജ് അദ്ധ്യാപകരുടെ യു.ജി.സി. സ്കീം പ്രകാരമുള്ള പെൻഷൻ പരിഷ്കരണം നാളിതുവരെ നടപ്പാക്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെൻഷൻ കുടിശ്ശിക എത്രയുംവേഗം നൽകുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) യു.ജി.സി. സ്കീം പ്രകാരമുള്ള 2016-ലെ ശമ്പള പരിഷ്കരണം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടില്ല. ആയത് നടപ്പിലാക്കുന്ന മുറയ്ക്ക് വിരമിച്ച കോളേജ് അദ്ധ്യാപകരുടെ പെൻഷൻ പരിഷ്കരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**സ്വയംഭരണ കോളേജുകളുടെ നിലവാരം**

201(3633) ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിൽനിന്നും പഠിച്ചിറങ്ങുന്ന ബിരുദധാരികൾ ഉന്നത

വിദ്യാഭ്യാസത്തിനോ തൊഴിലിനുവേണ്ട നൈപുണ്യം ആർജ്ജിക്കുന്നതിനോ വേണ്ടത്ര വിഷയാവഗാഹം നേടുന്നില്ലെന്ന പ്രശ്നം പരിഹരിക്കാൻ നടത്താനുദ്ദേശിക്കുന്ന ഇടപെടലുകൾ അറിയിക്കാമോ;

(ബി) ഫണ്ട് ലഭിക്കാനായി കോളേജുകൾക്ക് സ്വയംഭരണം പ്രോത്സാഹിപ്പിക്കുന്ന കേന്ദ്ര സർക്കാർ നയം വിദ്യാഭ്യാസം സമ്പന്നർക്കായുള്ള ചരക്കാക്കി മാറ്റുന്നതിനെ ചെറുക്കാനായി പദ്ധതിയുണ്ടോ;

(സി) സ്വയംഭരണ കോളേജുകളുടെ നിലവാരം സംബന്ധിച്ച പരിശോധന നടത്തിയിരുന്നോ; വിശദാംശം അറിയിക്കാമോ;

(ഡി) റെഗുലർ വിദ്യാർത്ഥികൾക്ക് ബിരുദ പഠനത്തിന്റെ 20 ശതമാനം ക്രെഡിറ്റ് , പ്രൈവറ്റായി പഠിക്കേണ്ട മാസീവ് ഓപ്പൺ ഓൺലൈൻ കോഴ്സുകളിലൂടെ (മൂക്) നേടാമെന്ന് അനുവദിക്കുകവഴി റെഗുലർ വിദ്യാഭ്യാസത്തെയും വിദൂര വിദ്യാഭ്യാസത്തിന് അനാവശ്യ കടിഞ്ഞാണിട്ടുകൊണ്ട് സമാന്തര വിദ്യാഭ്യാസത്തെയും ഒരേ സമയം പ്രതിസന്ധിയിലാക്കുന്ന കേന്ദ്ര സർക്കാരിന്റെ വികല വിദ്യാഭ്യാസ നയം പരിഷ്കരിക്കാൻ ആവശ്യപ്പെടുമോ?

<u>ഉത്തരം</u>

(എ) സർവ്വകലാശാലകളിൽനിന്നും പഠിച്ചിറങ്ങുന്ന ബിരുദധാരികൾക്ക് തൊഴിൽ നൈപുണ്യം ആർജ്ജിച്ചെടുക്കാനും ഉന്നത വിദ്യാഭ്യാസം നേടുന്നതിനുംവേണ്ടി ചുവടെ സൂചിപ്പിച്ചിരിക്കുന്ന പദ്ധതികൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന ആവിഷ്കരിച്ചുവരുന്നു.

1. ബിരുദതലത്തിൽ ഓരോ വിദ്യാർത്ഥിയും ആർജ്ജിച്ചെടുക്കേണ്ട കഴിവുകൾ മുൻകൂട്ടി മനസ്സിലാക്കിക്കൊണ്ട് കരിക്കുലം നിഷ്കർഷിക്കുന്ന പദ്ധതിയായ ഗ്രാജ്വേറ്റ് ആട്രിബ്യൂട്ട് (Graduate Attribute)
2. അദ്ധ്യാപകനും പഠിതാവിനും ഓരോ ഘട്ടത്തിലും പഠനത്തിന്റെ ഫലപ്രാപ്തി അടിസ്ഥാനപ്പെടുത്തി മുന്നേറാൻ സഹായിക്കുന്ന ഫലാധിഷ്ഠിത വിദ്യാഭ്യാസ സമ്പ്രദായം (Outcome Based education)
3. തൊഴിലിനുവേണ്ട നൈപുണ്യം ആർജ്ജിക്കുന്നതിനായി തൊഴിലധിഷ്ഠിത (vocational) ബിരുദ കോഴ്സുകൾ, B.Voc കോഴ്സുകൾ എന്നിവ.

കൂടാതെ ബിരുദ വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസ മികവും തൊഴിൽ നൈപുണ്യവും ആർജ്ജിക്കുന്നതിനായി ASAP പദ്ധതി നടപ്പിലാക്കിവരുന്നു. ബിരുദ വിദ്യാർത്ഥികൾക്ക് വിഷയാവഗാഹം നേടുന്നതിനും ഭാഷാ നൈപുണ്യത്തിനുമായി Walk with a Scholar, Scholar Support Programme എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു.

(ബി&സി) സ്വയംഭരണ കോളേജുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് യു.ജി.സി. 2018-ൽ പുറത്തിറക്കിയ റെഗുലേഷൻ, സ്വയംഭരണം എന്ന കാഴ്ചപ്പാടിനെ തകർക്കുന്നതും ഉന്നത വിദ്യാഭ്യാസമേഖലയെ സമ്പൂർണ്ണമായി കച്ചവടവൽക്കരിക്കുന്നതും സാമൂഹ്യനീതിയും മെറിറ്റും അട്ടിമറിക്കുന്നതുമായ തരത്തിലുള്ളതാണെന്ന് സ്വയംഭരണ കോളേജുകളുടെ പ്രവർത്തനം സംബന്ധിച്ച് പഠിക്കുവാനായി ഉന്നതവിദ്യാഭ്യാസ കൗൺസിൽ മുഖേന നിയോഗിച്ച കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത റെഗുലേഷൻ പ്രകാരം സർക്കാരും സർവ്വകലാശാലകളും യഥാക്രമം ശമ്പളം നൽകുവാനും സർട്ടിഫിക്കറ്റ് വിതരണം ചെയ്യുവാനുമുള്ള ഏജൻസികൾ മാത്രമായി മാറുമെന്നും സാമൂഹ്യനിയന്ത്രണം പൂർണ്ണമായും ഇല്ലാതാക്കി മാനേജ്മെന്റിന്റെ താത്പര്യത്തിനനുസരിച്ച് മാത്രം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായി സ്വയംഭരണ കോളേജുകൾ മാറുമെന്നും കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) 2016 ജൂലൈ 19-ന് യു.ജി.സി. പുറപ്പെടുവിച്ചിട്ടുള്ള റെഗുലേഷൻ പ്രകാരം പരമ്പരാഗത സമ്പ്രദായത്തിൽ ഉന്നതവിദ്യാഭ്യാസം നേടുന്ന വിദ്യാർത്ഥികൾ, സമാന്തരമായി MOOCs (Massive Open Online Courses) സമ്പ്രദായം വഴി ആർജ്ജിക്കുന്ന ക്രെഡിറ്റുകൾക്ക് സർവ്വകലാശാലകൾ ക്രെഡിറ്റ് വെയ്റ്റേജ് നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കേന്ദ്ര മാനവ വിഭവശേഷി വകുപ്പും യു.ജി.സി.-യും ഓൺലൈൻ കോഴ്സുകൾ പ്രോത്സാഹിപ്പിക്കുവാൻ സ്വീകരിച്ചിരിക്കുന്ന തീരുമാനം ഉന്നതവിദ്യാഭ്യാസ രംഗത്തെ എങ്ങനെ ബാധിക്കുമെന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. ഉന്നതവിദ്യാഭ്യാസ രംഗത്ത് വൻപുരോഗതി നേടിക്കഴിഞ്ഞവയും 50 ശതമാനത്തിലധികം GER നേടിക്കഴിഞ്ഞവയുമായ രാജ്യങ്ങൾ വ്യവസായ, സേവന മേഖലകളുടെ വികാസത്തിന് സഹായകമായ ഉപമാർഗ്ഗമായാണ് ഓൺലൈൻ കോഴ്സുകളെ കാണുന്നത്. എന്നാൽ GER-ൽ പിന്നിൽ നിൽക്കുന്ന ഇന്ത്യയെപ്പോലുള്ള രാജ്യത്ത് റെഗുലർ വിദ്യാഭ്യാസത്തിന് പകരമുള്ള ഉപാധിയായി ഓൺലൈൻ കോഴ്സുകളെ കാണാനിടയായാൽ അത് ഉന്നത വിദ്യാഭ്യാസ മേഖലയുടെ നിലവാരത്തെ പ്രതികൂലമായി ബാധിക്കും. കൗൺസിൽ സർക്കാരിന് നൽകിയ റിപ്പോർട്ട് പരിശോധിച്ചുവരികയാണ്.

## പരീക്ഷാഫലം പുറത്തുവരുന്നതിലെ കാലതാമസം

202(3634) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എല്ലാ കോഴ്സുകൾക്കും സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കിയിട്ടും നിശ്ചിത കാലയളവിൽ പൂർത്തിയാക്കേണ്ട ബിരുദ, ബിരുദാനന്തര കോഴ്സുകളുടെ പരീക്ഷാഫലം കാലയളവ് പൂർത്തിയായി രണ്ട് വർഷം വരെ കഴിഞ്ഞാണ് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതെന്ന വസ്തുത കണക്കിലെടുത്ത് ഗുരുതരമായ ഈ വീഴ്ചയ്ക്ക് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

പരീക്ഷകളുടെ നടത്തിപ്പും ഫലപ്രഖ്യാപനവും പൊതുവെ പരീക്ഷ കലണ്ടറിനനുസൃതമായാണ് നടന്നുവരുന്നത്. അസ്വാഭാവികമായ കാലതാമസം ഉണ്ടാകാറില്ല. വീഴ്ച വരുത്തുന്നവർക്കെതിരെ സർവ്വകലാശാലതലത്തിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## ഇന്റഗ്രേറ്റഡ് അദ്ധ്യാപന പരിശീലന കോഴ്സുകൾ

203(3635) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാലുവർഷ ഇന്റഗ്രേറ്റഡ് ബി.എസ്.സി/ബി.എ.- ബി.എഡ്., മൂന്നുവർഷ ഇന്റഗ്രേറ്റഡ് എം.എഡ്. തുടങ്ങിയ ഇന്റഗ്രേറ്റഡ് കോഴ്സുകൾ ട്രെയിനിംഗ് കോളേജുകളെ ഒഴിവാക്കി ആർട്സ് & സയൻസ് കോളേജുകളിൽ മാത്രമാണോ അനുവദിക്കുന്നത്;

(ബി) ഇത്തരം പ്രൊഫഷണൽ അദ്ധ്യാപന പരിശീലന കോഴ്സുകൾ ആർട്സ്&സയൻസ് കോളേജുകളിൽ ആരംഭിക്കുന്നത് അദ്ധ്യാപന പരിശീലനത്തിന്റെ ഗുണനിലവാരത്തെ സാരമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2014-ൽ ഒരു വർഷ ബി.എഡ്. പ്രോഗ്രാമിന്റെ ദൈർഘ്യം രണ്ടുവർഷമാക്കി വർദ്ധിപ്പിച്ചപ്പോൾ ട്രെയിനിംഗ് കോളേജുകളിൽ കുട്ടികളുടെ എണ്ണം, ഭാവിയിൽ കൂടുതൽ കുട്ടികളെ പ്രവേശിപ്പിക്കാൻ അനുമതി നൽകാം എന്ന് നിബന്ധനയിൽ കുറച്ചിരുന്നു എന്ന വസ്തുത കണക്കിലെടുത്ത് സീറ്റുകളുടെ എണ്ണം വർധിപ്പിക്കാൻ തയ്യാറാകുമോ;

(ഡി) നിലവിലെ ട്രെയിനിംഗ് കോളേജുകളുടെ ഭൗതികസാഹചര്യങ്ങളും ഉന്നത വിദ്യാഭ്യാസ യോഗ്യതകളുള്ള അദ്ധ്യാപകരുടെ സേവനങ്ങളും ഉപയോഗപ്പെടുത്തി ഇത്തരത്തിലുള്ള ഇന്റഗ്രേറ്റഡ് കോഴ്സുകൾ ട്രെയിനിംഗ് കോളേജുകളിൽ ആരംഭിക്കുന്നത് സംസ്ഥാനത്ത് വിദഗ്ധരായ അദ്ധ്യാപകരെ സൃഷ്ടിക്കാൻ അത്യന്താപേക്ഷിതമാണെന്ന കാര്യം പരിശോധിക്കുമോ;

(ഇ) ഈ സാഹചര്യത്തിൽ പ്രസ്തുത കോഴ്സുകൾ ഗവൺമെൻറ്/എയ്ഡഡ് ട്രെയിനിംഗ് കോളേജുകളിൽ ആരംഭിക്കുന്നതിനായി അപേക്ഷിക്കുവാനുള്ള എൻ.ഒ.സി. നൽകുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-ഇ) എൻ.സി.ടി.ഇ. പുറപ്പെടുവിച്ച നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ ഇന്റഗ്രേറ്റഡ് അദ്ധ്യാപന പരിശീലന കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ചുള്ള തുടർനടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു.

## ഉന്നതവിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ

204(3636) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ നിലവിലുള്ള പ്രശ്നങ്ങൾ എന്തൊക്കെയാണ്; വിശദവിവരം നൽകുമോ;

(ബി) വിവിധ സർവ്വകലാശാലകളിൽ മികച്ച അദ്ധ്യാപകരുടെ കുറവ്, അക്കാദമിക്ക് കൗൺസിലുകൾ ഫലപ്രദമാകാത്തതും സമയത്ത് പുനഃസംഘടിപ്പിക്കപ്പെടാത്തതുമായ പ്രശ്നം, വിദ്യാർത്ഥികൾക്ക് സമയ ബന്ധിതമായി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുവാൻ കഴിയാത്ത സ്ഥിതി, അശാസ്ത്രീയമായ സിലബസ് തുടങ്ങിയ വിഷയങ്ങളിൽ സർക്കാരിന്റെ നിലപാടെന്താണ്;

(സി) മേൽപ്പറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ നിലവിലുള്ള പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു:

1. 1-1-2016 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിയ യു.ജി.സി.-യുടെ 6-ാം റെഗുലേഷൻസ് പ്രകാരമുള്ള അദ്ധ്യാപക പ്രൊമോഷനും പ്ലേസ്മെന്റുകളും 1-1-2016 മുതൽ നടപ്പാക്കേണ്ടിയിരുന്ന 7-ാം യു.ജി.സി. സ്കീമും നടപ്പിലാക്കിയിട്ടില്ല.
2. സെമസ്റ്റർ സമ്പ്രദായം നിലവിൽ വന്നതിനുശേഷം പരീക്ഷകൾ വർഷത്തിൽ രണ്ടുതവണ നടത്തുന്നതിനും സമയബന്ധിതമായി റിസൾട്ട് പ്രഖ്യാപിക്കുന്നതിനും സർവ്വകലാശാലകളിൽ ആവശ്യമായ ജീവനക്കാരില്ല.
3. സർവ്വകലാശാല ഡിപ്പാർട്ടുമെന്റുകളിലും അഫിലിയേറ്റഡ് കോളേജുകളിലും സ്ഥിരം അദ്ധ്യാപകരുടെ കുറവ് സംജാതമായിരിക്കുന്നു.

(ബി) മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ പഠന വകുപ്പുകളിലെ അദ്ധ്യാപക ഒഴിവുകൾ നികത്താൻ ആരംഭിച്ച നടപടികൾ യു.ജി.സി.-യുടെ നിർദ്ദേശപ്രകാരം താത്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. അതുമൂലം മുപ്പത്തിനാല് അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. സർവ്വകലാശാല ചട്ടങ്ങൾ പ്രകാരമുള്ള അക്കാഡമിക് കൗൺസിലും ഫാക്കൽറ്റികളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. പരീക്ഷാ ഫലങ്ങൾ പരീക്ഷ കലണ്ടറിനനുസൃതമായി പ്രസിദ്ധീകരിക്കുകയും സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. സർവ്വകലാശാല പഠന വകുപ്പുകളിൽ എല്ലാ മൂന്ന് വർഷങ്ങളിലും അക്കാദമിക് കരിക്കുലത്തിൽ മാറ്റം വരുത്തുന്നുണ്ട്. ഗവേഷണ രംഗത്തെ നൂതന ആശയങ്ങൾകൂടി ഉൾപ്പെടുത്തി പി.ജി. കോഴ്സുകളുടെ കരിക്കുലത്തിൽ മാറ്റം വരുത്തുന്നതിന് ഫാക്കൽറ്റി അംഗങ്ങൾക്ക് സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. സർവ്വകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ബിരുദ തലത്തിലുള്ള സിലബസ് 2017-18 അക്കാദമിക വർഷം മുതൽ പുതുക്കി നടപ്പിലാക്കിയിട്ടുണ്ട്. അഫിലിയേറ്റഡ് കോളേജുകളിലെ ബിരുദാനന്തര ബിരുദ സിലബസ് പുതുക്കി 2019-20 അധ്യയന വർഷം മുതൽ നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. മലയാള സർവ്വകലാശാലയിൽ അക്കാദമിക് കൗൺസിലുകൾ പുനഃസംഘടിപ്പിക്കുക, പരീക്ഷകൾ കൃത്യമായി നടത്തി സമയബന്ധിതമായി ഫലം പ്രസിദ്ധീകരിക്കുക, സർട്ടിഫിക്കറ്റ് വിതരണം കുറ്റമറ്റ രീതിയിൽ നടത്തുക എന്നിവ ചെയ്തുവരുന്നുണ്ട്.

(സി) ഉണ്ട്. ഉന്നതവിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ പഠിക്കാൻ താഴെപ്പറയുന്ന വിവിധ വിദഗ്ദ്ധ സമിതികളെ നിയോഗിച്ചിട്ടുണ്ട്:

(1) സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠിക്കാൻ ഡോ. ജോയ്ജോബ് കുളവേലിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച കമ്മിറ്റി (2) ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിക്കാൻ ഡോ. ഫാത്തിമത്ത് സുഹറയുടെ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റി (3) സംസ്ഥാന യൂണിവേഴ്സിറ്റികളിലെയും കോളേജുകളിലെയും പി. ജി. കരിക്കുലം പരിഷ്കരണത്തിനുള്ള കമ്മിറ്റി (4) സംസ്ഥാന സർവ്വകലാശാലകളിലെയും കോളേജുകളിലെയും ഗവേഷകരുടെ പ്രശ്നങ്ങൾ പഠിക്കാനുള്ള കമ്മിറ്റി (5) സർവ്വകലാശാലകളിലെ അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച കാര്യങ്ങൾ പഠിക്കാനുള്ള കമ്മിറ്റി (6) സംസ്ഥാന യൂണിവേഴ്സിറ്റികളുടെ സാമ്പത്തികനില പഠിക്കുന്നതിനുവേണ്ടിയുള്ള കമ്മിറ്റി (7) ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളിലെ പ്രശ്നങ്ങൾ പഠിക്കാനുള്ള കമ്മിറ്റി (8) സർവ്വകലാശാല ബിരുദങ്ങളുടെ ഇക്യുവലൻസി/റെക്കഗ്നിഷൻ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കാനുള്ള കമ്മിറ്റി (9) സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് പഠിക്കുന്നതിനായി ജസ്റ്റിസ് കെ. കെ. ദിനേശൻ അദ്ധ്യക്ഷനായുള്ള മൂന്നംഗ കമ്മിറ്റി.

**ഉന്നത വിദ്യാഭ്യാസ മേഖലയിൽ സമർത്ഥരായ അദ്ധ്യാപകരുടെ കുറവ്**

205(3637) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ മേഖലയിൽ അദ്ധ്യാപനത്തിനായി സമർത്ഥരായ അദ്ധ്യാപകരുടെ കുറവുണ്ടെന്ന മാധ്യമവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത പ്രശ്നം അടിയന്തരമായി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) ഇല്ല.

## സർവ്വകലാശാലകളിൽ ഏകീകൃത പരീക്ഷാ റിസൽട്ട് പ്രഖ്യാപനം

206(3638) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജുകളിലെ പരീക്ഷാനടത്തിപ്പും മൂല്യനിർണ്ണയവും പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ഐ.സി.ടി.ഇ. മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടുള്ള സിലബസ്സ് പരിഷ്കരണം, കോളേജുകളിൽ സ്ഥിരം പ്രിൻസിപ്പൽ നിയമനം, നാക് അക്രഡിറ്റേഷൻ, സ്റ്റേറ്റ് അസസ്സ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ രൂപീകരണം, വിദ്യാർത്ഥികൾക്കും അവരുടെ രക്ഷിതാക്കൾക്കും പരീക്ഷ വിവരങ്ങൾ നൽകൽ എന്നിവ എപ്രകാരം നടപ്പാക്കാനാണ് നിർദ്ദേശം എന്ന് വെളിപ്പെടുത്താമോ;

(ബി) വിവിധ യൂണിവേഴ്സിറ്റികൾ ഒരേ കോഴ്സിന് പല സമയങ്ങളിൽ പരീക്ഷാനടത്തിപ്പും റിസൾട്ട് പ്രഖ്യപനവും നടത്തി വിദ്യാർത്ഥികളുടെ തുടർപഠനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നത് ഒഴിവാക്കാനായി ഒരു ഏകീകൃത പരീക്ഷാ-റിസൾട്ട് പ്രഖ്യാപനം കൊണ്ടുവരാൻ എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) പരീക്ഷ നടത്തിപ്പും മൂല്യനിർണ്ണയവും റിസൽട്ട് പ്രഖ്യാപനവും കുറ്റമറ്റതാക്കാനും മൂല്യനിർണ്ണയത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിക്കാനും എന്ത് നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ഡി) കോഴ്സ് പൂർത്തീകരിക്കാൻ കഴിയാത്ത കുട്ടികളിൽനിന്നും അധിക ഫീസ് ഈടാക്കുന്നത് തടയുവാൻ എന്ത് നടപടികൾ സ്വീകരിക്കും എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഔട്ട്കം ബേസ്ഡ് എഡ്യൂക്കേഷനും ഗ്രാജുവേറ്റ് ആട്രിബ്യൂട്ടുകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരണത്തിനുമാണ് ശ്രമിച്ചുവരുന്നു. ഇതിനായുള്ള പരിശീലനം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസറായ ഡോ. എൻ. ജെ. റാവുവിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ

സർവ്വകലാശാലകളിലെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് നൽകിവരുന്നു. ഉന്നതവിദ്യാഭ്യാസ കൗൺസിലിന് കീഴിൽ സ്റ്റേറ്റ് അസെസ്സ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ സെന്റർ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ദേശീയ തലത്തിലുള്ള അസെസ്സ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ തയ്യാറാക്കുന്നതോടൊപ്പം സംസ്ഥാനത്ത് നിലനിൽക്കുന്ന സവിശേഷമായ സാമൂഹിക, ഭൗതിക, അക്കാദമിക സാഹചര്യങ്ങൾ കൂടി കണക്കിലെടുത്ത് കൊണ്ടായിരിക്കും സ്ഥാപനങ്ങളെ SAAC വിലയിരുത്തുക. വിദ്യാർത്ഥികളുടെ പരീക്ഷാവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിലൂടെ അറിയാവുന്നതാണ്.

(ബി&സി) സംസ്ഥാനത്തെ സർവ്വകലാശാലകൾക്കായി ഏകീകൃത പരീക്ഷാ കലണ്ടർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് പ്രൊ-വൈസ് ചാൻസിലർമാരെ അംഗങ്ങളാക്കി ഒരു പ്രത്യേക കമ്മിറ്റി ഉന്നതവിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി സർവ്വകലാശാല-കോളേജ് തലത്തിലെ അക്കാദമിക പരീക്ഷാ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും സമയബന്ധിതമായി പരീക്ഷകളുടെ നടത്തിപ്പും ഫലപ്രഖ്യാപനവും നടത്തുന്നതിനാവശ്യമായ നടപടികൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു.

(ഡി) കോഴ്സ് പൂർത്തീകരിക്കാൻ കഴിയാത്ത കുട്ടികളിൽനിന്നും അധിക ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

### ഉന്നത വിദ്യാഭ്യാസ രംഗത്തെ പദ്ധതികൾ

207(3639) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് അക്കാഡമിക് വോളന്റിയർ ബാങ്ക്, ബ്രെയിൻ ഗെയിൻ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ജസ്റ്റിസ് കെ. കെ. ദിനേശൻ കമ്മിറ്റിയുടെ ശിപാർശകൾ നടപ്പിലാക്കുന്നതിനായി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഉന്നത വിദ്യാഭ്യാസ രംഗത്ത് ഇന്റേണൽ അസസ്സ്മെന്റ് സംവിധാനം തികച്ചും അശാസ്ത്രീയമാണെന്ന് വിലയിരുത്തുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സംവിധാനം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് അക്കാദമിക് വോളന്റിയർ ബാങ്ക്. അക്കാദമിക രംഗത്തും മറ്റ് തുറകളിലും പ്രവർത്തിക്കുന്ന വിദഗ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു റിസോഴ്സ് പൂൾ രൂപീകരിക്കാനും പ്രസ്തുത പൂളിലെ അംഗങ്ങളുടെ സേവനം ഉന്നതവിദ്യാഭ്യാസ മേഖലയിലെ വിവിധ പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്താനുമാണ് ഉദ്ദേശിക്കുന്നത്. അക്കാദമിക് വോളന്റിയർ ബാങ്ക് രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

പ്രവാസി ഇന്ത്യക്കാർ വിശിഷ്യാ മലയാളികളായ അക്കാദമിക് വിദഗ്ധരും പണ്ഡിതരും വിവിധ വിദേശ രാജ്യങ്ങളിൽ സേവനമനുഷ്ഠിച്ചുവരുന്നുണ്ട്. ഇവരുടെ സേവനം സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വിവിധ അക്കാദമിക പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുക എന്നതാണ് ബ്രെയിൻ ഗെയിൻ സംവിധാനംകൊണ്ട് ഉദ്ദേശിക്കുന്നത്. എറുഡൈറ്റ് പദ്ധതിയുമായി സംയോജിപ്പിച്ചാണ് ബ്രെയിൻ ഗെയിൻ ആശയം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിൻപ്രകാരം 2017-18-ൽ 20-ൽപ്പരം പണ്ഡിതരേയും അക്കാദമിക്കുകളേയും കേരളത്തിലെ സർവ്വകലാശാലകളിലും കോളേജുകളിലും എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ദിനേശൻ കമ്മീഷൻ റിപ്പോർട്ട് തത്ത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) വിലയിരുത്തിയിട്ടില്ല.

### ഡോ. എൽസമ്മ ജോസഫ് അറയ്ക്കലിന്റെ സ്ഥലംമാറ്റം

208(3640) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ പെൻഷനാകാൻ ഒരു വർഷത്തിൽ താഴെമാത്രം സർവ്വീസുള്ളവർക്ക് സ്വന്തം ജില്ലയിലോ ഏറ്റവും അടുത്തുള്ള സ്ഥലത്തേക്കോ നിയമനം നൽകണമെന്ന വ്യവസ്ഥ നിലവിലുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഉന്നത വിദ്യാഭ്യാസവകുപ്പിൽ കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടർ ആയിരുന്ന ഡോ. എൽസമ്മ ജോസഫ് അറയ്ക്കൽ എന്നാണ് പെൻഷനാകുന്നത്;

(സി) ഒരു വർഷത്തിൽ താഴെ മാത്രം ഇനി സർവ്വീസുള്ള ഡോ. എൽസമ്മ ജോസഫ് അറയ്ക്കലിനെ സ്വന്തം ജില്ലയായ എറണാകുളത്തോ ഒഴിവുള്ള അടുത്ത ജില്ലയായ കോട്ടയത്തോ നിയമനം നൽകാതെ കൊല്ലം ജില്ലയിലേയ്ക്ക് സ്ഥലം മാറ്റം നൽകുവാനും കോഴിക്കോട് ഉന്നതവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ചാർജ് കോഴിക്കോട് ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജ് പ്രിൻസിപ്പലിന് നൽകാനും കാരണമെന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉദ്യോഗത്തിൽനിന്നും വിരമിക്കാൻ രണ്ട് വർഷം മാത്രമുള്ള ജീവനക്കാരെ, ആദ്യം വിരമിക്കേണ്ടവർക്ക് മുൻഗണന നൽകിക്കൊണ്ട് അവരുടെ ആവശ്യാനുസരണമുള്ള സ്റ്റേഷനുകളിലെ ഒഴിവുകളിൽ നിയമിക്കാൻ വ്യവസ്ഥയുണ്ട്.

(ബി) ഉന്നതവിദ്യാഭ്യാസ വകുപ്പിൽ കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടറായിരുന്ന ഡോ. എൽസമ്മ ജോസഫ് അറയ്ക്കൽ 31-3-2019-ലാണ് പെൻഷനാകുന്നത്.

(സി) പൊതുതാല്പര്യവും ഭരണപരവുമായ സൗകര്യവും പരിഗണിച്ചാണ് ഡോ. എൽസമ്മ ജോസഫ് അറയ്ക്കലിനെ കൊല്ലത്ത് നിയമിച്ചത്. പിന്നീട് ശ്രീമതി എൽസമ്മ ജോസഫിനെ 7-12-2018-ലെ സ.ഉ.(സാധാ) 2213/2018/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം കോട്ടയത്ത് ഡെപ്യൂട്ടി ഡയറക്ടറായി മാറ്റി നിയമിച്ചിട്ടുണ്ട്.

## കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക് റിസർച്ച്

209(3641) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക് റിസർച്ച് (കെ.സി.എച്ച്.ആർ) ഡയറക്ടർ സ്ഥാനത്തേയ്ക്ക് നിയമനം നടത്തുന്നത് പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഉണ്ട്. കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക് റിസർച്ച് (കെ.സി.എച്ച്.ആർ.)-ൽ ഡയറക്ടർ നിയമനത്തിനായി പ്രൊഫ. കെ.എൻ. പണിക്കർ അദ്ധ്യക്ഷനായിരുന്ന എക്സിക്യൂട്ടീവ് കൗൺസിൽ അംഗീകരിച്ച യോഗ്യതകൾ അനുസരിച്ച് രണ്ട് പ്രാവശ്യം പരസ്യം ചെയ്തെങ്കിലും യോഗ്യതയുള്ള ആരെയും ലഭ്യമായിട്ടില്ല. ഈ പശ്ചാത്തലത്തിൽ പ്രൊഫ. രാജൻ ഗുരുക്കൾ (വൈസ്-ചെയർമാൻ, ഉന്നതവിദ്യാഭ്യാസ കൗൺസിൽ), ഡോ. ഉഷ റ്റൈറ്റസ് (പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്), പ്രൊഫ. രവീന്ദ്രൻ ഗോപിനാഥ് (വൈസ്-ചാൻസലർ, കണ്ണൂർ യൂണിവേഴ്സിറ്റി മെമ്പർ, എക്സിക്യൂട്ടീവ് കമ്മിറ്റി), ശ്രീമതി എം. എസ്. ജയ (ഡയറക്ടർ, കെ.സി.എച്ച്.ആർ.), ചെയർപേഴ്സൺ കെ.സി.എച്ച്.ആർ. എന്നിവർ അടങ്ങുന്ന സെലക്ഷൻ കമ്മിറ്റിയെ സെർച്ച് കമ്മിറ്റിയായി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. അവരുടെ അന്വേഷണത്തിന്റെ ഭാഗമായി കോട്ടയം എം. ജി. യൂണിവേഴ്സിറ്റി, സ്കൂൾ ഓഫ് സോഷ്യൽ സയൻസിൽ അസോസിയേറ്റ് പ്രൊഫസറും കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയുടെ ക്ലെയർ ഹാളിലും, സെന്റർ ഓഫ് സൗത്ത് ഏഷ്യൻ സ്റ്റഡീസിലും സ്മട്ട്സ് വിസിറ്റിംഗ് ഫെലോ ഇൻ കോമൺ വെൽത്ത് സ്റ്റഡീസുമായ ഡോ. പി. സനൽമോഹനെ തെരഞ്ഞെടുക്കുകയും ചെയ്തു. 19-12-2017-ലെ എക്സിക്യൂട്ടീവ് കൗൺസിലിൽ ഈ നിയമനം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

## എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക നിയമനം

210(3642) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്വകാര്യ കോളേജുകളിൽ വിദ്യാഭ്യാസ നിലവാരം കുറഞ്ഞ അദ്ധ്യാപകരെ നിയമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) സ്വകാര്യ വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് രാഷ്ട്രീയ പാർട്ടികളിൽ പ്രവർത്തിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## അഡീഷണൽ ഡയറക്ടർ ഓഫ് കോളേജിയേറ്റ് എഡ്യൂക്കേഷൻ നിയമനം

211(3643) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിലെ അഡീഷണൽ ഡയറക്ടർ ഓഫ് കോളേജിയറ്റ് എഡ്യൂക്കേഷൻ തസ്തിക എത്ര കാലമായി ഒഴിഞ്ഞുകിടക്കുന്നു എന്ന് അറിയിക്കാമോ; ഈ തസ്തികയിലേയ്ക്ക് നിലവിൽ നിയമനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഈ തസ്തികയിലേയ്ക്ക് എത്രയുംവേഗം നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) സ്വയംഭരണ കോളേജുകൾ ഉൾപ്പെടെയുള്ള കേരളത്തിലെ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ വൈസ്-പ്രിൻസിപ്പലിനെ നിയമിക്കുന്നതാരാണ്; വിശദമാക്കാമോ;

(ഡി) ഗവൺമെന്റ് കോളേജുകളിലെ വൈസ് പ്രിൻസിപ്പൽമാർക്ക് പി.എച്ച്.ഡി. നിർബന്ധമാക്കിയിട്ടുണ്ടോ; വൈസ്-പ്രിൻസിപ്പൽ നിയമനത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ ഓഫ് കോളേജിയേറ്റ് എഡ്യൂക്കേഷൻ തസ്തിക 1-4-2017 മുതൽ ഒഴിഞ്ഞുകിടക്കുകയാണ്. 10-12-2010-ലെ സ.ഉ(പി) 392/2010/ഉ.വി.വ. പ്രകാരം യു.ജി.സി. മാനദണ്ഡങ്ങൾ സംസ്ഥാന കോളേജുകൾക്ക് ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. എന്നിരുന്നാലും യു.ജി.സി. യോഗ്യതയില്ലാതിരുന്ന സെലക്ഷൻ ഗ്രേഡ് ലക്ചറർമാരെ പ്രിൻസിപ്പാൾമാരായി പ്രൊമോഷൻ നൽകുകയുണ്ടായി. എന്നാൽ 23-2-2016-ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഫുൾബഞ്ച് യു.ജി.സി. യോഗ്യതയില്ലാതെ നടത്തിയ നിയമനങ്ങളും പ്രൊമോഷനും പുനഃപരിശോധിക്കാൻ ഉത്തരവായിരുന്നു. യു.ജി.സി. യോഗ്യതയില്ലാതെ മേൽ വിവരിച്ച പ്രകാരം പ്രൊമോട്ട് ചെയ്യപ്പെട്ട പ്രിൻസിപ്പൽമാരെ തരംതാഴ്ത്താതിരിക്കാൻ 23-2-2016 മുതൽ യു.ജി.സി. റെഗുലേഷൻ നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ ഹൈക്കോടതിയിൽ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തു. ഈ റിവ്യൂ പെറ്റീഷൻ കോടതി തള്ളിയതിനെത്തുടർന്ന് സർക്കാർ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ

SLP ഫയൽ ചെയ്യുകയുണ്ടായി. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ SLP 18938 നമ്പർ കേസിൽ 17-7-2018-ലെ വിധിന്യായത്തിൽ യു.ജി.സി. യോഗ്യതയില്ലാതെ പ്രൊമോട്ട് ചെയ്യപ്പെട്ട പ്രിൻസിപ്പൽമാർക്ക് തുടർന്നുള്ള പ്രൊമോഷൻ നൽകുന്ന വിഷയം പരാമർശിച്ചിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് അഡീഷണൽ ഡയറക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുന്നതാണ്.

(സി&ഡി) സർക്കാർ കോളേജുകളിൽ വൈസ് പ്രിൻസിപ്പാളിനെ നിയമിക്കുന്നത് അതത് കോളേജിലെ നിലവിലെ അദ്ധ്യാപകരുടെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലും കോളേജ് കൗൺസിലിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുമാണ്. ഇപ്രകാരം നിയമനം നടത്തിയശേഷം കോളേജ് വിദ്യാഭ്യാസ വകുപ്പിനെ അറിയിക്കുകയും ആയത് പരിശോധിച്ച് നിയമാനുസൃതമായാണ് നിയമനം നടത്തിയതെങ്കിൽ ആയതിന് ഡയറക്ടർ സാധൂകരണവും നൽകുന്നു. ഗവൺമെന്റ് കോളേജുകളിലെ വൈസ് പ്രിൻസിപ്പൽമാർക്ക് പി.എച്ച്.ഡി. നിർബന്ധിതമാക്കിയ ഉത്തരവുകളോ നിർദ്ദേശങ്ങളോ ഇല്ല. മേൽ പ്രസ്താവിച്ചിരിക്കുന്ന പ്രകാരമാണ് വൈസ് പ്രിൻസിപ്പാൾ നിയമനം നടത്തുന്നത്. സർവ്വകലാശാല ചട്ടം അനുസരിച്ച് സ്വയംഭരണ കോളേജുകൾ ഉൾപ്പെടെയുള്ള എയ്ഡഡ് കോളേജുകളിൽ വൈസ് പ്രിൻസിപ്പൽ തസ്തിക നിലവിലില്ല. എന്നാൽ ചില കോളേജുകളിൽ ആഭ്യന്തര നടപടി എന്ന നിലയിൽ വൈസ്-പ്രിൻസിപ്പലിനെ തീരുമാനിക്കാറുണ്ട്.

## സർവ്വകലാശാലകളിലെ കേഡർ ഇൻ അസിസ്റ്റന്റ് തസ്തിക

212(3644) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലും കൂടി അനുവദനീയമായ കേഡർ ഇൻ അസിസ്റ്റന്റ് തസ്തികയുടെ എണ്ണം സർവ്വകലാശാല തിരിച്ച് വ്യക്തമാക്കാമോ;

(ബി) കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലുംകൂടി കേഡർ ഇൻ അസിസ്റ്റന്റ് തസ്തികയിൽ നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണവും നിലവിൽ ഒഴിവുള്ള പ്രസ്തുത തസ്തികയുടെ എണ്ണവും സർവ്വകലാശാല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ വന്നിട്ടുള്ള കേഡർ ഇൻ അസിസ്റ്റന്റ് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായിട്ടുള്ള സർവ്വകലാശാലകളിലെ യൂണിവേഴ്സിറ്റി അസിസ്റ്റന്റ് തസ്തികകളുടെ വിവരം, നിലവിൽ ഒഴിവുള്ള തസ്തികകളുടെ എണ്ണം, പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം എന്നിവ അനുബന്ധമായി ചേർക്കുന്നു.*

## മലപ്പുറം ഗവൺമെന്റ് വനിതാ കോളേജ് താൽക്കാലിക കെട്ടിടത്തിന് വാടക

213(3645) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഗവ. വനിതാ കോളേജ് താൽക്കാലിക കെട്ടിടത്തിന് വാടക നൽകുന്നത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പിൽ പരിഗണനയിലുള്ള C2/133/18/H.Edn നമ്പർ ഫയലിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(ബി) കെട്ടിട നിർമ്മാണ നടപടികൾ ഇതുവരെയും ആരംഭിക്കാത്തതിനാലും നഗരസഭ നൽകിയിരുന്ന വാടക കാലാവധി തീർന്ന സാഹചര്യത്തിലും കോളേജ് വിദ്യാഭ്യാസ വകുപ്പിൽനിന്നും വാടക നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) മലപ്പുറം നഗരസഭാ പരിധിയിൽ മുണ്ടുപ്പറമ്പിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. സർക്കാർ വനിതാ കോളേജിന് ആവശ്യമായ കെട്ടിട വാടക നൽകുന്നതിന് 10-11-2017-ലെ സ.ഉ.(സാധാ) നമ്പർ 3637/2017/ തസ്വഭവ. ഗവൺമെന്റ് ഉത്തരവ് പ്രകാരം മലപ്പുറം മുനിസിപ്പാലിറ്റിക്ക് ഒരു വർഷത്തേയ്ക്ക് അനുമതി നൽകിയിരുന്നു. കോളേജ് കാമ്പസിനായി സർക്കാർ അനുവദിച്ച സ്ഥലം ഇതുവരെയും ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറി കിട്ടിയിട്ടില്ലാത്തതിനാൽ കെട്ടിടം പണി തുടങ്ങാൻ കഴിഞ്ഞിട്ടില്ലെന്നും ആയതിനാൽ അടുത്ത ഒരു വർഷത്തിനുള്ളിൽ വാടക കെട്ടിടത്തിൽനിന്നും കോളേജ് മാറ്റിസ്ഥാപിക്കുവാൻ കഴിയില്ലെന്നും ഈ സാഹചര്യത്തിൽ തുടർന്നും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കെട്ടിടവാടക നൽകുവാൻ മലപ്പുറം മുനിസിപ്പാലിറ്റിക്ക് ആവശ്യമായ അനുമതി നൽകണമെന്നും കോളേജ് സ്പെഷ്യൽ ഓഫീസർ അഭ്യർത്ഥിച്ചതിനെത്തുടർന്ന് ഉന്നതവിദ്യാഭ്യാസം, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരാത്തതിനാൽ മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിന് തുടർന്നും വാടക നൽകുന്നതിനായി ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും തുക കണ്ടെത്തുന്ന കാര്യം പരിശോധിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ഫയൽ കൈമാറിയിരുന്നു. തുടർന്ന് മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിന് വാടക നൽകുന്നതിന് ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജുകളുടെ വാടക, കരം, നികുതി എന്നിവയ്ക്കായുള്ള ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള തുകയിൽ നിന്നോ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഏതെങ്കിലും ബഡ്ജറ്റ് ശീർഷകത്തിൽ നിന്നോ വാടക തുക കണ്ടെത്തുന്നത് പരിശോധിച്ച് വ്യക്തമായ ബഡ്ജറ്റ് ശീർഷകമുൾപ്പെടെയുള്ള ശിപാർശ നൽകുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 6-12-2018-ലെ സി2/133/2018/ ഉ.വി.വ. നമ്പർ കത്ത് പ്രകാരം ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജുകളുടെ വാടക, കരം, നികുതി എന്നിവയ്ക്കുള്ള ശീർഷകമായ '2202-3-103-99-06' ശീർഷകത്തിൽനിന്നും മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിന്റെ വാടക വഹിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**നാദാപുരം ആർട്സ് ആൻഡ് സയൻസ് കോളേജ് കെട്ടിട നിർമ്മാണം**

214(3646) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം ആർട്സ് ആൻഡ് സയൻസ് കോളേജ് കെട്ടിട നിർമ്മാണത്തിന് കിഫ്ബി മുഖേന അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കോളേജിന്റെ നിർമ്മാണത്തിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് ഒരു കോടി അറുപത്തി അഞ്ച് ലക്ഷം രൂപ അനുവദിച്ചെങ്കിലും യഥാസമയം നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നാദാപുരം ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണത്തിന് 7-6-2018--ലെ കിഫ്ബി ഉത്തരവ് No. HDEN 007-2-PA-1 പ്രകാരം 9.215 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| Description | Recommended Cost (In Cr.) |
|---|---|
| **Academic Block** | 4.261 |
| Sump | 0.094 |
| RCC Septic tank | 0.117 |
| **Canteen Block** | 1.233 |
| Sump and Pump-External water supply | 0.094 |
| RCC septic tank | 0.079 |
| **Hostel Block** | 2.691 |
| Sump and Pump-External water supply | 0.094 |
| RCC septic tank | 0.053 |
| Total Cost for civil works | 8.716 |
| Electrical works for academic block | 0.305 |
| Electrical works for hostel blcok | 0.133 |
| Electrical works for canteen block | 0.061 |
| Total cost for electrical works | 0.499 |
| Total cost for civil and electrical works (Rs.in Cr): | 9.215 |

(ബി) നാദാപുരം ആർട്സ് ആൻഡ് സയൻസ് കോളേജിന് 2017-18 സാമ്പത്തിക വർഷത്തിൽ കോളേജിന്റെ രണ്ടാം നിലയുടെ പൂർത്തീകരണത്തിനായി 165 ലക്ഷം രൂപയ്ക്ക് '2202-3-103-68-(01)' എന്ന ശീർഷകത്തിൽനിന്നും 22-01-2018-ലെ സ.ഉ(സാധാ)170/2018/ഉ.വി.വ. പ്രകാരം ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത തുക 2017-18 സാമ്പത്തിക വർഷത്തിൽ ചെലവഴിക്കാൻ പറ്റാത്തതിനാൽ Reg.No. 162/18 പ്രകാരം E-lams-ൽ നിക്ഷേപിച്ചിരുന്നു. എന്നാൽ മേൽ പ്രവൃത്തിക്കായി 2017-18 സാമ്പത്തിക വർഷം

തുക അനുവദിച്ച ശീർഷകമായ 2202-3-103-68-(01) എന്ന ശീർഷകത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത തുക ഉപയോഗിച്ച് നിർമ്മാണ പ്രവൃത്തികൾ നടത്താൻ കഴിഞ്ഞിരുന്നില്ല. തുടർന്ന് നിർമ്മാണ പ്രവൃത്തികൾ തുടങ്ങുന്നതിനായി 12-11-2018-ലെ സ.ഉ.(സാധാ)9355/18/ഫിൻ പ്രകാരം നടപ്പ് സാമ്പത്തിക വർഷം '4202-1-203-73' എന്ന ശീർഷകത്തിൽ 165 ലക്ഷം രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

## പട്ടാമ്പി സംസ്കൃത കോളേജിൽ പുതിയ കോഴ്സുകൾ

215(3647) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി സംസ്കൃത കോളേജിൽ ഏതെല്ലാം പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പുതിയ കോഴ്സുകൾ അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) പട്ടാമ്പി സംസ്കൃത കോളേജിൽ എം.ഫിൽ. സംസ്കൃതം, എം.ഫിൽ മലയാളം, എം.എ. അറബിക് എന്നീ കോഴ്സുകൾ അനുവദിക്കുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ട്. ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## മൂന്നാർ ഗവൺമെന്റ് ആർട്സ് കോളേജിന്റെ തുടർ പ്രവർത്തനം

216(3648) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന മൂന്നാർ ഗവൺമെന്റ് ആർട്സ് കോളേജിന്റെ തുടർ പ്രവർത്തനത്തിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളേജിന്റെ തുടർപ്രവർത്തനത്തിനായി മൂന്നാർ ട്രൈബ്യൂണൽ പ്രവർത്തിച്ചിരുന്ന കെട്ടിടം ലഭ്യമാക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മൂന്നാർ ഗവൺമെന്റ് കോളേജിലെ വിദ്യാർത്ഥികളുടെ പഠനം മുടങ്ങാതിരിക്കുന്നതിനായി മൂന്നാർ എഞ്ചിനീയറിംഗ് കോളേജിലെ വർക്ക് ഷോപ്പ് കെട്ടിടത്തിൽ താൽക്കാലികമായി ക്ലാസ്സുകൾ നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. 27-10-2018-ലെ ജി.ഒ.(ആർ.ടി) 1946/18/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവനുസരിച്ച് മൂന്നാർ എഞ്ചിനീയറിംഗ് കോളേജ് കോമ്പൗണ്ടിൽ മൂന്നാർ ഗവൺമെന്റ് കോളേജിലെ വിദ്യാർത്ഥികൾക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതിനായി 5.5 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും ഫർണിച്ചർ ഉൾപ്പെടെയുള്ള മറ്റ് ആവശ്യങ്ങൾക്കുമായി 3.57 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) മൂന്നാർ ഗവൺമെന്റ് കോളേജിനായി കെട്ടിടം കണ്ടെത്തുന്നതിന് സ്ഥലപരിശോധന നടത്തി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ മൂന്നാർ ട്രൈബ്യൂണലിന്റെ പ്രവർത്തനം അവസാനിപ്പിക്കുവാൻ സർക്കാർതലത്തിൽ തീരുമാനമായെങ്കിലും ട്രൈബ്യൂണലിന്റെ ഫയൽ നടപടികൾ തീർക്കുന്നതിന് 6 മാസത്തെ കാലതാമസമുണ്ടെന്ന് റിപ്പോർട്ട് ചെയ്തിരുന്നു.

## കിള്ളിമംഗലം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണം

217(3649) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിലെ കിള്ളിമംഗലം ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിൽ അക്കാദമിക്ക് ബ്ലോക്ക്, ലൈബ്രറി, ലാബ് തുടങ്ങിയവയ്ക്കായി കെട്ടിടം പണിയുന്നതിന് തയ്യാറാക്കിയ ഡി.പി.ആർ പ്രകാരം എന്തു തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കി പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് കിള്ളിമംഗലത്തിന്റെ നിർമ്മാണ പ്രവർത്തനത്തിനായി കിറ്റ്കോ തയ്യാറാക്കിയ

വിശദ പദ്ധതി രേഖ പ്രകാരം അക്കാഡമിക് ബ്ലോക്ക് മാത്രമാണ് നിർമ്മിക്കുന്നത്. പ്രസ്തുത പദ്ധതിരേഖ കിഫ്ബിയുടെ അവലോകനത്തിനായി സമർപ്പിച്ചിരിക്കുകയാണ്. കിഫ്ബി അവലോകനം നടത്തി വിശദ പദ്ധതി രേഖ അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമെ ടെണ്ടർ നടപടികൾ ആരംഭിക്കാൻ കഴിയൂ.

## കുളത്തൂർ ഗവൺമെന്റ് ആർട്സ് കോളേജിന് പുതിയ കെട്ടിടം

218(3650) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുളത്തൂർ ഗവ. ആർട്ട്സ് കോളേജിൽ പുതിയ കെട്ടിട നിർമ്മാണത്തിന് പത്ത് കോടി രൂപയുടെ ഭരണാനുമതി ലഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കിറ്റ്കോ തയ്യാർ ചെയ്ത ഡി.പി.ആർ. അനുസരിച്ച് ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ ടെണ്ടർ നടപടി പൂർത്തീകരിക്കും എന്ന് വ്യക്തമാക്കാമോ;

(സി) കിറ്റ്കോയുടെ ഡി.പി.ആർ. അനുസരിച്ച് ഏതൊക്കെ തരത്തിലുള്ള നിർമ്മാണ പ്രവൃത്തികൾ ആണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. കിറ്റ്കോ തയ്യാറാക്കിയ വിശദ പദ്ധതിരേഖ കിഫ്ബി അവലോകനം ചെയ്തുവരുന്നു. കിഫ്ബിയിൽനിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കാനാകൂ.

(സി) കിറ്റ്കോ സമർപ്പിച്ച വിശദ പദ്ധതി രേഖയിൽ താഴെപ്പറയുന്ന നിർമ്മാണ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്:

1. നിലവിലുള്ള അക്കാഡമിക് ബ്ലോക്കിന് മുകളിൽ ഒരു നില നിർമ്മാണം
2. പുതിയ അക്കാഡമിക് ബ്ലോക്ക്
3. പെൺകുട്ടികൾക്കുള്ള ഹോസ്റ്റൽ ബ്ലോക്ക്
4. കോമ്പൗണ്ട് വാൾ, പ്രവേശന കവാടം, കുഴൽ കിണർ
5. നിലവിലുള്ള ആഡിറ്റോറിയം നവീകരണം

6. റോഡ്/നടപ്പാത

7. മൾട്ടി പർപ്പസ് കോർട്ട്

8. സമ്പ് (sump)

9. സെപ്റ്റിക് ടാങ്ക്

10. ഇലക്ട്രിക്കൽ വർക്സ്.

## കൽപ്പറ്റ മണ്ഡലത്തിൽ പുതിയ കോളേജുകൾ

219(3651) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ പുതിയ കോളേജുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കൽപ്പറ്റ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് ഉദ്ദശിക്കുന്നുണ്ടോയെന്നറിയിക്കാമോ?

ഉത്തരം

(എ) നീതി ആയോഗിന്റെ ആസ്പിരേഷണൽ പദവിയുള്ള മാതൃകാ ഡിഗ്രി കോളേജ് (Model Degree College) പദ്ധതി വയനാട് ജില്ലയിൽ റൂസ അനുവദിച്ചിട്ടുണ്ട്. കൽപ്പറ്റ നിയോജകമണ്ഡലത്തിലേതുൾപ്പെടെയുള്ള സ്ഥലങ്ങൾ പരിഗണനയിലുണ്ട്.

(ബി) പരിശോധനയിലാണ്.

## സർക്കാർ കോളേജുകളിൽ അനുവദിച്ച കോഴ്സുകൾ

220(3652) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ സംസ്ഥാനത്തെ ഗവൺമെന്റ് കോളേജുകളിൽ എവിടെയൊക്കെ ഏതൊക്കെ കോഴ്സുകൾ അനുവദിച്ചുവെന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) കോടഞ്ചേരി ഗവ. കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ സംസ്ഥാനത്തെ ഗവൺമെന്റ് കോളേജുകളിൽ അനുവദിച്ച കോഴ്സുകളെ സംബന്ധിച്ച വിവരങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

(ബി) കോടഞ്ചേരി ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സാമ്പത്തിക പരിമിതിമൂലം പരിഗണിച്ചിട്ടില്ല.

## വള്ളിക്കുന്ന് മണ്ഡലത്തിൽ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ്

221(3653) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളേജിന്റെ ഭരണാനുമതി ലഭിക്കുന്നതിനായി 5 ഏക്കർ സ്ഥലം കോഴിക്കോട് സർവ്വകലാശാല വിട്ടുനൽകണമെന്നാവശ്യപ്പെട്ട് വകുപ്പിന് ലഭിച്ച കത്തിൻമേൽ സർവ്വകലാശാല സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) കോളേജിനായി സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് സിൻഡിക്കേറ്റെടുത്ത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) അടുത്ത അദ്ധ്യയനവർഷത്തിൽ വള്ളിക്കുന്ന് മണ്ഡലത്തിൽ സർക്കാർ കോളേജ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കോളേജ് ആരംഭിക്കുന്നതിനായി സാദ്ധ്യതാ പരിശോധനാ റിപ്പോർട്ടും സാമ്പത്തികബാധ്യത സംബന്ധിച്ച റിപ്പോർട്ടും ലഭ്യമാക്കുവാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കാലിക്കറ്റ് സർവ്വകലാശാല സിൻഡിക്കേറ്റിന്റെ 5-11-2018-ലെ യോഗം പ്രസ്തുത കത്ത് പരിഗണിച്ച് വിശദമായ പഠനത്തിനായി സിൻഡിക്കേറ്റിന്റെ കോഴ്സ് & റിസർച്ച് സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) കോളേജ് ആരംഭിക്കുന്നതിന് അനുമതി നൽകുന്ന വിഷയം പരിശോധനയിലാണ്.

**എളങ്കുന്നപ്പുഴ ഗവൺമെന്റ് കോളേജിൽ പ്രിൻസിപ്പൽ തസ്തിക**

222(3654) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എളങ്കുന്നപ്പുഴ ഗവൺമെന്റ് കോളേജിൽ പ്രിൻസിപ്പൽ തസ്തിക അനുവദിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കാൻ തയ്യാറാകുമോ;

(ബി) എളങ്കുന്നപ്പുഴ ഗവൺമെന്റ് കോളേജിൽ അനുവദിച്ചിട്ടുള്ള വിഷയങ്ങൾക്കനുസൃതമായി തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. എളങ്കുന്നപ്പുഴ ഗവൺമെന്റ് കോളേജിൽ പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ഇല്ല. എളങ്കുന്നപ്പുഴ ഗവൺമെന്റ് കോളേജിൽ 16-2-2018-ലെ സ.ഉ(എം.എസ്.)നമ്പർ 49/2018/ഉ.വി.വ. പ്രകാരം കൊമേഴ്സ്, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങളിൽ രണ്ടുവീതം അസിസ്റ്റന്റ് പ്രൊഫസർ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ വർക്ക്‌ലോഡുണ്ടെങ്കിൽ ഗസ്റ്റ് അദ്ധ്യാപകരെ നിയമിച്ച് അദ്ധ്യയനം സുഗമമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

**സർക്കാർ കോളേജ് അദ്ധ്യാപകർക്ക് അവാർഡ്**

223(3655) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മികച്ച സർക്കാർ കോളേജ് അദ്ധ്യാപകർക്ക് അവാർഡ് നൽകുവാറുണ്ടോ ; എങ്കിൽ അതിനുള്ള മാനദണ്ഡം എന്താണ്; വിശദാംശങ്ങൾ നൽകാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

മികച്ച സർക്കാർ കോളേജ് അദ്ധ്യാപകർക്ക് കോളേജ് വിദ്യാഭ്യാസ വകുപ്പിൽനിന്നും അവാർഡുകൾ നൽകുന്നില്ല. കെമിക്കൽ സയൻസ്, ബയോളജിക്കൽ സയൻസ്, ഫിസിക്കൽ സയൻസ്, സോഷ്യൽ സയൻസ്, ആർട്സ് ആൻഡ് ഹ്യൂമാനിറ്റീസ് എന്നീ അഞ്ച് വിഷയങ്ങളിൽ ഏറ്റവും മികച്ച ഫാക്കൽറ്റി മെമ്പർക്ക് "കൈരളി ഗവേഷണ പുരസ്കാരം" നൽകുന്നുണ്ട്. ഉന്നതവിദ്യാഭ്യാസ കൗൺസിൽ നിയോഗിക്കുന്ന കമ്മിറ്റി, കൈരളി അവാർഡിന് നിശ്ചയിച്ചിട്ടുള്ള ഗൈഡ്‌ലൈൻ പ്രകാരമാണ് ഫാക്കൽറ്റി മെമ്പറെ തെരഞ്ഞെടുക്കുന്നത്.

## കെ.ആർ.നാരായണൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിഷ്വൽ സയൻസ് ആൻഡ് ആർട്സ്

224(3656) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 പ്ലാൻ ഫണ്ടിൽ കെ. ആർ. നാരായണൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിഷ്വൽ സയൻസ് ആൻഡ് ആർട്സിന് എത്ര തുകയായിരുന്നു വകയിരുത്തിയിരുന്നതെന്ന് അറിയിക്കാമോ;

(ബി) ഇതിൽ ഒരു രൂപപോലും ചെലവഴിക്കാൻ സാധിക്കാത്തതെന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2018-19 പ്ലാൻ ഫണ്ടിൽ 2 കോടി രൂപ കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിഷ്വൽ സയൻസ് ആൻഡ് ആർട്സിന് വകയിരുത്തിയിരുന്നു.

(ബി) 30-11-2018 വരെ 1,15,12,725 രൂപ (58%) ചെലവായിട്ടുണ്ട്.

## കോന്നി സിവിൽ സർവ്വീസ് അക്കാഡമിക്ക് കെട്ടിടം

225(T* 3657) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി താലൂക്കിൽ ഐരവൺ വില്ലേജിൽ സിവിൽ സർവ്വീസ് അക്കാഡമിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഭൂമി പാട്ടത്തിന് ലഭിക്കുന്നതിനുള്ള ഫയൽ നടപടികൾ പൂർത്തികരിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിലേയ്ക്ക് ആവശ്യമായ ഫയലുകൾ ഏതെല്ലാം ഓഫീസുകളിൽ പെന്റിംഗിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ആയത് പരിഹരിക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) പത്തനംതിട്ട ജില്ലയിൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ സബ് സെന്ററിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി കോന്നി താലൂക്കിൽ ഐരവൺ വില്ലേജിൽ ബ്ലോക്ക് 35-ൽ റീസർവ്വേ നമ്പർ 120/1, 120/2, 120/4-ൽപ്പെട്ട 0.1619 ഹെക്ടർ സ്ഥലത്തിന്റെ കിഴക്ക് ഭാഗത്തുള്ള 77.76 ആർ സ്ഥലം അനുയോജ്യമാണെന്ന് തഹസീൽദാർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിൽപ്പെടുന്ന ടി സ്ഥലം വാണിജ്യാവശ്യത്തിനല്ലാത്തതിനാലും പൊതുകാര്യ പ്രാധാന്യവും വിദ്യാഭ്യാസ പരവുമായ ആവശ്യത്തിനാകയാലും ആർ ഒന്നിന് 100 രൂപ നിരക്കിൽ പാട്ടത്തിനനുവദിക്കുന്നതിനായി 16-8-2018-ൽ ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും തുടർന്ന് ഐരവൺ വില്ലേജ് പഞ്ചായത്ത് പരിധിയിലായതിനാൽ 1964-ലെ കേരള ഭൂമി പതിച്ച നൽകൽ ചട്ടങ്ങൾ Appendix IV (Rule 11(8), 16(1) പ്രകാരം അപേക്ഷ സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് പ്രകാരം തയ്യാറാക്കിയ അപേക്ഷയുടെ 3 പ്രതികൾ തുടർ നടപടികൾക്കായി കോന്നി തഹസീൽദാർക്ക് നൽകിയിട്ടുണ്ട്.

**എയ്ഡഡ് മേഖലയിൽ അനുവദിച്ച കോളേജുകൾ**

226(3658) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മേയ് ഒന്ന് മുതൽ 2016 ഏപ്രിൽ 30 വരെയുള്ള കാലയളവിൽ എയ്ഡഡ് മേഖലയിൽ അനുവദിച്ച കോളേജുകൾ ഏതെല്ലാമാണ്; ഇക്കാലയളവിൽ എയ്ഡഡ് മേഖലയിൽ പുതുതായി അനുവദിച്ച കോഴ്സുകൾ ഏതെല്ലാമാണ്; വിശദമാക്കാമോ;

(ബി) ഈ സർക്കാർ വന്നതിനുശേഷം എയ്ഡഡ് മേഖലയിൽ എത്ര ആർട്സ് ആൻഡ് സയൻസ് കോളേജുകൾ അനുവദിച്ചു; ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; കോളേജുകൾ അനുവദിച്ച് കിട്ടിയ ട്രസ്റ്റ് അല്ലെങ്കിൽ സൊസൈറ്റിയുടെ പേരും വിലാസവും അറിയിക്കാമോ;

(സി) ഈ സർക്കാർ എയ്ഡഡ് കോളേജുകളിൽ എത്ര പുതിയ കോഴ്സുകൾ അനുവദിച്ചു; ഏതെല്ലാം കോളേജുകളിലാണെന്ന് വിശദമാക്കാമോ;

(ഡി) ഈ കാലഘട്ടത്തിൽ സർക്കാർ മേഖലയിൽ അനുവദിച്ച ആർട്സ് ആൻഡ് സയൻസ് കോളേജുകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ഇ) ഈ സർക്കാർ എയ്ഡഡ് കോളേജുകളിൽ അനുവദിച്ച തസ്തികകൾ ഏതെല്ലാമാണെന്നും എവിടെയെല്ലാമാണ് അനുവദിച്ചതെന്നും വിശദമാക്കാമോ?

ഉത്തരം

(എ)

1. സയ്യിദ് മുഹമ്മദ് അലി ശിഹാബ് തങ്ങൾ മെമ്മോറിയൽ ആർട്സ് ആൻഡ് സയൻസ് കോളേജ്.
2. മലബാർ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, വേങ്ങര.
3. കെ.പി.എം.എസ്. കുര്യോട്ടുമല.
4. പി.ആർ.ഡി.എസ്. അമര കോളേജ്.
5. അംബേദ്കർ ആർട്സ് ആൻഡ് സയൻസ് കോളേജ്.
6. എൻ.എസ്.എസ്.ആർട്സ് ആൻഡ് സയൻസ് കോളേജ്, പറക്കുളം.
7. എസ്.എൻ. കോളേജ്, പാമ്പനാർ

കോഴ്സുകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി)

1. ശ്രീ ശബരീശ ആർട്സ് ആൻഡ് സയൻസ് കോളേജ്, മുരുക്കും വയൽ - മലയരയ എഡ്യൂക്കേഷണൽ മാനേജ്മെന്റ്
2. ശ്രീ സത്യസായി ആർട്സ് ആൻഡ് സയൻസ് കോളേജ്, തോന്നയ്ക്കൽ - ശ്രീ സത്യസായി ഓർഫനേജ് ട്രസ്റ്റ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

3. ശ്രീ ശങ്കര കോളേജ്, നഗരൂർ - ശ്രീ ശങ്കര വിദ്യാപീഠം.

4. സാന്തോം മലങ്കര ആർട്സ് ആൻഡ് സയൻസ് കോളേജ്, ഇടഞ്ഞി, പാറശ്ശാല – മരിയൻ ഫൗണ്ടേഷൻ ഫോർ യൂണിറ്റി ആൻഡ് ഇന്റഗ്രൽ പ്രോഗ്രസ് ട്രസ്റ്റ്.

5. ബിഷപ്പ് യേശുദാസൻ സി.എസ്.ഐ. ആർട്സ് ആൻഡ് സയൻസ് കോളേജ് - സി.എസ്.ഐ.

6. ബജാ മോഡൽ ആർട്സ് ആൻഡ് സയൻസ് കോളേജ്, കാസർഗോഡ് - അംബേദ്കർ മെമ്മോറിയൽ ട്രസ്റ്റ് ഫോർ എഡ്യൂക്കേഷൻ ആൻഡ് കൾച്ചർ.

(സി)

1. സാന്തോം മലങ്കര ആർട്സ് ആൻഡ് സയൻസ് കോളേജ്, പാറശ്ശാല-കെമിസ്ട്രി, ഇംഗ്ലീഷ്, ബി.കോം.

2. ശ്രീകേരള വർമ്മ കോളേജ്, തൃശ്ശൂർ - എം. എ. സംസ്കൃതം, എം.എസ്.സി. സുവോളജി.

(ഡി) 1. ഗവൺമെന്റ് കോളേജ്, വൈപ്പിൻ, എറണാകുളം.

2. ഗവൺമെന്റ് കോളേജ്, നിലമ്പൂർ, മലപ്പുറം.

3. എസ്.ആർ.വി. കോളേജ് ഓഫ് മ്യൂസിക് ആൻഡ് പെർഫോമിംഗ് ആർട്സ്, തൃശ്ശൂർ.

4. ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ്, കിനാനൂർ, കരിന്തളം, കാസർഗോഡ്

5. ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ്, തോലനൂർ, തരൂർ, പാലക്കാട്.

6. ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ്, ശാന്തൻപാറ, പൂപ്പാറ, ഇടുക്കി.

(ഇ) 1. എം.ജി. കോളേജ്, ഇരിട്ടി-കൊമേഴ്സ് ആൻഡ് മാനേജ്മെന്റ് സ്റ്റഡീസ് - 6

2. മലബാർ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്- ബി.എം.എം.സി. -

3. ടി. കെ. എം. കോളേജ്, കൊല്ലം - ബയോ കെമിസ്ട്രി - 1

4. സെന്റ് തോമസ് കോളേജ്, റാന്നി - ഇംഗ്ലീഷ് -1

5. സാന്തോം മലങ്കര ആർട്സ് ആൻഡ് സയൻസ് കോളേജ്, പാറശ്ശാല.

| | | |
|---|---|---|
| പ്രിൻസിപ്പൽ | - | 1 |
| കെമിസ്ട്രി | - | 1 |
| ഇംഗ്ലീഷ് | - | 1 |
| ബി.കോം | - | 1 |

**ചെങ്ങന്നൂർ സിവിൽ സർവ്വീസ് അക്കാദമി കെട്ടിട നിർമ്മാണം**

227(T* 3659) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ അങ്ങാടിക്കൽ തെക്ക് ഹൈസ്കൂൾ കെട്ടിടത്തിന്റെയും ചെങ്ങന്നൂർ സിവിൽ സർവ്വീസ് അക്കാദമി കെട്ടിടത്തിന്റെയും നിർവ്വഹണ ഏജൻസിയായ ഹാബിറ്റാറ്റ് സമർപ്പിച്ച പാർട്ട് ബില്ലുകൾ യഥാസമയം ലഭ്യമാകാത്തതിനാൽ പ്രവൃത്തികളുടെ പൂർത്തീകരണം തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ബില്ലുകൾ മാറിനൽകുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; കാലതാമസത്തിന് കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) സിവിൽ സർവ്വീസ് അക്കാദമി കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിൽ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ ഡയറക്ടർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിവരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ധനകാര്യ വകുപ്പിന്റെ നിർദ്ദേശമനുസരിച്ച് നിലവിലെ പദ്ധതിയിനത്തിൽ അനുവദിച്ച തുക നേരിട്ട് നിർവ്വഹണ ഏജൻസിക്ക് മാത്രമെ കൈമാറാൻ സാധിക്കുകയുള്ളൂ. നിർവ്വഹണ ഏജൻസി ബിൽ സമർപ്പിക്കുവാൻ വൈകുന്നതാണ് കാലതാമസത്തിന് കാരണം.

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) 14-11-2018-ന് തുടർ വിദ്യാഭ്യാസ കേന്ദ്രം ഡയറക്ടറേറ്റിൽ കൂടിയ റിവ്യൂ മീറ്റിംഗിൽ സിവിൽ സർവ്വീസ് അക്കാദമി, ചെങ്ങന്നൂർ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് നിർമ്മാണ ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനോട് രണ്ടാമത്തെ പാർട്ട് ബിൽ അടിയന്തരമായി സമർപ്പിക്കുവാനും കെട്ടിടനിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

## കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റി

228(3660) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റിക്കായി എത്ര തുകയായിരുന്നു 2018-19-ലെ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിരുന്നത്; എന്തെല്ലാം പ്രവർത്തനങ്ങൾക്കാണ് പ്രസ്തുത തുക വകയിരുത്തിയതെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ എത്ര കോടി രൂപയാണ് ചെലവഴിച്ചത്; ഏതെല്ലാം പദ്ധതികൾക്കാണ് പ്രസ്തുത തുക ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയ്ക്കായി 3350 ലക്ഷം രൂപയാണ് 2018-19-ലെ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുള്ളത്. 834.83 ലക്ഷം രൂപയാണ് (എട്ട് കോടി മുപ്പത്തിനാല് ലക്ഷത്തി എൺപത്തിമൂവായിരം രൂപ) ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുക വകയിരുത്തിയ പദ്ധതികളുടെ വിവരവും ഓരോ പദ്ധതിക്കുമായി ചെലവഴിച്ച തുകയുടെ വിശദവിവരവും അനുബന്ധമായി ചേർക്കുന്നു*.

## അബ്ദുൾകലാം ടെക്നിക്കൽ യൂണിവേഴ്സിറ്റി ആസ്ഥാനം

229(3661) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അബ്ദുൾ കലാം ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ ആസ്ഥാനം വിളപ്പിൽശാലയിൽ ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികളും, തുടർനടപടികളും വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്ട് 2015 സെക്ഷൻ 3(6) പ്രകാരം സർവ്വകലാശാലയുടെ ആസ്ഥാനം തിരുവനന്തപുരമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 21-12-2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉന്നതവിദ്യാഭ്യാസ മന്ത്രിയുടെയും വകുപ്പ് ഉദ്യോഗസ്ഥരുടെയും സർവ്വകലാശാല അധികാരികളുടെയും യോഗം കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ നിർദ്ദേശിച്ചതനുസരിച്ച് വിളപ്പിൽ ഗ്രാമപഞ്ചായത്തിൽ ലഭ്യമായതും പഞ്ചായത്ത് സമിതി നിർദ്ദേശിച്ചതുമായ 250 ഏക്കർ സ്ഥലം സർവ്വകലാശാല അധികാരികൾ റവന്യൂ അധികാരികളുടെയും പഞ്ചായത്ത് അധികാരികൾക്കൊപ്പവും സന്ദർശിച്ച് സർവ്വകലാശാലയ്ക്ക് ആസ്ഥാനം നിർമ്മിക്കുന്നതിന് അനുയോജ്യമായ 100 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ ഉൾപ്പെട്ട സർവ്വേ നമ്പറുകളുടെ ഫെയർ വാല്യൂ കാട്ടാക്കട തഹസിൽദാറിൽ നിന്ന് സർവ്വകലാശാല ശേഖരിക്കുകയും ഏകദേശം 50 കോടി രൂപ പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായി വരുമെന്ന് കണക്കാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ഇതിലേയ്ക്ക് ആവശ്യമായ 50 കോടി രൂപയിൽ ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കായി വകയിരുത്തിയിട്ടുള്ള 10.33 കോടി രൂപയ്ക്ക് 14-6-2018-ലെ ജി.ഒ.(ആർ.ടി.)നമ്പർ 1174/2018/ഉ.വി.വ., 29-6-2018-ലെ ജി.ഒ.(ആർ.ടി.) നമ്പർ 1295/2018/ഉ.വി.വ. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

## ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിന്റെ സമഗ്ര വികസനം

230(3662) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിന്റെ സമഗ്ര വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലേയ്ക്ക് ഏതെല്ലാം പുതിയ കോഴ്സുകൾ അനുവദിച്ചു;വിശദാംശം നൽകാമോ;

(സി) ഈ സർക്കാർ ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ എത്ര പുതിയ തസ്തികകൾ അനുവദിച്ചു; ഏതെല്ലാം ബ്രാഞ്ചുകൾ ആണ് പുതിയതായി അനുവദിച്ചത്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടി കോളേജിലെ വിവിധ പ്രവർത്തനങ്ങൾക്കായി 2407.286 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വർഷം | വിവിധ റവന്യൂ ശീർഷകത്തിൽനിന്നും അനുവദിച്ച തുക (ലക്ഷത്തിൽ) | നിർമ്മാണ പ്രവർത്തനങ്ങൾക്ക് ക്യാപ്പിറ്റൽ ശീർഷകത്തിൽ നിന്ന് അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1. | 2016-17 | 329.78 | 730 |
| 2. | 2017-18 | 219.95 | 857.053 |
| 3. | 2018-19 | 179.503 | 91 |
| | ആകെ | 729.233 | 1678.053 |

(ബി) ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലേയ്ക്ക് പുതിയ കോഴ്സുകളൊന്നും അനുവദിച്ചിട്ടില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നീ തസ്തികകളിലായി ആകെ 20 തസ്തികകൾ 31-7-2018-ലെ സ.ഉ.(എം.എസ്) 184/2018/ഉ.വി.വ. പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്.

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## പോളിടെക്നിക്കുകളിൽ അദ്ധ്യാപക തസ്തികകൾ

231(3663) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോളിടെക്നിക്കുകളിൽ എ.ഐ.സി.റ്റി.ഇ. മാനദണ്ഡപ്രകാരം ആവശ്യമായ അദ്ധ്യാപകരെ നിയമിക്കുവാൻ സർക്കാർ തീരുമാനിച്ചതിൻ പ്രകാരം 2017-18 സാമ്പത്തിക വർഷം മുതൽ മൂന്നുഘട്ടങ്ങളിലായി തസ്തികകൾ സൃഷ്ടിക്കുവാൻ ഉത്തരവായിരുന്നതിന്മേൽ കൈക്കൊണ്ട നടപടികളും നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ;

(ബി) 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ സൃഷ്ടിച്ച തസ്തികകളുടെ വിശദാംശങ്ങൾ നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) 2017-18, 2018-19, 2019-20 എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളിലായി വിവിധ പോളിടെക്നിക്ക് കോളേജുകളിലെ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് 4-10-2017-ലെ സ.ഉ.(കൈ) നം.261/2017/ഉവിവ പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ടി ഉത്തരവ് പ്രകാരം 2017-18 അദ്ധ്യയന വർഷത്തേയ്ക്ക് ഒന്നാം ഘട്ടമായി ചുവടെ ചേർക്കും പ്രകാരം പുതിയ അധ്യാപക തസ്തികകൾ പോളിടെക്നിക് കോളേജുകളിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

| | സർക്കാർ പോളിടെക്നിക്ക് കോളേജ് | എയ്ഡഡ് പോളിടെക്നിക്ക് കോളേജ് | ആകെ | |
|---|---|---|---|---|
| ലക്ചറർ | 82 | 9 | 91 | |
| അഡ്ജംക്ട് ഫാക്കൽറ്റി | 92 | 15 | 107 | |
| ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ് | 1 | | 1 | |
| ആകെ | 175 | 24 | 199 | |

2017-18 അദ്ധ്യയന വർഷം ഇതിനായി ആധാരമാക്കിയിരുന്ന അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:20 ആയിരുന്നു. ഇത് 2018-19 അദ്ധ്യയന വർഷത്തിൽ 1:25 ആയി എ.ഐ.സി.ടി.ഇ. പരിഷ്കരിച്ചിരുന്നു. അതിന് ആനുപാതികമായി രണ്ടും മൂന്നും ഘട്ടങ്ങൾക്കായി നേരത്തെ പരിഗണിച്ചിരുന്ന പ്രൊപ്പോസൽ 1:25 ആയി പരിഷ്കരിക്കുകയും പുതുക്കിയ അനുപാതം അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ പ്രൊപ്പോസൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലുമാണ്.

## ഐ.എച്ച്.ആർ.ഡി.-ക്ക് കീഴിലുള്ള കോളേജുകളിലെ അദ്ധ്യാപക നിയമനം

232(3664) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഐ.എച്ച്.ആർ.ഡി.-ക്ക് കീഴിലുള്ള കോളേജുകളിലെ അദ്ധ്യാപക നിയമനം പി.എസ്.സി.-ക്ക് വിടുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഐ.എച്ച്.ആർ.ഡി.-യിലെ അദ്ധ്യാപക നിയമനം പി.എസ്.സി. മുഖേന നടത്തണമെന്നാവശ്യപ്പെട്ട് ഐ.എച്ച്.ആർ.ഡി. ഗവേണിംഗ് ബോഡി സർക്കാരിന് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഐ.എച്ച്.ആർ.ഡി-യിലെ നിലവിലുള്ള വിശേഷാൽ ചട്ടങ്ങളിലേയും സ്റ്റാഫ് പാറ്റേണിലേയും അപാകതകൾ പരിഹരിച്ച ശേഷം മാത്രമേ പ്രസ്തുത വിഷയത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളാൻ കഴിയൂ. വിശേഷാൽ ചട്ടങ്ങളിലേയും സ്റ്റാഫ് പാറ്റേണിലേയും അപാകതകൾ പരിഹരിക്കുന്നത് സംബന്ധിച്ച ഫയൽ സർക്കാർ പരിശോധിച്ചുവരുന്നു.

### ഐ.എച്ച്.ആർ.ഡി. ജീവനക്കാരുടെ പ്രശ്നങ്ങൾ

233(3665) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജുകളിൽ അദ്ധ്യാപക തസ്തികകളിൽ ജോലി ചെയ്തുവരുന്ന ഉദ്യോഗസ്ഥർക്ക് നിയമാനുസൃതമായ പ്രൊമോഷനും സമയബന്ധിത ഹയർ ഗ്രേഡും ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഐ.എച്ച്.ആർ.ഡി. ജീവനക്കാർക്ക് ജി.പി.എഫ്., പെൻഷൻ ഇവ സംബന്ധിച്ച നടപടിക്രമങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) ഉണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ എന്നീ തസ്തികകളിലേയ്ക്ക് എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. എന്നാൽ 2011-12 വർഷത്തിൽ എ.ജി.-യുടെ ഓഡിറ്റിൽ എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകർക്ക് Career Advancement Scheme പ്രകാരം സീനിയർ ഗ്രേഡ്/സെലക്ഷൻ ഗ്രേഡ് എന്നിവ നൽകിയതിൽ അപാകതകളുണ്ടെന്ന് കണ്ടെത്തിയിരുന്നു. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ എഞ്ചിനീയറിംഗ് കോളേജുകളിലെ അഡ്മിഷനിൽ വന്ന കുറവ്

കാരണം ഐ.എച്ച്.ആർ.ഡി. ഇപ്പോൾ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. ഇവ രണ്ടും പരിഹരിക്കുന്നമുറയ്ക്ക് അദ്ധ്യാപക ജീവനക്കാർക്ക് അർഹമായ ഗ്രേഡ് പ്രൊമോഷൻ (Career Advancement Scheme) അനുവദിച്ചുനൽകുന്നതാണ്.

(സി) ഐ.എച്ച്.ആർ.ഡി. ജീവനക്കാർക്ക് കോൺട്രിബ്യൂട്ടറി പ്രോവിഡന്റ് ഫണ്ട് (സി.പി.എഫ്.) ആണ് നടപ്പിലാക്കിയിട്ടുള്ളത്.

ഐ.എച്ച്.ആർ.ഡി.-യിൽ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

## കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ നിയമനം

234(3666) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 9-12-2009-ലെ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം നോട്ടിഫിക്കേഷൻ നം. E/2404/09 പ്രകാരം ടിക്കറ്റ് കൗണ്ടർ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചപ്പോൾ നിശ്ചയിച്ചിരുന്ന യോഗ്യതകൾ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ടിക്കറ്റ് കൗണ്ടർ അസിസ്റ്റന്റ് തസ്തികയ്ക്ക് നടത്തിയ എഴുത്ത് പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും മാർക്കിന്റെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഈ തസ്തികയിലെ നിയമനത്തിനുവേണ്ടിയുള്ള ഇന്റർവ്യൂവിന് മുൻപ് സയൻസ് മ്യൂസിയം സ്റ്റാഫ് കമ്മിറ്റി ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നടത്തിയതിന്റെ റിപ്പോർട്ടും അറ്റൻഡൻസ് ഷീറ്റിന്റെ പകർപ്പും ലഭ്യമാക്കാമോ;

(ഡി) നിയമനം ലഭിച്ച ഉദ്യോഗാർത്ഥികൾ സയൻസ് മ്യൂസിയത്തിൽ ഹാജരാക്കിയ കെ.ജി.ടി.ഇ. ടൈപ്പ് റൈറ്റിംഗ്(ഹയർ) സർട്ടിഫിക്കറ്റിന്റെ പകർപ്പും നിയമന ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ ടിക്കറ്റ് കൗണ്ടർ അസിസ്റ്റന്റ് തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ ചുവടെ ചേർക്കുന്നു:

1. Pre-degree/equivalent or SSLC with KGTE Typewriting English (Higher)
2. One year experience in cash counter of Govt./Quasi Govt. firm or co-operative banks or societies.

(ബി) ടിക്കറ്റ് കൗണ്ടർ അസിസ്റ്റന്റ് തസ്തികയ്ക്ക് നടത്തിയ എഴുത്ത് പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും മാർക്കിന്റെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) ഈ തസ്തികയിലെ നിയമനത്തിനുവേണ്ടിയുള്ള ഇന്റർവ്യൂവിന് മുമ്പ് സയൻസ് മ്യൂസിയം സ്റ്റാഫ് കമ്മിറ്റി ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നടത്തിയപ്പോൾ അറ്റൻഡൻസ് മാർക്ക് ചെയ്തിരുന്നില്ല. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി) അനുബന്ധമായി* ചേർത്തിരിക്കുന്നു.

നിയമനം ലഭിച്ച ശ്രീമതി രേണുക മാത്രമെ K.G.T.E(ഹയർ) സർട്ടിഫിക്കറ്റ് ഹാജരാക്കിയിരുന്നുള്ളൂ. എന്നാൽ നിയമനം ലഭിച്ച മറ്റൊരു ഉദ്യോഗാർത്ഥിയായ ശ്രീ. മണികണ്ഠന് പ്രീ-ഡിഗ്രിക്ക് മുകളിൽ വിദ്യാഭ്യാസ യോഗ്യത ഉണ്ടായിരുന്നതിനാൽ K.G.T.E സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടിയിരുന്നില്ല.

## ധനുവച്ചപുരം കോളേജ് ഓഫ് അപ്ലൈഡ് സയൻസിലെ നിയമനം

235(3667) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള ധനുവച്ചപുരം കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ പി. ജി. വിഭാഗം ഉൾപ്പെടെ നോൺ ടീച്ചിംഗ് വിഭാഗത്തിൽ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ജോലി നോക്കിയിരുന്നവരുടെ പേരും തസ്തികയും വിലാസവും ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരെ ആരെയെങ്കിലും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിരിച്ച് വിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പിരിച്ച് വിട്ട ജീവനക്കാരന്റെ പേരും തസ്തികയും വിലാസവും ലഭ്യമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത സ്ഥാപനത്തിൽ നോൺ ടീച്ചിംഗ് തസ്തികയിൽ ആരെയെങ്കിലും പുതിയതായി നിയമിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏത് ഒഴിവിലാണ് നിയമനം നടത്തിയതെന്നും അപ്രകാരം നിയമനം ലഭിച്ച വ്യക്തിയുടെ പേര്, വിലാസം, തസ്തിക, നിയമന ഉത്തരവിന്റെയും ജോയിനിംഗ് റിപ്പോർട്ടിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) വിവരം അനുബന്ധമായി ചേർക്കുന്നു. *

(ബി) മൂന്ന് ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ട്. വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) ഉണ്ട്. അനുവദനീയമായ തസ്തികകളിലാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത്. സ്ഥിര ജീവനക്കാരുടെ അഭാവംമൂലം ചില തസ്തികകളിൽ താൽക്കാലിക ജീവനക്കാരെ ദിവസവേതന/സമയബന്ധിത വേതനാടി സ്ഥാനത്തിൽ ഓരോ അധ്യയന വർഷത്തേയ്ക്കുമായി നിയമിച്ചിട്ടുണ്ട്.

കമ്പ്യൂട്ടർ പ്രോഗ്രാമർ, ലൈബ്രേറിയൻ (ഗ്രേഡ് 4) എന്നീ തസ്തികകളിൽ കൂടിക്കാഴ്ചയുടെ അടിസ്ഥാനത്തിൽ (interview) ഏറ്റവും അനുയോജ്യരായ വ്യക്തികളെ അതത് അധ്യയന വർഷത്തേയ്ക്കായി നിയമിച്ചിട്ടുണ്ട്. ഡാറ്റാ എന്റട്രി ട്രെയിനി തസ്തികയിൽ ആറ് മാസക്കാലയളവിലേയ്ക്കാണ് ജോലി നൽകുന്നത്. കാലാവധി തീരുന്ന മുറയ്ക്ക് പ്രവർത്തി മികവിന്റെ അടിസ്ഥാനത്തിൽ സേവന കാലാവധി നീട്ടി നൽകാറുണ്ട്. ലാസ്റ്റ് ഗ്രേഡ് സർവെന്റ്, പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകളിൽ സ്ഥാപനത്തിന്റെ ദൈനംദിന ആവശ്യങ്ങൾക്കനുസരിച്ച് താൽക്കാലിക ജീവനക്കാരെ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് നിയമിക്കാറുണ്ട്. ഇവരുടെ സേവനം ദിവസവേതനാടിസ്ഥാനത്തിലായതിനാൽ (വൗച്ചർ പേമെന്റ്) ഇവർക്ക് നിയമന ഉത്തരവ് നൽകിയിട്ടില്ല.

ഇപ്പോൾ പ്രസ്തുത സ്ഥാപനത്തിൽ അനദ്ധ്യാപക തസ്തികയിൽ ജോലി നോക്കുന്നവരുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## കുറ്റിപ്പുറം ഗവൺമെന്റ് ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂൾ

236(3668) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം ഗവ. ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളിലെ വിവിധ വിഷയങ്ങൾ സംബന്ധിച്ച് പി.ടി.എ.-യും വെൽഫെയർകമ്മിറ്റികളും സമർപ്പിച്ച നിവേദനങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നിലവിലെ ടെക്നിക്കൽ ഹൈസ്കൂൾ നിലനിർത്തിക്കൊണ്ട് സ്ഥാപനത്തിൽ പുതിയ പോളിടെക്നിക് കോളേജ് അനുവദിക്കണമെന്ന നിവേദനം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിന്റെ അധീനതയിലുള്ള ഭൂമിയിൽനിന്നും കുറ്റിപ്പുറം ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് ഭൂമി ലഭ്യമാക്കണമെന്ന അപേക്ഷ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തണമെന്ന നിവേദനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമായ വിവരം ലഭ്യമാക്കുമോ;

(ഇ) 2977921/2018/എം.എച്ച്.എഡ്യൂ., 2977913/2018/എം.എച്ച്.എഡ്യൂ, 2977791/18/എം.എച്ച്.എഡ്യൂ, 2977211/2018/എം.എച്ച്.എഡ്യൂ, 2981243/18/ എം.എച്ച്.എഡ്യൂ, എന്നീ നമ്പർ നിവേദനങ്ങൾ ഡി.റ്റി.ഇ. യിൽ ലഭിച്ചിട്ടുണ്ടോ; എന്നാണ് ലഭിച്ചത്; പ്രസ്തുത നിവേദനങ്ങളിൽ സ്വീകരിച്ച നടപടികളുടെ നോട്ട് ഫയൽ കോപ്പികൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. കുറ്റിപ്പുറം ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ നിലനിർത്തിക്കൊണ്ട് അവിടെ പുതിയ പോളിടെക്നിക് കൂടി അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിന്റെ അധീനതയിലുള്ള ഭൂമിയിൽ നിന്നും കുറ്റിപ്പുറം ഗവൺമെന്റ് വൊക്കേഷണൽ ഹയൽ സെക്കണ്ടറി സ്കൂളിന് ഭൂമി ലഭ്യമാക്കണമെന്ന അപേക്ഷ പരിശോധിച്ചുവരുന്നു.

(ഡി) കുറ്റിപ്പുറം ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം സ്കൂൾ സൂപ്രണ്ടിന്റെ റിപ്പോർട്ടിനായി അയച്ചുകൊടുത്തിട്ടുണ്ട്.

(ഇ) 2977921/2018/എം.എച്ച്.എഡ്യൂ, 2977791/18/എം.എച്ച്.എഡ്യൂ എന്നീ നിവേദനങ്ങൾ 12/11/2018-നും 2977913/2018/എം.എച്ച്.എഡ്യൂ, 2977211/ 2018/ എം.എച്ച്.എഡ്യൂ, 2981243/2018/എം.എച്ച്.എഡ്യൂ, എന്നീ നമ്പർ നിവേദനങ്ങൾ 14-11-2018-നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ 2977791/18/എം.എച്ച്.എഡ്യൂ എന്ന നിവേദനത്തിന്മേൽ നടപടി സ്വീകരിച്ചുവരുന്നു. മേൽ സൂചിപ്പിച്ചിരിക്കുന്ന ബാക്കിയുള്ള നിവേദനങ്ങളിന്മേൽ സ്വീകരിച്ച നടപടികളുടെ നോട്ട് ഫയൽ കോപ്പികൾ അനുബന്ധമായി ചേർക്കുന്നു. *

### വൈസ് ചാൻസലർമാരുടെ നിയമനങ്ങൾ

237(3669) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. ജി., കുസാറ്റ്, ടെക്നിക്കൽ എന്നീ സർവ്വകലാശാലകളിൽ നിലവിൽ സ്ഥിരം വൈസ് ചാൻസിലർമാർ ഇല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൈസ്-ചാൻസിലർമാരുടെ നിയമനങ്ങൾ നടത്തുന്നതിന് കാലവിളംബം ഉണ്ടാകുന്നതിനുള്ള കാരണം വെളിപ്പെടുത്തുമോ;

(സി) നിയമനങ്ങൾ വൈകുന്നത് സർവ്വകലാശാലകളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുമെന്ന യാഥാർത്ഥ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ വൈസ്-ചാൻസലർമാർ ഇല്ലാത്ത സർവ്വകലാശാലകളിൽ നിയമാനുസൃതമായി വൈസ്-ചാൻസലർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

### പരീക്ഷ മൂല്യനിർണ്ണയ പ്രതിഫലത്തിലെ കേമക്കേടുകൾ

238(3670) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി. വ്യവസ്ഥയനുസരിച്ച് വിവിധ പരീക്ഷകളുടെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരക്കടലാസ്സുകളുടെ മൂല്യനിർണ്ണയം അദ്ധ്യാപകരുടെ ജോലിയുടെ ഭാഗമായിരിക്കെ, മൂല്യനിർണ്ണയത്തിന് സർവ്വകലാശാലകൾ പ്രതിഫലം നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൂല്യ നിർണ്ണയത്തിനായി ചെലവഴിച്ച എത്ര കോടി രൂപ ക്രമവിരുദ്ധമാണെന്ന് ആഡിറ്റ് വിഭാഗം ചൂണ്ടിക്കാട്ടിയിട്ടുണ്ട്;

(സി) ക്രമവിരുദ്ധമായി ചെലവഴിച്ച തുക തിരികെ ഈടാക്കാൻ എന്ത് നടപടി സ്വീകരിച്ചു;

(ഡി) പ്രസ്തുത അദ്ധ്യാപകർക്ക് സർവ്വകലാശാലകൾ തുടർന്നും പ്രതിഫലമോ ഡി.എ. യോ നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മറുപടി നൽകിയിട്ടുണ്ട്.

(ബി)

| സർവ്വകലാശാലയുടെ പേര് | തുക (രൂപ) |
|---|---|
| കേരള സർവ്വകലാശാല | 11,61,13,345 |
| കണ്ണൂർ സർവ്വകലാശാല | 2.36 കോടി |
| കാലിക്കറ്റ് സർവ്വകലാശാല | 2.54 കോടി |
| മഹാത്മാഗാന്ധി സർവ്വകലാശാല | 13.97 കോടി |
| കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല | 8,94,598 |
| ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല | 47,34,269 |
| NUALS | 2,96,970 |

(സി) ഓഡിറ്റ് വിഭാഗം ക്രമവിരുദ്ധമായി നൽകിയിട്ടുണ്ടെന്ന് ചൂണ്ടിക്കാണിച്ചിട്ടുള്ള തുക തിരിച്ച് പിടിക്കുന്നതിനായി സർവ്വകലാശാലകൾ സ്വീകരിച്ചുവരുന്നു. നടപടികൾ വിവിധ ഘട്ടങ്ങളിലാണ്.

(ഡി) യു.ജി.സി. സ്കെയിൽ പ്രകാരം ശമ്പളം വാങ്ങുന്ന അദ്ധ്യാപകർ നിർബന്ധമായും നോക്കേണ്ട ഉത്തരക്കടലാസ്സുകളുടെ എണ്ണം തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം നിഷ്കർഷിച്ചിരിക്കുന്നതിൽ കൂടുതലായി മൂല്യനിർണ്ണയം നടത്തുന്ന ഉത്തരക്കടലാസ്സുകൾക്ക് നിയമാനുസൃതമായ പ്രതിഫലവും ഡി.എ.-യും നൽകുന്നുണ്ട്.

## ഓപ്പൺ സർവ്വകലാശാല

239(3671) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നത് സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ കൗൺസിൽ സമർപ്പിച്ച നിർദ്ദേശങ്ങളിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഓപ്പൺ സർവ്വകലാശാല എന്ന് നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) ഇതിന് സമയപരിധി നിശ്ചയിച്ചിട്ടില്ല.

## പ്രൊഫഷണൽ കോഴ്സുകളുടെ സിലബസ് പരിഷ്കരണം

240(3672) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എഞ്ചിനീയറിംഗ്, മെഡിക്കൽ, ലാ, പാരാമെഡിക്കൽ മേഖലകളിലെ പ്രൊഫഷണൽ കോഴ്സുകളുടെ സിലബസ്സുകൾ കാലോചിതമായി പരിഷ്കരിക്കുന്ന കാര്യം ഗൗരവമായി പരിശോധിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളായ; എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല 2019 അദ്ധ്യയന വർഷം മുതൽ എ.ഐ.സി.ടി.ഇ. മോഡൽ കരിക്കുലത്തിന്റെ അടിസ്ഥാനത്തിൽ സിലബസ് പരിഷ്കരിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള സർവ്വകലാശാലയിൽ ലോ കോഴ്സുകളുടെ സിലബസ് പരിഷ്കരണവുമായി ബന്ധപ്പെട്ട് യു.ജി.സി.-യുടെ നിർദ്ദേശപ്രകാരം സിലബസ് 2019 മുതൽ പരിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ട്.

എം. ജി. സർവ്വകലാശാലയിൽ ത്രിവത്സര, പഞ്ചവത്സര എൽ.എൽ.ബി സിലബസ് പരിഷ്കരിച്ച് 2018 പ്രവേശന ബാച്ച് മുതൽ നടപ്പാക്കിയിട്ടുണ്ട്. ലോ, പി.ജി. കോഴ്സുകളുടെ സിലബസ് പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കാലിക്കറ്റ് സർവ്വകലാശാലയിൽ ഇപ്പോൾ നിലനിൽക്കുന്ന ലാ കോഴ്സുകളുടെ സിലബസുകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതാണ്.

കണ്ണൂർ സർവ്വകലാശാല ബി.എ, എൽ.എൽ.ബി, എൽ.എൽ.എം. എന്നീ കോഴ്സുകളുടെ സിലബസുകൾ സമയബന്ധിതമായി പരിഷ്കരിക്കാറുണ്ട്.

മെഡിക്കൽ, പാരാമെഡിക്കൽ കോഴ്സുകളുടെ സിലബസ് പരിഷ്കരണം സംബന്ധിച്ച നടപടികൾ ടി സ്ഥാപനങ്ങളുടെ ഭരണവകുപ്പായ ആരോഗ്യവകുപ്പിൽ നിന്നാണ് കൈക്കൊള്ളുന്നത്.

### ചാൻസലേഴ്സ് അവാർഡ്

241(3673) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015, 2016, 2017 വർഷങ്ങളിൽ ചാൻസലേഴ്സ് അവാർഡിന് അർഹത നേടിയ സർവ്വകലാശാലകൾക്ക് ലഭ്യമായ 5 കോടി രൂപ വിനിയോഗിച്ചിട്ടുണ്ടോ; എങ്കിൽ എന്താവശ്യത്തിനാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) വ്യത്യസ്ത സ്വഭാവമുള്ള സർവ്വകലാശാലകളെ ഓരോ വർഷവും അവാർഡിനായി വിലയിരുത്തുന്നതിന്റെ മാനദണ്ഡങ്ങൾ വിശദീകരിക്കുമോ;

(സി) ഇതിന് പകരം വിവിധ സർവ്വകലാശാലകളുടെ 4 വർഷത്തെ പ്രവർത്തനം വിലയിരുത്തി ചാൻസലേഴ്സ് അവാർഡിനർഹതയുള്ള സർവ്വകലാശാലകളെ കണ്ടെത്തുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചാൻസലേഴ്സ് അവാർഡ് 2015, 2016, 2017 വർഷങ്ങളിൽ കരസ്ഥമാക്കിയത് യഥാക്രമം കേരള, മഹാത്മാഗാന്ധി, കൊച്ചിൻ സർവ്വകാശാലകളായിരുന്നു. കേരള സർവ്വകലാശാലയ്ക്ക് ലഭിച്ച അവാർഡ് തുക കാര്യവട്ടം ക്യാമ്പസിലെ "ചാൻസലേഴ്സ് അക്കാദമിക മൾട്ടിപ്ലക്സ്-"ന്റെ നിർമ്മാണത്തിനായി വിനിയോഗിച്ചുവരുന്നു.

മഹാത്മാ ഗാന്ധി സർവ്വകലാശാലയ്ക്ക് ലഭിച്ച തുക "International Academia Convention Centre" -ന്റെ നിർമ്മാണത്തിനായി വിനിയോഗിച്ചു.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് ലഭിച്ച തുകയിൽ 2 കോടി 50 ലക്ഷം രൂപ "Chancellor's Chair" ന് നീക്കിവച്ച് പ്രവർത്തനം ആരംഭിച്ചു. 50 ലക്ഷം രൂപ "Youth Faculty & Young Researchers Award" നായും 2 കോടി രൂപ ഗേൾസ് ഹോസ്റ്റൽ സമുച്ചയം നിർമ്മിക്കുന്നതിനായും വിനിയോഗിച്ചുവരുന്നു.

(ബി) " Academic" ," Teaching and Pedagogy Methods" , " Student Profile and Achievement" ," Academic Governance" ," Other Achievements" എന്നീ 5 വിഭാഗങ്ങളായി തിരിച്ചിട്ടുള്ള 47 മാനദണ്ഡങ്ങൾക്ക് പുറമെ ഈ വർഷം Social Inclusiveness of Universities, Utilization of previous years chancellor's Award Fund എന്നീ മാനദണ്ഡങ്ങൾ കൂടി പരിഗണിച്ചാണ് അവാർഡ് നിശ്ചയിച്ചത്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**സർവ്വകലാശാലകളിലെ പരീക്ഷ സമ്പ്രദായം**

242(3674) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിലെ പരീക്ഷ സമ്പ്രദായം പരിഷ്കരിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കോഴ്സ് ആരംഭിക്കുന്ന സമയത്തുതന്നെ മുൻകൂട്ടി പരീക്ഷ തീയതി നിശ്ചയിക്കുന്നതിനും സമയബന്ധിതമായി പരീക്ഷ നടത്തി റിസൾട്ട് പ്രഖ്യാപിക്കുന്നതിനും നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ & ബി) സർവ്വകലാശാലാ പരീക്ഷകൾ യഥാസമയം നടക്കുന്നുവെന്നും റിസൾട്ട് സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നുവെന്നും ഉറപ്പാക്കുന്നതിന് ഒരു പൊതു അക്കാദമിക കലണ്ടർ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ കൗൺസിൽ നേതൃത്വം നൽകിവരുന്നു. ഇതിനായി, സർവ്വകലാശാലകളിലെ പ്രോ-വൈസ്-ചാൻസലർമാരെ അംഗങ്ങളാക്കിക്കൊണ്ട് ഒരു പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രവേശനം, പരീക്ഷ നടത്തിപ്പ്, ഫലപ്രഖ്യാപനം എന്നീ കാര്യങ്ങളിലൊക്കെ എല്ലാ സർവ്വകാശാലകൾക്കും ബാധകമായ പൊതു കലണ്ടർ രൂപീകരിക്കുകയാണ് ഉദ്ദേശ്യം.

ഏകീകൃത അക്കാദമിക് പരീക്ഷാ കലണ്ടർ നിലവിൽവരുന്നതോടെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് കാതലായ മാറ്റങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**സർവ്വകലാശാലകളുടെ അക്കാദമിക നിലവാരം**

243(3675) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിനും അക്കാദമിക രംഗത്തെ പുരോഗതിക്കുമായി ഈ സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി ഏതെല്ലാം മേഖലകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം ലഭ്യമാക്കുമോ;

(സി) സർവ്വകലാശാലകൾ പുതിയ കോഴ്സുകൾ തുടങ്ങുന്നതുവഴി എത്രപേർക്ക് തൊഴിലവസരങ്ങൾ നൽകാൻ കഴിയും എന്ന് പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സർവ്വകലാശാലകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി റൂസ ധനസഹായത്തോടെ നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പൂർത്തിയായിവരുന്നു. ഇതിൽ സയൻസ് വകുപ്പുകളിൽ ആധുനിക ലബോറട്ടറി ഉപകരണങ്ങൾ സ്ഥാപിക്കുക, എല്ലാ വകുപ്പുകളിലും ലൈബ്രറി പുസ്തകങ്ങൾ വാങ്ങുക, സൗജന്യ വൈഫൈ ആധുനിക ഇ-ക്ലാസ്സ് മുറികൾ എന്നിങ്ങനെയുള്ള പദ്ധതികൾ ഉൾപ്പെടുന്നു. കൂടാതെ MOOC Course നടപ്പിലാക്കുകയും Institution

Innovation Council രൂപീകരിക്കുകയും Research Council പുനഃക്രമീകരിക്കുകയും Internal Quality Assurance Cell-ന്റെ ആഭിമുഖ്യത്തിൽ Performance Audit നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. Examination Reform ശില്പശാല നടത്തുകയും സർവ്വകലാശാലകളുടെ നിലവാരം ഉയർത്തുന്നതിനായി സിലബസ് പരിഷ്കരണം, ഇന്റർഫേസ് പ്രോഗ്രാമുകൾ, ക്യാമ്പസ് റിക്രൂട്ട്മെന്റ് മുതലായവയും നടത്തിവരുന്നു. ഇന്റർ-യൂണിവേഴ്സിറ്റി സെന്ററുകളുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിനുവേണ്ടി വലിയ തോതിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. വിവിധ സെന്ററുകളുടെ കീഴിൽ സെമിനാറുകൾ, ട്രെയിനിംഗ് പ്രോഗ്രാമുകൾ എന്നിവയും നടത്താറുണ്ട്. കൂടാതെ NAAC അംഗീകാരമില്ലാത്ത കോളേജുകളിൽ നാക് അക്രഡിറ്റേഷനുവേണ്ടിയുള്ള അക്കാദമിക പ്രവർത്തനങ്ങളും നടന്നുവരുന്നു. സർവ്വകലാശാലകളുടെ അടിസ്ഥാന സൗകര്യ വികസനം, നൂതന സാങ്കേതികവിദ്യയുടെ ഉപയോഗം, അക്കാദമിക മികവ്, ഭരണപരമായ ആധുനികവൽക്കരണം, ഗവേഷണരംഗത്തെ നേട്ടങ്ങൾ, എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു.

(ബി) ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായുള്ള സർവ്വകലാശാലകളിൽ വിവിധ തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തിവരുന്നു. വർദ്ധിച്ച തൊഴിലവസരം പരിഗണിച്ച് പുതുതായി ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ബിരുദം തുടങ്ങുവാനും തൊഴിൽ നൈപുണ്യത്തിന് ഊന്നൽനൽകിക്കൊണ്ട് പഠനം പകുതി വഴിയിൽ ഉപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്കായി തൊഴിലധിഷ്ഠിത ഡിപ്ലോമ, അഡ്വാൻസ്ഡ് ഡിപ്ലോമ എന്നീ കോഴ്സുകൾ തുടങ്ങുന്ന കാര്യം പരിഗണനയിലാണ്.

(സി) ഇല്ല.

## കേരള സർവ്വകലാശാല വിദ്യാർത്ഥികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി

244(3676) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിൽ 2008 മുതൽ നിലവിലുണ്ടായിരുന്ന വിദ്യാർത്ഥികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നിർത്തലാക്കി പുതുക്കിയ പദ്ധതി 2016 മുതൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പദ്ധതി പുതുക്കിനിശ്ചയിക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(സി) നിലവിലുണ്ടായിരുന്ന പോളിസിയനുസരിച്ച് ഒരു വിദ്യാർത്ഥി പ്രതിവർഷം പ്രീമിയമായി അടയ്ക്കേണ്ടിയിരുന്ന തുക വ്യക്തമാക്കുമോ ;

(ഡി) പുതുക്കിയ സ്കീം പ്രകാരം എത്ര രൂപയാണ് അടയ്ക്കേണ്ടതെന്നും ഈ ഇനത്തിൽ കഴിഞ്ഞ വർഷങ്ങളിൽ എത്ര രൂപ പിരിഞ്ഞുകിട്ടിയെന്നും വിശദമാക്കുമോ;

(ഇ) ഏത് കമ്പനിയെയാണ് പോളിസി നടപ്പാക്കാൻ ഏൽപിച്ചത്;

(എഫ്) കഴിഞ്ഞ രണ്ടുവർഷങ്ങളിലായി പോളിസിയുടെ പ്രയോജനം ലഭ്യമായ കുട്ടികളുടെ എണ്ണവും ആനുകൂല്യമായി ലഭ്യമായ തുകയും വ്യക്തമാക്കുമോ;

(ജി) കമ്പനിയുമായി സർവ്വകലാശാല എഗ്രിമെന്റ് ഒപ്പുവച്ചിരുന്നുവോ; ഇല്ലെങ്കിൽ ഗുരുതരമായ വീഴ്ചയ്ക്ക് ആരാണ് ഉത്തരവാദിയെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 2008 മുതൽ നിലവിലുണ്ടായിരുന്ന SGPAIS എന്ന പദ്ധതിക്ക് പകരം കൊണ്ടുവന്ന MAIPS ഒരു വർഷം മാത്രമാണ് നടപ്പാക്കിയത് (2017).

(ബി) 2016-17-ലെ ബഡ്ജറ്റ് അവതരണത്തിലൂടെ രോഗ ചികിത്സയ്ക്ക് 50,000 രൂപയും അപകടമരണത്തിന് 3 ലക്ഷം രൂപയും നൽകുന്ന പദ്ധതി നടപ്പിലാക്കാനുള്ള നിർദ്ദേശമനുസരിച്ച് 3 പൊതുമേഖല കമ്പനികളുടെ ക്വട്ടേഷൻ ലഭിച്ചതിൽ നിന്ന് ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയെ പോളിസി നടപ്പാക്കാൻ ഏൽപ്പിച്ചിട്ടുണ്ട്.

(സി) നിലവിലുണ്ടായിരുന്ന പോളിസി (SGPAIS) അനുസരിച്ച് 25 രൂപയാണ് പ്രതിവർഷ പ്രീമിയം.

(ഡി) പുതുക്കിയ സ്കീം (MAIPS) പ്രകാരം പ്രീമിയം തുക 240 രൂപയാണ്. ഈ ഇനത്തിൽ കഴിഞ്ഞ വർഷം (2017), 86,79,120 രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

(ഇ) ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയെയാണ് പോളിസി നടപ്പാക്കാൻ ഏൽപ്പിച്ചത്.

(എഫ്) കുട്ടികൾക്ക് ലഭിക്കേണ്ട ഇൻഷ്വറൻസ് പരിരക്ഷയ്ക്കുള്ള അപേക്ഷ നേരിട്ട് ഇൻഷ്വറൻസ് കമ്പനിക്കാണ് നൽകുന്നത്. ആയതിനാൽ വിവരങ്ങൾ സർവ്വകലാശാലയിൽ ലഭ്യമല്ല.

(ജി) ഇല്ല. 16-11-2018-ൽ നടന്ന സിൻഡിക്കേറ്റ് ഇക്കാര്യത്തിൽ ഉത്തരവാദിയായവർക്ക് 'ഷോകോസ്' നൽകാൻ വൈസ്-ചാൻസലറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## കേരള സർവ്വകലാശാലയിലെ സ്വാശ്രയ സ്ഥാപനങ്ങളുടെ ഡയറക്ടർ തസ്തിക

245(3677) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാല ചട്ടമനുസരിച്ച് അഫിലിയേറ്റഡ് കോളേജുകളിൽ വൈസ്-പ്രിൻസിപ്പൽ തസ്തിക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തസ്തികകൾക്ക് സർവ്വകലാശാല അംഗീകാരം നൽകുന്നുണ്ടോ;

(ബി) കേരള സർവ്വകലാശാല പുതുതായി സൃഷ്ടിച്ച സ്വാശ്രയ സ്ഥാപനങ്ങളുടെ (ഡി.ഒ.എം.ടി.ഇ.സി.) ഡയറക്ടർ തസ്തികയിൽ വൈസ് പ്രിൻസിപ്പൽമാരിൽനിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നടപടി ചട്ടവിരുദ്ധമല്ലേ എന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത തസ്തിക സ്ഥിരപ്പെടുത്താൻ സർവ്വകലാശാല നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) കരാറടിസ്ഥാനത്തിൽ പ്രസ്തുത തസ്തികയ്ക്ക് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള അറിയിപ്പ് ഏതൊക്കെ പത്ര മാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നു; വിശദമാക്കുമോ;

(ഇ) എത്ര അപേക്ഷകൾ ലഭിച്ചിരുന്നു; ആരെയാണ് പ്രസ്തുത തസ്തികയിൽ നിയമിച്ചിരുന്നത്;

(എഫ്) ഇന്റർവ്യൂ നടത്തിയ ബോർഡിന്റെ ചെയർമാൻ ആരായിരുന്നു; വിശദമാക്കുമോ?

ഉത്തരം

(എ) അനുവദിച്ചിട്ടില്ല.

(ബി & സി) ഇല്ല.

(ഡി) കരാർ അടിസ്ഥാനത്തിലുള്ള തസ്തികയിലേയ്ക്കുള്ള നിയമനമായതിനാൽ സർവ്വകലാശാല പത്രക്കുറിപ്പാണ് നൽകിയിട്ടുള്ളത്.

(ഇ) 7. ഒന്നാം റാങ്ക് ലഭിച്ച ഡോ. ജൂബിലി നവപ്രഭയെ നിയമിച്ചിരുന്നു.

(എഫ്) എ.എ. റഹിം, കൺവീനർ, സ്റ്റാന്റിംഗ് കമ്മിറ്റി ഓൺ സ്റ്റാഫ്, എക്യുപ്മെന്റ് ആൻഡ് ബിൽഡിംഗ്.

## കേരള സർവ്വകലാശാലയിലെ നിയമനങ്ങൾ

246(3678) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിലെ അസിസ്റ്റന്റ് മുതൽ ജോയിന്റ് രജിസ്ട്രാർ വരെയുള്ള ആകെ തസ്തികകളുടെ എണ്ണവും നിലവിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളുടെ എണ്ണവും 30-11-2018 അടിസ്ഥാനമാക്കിയുള്ള വിശദവിവരം നൽകുമോ;

(ബി) സർവ്വകലാശാലയിൽ സെക്ഷൻ ഓഫീസർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകിയപ്പോൾ ഒഴിവുണ്ടായ അസിസ്റ്റന്റ് തസ്തികകളിൽ പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം നടത്താത്തതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അസിസ്റ്റന്റ് തസ്തികകളിൽ ഇപ്പോൾ ജോലി ചെയ്യുന്നവരെ നിയമിച്ചതെപ്രകാരമാണെന്നുള്ളതിന്റെ വിശദവിവരം നൽകുമോ?

### ഉത്തരം

(എ) കേരള സർവ്വകലാശാലയിലെ അസിസ്റ്റന്റ് മുതൽ ജോയിന്റ് രജിസ്ട്രാർ വരെയുള്ള തസ്തികകളുടെ 30-11-2018-ലെ വിശദവിവരം ചുവടെ ചേർക്കുന്നു:

| തസ്തിക | അനുവദിക്കപ്പെട്ട എണ്ണം | ഒഴിവ് |
|---|---|---|
| ജോയിന്റ് രജിസ്ട്രാർ | 7 | ഇല്ല |
| ഡെപ്യൂട്ടി രജിസ്ട്രാർ | 20 | ഇല്ല |
| അസിസ്റ്റന്റ് രജിസ്ട്രാർ | 54 | ഇല്ല |
| സെക്ഷൻ ഓഫീസർ | 271 | 9 |
| അസിസ്റ്റന്റ് | 783 | 54 |

(ബി) ഇല്ല; പ്രസ്തുത സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നതിനാൽ, സർവ്വകലാശാലാ സ്റ്റാന്റിംഗ് കൗൺസിലിന്റെ നിർദ്ദേശമനുസരിച്ച് ടി ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് നിയമനം നടത്തിയിരിക്കുന്നത് പി.എസ്.സി. മുഖേനയാണ്.

## കേരള സർവ്വകലാശാലയുടെ ഭൂമിയിലുള്ള ഗ്രീൻഫീൽഡ് സ്റ്റേഡിയം

247(3679) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാര്യവട്ടത്തെ ഗ്രീൻഫീൽഡ് സ്റ്റേഡിയം നിർമ്മിക്കുന്നതിന് കേരള സർവ്വകലാശാലയുടെ എത്ര ഏക്കർ ഭൂമിയാണ് നൽകിയിട്ടുള്ളതെന്നറിയിക്കാമോ;

(ബി) എത്ര വർഷത്തെ പാട്ടത്തിനാണ് നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന് ഭൂമി വിട്ടുകൊടുത്തത്;

(സി) ഓരോ വർഷാവസാനവും പാട്ടത്തുക അടയ്ക്കാമെന്ന വ്യവസ്ഥ ഉണ്ടോ;

(ഡി) ഇതുവരെ എത്ര രൂപ പാട്ടത്തുകയായി അടച്ചു ; പാട്ടത്തുകയിൽ എത്ര രൂപ കുടിശ്ശികയുണ്ട്;

(ഇ) ഏത് വർഷംവരെയാണ് പാട്ടത്തുക അടച്ചിട്ടുള്ളത്; കുടിശ്ശിക ഈടാക്കുന്നതിന് സർവ്വകലാശാലയുടെ ഭാഗത്തുനിന്നും കാലവിളംബം ഉണ്ടാകുന്നുണ്ടോ;

(എഫ്) സ്റ്റേഡിയവും അനുബന്ധ കെട്ടിടങ്ങളും ഗെയിംസ് ആവശ്യങ്ങൾക്കല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് വാടകയ്ക്ക് നൽകുന്നത് സർവ്വകലാശാലയുടെ അറിവോടുകൂടിയാണോ; വിശദമാക്കുമോ ?

ഉത്തരം

(എ) 37 ഏക്കർ.

(ബി) 15 വർഷം.

(സി) ഉണ്ട്.

(ഡി) പാട്ടത്തുകയായി ഇതുവരെ 2,93,80,520 രൂപ അടച്ചിട്ടുണ്ട്. പാട്ടത്തുകയിൽ കുടിശ്ശിക ഇനത്തിൽ 8,63,03,150 രൂപ ബാക്കിയുണ്ട്.

(ഇ) 2014-15 കാലയളവ് വരെയാണ് പാട്ടത്തുക അടച്ചിട്ടുള്ളത്. കുടിശ്ശിക അടയ്ക്കുന്നതുമായി ബന്ധപ്പെട്ട് നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് (NGS)-ന് നിരവധി തവണ കത്തുകളും നോട്ടീസുകളും അയച്ചിരുന്നു. എന്നാൽ കുടിശ്ശിക ഒടുക്കിയിട്ടില്ല.

(എഫ്) സ്റ്റേഡിയവും അനുബന്ധ കെട്ടിടങ്ങളും മറ്റ് ആവശ്യങ്ങൾക്ക് വാടകയ്ക്ക് നൽകുന്നതിന് വ്യവസ്ഥയുണ്ട്.

## കേരള സർവ്വകലാശാലയിലെ പരീക്ഷാ നടത്തിപ്പ്

248(3680) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിലെ പരീക്ഷാനടത്തിപ്പിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) സർവ്വകലാശാലകളിൽ അദ്ധ്യാപകർ യഥാസമയം ക്ലാസ്സുകൾ എടുക്കാത്തതുമൂലം വിദ്യാർത്ഥികളുടെ നിലവാരം മറ്റ് സംസ്ഥാനങ്ങളിലെ സർവ്വകലാശാലാ വിദ്യാർത്ഥികളേക്കാൾ കുറഞ്ഞുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും ഇല്ലെങ്കിൽ ആയത് പരിശോധിക്കുന്നതിന് ഒരു സമിതിയെ ചുമതലപ്പെടുത്തുമോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പരീക്ഷാ കലണ്ടർ പ്രകാരം പരീക്ഷകൾ സമയബന്ധിതമായി നടത്താനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കേരള യൂണിവേഴ്സിറ്റിക്ക് പ്ലാൻ ഫണ്ടിൽ വകയിരുത്തിയ തുക

249(3681) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റിക്കായി എത്ര തുകയായിരുന്നു 2018-19 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിരുന്നത്; എന്തൊക്കെ പ്രവർത്തനങ്ങൾക്കാണ് ഈ തുക വകയിരുത്തിയിരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ നാളിതുവരെ എത്ര കോടി രൂപയാണ് ചെലവഴിച്ചിരിക്കുന്നത്; ഏതൊക്കെ പദ്ധതികൾക്കാണ് ഈ തുക ചെലവഴിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കേരള സർവ്വകലാശാലയ്ക്ക് 2018-19 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതമായി 27 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. 2018-19 സാമ്പത്തിക വർഷത്തിൽ 118.36 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുക എന്തൊക്കെ പ്രവർത്തനങ്ങൾക്കാണ് വകയിരുത്തിയിരിക്കുന്നതെന്നും എന്തൊക്കെ പദ്ധതികൾക്കാണ് ചെലവഴിച്ചിരിക്കുന്നതെന്നുമുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## കാലിക്കറ്റ് സർവ്വകലാശാലയിൽ സായിയുടെ ഫുട്ബോൾ അക്കാഡമി

250(3682) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയിൽ സായി സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്ന ഫുട്ബോൾ അക്കാഡമി യാഥാർത്ഥ്യമാക്കാൻ സർവ്വകലാശാല സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വിശദീകരിക്കാമോ;

(ബി) ഫുട്ബോൾ അക്കാഡമി സംബന്ധിച്ച് സർവ്വകലാശാല സിൻഡിക്കേറ്റിന്റെ തീരുമാനങ്ങൾ എന്തെല്ലാം; അക്കാഡമി നടപ്പിലാക്കുന്നത് സംബന്ധിച്ച് മുൻസിൻഡിക്കേറ്റ് തീരുമാനത്തിന്റെ പകർപ്പും നിലവിലെ സിൻഡിക്കേറ്റ് തീരുമാനത്തിന്റെ പകർപ്പും ലഭ്യമാക്കാമോ;

(സി) കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് ഫുട്ബോൾ അക്കാദമി സംബന്ധിച്ച് സായി അവസാനമായി നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഏതെല്ലാം ആവശ്യങ്ങൾക്കായാണ് 2000 മുതൽ 2018 നവംബർ വരെ സർവ്വകലാശാലയുടെ ഭൂമി വിട്ടുനൽകിയതെന്ന വിശദ വിവരം ലഭ്യമാക്കുമോ; സർവ്വകലാശാലയുടെ സ്ഥലം വിട്ടുതരണമെന്ന് ആവശ്യപ്പെട്ട് 2016 മുതൽ ലഭിച്ച അപേക്ഷകൾ ഏതെല്ലാം എന്നും അതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ;

(ഇ) സർവ്വകാലാശാല ആസ്ഥാനത്തെ ചുറ്റി കടന്ന് പോകുന്ന റിംഗ് റോഡ് ഗതാഗതയോഗ്യമാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എഫ്) ചേലേമ്പ്ര ഗ്രാമ പഞ്ചായത്തിലെ പൈങ്ങോട്ടൂർ ജനവാസ കേന്ദ്രത്തിലേയ്ക്ക് സർവ്വകലാശാലയുടെ സ്ഥലത്തുനിന്നും മഴ വെള്ളം ഒലിച്ചിറങ്ങുന്നത് പരിഹരിക്കണമെന്നാവശ്യപ്പെട്ട് സർവ്വകലാശാലയ്ക്ക് നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ&ബി) കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്യാമ്പസിൽ സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിൽ നാഷണൽ ഫുട്ബോൾ അക്കാദമി സ്ഥാപിക്കുന്നതിനായി സായി സമർപ്പിച്ച പ്രൊപ്പോസലും ധാരണാപത്രവും യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് പരിഗണിക്കുകയും നിയമോപദേശത്തിനായി ധാരണാപത്രത്തിന്റെ കരട് യൂണിവേഴ്സിറ്റിയുടെ സ്റ്റാന്റിംഗ് കൗൺസിലിന് കൈമാറുകയും ചെയ്തു. 13-4-2018-ൽ സായി അധികൃതരുമായി യൂണിവേഴ്സിറ്റി നടത്തിയ യോഗത്തിലെ തീരുമാനത്തിനനുസൃതമായി, കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കീഴിൽ സായിയുടെ സഹകരണത്തോടുകൂടി ഒരു ലോകോത്തര ഫുട്ബോൾ ഗവേഷണ പരിശീലന കേന്ദ്രം സ്ഥാപിക്കുവാൻ 21-7-2018-ന് ചേർന്ന യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു. എന്നാൽ നാളിതുവരെ പുതിയ പ്രൊപ്പോസൽ സായിയിൽനിന്നും ലഭിച്ചിട്ടില്ല. സിൻഡിക്കേറ്റ് തീരുമാനത്തിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു *.

(ഡി) 2000 മുതൽ 2018 നവംബർ വരെ സർവ്വകലാശാലയുടെ ഭൂമി വിട്ട് നൽകിയത് സംബന്ധിച്ച വിശദ വിവരവും സർവ്വകലാശാലയുടെ സ്ഥലം വിട്ടുതരണമെന്ന് ആവശ്യപ്പെട്ട് 2016 മുതൽ ലഭിച്ച അപേക്ഷകൾ, അതിന്മേൽ സ്വീകരിച്ച നടപടികൾ എന്നിവയുടെ വിവരങ്ങളും അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഇ) പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) ലഭിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് യോഗം പരിഗണിക്കുകയും ഈ വിഷയത്തിൽ പരിഹാരം കാണുന്നതിനാവശ്യമായ സാധ്യതാപഠനത്തിനായി CWRDM/ജിയോളജി വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തു. ടി വകുപ്പ് പ്രശ്നപരിഹാരത്തിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## എം.ജി. സർവ്വകലാശാലയിലെ സയന്റിസ്റ്റ്-കം-അനലിസ്റ്റ് നിയമനം

251(3683) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി. സർവ്വകലാശാലയിൽ പ്രവർത്തിക്കുന്ന ഐ.ഐ.ആർ.ബി.എസ്. എന്ന സ്ഥാപനത്തിൽ സയന്റിസ്റ്റ് കം അനലിസ്റ്റ് എന്ന തസ്തികയിൽ ഈ വർഷം പുതിയതായി ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത തസ്തികയുടെ നിയമന രീതി വിശദമാക്കാമോ;

(സി) പ്രസ്തുത തസ്തികയിൽ നിയമിക്കപ്പെട്ട വ്യക്തിയുടെ പേരും വിവരവും നിയമന ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത നിയമനം ലഭിച്ച ഉദ്യോഗസ്ഥൻ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലുള്ള ആരുടെയെങ്കിലും ബന്ധുവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) നിയമിച്ചിട്ടുണ്ട്. ശ്രീ. സുനിൽകുമാർ പി.എൻ., അരുണോദയം ഹെറിറ്റേജ് ബി-103, കിടങ്ങൂർ, അങ്കമാലി എന്നയാളെയാണ് നിയമിച്ചിരിക്കുന്നത്.

(ബി) നിലവിൽ താൽക്കാലിക അടിസ്ഥാനത്തിലാണ് ടിയാനെ നിയമിച്ചിരിക്കുന്നത്. തുടർന്ന് മൂന്ന് മാസത്തിനുള്ളിൽ ആവശ്യമായ യോഗ്യതയും പ്രവൃത്തി പരിചയവും നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ച് കരാറടിസ്ഥാനത്തിൽ എൻ.എം.ആർ. സയന്റിസ്റ്റ്-കം-അനലിസ്റ്റിന്റെ താൽക്കാലിക തസ്തികയിലേയ്ക്ക് ഒരാളെ നിയമിക്കുന്നതിനും കരാർ കാലാവധി മൂന്ന് വർഷമായ് നിജപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ച് ആവശ്യമായ യോഗ്യതയും പ്രവൃത്തിപരിചയവും നിശ്ചയിച്ചിട്ടുണ്ട്. തുടർ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സർവ്വകലാശാല എടുത്തുവരികയാണ്.

(സി) പ്രസ്തുത തസ്തികയിൽ നിയമിക്കപ്പെട്ട വ്യക്തിയുടെ പേരും വിവരവും ഉൾപ്പെടുന്ന നിയമന ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു *.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കണ്ണൂർ യൂണിവേഴ്സിറ്റി

252(3684) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ യൂണിവേഴ്സിറ്റിക്കായി 2018-19 പ്ലാൻ ഫണ്ടിൽ വകയിരുത്തിയിരുന്ന തുകയും എന്തൊക്കെ പ്രവർത്തനങ്ങൾക്കാണ് പ്രസ്തുത തുകയെന്നും വിശദമാക്കാമോ ;

(ബി) നാളിതുവരെ എത്ര കോടി രൂപ ചെലവഴിച്ചുവെന്നും ഏതൊക്കെ പദ്ധതികൾക്കാണ് തുക ചെലവഴിച്ചിരിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) കണ്ണൂർ യൂണിവേഴ്സിറ്റിക്കായി 2018-19 പ്ലാൻ ഫണ്ടിൽ 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 9.83 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു *.

## പെഡഗോഗിക്കൽ സയൻസിൽ അസിസ്റ്റന്റ് പ്രൊഫസറുടെ നിയമനം

253(3685) ശ്രീ. വി. ടി.ബൽറാം:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസിൽ അസിസ്റ്റന്റ് പ്രൊഫസറായുള്ള തലശ്ശേരി എം.എൽ.എ.-യുടെ ഭാര്യയുടെ നിയമനം കേരള ഹൈക്കോടതി റദ്ദാക്കിയിരുന്നോ;

(ബി) ഒന്നാം റാങ്കുകാരിയെ തഴഞ്ഞാണ് എം.എൽ.എ.-യുടെ ഭാര്യയ്ക്ക് നിയമനം നൽകിയതെന്ന് കോടതി കണ്ടെത്തിയിരുന്നോ;

(സി) എം.എൽ.എ.-യുടെ ഭാര്യക്ക് ചട്ടങ്ങളും നിയമങ്ങളും പാലിക്കാതെ നൽകിയ നിയമനം സ്വജനപക്ഷപാതമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത നിയമനം നിയമവിരുദ്ധമാണെന്ന് ഹൈക്കോടതി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യത്തിൽ കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നറിയിക്കാമോ?

ഉത്തരം

(എ) റദ്ദാക്കിയിരുന്നു.

(ബി) ഒന്നാം റാങ്കുകാരിയെ തഴഞ്ഞാണ് നിയമനം നൽകിയതെന്ന് കോടതി വിലയിരുത്തിയിട്ടില്ല. സയൻസ് എഡ്യൂക്കേഷനിൽ ഒരു പോസ്റ്റ് മാത്രമേയുള്ളൂ എന്ന കാരണത്താൽ സിംഗിൾ പോസ്റ്റിൽ റിസർവേഷൻ ബാധകമല്ല എന്ന നിയമം പാലിക്കണമെന്നുള്ളതുകൊണ്ട് ഒന്നാം റാങ്കുകാരിയെ നിയമിക്കാൻ ഉത്തരവ് നൽകുകയാണുണ്ടായത്.

(സി) ആക്ഷേപം ശ്രദ്ധയിൽപ്പെടുകയും ഇതുസംബന്ധിച്ച് സർവ്വകലാശാല പത്രക്കുറിപ്പ് ഇറക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ മറ്റെല്ലാ പഠന വകുപ്പുകളിലും ഇതുവരെയും നിലവിൽ ചെയ്തുവരുന്ന രീതിയിൽ ഒരു തവണ ഓപ്പൺ മെറിറ്റിൽ നിയമനം നൽകിയാൽ അടുത്ത തവണ റിസർവേഷൻ വിഭാഗത്തിൽനിന്ന് നിയമനം നൽകുന്ന രീതിയിൽ തന്നെയാണ് എം.എൽ.എ.-യുടെ ഭാര്യയ്ക്കും നിയമനം നൽകിയത്.

(ഡി) പ്രസ്തുത നിയമനം നിയമവിരുദ്ധമാണെന്ന് ഹൈക്കോടതി കണ്ടെത്തിയിട്ടില്ല. ഒരു പോസ്റ്റിൽ മാത്രം നിയമനം നൽകുമ്പോൾ അത് സിംഗിൾ പോസ്റ്റായി മാത്രമെ കരുതുവാൻ സാധിക്കുകയുള്ളൂ എന്നും അത്തരം നിയമനങ്ങളിൽ റിസർവേഷൻ സാധ്യമല്ല എന്നുള്ളത് ചൂണ്ടിക്കാണിച്ച് ഒന്നാം റാങ്കുകാരിക്ക് നിയമനം നൽകുന്നതിനും ഭാവിയിലുള്ള നിയമനങ്ങൾ വകുപ്പ് തിരിച്ച് നടത്തണമെന്നുമാണ് കോടതി നിർദ്ദേശിച്ചിട്ടുള്ളത്.

## സർവ്വകലാശാലകളിലെ ഉന്നത തസ്തികളിലെ നിയമനം

254(3686) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിലെ രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫൈനാൻസ് ഓഫീസർ എന്നീ അനദ്ധ്യാപക തസ്തികകളിൽ പി.എസ്.സി. വഴിയുള്ള നിയമനത്തിന് പകരം സർവ്വകലാശാലകൾക്ക് നേരിട്ട് നിയമനം നടത്താൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ അത് സർക്കാർ അംഗീകരിച്ച സർവ്വകലാശാലാ നിയമങ്ങളുടെ ലംഘനമല്ലേ എന്ന് വിശദമാക്കുമോ;

(സി) കുസാറ്റ്, എം.ജി. സർവ്വകലാശാലകൾ പ്രസ്തുത തസ്തികകളിൽ നേരിട്ട് നിയമനം നടത്താൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) സർവ്വകലാശാലകളിലെ രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫൈനാൻസ് ഓഫീസർ എന്നീ അനദ്ധ്യാപക തസ്തികകളിലെ നിയമനം പി.എസ്.സി. വഴിയല്ല നടത്തുന്നത്. സർവ്വകലാശാലകൾ ആവശ്യപ്പെടുന്നമുറയ്ക്ക് പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സർക്കാർ അനുമതി നൽകാറുണ്ട്.

(സി) സർവ്വകലാശാലകളിലെ നിലവിലുള്ള സ്റ്റാറ്റ്യൂട്ടിന്റെ അടിസ്ഥാനത്തിൽ കുസാറ്റിൽ ഫൈനാൻസ് ഓഫീസർ, എം. ജി. സർവ്വകലാശാലയിൽ രജിസ്ട്രാർ, പരീക്ഷ കൺട്രോളർ എന്നീ തസ്തികകളിൽ നിയമനം നടത്താൻ വിജ്ഞാപനം പുറപ്പെടുവിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനം നിയമാനുസൃതമായതിനാൽ സർക്കാർ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടതില്ല.

## സർവ്വകലാശാലകളിലെ അദ്ധ്യാപക തസ്തികകളിൽ നിയമനം

255(3687) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിൽ ഒഴിവുള്ള അദ്ധ്യാപക തസ്തികകളിൽ സ്ഥിരം നിയമനം നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വിശദമാക്കാമോ;

(ബി) കേരളത്തിലെ സർവ്വകലാശാലകളെ ദേശീയ റാങ്കിംഗിൽ പത്തിനകം ഉള്ള റാങ്കുകളിലേയ്ക്ക് ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒഴിവുള്ള അദ്ധ്യാപക തസ്തികകളിൽ സ്ഥിരം നിയമനം നടത്തുന്നതിന് അതത് സർവ്വകലാശാലകൾ വിജ്ഞാപനം പുറപ്പെടുവിക്കുകയും മാനദണ്ഡങ്ങൾ

പാലിച്ച് നിയമനം നടത്തുകയുമാണ് ചെയ്തുവരുന്നത്. എന്നാൽ യു.ജി.സി.-യുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് മാത്രമെ ഇത് സാധ്യമാകുകയുള്ളൂ.

(ബി) സർവ്വകലാശാലകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി റൂസ ധനസഹായത്തോടെ നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പൂർത്തിയായിവരുന്നു. ഇതിൽ സയൻസ് വകുപ്പുകളിൽ ആധുനിക ലബോറട്ടറി ഉപകരണങ്ങൾ സ്ഥാപിക്കുക, എല്ലാ വകുപ്പുകളിലും ലൈബ്രറി പുസ്തകങ്ങൾ വാങ്ങുക, സൗജന്യ വൈഫൈ. ആധുനിക ഇ-ക്ലാസ് മുറികൾ എന്നിങ്ങനെയുള്ള പദ്ധതികൾ ഉൾപ്പെടുന്നു. കൂടാതെ MOOC Course നടപ്പിലാക്കുകയും Institution Innovation Council രൂപീകരിക്കുകയും റിസർച്ച് കൗൺസിൽ പുനഃക്രമീകരിക്കുകയും Internal Quality Assurance Cell -ന്റെ ആഭിമുഖ്യത്തിൽ പെർഫോമെൻസ് ആഡിറ്റ് നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. Examination Reform ശില്പശാല നടത്തുകയും സർവ്വകലാശാലകളുടെ നിലവാരം ഉയർത്തുന്നതിനായി സിലബസ് പരിഷ്കരണം, ഇന്റർഫേസ് പ്രോഗ്രാമുകൾ, ക്യാമ്പസ് റിക്രൂട്ട്മെന്റ് മുതലായവയും നടത്തിവരുന്നു. വിവിധ സെന്ററുകളുടെ കീഴിൽ സെമിനാറുകൾ, ട്രെയിനിംഗ് പ്രോഗ്രാമുകൾ എന്നിവയും നടത്താറുണ്ട്. കൂടാതെ NAAC അംഗീകാരമില്ലാത്ത കോളേജുകളിൽ നാക് അക്രഡിറ്റേഷനുവേണ്ടിയുള്ള അക്കാദമിക പ്രവർത്തനങ്ങളും നടന്നുവരുന്നു. സർവ്വകലാശാലകളുടെ അടിസ്ഥാന സൗകര്യ വികസനം, നൂതന സാങ്കേതികവിദ്യയുടെ ഉപയോഗം, അക്കാദമിക മികവ്, ഭരണപരമായ ആധുനികവൽക്കരണം, ഗവേഷണരംഗത്തെ നേട്ടങ്ങൾ, എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളിലൂടെ ദേശീയ റാങ്കിംഗിൽ പത്തിനകമുള്ള സ്ഥാനത്തേയ്ക്ക് വരുംവർഷങ്ങളിൽ ഉയരാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനങ്ങൾ

256(3688) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി മുഖേനയാക്കിയെങ്കിലും സ്പെഷ്യൽ റൂൾ തയ്യാറാകാത്തതിനാൽ സർവ്വകലാശാലകളിലെ നിരവധി തസ്തികകളിൽ നിയമനം നടക്കാതെ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിൽ എത്ര തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായുള്ള വിവിധ സർവ്വകലാശാലകളിലായി 78 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന്റെ ഭാഗമായി അനദ്ധ്യാപക തസ്തികകളിലെ നിയമനത്തിനായുള്ള പ്രത്യേക ചട്ടത്തിനുള്ള കരട് തയ്യാറാക്കുന്നതിന് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**സർവ്വകലാശാലകളിലെ അസിസ്റ്റന്റ് തസ്തിക**

257(3689) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർവ്വകലാശാലകളിൽ അസിസ്റ്റന്റ് തസ്തികയുടെ കേഡർ സ്ട്രെംഗ്ത്, നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണം, ഒഴിവുകളുടെ എണ്ണം എന്നിവ സർവ്വകലാശാല തിരിച്ച് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത തസ്തികകളിൽ നേരിട്ടുള്ള നിയമനമല്ലാതെ മറ്റുതരത്തിൽ ജോലിചെയ്യുന്നവരുടെ എണ്ണം (ദിവസവേതനം/ഡെപ്യൂട്ടേഷൻ) സർവ്വകലാശാല തിരിച്ച് ലഭ്യമാക്കാമോ; ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിചെയ്യുന്നവരുടെ പേര്, മാതൃ സ്ഥാപനം എന്നിവ ലഭ്യമാക്കാമോ;

(സി) കേരളത്തിലെ സർവ്വകലാശാലകളിലെ അസിസ്റ്റന്റ് തസ്തികയുടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലുള്ള കാലതാമസം ഒഴിവാക്കാനുള്ള സർക്കാർ ഇടപെടൽ വിശദമാക്കാമോ?

ഉത്തരം

(എ) കേരളത്തിലെ സർവ്വകലാശാലകളിൽ അസിസ്റ്റന്റ് തസ്തികയുടെ കേഡർ സ്ട്രെംഗ്ത്, നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണം, ഒഴിവുകളുടെ എണ്ണം എന്നിവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു *.

(ബി) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായിട്ടുള്ള സർവ്വകലാശാലകളിലെ അസിസ്റ്റന്റുമാരുടെ കേഡർ തസ്തികയിൽ ദിവസവേതനം/ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ ആരും ജോലി ചെയ്യുന്നില്ല.

(സി) സർവ്വകലാശാലകളിലെ അസിസ്റ്റന്റിന്റെ ഒഴിവുകൾ പൂർണ്ണമായും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് സർവ്വകലാശാലകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള

258(3690) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരളയ്ക്ക് കാസർഗോഡ് ജില്ലയിൽ എത്ര ഏക്കർ ഭൂമിയാണ് സംസ്ഥാന സർക്കാർ നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ സർവ്വകലാശാലയുടെ കീഴിൽ ജില്ലയിൽ ഒരു മെഡിക്കൽ കോളേജ് അനുവദിക്കണമെന്ന ആവശ്യം ഇതുവരെ പരിഗണിക്കപ്പെട്ടിട്ടില്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ വിഷയം ബന്ധപ്പെട്ട യൂണിവേഴ്സിറ്റി അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും യാഥാർത്ഥ്യമാക്കുന്നതിനുംവേണ്ടി യുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരളയ്ക്ക് 16-2-2011-ലെ ജി.ഒ. (എം.എസ്) നം.77/2011/ആർഡി പ്രകാരം കാസർഗോഡ് ജില്ലയിൽ പെരിയ വില്ലേജിൽ 310 ഏക്കർ ഭൂമിയാണ് സംസ്ഥാന സർക്കാർ നൽകിയിട്ടുള്ളത്.

(ബി&സി) ഇല്ല.

## യൂണിവേഴ്സിറ്റി ഓഫ് ഏഷ്യ, നേപ്പാൾ എന്ന സ്ഥാപനത്തിന്റെ കോഴ്സുകൾ

259(3691) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റി ഓഫ് ഏഷ്യ, നേപ്പാൾ എന്ന സ്ഥാപനത്തിന്റെ കോഴ്സുകൾ കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റികൾ അംഗീകരിച്ചിട്ടുണ്ടോ;

(ബി) യൂണിവേഴ്സിറ്റി ഓഫ് ഏഷ്യ, നേപ്പാൾ എന്ന സ്ഥാപനവുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഡോക്ടർ എസ്.രാധാകൃഷ്ണൻ റിസർച്ച് & ഡെവലപ്മെന്റ് സെന്റർ, ബാംഗ്ലൂർ കേരളത്തിലെ സ്കൂളുകളിലെയും കോളേജുകളിലെയും അദ്ധ്യാപകർക്കും മറ്റ് വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും ഹോണററി ഡോക്ടറേറ്റ് (D.Litt.) നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) യൂണിവേഴ്സിറ്റി ഓഫ് ഏഷ്യ, നേപ്പാൾ എന്ന സ്ഥാപനത്തിന്റെ D.Litt. കേരളത്തിലെ യൂണിവേഴ്സിറ്റികൾ അംഗീകരിച്ചതാണോ; പ്രസ്തുത സ്ഥാപനത്തിന്റെ D.Litt. നേടിയ സംസ്ഥാനത്തെ അദ്ധ്യാപകർ ആയത് ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയത് തടയാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) യൂണിവേഴ്സിറ്റി ഓഫ് ഏഷ്യ, നേപ്പാൾ എന്ന സ്ഥാപനത്തിന്റെ D.Litt. കേരളത്തിലെ യൂണിവേഴ്സിറ്റികൾ അംഗീകരിച്ചിട്ടില്ല; ശ്രദ്ധയിൽപ്പെട്ടിട്ടില്ല;

(ഡി) ബാധകമല്ല.

**കീം എൻട്രൻസ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ**

260(3692) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കീം (കെ.ഇ.എ.എം.) എൻട്രൻസ് പരീക്ഷ എഴുതുന്നതിന് അപേക്ഷയോടൊപ്പം ജാതി, വരുമാനം, നേറ്റിവിറ്റി, നോൺ ക്രിമിലയർ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കേണ്ടിവരുന്നതുമൂലം കുട്ടികൾക്കും രക്ഷിതാക്കൾക്കും ഉണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റവന്യൂ വകുപ്പുമന്ത്രി, എൻട്രൻസ് കമ്മീഷണർ, സർവ്വീസ് സംഘടനകൾ തുടങ്ങിയവരുടെ യോഗത്തിൽ ജാതി, നേറ്റിവിറ്റി എന്നിവയ്ക്ക് സ്കൂൾ രേഖകളും വരുമാനത്തിന് രക്ഷിതാവിന്റെ അഫിഡവിറ്റും അപേക്ഷ സമയത്ത് നൽകിയാൽ മതിയെന്നും റാങ്ക് ലിസ്റ്റ് വന്നതിനുശേഷം ബന്ധപ്പെട്ട വില്ലേജ് ഓഫീസിൽ നിന്നുള്ള സർട്ടിഫിക്കറ്റുകൾ നിശ്ചിത സമയത്തിനകം ഹാജരാക്കിയാൽ മതിയെന്നും തീരുമാനമുണ്ടായിരുന്നുവോ;

(സി) ഇക്കാര്യം പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തി വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും പ്രയാസം ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) പി.എസ്.സി.-ക്ക് പോലും റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ മാത്രമാണ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതെന്നിരിക്കെ എൻട്രൻസ് പരീക്ഷയ്ക്ക് മാത്രം ഇത്തരത്തിൽ നിർദ്ദേശിക്കുന്നത് കാരണം ഉണ്ടാവുന്ന പ്രയാസങ്ങൾ പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) തീരുമാനമുണ്ടായിരുന്നു. പ്രസ്തുത തീരുമാനം കീം പ്രോസ്പെക്ടസിൽ ഉൾപ്പെടുത്താൻ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഇത് നടപ്പാക്കാൻ ചില പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടെന്ന് പ്രവേശന പരീക്ഷ കമ്മീഷണർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ഡി) പരിശോധിച്ചിട്ടുണ്ട്.

**പ്രവേശന പരീക്ഷ കമ്മീഷണർ ഇറക്കുന്ന വിജ്ഞാപനത്തിലെ അപാകതകൾ**

261(3693) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പരീക്ഷകളുമായി ബന്ധപ്പെട്ട പ്രവേശന പരീക്ഷ കമ്മീഷണറുടെ കാര്യാലയത്തിൽനിന്ന് വ്യക്തമായ റിപ്പോർട്ട് സർക്കാരിന് നൽകി അതിൻമേൽ സർക്കാർ ഉത്തരവ് ഇറക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കമ്മീഷണർ ഇറക്കുന്ന വിജ്ഞാപനങ്ങൾ വ്യക്തമല്ലെന്ന കാര്യം പരിശോധിക്കുമോ;

(സി) ഫീസ് റഗുലേറ്ററി കമ്മിറ്റി, സർക്കാർ വകുപ്പ്, പ്രവേശന കമ്മീഷണർ എന്നിവരുടെ ഓഫീസുകളിൽനിന്നും ഒരേ വിഷയത്തിൽ അവ്യക്തമായ പല ഉത്തരവുകളും ഇറങ്ങുന്ന കാര്യം പരിശോധിക്കാമോ; ഒരു വിഷയം സംബന്ധിച്ച വ്യക്തമായ ഉത്തരവ് സർക്കാരിൽനിന്നുമാത്രം പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) എൻ.ആർ.ഐ. വിഭാഗത്തിലുള്ള അപേക്ഷയിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ വ്യക്തമാക്കുമോ ; അപേക്ഷകനെ സ്പോൺസർ ചെയ്യുന്ന ആൾ ഏതെങ്കിലും രാജ്യങ്ങളിൽ ഒരു നിശ്ചിത സമയത്തിലധികം താമസിച്ച എന്ന സർട്ടിഫിക്കറ്റ് എമ്പസിയിൽനിന്നും ലഭിക്കുന്നത് ഹാജരാക്കുന്നതിന് പുറമെ, ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ സർട്ടിഫിക്കറ്റ് എംബസി അറ്റസ്റ്റ് ചെയ്യണം എന്ന വ്യവസ്ഥ പല അപേക്ഷകർക്കും ഹാജരാക്കുവാൻ കഴിയുന്നില്ലെന്ന കാര്യം പരിശോധിക്കുമോ;

(ഇ) ചില രാജ്യങ്ങളിലെ എംബസികൾ ഇത്തരത്തിലുള്ള എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് അറ്റസ്റ്റ് ചെയ്യുന്നില്ലെന്ന കാര്യം പരിശോധിക്കുമോ ; ഇത്തരത്തിൽ പരാതികൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(എഫ്) എൻ.ആർ.ഐ. അപേക്ഷകർക്കുള്ള സർക്കാർ ഉത്തരവ് വ്യക്തമായി പരിശോധിച്ച ശേഷം പുനഃപ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ജി) എൻ.ആർ.ഐ. മെഡിക്കൽ അപേക്ഷയുമായി ബന്ധപ്പെട്ട ഏത് സർക്കാർ ഉത്തരവാണ് നിലവിൽ അടിസ്ഥാനമാക്കുന്നത്; ഈ ഉത്തരവിൽ അവ്യക്തതയുള്ള കാര്യം എൻട്രൻസ് കമ്മീഷണർ സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; ഉത്തരവിലെ അവ്യക്തയുടെ അടിസ്ഥാനത്തിൽ സർക്കാർ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും എന്ത് നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ; ഉത്തരവിലെ എന്തെല്ലാം അവ്യക്തതകളാണ് കമ്മീഷണർ സർക്കാരിനെ അറിയിച്ചത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) സർക്കാർ ഉത്തരവുകളുടേയും സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസിന്റേയും അടിസ്ഥാനത്തിലാണ് പ്രവേശന പരീക്ഷ സംബന്ധിച്ച നടപടികൾ കമ്മീഷണറുടെ കാര്യാലയത്തിൽ സ്വീകരിച്ചുവരുന്നത്.

(ഡി & ഇ) എൻ.ആർ.ഐ. ക്വാട്ടയിലേയ്ക്കുള്ള അപേക്ഷകൾ സമർപ്പിക്കേണ്ട രേഖകളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

1) സ്പോൺസറും വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധം തെളിയിക്കുന്ന റവന്യൂ അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് (ബന്ധം വിശദമാക്കിയിരിക്കണം) സ്പോൺസർ അച്ഛൻ/അമ്മ ആണെങ്കിൽ അപേക്ഷകന്റെയും സ്പോൺസറുടെയും പേരുകൾ ഉൾപ്പെടുന്ന വിദ്യാഭ്യാസ രേഖകൾ മതിയാകും.

2) തൊഴിൽ ദാതാവ് നൽകിയതും എംബസി സാക്ഷ്യപ്പെടുത്തിയതുമായ ഓവർസീസ് എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തൊഴിൽ സംബന്ധിച്ച് എംബസി അഥവാ കോൺസുലേറ്റ് പാസ്പോർട്ടിൽ സാക്ഷ്യപ്പെടുത്തിയിരിക്കണം. എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റിന് പകരം സ്പോൺസർ ഒരു എൻ.ആർ.ഐ./ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ(OCI)/ഗ്രീൻകാർഡ് ഹോൾഡറാണെന്ന് സാക്ഷ്യപ്പെടുത്തി എംബസി അഥവാ കോൺസുലേറ്റ് നൽകുന്ന സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതാണ്.

3) വിസ സ്റ്റാമ്പ് ചെയ്തതും എംബസി സാക്ഷ്യപ്പെടുത്തിയതുമായ സ്പോൺസറുടെ പാസ്പോർട്ടിന്റെ പകർപ്പ്.

4) വിദ്യാർത്ഥിയെ സ്പോൺസർ ചെയ്യുന്നതായുള്ള സ്പോൺസറുടെ സമ്മതപത്രം.

5) സ്പോൺസർ ഒരു ഇന്ത്യൻ പൗരൻ/ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ (OCI)പേഴ്സൺ ഓഫ് ഇന്ത്യൻ ഒറിജിൻ എന്ന് തെളിയിക്കുന്ന രേഖ. അറ്റസ്റ്റ് ചെയ്തുകിട്ടുന്നത് സംബന്ധിച്ച് പരാതി ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(എഫ്) സർക്കാർ ഉത്തരവിൽ അവ്യക്തതയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) 6-8-2014-ലെ സ.ഉ.(കൈ) നമ്പർ 243/2014/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവാണ് എൻ.ആർ.ഐ. മെഡിക്കൽ അപേക്ഷയുമായി ബന്ധപ്പെട്ടിട്ടുള്ളത്. പ്രസ്തുത ഉത്തരവിൽ അവ്യക്തതയുള്ളതായി എൻട്രൻസ് കമ്മീഷണർ സർക്കാരിനെ അറിയിച്ചിട്ടില്ല.

**വഖഫ് ബോർഡ് അംഗങ്ങളുടെ നിയമനം**

262(3694) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള വഖഫ് ബോർഡ് രൂപീകരിച്ചപ്പോൾ സെക്ഷൻ 14(C) പ്രകാരം സുന്നി വിഭാഗത്തിൽനിന്നും ഷിയാ വിഭാഗത്തിൽനിന്നും അംഗീകൃത പണ്ഡിതന്മാർ വേണം എന്ന വ്യവസ്ഥ പാലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അപ്രകാരം ബോർഡ് അംഗങ്ങളായ പണ്ഡിതന്മാർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) വഖഫ് ബോർഡ് വെൽഫെയർ ഫണ്ടിന് അർഹരായ ഇസ്ലാമിക പണ്ഡിതൻമാർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) വഖഫ് ബോർഡ് മെമ്പർമാരുടെ യോഗ്യത സംബന്ധിച്ച് ഏതെങ്കിലും കോടതി ഉത്തരവുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 1995-ലെ വഖഫ് ആക്ട് 14(C) പ്രകാരം പണ്ഡിതന്മാർ വേണമെന്ന് വ്യവസ്ഥയില്ല.

(ബി) MFB, MFF, MFD, AFSAL, UL-ULAMA, SAQAFI, FAIZY, HUDAVI തുടങ്ങിയ ഇസ്ലാമിക വിഷയങ്ങളിൽ ബിരുദമുള്ളവർ.

(സി) ഉണ്ട്. കേരള സ്റ്റേറ്റ് വഖഫ് ബോർഡിൽ ചെയർമാനെയും മെമ്പർമാരെയും നിയമിച്ചതിൽ അപാകതയുണ്ടെന്ന് ആരോപിച്ചുകൊണ്ട് ശ്രീ. സി. പി. അബ്ദുള്ളക്കുട്ടി സർക്കാരിൽ സമർപ്പിച്ചിട്ടുള്ള പരാതിയുമായി ബന്ധപ്പെട്ടുള്ള 27-3-2018-ലെ WP(C) No.8887/18 കേസ്സിലെ വിധിന്യായ പ്രകാരം പ്രസ്തുത പരാതി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടർ ഡോ. എ. ബി. മൊയ്തീൻകുട്ടിയെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച്, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 27-3-2018-ലെ പ്രസ്തുത വിധിന്യായം നടപ്പിലാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പരാതിക്കാരൻ ടി വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ വീണ്ടും ഫയൽ ചെയ്ത 5-10-2018-ലെ WP(C) No.31212/2018 കേസ്സിലെ വിധിന്യായത്തിൽ, പ്രസ്തുത വിധിന്യായം കിട്ടി മൂന്ന് മാസത്തിനുള്ളിൽ ടി വിഷയം തീർപ്പാക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളതും ആയത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് അന്വേഷണ ഉദ്യോഗസ്ഥന് അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുവാൻ രണ്ടുമാസത്തെ സമയപരിധി നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്.

**വഖഫ് ബോർഡിന്റെ പ്രവർത്തനങ്ങൾ**

263(3695) <u>ശ്രീ. വി. അബ്ദുറഹിമാൻ</u>:
<u>ശ്രീ. പി. വി. അൻവർ</u>:
<u>ശ്രീ. കാരാട്ട് റസാഖ്</u>:
<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വഖഫ് ബോർഡിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് വഖഫ് ബോർഡിന്റെ പ്രവർത്തനങ്ങൾ മികച്ചതാണെന്ന്, വഖഫ് പ്രോപ്പർട്ടി ലീസിംഗ് നിയമം പഠനവിധേയമാക്കുന്നതിനായി കേന്ദ്രസർക്കാർ നിയോഗിച്ച ജസ്റ്റിസ് സഖിയുള്ള ഖാൻ അഭിപ്രായപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ വഖഫ് സ്വത്തുക്കൾ സംരക്ഷിക്കുന്നതിനും അതിൽ നിന്നുള്ള വരുമാനം കാര്യക്ഷമമായി വിനിയോഗിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്.

(സി) വഖഫ് സ്വത്ത് വികസന പദ്ധതിയുടെ ഭാഗമായി കേന്ദ്ര വഖഫ് കൗൺസിൽ വഴി നൽകുന്ന വായ്പ, കേരളത്തിലെ വഖഫ് സ്ഥാപനങ്ങൾക്ക് ഷോപ്പിംഗ് കോംപ്ലക്സ്, ഓഡിറ്റോറിയം ഹോസ്പിറ്റൽ, ക്വാർട്ടേഴ്സ് മുതലായവ നിർമ്മിക്കുന്നതിന് ശിപാർശ ചെയ്തുവരുന്നു. വഖഫ് നിയമം വകുപ്പ് 51, 54 പ്രകാരം അന്യാധീനപ്പെട്ടതും കയ്യേറ്റങ്ങൾക്ക് വിധേയവുമായ വഖഫ് സ്വത്തുക്കൾ തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ വഖഫ് ട്രൈബ്യൂണൽ മുഖേനയും ഹൈക്കോടതി മുഖേനയും നടന്നുവരുന്നു.

## ബഹുമുഖ വികസന പദ്ധതി

264(3696) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ബഹുമുഖ വികസന പദ്ധതിയിൽ (എം.എസ്.ഡി.പി.) ഉൾപ്പെട്ട ജില്ലകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) എത്രകാലമായി പ്രസ്തുത ജില്ലകൾ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ഓരോ ജില്ലയിലും നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) ബഹുമുഖ വികസന പദ്ധതിയെ പുനർനാമകരണം ചെയ്തിട്ടുണ്ടോ എന്നും എങ്കിൽ ഏത് പേരിലാണ് ഇപ്പോൾ അറിയപ്പെടുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) പുനർ നാമകരണം ചെയ്ത പദ്ധതിയുടെ നടത്തിപ്പിന് ജില്ലാതല കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ എന്നും കമ്മിറ്റിയംഗങ്ങളെ തെരഞ്ഞെടുക്കാൻ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ഇ) ഓരോ ജില്ലയിലും നിയോഗിക്കപ്പെട്ട കമ്മിറ്റിയംഗങ്ങളുടെ പേര് വിവരവും അവരുടെ ഉദ്യോഗപ്പേരുകളും വ്യക്തമാക്കാമോ?

ഉത്തരം

(എ) വയനാട്, മലപ്പുറം ജില്ലകൾ.

(ബി) 11, 12 പഞ്ചവത്സരപദ്ധതി കാലയളവിൽ വിദ്യാഭ്യാസ-ആരോഗ്യ-കുടിവെള്ള മേഖലകളിലാണ് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നത്.

(സി) ബഹുമുഖ വികസന പദ്ധതിയെ പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം (PMJVK) എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്.

(ഡി) ജില്ലാതല കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം പുറപ്പെടുവിച്ച പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം (PMJVK)-ന്റെ മാർഗ്ഗനിർദ്ദേശത്തിലെ മാനദണ്ഡങ്ങളാണ് കമ്മിറ്റിയംഗങ്ങളെ തെരഞ്ഞെടുക്കാൻ സ്വീകരിച്ചത്.

(ഇ) അനുബന്ധമായി* ചേർത്തിട്ടുണ്ട്.

## ആംഗ്ലോ ഇന്ത്യൻ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ

265(*T3697) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആംഗ്ലോ ഇന്ത്യൻ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 24-01-2017-ൽ ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി നേരിടുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ ;

(ബി) പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ആംഗ്ലോ ഇന്ത്യൻ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 24-1-2017-ൽ നടന്ന യോഗ തീരുമാനങ്ങളിൽ ഐറ്റം നമ്പർ 1,2 പ്രകാരം പിന്നാക്ക വിഭാഗ കമ്മീഷൻ പരിശോധിച്ചുവരുന്നു. ഇക്കാര്യങ്ങളിൽ നടപടി സ്വീകരിക്കുന്നതിന് കേരളത്തിലെ ജാതി/സമുദായങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ സർവ്വേ റിപ്പോർട്ടും സർക്കാർ, സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ എന്നിവയിൽ ജാതികൾക്കുള്ള പ്രാതിനിധ്യത്തെക്കുറിച്ചുള്ള വിവരങ്ങളും അത്യന്താപേക്ഷിതമാണ്.

3-ാമത്തെ ഐറ്റത്തിൽ പറയുന്ന സ്കൂൾ അപ്ഗ്രഡേഷൻ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അധ്യായം V ചട്ടം 2,2 എ-യിൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച് വിദ്യാഭ്യാസ ആവശ്യകതയുള്ള പ്രദേശങ്ങൾ കണ്ടെത്തി തുടർ നടപടികൾ കൈകൊണ്ട് മാത്രമെ ചെയ്യാൻ സാധിക്കുകയുള്ളൂ. നടപടിക്രമങ്ങൾ പാലിക്കാതെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് നിലവിൽ അനുമതി നൽകാൻ നിർവ്വാഹമില്ല.

4-ാമത്തെ ഇനമായ എം.എൽ.എ. ഫണ്ട് വിനിയോഗം, പൊതുഭരണ വകുപ്പിന്റെ പരിശോധനയിലാണ്. 5, 6 ഇനങ്ങളിൽ ആംഗ്ലോ ഇന്ത്യൻ സാംസ്കാരിക നിലയം പണിയുന്ന ആവശ്യത്തിലേയ്ക്കായി എറണാകുളം ജില്ലയിൽ 25 സെന്റിൽ കുറയാത്ത റവന്യൂ ഭൂമി കണ്ടെത്തി വിവരം സർക്കാരിൽ അറിയിക്കാൻ കൊല്ലം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

കൊല്ലം ജില്ലയിലെ തങ്കശ്ശേരി പ്രദേശത്തെ സംരക്ഷണം സംബന്ധിച്ച വിഷയത്തിൽ പുരാവസ്തു വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. മാളയിലെ യഹൂദ സ്മാരകങ്ങൾ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 24-1-2017-ലെ മിനിട്ട്സ് അനുബന്ധമായി ചേർക്കുന്നു* .

## ന്യൂനപക്ഷ ക്ഷേമത്തിനായി പദ്ധതികൾ

266(3698) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിവരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ എത്ര തുക വീതമാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ; നാളിതുവരെ ഈ ഇനത്തിൽ ചെലവഴിച്ച തുക വർഷം തിരിച്ച് ലഭ്യമാക്കാമോ;

(സി) ന്യൂനപക്ഷ ക്ഷേമവകുപ്പ്, ന്യൂനപക്ഷ ക്ഷേമ കോർപ്പറേഷൻ എന്നിവ വഴി എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ)

1. സി.എ/ഐ.സി.ഡബ്ല്യു.എ/സി.എസ്. എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്.
2. വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവനനിർമ്മാണ/പുനരുദ്ധാരണ പദ്ധതി.
3. ഹൈസ്കൂൾ, ഹയർ സെക്കൻഡറി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള രണ്ട് ദിവസത്തെ സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം.
4. സ്വകാര്യ ഐ.റ്റി.ഐ./ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് ഫീ-റീഇംബേഴ്സ്മെന്റ് സ്കീം.
5. എസ്.എസ്.എൽ.സി./പ്ലസ്ടു/വി.എച്ച്.എസ്.ഇ./ബിരുദ/ ബിരുദാനന്തര ബിരുദ തലങ്ങളിൽ ഉന്നത വിജയം നേടിയ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

6. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി.

7. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീഇംബേഴ്സ് ചെയ്തു നൽകുന്ന പദ്ധതി.

8. ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ+ നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.

9. സി. എച്ച്. മുഹമ്മദ് കോയ ഗേൾസ് സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ്.

10. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി.

11. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്ക് സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും വിവാഹ ധന സഹായപദ്ധതി.

12. എസ്.എസ്.എൽ.സി./പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ + നേടിയ മദ്രസ്സാദ്ധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി.

13. കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം (PMJVK) പത്തനംതിട്ട, തൃശ്ശൂർ ജില്ലകൾ ഒഴികെയുള്ള 12 ജില്ലകളിൽ നടപ്പിലാക്കിവരുന്നു.

14. മദ്രസ്സാക്ഷേമനിധി അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്ക് ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന അനുവദിക്കുന്ന ഭവന വായ്പാ പദ്ധതി.

15. മദ്രസ്സ ക്ഷേമനിധിയിൽ അംഗങ്ങളായ വനിതകൾക്ക് പ്രസവാനുകൂല്യം.

16. നഴ്സിങ് ഡിപ്ലോമ/പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി.

17. സർക്കാർ/എയ്ഡഡ് പോളിടെക്നിക്കുകളിൽ മൂന്നുവർഷ ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി.

18. ന്യൂനപക്ഷ യുവജനതയ്ക്കായുള്ള വിവാഹപൂർവ്വ കൗൺസിലിങ് പദ്ധതി.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു* .

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) (എ) പിരിവിൽ ചേർത്തിരിക്കുന്ന പദ്ധതികളെല്ലാം ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു * .

**ജനറൽ മാനേജർ തസ്തികയിലേയ്ക്കുള്ള വിദ്യാഭ്യാസ യോഗ്യത**

267(3699) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ജനറൽ മാനേജർ തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി അപേക്ഷ സമർപ്പിച്ചിരുന്ന കെ.ടി. അദീബ് എന്നയാൾ പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട ഇന്റർ വ്യൂവിൽ പങ്കെടുത്തിരുന്നോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ പിന്നീട് രണ്ടുവർഷത്തിനുശേഷം അദ്ദേഹത്തെ പ്രസ്തുത തസ്തികയിൽ നിയമിക്കുവാനുണ്ടായ പ്രത്യേക സാഹചര്യമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; അദ്ദേഹത്തിന്റെ നിയമനവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) മന്ത്രിസഭ നേരത്തെ അംഗീകരിച്ചിരുന്ന പ്രസ്തുത തസ്തികയിലേയ്ക്കുള്ള വിദ്യാഭ്യാസ യോഗ്യത പിന്നീട് മന്ത്രിതലത്തിൽ മാറ്റി നിശ്ചയിക്കുകയുണ്ടായോ ;

(ഡി) കെ. ടി. അദീബ് അപേക്ഷയോടൊപ്പം തന്റെ പി.ജി.ഡി.ബി.എ. യുടെ തുല്യതാ സർട്ടിഫിക്കറ്റ് നൽകിയിരുന്നോ; പ്രസ്തുത കോഴ്സ് കേരളത്തിലെ ഒരു സർവ്വകലാശാലയും അംഗീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പൊതുമേഖലാ സ്ഥാപനത്തിലെ ഉന്നതതല നിയമനത്തിന് ദേശീയ അംഗീകാരമുള്ള വിദഗ്ദ്ധ സമിതിയുടെ ശിപാർശ ആവശ്യമാണോ; എങ്കിൽ കെ.ടി. അദീബിന്റെ നിയമനത്തിൽ പ്രസ്തുത ചട്ടം പാലിക്കുകയുണ്ടായോ;

(എഫ്) മാതൃസ്ഥാപനമായ സൗത്ത് ഇൻഡ്യൻ ബാങ്കിൽനിന്നും രാജിവച്ച ശേഷമാണോ അദ്ദേഹത്തിന് ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ നിയമനം നൽകിയതെന്നും അല്ലെങ്കിൽ മറ്റേത് വ്യവസ്ഥയിലാണ് നിയമനം നൽകിയതെന്നും വ്യക്തമാക്കുമോ ;

(ജി) അംഗീകാരമില്ലാത്ത വിദ്യാഭ്യാസ യോഗ്യത വച്ച് അദ്ദേഹം നേടിയെടുത്ത ജോലിക്ക് അംഗീകാരം നൽകാനാകുമോ; ഇല്ലെങ്കിൽ അദ്ദേഹം പ്രസ്തുത ജോലിയിൽ ഇരിക്കെ കോർപ്പറേഷനിൽ നിന്ന് കൈപ്പറ്റിയ ശമ്പളം ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷന് തിരിച്ചുനൽകേണ്ടതല്ലേ; അല്ലെങ്കിൽ അദ്ദേഹത്തിൽ നിന്ന് കോർപ്പറേഷൻ പ്രസ്തുത തുക തിരിച്ച് പിടിക്കേണ്ടതല്ലേ എന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഇന്റർവ്യൂവിൽ പങ്കെടുത്തിരുന്നില്ല.

(ബി) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ കരാർ അടിസ്ഥാനത്തിൽ നിയമിതനായ കമ്പനി സെക്രട്ടറി കരാർ കാലാവധി കഴിഞ്ഞ് സേവനം വിട്ടുപോവുകയും കമ്പനി സെക്രട്ടറി, ജനറൽ മാനേജർ എന്നീ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതിനെ തുടർന്ന് അഡ്മിനിസ്ട്രേഷൻ, ഫിനാൻസ്, പ്രോജക്ട് മേഖലകളിലുണ്ടായ ഭരണ പ്രതിസന്ധി ഒഴിവാക്കുന്നതിന് 16-7-2018 ന് ചേർന്ന 46-ാമത് ഡയറക്ടർ ബോർഡിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജനറൽ മാനേജർ തസ്തിക നികത്തേണ്ട അടിയന്തര സാഹചര്യം ഉടലെടുക്കുകയും അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്തുകയുമാണുണ്ടായത്. യോഗ്യതയുള്ളവരാരും ഇന്റർവ്യൂവിൽ പങ്കെടുക്കാതിരുന്നതിനെ തുടർന്ന് വിജ്ഞാപന പ്രകാരമുള്ള സെലക്ഷൻ നടപടികളെല്ലാം ഡയറക്ടർ ബോർഡ് അവസാനിപ്പിക്കുകയും ധനകാര്യ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന യോഗ്യതയുള്ള ഒരാളെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിനായി കണ്ടെത്തുന്നതിന് ഡയറക്ടർ ബോർഡ് യോഗം ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷൻ മാനേജിങ് ഡയറക്ടർ ശിപാർശ ചെയ്ത് നൽകിയ നിർദ്ദേശം പരിഗണിച്ച് സർക്കാർ ജനറൽ മാനേജർ തസ്തികയിലേയ്ക്കുള്ള നിയമനം നടത്തുകയുമാണുണ്ടായത്.

(സി) ജനറൽ മാനേജർ തസ്തികയിലേയ്ക്കുള്ള വിദ്യാഭ്യാസ യോഗ്യത നേരത്തെ നിശ്ചയിച്ചത് മന്ത്രിസഭാ തീരുമാനപ്രകാരമായിരുന്നില്ല. കൂടുതൽ യോഗ്യതകൾ ഉൾപ്പെടുത്തിയത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അംഗീകാരത്തോടെയാണ്.

(ഡി) ഇല്ല; ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ആവശ്യമാണ്; ഇല്ല.

(എഫ്) രാജിവച്ച ശേഷമല്ല; ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമനം നൽകിയത്.

(ജി) ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടേഷൻ അവസാനിപ്പിച്ചിട്ടുണ്ട്. കോർപ്പറേഷന് നിലവിൽ സാമ്പത്തിക നഷ്ടമൊന്നും ഉണ്ടായിട്ടില്ല.

## മുൻ ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറുടെ നിയമനം

268(3700) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലയളവിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറായിരുന്ന ഡോ. പി. നസീറിനെ എന്തൊക്കെ വ്യവസ്ഥകളിലാണ് നിയമിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അദ്ദേഹത്തിന്റെ മാതൃസ്ഥാപനം ഏതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥനെ സർക്കാർ സർവ്വീസിൽ ഉൾക്കൊള്ളിക്കുവാൻ മന്ത്രിസഭ തീരുമാനമുണ്ടായിട്ടുണ്ടോ;

(ഡി) ധന, നിയമ, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പുകൾ ഇദ്ദേഹത്തെ ഉൾക്കൊള്ളിക്കുവാനുള്ള പ്രൊപ്പോസൽ അംഗീകരിച്ചിരുന്നുവോ;

(ഇ) ഇല്ലെങ്കിൽ ഈ വകുപ്പുകളുടെ എതിരഭിപ്രായം മറികടന്നുകൊണ്ട് ഇത്തരമൊരു ശിപാർശ നൽകാനിടയായ സാഹചര്യം വിശദമാക്കാമോ?

ഉത്തരം

(എ) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമിച്ചിരുന്നത്.

(ബി) മന്നാനിയ ആർട്സ് & സയൻസ് കോളേജ്, പാങ്ങോട്, തിരുവനന്തപുരം.

(സി) 20-1-2016-ലെ 8092-ാം നമ്പർ ഇനമായി അന്നത്തെ മന്ത്രിസഭായോഗം ഡോ. പി. നസീറിനെ ന്യൂനപക്ഷക്ഷേമ ഡയറക്ടർ തസ്തികയിൽ റഗുലറൈസ് ചെയ്യുന്നതിന് തീരുമാനിച്ചിരുന്നു.

(ഡി) അംഗീകരിച്ചിരുന്നില്ല.

(ഇ) സാഹചര്യം ബന്ധപ്പെട്ട ഫയലിൽ വ്യക്തമാക്കിയിട്ടില്ല.

## ജനറൽ മാനേജർ നിയമനം സംബന്ധിച്ച ഫയലുകൾ

269(3701) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ ജനറൽ

മാനേജർ തസ്തികയിൽ കെ.ടി. അദീബിനെ നിയമിച്ചതുമായി ബന്ധപ്പെട്ട ഫയലുകളും രേഖകളും എവിടെയാണെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത രേഖകൾ മന്ത്രിയുടെ ഓഫീസിലാണ് എന്ന് ഫയൽ ട്രാക്കിങ് സിസ്റ്റം വ്യക്തമാക്കുന്നുണ്ടോ;

(സി) സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ ജനറൽ മാനേജർ തസ്തികയിൽനിന്നും കെ.ടി. അദീബ് രാജി വയ്ക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ബന്ധപ്പെട്ട ഫയലുകളും രേഖകളും നിയമസഭാ ചോദ്യങ്ങൾക്ക് മറുപടി തയ്യാറാക്കുന്ന പ്രക്രിയയുടെ ഭാഗമായി ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ വിവിധ ഓഫീസുകളിൽ സമർപ്പിക്കേണ്ടതുണ്ട്. പ്രസ്തുത ഫയലുകൾ ഇപ്പോൾ വകുപ്പുമന്ത്രിയുടെ ആഫീസിലാണ്.

(സി) നിയമനവുമായി ബന്ധപ്പെട്ടുണ്ടായ അനാവശ്യ വിവാദങ്ങളെത്തുടർന്ന് ആത്മാഭിമാനം പോലും ചോദ്യചെയ്യപ്പെട്ട സാഹചര്യത്തിൽ സ്ഥാപനത്തിൽ തുടരാൻ പ്രയാസമുണ്ടെന്ന് ടിയാൻ അറിയിക്കുകയും ഡയറക്ടർ ബോർഡ് ശിപാർശയുടെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടേഷൻ അവസാനിപ്പിച്ച് മാതൃസ്ഥാപനത്തിലേയ്ക്ക് തിരിച്ചയയ്ക്കുകയുമാണുണ്ടായത്.

## മുൻ സർക്കാരിന്റെ കാലത്തെ ന്യൂനപക്ഷ വികസന കോർപ്പറേഷൻ എം.ഡി.

270(3702)<u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാന ന്യൂനപക്ഷ വികസന കോർപ്പറേഷൻ എം.ഡി ആരായിരുന്നു ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) പ്രസ്തുത വ്യക്തി അന്നത്തെ ഏതെങ്കിലും മന്ത്രിയുടെ ബന്ധത്തിലുള്ള വ്യക്തിയായിരുന്നോ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) അദ്ദേഹത്തെ നിയമിക്കുന്നതിന് ഏതൊക്കെ നടപടിക്രമങ്ങളാണ് സ്വീകരിച്ചിരുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) മക്കരപ്പറമ്പ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് P.576-ന്റെ ചീഫ് എക്സിക്യൂട്ടീവായ ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചേരി എന്ന ആളായിരുന്നു.

(ബി) അറിയില്ല.

(സി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമിച്ചത്.

**ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ**

271(3703) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുൻ എം. ഡി. മുഹമ്മദ് ഹനീഫ പെരിഞ്ചീരിയുടെ വിദ്യാഭ്യാസ യോഗ്യതെന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇദ്ദേഹത്തിന്റെ മാതൃസ്ഥാപനം ഏതാണ്;

(സി) എം.ഡി.യായി നിയമനം നൽകിയത് ഏതൊക്കെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലായിരുന്നു;

(ഡി) സഹകരണ ബാങ്കുകളിൽനിന്ന് കോർപറേഷനുകളിലേയ്ക്ക് ഡെപ്യൂട്ടേഷനിൽ നിയമിക്കാൻ വ്യവസ്ഥയുണ്ടോയെന്നറിയിക്കാമോ?

ഉത്തരം

(എ) ബി.കോം., എം.കോം, എം.ബി.എ., എൽ.എൽ.ബി., എച്ച്.ഡി.സി.-യും സഹകരണ ബാങ്കിലെ ചീഫ് എക്സിക്യൂട്ടീവായി ജോലി ചെയ്തിരുന്ന പരിചയവും.

(ബി) മക്കരപറമ്പ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് P.576, മക്കരപറമ്പ (PO);

(സി) ഡെപ്യൂട്ടേഷൻ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലായിരുന്നു.

(ഡി) ഉണ്ട്.

## ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ എം.ഡി. നിയമനം

272(3704) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ധനകാര്യ വികസന കോർപറേഷൻ മുൻ എം.ഡി. മുഹമ്മദ് ഹനീഫ പെരിഞ്ചീരി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിതനാവുമ്പോൾ ഇദ്ദേഹത്തിന് മാതൃസ്ഥാപനത്തിൽ ഉള്ളതിനേക്കാൾ കൂടുതൽ ആനുകൂല്യങ്ങൾ നൽകിയിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) വീട്ടുവാടക അലവൻസായി പ്രത്യേക തുക നൽകിയിരുന്നുവോ എന്ന് വ്യക്തമാക്കുമോ;

(സി) ഈ തുക നൽകിയിരുന്നത് ഏത് വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) നൽകിയിരുന്നു. താമസ സൗകര്യത്തിനായി മാസ വാടക 12,000 രൂപയും മെയിന്റനൻസ് ചെലവുകൾക്കായി 500 രൂപയും അനുവദിച്ചിരുന്നു.

(സി) 23-9-2014-ലെ 13-ാമത് ഡയറക്ടർ ബോർഡിന്റെ 11-ാമത് തീരുമാനപ്രകാരമാണ്.

## ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷനിൽ നിന്നുള്ള വായ്പ

273(3705) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷനിൽനിന്ന് വായ്പയെടുത്ത് യഥാസമയം തിരിച്ചടയ്ക്കാത്തവരുണ്ടോ;

(ബി) എങ്കിൽ അവരുടെ പേര് വിവരങ്ങളും കുടിശ്ശികയായ തുകയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട് *.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## റോഡ് സുരക്ഷ ഫണ്ട്

274(3706) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് ഗതാഗതം സുരക്ഷിതമാക്കുന്നതിനുവേണ്ടി റോഡ് സുരക്ഷ ഫണ്ടിൽനിന്നും ഏതെല്ലാം പദ്ധതികൾക്കാണ് തുക അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദീകരിക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡിന്റെ വശങ്ങളിലും റോഡിലും കെ.എസ്.ഇ.ബി. സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടി റോഡ് സുരക്ഷ ഫണ്ട് അനുവദിക്കുമോ; വിശദീകരിക്കുമോ;

(സി) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ പുതിയകാവ് ചക്കുവള്ളി റോഡിൽ ഗതാഗത തടസ്സമുണ്ടാക്കുന്ന അപകടകരമായ നിലയിലുള്ള ഇലക്ട്രിക് പോസ്റ്റുകൾ റോഡ് സുരക്ഷ ഫണ്ട് ഉപയോഗിച്ച് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ടിലെ സെക്ഷൻ 13 അനുസരിച്ച് റോഡ് സുരക്ഷാ ഫണ്ട് താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

1. റോഡ് സുരക്ഷാ പരിപാടികൾക്ക്.
2. റോഡ് സുരക്ഷ സംബന്ധിച്ച ബോധവൽക്കരണ പരിപാടിക്ക്.
3. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ വാങ്ങുന്നതിന്.
4. റോഡ് സുരക്ഷ സംബന്ധിച്ച് പദ്ധതികളിന്മേലുള്ള അംഗീകൃത പഠനങ്ങൾക്കും ഗവേഷണത്തിനും ഫണ്ട് നൽകുന്നതിന്.
5. ട്രോമാകെയർ പരിപാടികൾക്കും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും.
6. അതോറിറ്റിയുടെ ഭരണപരമായ ചെലവുകൾക്ക്.
7. അതോറിറ്റിക്ക് യുക്തമെന്ന് തോന്നുന്ന റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുള്ള ചെലവിന്.
8. നിർണ്ണയിച്ചേക്കാവുന്ന മറ്റേതെങ്കിലും ആവശ്യത്തിനും.

" റോഡ് സുരക്ഷയ്ക്കായി ഒരു ദശകം" എന്ന ലോകാരോഗ്യ സംഘടന ആഹ്വാനം ചെയ്ത പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽനിന്നും മോട്ടോർ വാഹന വകുപ്പിന് അനുവദിച്ച ഫണ്ട് ഉപയോഗിച്ച് പ്രീ-ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമുള്ള പരിശീലനം, ട്രാൻസ്പോർട്ട്-നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടികൾ മുതലായവ നടപ്പിലാക്കിവരുന്നു.

(ബി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതികൾക്കാണ് റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിക്കുന്നത്. റോഡപകടങ്ങൾക്ക് ഹേതുവാകുന്നതോ വാഹന ഗതാഗതത്തിന്റെ സുഗമമായ ഒഴുക്കിന് വിഘാതമാകുന്നതോ ആയ സംഗതികൾ നീക്കംചെയ്യുന്നതിനുള്ള ചെലവ് അതിന് ഉത്തരവാദികളാകുന്നവർ തന്നെയാണ് വഹിക്കേണ്ടത്.

(സി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതികൾക്കാണ് റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിക്കുന്നത്. അപകടകരമായ അവസ്ഥയിലുള്ള പ്രസ്തുത ഇലക്ട്രിക് പോസ്റ്റുകൾ സംബന്ധിച്ച് കൊല്ലം ജില്ലാ റോഡ് സുരക്ഷ കൗൺസിൽ ചെയർമാൻ കൂടിയായ ജില്ലാ കളക്ടറിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കാൻ നടപടി

275(3707) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നിലവിൽ എത്ര ബസ്സ് സർവ്വീസുകൾ നടത്തുന്നുണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ബസ്സുകൾ വാങ്ങി നിരത്തിലിറക്കിയിട്ടുണ്ട്;

(സി) കെ.എസ്.ആർ.ടി.സി.-യുടെ ഒരു മാസത്തെ ശരാശരി കളക്ഷൻ എത്രകോടി രൂപയാണ്;

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ വരുമാനവും ചെലവും തമ്മിലുള്ള അന്തരം ശരാശരി മാസത്തിൽ എത്രകോടി രൂപയാണ്;

(ഇ) കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിപ്പിച്ച് ലാഭകരമാക്കുന്നതിനും യാത്രക്കാർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഷെഡ്യൂൾ പുനഃക്രമീകരണത്തിന് ശേഷം കെ.എസ്.ആർ.ടി.സി നിലവിൽ 5637 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തു വരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു CNG ബസ് ഉൾപ്പടെ 101 ബസ്സുകൾ വാങ്ങി നിരത്തിലിറക്കിയിട്ടുണ്ട്. കൂടാതെ, ബാക്കിയുണ്ടായിരുന്ന ഷാസികൾ ബോഡി നിർമ്മിച്ച് 582 എണ്ണവും, JnNURM സ്കീമിൽ ബാക്കിയുണ്ടായിരുന്ന 117 എണ്ണവും ലഭ്യമായിട്ടുണ്ട്.

(സി) 2017-18 സാമ്പത്തിക വർഷത്തെ കണക്ക് പ്രകാരം കെ.എസ്.ആർ.ടി.സി.-യുടെയും കെ.യു.ആർ.ടി.സി-യുടെയും കൂടിയുള്ള പ്രതിമാസ ടിക്കറ്റ് വരുമാനം ശരാശരി 182,12,31,757 രൂപയാണ്.

(ഡി) ശരാശരി 133.75 കോടി രൂപ.

(ഇ) യാത്രക്കാരെ കെ.എസ്.ആർ.ടി.സി ബസ്സുകളിലേയ്ക്ക് കൂടുതലായി ആകർഷിക്കുന്നതിലേയ്ക്കായി നിരവധി നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാർക്ക് ഉപകാരപ്പെടുന്ന രീതിയിൽ തിരുവനന്തപുരം-എറണാകുളം, എറണാകുളം-കോഴിക്കോട്, കോഴിക്കോട്-കാസർഗോഡ് എന്നീ വളരെ പ്രധാനമായ കേരളത്തിലെ റൂട്ടുകളിൽ 'ചിൽ സർവ്വീസ്' എന്ന പേരിൽ ലോ ഫ്ലോർ ബസ്സുകൾ ഓരോ മണിക്കൂർ ഇടവേളകളിൽ സർവ്വീസ് നടത്തുന്നതുവഴി പ്രസ്തുത റൂട്ടുകളിലെ യാത്രാക്ലേശം വളരെയധികം കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതോടൊപ്പംതന്നെ തിരുവനന്തപുരം, നെടുമ്പാശ്ശേരി, കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളങ്ങളിൽനിന്നും എ.സി. ബസ്സുകൾ നഗരത്തിലേയ്ക്കും തിരിച്ചും ഫ്ലൈ ബസ് എന്ന പേരിൽ സർവ്വീസ് കാര്യക്ഷമമായി നടത്തിവരുന്നുണ്ട്. ആയത് ആഭ്യന്തര, അന്താരാഷ്ട്ര വിമാന യാത്രക്കാർക്ക് വളരെയധികം പ്രയോജനപ്പെടുന്നുണ്ട്. കൂടാതെ സ്റ്റോപ്പുകൾ പരിമിതപ്പെടുത്തി രാത്രികാലത്ത് ഓപ്പറേറ്റ് ചെയ്യുന്ന രീതിയിൽ 'മിന്നൽ' സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. മിതമായ നിരക്കുകളും പുഷ്ബാക്ക് സീറ്റുകളും, സമയനിഷ്ഠ പാലിക്കുകയും ചെയ്യുന്ന ടി സർവ്വീസുകൾ വളരെയധികം സ്വീകാര്യത ജനങ്ങൾക്കിടയിൽ നേടിക്കഴിഞ്ഞു. ഷെഡ്യൂൾ പുനഃക്രമീകരണം, ജീവനക്കാരുടെ ഡ്യൂട്ടി പാറ്റേൺ പരിഷ്കരണം എന്നിവ വഴി സർവ്വീസുകൾ കൂടുതൽ കാര്യക്ഷമമാക്കാനും യാത്രാക്ലേശം കുറയ്ക്കുവാനും കഴിഞ്ഞിട്ടുണ്ട്.

സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുനരുദ്ധാരണ പദ്ധതികൾക്ക് ജീവനക്കാരുടെ ഭാഗത്തുനിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ

കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുംവേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്.

സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.-യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിലേയ്ക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേയ്ക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോടുകൂടിയ എയർ എക്സ്പ്രസ് ബസ്സുകളും സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേയ്ക്കും പുതിയ സർവ്വീസുകളും വാരാന്ത്യ പ്രത്യേക അന്തർസംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്.

29-9-2018-ലെ G.O(Ms) No.58/2018/TRANS എന്ന ഉത്തരവ് പ്രകാരം, സംസ്ഥാനത്ത് ഡ്രാഫ്റ്റ് ഇലക്ട്രിക് വെഹിക്കിൾ പോളിസി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിൽ 2025 വർഷത്തോടെ കെ.എസ്.ആർ.ടി.സി-യുടെ ബസ്സുകളിൽ ഒരു ഭാഗം ഇലക്ട്രിക് ബസ്സുകളായി മാറ്റണമെന്നും വിഭാവന ചെയ്യുന്നു. ഇതിന്റെ ഭാഗമായി 10 ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസ് വ്യവസ്ഥയിൽ കെ.എസ്.ആർ.ടി.സി. ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 5 ബസ്സുകൾ 15-11-2018 മുതൽ പമ്പ-നിലയ്ക്കൽ റൂട്ടിൽ ഓപ്പറേറ്റ് ചെയ്തുവരുന്നു.

കെ.എസ്.ആർ.ടി.സി.-യിൽ പുനരുദ്ധാരണത്തിന്റെ ഭാഗമായി ക്രെഡിറ്റ്/ ഡെബിറ്റ് കാർഡുകൾ/എൻ.സി.എം.സി/ക്യൂ.ആർ കോഡ് എന്നിവ ഉപയോഗിച്ച് ടിക്കറ്റ് എടുക്കുന്നതിനുള്ള സംവിധാനത്തോടുകൂടിയ ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകൾ (ETM) വാങ്ങുന്നതിന് ടെണ്ടർ വിളിച്ചിട്ടുണ്ട്. ടി സംവിധാനങ്ങളോടുകൂടി ഇ.ടി.എം.-കൾ പരീക്ഷണാടിസ്ഥാനത്തിൽ നിലയ്ക്കൽ-പമ്പ ചെയിൻ സർവ്വീസിന് നൽകിയിട്ടുണ്ട്. ഇത് കൂടാതെ നിലയ്ക്കലിൽ പത്തും ത്രിവേണിയിൽ അഞ്ചും സെൽഫ് ടിക്കറ്റിംഗ് കിയോസ്കുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സംവിധാനങ്ങളോടുകൂടിയ പുതിയ ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകൾ ലഭ്യമാക്കി സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിന്റെ

ഭാഗമായി Human Resource-ഉം, Payroll-ഉം കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് M/s.keltron-മായി കരാർ ഒപ്പിടുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. ടിക്കറ്റുകൾ ബുക്ക് ചെയ്യുന്നതിന് പരിഷ്കരിച്ചതും കൂടുതൽ സൗകര്യങ്ങളോട് കൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മാത്രവുമല്ല നിലവിൽ 558 സർവ്വീസുകളിൽ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുമുണ്ട്.

### കെ.എസ്.ആർ.ടി.സി.-യുടെ ശബരിമല വരുമാനക്കണക്ക്

276(3708) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.-ക്ക് കഴിഞ്ഞ അഞ്ച് വർഷം ശബരിമല സർവീസുകളിൽ നിന്ന് ലഭിച്ച വരുമാനത്തിന്റെ കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

കെ.എസ്.ആർ.ടി.സി.-ക്ക് കഴിഞ്ഞ അഞ്ച് വർഷം ശബരിമല സർവ്വീസുകളിൽ നിന്ന് ലഭിച്ച വരുമാനത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു:

| വർഷം | വരുമാനം(രൂപ) |
|---|---|
| 2013-14 | 20,39,95,237 |
| 2014-15 | 26,37,68,805 |
| 2015-16 | 27,33,91,212 |
| 2016-17 | 31,03,30,746 |
| 2017-18 | 31,33,69,474 |

### കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനം

277(3709) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റോഡ് സേഫ്റ്റി അതോറിറ്റിക്ക് പ്രവർത്തന മൂലധനം നൽകുന്നതിനായി ഈ സർക്കാർ അധികാരമേറ്റ ശേഷം ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത അതോറിറ്റിയുടെ പ്രവർത്തനത്തിനായി സെസ്സ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ബഡ്ജറ്റിലേയ്ക്ക് മുതൽ ചേർക്കാറുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത അതോറിറ്റിക്കായി സർക്കാർ പിരിച്ചെടുത്ത തുക അതോറിറ്റിക്ക് കൈമാറാൻ കഴിയാത്തതിന്റെ വിശദാംശം നൽകുമോ;

(ഡി) പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതമൂലം അതോറിറ്റിയുടെ പ്രവർത്തനം തുടരാൻ കഴിയാത്ത അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റോഡ് സുരക്ഷാ ഫണ്ടിലേയ്ക്ക് ബഡ്ജറ്റ് വഴി വകയിരുത്തപ്പെട്ട തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | വകയിരുത്തിയ തുക (കോടി രൂപയിൽ) |
|---|---|
| 2016-17 | 85.3227 |
| 2017-18 | 50 |
| 2018-19 | 70.2537 |

പ്രസ്തുത തുക 3055-0-800-95 എന്ന കണക്ക് ശീർഷകത്തിൽ ചാർജ്ഡ് ഇനത്തിലാണ് വകയിരുത്തപ്പെട്ടത്.

(ബി) 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ടിലെ വകുപ്പ് 10 പ്രകാരം വാഹനങ്ങളിൽനിന്നും ഈടാക്കുന്ന ഒറ്റത്തവണ സെസ്സ് തുക സർക്കാരിന്റെ സഞ്ചിതനിധിയിലേയ്ക്ക് അടയ്ക്കുകയും തുടർന്ന് സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രകാരമുള്ള ചെലവ് കുറവ് ചെയ്തതിനുശേഷം ശേഷിച്ച തുക ധനവിനിയോഗത്തിലൂടെ റോഡ് സുരക്ഷാ ഫണ്ടിലേയ്ക്ക് ഉൾക്കൊള്ളിക്കേണ്ടതുമാണ്. ഈ തുക പ്രത്യേകമായി ബഡ്ജറ്റിൽ ഉൾപ്പെടുത്താറില്ല. വാഹനങ്ങളുടെ ഒറ്റത്തവണ സെസ്സായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന തുകയുടെ നിരക്ക് ഇപ്രകാരമാണ്.

ഹെവി മോട്ടോർ വാഹനം -250 രൂപ

മീഡിയം മോട്ടോർ വാഹനം -150 രൂപ

ലൈറ്റ് മോട്ടാർ വാഹനം -100 രൂപ

ഇരുചക്രവാഹനം -50 രൂപ.

(സി) സർക്കാർ പിരിച്ചെടുത്ത തുക കേരള റോഡ് സേഫ്റ്റി അതോറിറ്റിക്ക് 2015-16 സാമ്പത്തിക വർഷം മുതൽ 2017-18 സാമ്പത്തിക വർഷം വരെ

അനുവദിക്കാതിരുന്നത് അവർക്ക് മുൻവർഷങ്ങളിൽ അനുവദിച്ച തുകയ്ക്ക് വിനിയോഗ സർട്ടിഫിക്കറ്റ് നൽകാത്തതിനാലാണ്. എന്നാൽ നടപ്പ് സാമ്പത്തിക വർഷം കേരള റോഡ് സേഫ്റ്റി അതോറിറ്റിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 70.25 കോടി രൂപയിൽ 22,39,12,986 രൂപ ഇതിനകംതന്നെ അതോറിറ്റിക്ക് ലഭ്യമാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 47,85,87,014 രൂപ ഉടൻതന്നെ അതോറിറ്റിക്ക് ലഭ്യമാക്കാൻ കഴിയുന്നതാണ്.

(ഡി) ഫണ്ടിന്റെ അപര്യാപ്തതമൂലം ഏകദേശം 50 കോടി രൂപയുടെ പദ്ധതികൾക്ക് ഫണ്ട് കൈമാറാൻ കാലതാമസം നേരിടുന്നുവെങ്കിലും ഇത് റോഡ് സുരക്ഷ അതോറിറ്റിയുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടില്ല.

## പുതുതലമുറ വാഹനങ്ങളുടെ ഹെഡ് ലൈറ്റുകളുടെ പ്രകാശം സൃഷ്ടിക്കുന്ന അപകടങ്ങൾ

278(3710) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതലമുറ വാഹനങ്ങളിലെ ഹെഡ് ലൈറ്റുകളുടെ വിവിധ വർണ്ണങ്ങളിലുള്ള ശക്തമായ പ്രകാശം എതിർദിശയിൽവരുന്ന വാഹനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതും അപകടങ്ങൾക്ക് കാരണമാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള നിയമപ്രകാരം വാഹനങ്ങളിലെ ഹെഡ് ലൈറ്റുകളുടെ പ്രകാശ തീവ്രതയ്ക്ക് അനുവർത്തിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ള വാഹനങ്ങൾ കണ്ടെത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിലുള്ള നിയമപ്രകാരം 24 വോൾട്ടുള്ള ഹാലജൻ ബൾബുകൾ 70/75 വാട്ട്സിൽ കൂടരുത്. 12 വോൾട്ട്സുള്ള ഹാലജൻ ബൾബുകൾ 60/65 വാട്ട്സിൽ കൂടാൻ പാടില്ല.

(സി) ഇത്തരം ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ള വാഹനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടിയെടുക്കണമെന്ന് മോട്ടോർ വാഹന വകുപ്പിൻ കീഴിലുള്ള എല്ലാ ഓഫീസുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. വാഹന പരിശോധന വേളയിൽ കണ്ടെത്തിയാൽ, പിഴ ഈടാക്കുകയും ലൈറ്റുകൾ മാറ്റി സ്ഥാപിക്കാൻ നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്.

**റോഡ് സുരക്ഷ പദ്ധതികൾ**

279(3711) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് സുരക്ഷയും വാഹനാപകടങ്ങൾ ഇല്ലാതാക്കുന്നതിനും നിലവിൽ എന്തെല്ലാം പദ്ധതികളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) റോഡപകടങ്ങൾ കുറയ്ക്കുവാൻ ഉതകുന്ന പദ്ധതികൾ-പ്രധാനമായും ട്രാഫിക് സിഗ്നലുകൾ, ക്യാമറകൾ, ട്രാഫിക് ദിശാ ബോർഡുകൾ, ക്രാഷ് ബാരിയർ, Warning blinkers എന്നിവ സ്ഥാപിക്കൽ, റോഡ് അടയാളങ്ങൾ, ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തൽ, ട്രാഫിക്-മോട്ടോർ വാഹന നിയമം നടപ്പാക്കാനാവശ്യമായ വാഹനങ്ങളുടെയും ഉപകരണങ്ങളുടെയും വാങ്ങൽ, റോഡ് സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിക്കൽ, ബോധവൽക്കരണ/പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ, ബ്ലാക്ക് സ്പോട്ടുകളുടെ നവീകരണം തുടങ്ങിയവ കേരള റോഡ് സുരക്ഷാ അതോറിറ്റി അനുബന്ധ വകുപ്പുകളുമായി ചേർന്ന് സംസ്ഥാനത്ത് നടപ്പാക്കിവരുന്നു. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന. റോഡപകടങ്ങളും തദ്വാരായുണ്ടാകുന്ന മരണങ്ങളും കുറയ്ക്കുകയെന്ന ലക്ഷ്യം മുൻനിർത്തി ആവിഷ്കരിച്ചുവരുന്ന നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു:

<u>i. സേഫ് കേരള</u>

റോഡപകടങ്ങളും തൻമൂലം പരിക്കേൽക്കുന്നതും മരണം സംഭവിക്കുന്നതും പരമാവധി കുറയ്ക്കുക, സുരക്ഷിത യാത്ര പ്രദാനം ചെയ്യുക, അച്ചടക്കമുള്ള റോഡ് സംസ്കാരം വളർത്തിയെടുക്കുക എന്നീ ഉദ്ദേശ്യങ്ങളോടെ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ മോട്ടോർ വാഹന വകുപ്പ് നടപ്പാക്കുന്ന ബൃഹത് പദ്ധതിയാണ് സേഫ് കേരള പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായി മോട്ടോർ വാഹന വകുപ്പിൽ 10 ആർ.റ്റി.ഒ, 65 എം.വി.ഐ, 187 എ.എം.വി.ഐ. എന്നിവരുടെ അധിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ എണ്ണം 34-ൽ നിന്ന് 85 ആയി കൂട്ടിയിട്ടുണ്ട്. സംസ്ഥാന പാതകൾ മുഴുവൻസമയ നിരീക്ഷണത്തിലാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. മോട്ടോർ

വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുക, മോട്ടോർ വാഹന നിയമം/ട്രാഫിക് നിയമം നടപ്പാക്കുന്നതിനും നിയമലംഘകരെ കൈകാര്യം ചെയ്യുന്നതിനും ജില്ലാ തലത്തിൽ ആധുനിക സംവിധാനത്തോടുകൂടിയ കൺട്രോൾ റൂം സ്ഥാപിക്കുക, 24 മണിക്കൂറും വാഹന പരിശോധന സംവിധാനം ഏർപ്പെടുത്തുക, ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക, ട്രാഫിക് നിയമ ലംഘകർക്ക് നിർബന്ധിത പരിശീലന പരിപാടി നൽകുക, അപകട രക്ഷാ ദൗത്യം ഏകോപിപ്പിക്കുക തുടങ്ങിയവയാണ് പ്രധാനമായും സേഫ് കേരള പദ്ധതിയിൽ വിഭാവന ചെയ്യുന്നത്.

ii. ബ്ലാക്ക് സ്പോട്ടുകളുടെ നിർമ്മാർജ്ജനം

കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം (MoRTH) നിഷ്കർഷിച്ച മാനദണ്ഡ പ്രകാരം സംസ്ഥാനത്ത് 275 ബ്ലാക്ക് സ്പോട്ടുകൾ (തുടർച്ചയായി അപകടം സംഭവിക്കുന്ന മേഖല) നാറ്റ്പാക്കിന്റെ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ ദേശീയപാതയിൽ 159-ഉം മറ്റ് റോഡുകളിൽ 116 എണ്ണവുമാണുള്ളത്. ദേശീയപാതയിൽ കണ്ടെത്തിയ 159 എണ്ണത്തിന്റെ വിശദാംശങ്ങൾ MoRTH മാനദണ്ഡങ്ങൾ പ്രകാരം പരിഹാര നടപടികൾക്കായി കേന്ദ്രമന്ത്രാലയത്തിന്റെ റോഡ് സുരക്ഷാ വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. സംസ്ഥാന പാതകളിലും പ്രധാന ജില്ലാപാതകളും കൂടാതെ മറ്റ് പാതകളിലുമായി പതിനൊന്ന് ജില്ലകളിലായി കണ്ടെത്തിയ ബാക്കി 116 ബ്ലാക്ക് സ്പോട്ടുകളിൽ അടിയന്തര പ്രശ്നപരിഹാരം ആവശ്യമുള്ള 46 എണ്ണം മുൻഗണനാ പട്ടികയിൽ പൊതുമരാമത്ത് വകുപ്പ് ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതുമരാമത്ത് മുൻഗണനാക്രമം നൽകിയ 46 പാതകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ പോലീസ്-മോട്ടോർ വാഹന-പൊതുമരാമത്ത് വകുപ്പുകളുടെ സഹായത്തോടെ പരിശോധന വടത്തി ഹ്രസ്വകാല-ദീർഘകാല പരിഹാര നടപടികൾ നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ വർഷവും ബ്ലാക്ക് സ്പോട്ടുകൾ സന്ദർശിച്ച് വിശദാംശങ്ങൾ പരിശോധിച്ച് ആവശ്യമായ ശിപാർശ നൽകുന്നതിനായി വാർഷിക കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. ബ്ലാക്ക് സ്പോട്ടുകളുടെ നവീകരണത്തിനായി 22.5 കോടി രൂപയുടെ പദ്ധതിക്ക് പൊതുമരാമത്ത് വകുപ്പിന് (റോഡുകളും പാലങ്ങളും) അനുമതി നൽകിയിട്ടുണ്ട്. 2018 നവംബറിൽ സർക്കാർ 22.39 കോടി രൂപ കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് അനുവദിച്ചതിൽനിന്നും ഒരു കോടി രൂപ ആദ്യ ഗഡുവായി പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചിട്ടുണ്ട്. മുൻഗണനാക്രമത്തിൽ ഉൾപ്പെട്ട മിക്ക ബ്ലാക്ക് സ്പോട്ടുകളിലും ഹ്രസ്വകാല പരിഹാര നിർദ്ദേശങ്ങളായ വേഗത നിയന്ത്രണ സംവിധാനങ്ങൾ, ഹംപുകൾ, ദിശാബോർഡുകൾ, ട്രാഫിക് സിഗ്നലുകൾ എന്നിവയുടെ സ്ഥാപനം, റോഡ് മാർക്കിംഗ് തുടങ്ങിയവ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

iii. മോഡൽ സേഫ് കോറിഡോർ പ്രോജക്ട്

കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹായത്തോടെ സുരക്ഷിത യാത്ര ലക്ഷ്യംവച്ചുകൊണ്ട് കെ.എസ്.റ്റി.പി. നടപ്പാക്കുന്ന പദ്ധതിയാണ് സേഫ് കോറിഡോർ പദ്ധതി. അന്താരാഷ്ട്ര നിലവാരമുള്ള റോഡ് സുരക്ഷാ സംവിധാനങ്ങൾ, ഉപകരണങ്ങൾ, വേഗതാ നിയന്ത്രണ ഉപാധികൾ, സുരക്ഷാ സമ്പ്രദായങ്ങൾ, കാൽനടയാത്രക്കാർക്കുള്ള സുരക്ഷാ സംവിധാനങ്ങൾ, സ്കൂൾ സോൺ സുരക്ഷാ സംവിധാനങ്ങൾ, ക്രാഷ് ബാരിയർ, സിഗ്നൽ സംവിധാനങ്ങൾ, പാർക്കിംഗ് Slot-കൾ, ആധുനിക ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ എന്നിവ തെരഞ്ഞെടുക്കപ്പെട്ട റോഡ് ഇടനാഴിയിൽ ഒരുക്കുക എന്നതാണ് ഈ പദ്ധതിയിൽ വിഭാവന ചെയ്യുന്നത്. സംസ്ഥാനത്ത് മോഡൽ കോറിഡോർ റോഡായി ആദ്യം തെരഞ്ഞെടുത്തത് 82 കി.മീ ദൈർഘ്യമുള്ള കഴക്കൂട്ടം-അടൂർ ദേശീയപാതയാണ്. ഇതിന്റെ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

സേഫ് കോറിഡോർ-പാവങ്ങാട്-കോരപ്പുഴ-കോഴിക്കോട്

കെ.എസ്.റ്റി.പി.-യുടെ ധനസഹായത്തോടെ കോഴിക്കോട് ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ ഏറ്റെടുത്ത് നടത്തുന്ന പദ്ധതിയാണ് സംസ്ഥാനത്തെ രണ്ടാമത്തെ സേഫ് കോറിഡോർ പദ്ധതിയായ പാവങ്ങാട്-കോരപ്പുഴ. ഇതിന്റെ തുടർനടപടികൾ പുരോഗമിക്കുന്നു.

കൂടാതെ, സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി പ്രത്യേക പരിശോധനകൾ മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചുവരുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്യാമറാ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. ഇതുവഴി അപകടം കൂടിയ സ്ഥലങ്ങളിൽ 24x7 മണിക്കൂറും നിരീക്ഷിക്കുന്നതിനും, അമിത വേഗത്തിൽ വാഹനം ഓടിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും സാധിക്കുന്നു. നാഷണൽ ഹൈവേയിലെ ചേർത്തല മുതൽ മഞ്ചേശ്വരം വരെ ക്യാമറാ നിരീക്ഷണ സംവിധാനം നിലവിലുണ്ട്. ഈ മേഖലയിലെ സ്ഥിരം അപകട മേഖലകളിലും വാഹനങ്ങൾ അമിത വേഗതയിൽ സഞ്ചരിക്കാൻ സാധ്യതയുള്ള സ്ഥലങ്ങളിലും ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ പ്രവർത്തിച്ചുവരുന്നു.

കേരളത്തിലെ അപകടസാദ്ധ്യതയുള്ള റോഡുകളിൽ നിയമലംഘനങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള ക്യാമറകളും റഡാറുകളും സ്ഥാപിക്കുന്നതിനായി സി-ഡാക്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അനുയോജ്യമല്ലാത്ത സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ക്യാമറകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടികൾ കെൽട്രോൺ മുഖേന നടത്തിവരുന്നു. ഇതുകൂടാതെ GPS അധിഷ്ഠിതമായ വാഹന നിരീക്ഷണ

സംവിധാനം സംസ്ഥാനത്തെ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും നടപ്പിലാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ എല്ലാ സ്വകാര്യ ബസുകളിലും സ്കൂൾ ബസുകളിലും ഈ സംവിധാനം നടപ്പിൽ വരുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതുവഴി ബസ്സുകളുടെ സമയക്രമം തെറ്റിക്കൽ, മത്സര ഓട്ടം, അമിത വേഗത, ട്രിപ്പുകൾ തെറ്റിക്കുന്നത്, റൂട്ട് മാറിയുള്ള സർവ്വീസ് നടത്തൽ എന്നിവ എളുപ്പത്തിൽ കണ്ടുപിടിക്കുവാൻ കഴിയുകയും നിയമലംഘകർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കും. ആയതുവഴി അപകടങ്ങളും അതുമൂലമുള്ള മരണങ്ങളും കുറയ്ക്കുവാൻ സാധിക്കും. കൂടാതെ നിലവിലെ ലൈസൻസ് നൽകുന്ന സമ്പ്രദായും വാഹനക്ഷമതാ പരിശോധന എന്നിവ കുറ്റമറ്റതാക്കുന്നതിനായി സംസ്ഥാനത്ത് ഓട്ടോമേറ്റഡ് ഡ്രൈവിംഗ് ലൈസൻസ് സംവിധാനം, വാഹനക്ഷമതാ പരിശോധനാ കേന്ദ്രങ്ങളും എല്ലാ റീജിയണൽ/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും പ്രൈവറ്റ് പബ്ലിക് പാർട്ണർഷിപ്പ് അടിസ്ഥാനത്തിൽ ഈ വർഷംതന്നെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട സുപ്രീം കോടതി നിയോഗിച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നിലവിൽ അമിതവേഗം, അമിത ഭാരം കയറ്റി വാഹനമോടിക്കൽ, സിഗ്നൽ ലംഘനം, ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച് വാഹനമോടിക്കൽ എന്നീ ട്രാഫിക് നിയമലംഘനങ്ങൾക്ക് ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ കൂടുതൽ കർശനമാക്കിയിട്ടുണ്ട്. അതുകൂടാതെ, ആധുനിക ഇന്റർസെപ്റ്റർ വാഹനങ്ങൾ എന്നിവ ഉപയോഗിച്ചുള്ള പരിശോധനകളും മോട്ടോർ വാഹന വകുപ്പിൽനിന്നും ശക്തമാക്കിയിട്ടുണ്ട്. ഇതുകൂടാതെ 24 മണിക്കൂറും പ്രവർത്തിക്കുന്ന സേഫ് കേരള എന്ന എൻഫോഴ്സ്മെന്റ്/നിരീക്ഷണ സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

## റോഡ് സുരക്ഷ വർദ്ധിപ്പിക്കാൻ നടപടി

280(3712) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ;

(ബി) റോഡ് സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റിന് നടപ്പുസാമ്പത്തിക വർഷത്തിലെ പ്ലാൻ ഫണ്ടിൽ വകയിരുത്തിയ തുക എത്രയായിരുന്നു; ഇതിൽ എത്ര രൂപ നാളിതുവരെ ചെലവാക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി പ്രത്യേക പരിശോധനകൾ മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചുവരുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്യാമറാ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. ഇതുവഴി അപകടം കൂടിയ സ്ഥലങ്ങളിൽ 24x7 മണിക്കൂറും നിരീക്ഷിക്കുന്നതിനും, അമിത വേഗത്തിൽ വാഹനം ഓടിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും സാധിക്കുന്നു. നിലവിൽ നാഷണൽ ഹൈവേയിലെ ചേർത്തല മുതൽ മഞ്ചേശ്വരം വരെ ക്യാമറാ നിരീക്ഷണ സംവിധാനത്തിലാണ്. ഈ മേഖലയിലെ സ്ഥിരം അപകട മേഖലകളിലും വാഹനങ്ങൾ അമിത വേഗതയിൽ സഞ്ചരിക്കാൻ സാധ്യതയുള്ള സ്ഥലങ്ങളിലും ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇവ കൂടാതെ വാളയാർ-വടക്കാഞ്ചേരി നാഷണൽ ഹൈവേയിൽ ക്യാമറാനിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ ജി.പി.എസ്. അധിഷ്ഠിതമായ വാഹന നിരീക്ഷണ സംവിധാനം സംസ്ഥാനത്തെ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും നടപ്പിലാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ എല്ലാ സ്വകാര്യ വാഹനങ്ങളിലും ഈ സംവിധാനം നടപ്പിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്. ഇതുവഴി ബസ്സുകളുടെ സമയക്രമം തെറ്റിക്കൽ, മത്സര ഓട്ടം, അമിത വേഗത, ട്രിപ്പുകൾ തെറ്റിക്കുന്നത്, റൂട്ട് മാറിയുള്ള സർവ്വീസ് നടത്തൽ എന്നിവ എളുപ്പത്തിൽ കണ്ടുപിടിക്കുവാൻ കഴിയുകയും നിയമലംഘകർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കും. ആയതുവഴി അപകടങ്ങളും അതുമൂലമുള്ള മരണങ്ങളും കുറയ്ക്കുവാൻ സാധിക്കും. കൂടാതെ നിലവിലെ ലൈസൻസ് നൽകുന്ന സമ്പ്രദായം വാഹന ക്ഷമതാപരിശോധന എന്നിവ കുറ്റമറ്റതാക്കുന്നതിനായി സംസ്ഥാനത്ത് ഓട്ടോമേറ്റഡ് ഡ്രൈവിംഗ് ലൈസൻസ് സംവിധാനം, വാഹനക്ഷമതാ പരിശോധനാ കേന്ദ്രങ്ങളും എല്ലാ ആർ.ടി.ഒ./സബ് ആർ.ടി.ഒ-കളിലും പ്രൈവറ്റ് പബ്ലിക് പാർട്ണർഷിപ്പ് അടിസ്ഥാനത്തിൽ ഈ വർഷം തന്നെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട സുപ്രീം കോടതി നിയോഗിച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നിലവിൽ അമിതവേഗം, അമിത ഭാരം കയറ്റി വാഹനമോടിക്കൽ, സിഗ്നൽ ലംഘനം, ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച് വാഹനമോടിക്കൽ എന്നീ ട്രാഫിക് നിയമലംഘനങ്ങൾക്ക് ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ കൂടുതൽ കർശനമാക്കിയിട്ടുണ്ട്. അതുകൂടാതെ, ആധുനിക ഇന്റർസെപ്റ്റർ വാഹനങ്ങൾ എന്നിവ ഉപയോഗിച്ചുള്ള പരിശോധനകളും വകുപ്പിൽനിന്നും ശക്തമാക്കിയിട്ടുണ്ട്.

അനുബന്ധ വകുപ്പുകൾ മുഖാന്തരം നടപ്പാക്കുന്ന "ശബരിമല സെയ്ഫ് സോൺ പദ്ധതി" , സേഫ് കേരള, ട്രാഫിക് സിഗ്നൽ ലൈറ്റുകളുടെ സ്ഥാപനം, നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ, വേഗത നിയന്ത്രണ സംവിധാനം ഒരുക്കൽ, റോഡ് ദിശാ ബോർഡ് സ്ഥാപിക്കൽ, റോഡ് മാർക്കിംഗ്, ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്തൽ, നിയമം ലംഘിക്കുന്ന വാഹനങ്ങളെ പിടികൂടുന്നതിനുള്ള ഇന്റർസെപ്റ്റർ വെഹിക്കിൾ വാങ്ങൽ, ആൽകോമീറ്റർ തുടങ്ങിയ ഉപകരണങ്ങളുടെ വാങ്ങൽ, ട്രാഫിക് ബോധവൽക്കരണ പരിപാടികൾ, ബ്ലാക്ക് സ്പോട്ടുകളുടെ നവീകരണം, സേഫ് കോറിഡോർ റോഡ് പ്രോജക്ട് എന്നീ പദ്ധതികൾക്കാണ് പ്രധാനമായും കേരള റോഡ് സുരക്ഷാ അതോറിറ്റി ഫണ്ട് അനുവദിച്ചുവരുന്നത്.

അമിതവേഗവും മറ്റ് ഗതാഗത നിയമലംഘനങ്ങളുൾപ്പെടെയുള്ള ട്രാഫിക് കുറ്റകൃത്യങ്ങളും കുറച്ചുകൊണ്ടുവരുന്നതിന് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ പോലീസ്-മോട്ടോർ വാഹന വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 18 കോടി 25 ലക്ഷം രൂപ Road Transport Safety Measures എന്ന ശീർഷകത്തിൽ 2018-19-ൽ അനുവദിച്ചിട്ടുണ്ട്. ഒരു കോടി എഴുപത് ലക്ഷത്തി അറുപത്തിയെട്ടായിരത്തി മുന്നൂറ് രൂപ (1,70,68,300) ചെലവഴിച്ചു.

**റോഡ് സേഫ്റ്റി കേഡറ്റുകളെ നിയോഗിക്കാൻ പദ്ധതി**

281(3713) ശ്രീ. പി. ഉണ്ണി:
ശ്രീ. ബി. സത്യൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി വിദ്യാർത്ഥികളിൽനിന്നും റോഡ് സേഫ്റ്റി കേഡറ്റുകളെ നിയോഗിക്കാൻ പദ്ധതിയുണ്ടോ;

(ബി) ഇതിനായി വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് റോഡ് സുരക്ഷാ ബോധവത്കരണം സംബന്ധിച്ച പരിശീലനം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് നൽകുന്നതുപോലെ, റോഡ് സേഫ്റ്റി കേഡറ്റുകൾക്കും ഗ്രേസ് മാർക്ക് നൽകി പദ്ധതി കൂടുതൽ ആകർഷകമാക്കാൻ ആലോചനയുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ-സി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി വിദ്യാർത്ഥികളിൽനിന്നും റോഡ് സേഫ്റ്റി കേഡറ്റുകളെ നിയോഗിക്കുവാൻ ഗതാഗത വകുപ്പിന് നിലവിൽ പദ്ധതികളില്ല. എന്നാൽ സ്കൂൾ, കോളേജ് തലങ്ങളിൽ എല്ലാ വിദ്യാർത്ഥികൾക്കുമായി റോഡ് സുരക്ഷാ സംബന്ധമായ പരിശീലനം, ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ നടത്തുമ്പോൾ കുട്ടികൾക്ക് റോഡ് സുരക്ഷാ പരിശീലനം നൽകാറുണ്ട്.

**ഓട്ടോ-ടാക്സികളിൽ ബില്ലിംഗ് മെഷീനോടുകൂടിയ ഫെയർ മീറ്ററുകൾ**

282(3714) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട്ടോറിക്ഷാ, ടാക്സി ഡ്രൈവർമാർ യാത്രക്കാരിൽനിന്നും അമിത ചാർജ് ഈടാക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) ഓട്ടോ-ടാക്സികളിൽ ബില്ലിംഗ് മെഷീനോടുകൂടിയ ഫെയർ മീറ്ററുകൾ സ്ഥാപിച്ച് ഇത്തരം തർക്കങ്ങൾ പരിഹരിക്കുന്ന കാര്യം പരിശോധിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അതത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ പിഴ ഈടാക്കുന്നതും ഡ്രൈവിംഗ് ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**മാതൃകാ പുകപരിശോധന കേന്ദ്രങ്ങൾ**

283(3715) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആട്ടോമൊബൈലുകൾ മൂലമുണ്ടാകുന്ന പരിസ്ഥിതി ആഘാതം കുറയ്ക്കുന്നതിനായി മാതൃകാ പുകപരിശോധന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പുകപരിശോധനാ സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട് കേന്ദ്രീകൃതമായി നിരീക്ഷിക്കാവുന്ന എന്തെല്ലാം സംവിധാനങ്ങളാണ് പ്രസ്തുത കേന്ദ്രങ്ങളിൽ സജ്ജമാക്കിയിട്ടുള്ളതെന്ന് വിവരിക്കുമോ;

(സി) എവിടെയെല്ലാമാണ് പ്രസ്തുത കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഇല്ല. സംസ്ഥാനത്തെ പുകപരിശോധനാ കേന്ദ്രങ്ങൾ കേന്ദ്രീകൃതമായി നിരീക്ഷിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ട്.

## സംസ്ഥാന ഇലക്ട്രിക് വാഹനനയം

284(3716) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഇലക്ട്രിക്ക് വാഹനനയത്തിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ഇലക്ട്രിക് വാഹനങ്ങളിലേയ്ക്ക് മാറ്റുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിനും പെട്രോൾ, ഡീസൽ എന്നീ ഇന്ധനങ്ങളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുന്നതിനും ഇത് സഹായകമാകുമോ;

(സി) ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; സംസ്ഥാനത്ത് എന്നുമുതൽ ഇലക്ട്രിക്ക് വാഹനങ്ങൾ ഓടിത്തുടങ്ങുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇലക്ട്രിക് വാഹനങ്ങളിലേയ്ക്ക് മാറ്റുന്നത്, പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിന് സഹായകമാകും. പെട്രോൾ, ഡീസൽ എന്നീ ഇന്ധനങ്ങളുടെ ഉപയോഗം ഘട്ടംഘട്ടമായി കുറയ്ക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) പുതുതായി 10 ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസ് അടിസ്ഥാനത്തിൽ ലഭ്യമാക്കി സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ 5 ബസ്സുകൾ ശബരിമല മഹോൽസവത്തോടനുബന്ധിച്ച് നിലയ്ക്കൽ-പമ്പ ചെയിൻ സർവ്വീസ് നടത്തുന്നതിനായി ഇതിനോടകം ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്.

## സ്വകാര്യ ടൂറിസ്റ്റ് ബസ്സുകളിലെ എക്സ്ട്രാ ഫിറ്റിംഗുകൾ

285(3717) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ടൂറിസ്റ്റ് ബസുകളിൽ മോട്ടോർ വാഹന നിയമപ്രകാരം അനുവദനീയമായ ശബ്ദത്തേക്കാൾ ഉയർന്ന തലത്തിലുള്ള ശബ്ദം ഉണ്ടാക്കുന്ന സ്പീക്കറുകളും അതിതീക്ഷ്ണ വെളിച്ചമുള്ള ലൈറ്റുകളും ഫാൻസി ലൈറ്റുകളും മറ്റ് എക്സ്ട്രാ ഫിറ്റിംഗുകളുമെല്ലാം ഉപയോഗിക്കുന്നതുമൂലം അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മോട്ടോർ വാഹന നിയമപ്രകാരം ഇത് അനുവദനീയമാണോ; അല്ലെങ്കിൽ സംസ്ഥാനത്തെ എല്ലാ സ്വകാര്യ ടൂറിസ്റ്റ് ബസുകളിൽനിന്നും ചട്ടവിരുദ്ധമായ അത്തരം എക്സ്ട്രാ ഫിറ്റിംഗുകൾ ഒഴിവാക്കിപ്പിക്കുന്നതിനുള്ള കർശന നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച നിയമത്തിൽ ആർക്കെങ്കിലും ഇളവ് നല്കി ഉത്തരവായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ എത്ര വാഹനങ്ങളിൽനിന്നും ചട്ടവിരുദ്ധമായ എക്സ്ട്രാ ഫിറ്റിംഗുകൾ കണ്ടെത്തുകയും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്; ആർ.ടി.ഒ തിരിച്ച് വിശദാംശം നൽകുമോ?

ഉത്തരം

(എ) സ്വകാര്യ ടൂറിസ്റ്റ് ബസ്സുകളിൽ മോട്ടോർ വാഹന നിയമപ്രകാരം അനുവദനീയമല്ലാത്ത ഉയർന്ന ശബ്ദം ഉണ്ടാക്കുന്ന സ്പീക്കറുകളും അതിതീഷ്ണ വെളിച്ചമുള്ള ലൈറ്റുകളും ഉപയോഗിക്കുന്നതായി മനസ്സിലായിട്ടുണ്ട്. ഇതിനെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനായി രാത്രികാല ചെക്കിംഗുകൾ നടത്തിവരുന്നു. ഇതുമൂലം അപകടങ്ങളുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇതര വാഹനങ്ങളിലെ ഡ്രൈവർമാരുടെ ശ്രദ്ധ കുറയാനും അപകടമുണ്ടാകാനും സാധ്യതയുണ്ട്.

(ബി) അല്ല. വാഹനങ്ങളിലെ ശബ്ദം കേന്ദ്ര മോട്ടോർ വാഹന ചട്ടം 120(2) അനുസരിച്ചുള്ള മാനദണ്ഡങ്ങൾക്കും ലൈറ്റുകൾ കേരള മോട്ടോർ വാഹന ചട്ടം 286-നും വിധേയമായിരിക്കണം. ഇതിന് വിപരീതമായി പ്രവർത്തിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇക്കാര്യത്തിൽ ആർക്കും ഇളവ് നൽകിയിട്ടില്ല. നടപടി എടുത്ത വാഹനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| | |
|---|---|
| ആർ.ടി.ഒ. തിരുവനന്തപുരം | 790 |
| ആർ.ടി.ഒ. ദേശസാൽകൃതം | 10 |
| ആർ.ടി.ഒ.ആറ്റിങ്ങൽ | 65 |
| ആർ.ടി.ഒ.കൊല്ലം | 418 |
| ആർ.ടി.ഒ.പത്തനംതിട്ട | 133 |
| ആർ.ടി.ഒ.ആലപ്പുഴ | 109 |
| ആർ.ടി.ഒ.എറണാകുളം | 307 |
| ആർ.ടി.ഒ.കോട്ടയം | 25 |
| ആർ.ടി.ഒ.മൂവാറ്റുപുഴ | 52 |
| ആർ.ടി.ഒ.ഇടുക്കി | 97 |
| ആർ.ടി.ഒ.തൃശ്ശൂർ | 601 |
| ആർ.ടി.ഒ.മലപ്പുറം | 259 |
| ആർ.ടി.ഒ.പാലക്കാട് | 539 |
| ആർ.ടി.ഒ.കോഴിക്കോട് | 26 |
| ആർ.ടി.ഒ.വയനാട് | 8 |
| ആർ.ടി.ഒ. കണ്ണൂർ | 105 |
| ആർ.ടി.ഒ.കാസർഗോഡ് | 64 |
| ആർ.ടി.ഒ.വടകര | 60 |

**ട്രാഫിക് ബോധവൽക്കരണ പ്രവർത്തനങ്ങൾ**

286(3718) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനായി ഗതാഗത നിയമങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവാൻമാരാക്കുന്നതിനുവേണ്ടി സർക്കാർ ചെയ്യുന്ന കാര്യങ്ങൾ വിശദമാക്കാമോ;

(ബി) ട്രാഫിക് നിയമങ്ങൾ വിശദമാക്കുന്ന ലഘുചിത്രങ്ങൾ/ ഡോക്യുമെന്ററികൾ എന്നിവ ലഭ്യമാണോ; സ്കൂൾ-കോളേജ് തലങ്ങളിൽ ഇവ പ്രദർശിപ്പിക്കാറുണ്ടോ; വിശദമാക്കാമോ;

(സി) ട്രാഫിക് ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുവേണ്ടി ഗതാഗത വകുപ്പിൽ പ്രത്യേക ഉദ്യോഗസ്ഥരോ സംവിധാനങ്ങളോ നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഗതാഗത നിയമങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നതിനുവേണ്ടി "റോഡ് സുരക്ഷാ വിദ്യാഭ്യാസം സ്കൂളുകളിലൂടെ" എന്ന പദ്ധതി NATPAC വഴി രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കിവരുന്നുണ്ട്. ഒന്നാം ഘട്ടത്തിൽ 1189 സ്കൂളുകളിലെ അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും അതുവഴി പ്രസ്തുത സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ 1000 സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാൻ NATPAC-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഒന്നാം ഘട്ടത്തിൽ പരിശീലനം പൂർത്തിയാക്കിയ 1189 അദ്ധ്യാപകർക്ക് തുടർപരിശീലനം ഉറപ്പാക്കുന്നതിനും രണ്ടാംഘട്ടത്തിൽ വിഭാവന ചെയ്തിട്ടുണ്ട്. റോഡ് സുരക്ഷ പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിനുവേണ്ടിയുള്ള ശിപാർശ സർക്കാരിന് നൽകാൻ പൊതു വിദ്യാഭ്യാസ ഡയറക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് മുഖാന്തരം റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ നടത്താറുമുണ്ട്.

ഗതാഗത നിയമങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ നൽകുന്നതിനായി മോട്ടോർ വാഹന വകുപ്പ് എൽ.പി. സ്കൂൾതലം മുതൽ ഹയർ സെക്കണ്ടറിതലം വരെയുള്ള കുട്ടികളെ ഉൾപ്പെടുത്തി അവബോധന ക്ലാസ്സ്, ക്വിസ് മത്സരങ്ങൾ/റാലി മുതലായവ നടത്തുന്നുണ്ട്. ഇക്കാര്യത്തിൽ മുതിർന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന നൽകിവരുന്നു. 2011 മുതൽ 2020 വരെ പ്രഖ്യാപിച്ചിട്ടുള്ള "റോഡ് സുരക്ഷാ ദശകം" പദ്ധതിയിൽപ്പെടുത്തി എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രത്യേക ക്ലാസ്സുകൾ നൽകിവരുന്നുണ്ട്. ട്രാഫിക് നിയമങ്ങളും ചട്ടങ്ങളും അടങ്ങിയ ബുക്കുകൾ, ലഘുലേഖകൾ എന്നിവ അച്ചടിച്ച് വിതരണം ചെയ്യുന്നുണ്ട്.

(ബി) ട്രാഫിക് നിയമങ്ങൾ വിശദമാക്കുന്ന ലഘുചിത്രങ്ങൾ ലഭ്യമാണ്. ഇവ NATPAC വഴിയുള്ള സ്കൂൾ പരിശീലന പരിപാടികളിൽ ഉപയോഗിച്ചുവരുന്നു. ഇതിനുപുറമേ റോഡ് സുരക്ഷാ അവബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള പരസ്യ ചിത്രങ്ങളും റോഡ് സുരക്ഷാ അതോറിറ്റി നിർമ്മിച്ചിട്ടുണ്ട്. ഇത്തരം ചിത്രങ്ങൾ NATPAC സ്കൂളുകളിൽ പ്രദർശിപ്പിക്കാറുണ്ട്.

ഗതാഗത നിയമങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് മോട്ടോർ വാഹന വകുപ്പ് നൽകുന്ന ക്ലാസ്സുകളിൽ ട്രാഫിക് നിയമങ്ങൾ വിശദമാക്കുന്ന ചിത്രങ്ങൾ/ലഘു ചിത്രങ്ങൾ, സിനിമകൾ എന്നിവ പ്രദർശിപ്പിക്കുന്നുണ്ട്. കൂടാതെ ഇതുസംബന്ധിച്ച സി.ഡി.-കൾ, ലഘുപുസ്തകങ്ങൾ എന്നിവ വിദ്യാർത്ഥികൾക്ക് നൽകിവരുന്നുണ്ട്. പല വിദ്യാലയങ്ങളിലും റോഡ് സുരക്ഷാ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു.

(സി) ട്രാഫിക് ബോധവൽക്കരണത്തിന് മാത്രമായി ഗതാഗത വകുപ്പിൽ ഉദ്യോഗസ്ഥരും സംവിധാനങ്ങളും രൂപപ്പെടുത്തിയിട്ടില്ലെങ്കിലും ഡിപ്പാർട്ടുമെന്റിലെ എല്ലാ ഉദ്യോഗസ്ഥരും തങ്ങളുടെ ജോലികൾക്കുപുറമേ ട്രാഫിക് ബോധവൽക്കരണ പ്രവർത്തനങ്ങളിൽ വ്യാപൃതരാണ്.

## പൊതുഗതാഗത സംവിധാനം

287(3719) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. കെ. രാജൻ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന ആഗോളതാപനവും കാലാവസ്ഥ വ്യതിയാനങ്ങളും അന്തരീക്ഷ മലിനീകരണവും സർവ്വോപരി ആരോഗ്യപ്രശ്നങ്ങളും കുറയ്ക്കുന്നതിന് സ്വകാര്യ വാഹനങ്ങളുടെ എണ്ണം കുറച്ച് പൊതുഗതാഗത സംവിധാനത്തിലേയ്ക്ക് ജനങ്ങളെ ആകർഷിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ബസ് യാത്രാകൂലിയിൽ വരുത്തിയ വർദ്ധനവും ആദ്യത്തെ രണ്ട് ഫെയർ സ്റ്റേജുകൾ ഒരുമിപ്പിച്ചതും ഫെയർ സ്റ്റേജ് സമ്പ്രദായത്തിലെ അപാകതകളും ബസ് യാത്ര അനാകർഷകമാക്കിയിട്ടുണ്ടോ;

(സി) സ്വകാര്യ ബസ്സുകളുടെ എണ്ണത്തിൽ കഴിഞ്ഞ 25 വർഷത്തിനിടയിൽ വലിയ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വ്യക്തമാക്കുമോ;

(ഡി) പൊതുവാഹനങ്ങൾ കൃത്യസമയത്ത് ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തി അവ നിശ്ചിത സമയത്ത് ഉദ്ദേശിച്ച സ്ഥലങ്ങളിൽ എത്തിച്ചേരുമെന്ന് ഉറപ്പാക്കി പൊതുഗതാഗത സംവിധാനത്തിന് വിശ്വാസ്യത കൈവരിക്കുന്നതിന് സാധിക്കുമോ എന്ന് വ്യക്തമാക്കുമോ; ഇതിനായി സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ?

### ഉത്തരം

(എ) അന്തരീക്ഷ മലിനീകരണവും ശബ്ദമലിനീകരണവും കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ പരിസ്ഥിതി സൗഹൃദ ഇ-റിക്ഷ, ഇ-കാർ, ഇ-ബസ് എന്നീ ഇലക്ട്രിക് വാഹനങ്ങളും സി.എൻ.ജി./എൽ.എൻ.ജി./എൽ.പി.ജി. ഓട്ടോ, ക്വാഡ്രി സൈക്കിൾ എന്നിവയുടെ ഉപയോഗം പരമാവധി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയും സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ കൂടുതൽ ദൂരം യാത്ര ചെയ്യുന്നതിനുമായി ഇ-മൊബിലിറ്റി പദ്ധതിക്ക് സർക്കാർ രൂപംനൽകിയിട്ടുണ്ട്.

പതിനഞ്ച് വർഷത്തിന് മുകളിൽ പഴക്കമുള്ള ഡീസൽ ഓട്ടോറിക്ഷകൾ നിർബന്ധമായും സി.എൻ.ജി./എൽ.എൻ.ജി./ഇലക്ട്രിക് ഓട്ടോറിക്ഷകളായി രൂപമാറ്റം വരുത്തണമെന്ന് ഇലക്ട്രിക് പോളിസിയിൽ ലക്ഷ്യംവച്ചിരുന്നു. ഇതിന് 2020 മാർച്ച് 31 വരെ സമയം അനുവദിച്ചിട്ടുണ്ട്. പൊതുഗതാഗത സംവിധാനത്തിലേയ്ക്ക് ജനങ്ങളെ ആകർഷിക്കുന്നതിന് കെ.എസ്.ആർ.ടി.സി. നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിലേയ്ക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേയ്ക്കുമായി പുതിയ തരം പുഷ്ബാക്ക് സീറ്റോടുകൂടിയ എയർ എക്സ്പ്രസ്സ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിലത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് 'ചിൽ ബസ്' എന്ന പേരിൽ എ.സി.ബസ്സുകൾ ഉപയോഗിച്ച് തിരുവനന്തപുരം-എറണാകുളം, എറണാകുളം-കോഴിക്കോട്, കോഴിക്കോട്-കാസർഗോഡ് എന്നീ റൂട്ടുകളിൽ പുതിയ സർവ്വീസുകൾ ഓരോ ഒരു മണിക്കൂർ ഇടവേളകളിലും ആരംഭിച്ചിട്ടുണ്ട്. ടി എയർ കണ്ടീഷൻഡ് സർവ്വീസുകൾ കൃത്യനിഷ്ഠ പുലർത്തുന്നതിനാലും കാര്യക്ഷമമായി നടത്തുവാൻ കഴിഞ്ഞതിനാലും കൂടുതൽ യാത്രക്കാരെ ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ എയർപോർട്ടുകളിൽനിന്നും പ്രധാന നഗരങ്ങളിലേയ്ക്ക് ഫ്ലൈ ബസുകൾ എന്ന പേരിൽ പുതിയ എ.സി.സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി-യിൽ പുതുതായി 10 ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസ് അടിസ്ഥാനത്തിൽ ലഭ്യമാക്കി സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ 5 ബസ്സുകൾ ശബരിമല മഹോത്സവത്തോടനുബന്ധിച്ച് നിലയ്ക്കൽ-പമ്പ ചെയിൻ സർവ്വീസ് നടത്തുന്നതിനായി ഇതിനോടകം ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്.

(ബി) 2014-ലും 2018-ലും സ്റ്റേജ് ക്യാര്യേജിന്റെ മിനിമം ചാർജ്ജിന്റെ സ്റ്റേജ് അഞ്ച് കിലോമീറ്റർ വരെയാണ്. (25 കി.മീ വീതം രണ്ട് ഫെയർ സ്റ്റേജുകൾ ഒരുമിച്ച്) അതിൽ മാറ്റം വരുത്തിയിട്ടില്ല. ഇതുസംബന്ധിച്ച് പൊതുജനങ്ങളിൽനിന്നും പരാതി ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇതുസംബന്ധിച്ച് വിവിധ ബസ് ഉടമ സംഘങ്ങളിൽനിന്നും നിവേദനം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയെ നിയോഗിച്ചിരിക്കുകയാണ്.

(ഡി) ജി.പി.എസ്. അധിഷ്ഠിത വാഹന നിരീക്ഷണ സംവിധാനം എന്ന പദ്ധതിക്ക് സർക്കാർ രൂപംനൽകിയിട്ടുണ്ട്. വകുപ്പ് നടപ്പിലാക്കുന്ന ജി.പി.എസ്. അധിഷ്ഠിത വാഹനനിരീക്ഷണ സംവിധാനത്തിന് അനുബന്ധമായി സ്വകാര്യ ബസ്സുകളുടെ പെർമിറ്റ് വിവരങ്ങൾ കമ്പ്യൂട്ടർവൽക്കരിച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കാനുള്ള പദ്ധതി നടന്നുവരുന്നു.

**പരിസ്ഥിതി മലിനീകരണം കുറയ്ക്കാൻ സഹായിക്കുന്ന വാഹനനയം**

288(3720) <u>ശ്രീ. ജോൺ ഫെർണാണ്ടസ്:</u>
<u>ശ്രീ. കെ.സുരേഷ് കുറുപ്പ്:</u>
<u>ശ്രീ. വി. ജോയി:</u>
<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുഗതാഗതസംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതും പരിസ്ഥിതി മലിനീകരണം കുറയ്ക്കാൻ സഹായിക്കുന്ന തരത്തിലുള്ളതുമായ വാഹന നയം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) പരിസ്ഥിതി സംരക്ഷണവും ഊർജ്ജ സംരക്ഷണവും ഉറപ്പുനൽകുന്ന ഇലക്ട്രിക് വാഹനങ്ങൾ കൂടുതലായി നിരത്തിലിറക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും കാര്യക്ഷമമായി നടത്തുന്നതിനും സാങ്കേതിക ഉപദേശക സമിതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സർക്കാർ ആവശ്യങ്ങൾക്കായി ഇലക്ട്രിക് കാറുകൾ ഉപയോഗിക്കുന്നതിനും പരിസ്ഥിതി സൗഹൃദ ടാക്സി കാറുകൾ ലഭ്യമാക്കുന്നതിനും വാഹന നയം ലക്ഷ്യമിടുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള 'ചലോ ആപ്പ്' പദ്ധതിയുടെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പരിസ്ഥിതി സംരക്ഷണവും ഊർജ്ജ സംരക്ഷണവും മുൻനിർത്തി സുസ്ഥിര പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുന്നതിനായി ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിനും ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ സമഗ്രമായ ഒരു ഇ.വി. പോളിസി തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒരു കരട് പോളിസി സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 2020-നുള്ളിൽ 200000 ഇരുചക്ര വാഹനങ്ങളും 50000 മുച്ചക്ര വാഹനങ്ങളും 1000 ചരക്കുവാഹനങ്ങളും, 3000 ബസുകളും 100 ബോട്ടുകളും പുറത്തിറക്കുന്നതിനും 2022-നുള്ളിൽ സംസ്ഥാനത്ത് 10 ലക്ഷം ഇലക്ട്രിക് വാഹനങ്ങൾ നിരത്തിലിറക്കുന്നതിനും ഇലക്ട്രിക് പോളിസിയിൽ വിഭാവന ചെയ്യുന്നുണ്ട്. ഇലക്ട്രിക് വാഹനങ്ങൾ കേരളത്തിൽതന്നെ ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാധ്യതകളാണ് സർക്കാർ പരിശോധിക്കുന്നത്. ഇതിനായി വിദേശ കമ്പനികൾ ഉൾപ്പെടെയുള്ളവരുമായി പ്രാരംഭ ചർച്ചകൾ നടത്തിവരുന്നു. സംസ്ഥാനത്തെ പ്രമുഖ എഞ്ചിനീയറിംഗ് കോളേജുമായി ബന്ധപ്പെട്ട് ഇലക്ട്രിക് വാഹനങ്ങൾ സംബന്ധിച്ച ഗവേഷണങ്ങൾ നടത്തുന്നതിനുള്ള സാധ്യതകളും പരിഗണിക്കുന്നുണ്ട്. ഇലക്ട്രിക് വാഹന നിർമ്മാണത്തിൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കെൽട്രോൺ, കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്, കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികൾക്കാണ് സർക്കാർ ശ്രമിക്കുന്നത്. ഇതിനായുള്ള ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാനുള്ള ഉത്തരവാദിത്തം കെ.എസ്.ഇ.ബി-യെ ഏൽപ്പിക്കുന്നതിനും പദ്ധതിയുണ്ട്.

ഇപ്രകാരം ഇലക്ട്രിക് വാഹന മേഖലയിൽ സാങ്കേതിക രംഗത്ത് സംസ്ഥാനത്തിന് ഒരു കുതിച്ചുചാട്ടം ഉണ്ടാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ പുതിയ സാഹചര്യം പ്രസ്തുത കമ്പനികൾക്ക് സാമ്പത്തികമായും നേട്ടമുണ്ടാക്കാൻ പര്യാപ്തമാണ്. അടിക്കടിയുണ്ടാകുന്ന ഇന്ധന വില വർദ്ധനവിന്റെ സാഹചര്യത്തിൽ, ഇലക്ട്രിക് വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നത് ഭാവിയിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിരത ഉറപ്പുവരുത്തുന്നതിനും സഹായിക്കും. കൂടാതെ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കെ.എസ്.ആർ.ടി.സി.-ക്കും സ്വകാര്യ ബസുടമകൾക്കും ഇ-ബസുകളുടെ ഉപയോഗം സാമ്പത്തികനേട്ടം കൈവരിക്കുന്നതിന് സഹായിക്കും.ഇ-ഓട്ടോറിക്ഷകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ

ഭാഗമായി 30,000 രൂപ അല്ലെങ്കിൽ വാഹന വിലയുടെ 25% ഏതാണോ കുറവ് ആ തുക ഇൻസന്റീവായി ആദ്യ ഒരു വർഷത്തേയ്ക്ക് നൽകുന്നതിനും ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിനായി നികുതിയിനത്തിൽ ഇളവുനൽകുന്നതിനുമുള്ള പദ്ധതിയും സർക്കാരിന്റെ പരിഗണനയിലുണ്ട്.

(സി) ഇലക്ട്രിക് പോളിസി സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ പത്തംഗ സ്റ്റിയറിംഗ് കമ്മിറ്റിക്ക് 12-6-2018-ൽ സർക്കാർ രൂപം നൽകിയിട്ടുണ്ട്.

(ഡി) സർക്കാർ ആവശ്യങ്ങൾക്കായി ഇലക്ട്രിക് കാറുകൾ ഉപയോഗിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ഇ) കേന്ദ്ര മാനവ വിഭവശേഷിനഗര ഗതാഗത മന്ത്രാലയത്തിന്റെ (MoHUA) കീഴിലുള്ള അർബൻ മാസ് ട്രാൻസിറ്റ് കമ്പനി (UMTC)-യുടെ സഹായത്തോടെ ജി.പി.എസ്. അധിഷ്ഠിത വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് (VLT) സംവിധാനം ഘടിപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുകയും ചെയ്ത യാത്രാസൂത്രണ (Journey Planner) മൊബൈൽ ആപ്പ് ആണ് "ചലോ (CHALO)". യാത്രികരെ സ്വകാര്യ വാഹനമുപേക്ഷിച്ച് പൊതുഗതാഗതത്തിലേയ്ക്ക് ആകർഷിക്കുന്നതിന് പൊതു ഗതാഗത വാഹനങ്ങളുടെ സമയകൃത്യത, ലഭ്യത എന്നിവ ഉറപ്പാക്കുന്നതിനുള്ള ആദ്യപടിയെന്ന നിലയിലാണ് ചലോ മൊബൈൽ ആപ്പ് ആവിഷ്കരിച്ച് കൊച്ചി നഗരത്തിൽ നടപ്പിലാക്കിയിരിക്കുന്നത്. കൊച്ചിയിലെ 850 പ്രൈവറ്റ് ബസ്സുകളുടെയും ജലഗതാഗത വകുപ്പിന്റെ 9 ബോട്ടുകളുടെയും വിവരങ്ങൾ യാത്രികരുടെ മൊബൈൽ ഫോണിൽ തൽസ്ഥിതി അറിയുവാനും യാത്രികന്റെ ഏറ്റവുമടുത്തുള്ള ബസ് സ്റ്റോപ്പ്, ബോട്ട് ജെട്ടി, മെട്രോ സ്റ്റേഷൻ എന്നിവയെക്കുറിച്ചും അവിടെ ലഭ്യമാകുന്ന പൊതുഗതാഗത സംവിധാനത്തിന്റെ തൽസമയ വിവരവും ലക്ഷ്യസ്ഥാനത്തേയ്ക്ക് വേഗതയിൽ/കുറഞ്ഞ ചെലവിൽ എത്തിച്ചേരുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് അറിയിക്കുന്ന തരത്തിലുള്ള യാത്രാസൂത്രണവും ഈ ആപ്പിൽ സംവിധാനം ചെയ്തിട്ടുണ്ട്. ഇതിലൂടെ സമയനഷ്ടം ഒഴിവാക്കുന്നതിനും തന്റെ യാത്ര മുൻകൂട്ടി ആസൂത്രണം ചെയ്യുന്നതിനും യാത്രികന് കഴിയുന്നു. ഇതിലുപരിയായി സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിത യാത്ര ഉറപ്പാക്കുവാൻ ഈ സംവിധാനത്തിലൂടെ കഴിയും. അവർക്ക് തങ്ങളുടെ യാത്ര ചെയ്യുന്ന വാഹനം, റൂട്ട്, സമയം എന്നിവയുടെ തൽസ്ഥിതി ബന്ധുക്കളുമായോ സുഹൃത്തുക്കളുമായോ പങ്കുവയ്ക്കുവാൻ കഴിയും. കൂടാതെ, അത്യാവശ്യഘട്ടങ്ങളിൽ മറ്റ് ഫോൺ നമ്പറുകളിലേയ്ക്ക് അടിയന്തര സന്ദേശം അയയ്ക്കുവാനുള്ള SOS ബട്ടൺ സംവിധാനവും ഇതിൽ ഒരുക്കിയിട്ടുണ്ട്.

## മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റുകളുടെ ആധുനികവത്കരണം

289(3721) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റുകളുടെ ആധുനികവത്കരണം നടപ്പിലാക്കാൻ എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത്;വ്യക്തമാക്കാമോ?

ഉത്തരം

മോട്ടോർ വാഹന ചെക്ക്പോസ്റ്റുകൾ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി വാളയാർ (ഇൻ ആൻഡ് ഔട്ട്) ചെക്ക് പോസ്റ്റുകളുടെ നവീകരണ പ്രവർത്തനം ഗവൺമെന്റ് അക്രെഡിറ്റഡ് ഏജൻസിയായ COST FORD മുഖേന നടത്തുന്നതിന് 1.96 കോടി രൂപയുടെ പദ്ധതിക്കും ആര്യങ്കാവ് ചെക്ക്പോസ്റ്റിന്റെ നവീകരണം ഗവൺമെന്റ് അക്രെഡിറ്റഡ് ഏജൻസിയായ നിർമ്മിതി കേന്ദ്ര മുഖേന നടത്തുന്നതിന് 26 ലക്ഷം രൂപയുടെ പദ്ധതിക്കും സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

## മോട്ടോർ വാഹനത്തൊഴിലാളികളുടെ വാഹന വായ്പ തിരിച്ചടവിന് മൊറട്ടോറിയം

290(3722) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയംമൂലം വാഹനങ്ങൾക്ക് ഉണ്ടായ റിപ്പയറിംഗുമായി ബന്ധപ്പെട്ട് ഇൻഷ്വറൻസ് കമ്പനികളെ സമീപിക്കുന്ന മോട്ടോർ തൊളിലാളികളുടെ അപേക്ഷകൾ അകാരണമായി നിരസിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ;

(ബി) പ്രളയം കാരണം വാഹനങ്ങൾക്കുണ്ടായ നാശനഷ്ടങ്ങൾ മൂലം ദുരിതത്തിലായ മോട്ടോർ വാഹനത്തൊഴിലാളികളുടെ വാഹന വായ്പയുടെ തിരിച്ചടവിന് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ;

(സി) പ്രസ്തുത വിഷയങ്ങൾ പരിഹരിക്കാൻ മോട്ടോർ തൊഴിലാളി യൂണിയനുകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) മോട്ടോർ വാഹന തൊഴിലാളികൾ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വാഹന വായ്പയുടെ തിരിച്ചടവിന് മൊറട്ടോറിയം പ്രഖ്യാപിക്കുന്നത് ഗതാഗത വകുപ്പിന്റെ പരിധിയിൽവരുന്ന വിഷയമല്ല.

**നിലയ്ക്കൽ-പമ്പ സർവ്വീസിന് ഈടാക്കുന്ന അമിത ചാർജ്**

291(3723) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മണ്ഡല-മകര വിളക്ക് തീർത്ഥാടനത്തോടനുബന്ധിച്ച് നിലക്കൽ-പമ്പ സർവ്വീസിന് കെ.എസ്.ആർ.ടി.സി. ബസ് ചാർജ് കൂട്ടിയതെന്തടിസ്ഥാനത്തിലാണെന്ന് വിശദീകരിക്കാമോ;

(ബി) ശബരിമലയിൽ അമിതമായ ബസ് ചാർജ് ഈടാക്കുന്നത് മൗലികാവകാശങ്ങളുടെ ലംഘനമാണെന്ന് സ്പെഷ്യൽ കമ്മീഷണർ ഹൈക്കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലക്കൽ-പമ്പ സർവ്വീസിന് ഈടാക്കുന്ന അമിത ചാർജ് പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടനത്തോടനുബന്ധിച്ച് നിലയ്ക്കൽ-പമ്പ സർവ്വീസിൽ അമിത ചാർജ് ഈടാക്കുന്നില്ല. സ്റ്റേജ് ക്യാരേജുകളുടെ നിരക്ക് സംബന്ധിച്ച് സർക്കാർ നിയോഗിച്ച ജസ്റ്റീസ് രാമചന്ദ്രൻ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ സ്റ്റേജ് ക്യാരേജുകളുടെ നിരക്ക് വർദ്ധിപ്പിച്ചിട്ടുള്ളത്. ടി ഉത്തരവിൽ ഗാട്ട് സെക്ടറിൽ കൂടുതൽ നിരക്ക് ഈടാക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ

ഉത്തരവിൻ പ്രകാരം ഉത്സവകാലത്ത് നടത്തുന്ന സർവ്വീസുകൾക്ക് പ്രത്യേക നിരക്കുകൾ ഈടാക്കുവാനും വ്യവസ്ഥയുണ്ട്. ടി വ്യവസ്ഥകൾ പ്രകാരമാണ് നിലയ്ക്കൽ-പമ്പ സർവ്വീസിന് നിരക്ക് കണക്കാക്കിയിരിക്കുന്നത്. ആയതിനാൽ നിയമാനുസൃതമായ നിരക്കുകൾ മാത്രമാണ് പ്രസ്തുത റൂട്ടിൽ ഈടാക്കിവരുന്നത്.

(ബി) നിലയ്ക്കൽ-പമ്പ ചെയിൻ സർവ്വീസിന്റെ നിരക്ക് വർദ്ധനവുമായി ബന്ധപ്പെട്ട് W.P (c) No.31125/2018 പ്രകാരം ഹൈക്കോടതി ഡിവിഷൻ ബഞ്ച് കെ.എസ്.ആർ.ടി.സി. ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടറെ കോടതിയിൽ വിളിച്ചുവരുത്തി വാദങ്ങൾ കേട്ട് നിരക്ക് വർദ്ധനവ് ശരിവയ്ക്കുകയുണ്ടായി.

(സി) അമിത ചാർജ് ഈടാക്കാത്തതിനാൽ പിൻവലിക്കാൻ ഉദ്ദേശിക്കുന്നില്ല.

## ഡ്രൈവിംഗ് പരിശീലനത്തിന് പാഠ്യപദ്ധതി തയ്യാറാക്കൽ പദ്ധതി

292(3724) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത എത്ര ഡ്രൈവിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) വാഹന അപകടങ്ങൾ കുറവില്ലാത്തത് കണക്കിലെടുത്ത് ഡ്രൈവിംഗ് സ്കൂളുകളുടെ പ്രവർത്തനം മികവുറ്റതാക്കി നല്ല പരിശീലനം നൽകുന്നതിനും ഡ്രൈവിംഗ് പരിശീലനത്തിന് സമഗ്രമായ പാഠ്യപദ്ധതി തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ?

### ഉത്തരം

(എ)സംസ്ഥാനത്ത് 3098 ഡ്രൈവിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഡ്രൈവിംഗ് സ്കൂളുകളുടെ നിലവാരം ഉയർത്തി നല്ല ഡ്രൈവർമാരെ വാർത്തെടുക്കുക എന്ന ഉദ്ദേശ്യത്തിലാണ് മലപ്പുറം ജില്ലയിലെ എടപ്പാളിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവർ ടെസ്റ്റിംഗ് ആൻഡ് റിസർച്ച് (IDTR) സ്ഥാപിച്ചിട്ടുള്ളത്. കേരളം മുഴുവൻ ഡ്രൈവിംഗ് ടെസ്റ്റിന് ഏകീകൃത സിലബസ്സ് നടപ്പാക്കാൻ ശ്രമിക്കുക, അടിസ്ഥാനപരമായ കാര്യങ്ങളെങ്കിലും ഡ്രൈവർമാരെ പഠിപ്പിക്കുക എന്നതും ഇതിന്റെ ലക്ഷ്യങ്ങളാണ്. IDTR- ൽ വച്ച് ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്ക് 5 ദിവസത്തെ ഒരു സർട്ടിഫിക്കറ്റ് കോഴ്സ് നടത്തിവരികയാണ്. കോഴ്സ് ഫീസായി ഒരാൾക്ക് 6,000 രൂപ ചെലവ് വരും. അതിൽ 2,000 രൂപ റോഡ് സേഫ്റ്റി അതോറിറ്റിയും 2,000 രൂപ ഡ്രൈവിംഗ് സ്കൂളും 2,000 രൂപ ഡ്രൈവിംഗ് സ്കൂളിലെ പരിശീലകനും വഹിക്കണമെന്നാണ്

തീരുമാനിച്ചിരിക്കുന്നത്. ഇതിൽ താമസം, ഭക്ഷണം, ബുക്ക്, പേന, പാഡ് മുതലായ പരിശീലനത്തെ സംബന്ധിക്കുന്ന എല്ലാ ചെലവുകളും ഉൾക്കൊള്ളുന്നതാണ്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഐ.ഡി. കാർഡും പങ്കെടുത്തതിനുള്ള സർട്ടിഫിക്കറ്റും ജാക്കറ്റും നൽകുന്നതാണ്. കമ്പ്യൂട്ടർവൽകൃത ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്ന സെന്ററുകളിലും ഉദ്യോഗസ്ഥർ നേരിട്ട് ടെസ്റ്റ് നടത്തുന്ന മറ്റ് ടെസ്റ്റിംഗ് ഗ്രൗണ്ടുകളിലും ടെസ്റ്റ് നടത്തുന്ന രീതിയിൽ വ്യത്യാസങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനാൽ ഇത് പരിഹരിക്കുന്നതിനായി ഈ രണ്ട് ടെസ്റ്റിംഗ് ട്രാക്കുകളിലും ഡ്രൈവിംഗ് ടെസ്റ്റുകൾ ഏകീകൃതമായി നടപ്പിലാക്കിവരുന്നു. ഇന്ത്യ ഒട്ടാകെ ഏകീകൃത ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനായി കേന്ദ്ര സർക്കാർ തുടക്കമിട്ട 'സാരഥി ' സംവിധാനം പരിക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്ത് ആലപ്പുഴ, കരുനാഗപ്പള്ളി, തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. തുടർന്ന് ഈ സംവിധാനം എല്ലാ ഓഫീസുകളിലും നടപ്പിലാക്കാനാണ് വകുപ്പ് തയ്യാറെടുത്തുവരുന്നത്. പരമ്പരാഗത രീതികളിൽ നിന്നും വ്യത്യസ്തമായി അപേക്ഷ സമർപ്പണരീതി മുതൽ മാറ്റംവരുന്നതിനാൽ ഈ സംവിധാനം സംസ്ഥാനത്തുടനീളം പൂർണ്ണമായി നടപ്പിലാക്കുന്നതോടെ മാന്യമായ ഡ്രൈവിംഗ് സംസ്കാരം ഡ്രൈവർമാരിൽ ജനിപ്പിക്കുന്നതിനും ഡ്രൈവിംഗ് സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിനും സാധിക്കുമെന്ന് പ്രതിക്ഷിക്കുന്നു.

## വാഹനങ്ങളുടെ സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ്

293(3725) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹന പരിശോധന കഴിഞ്ഞതിനുശേഷം സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ് (ഫോം നമ്പർ 38) റീജിയണൽ ട്രാൻസ്പോർട്ട് ഓഫിസിൽ നിന്ന് ഏതുവഴിയാണ് വാഹന ഉടമകൾക്ക് എത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ആർ.ടി.ഒ. ഓഫീസിൽനിന്ന് നൽകുന്ന സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ് ലഭിക്കാത്തപക്ഷം വെബ് സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുത്താൽ അതിന് നിയമപരമായ സാധ്യതയും അംഗീകാരവും ഉണ്ടായിരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(സി) സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ് (ഫോം നമ്പർ 38) വാഹന ഉടമകൾക്ക് നേരിട്ടാണോ ഏജന്റ് വഴിയാണോ തപാൽവഴിയാണോ മോട്ടോർ വാഹന വകുപ്പ് ഓഫീസിൽ നിന്ന് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇൻസ്പെക്ഷൻ കഴിയുന്ന ദിവസംതന്നെ സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ് നൽകാൻ വ്യവസ്ഥയുണ്ടോയെന്നും എങ്കിൽ ആ ദിവസം സ്വീകരിക്കാൻ ബന്ധപ്പെട്ട വാഹന ഉടമ ഓഫീസിൽ എത്താത്തപക്ഷം സർട്ടിഫിക്കറ്റ് ആര് എവിടെ സൂക്ഷിക്കുമെന്നും പിന്നീട് ആരാണത് നൽകുക എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ട്രാൻസ്പോർട്ട് (വാണിജ്യ) വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് (ഫോം നമ്പർ 38) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ ഫിറ്റ്നസ് ടെസ്റ്റ് പാസ്സാകുന്ന അതേ ദിവസം തന്നെ നേരിട്ട് ഉടമയ്ക്കോ ഡ്രൈവർക്കോ ഉടമ ചുമതലപ്പെടുത്തുന്നയാളിനോ വാഹനം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഒപ്പിടുന്ന ഉദ്യോഗസ്ഥൻ നൽകുന്നതാണ്.

(ബി) നിയമപരമായ സാധുതയും അംഗീകാരവും ഉണ്ടായിരിക്കുന്നതല്ല.

(സി) നേരിട്ടാണ് നൽകുന്നത്.

(ഡി) വാഹനം പരിശോധിച്ച് ഫോം നമ്പർ 38 ഒപ്പിടുന്ന മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ സൂക്ഷിക്കുന്നതും അന്നുതന്നെയോ പിന്നീട് വാഹന ഉടമയ്ക്കോ വാഹന ഉടമ രേഖാമൂലം അധികാരപ്പെടുത്തിയ വ്യക്തിക്കോ നേരിട്ട് നൽകുന്നതാണ്.

## കമ്പ്യൂട്ടറൈസ്ഡ് മോട്ടോർ ഡ്രൈവിംഗ് ടെസ്റ്റ് ഗ്രൗണ്ടുകൾ

294(3726) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കമ്പ്യൂട്ടറൈസ്ഡ് മോട്ടോർ ഡ്രൈവിംഗ് ടെസ്റ്റ് ഗ്രൗണ്ടുകൾ നിലവിൽ എവിടെയെല്ലാമാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഗ്രൗണ്ടുകളുടെ സംരക്ഷണ ചുമതലയും നിരീക്ഷണ ചുമതലയും ആർക്കാണെന്ന് വ്യക്തമാക്കുമോ;

(സി) മൂവാറ്റുപുഴ അരക്കുഴയിലുള്ള ടെസ്റ്റ് ഗ്രൗണ്ടെന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട്, കണ്ണൂർ, പാറശ്ശാല, തിരുവനന്തപുരം.

(ബി) സംരക്ഷണ ചുമതല-കെൽട്രോൺ നിരീക്ഷണ ചുമതല- ബന്ധപ്പെട്ട റീജീയണൽ ട്രാൻസ്പോർട്ട് ഓഫീസർ, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ

(സി) 2019-ൽ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ശബരിമലയിലേയ്ക്കുള്ള റോഡുകളിലെ സുരക്ഷാസംവിധാനങ്ങൾ

295(3727) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് മോട്ടോർ വാഹന വകുപ്പ് ശബരിമലയിലേയ്ക്കുള്ള റോഡുകളിൽ ഏർപ്പെടുത്തിയിട്ടുള്ള സുരക്ഷാ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത മേഖലയിൽ ഒന്നാം ഘട്ടത്തിൽ എത്ര ഉദ്യോഗസ്ഥരെ ഈ വർഷം ഡ്യൂട്ടിക്ക് നിയമിച്ചിട്ടുണ്ട്; കഴിഞ്ഞവർഷം ഒന്നാംഘട്ടത്തിൽ എത്ര പേരെ ഡ്യൂട്ടിക്ക് നിയമിച്ചിരുന്നു; വ്യക്തമാക്കുമോ;

(സി) രാത്രികാലങ്ങളിൽ തീർത്ഥാടനത്തിന് എത്തുന്ന അയ്യപ്പ ഭക്തരുടെ വാഹനങ്ങളുടെ സുരക്ഷക്കായി റോഡിൽ എന്തൊക്കെ സംവിധാനങ്ങളാണ് ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് 'സേഫ് സോൺ' എന്ന പേരിൽ വിപുലമായ ഒരുക്കങ്ങളാണ് മോട്ടോർ വാഹന വകുപ്പ് നടപ്പിലാക്കിയിരിക്കുന്നത്. ഇലവുങ്കൽ പ്രധാന കൺട്രോൾ റൂമും കുട്ടിക്കാനം, എരുമേലി എന്നിവിടങ്ങളിൽ സബ് കൺട്രോൾ റൂമും പ്രവർത്തിക്കുന്നു. 24 മണിക്കൂറും ക്യാമറകളുടെ സഹായത്തോടെ ശബരിമലപാത നിരീക്ഷിക്കുന്നുണ്ട്. പത്തനംതിട്ട, ഇലവുങ്കൽ, കുട്ടിക്കാനം, എരുമേലി, കുമളി തുടങ്ങിയ ഏകദേശം 400 കിലോമീറ്റർ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് 24 മണിക്കൂറും 15 ടീം പട്രോളിംഗ് നടത്തിവരുന്നു. കൂടാതെ വാഹനങ്ങൾക്കുണ്ടാകുന്ന കേടുപാടുകൾ തീർത്ത് യാത്ര സുഗമമാക്കുന്നതിനായി വിവിധ കമ്പനികളുടെ മെക്കാനിക്കുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ കൺട്രോൾ റൂമിലൂടെ നൽകിവരുന്നു. ആംബുലൻസ്, ക്രെയിൻ സംവിധാനങ്ങളും ലഭ്യമാണ്.

(ബി) പ്രസ്തുത മേഖലയിൽ ഒന്നാം ഘട്ടത്തിൽ 69 ഉദ്യോഗസ്ഥരെ ഈ വർഷം ഡ്യൂട്ടിക്ക് നിയമിച്ചിട്ടുണ്ട്. കഴിഞ്ഞവർഷം ഒന്നാം ഘട്ടത്തിൽ 51 പേരെ ഡ്യൂട്ടിക്ക് നിയമിച്ചിരുന്നു.

(സി) രാത്രികാലങ്ങളിൽ അപകടസാധ്യതയുള്ള മേഖലകളിൽ റിഫ്ലക്ടറുകൾ സ്ഥാപിക്കുകയും അപകടസാധ്യത കൂടിയ വളവുകളിൽ കോൺവെക്സ് ലെൻസുകൾ സ്ഥാപിക്കുകയും പട്രോളിംഗ് ശക്തമാക്കുകയും ചെയ്യുന്നുണ്ട്.

## കെ.എസ്.ആർ.ടി.സി.-യുടെ ആധുനികവത്കരണം

296(3728) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ഡിപ്പോകളും വർക്ക്ഷോപ്പുകളും ആധുനികവത്കരിക്കുന്നതിനുവേണ്ടി 2018-19 പ്ലാൻ ഫണ്ടിൽനിന്നും എത്ര തുകയാണ് നീക്കിവച്ചിരുന്നത്;

(ബി) പ്രസ്തുത തുകയുടെ എത്ര ശതമാനം നാളിതുവരെ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്;

(സി) പ്രസ്തുത ആധുനികവത്കരണ നടപടികൾ ഏതൊക്കെ ഡിപ്പോകളിലാണ് നടപ്പാക്കിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ വർക്ക്ഷോപ്പ് നവീകരണത്തിനും ഇൻഫ്രാസ്ട്രക്ചർ വികസനത്തിനുമായി 2018-19 പ്ലാൻ ഫണ്ടിൽ 34.64 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

(ബി) 'വർക്ക്ഷോപ്പുകൾ & ബസ് സ്റ്റേഷനുകൾ നവീകരണം' എന്ന പദ്ധതിക്കായി 4.7 കോടി രൂപയും 'യാർഡുകളുടെ നവീകരണം' എന്ന പദ്ധതിക്കായി 8 കോടി രൂപയും ചേർത്ത് ആകെ 12.7 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

നീക്കിവച്ചിരിക്കുന്ന തുകയായ 34.64 കോടി രൂപയുടെ 36.64 ശതമാനം (12.70 കോടി രൂപ) കെ.എസ്.ആർ.ടി.സി. ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-യുടെ മേജർ വർക്ക് ഷോപ്പുകളിൽ, അതായത് സെൻട്രൽ വർക്സ്, മാവേലിക്കര, ആലുവ, എടപ്പാൾ, കോഴിക്കോട് എന്നിവിടങ്ങളിൽ ആധുനിക രീതിയിലുള്ള മെഷിനറികളും, അതിനുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങളും നടപ്പിലാക്കിവരുന്നു. കൂടാതെ തൊടുപുഴ, പാല, തൊട്ടിൽപ്പാലം, പുനലൂർ, പത്തനംതിട്ട, കിളിമാനൂർ തുടങ്ങിയ ഡിപ്പോകൾ നവീകരിക്കുന്നതിനുള്ള ജോലികൾ പുരോഗതിയിലാണ്.

## ബാങ്കുകളുടെ കൺസോർഷ്യത്തിൽനിന്നും കെ.എസ്.ആർ.ടി.സി.-ക്ക് വായ്പ

297(3729) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാങ്കുകളുടെ കൺസോർഷ്യത്തിൽനിന്നും കെ.എസ്.ആർ.ടി.സി.-ക്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) 2018-19 സാമ്പത്തിക വർഷം കെ എസ്.ആർ.ടി.സി. പുനരുദ്ധാരണ വർഷമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ;

(സി) ഡ്യൂട്ടി പാറ്റേൺ പരിഷ്കരിച്ചതുമൂലമുണ്ടായ പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ബാങ്കുകളുടെ കൺസോർഷ്യത്തിൽനിന്നും 3100 കോടി രൂപയുടെ വായ്പ 31-3-2018-ൽ കെ.എസ്.ആർ.ടി.സി.-ക്ക് ലഭ്യമായിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്തുനിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുംവേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്റർ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.-യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി-യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. ദീർഘദൂരയാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിനും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനംചെയ്യുന്നതിനുമായി പുതിയതരം പുഷ്ബാക്ക് സീറ്റോടുകൂടിയ എയർ എക്സ്പ്രസ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയതരം സർവ്വീസുകൾ ഇതിനോടകംതന്നെ

ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേക്കും പുതിയ സർവ്വീസുകളും വാരാന്ത്യ പ്രത്യേക അന്തർസംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ പുതിയ 10 സ്കാനിയ തരത്തിലുള്ള ബസ്സുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ജീവനക്കാരുടെ പൂർണ്ണമായ സഹകരണം ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ കേരളത്തിലെ പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് 'ചിൽ ബസ് ' എന്ന പേരിൽ എ.സി ബസ്സുകൾ ഉപയോഗിച്ച് തിരുവനന്തപുരം-എറണാകുളം, എറണാകുളം-കോഴിക്കോട്, കോഴിക്കോട് - കാസർഗോഡ് എന്നീ റൂട്ടുകളിൽ പുതിയ സർവ്വീസുകൾ ഒരു മണിക്കൂർ ഇടവേളകളിൽ ആരംഭിച്ചിട്ടുണ്ട്. ടി എയർ കണ്ടീഷൻഡ് സർവ്വീസുകൾ കൃത്യനിഷ്ഠ പുലർത്തുന്നതിനാലും, കാര്യക്ഷമമായി നടത്തുവാൻ കഴിഞ്ഞതിനാലും കൂടുതൽ യാത്രക്കാരെ ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

കേരളത്തിലെ എയർപോർട്ടുകളിൽനിന്നും പ്രധാന നഗരങ്ങളിലേയ്ക്ക് ഫ്ലൈ ബസുകൾ എന്ന പേരിൽ പുതിയ എ.സി. സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. എയർപോർട്ടുകളിൽ നിന്ന് യാത്രക്കാർക്ക് കുറഞ്ഞ ചെലവിൽ സുഖകരമായ യാത്ര ഈ സർവ്വീസുകൾ പ്രദാനം ചെയ്യുന്നതിനാൽ ടി സർവ്വീസുകളും ജനോപകാരപ്രദമായി നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യിൽ പുതുതായി 10 ഇലക്ട്രിക് ബസ്സുകൾ വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കി സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ 5 ബസ്സുകൾ ശബരിമല മഹോൽസവത്തോടനുബന്ധിച്ച് നിലയ്ക്കൽ-പമ്പ ചെയിൻ സർവ്വീസ് നടത്തുന്നതിനായി ഇതിനോടകം ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. പരിസ്ഥിതി സൗഹാർദ്ദവും, ശബ്ദരഹിതവുമായ ഇത്തരം ബസ്സുകളിലൂടെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്രാസൗകര്യം പ്രദാനം ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ ജോലി സമയും ബസ്സുകൾ സർവ്വീസ് പൂർത്തിയാക്കി ഗ്യാരേജിൽ തിരികെ എത്തുന്ന സമയത്തിനനുസൃതമായി പുനഃക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle-ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

മെക്കാനിക്കൽ ജീവനക്കാരുടെ അധ്വാനഭാരം കുറച്ച് തദ്വാര ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗത്തിൽ വർക്ക് നോംസ് പരിഷ്കരിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും, തദ്വാര മനുഷ്യപ്രയത്നത്തിന്റെ ആവശ്യകത കുറയ്ക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി ഇതുസംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള സംസ്ഥാന പ്രൊഡക്റ്റിവിറ്റി കൗൺസിലിനെ ചുമതലപ്പെടുത്തുകയും അവരുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ ജോബ് നോംസ് പരിഷ്കരിച്ച് നടപ്പിലാക്കിവരികയുമാണ്. ഫ്ലീറ്റ് യൂട്ടിലൈസേഷൻ നിലവിലുള്ളതിൽനിന്നും ദേശീയ ശരാശരിയിലേയ്ക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഡ്രൈവർമാർക്കും മെക്കാനിക്കുകൾക്കും പരിശീലനം നൽകിവരുന്നു. ടയർ മൈലേജ് വർദ്ധിപ്പിച്ച് ചെലവ് ചുരുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-യിൽ പുനരുദ്ധാരണത്തിന്റെ ഭാഗമായി ക്രെഡിറ്റ്/ഡെബിറ്റ് കാർഡുകൾ/എൻ.സി.എം.സി/ക്യൂ.ആർ കോഡ് എന്നിവ ഉപയോഗിച്ച് ടിക്കറ്റ് എടുക്കുന്നതിനുള്ള സംവിധാനത്തോടുകൂടിയ ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകൾ (ETM) വാങ്ങുന്നതിന് ടെണ്ടർ വിളിച്ചിട്ടുണ്ട്. ടി സംവിധാനങ്ങളോടുകൂടി ഇ.ടി.എം-കൾ പരീക്ഷണാടിസ്ഥാനത്തിൽ നിലയ്ക്കൽ-പമ്പ ചെയിൻ സർവ്വീസിന് നൽകിയിട്ടുണ്ട്. ഇതുകൂടാതെ നിലയ്ക്കലിൽ പത്തും പമ്പയിൽ അഞ്ചും സെൽഫ് ടിക്കറ്റിംഗ് കിയോസ്കുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സംവിധാനങ്ങളോടുകൂടിയ പുതിയ ഇലക്ട്രോണിക്ക് ടിക്കറ്റിംഗ് മെഷീനുകൾ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി Human Resource-ഉം, payroll-ഉം കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് M/S. Keltron-മായി കരാർ ഒപ്പിടുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. യാത്രക്കാരെ കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് ആകർഷിക്കുന്നതിനും ജനകീയമാക്കുന്നതിനും ടിക്കറ്റുകൾ ബുക്ക് ചെയ്യുന്നതിന് പരിഷ്ക്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടു കൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മാത്രവുമല്ല നിലവിൽ 558 സർവ്വീസുകളിൽ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുമുണ്ട്.

(സി) ഡ്യൂട്ടി പാറ്റേൺ പരിഷ്കരിച്ചതുമായി ബന്ധപ്പെട്ട പരാതികൾ സംബന്ധിച്ച് തൊഴിലാളി സംഘടനകളുമായി ചർച്ചകൾ നടത്തുകയും പ്രസ്തുത പരാതികൾ പരിഹരിക്കുന്നതിലേക്കാവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ ഷെഡ്യൂളുകൾ പരിഷ്കരണം നടത്തുന്നതിലേക്കാവശ്യമായ നിർദ്ദേശങ്ങളും ഇതിനോടകം നൽകിയിട്ടുണ്ട്.

### കെ.എസ്.ആർ.ടി.സി. പെൻഷൻ കുടിശ്ശിക

298(3730) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് എത്രമാസത്തെ പെൻഷൻ കുടിശ്ശികയുണ്ടായിരുന്നു എന്നറിയിക്കാമോ;

(ബി) നിലവിൽ പെൻഷൻ കുടിശ്ശികയുണ്ടോ; എങ്കിൽ എത്ര മാസത്തേതെന്ന് വെളിപ്പെടുത്തുമോ;

(സി) ഒരു മാസത്തെ പെൻഷൻ നൽകുന്നതിന് ശരാശരി എത്ര കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് ആവശ്യമുണ്ട്;

(ഡി) പെൻഷൻ സമയബന്ധിതമായി നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പെൻഷൻ കുടിശ്ശിക ഒന്നുംതന്നെ ഇല്ലായിരുന്നു.

(ബി)നിലവിൽ പെൻഷൻ കുടിശ്ശികയില്ല.

(സി) ഒരു മാസത്തെ പെൻഷൻ നൽകുന്നതിന് ശരാശരി 60 കോടി രൂപ ആവശ്യമുണ്ട്.

(ഡി) പെൻഷൻ സമയബന്ധിതമായി നൽകുന്നതിന് സർക്കാർ മുൻകയ്യെടുത്ത് സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് (PACS) 2017 ഡിസംബർ മുതൽ പെൻഷൻ കൃത്യമായി വിതരണം നടത്തിവരുന്നുണ്ട്.

## കെ.എസ്.ആർ.ടി.സി.-യുടെ കടബാദ്ധ്യത

299(3731) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ.എസ്.ആർ.ടി.സി.- യുടെ കടബാദ്ധ്യത എത്ര കോടി രൂപ ആയിരുന്നു;

(ബി) സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.- യ്ക്ക് സർക്കാർ വായ്പ ഇനത്തിൽ എത്ര കോടി രൂപ നൽകിയിട്ടുണ്ടെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യുടെ കണക്ക് പ്രകാരം ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 31-3-2016-ൽ സർക്കാർ വായ്പയുൾപ്പെടെ 2933.12 കോടി രൂപയായിരുന്നു കട ബാദ്ധ്യത. കെ.റ്റി.ഡി.എഫ്.സി.-യിൽനിന്നും കെ.എസ്.ആർ.ടി.സി. എടുത്തിരുന്ന വായ്പകളുടെ കണക്ക് ഇരുസ്ഥാപനങ്ങളുടെയും അക്കൗണ്ട്സിൽ വ്യത്യസ്തമാണ്. കണക്കുകൾ രഞ്ജിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ കൃത്യമായ കണക്ക് ലഭ്യമാക്കുകയുള്ളൂ.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ 7055-00-190-99- കെ.എസ്.ആർ.ടി.സി.-ക്കുള്ള വായ്പകൾ എന്ന ശീർഷകത്തിൽ നിന്ന് പദ്ധതിയേതര വിഹിതമായി (വായ്പയായി) 305 കോടി രൂപ നൽകി.

2017-18 സാമ്പത്തിക വർഷത്തിൽ 7055-00-190-99- കെ.എസ്.ആർ.ടി.സി.-ക്കുള്ള വായ്പകൾ എന്ന ശീർഷകത്തിൽ നിന്ന് പദ്ധതി വിഹിതമായി 205 കോടി രൂപയും പദ്ധതിയേതര വിഹിതമായി 630 കോടി രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷത്തിൽ 7055-00-190-99- കെ.എസ്.ആർ.ടി.സി.-ക്കുള്ള വായ്പകൾ എന്ന ശീർഷകത്തിൽ നിന്ന് ഇതുവരെ 701.989272 കോടി രൂപ, കെ.എസ്.ആർ.ടി.സി.-യിലെ ശമ്പള/വേതന വിതരണം, സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേന വിതരണം ചെയ്ത കെ.എസ്.ആർ.ടി.സി. പെൻഷൻ തുക 10% പലിശ സഹിതമുള്ള തിരിച്ചടവ്, കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്ന് കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള വായ്പകളുടെ പലിശ തിരിച്ചടവ്, കെ.എസ്.ആർ.ടി.സി.-യിലെ ഓണക്കാലത്തെ ബോണസ് വിതരണം കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ നാഷണൽ പെൻഷൻ സ്കീം (NPS), കുടിശ്ശിക തീർപ്പാക്കൽ എന്നീ ആവശ്യങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്.

## കൂടുതൽ മേഖലകളിലേയ്ക്ക് കെ.എസ്.ആർ.ടി.സി.സർവ്വീസുകൾ

300(3732) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ കാലികപ്രസക്തിയും നില നിർത്തേണ്ടതിന്റെ ആവശ്യകതയും പൊതുജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ യാത്രക്കാരെ ലഭ്യമാകുന്ന സാഹചര്യങ്ങളിൽ കൂടുതൽ മേഖലകളിലേയ്ക്ക് സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) കെ.എസ്.ആർ.ടി.സി.-യെ ജനങ്ങളുമായി കൂടുതൽ അടുപ്പിക്കുന്നതിന് വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

## കെ.എസ്.ആർ.ടി.സി.-ക്കുള്ള സാമ്പത്തിക സഹായം

301(3733) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ച സാമ്പത്തിക സഹായങ്ങളുടെ വിശദാംശം നൽകുമോ;

(ബി) കെ.എസ്.ആർ.ടി.സി. ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം 5055-00-190-99- കെ.എസ്.ആർ.ടി.സി.-യിലെ നിക്ഷേപങ്ങൾ എന്ന ശീർഷകത്തിൽ നിന്ന് പദ്ധതി വിഹിതമായി 40.61 കോടി രൂപയും 7055-00-190-99- കെ.എസ്.ആർ.ടി.സി.-ക്കുള്ള വായ്പകൾ എന്ന ശീർഷകത്തിൽ നിന്ന് പദ്ധതിയേതര വിഹിതമായി (വായ്പയായി) 305 കോടി രൂപയും നൽകി.

2017-18 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതമായി 5055-00-190-99 എന്ന ശീർഷകത്തിൽ നിന്ന് 29.6 കോടി രൂപയും 7055-00-190-99- കെ.എസ്.ആർ.ടി.സി.-ക്കുള്ള വായ്പകൾ എന്ന ശീർഷകത്തിൽ നിന്ന് പദ്ധതി വിഹിതമായി 205 കോടി രൂപയും പദ്ധതിയേതര വിഹിതമായി 630 കോടി രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷത്തിൽ 5055-00-190-99 (പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതമായ 49.15 കോടി രൂപയിൽ 13.90 കോടി രൂപയുടെ പദ്ധതികൾക്ക് ഗ്രീൻ ബുക്ക് മുഖേന ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം 7055-00-190-99- കെ.എസ്.ആർ.ടി.സി.-ക്കുള്ള വായ്പകൾ എന്ന ശീർഷകത്തിൽ നിന്ന് ഇതുവരെ 701.989272 കോടി രൂപ, കെ.എസ്.ആർ.ടി.സി.യിലെ ശമ്പള/വേതന വിതരണം, സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേന വിതരണം ചെയ്ത കെ.എസ്.ആർ.ടി.സി. പെൻഷൻ തുക 10% പലിശ സഹിതമുള്ള തിരിച്ചടവ്, കെ.റ്റി.ഡി.എഫ്.സി.-യിൽനിന്ന് കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള വായ്പകളുടെ പലിശ തിരിച്ചടവ്, കെ.എസ്.ആർ.ടി.സി.-യിലെ ഓണക്കാലത്തെ ബോണസ് വിതരണം, കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ നാഷണൽ പെൻഷൻ സ്കീം (NPS) കുടിശ്ശിക തീർപ്പാക്കൽ എന്നീ ആവശ്യങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-ക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി യൂണിറ്റുകളിൽ പ്രവർത്തിച്ചുവരുന്ന സ്റ്റാളുകൾ എൽ.ആർ.സ്റ്റാൾ, ക്യാന്റീൻ ലൈസൻസ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ ലൈസൻസ് കാലാവധി 3 വർഷമായി നിജപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 3 വർഷം പൂർത്തീകരിച്ച ലൈസൻസുകൾ റദ്ദ് ചെയ്ത് പുനർലേലം നടത്തുകയും സ്റ്റാളുകൾ തുടർന്ന് പ്രവർത്തിപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന ലൈസൻസ് ഫീയിൽ 100% വർധനവ് വരുത്തി പുതുക്കി നൽകിയ വഴിയിലും പ്രതിമാസ ലൈസൻസ് ഫീയിൽ പതിൻമടങ്ങ് വർദ്ധനവ് വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ പരസ്യ പ്രദർശനത്തിന് ജില്ലാ അടിസ്ഥാനത്തിൽ ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു. കൂടാതെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ ഡിജിറ്റൽ വീഡിയോ വോൾ സ്ഥാപിച്ച് പരസ്യം പ്രദർശിപ്പിക്കുന്നതിനും ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു. മുൻവർഷങ്ങളിൽനിന്നും വ്യത്യസ്തമായി നിബന്ധനകളിൽ കാതലായ മാറ്റം വരുത്തിയത് വഴി കെ.എസ്.ആർ.ടി.സി. ബസുകൾ പരസ്യത്തിന് നൽകുന്നതുവഴി പ്രതിവർഷം 8.38 കോടി രൂപയിൽനിന്നും 21 കോടിയിലേക്കും, KURTC ബസുകളിൽ 1,30,00,000 രൂപയിൽനിന്നും 5.33 കോടി രൂപയിലേക്കും വരുമാനം ഉയർത്തുവാൻ കഴിഞ്ഞു. അത്തരത്തിൽ 5 വർഷത്തേക്ക് 59 കോടി രൂപയിൽനിന്നും 161 കോടി രൂപയിലേയ്ക്ക് ഗണ്യമായ വർദ്ധനവാണ്

കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചത്. ആയതിനൊപ്പം വാണിജ്യ സമുച്ചയങ്ങളിൽ മൾട്ടിപ്ലക്സ് സിനിമാശാലകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസിയെ കണ്ടെത്തുന്നതിനുള്ള പദ്ധതിയും വിഭാവന ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസുകളിൽ കൊറിയർ പാഴ്സൽ സർവ്വീസ് നടത്തുന്നതിലൂടെ പ്രതിമാസം 13,15,000 രൂപ ലഭിക്കുന്നു. ഇത് ഈയിനത്തിൽ പോയ വർഷത്തെ വരുമാനത്തിനേക്കാൾ ആറുമടങ്ങ് വർദ്ധനവ് വരുത്തിയിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യിലെ സെസ്സ് പിരിവ്

302(3734) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യാത്രക്കാരിൽനിന്നും സെസ്സ് പിരിക്കുന്നതെന്തെല്ലാം ആവശ്യങ്ങൾക്കാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുവരെ സെസ്സ് ഇനത്തിൽ ലഭിച്ചതുക എത്രയെന്നും ചെലവഴിച്ച തുക എത്രയെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) സെസ്സിന്റെ വർദ്ധനവ് ഏതൊക്കെ സ്റ്റേജുകളിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) ചാർജ്ജ് വർദ്ധനവിന് ആനുപാതികമായി, ഈടാക്കുന്ന സെസ്സിന്റെ സ്റ്റേജ് ഉയർത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) സെസ്സ് ഇനത്തിൽ ലഭിച്ച തുക കെ.എസ്.ആർ.ടി.സി. ബസ്സിൽ ടിക്കറ്റെടുത്ത് യാത്ര ചെയ്യുമ്പോൾ അപകടത്തിൽപ്പെടുന്ന യാത്രക്കാർക്ക് സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ (പരമാവധി പത്ത് ലക്ഷം രൂപ) നൽകുന്നതിനും, ഡിപ്പോകളിൽ യാത്രക്കാർക്കുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുമാണ് ഉപയോഗിക്കുന്നത്.

(ബി) സെസ്സ് ഇനത്തിൽ 30-11-2018 വരെ 281,68,27,758 രൂപ (ഇരുന്നൂറ്റി എൺപത്തി ഒന്ന് കോടി അറുപത്തി എട്ട് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി എഴുന്നൂറ്റി അൻപത്തിയെട്ട് രൂപ) ലഭിച്ചിട്ടുണ്ട്. ന്യൂ ഇൻഡ്യ അഷ്വറൻസ് എന്ന ഇൻഷ്വറൻസ് കമ്പനിയിൽ പ്രീമിയം ഇനത്തിൽ 2016-ൽ 2,63,35,000 രൂപയും 2017-ൽ 2,73,20,119 രൂപയും 2018-ൽ 2,90,28,000 രൂപയും ഇൻഷ്വറൻസ് പരിരക്ഷ നൽകുവാനായി ഒടുക്കിയിട്ടുണ്ട്.

(സി) വിശദ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സ്ലാബ് | പിരിക്കുന്ന തുക |
|---|---|---|
| 1 | ₹ 14 വരെയുള്ള ടിക്കറ്റ് | സെസ്സ് ഇല്ല |
| 2 | ₹15 മുതൽ 24 വരെയുള്ള ടിക്കറ്റ് | 1 രൂപ |
| 3 | ₹25 മുതൽ 49 വരെയുള്ള ടിക്കറ്റ് | 2 രൂപ |
| 4 | ₹50 മുതൽ 74 വരെയുള്ള ടിക്കറ്റ് | 3 രൂപ |
| 5 | ₹75 മുതൽ 99 വരെയുള്ള ടിക്കറ്റ് | 4 രൂപ |
| 6 | ₹100 രൂപയ്ക്ക് മുകളിലുള്ള ടിക്കറ്റ് | 10 രൂപ |

(ഡി) ചാർജ് വർദ്ധനവിന് ആനുപാതികമായി ഈടാക്കുന്ന സെസ്സിന്റെ സ്റ്റേജ് ഉയർത്തിയിട്ടില്ല. ഇതുസംബന്ധിച്ച വിശദമായ പഠനം നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്

**കെ.എസ്.ആർ.ടി.സി.-യുടെ വരവ് ചെലവ് കണക്കുകൾ**

303(3735) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ കെ.എസ്.ആർ.ടി.സി.യുടെ വരവ്, ചെലവ്, ജീവനക്കാരുടെ എണ്ണം (എംപാനൽ ഉൾപ്പെടെ) എന്നിവയുടെ വർഷംതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

2013 മുതൽ 2017 വരെയുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു:

| വർഷം | വരവ് (തുക കോടിയിൽ) | ചെലവ് (തുക കോടിയിൽ) |
|---|---|---|
| 2013 | 1,642.50 | 2,612.18 |
| 2014 | 1,670.04 | 2,692.22 |
| 2015 | 1,838.41 | 2,863.66 |
| 2016 | 1,815.41 | 3,166.89 |
| 2017 | 1,861.11 | 3,517.37 |

എംപാനൽ ഉൾപ്പെടെയുള്ള ജീവനക്കാരുടെ എണ്ണം (മാർച്ച് മാസത്തെ

കണക്കനുസരിച്ച്) വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| വർഷം | സ്ഥിരം | താൽക്കാലികം | ആകെ |
|---|---|---|---|
| 3/2014 | 35279 | 10387 | 45666 |
| 3/2015 | 34744 | 9662 | 44406 |
| 3/2016 | 35092 | 9212 | 44304 |
| 3/2017 | 35075 | 9016 | 44091 |
| 3/2018 | 32919 | 8006 | 40925 |

## കെ.എസ്.ആർ.ടി.സി. നെയ്യാറ്റിൻകര ഡിപ്പോയിൽ നിർത്തലാക്കിയ ഷെഡ്യൂളുകൾ

304(3736) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നെയ്യാറ്റിൻകര ഡിപ്പോയിൽ 2018-ജനുവരി മുതൽ 2018 നവംബർ 29-ാം തീയതി വരെ എത്ര ഷെഡ്യൂൾ ആണ് നിർത്തിയതെന്ന് വ്യക്തമാക്കാമോ; നിർത്തൽ ആക്കിയ ഷെഡ്യൂളുകളുടെ റൂട്ടുകളുടെ പേരും സമയവും വ്യക്തമാക്കാമോ;

(ബി) യാത്രാക്ലേശം രൂക്ഷമായ നെയ്യാറ്റിൻകരയിൽ ആയത് പരിഹരിക്കുന്നതിന് പുതിയതായി എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ;

(സി) 2018-ജനുവരി മുതൽ 2018 നവംബർ മാസം വരെ ഓരോ മാസവും ഈ ഡിപ്പോയിൽ ലഭിച്ച വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) നെയ്യാറ്റിൻകര ഡിപ്പോയിൽ എത്ര സ്ഥിരം ജീവനക്കാർ ഉണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത കാലയളവിൽ നെയ്യാറ്റിൻകര യൂണിറ്റിൽനിന്നും സർവ്വീസുകളൊന്നും നിർത്തലാക്കിയിട്ടില്ല.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി ഷെഡ്യൂൾ പുനഃക്രമീകരണം കാര്യക്ഷമമായി നടത്തിവരുന്നുണ്ട്. യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ ടി ക്രമീകരണം നടത്തുന്നതിനും യാത്രാക്ലേശം ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി)2018 ജനുവരി മുതൽ 2018 നവംബർ മാസം വരെ നെയ്യാറ്റിൻകര ഡിപ്പോയിൽ ലഭിച്ച കെ.എസ്.ആർ.ടി.സി.-യുടെയും കെ.യു.ആർ.ടി.സി.-യുടെയും

ടിക്കറ്റ് വരുമാനം ചുവടെ ചേർക്കുന്നു:

| MONTH | KSRTC | KURTC | TOTAL |
|---|---|---|---|
| Jan-18 | 23945849 | 1528986 | 25474835 |
| Feb-18 | 22468261 | 1492292 | 23960553 |
| Mar-18 | 27753422 | 1386060 | 29139482 |
| Apr-18 | 26506017 | 1246609 | 27752626 |
| May-18 | 29173524 | 1616697 | 30790221 |
| Jun-18 | 28087025 | 1725400 | 29812425 |
| Jul-18 | 29233308 | 1877966 | 31111274 |
| Aug-18 | 26049086 | 1166493 | 27215579 |
| Sep-18 | 28241152 | 838092 | 29079244 |
| Oct-18 | 27569407 | 1050825 | 28620232 |
| Nov-18 | 26187868 | 1008881 | 27196749 |

(ഡി)നെയ്യാറ്റിൻകര ഡിപ്പോയിലെ സ്ഥിരം ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു:

| | |
|---|---|
| അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയർ | 1 |
| സൂപ്രണ്ട് | 4 |
| അസിസ്റ്റന്റ് | 13 |
| ടൈപ്പിസ്റ്റ് | 1 |
| പ്യൂൺ | 2 |
| വെഹിക്കിൾ സൂപ്പർവൈസർ | 3 |
| ഡ്രൈവർ | 161 |
| കണ്ടക്ടർ | 170 |
| സെക്യൂരിറ്റി | 4 |
| സ്റ്റോർ സ്റ്റാഫ് | 3 |
| ഇൻസ്പെക്ടർ | 21 |
| മെക്കാനിക്ക് | 51 |
| ബ്ലാക്ക് സ്മിത്ത് | 12 |

| | |
|---|---|
| കോച്ച് ബിൽഡർ | 2 |
| പെയിന്റർ | 3 |
| വെൽഡർ | 1 |
| ചാർജ്ജ്മാൻ | 5 |
| പമ്പ് ഓപ്പറേറ്റർ | 2 |
| അപ്ഹോൾസ്റ്റർ | 1 |
| ആകെ | 460 |

## കെ.എസ്.ആർ.ടി.സി. സ്ലീപ്പർ ക്ലാസ് ബസ്സുകൾ

305(3737) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘദൂര റൂട്ടുകളിൽ സ്ലീപ്പർ ക്ലാസ് ബസ്സുകൾ ഓടിക്കുന്നതിന് കെ.എസ്.ആർ.ടി.സി. പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഏതൊക്കെ സ്ഥലങ്ങളിലേക്കാണ് സ്ലീപ്പർ ക്ലാസ്സ് സർവ്വീസ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതിനായി പുതിയ ബസ്സുകൾ വാങ്ങുന്നതിനോ കരാർ അടിസ്ഥാനത്തിൽ വാടക ബസ്സുകൾ എടുക്കുന്നതിനോ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സ്ലീപ്പർ ക്ലാസ്സ് ബസ്സുകൾ ഓടിക്കുന്നതിന് മോട്ടോർ വാഹന നിയമത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തേണ്ടതുണ്ടോ; ഉണ്ടെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ?

ഉത്തരം

(എ-ഡി) സ്ലീപ്പർ ക്ലാസ് ബസുകൾ ഓടിക്കുന്നതിന് മോട്ടോർ വാഹന നിയമത്തിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. ഇതിനുശേഷമെ സ്ലീപ്പർ ക്ലാസ് ബസുകൾ ഓടിക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## വഴിമദ്ധ്യേ കേടാകുന്ന കെ.എസ്.ആർ.ടി.സി. ബസുകൾ

306(3738) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് നടത്തിക്കൊണ്ടിരിക്കെ കെ.എസ്.ആർ.ടി.സി. ബസുകൾ കേടായി വഴിമദ്ധ്യേ നിർത്തിയിടേണ്ട സാഹചര്യത്തിൽ പാലിക്കേണ്ട നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ;

(ബി) വഴി മദ്ധ്യേ കേടാകുന്ന കെ.എസ്.ആർ ടി.സി. ബസുകൾ റോഡിൽതന്നെ പാർക്ക് ചെയ്യുന്നതുകൊണ്ട് ഗതാഗത തടസ്സം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഡ്യൂട്ടിക്കിടയിൽ ബസ് ബ്രേക്ക്ഡൗൺ ആയാൽ പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് നിലവിലുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

ഉടൻതന്നെ യാത്രക്കാരെ അടുത്ത വാഹനത്തിൽ കയറ്റി അയയ്ക്കാനുള്ള നടപടി സ്വീകരിക്കണം. ബ്രേക്ക്ഡൗൺ ആയതിനുള്ള കാരണം പരിശോധിച്ച് ബ്രേക്ക്ഡൗൺ ചിറ്റ് തയ്യാറാക്കി അടുത്ത ഡിപ്പോയ്ക്ക് നൽകണം. കൂടാതെ അടുത്ത ബസ് സ്റ്റേഷനിലേയ്ക്ക് ഫോൺ ചെയ്ത് ബ്രേക്ക്ഡൗൺ വിവരം പറയുകയും അറ്റന്റ് ചെയ്യുവാനുള്ള നടപടി സ്വീകരിക്കുവാൻ അഭ്യർത്ഥിക്കുകയും ചെയ്യേണ്ടതാണ്. ബസ് സ്റ്റേഷനിൽനിന്ന് ബ്രേക്ക് ഡൗൺ അറ്റന്റ് ചെയ്യാൻ മതിയായ സമയത്തിനുള്ളിൽ മെക്കാനിക്കുകൾ എത്തിയില്ലെങ്കിൽ വീണ്ടും ഫോൺ ചെയ്ത് വിവരം ഓർമ്മിപ്പിക്കേണ്ടതാണ്. അറ്റകുറ്റപ്പണിക്കുശേഷം ബസ് സർവ്വീസിന് യോഗ്യമായി ലഭിച്ചാൽ ഏതെങ്കിലും ഡയറക്ഷൻ ആവശ്യമുള്ള പക്ഷം ഇൻസ്പെക്ടറുടെ/അടുത്ത ബസ് സ്റ്റേഷനിൽനിന്നും നിർദ്ദേശമനുസരിച്ച് തുടർന്ന് സർവ്വീസ് ഓപ്പറേറ്റ് ചെയ്യണം. ബ്രേക്ക് ഡൗൺ വിവരം അടുത്തുള്ള ബസ് സ്റ്റേഷനിൽ അറിയിച്ചുകഴിഞ്ഞാൽ അവിടെ നിന്നുള്ള നിർദ്ദേശമില്ലാതെ മറ്റൊരു ബസ് സ്റ്റേഷനിൽ അറിയിക്കുവാൻ പാടുള്ളതല്ല. ബ്രേക്ക് ഡൗൺ ആയ വിവരവും എന്തുകൊണ്ടാണ് ബ്രേക്ക് ഡൗൺ ആയതെന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങളും ഡ്രൈവർ ലോഗ് ഷീറ്റിൽ രേഖപ്പെടുത്തേണ്ടതാണ്.

(ബി&സി) ആക്സിഡന്റ്, റോഡിൽനിന്നും ഉടനടി മാറ്റാൻ കഴിയാത്ത തരത്തിലുള്ള ബ്രേക്ക്ഡൗൺ എന്നീ സാഹചര്യങ്ങളിൽ അപൂർവ്വമായി ഗതാഗതക്കുരുക്ക് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ സമയബന്ധിതമായി ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് അടിയന്തര ഇടപെടലുകൾ കോർപ്പറേഷന്റെ ഭാഗത്തുനിന്നും, പോലീസ്, മറ്റ് വകുപ്പുകൾ എന്നിവ മുഖാന്തരവും ചെയ്തുവരുന്നു.

## പിറവം, കൂത്താട്ടുകുളം ഡിപ്പോകളിൽ അനുവദിച്ച ബസുകൾ

307(3739) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം, കൂത്താട്ടുകുളം കെ.എസ്.ആർ.ടി.സി ഡിപ്പോകളിൽ 2018 ഏപ്രിൽ 1 മുതൽ പുതുതായി അനുവദിച്ച ബസുകളുടെ വിവരം ഡിപ്പോ അടിസ്ഥാനത്തിൽ ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ബി) മേൽ തീയതി മുതൽ പ്രസ്തുത ഡിപ്പോകളിൽ നിന്ന് പിൻവലിച്ച ബസുകളുടെ വിവരം ബസ് നമ്പർ, ബസുകളുടെ ഇനം, റൂട്ട്, പിൻവലിച്ച തിയതി എന്നിവ സഹിതം ഡിപ്പോ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

ഉത്തരം

(എ) പിറവം, കൂത്താട്ടുകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ 2018 ഏപ്രിൽ ഒന്നിന് ശേഷം പുതിയ ബസുകൾ അനുവദിച്ചിട്ടില്ല.

(ബി) 2018 ഏപ്രിൽ 1-ാം തീയതി മുതൽ പിറവം ഡിപ്പോയിൽനിന്നും ബസുകൾ പിൻവലിച്ചിട്ടില്ല. കൂത്താട്ടുകുളം ഡിപ്പോയിൽ നിന്ന് 3 ബസ്സുകൾ പിൻവലിച്ചിട്ടുണ്ട്. 30-8-2018 മുതൽ 8.00 മണി എറണാകുളം ഹൈക്കോർട്ട് സർവ്വീസ് നടത്തിയിരുന്ന RRE 127-ാം നമ്പർ ബസും, 27-8-2018 മുതൽ 9.00 മണി എറണാകുളം ഓർഡിനറി സർവ്വീസ് നടത്തിയിരുന്ന RRC 638-ാം നമ്പർ ബസും, 23-8-2018 മുതൽ 6.30 മണി മെഡിക്കൽ കോളേജ് ഓർഡിനറി സർവ്വീസ് നടത്തിയിരുന്ന RNM 702-ാം നമ്പർ ബസ്സും പിൻവലിച്ചിട്ടുണ്ട്.

## ബസുകളിൽ വാർഷിക അറ്റകുറ്റപ്പണികൾക്കുള്ള കരാർ

308(3740) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ള ബസുകളിൽ വാർഷിക അറ്റകുറ്റപണികൾക്കുള്ള കരാർ സ്വകാര്യ കമ്പനികളെ ഏൽപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ചകൾ ഉണ്ടായിട്ടുണ്ടോ; ഇതിൽ തീരുമാനമായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം ചെയ്യുകവഴി ഉണ്ടാകുന്ന മെക്കാനിക്കൽ ജീവനക്കാരുടെ തൊഴിൽനഷ്ടം പരിഹരിക്കുവാൻ എന്ത് നടപടിയാണ് ഉണ്ടാവുകയെന്ന് അറിയിക്കുമോ;

(സി) ബസിന്റെ ബോഡി ബിൽഡിംഗ് ജോലികൾ സ്വകാര്യ കമ്പനികൾക്ക് കൈമാറിയതുവഴി കോർപ്പറേഷൻ ലാഭമുണ്ടാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി) വാർഷിക അറ്റകുറ്റപ്പണികൾക്കുള്ള കരാർ സ്വകാര്യ കമ്പനികളെ ഏൽപ്പിക്കുന്നതിനുള്ള ചർച്ചകൾ ഉണ്ടായിട്ടില്ല.

(സി) ബസ് ബോഡി ബിൽഡിംഗ് ജോലികൾ സ്വകാര്യ കമ്പനികൾക്ക് കൈമാറിയിട്ടില്ല. ഫുള്ളി ബിൽറ്റ് ബസ് ടെൻഡർ വിളിച്ച് വാഹന നിർമ്മാതാക്കളിൽനിന്നും വാങ്ങിയിട്ടുണ്ട്.

## കൊടുങ്ങല്ലൂർ-മൂകാംബിക, പിറവം-ബാംഗ്ളൂർ ബസ്സുകൾക്ക് തൃപ്രയാറിൽ സ്റ്റോപ്പ്

309(3741) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർനിന്നും ഗുരുവായൂർനിന്നും തൃപ്രയാർ വഴി കടന്നുപോകുന്ന എത്ര കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ്സുകളുണ്ട്;

(ബി) കൊടുങ്ങല്ലൂർനിന്നും മൂകാംബികയ്ക്കു പോകുന്ന കെ.എസ്.ആർ.ടി.സി. ബസ്സിന് തൃപ്രയാർ ക്ഷേത്രത്തിന് സമീപം സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പിറവം- ബാംഗ്ളൂർ കെ.എസ്.ആർ.ടി.സി. ബസ്സിന് തൃപ്രയാർ ക്ഷേത്രത്തിന് സമീപം സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) തൃശ്ശൂരിൽനിന്നും 3-ഉം, ഗുരുവായൂരിൽനിന്നും 37-ഉം ഉൾപ്പെടെ ആകെ 40 സർവ്വീസുകൾ തൃപ്രയാർ വഴി കടന്നുപോകുന്നുണ്ട്. കൂടാതെ,

| | |
|---|---|
| നോർത്ത് പറവൂർ | 14 |
| ചേർത്തല | 1 |
| കൊടുങ്ങല്ലൂർ | 13 |
| മാള | 2 |
| ഇരിങ്ങാലക്കുട | 10 |
| എറണാകുളം | 6 |
| പാല | 4 |
| പിറവം | 2 |
| പൊൻകുന്നം | 1 |
| എരുമേലി | 1 |

എന്നീ ഡിപ്പോകളിൽനിന്നും ബസുകൾ തൃപ്രയാർ വഴി കടന്നുപോകുന്നുണ്ട്.

(ബി&സി) സാദ്ധ്യതാപഠനം നടത്തി ദീർഘദൂര യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമെങ്കിൽ സ്റ്റോപ്പ് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. യാത്രാകൺസഷൻ**

310 (3742) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. വഴി വിദ്യാർത്ഥികൾക്ക് നൽകിവരുന്ന യാത്രാ കൺസഷൻ കാർഡിന്റെ വിതരണത്തിൽ പുതിയ മാനദണ്ഡമുണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അതിനാസ്പദമായ ഗവൺമെന്റ് നിർദേശം എന്നിവ വെളിപ്പെടുത്തുമോ;

(ബി) ഗവൺമെന്റ് നിർദേശമില്ലാതെ താൽക്കാലികമായി നയം മാറ്റുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് അധികാരം നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കാര്യങ്ങളിൽ, ഏതൊക്കെ ഉദ്യോഗസ്ഥർക്ക് എത്ര കാലത്തേക്ക് അധികാരം നൽകിയിട്ടുണ്ട്; ആയതുപ്രകാരം വിദ്യാർത്ഥികളിൽ നിന്ന് ഫൈൻ ഈടാക്കാൻ കെ.എസ്.ആർ.ടി.സി.-ക്ക് അധികാരമുണ്ടോ; എങ്കിൽ ഏതെല്ലാം ഇനങ്ങളിൽ എന്ന് വെളിപ്പെടുത്താമോ;

(സി) മുൻ വർഷം യാത്രാ കൺസഷൻ കാർഡ് എടുത്തിട്ടില്ലാത്തവർ നടപ്പു വർഷം അപേക്ഷ നൽകിയപ്പോൾ 500 രൂപ പിഴ ഈടാക്കുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് ആരാണ് നിർദ്ദേശം നൽകിയത്; പ്രസ്തുത നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഇത്തരത്തിലുള്ള പിഴ തലസ്ഥാന നഗരിയിലെ സിറ്റി ഡിപ്പോയിൽ മാത്രം ഈടാക്കിയതായ റിപ്പോർട്ടുകളിന്മേൽ കെ.എസ്.ആർ.ടി.സി. നടപടി സ്വീകരിച്ചിരുന്നോ; എങ്കിൽ ആർക്കെതിരെ; എന്തൊക്കെ നടപടി സ്വീകരിച്ചു എന്നറിയിക്കാമോ;

(ഇ) സാധാരണക്കാരായ കുട്ടികളിൽനിന്ന് ഭീമമായ പിഴ പിരിച്ചെടുത്തതിന്റെ വിശദീകരണം നൽകുമോ; ഇപ്രകാരം എത്ര വിദ്യാർത്ഥികളിൽ നിന്ന് പിഴ ഈടാക്കി; പിരിച്ചെടുത്ത തുക കെ.എസ്.ആർ.ടി.സി.-യുടെ അക്കൗണ്ടിലാണോ അതോ മറ്റേതെങ്കിലും സ്വകാര്യ അക്കൗണ്ടിലാണോ നിക്ഷേപിച്ചിട്ടുള്ളത്; വ്യക്തമായ വിവരം പട്ടിക തിരിച്ച് ലഭ്യമാക്കുമോ;

(എഫ്) ഗവൺമെന്റ് നിർദ്ദേശ പ്രകാരം വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. യാത്രാ കൺസഷൻ അനുവദിക്കുന്നുണ്ടെങ്കിലും ആവശ്യമായ ഓർഡിനറി സർവ്വീസുകൾ ലഭ്യമാക്കാത്തത് മൂലമുള്ള ബുദ്ധിമുട്ട് കണക്കിലെടുത്ത് അനന്തപുരി ഫാസ്റ്റ് ഉൾപ്പെടെയുള്ള ബസ്സുകളിലും വിദ്യാർത്ഥികളുടെ കൺസഷൻ യാത്ര അനുവദിക്കാൻ നിർദ്ദേശം നൽകുമോ; ഇല്ലെങ്കിൽ മറ്റെന്ത് സംവിധാനമാണേർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1-3-2018 മുതൽ പ്രാബല്യത്തിൽ വന്ന ടിക്കറ്റ് നിരക്ക് വർദ്ധനവിന് ആനുപാതികമായി കൺസഷൻ നിരക്കുകളും സർക്കാർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. തനത് വർഷത്തെ അംഗീകൃത അഫിലിയേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളും ഐ.ഡി കാർഡ്, കോഴ്സ് സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ നൽകുന്ന വിദ്യാർത്ഥികൾക്കും കൺസഷൻ അനുവദിക്കുന്നതാണ്.

(ബി) നയപരമായ തീരുമാനങ്ങൾ സർക്കാരിന്റെയും ഭരണസമിതിയുടേയും തീരുമാനപ്രകാരമാണ് കൈക്കൊള്ളുന്നത്. പുതിയതായി വിദ്യാർത്ഥികളിൽനിന്നും ഫൈൻ ഈടാക്കുന്നില്ല. കാലാകാലങ്ങളിൽ കൺസഷൻ ടിക്കറ്റ് നഷ്ടപ്പെട്ട വിദ്യാർത്ഥികളിൽനിന്നും മാത്രം ആയതിന് പെനാൽറ്റി ഈടാക്കിവരുന്നുണ്ട്. ടിക്കറ്റ് നിരക്ക് വർദ്ധനവിന്റെയും നിലവിലെ സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിൽ ടി തുകയിൽ ആനുപാതിക വർദ്ധനവ് മാത്രമാണ് വരുത്തിയിട്ടുള്ളത്.

(സി) അത്തരത്തിൽ നിർദ്ദേശം നൽകിയിട്ടില്ല. മുൻവർഷം ലഭിച്ച കൺസഷൻ കാർഡ് നഷ്ടപ്പെട്ട വിദ്യാർത്ഥികളിൽനിന്നും മാത്രമാണ് 500 രൂപ പെനാൽറ്റിയായി ഈടാക്കുന്നത്.

(ഡി) പ്രസ്തുത വിഷയം കെ.എസ്.ആർ.ടി.സി.-യുടെ വിജിലൻസ് വിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആയതിനാൽ ഇക്കാര്യത്തിൽ വിജിലൻസ് വിഭാഗം അന്വേഷണം നടത്തി റിപ്പോർട്ട് എടുക്കുകയോ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

(ഇ)പിഴ നിയമാനുസൃതം മാത്രമാണ് ഈടാക്കിയിട്ടുള്ളത്. വിദ്യാർത്ഥികളുടെ എണ്ണം ശേഖരിച്ച് നൽകുന്നതാണ്. തുക കെ.എസ്.ആർ.ടി.സി-യുടെ അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്.

(എഫ്) കെ.എസ്.ആർ.ടി.സി. നിലവിൽ വളരെയധികം സാമ്പത്തിക ബുദ്ധിമുട്ട് നേരിടുകയാണ്. നിലവിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്നത് വഴി ഒരു വർഷം 672 കോടി രൂപ കോർപ്പറേഷന് നഷ്ടമാകുന്നുണ്ട്. ആയതിനാൽ ഓർഡിനറി സർവ്വീസുകൾ കൂടാതെ മറ്റ് സർവ്വീസുകളിൽ കൺസഷൻ അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കുവാൻ കഴിയുകയില്ല. ഷെഡ്യൂൾ പരിഷ്കരണവുമായി ബന്ധപ്പെട്ട് യാത്രക്കാർക്കും വിദ്യാർത്ഥികൾക്കും ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ സർവ്വീസുകൾ ക്രമീകരിക്കുന്നതിലേയ്ക്കാവശ്യമായ നടപടികൾ കെ.എസ്.ആർ.ടി.സി സ്വീകരിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. കമ്പ്യൂട്ടറൈസേഷനും ഇ-ഗവേണൻസും

311(3743) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ പൂർണ കംപ്യൂട്ടറൈസേഷനും ഇ-ഗവേണൻസും നടപ്പിലാക്കുന്നത് ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിലേക്കായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

### ഉത്തരം

(എ) സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഐ.ടി.എസ്. സംവിധാനത്തിലെ ജി.പി.എസ്.-ൽനിന്നും ലഭ്യമാകുന്ന ഡാറ്റ ഉപയോഗിച്ച് പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS) നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ടി സംവിധാനം പൂർണ്ണമായി നടപ്പിലാക്കി കഴിയുമ്പോൾ ഓരോ സ്റ്റേഷനിലും ബസ് എത്തിച്ചേരുന്ന സമയം ലഭ്യമാക്കുവാൻ സാധിക്കും. യാത്രക്കാരെ കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് ആകർഷിക്കുന്നതിനും ജനകീയമാക്കുന്നതിനും ടിക്കറ്റുകൾ ബുക്ക് ചെയ്യുന്നതിന് 2018-ൽ പരിഷ്കരിച്ച കൂടുതൽ സൗകര്യങ്ങളോടുകൂടിയ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മാത്രവുമല്ല നിലവിൽ 558 സർവ്വീസുകളിൽ (സൂപ്പർക്ലാസ് സർവ്വീസുകൾ ഉൾപ്പെടെ) ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നിലവിൽ ഉപയോഗിച്ചുവരുന്നു. ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകളുടെ കാലാവധി തീരുന്നതിനാൽ പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുന്ന (GPRS, RFID Smart card, QR code, ബസിൽ നിന്നുതന്നെ റീചാർജ് ചെയ്യാൻ സാധിക്കുന്ന RFID കാർഡ്)

ഇ.ടി.എം.-കൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരുന്നു. പുതിയ ഇ.ടി.എം.-കൾ ക്ലോസ്ഡ് ലൂപ്പ്, ഓപ്പൺ ലൂപ്പ്, ക്രെഡിറ്റ്/ഡെബിറ്റ്, എൻ.സി.എം.സി. കാർഡ് എന്നിവ ഉപയോഗിക്കുവാൻ സൗകര്യമുള്ളവയാണ്. ഓൺലൈൻ മുഖാന്തരം ബുക്ക് ചെയ്യുന്ന റിസർവേഷൻ ടിക്കറ്റുകളിലെ ക്യൂ ആർ കോഡ് വാലിഡേഷൻ ചെയ്യുന്ന സംവിധാനവും പ്രസ്തുത മെഷീനിലുണ്ട്. വിദ്യാർത്ഥികളുടെ കൺസഷൻ ടിക്കറ്റുകൾ ആർ.എഫ്.ഐ.ഡി. കാർഡ് ആകുമ്പോൾ പ്രസ്തുത കാർഡുകൾ റീഡ് & റൈറ്റ് ചെയ്യുന്നതിനുള്ള സംവിധാനവും ഈ മെഷീനുകളിലുണ്ട്. ക്രെഡിറ്റ്/ഡെബിറ്റ് കാർഡുകൾ ഉപയോഗിക്കാവുന്നതിനു പുറമേ പ്രീപെയ്ഡ് ആർ.എഫ്.ഐ.ഡി. കാർഡുകളും നൽകുവാൻ ഉദ്ദേശിക്കുന്നുണ്ട്. വരുമാനച്ചോർച്ച കുറയ്ക്കുന്നതിനും സർവ്വീസുകൾ പുനഃക്രമീകരിക്കുന്നതിനും ഇത് ഉപകാരപ്രദമായിരിക്കും. RFID സാങ്കേതികവിദ്യ ഉൾക്കൊള്ളിച്ചുകൊണ്ട് കൺസഷൻ ടിക്കറ്റുകൾ, വിവിധതരം പാസുകൾ എന്നിവ ഇലക്ട്രോണിക് രീതിയിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.

സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി Human Resource-ഉം, payroll-ഉം കമ്പ്യൂട്ടർവത്കരിക്കുന്നതിന് M/s Keltron-മായി കരാർ ഒപ്പിടുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

(ബി) സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി Human Resource-ഉം, payroll-ഉം കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് M/s Keltron-മായി കരാർ ഒപ്പിടുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

## സിംഗിൾ ഡ്യൂട്ടി സമ്പ്രദായം

312(3744) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ സിംഗിൾ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കിയതുമൂലം ട്രിപ്പുകൾ നിർത്തലാക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ തിരുവനന്തപുരം ജില്ലയിൽ എത്ര ട്രിപ്പുകൾ നിർത്തലാക്കി എന്ന് വ്യക്തമാക്കാമോ;

(ബി) സിംഗിൾ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കിയതുമൂലം നെടുമങ്ങാട് മണ്ഡലത്തിലെ ഏതെല്ലാം സർവ്വീസുകളാണ് നിർത്തലാക്കിയതെന്ന് വ്യക്തമാക്കാമോ;

(സി) സിംഗിൾ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കിയശേഷം കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തന ചെലവിൽ കുറവുവന്നിട്ടുണ്ടോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ കൂടി കടന്നുപോകുന്ന കെ.എസ്.ആർ.ടി.സി.-യിൽ സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി മാനവവിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും, 1961-ലെ മോട്ടോർ വാഹന തൊഴിലാളി നിയമപ്രകാരം ജീവനക്കാർക്ക് ഡ്യൂട്ടി ക്രമീകരിക്കണം എന്ന ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധി നടപ്പിലാക്കുന്നതിന്റെയും ഭാഗമായാണ് ഓർഡിനറി സർവ്വീസുകളിൽ സിംഗിൾ ഡ്യൂട്ടി ക്രമം നടപ്പിലാക്കിയിട്ടുള്ളത്. യാത്രക്കാർക്ക് യാതൊരുവിധ ബുദ്ധിമിട്ടുണ്ടാകാത്ത വിധത്തിലും കോർപ്പറേഷന് ഗുണകരമായ രീതിയിലും ട്രിപ്പുകൾ നഷ്ടപ്പെടാത്ത വിധത്തിൽ ഷെഡ്യൂൾ ക്രമീകരിക്കുന്നതിനാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. എന്നാൽ വളരെയധികം വരുമാനക്കുറവുള്ളതും ഡീസൽ ചെലവിനുപോലും വരുമാനം ലഭിക്കാത്തതുമായ ചുരുക്കം ചില ട്രിപ്പുകൾ റദ്ദ് ചെയ്യേണ്ടിവന്നിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ വിവിധ ഡിപ്പോകളിലായി വിവിധ സർവ്വീസുകളിലായി ആകെ 45 ട്രിപ്പുകൾ റദ്ദ് ചെയ്തിട്ടുണ്ട്.

(ബി) സർവ്വീസുകളൊന്നും നിർത്തലാക്കിയിട്ടില്ല.

(സി) ഉണ്ട്. സിംഗിൾ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കിയശേഷം പ്രതിദിന അലവൻസുകളിൽ വന്ന വ്യതിയാനംമൂലം കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തന ചെലവിൽ പ്രതിമാസം 2.26 കോടി രൂപയുടെ കുറവ് വന്നിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. ജീവനക്കാരിയുടെ സസ്പെൻഷൻ

313 (3745) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ 23 വർഷത്തെ പ്രവർത്തി പരിചയമുള്ള സൂപ്രണ്ട് സന്ധ്യ.ജി. നായർക്കെതിരെ കഴിഞ്ഞ ഒന്നര വർഷത്തിനിടെ നേരിട്ട് ബന്ധമില്ലാത്ത തെറ്റുകൾ ആരോപിച്ച് മൂന്നിൽപ്പരം പ്രാവശ്യം കടുത്ത ശിക്ഷാ നടപടികൾ സ്വീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഒരു സ്ത്രീ എന്ന പരിഗണനപോലും നല്കാതെ പ്രസ്തുത ജീവനക്കാരിയെ സർവ്വീസിൽനിന്നും പുറത്താക്കുക എന്ന ലക്ഷ്യത്തോടെ നടക്കുന്ന ഇത്തരം ശ്രമങ്ങൾ തടയുവാൻ വിജിലൻസ് വകുപ്പിനെ കൊണ്ട് ഇക്കാര്യങ്ങൾ അന്വേഷിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ;

(സി) മലപ്പുറം കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ സൂപ്രണ്ടായിരിക്കെ ഒരു ജീവനക്കാരന്റെ സേവന പുസ്തകം നശിപ്പിച്ചു എന്ന കേട്ടുകേഴ്വിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ജീവനക്കാരിയെ ഇപ്പോൾ സസ്പെന്റ് ചെയ്ത സാഹചര്യത്തിൽ ഇത് സംബന്ധിച്ച് സി.എം.ഡി. നേരിട്ട് അന്വേഷണം നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ;

(ഡി) പ്രസ്തുത സേവന പുസ്തകം ചീഫ് ഓഫീസിൽ അയച്ചിരിക്കുന്നു എന്ന് വിവരാവകാശ നിയമപ്രകാരം സന്ധ്യ ജി.നായർക്ക് മറുപടി ലഭിച്ചത് ചീഫ് ഓഫീസിൽ അറിയിച്ചിട്ടും അവരുടെ സസ്പെൻഷൻ റദ്ദാക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യിലെ മാന്വൽ റാക്ക് നഷ്ടപ്പെട്ടിട്ടും ആയത് പരിശോധനയിൽ കണ്ടെത്തിയില്ലെന്ന കുറ്റത്തിന് മലപ്പുറം യൂണിറ്റിലെ SSQ21-ലെ ഇൻസ്പെക്ടറായ ശ്രീ. എ. എമേഴ്സൺ 8-6-2017 തീയതിയായി സമർപ്പിച്ച റിപ്പോർട്ടിൻപ്രകാരം ശ്രീമതി സന്ധ്യ. ജി. നായർ, സൂപ്രണ്ടിനെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. VLC1/014245/17 എന്ന ബന്ധപ്പെട്ട ഫയലിൻമേലുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യിൽ, കളഞ്ഞുകിട്ടിയ ഇനത്തിൽ 27-10-2016-ൽ ലഭിച്ച സ്വർണ്ണപാദസരം ഔദ്യോഗിക രേഖകളിൽ ഉൾപ്പെടുത്താതെ കൈവശം സൂക്ഷിച്ച കുറ്റത്തിന് SPL No.21/OAD 2016/EKM നമ്പരായ എറണാകുളം OAD3 സൂപ്രണ്ടിന്റെ പ്രത്യേക റിപ്പോർട്ട് പ്രകാരം ശ്രീമതി സന്ധ്യ. ജി. നായർ, സൂപ്രണ്ടിനെതിരെ (ഗുരുവായൂർ) അച്ചടക്കനടപടി സ്വീകരിച്ചിട്ടുണ്ട്. VLC1/001405/17 എന്ന ബന്ധപ്പെട്ട ഫയലിന്മേലുള്ള അച്ചടക്ക നടപടികൾ തുടർന്നുവരുന്നു.

(സി) VLC1/007760/18 ഫയൽ പ്രകാരം മലപ്പുറം യൂണിറ്റിലെ ഇൻസ്പെക്ടറായ ശ്രീ. എ. എമേഴ്സണിന്റെ സേവന പുസ്തകം നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് OAD വിഭാഗം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും തുടർന്ന് ചീഫ് ഓഫീസിലെ വിജിലൻസ് വകുപ്പ് മേധാവിയായ എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്)-ന്റെ നിർദ്ദേശാനുസരണം OAD റിപ്പോർട്ടിന്മേൽ വിജിലൻസ് ഓഫീസർ, പേഴ്സണൽ എൻക്വയറി നടത്തിയതിന്റെ അടിസ്ഥാനത്തിലും സാഹചര്യ തെളിവുകളുടെയും മൊഴികളുടെയും അടിസ്ഥാനത്തിലും മലപ്പുറം യൂണിറ്റിലെ സൂപ്രണ്ട് ശ്രീമതി സന്ധ്യ. ജി. നായർ കുറ്റക്കാരിയായി കണ്ടെത്തുകയും സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുള്ളതുമാണ്.

(ബി) മലപ്പുറം യൂണിറ്റിലെ ഇൻസ്പെക്ടറായ ശ്രീ. എ. എമേഴ്സണിന്റെ സേവന പുസ്തകം നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് ടിയാൻ സമർപ്പിച്ച പരാതിയിന്മേൽ OAD5- കോഴിക്കോട് വിഭാഗം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും തുടർന്ന് ചീഫ് ഓഫീസിലെ വിജിലൻസ് വകുപ്പ് മേധാവിയായ എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്)-ന്റെ നിർദ്ദേശാനുസരണം OAD5- കോഴിക്കോട് വിഭാഗം റിപ്പോർട്ടിന്മേൽ പേഴ്സണൽ എൻക്വയറി നടത്തിയതിന്റെ അടിസ്ഥാനത്തിലും സാഹചര്യ തെളിവുകളുടെയും മൊഴികളുടെയും അടിസ്ഥാനത്തിലും ശ്രീമതി സന്ധ്യ. ജി. നായർ സൂപ്രണ്ടിനെ കുറ്റക്കാരിയായി കണ്ടെത്തുകയും സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുള്ളതുമാണ്.

(സി) സേവന പുസ്തകം നഷ്ടപ്പെട്ട ജീവനക്കാരൻ സമർപ്പിച്ച സങ്കടഹർജിയുടെ അടിസ്ഥാനത്തിലാണ് തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. കൂടാതെ ശ്രീമതി സന്ധ്യ ജി. നായർ സമർപ്പിച്ച അപ്പീൽ ഹർജിയിന്മേൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ടിയാൾ കുറ്റക്കാരിയാണെന്ന് കണ്ടെത്തി ടിയാൾക്കെതിരെ കൈക്കൊണ്ടിരിക്കുന്ന അച്ചടക്കനടപടികൾ തുടരുന്നതും ടി വിഷയത്തിന്മേലുള്ള ഔപചാരിക അന്വേഷണം പൂർത്തീകരിച്ച് കേസിൽ തീർപ്പുകൽപ്പിക്കാൻ ശിക്ഷണാധികാരിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

(ഡി)യൂണിറ്റിലെ രേഖകൾ പ്രകാരം പ്രസ്തുത സേവന പുസ്തകം ചീഫ് ഓഫീസിലേയ്ക്ക് അയച്ചിരിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നുവെങ്കിലും ചീഫ് ഓഫീസിലെ തപാൽ സെക്ഷനിലെ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പ്രസ്തുത സേവന പുസ്തകം ചീഫ് ഓഫീസിൽ ലഭിച്ചിട്ടില്ലാത്തതിനാലും മലപ്പുറം യൂണിറ്റിലെ സൂപ്രണ്ട് ശ്രീമതി സന്ധ്യ ജി. നായർ കുറ്റക്കാരിയാണെന്ന് കണ്ടെത്തിയ സാഹചര്യത്തിലും സസ്പെൻഷൻ റദ്ദാക്കാൻ നിർവ്വാഹമുണ്ടായിരുന്നില്ല.

**കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർക്ക് ട്രെയിനിംഗ്**

314(3746) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർക്ക് എന്തൊക്കെ ട്രെയിനിംഗുകളാണ് ഇപ്പോൾ നൽകിവരുന്നത്; ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം കെ.എസ്.ആർ.ടി.സി. തൊഴിലാളികൾക്ക് ട്രെയിനിംഗുകൾ നൽകിയിട്ടുണ്ടോ; വർഷം തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരുടെയും ടെക്നിക്കൽ ഓഫീസർമാരുടെയും ട്രെയിനിംഗിനായി വകയിരുത്തിയ 2018-19 പ്ലാൻ ഫണ്ട് തുകയുടെ എത്ര ശതമാനം നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ പുതുതായി നിയമനം ലഭിച്ചുവരുന്ന ഡ്രൈവർമാർക്ക് തീയറി ക്ലാസുകളും പ്രാക്ടിക്കൽ ട്രെയിനിംഗും ഉൾപ്പെടെ മതിയായ പരിശീലനം നല്കിവരുന്നു. സുരക്ഷിത ഗതാഗതം ഉറപ്പുവരുത്തുന്നതിനും ഉയർന്ന ഇന്ധനക്ഷമത ലഭ്യമാക്കുന്നതിനുമായി കെ.എസ്.ആർ.ടി.സി.-യിലെ മുഴുവൻ ഡ്രൈവർമാർക്കും റിഫ്രെഷർ പരിശീലനവും, അപകടത്തിൽപ്പെടുന്നതും ഡ്രൈവിംഗ് ന്യൂനതകൾ ഉള്ളതുമായ ഡ്രൈവർമാർക്ക് തിരുത്തൽ പരിശീലനവും, ഹൈറേഞ്ച് മേഖലകളിൽ വാഹനം ഓടിക്കുന്ന ഡ്രൈവർമാർക്കായി പ്രത്യേക പരിശീലനവും നല്കിവരുന്നു. കൂടാതെ പെട്രോളിയം കൺസർവേഷൻ റിസർച്ച് അസോസിയേഷൻ (PCRA), മോട്ടോർ വാഹന വകുപ്പ്, ട്രാഫിക് പോലീസ് എന്നിവരുടെ സഹകരണത്തോടെയുള്ള പരിശീലനങ്ങളും വാഹന നിർമ്മാതാക്കളായ അശോക് ലെയ്‌ലന്റ്, ടാറ്റ, ഐഷർ, സ്കാനിയ, വോൾവോ എന്നീ കമ്പനികളുടെ മേൽനോട്ടത്തിലുള്ള പരിശീലനങ്ങളും നല്കിവരുന്നുണ്ട്. കെ.എസ്.ആർ.ടി.സി-ലെ ജീവനക്കാർക്ക് നല്കിയ പരിശീലനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| Year | 2015-16 | 2016-17 | 2017-18 | 2018-19 up to 9/2018 |
|---|---|---|---|---|
| No. of employees trained | 12113 | 10955 | 3054 | 1191 |

ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം കെ.എസ്.ആർ.ടി.സി.-യിലെ 390 മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് അടിസ്ഥാന കമ്പ്യൂട്ടർ പരിശീലനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് മുഖാന്തരം 2018-19 കാലയളവിൽ നൽകുകയുണ്ടായി.

(ബി) ഈ ഇനത്തിൽ 2018-19-ൽ പ്ലാൻ ഫണ്ടിൽനിന്നും സർക്കാർ ഭരണാനുമതി നൽകിയിരുന്ന തുക 1 കോടി 20 ലക്ഷം രൂപയാണ്. ഈയിനത്തിൽ 75 ശതമാനത്തോളം തുക കെ.എസ്.ആർ.ടി.സി. ചെലവാക്കിക്കഴിഞ്ഞു.

**കെ.എസ്.ആർ.ടി.സി.-യിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തിക**

315(3747) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ൽ 5 വർഷത്തെ പ്രവർത്തി പരിചയം ഉള്ളവരിൽനിന്നും കാറ്റഗറി നമ്പർ 398/13 പി. എസ്.സി . വിജ്ഞാപന പ്രകാരമുള്ള അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ എത്ര നിയമനം നടത്തുകയുണ്ടായി;

(ബി) ഈ തസ്തികയിൽ എത്ര വേക്കൻസി നിലവിലുണ്ട്;

(സി) ലിസ്റ്റിന്റെ കാലാവധി തീരുന്നതിനു മുമ്പ് ലിസ്റ്റിലുള്ള എത്ര പേർക്ക് നിയമനം നൽകാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) ലിസ്റ്റിലുള്ള മുഴുവൻ പേർക്കും നിയമനം നടത്താൻ ശ്രമിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ പുനരുദ്ധാരണ നടപടികൾ പുരോഗമിക്കുന്നതിനാൽ പുതിയ നിയമനങ്ങൾ തൽക്കാലം നടത്തേണ്ടതില്ലായെന്നും ഓരോ തസ്തികയിലും ആവശ്യകതെത്രയെന്ന് പഠിച്ചുവരുന്നതിനാലും കോർപ്പറേഷൻ ആവശ്യപ്പെടുന്ന മുറയ്ക്ക് മാത്രമെ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള എല്ലാ ഒഴിവുകളും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ പാടുള്ളൂ എന്ന് പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. അഡ്മിനിസ്റ്റേറ്റീവ് ഓഫീസർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള കാറ്റഗറി നമ്പർ 398/13- ലെ റാങ്ക് ലിസ്റ്റിൽനിന്നും നിയമന ശിപാർശ ഒന്നും തന്നെ നാളിതുവരെ ലഭ്യമായിട്ടില്ല. ആയതിനാൽ ടി റാങ്ക് ലിസ്റ്റിൽനിന്നും യാതൊരു നിയമനവും നാളിതുവരെ നടത്തിയിട്ടില്ല.

(ബി) നിലവിൽ ഒഴിവുകളില്ല.

(സി&ഡി) വരുംകാല നിയമനത്തെ സംബന്ധിച്ച് ഇപ്പോൾ പ്രതിപാദിക്കുവാൻ കഴിയുകയില്ല.

**കെ.എസ്.ആർ.ടി.സി.-ൽ പ്രൊഫഷണലിസം**

316(3748) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി.-ൽ പ്രൊട്ടക്റ്റഡ് ജീവനക്കാരുണ്ടോ; എങ്കിൽ എത്ര പേരുണ്ട്; പ്രൊട്ടക്ഷന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി സർക്കാർതലത്തിൽ സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ, ചാർട്ടേർഡ്/കോസ്റ്റ് അക്കൗണ്ടന്റ് തസ്തികകളിൽ ഓപ്പൺ മാർക്കറ്റിൽനിന്നും കരാർ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തിവരുന്നു. ഇത്തരത്തിൽ നിയമനം

നടത്തിയതിൽ ഒരു ജനറൽ മാനേജർ (ഫിനാൻസ് &അഡ്മിനിസ്ട്രേഷൻ), ഒരു ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻസ്), ഒരു ചാർട്ടേർഡ്/കോസ്റ്റ് അക്കൗണ്ടന്റ് എന്നിവർ സേവനം അനുഷ്ഠിക്കുന്നു. അടിയന്തര സാഹചര്യം കണക്കിലെടുത്ത് രണ്ട് പേരെ കൂടി ചാർട്ടേർഡ്/കോസ്റ്റ് അക്കൗണ്ടന്റ് തസ്തികയിൽ കോർപ്പറേഷൻ നേരിട്ട് നിയമിച്ചിട്ടുണ്ട്.

ഷെഡ്യൂൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനായി റൂട്ട് റാഷണലൈസേഷനിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ള Centre of Excellence in Urban Transport (CoEUT), CEPT യൂണിവേഴ്സിറ്റിയിലെ റിസർച്ച് അസിസ്റ്റന്റ് ശ്രീ. ഡെന്നീസ് ജോസിനെ കൺസൽട്ടന്റായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) വ്യവസായ തൊഴിൽ തർക്ക നിയമം (Industrial Dispute Act) പ്രകാരം അംഗീകൃത തൊഴിലാളി സംഘടനകൾ നിർദ്ദേശിക്കുന്ന ജീവനക്കാർക്കുള്ള സ്ഥലമാറ്റ സംരക്ഷണം പരമാവധി 100 ആയി നിജപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഇപ്രകാരമുള്ള സ്ഥലമാറ്റ സംരക്ഷണത്തിനായി അംഗീകൃത തൊഴിലാളി സംഘടനകൾ ജീവനക്കാരുടെ പട്ടിക സമർപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഒരു ജീവനക്കാർക്കും സ്ഥലമാറ്റ സംരക്ഷണം നിലവിൽ അനുവദിച്ചിട്ടില്ല.

**കെ.എസ്.ആർ.ടി.സി.-ൽനിന്നും പിരിച്ചുവിട്ട ജീവനക്കാർ**

317(3749) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ആർ.ടി.സി.-ൽനിന്നും എത്ര ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാരുടെ വിവരങ്ങളും പിരിച്ചുവിടാനുണ്ടായ സാഹചര്യങ്ങളും വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ആർ.ടി.സി.-ൽനിന്നും 1602 ജീവനക്കാരെയും മൂന്ന് ഓഫീസർമാരെയും പിരിച്ചുവിട്ടിട്ടുണ്ട്.

(ബി) അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നവരെയും ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിലേയ്ക്കായി ശൂന്യവേതനാവധി റദ്ദ് ചെയ്ത് ജോലിക്ക് പ്രവേശിക്കാൻ ആവശ്യപ്പെട്ടിട്ടും ജോലിക്ക് ഹാജരാകാത്ത ഓഫീസർമാരെയും ജീവനക്കാരെയുമാണ് പിരിച്ചുവിട്ടിട്ടുള്ളത്. കൂടാതെ, പ്രസ്തുത 1602 ജീവനക്കാരിൽ 141 പേർ 10 വർഷക്കാലം താൽക്കാലിക സേവനത്തിൽ 120 ഡ്യൂട്ടിയില്ലാതെ സ്ഥിരപ്പെട്ടവരുടെ നിയമനം ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ റദ്ദ് ചെയ്തതിൽപ്പെട്ടവരാണ്.

## ആത്മഹത്യ ചെയ്ത കെ.എസ്.ആർ.ടി.സി. ജീവനക്കാർ

318(3750) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്തെത്ര കെ.എസ്.ആർ.ടി.സി. ജീവനക്കാർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇക്കാലയളവിൽ കെ.എസ്.ആർ.ടി.സി.- യിലെ എത്ര പെൻഷൻകാർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാരും പെൻഷൻകാരും മരണപ്പെട്ടത് സംബന്ധിച്ച വിശദാംശങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ടി ആളുകൾ എന്ത് കാരണത്താലാണ് മരണപ്പെട്ടതെന്ന് കണക്കാക്കിയിട്ടില്ലാത്തതിനാൽ ആത്മഹത്യ ചെയ്തവർ എത്രയെന്ന് കണക്കാക്കിയിട്ടില്ല.

## ഡ്യൂട്ടിക്കിടയിൽ അപകടം സംഭവിക്കുന്ന ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ

319(3751) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്യൂട്ടിക്കിടയിൽ അപകടം സംഭവിക്കുന്ന ഡ്രൈവർ/കണ്ടക്ടർ/ ചെക്കിംഗ് ഇൻസ്പെക്ടർ തസ്തികകളിലെ ജീവനക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് കെ.എസ്.ആർ.ടി.സി. നൽകിവരുന്നത്;

(ബി) അപകടം കാരണം ദീർഘനാൾ ജോലി ചെയ്യാൻ കഴിയാതെവരുന്ന ഇത്തരം ജീവനക്കാർക്ക് എന്തെല്ലാം തരത്തിലുള്ള അവധികളാണ് അനുവദിച്ചുനൽകുന്നത്; ഇവർക്ക് യഥാസമയം അവധി അനുവദിച്ച് നൽകാറുണ്ടോ;

(സി) അപകടത്തെത്തുടർന്ന് ശസ്ത്രക്രിയയ്ക്ക് വിധേയരായരാവുകയോ നിലവിലെ തസ്തികയിൽ ജോലി ചെയ്യാൻ കഴിയാതെവരികയോ ചെയ്യുന്ന ജീവനക്കാർക്ക് മറ്റ് തസ്തികകളിലേയ്ക്ക് താത്കാലികമായോ സ്ഥിരമായോ ലൈറ്റ് ഡ്യൂട്ടി അനുവദിച്ച് നല്കാറുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഡ്യൂട്ടിക്കിടയിൽ ഇത്തരത്തിൽ അപകടം സംഭവിച്ച ജീവനക്കാർക്ക് നിലവിലെ തസ്തികയിൽ ജോലി ചെയ്യാൻ നിർവ്വാഹമില്ലാത്തപക്ഷം ഇവരെ അനുയോജ്യമായ മറ്റ് തസ്തികകളിലേയ്ക്ക് താത്കാലികമായോ സ്ഥിരമായോ മാറ്റി നിയമിക്കുന്നത് പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഡ്യൂട്ടിക്കിടയിൽ അപകടം സംഭവിക്കുന്ന ഡ്രൈവർ/കണ്ടക്ടർ/ ഇൻസ്പെക്ടർ തസ്തികകളിലെ ജീവനക്കാർക്ക് അവശതാവധി, മെഡിക്കൽ റിഇംബേഴ്സ്മെന്റ് എന്നീ ആനുകൂല്യങ്ങൾ നിലവിൽ കെ.എസ്.ആർ.ടി.സി. അനുവദിച്ചുവരുന്നുണ്ട്.

(ബി) അപകടംകാരണം ദീർഘനാൾ ജോലി ചെയ്യാൻ കഴിയാതെവരുന്ന ഇത്തരം ജീവനക്കാർക്ക് വ്യവസ്ഥകൾ പാലിച്ച് കെ.എസ്.ആർ.ടി.സി.-യിൽ അവശതാവധി അനുവദിക്കാറുണ്ട്.

(സി) അപകടത്തെത്തുടർന്ന് ശസ്ത്രക്രിയയ്ക്ക് വിധേയരാവുകയോ നിലവിലെ തസ്തികയിൽ ജോലി ചെയ്യാൻ കഴിയാതെ വരികയോ ചെയ്യുന്ന ജീവനക്കാർക്ക് കെ.എസ്.ആർ.ടി.സി.-ൽ നിലവിൽ ആയാസരഹിത ജോലിയോ, കൂടാതെ സ്ഥിരമായ 40% അംഗവൈകല്യം ഉണ്ടായിട്ടുള്ളവർക്ക് തസ്തികമാറ്റമോ അനുവദിച്ച് നൽകാറുണ്ട്.

(ഡി) ഡ്യൂട്ടിക്കിടയിൽ അപകടം സംഭവിച്ച ജീവനക്കാർക്ക് നിലവിലെ തസ്തികയിൽ ജോലി ചെയ്യാൻ നിർവ്വാഹമില്ലാത്ത സാഹചര്യത്തിൽ, മെഡിക്കൽ ഉന്നതാധികാരി അവശതയുടെ തോത് നിർണ്ണയിച്ച് നൽകുന്നതനുസരിച്ച് വ്യവസ്ഥകൾ പാലിച്ച് മറ്റ് തസ്തികകളിൽ മാറ്റി നിയമിക്കുന്നുണ്ട്.

## ഡീസൽ വിലവർദ്ധനവുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്ന നഷ്ടം

320(3752) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡീസൽ വിലവർദ്ധനവുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് പ്രതിമാസം ഉണ്ടാകുന്ന നഷ്ടം എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇപ്രകാരമുണ്ടാകുന്ന നഷ്ടം നികത്തുവാൻ എന്തെങ്കിലും മാർഗ്ഗം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഡീസൽ വിലവർദ്ധനവുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് പ്രതിമാസം ഉണ്ടാകുന്ന നഷ്ടം ശരാശരി 18 കോടി 36 ലക്ഷം രൂപയാണ്.

(ബി) ഇന്ധനക്ഷമത വർദ്ധിപ്പിച്ച് ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി മൂന്ന് സോണുകളിൽ അസിസ്റ്റന്റ് വർക്സ് മാനേജർമാരുടെ നേതൃത്വത്തിൽ പ്രവർത്തനം ഏകോപിപ്പിച്ച് നടപ്പിലാക്കിവരുന്നു. ഉയർന്ന ഇന്ധനക്ഷമത ലഭ്യമാക്കുന്നതിനായി കെ.എസ്.ആർ.ടി.സി.-യിലെ ഡ്രൈവർമാർക്ക് പരിശീലനം നൽകിവരുന്നുണ്ട്. ഡീസൽ ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ, പരിശീലനം നൽകുന്നതിനായി സ്റ്റാഫ് ട്രെയിനിംഗ് സെന്റർ, പെട്രോളിയം കൺസർവേഷൻ റിസർച്ച് അസോസിയേഷൻ (പി.സി.ആർ.എ), വാഹന നിർമ്മാതാക്കൾ എന്നിവർ മുഖാന്തരവും പരിശീലനം നടത്തിവരുന്നു. നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഇലക്ട്രിക്, സി.എൻ.ജി, എൽ.എൻ.ജി, ബസുകൾ നിരത്തിലിറക്കി ഡീസലിന്റെ ഉപയോഗം പരിമിതപ്പെടുത്തുന്നതോടൊപ്പം അന്തരീക്ഷ മലിനീകരണവും കുറയ്ക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിലെ പാർക്കിംഗ്

321(3753) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.ഒ.ടി. അടിസ്ഥാനത്തിൽ കെ.ടി.ഡി.എഫ്.സി. തലസ്ഥാന നഗരിയിൽ നിർമ്മിച്ചിട്ടുള്ള ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിൽ വലുതും ചെറുതുമായ എത്ര വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ഇടമുണ്ട്; ഇതിന്റെ ആകെ പാർക്കിംഗ് സ്പേസ് എത്ര; ഏതൊക്കെ നിലകളിൽ എത്ര വീതം;

(ബി) ഇവിടെ വിവിധ ഇനം വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ഈടാക്കുന്ന നിരക്കുകളുടെ പട്ടിക നൽകുമോ; ഇവിടെ വാഹനങ്ങൾ പാർക്ക് ചെയ്യുമ്പോൾ എത്ര മണിക്കൂർ നേരത്തേയ്ക്കാണ് മിനിമം ഫീസ് ഈടാക്കാറുള്ളത്; ഇതിൽ കൂടുതലായിവരുന്ന ഓരോ എത്ര സമയത്തിനാണ് അധികഫീസ് ഈടാക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത് ; എന്നാൽ നിലവിലുള്ള പാർക്കിംഗ് ഫീസ് പിരിക്കുന്ന വ്യക്തിക്ക് ഇത് ബാധകമാണോ;

(സി) പ്രസ്തുത വ്യക്തിക്ക് പാർക്കിംഗ് സ്പേസിന് പുറമെ സ്ഥാപനത്തിലെ മറ്റേതെങ്കിലും സ്പേസ് പാർക്കിംഗിനായി ഉപയോഗിച്ച് വരുമാനമാക്കുന്നതിന് അധികാരമുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നിലവിലുള്ള സ്വകാര്യ സുരക്ഷാ ഏജൻസി ആയ KEXACON-ന്റെ സഹായത്തോടെ സ്ഥാപത്തിലെ മറ്റ് സ്പേസുകളും പാർക്കിംഗ് ഉപയോഗത്തിൽപ്പെടുത്തി കെ.ടി.ഡി.എഫ്.സി.-യെ കബളിപ്പിച്ച് സർക്കാരിനെയും പൊതുജനത്തെയും കൊള്ളയടിക്കുന്ന നടപടി ഉടൻ അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) നിലവിൽ കരാർ എടുത്തിട്ടുള്ള വ്യക്തിക്ക് ഇവിടത്തെ പാർക്കിംഗ് സ്പേസ് ഉപയോഗപ്പെടുത്തി വരുമാനമുണ്ടാക്കുന്നതിന് സർക്കാർ നൽകിയ കരാർ പത്രത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; എങ്കിൽ കരാർ പ്രകാരം എന്ത് തുക സർക്കാരിന് ലഭിച്ചു; എന്നാണ് കരാർ കാലാവധി അവസാനിക്കുന്നത്;

(ഇ) മറ്റ് എല്ലാ പാർക്കിംഗ് ഇടങ്ങളിൽനിന്നും വ്യത്യസ്തമായി രേഖകളില്ലാതാക്കാൻ ഇവിടെ കൈകൊണ്ടെഴുതി നൽകി പാർക്കിംഗ് ഫീസ് ഈടാക്കുന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; അവിടത്തെ സെക്യൂരിറ്റി വിഭാഗത്തിന്റെ സഹായത്തോടെ അമിത പാർക്കിംഗ് ഫീസ് ഈടാക്കുന്നതിനായുള്ള കൃത്രിമം ഉണ്ടാകാതിരിക്കാനും വാഹന പാർക്കിംഗ് സംവിധാനത്തിൽ സുതാര്യത ഉറപ്പാക്കാനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തമ്പാനൂർ ബസ് ടെർമിനൽ കോംപ്ലക്സിലെ ബെയ്സ്മെന്റ് ഫ്ളോറിൽ ഏകദേശം 8007 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുണ്ട്. ഇവിടെ ഏകദേശം 305 ഇരുചക്രവാഹനങ്ങൾ പാർക്ക് ചെയ്യാവുന്നതാണ്. ബസ് ടെർമിനൽ കോംപ്ലക്സിലെ രണ്ടാം നിലയിലെ പാർക്കിംഗ് ഏരിയയ്ക്ക് ഏകദേശം 11017 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണവും മൂന്നാം നിലയിലെ പാർക്കിംഗ് സ്പെയിസിന് ഏകദേശം 11459 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണവുമുണ്ട്. ഓരോ നിലയിലും യഥാക്രമം 54, 55 എന്നീ ക്രമത്തിൽ നാലുചക്രവാഹനങ്ങൾ വീതം പാർക്ക് ചെയ്യാവുന്നതാണ്.

(ബി) പാർക്കിംഗ് സംബന്ധിച്ച കണക്ക് ചുവടെ ചേർക്കുന്നു:

ഇരുചക്രവാഹനത്തിനുള്ള പാർക്കിംഗ് ഫീസ്.

| ക്രമ നം | സമയം (മണിക്കൂറിൽ) | തുക (രൂപയിൽ) |
|---|---|---|
| 1 | നാല് മണിക്കൂർ വരെ | 10 രൂപ |
| 2 | എട്ട് മണിക്കൂർ വരെ | 12 രൂപ |
| 3 | പതിനാറ് മണിക്കൂർവരെ | 15 രൂപ |
| 4 | ഇരുപത്തിനാല് മണിക്കൂർ വരെ | 20 രൂപ |
| 5 | പരമാവധി 30 ദിവസം | 15 രൂപ പ്രതിദിനം |

ലൈറ്റ് മോട്ടോർ വെഹിക്കിൾ പാർക്കിംഗ് ഫീസ്

| ക്രമനമ്പർ | സമയം (മണിക്കൂറിൽ) | തുക (രൂപയിൽ) |
|---|---|---|
| 1 | രണ്ട് മണിക്കൂർ വരെ | 20 രൂപ |
| 2 | നാല് മണിക്കൂർ വരെ | 30 രൂപ |
| 3 | എട്ട് മണിക്കൂർ വരെ | 40 രൂപ |
| 4 | പതിനാറ് മണിക്കൂർ വരെ | 50 രൂപ |
| 5 | ഇരുപത്തിനാല് മണിക്കൂർ വരെ | 80 രൂപ |
| 6 | പരമാവധി 30 ദിവസം | 75 രൂപ പ്രതിദിനം |

മേൽപ്രസ്താവിച്ച നിരക്കിലാണ് വാഹനങ്ങളുടെ പാർക്കിംഗ് ഫീസ് കരാറുകാരൻ പൊതുജനങ്ങളിൽ നിന്നും വാങ്ങേണ്ടത്. അപ്രകാരം ചെയ്യുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനമാണ്. നിലവിലെ കരാറുകാരൻ അമിതഫീസ് വാങ്ങിയതായിട്ടുള്ള പരാതികളൊന്നും തന്നെ ലഭിച്ചിട്ടില്ല.

(സി) പാർക്കിംഗിന് വേണ്ടി അലോട്ട് ചെയ്തിട്ടുള്ള ഏരിയയിൽ മാത്രമെ പാർക്കിംഗ് പാടുള്ളൂ എന്ന് കരാറുകാരനെ രേഖാമൂലം അറിയിച്ചിട്ടുള്ളതാകുന്നു. മറ്റേതെങ്കിലും സ്പെയിസ് ഉപയോഗിച്ച് വരുമാനമുണ്ടാക്കുവാൻ കരാറുകാരന് അനുമതി ഇല്ലാത്തതുമാകുന്നു. തമ്പാനൂർ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിലെ സുരക്ഷ ജോലിക്ക് നിയോഗിച്ചിട്ടുള്ളത് Kerala State Ex-Servicemen Development and Rehabilitation Corporation (KEXCON) എന്ന സർക്കാർ പൊതുമേഖലാ സ്ഥാപനത്തിൽനിന്നും എടുത്തിട്ടുള്ള സെക്യൂരിറ്റി ജീവനക്കാരെയാണ്. കെ.റ്റി.ഡി.എഫ്.സി.-യെ കബളിപ്പിച്ച് അധിക സ്പെയിസ് പാർക്കിംഗിന് നൽകി വരുമാനം ഉണ്ടാക്കുന്നതായി നാളിതുവരെ പരാതിയൊന്നും കെ.റ്റി.ഡി.എഫ്.സി.-ക്ക് ലഭിച്ചിട്ടില്ല.

(ഡി) കരാറുകാരനുമായി കെ.റ്റി.ഡി.എഫ്.സി. ഒപ്പിട്ടിട്ടുള്ള കരാറിന്റെ പകർപ്പ് അനുബന്ധമായി *ചേർത്തിരിക്കുന്നു. 15-10-2018-ൽ ആരംഭിച്ച കരാർ 14-10-2019-ൽ അവസാനിക്കുന്നതാണ്.

(ഇ) പാർക്കിംഗ് ഫീസ് സംബന്ധിച്ച വിവരം പൊതുജനങ്ങൾ കാണത്തക്കവിധം വലിപ്പത്തിൽ എഴുതി പ്രദർശിപ്പിച്ചിരിക്കണമെന്ന് കരാറുകാരനോട് നിർദ്ദേശിച്ചിട്ടുള്ളതും കരാറിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. കൈ കൊണ്ടെഴുതി പാർക്കിംഗ് ഫീസ് ഈടാക്കുന്നതായി നാളിതുവരെ ശ്രദ്ധയിൽപ്പെട്ടില്ല. ഇപ്രകാരം പാർക്കിംഗ് ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെടുന്നപക്ഷം പരിഹാരനടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പത്തനംതിട്ട കെ.എസ്.ആർ.ടി.സി. സമുച്ചയനിർമ്മാണം

322(3754) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട കെ.എസ്.ആർ.ടി.സി. സമുച്ചയനിർമ്മാണത്തിന് എത്ര തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരുന്നത്; എത്ര രൂപയ്ക്കാണ് (ഷോപ്പിംഗ് കോംപ്ലക്സ് ഉൾപ്പെടെ)ഭരണാനുമതി ലഭിച്ചതെന്നറിയിക്കാമോ;

(ബി) ഇതുവരെ എത്ര തുക കരാറുകാരന് നൽകിയിട്ടുണ്ട്; പണിപൂർത്തിയാക്കിയതിന്റെ ബിൽ ഇനി എത്ര രൂപ മാറാനുണ്ട്;

(സി) കടകൾ ലേലം ചെയ്ത ഇനത്തിൽ എത്ര തുക കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചിട്ടുണ്ട്;

(ഡി) എത്ര കടകൾ ലേലം ചെയ്തിട്ടുണ്ട്; എത്ര കടമുറികൾ ഇനി ലേലം ചെയ്യാനുണ്ട്;

(ഇ) നിലവിൽ പണിയുന്ന കെട്ടിടങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും ഉൾപ്പെടെ രാത്രികാലങ്ങളിൽ തങ്ങുവാൻ പ്രത്യേക ലോഞ്ച് ഉണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സിവിൽ പണികൾക്ക് വേണ്ടിയുള്ള 6 കോടി രൂപയുടെ എസ്റ്റിമേറ്റിന് കെ.എസ്.ആർ.ടി.സി. ഭരണസമിതിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. കൂടാതെ, ബഹുമാനപ്പെട്ട മുൻ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 2.17 കോടി രൂപ ഉപയോഗിച്ച് ബസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തിക്കായി മൂന്ന് പാർട്ട് ബില്ലുകളിലായി 2,77,01,122 രൂപയും എം.എൽ.എ. ഫണ്ടുപയോഗിച്ച് ചെയ്യുന്ന പ്രവൃത്തിക്കായി 1,67,22,438 രൂപയും നൽകിയിട്ടുണ്ട്. നാലാമത്തെ ബിൽ ലഭ്യമായിട്ടില്ല.

(സി) 2,39,45,500 രൂപ(രണ്ട് കോടി മുപ്പത്തൊമ്പത് ലക്ഷത്തി നാല്പത്തയ്യായിരത്തി അഞ്ഞൂറ് രൂപ) .

(ഡി) ലേലം ചെയ്ത കടകൾ -15

ലേലം ചെയ്യാത്തവ -27.

(ഇ) ഉണ്ട്. എം.എൽ.എ. ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ മുകളിലത്തെ നിലയിൽ പ്രത്യേക ലോഞ്ച് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. ബസ് കാരണമുണ്ടാകുന്ന റോഡപകടങ്ങൾ**

323(3755) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ് കാരണമുണ്ടാകുന്ന റോഡപകടങ്ങൾ കുറയ്ക്കാനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം ഓരോ വർഷവും കെ.എസ്.ആർ.ടി.സി. ബസ് കാരണമുണ്ടായ അപകടങ്ങളുടെ എണ്ണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ബസുകൾ അപകടത്തിൽപ്പെടുന്നത് ഒഴിവാക്കുന്നതിനായി വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം നൽകിവരുന്നുണ്ട്. കൂടാതെ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് ശ്രദ്ധ ചെലുത്തുന്നുണ്ട്. കാലാകാലങ്ങളിൽ ഡ്രൈവർമാർക്ക് ആവശ്യമായ പരിശീലനവും തുടർ പരിശീലനവും നടത്തിവരുന്നുണ്ട്. പുതിയതരം ബസുകളും സാങ്കേതികവിദ്യയും ഉപയോഗപ്പെടുത്തേണ്ട സാഹചര്യങ്ങളിൽ ഇതുസംബന്ധിച്ച് പ്രത്യേക പരിശീലനവും നൽകാറുണ്ട്. ജീവനക്കാരുടെ ഭാഗത്തുനിന്നുണ്ടാകുന്ന പോരായ്മകളിൽ വകുപ്പുതല അന്വേഷണം നടത്തി അത്തരം ജീവനക്കാർക്ക് കറക്ടീവ് ട്രെയിനിംഗ് നൽകുന്നതിനുവേണ്ട നടപടികളും കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ട്.

ദീർഘദൂര സർവ്വീസുകളിൽ ഡ്രൈവർമാരെ നിശ്ചിത സമയം ജോലിക്ക് ശേഷം മാറ്റുന്നതിനും (ക്രൂ ചെയ്ഞ്ച്/ഡ്രൈവർ ചെയ്ഞ്ച് സംവിധാനവും) ഡ്രൈവർ- കം -കണ്ടക്ടർ സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. ബസ് ഉൾപ്പെട്ട അപകടങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു:

2016 മേയ് മാസം മുതൽ 2016 ഡിസംബർ മാസം വരെ 951 എണ്ണവും 2017 ജനുവരി മുതൽ 2017 ഡിസംബർ വരെ 1712 എണ്ണവും, 2018 ജനുവരി മുതൽ 2018 നവംബർ വരെ 1085 എണ്ണവുമാണ്.

## കെ.എസ്.ആർ.ടി.സി.-യിലെ കൊറിയർ സർവ്വീസ്

324(3756) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ കൊറിയർ സർവ്വീസ് നടത്തുന്ന ട്രാക്കോൺ കൊറിയർ കമ്പനിയുടെ സേവനം കാര്യക്ഷമമല്ലായെന്നതു സംബന്ധിച്ച വസ്തുത പരിശോധിച്ചിട്ടുണ്ടോ;വിശദമാക്കാമോ:

(ബി) പ്രസ്തുത കമ്പനിയുടെ ലൈസൻസ് അവസാനിക്കാൻ രണ്ടു വർഷം ബാക്കിയുള്ള സാഹചര്യത്തിൽ പ്രസ്തുത കമ്പനിയുടെ സേവനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) പ്രസ്തുത കൊറിയർ സർവ്വീസിന്റെ പ്രവർത്തനം ഗ്രാമീണമേഖലയിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിനായി കമ്പനിയുമായി കരാർ പുതുക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. കണക്ക് വിവരങ്ങൾ പരിശോധിച്ചതിൽ അപാകതകൾ കണ്ടെത്തുകയുണ്ടായി. കോർപ്പറേഷന് പ്രതീക്ഷിച്ച വരുമാനം ലഭിച്ചില്ല. ആയതിനാൽ ടിയാന്മാരുടെ ലൈസൻസ് റദ്ദ് ചെയ്തു.

(ബി&സി) പ്രസ്തുത കമ്പനി കാര്യക്ഷമമല്ലായെന്ന് കണ്ടതിനാൽ അവരുടെ ലൈസൻസ് റദ്ദ് ചെയ്യുകയുണ്ടായി.

## കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിൽ തൊഴിൽ അനുകൂല അന്തരീക്ഷം

325(3757) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി വർക്ക് ഷോപ്പുകളിൽ തൊഴിൽ അനുകൂല അന്തരീക്ഷം ഇല്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സാഹചര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഓരോ ജില്ലയിലെയും ഒരു പ്രധാന ഡിപ്പോയിലെങ്കിലും ആധുനിക സാങ്കേതിക വിദ്യകളും അനുബന്ധ സംവിധാനങ്ങളുമുള്ള വർക്ക് ഷോപ്പ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിൽ തൊഴിൽ അനുകൂല അന്തരീക്ഷം ഇല്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് വർക്ക് ഷോപ്പുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ടയർ റീട്രെഡിംഗ്, എഞ്ചിൻ റീ-കണ്ടീഷനിംഗ്, വാഹന ഉപയോഗനിരക്ക് എന്നിവ ദേശീയ ശരാശരിയിൽ എത്തിക്കുന്നതിനും വർക്ക്ഷോപ്പുകൾ ആധുനികവത്കരിക്കുന്നതിനും ബസ് ബോഡി നിർമ്മാണ വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-ക്ക് കടുത്ത സാമ്പത്തിക പ്രതിസന്ധി യുള്ളതിനാൽ സർക്കാർ സഹായത്താലും ജനപ്രതിനിധികളുടെ ഫണ്ട് ഉപയോഗിച്ചും ഡിപ്പോ വർക്ക്ഷോപ്പുകളിൽ ആധുനികവത്കരണം നടത്തി വരികയാണ്.

## വെഞ്ഞാറമൂട് കെ.എസ്.ആർ.ടി.സി. ഗ്യാരേജിന്റെ നവീകരണം

326(3758) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ വെഞ്ഞാറമൂട് സ്ഥിതി ചെയ്യുന്ന കെ.എസ്.ആർ.ടി.സി.-യുടെ ഗ്യാരേജ് അറ്റകുറ്റപ്പണി ചെയ്ത് നവീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഗ്യാരേജ് നവീകരിക്കുന്നതിനായി ഏതെങ്കിലും തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ;

(സി) ഇല്ലെങ്കിൽ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

(സി) കോർപ്പറേഷന്റെ ഇപ്പോഴത്തെ സാമ്പത്തികസ്ഥിതിയിൽ സ്വന്തം ഫണ്ടിൽനിന്നും പണം വകയിരുത്തി ഗ്യാരേജ് നവീകരിക്കുവാൻ കഴിയുകയില്ല.

## കെ.എസ്.ആർ.ടി.സി. പെരിന്തൽമണ്ണ സർക്കിളിന്റെ ശോചനീയാവസ്ഥ

327(3759) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ.ടി.സി. പെരിന്തൽമണ്ണ സർക്കിളിനുകീഴിൽ എത്ര സർവ്വീസുകൾ കുറച്ചിട്ടുണ്ട്; നിലവിൽ എത്ര റഗുലർ സർവ്വീസുകൾ നടത്തുന്നുണ്ട്;

(ബി) സർവ്വീസുകൾ വെട്ടിക്കുറച്ചത് കാരണം യാത്രക്കാർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വെട്ടിക്കുറച്ച ഏതെല്ലാം സർവ്വീസുകളാണ് പുനഃസ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ സർക്കിളിനുകീഴിൽ ആകെ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; തസ്തിക തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; ഈ സർക്കാർ വന്ന ശേഷം തസ്തികകൾ ഏതെങ്കിലും കുറവ് ചെയ്തിട്ടുണ്ടോ; നിലവിൽ എത്ര തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ട്; ജീവനക്കാരുടെ അഭാവം സർക്കിളിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) സർവ്വീസുകൾ വെട്ടിക്കുറച്ചതുകാരണവും മതിയായ ജീവനക്കാരില്ലാത്തത് കാരണവുമുള്ള പെരിന്തൽമണ്ണ സർക്കിളിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സർവ്വീസുകളൊന്നും വെട്ടിക്കുറച്ചിട്ടില്ല. 40 കെ.എസ്.ആർ.ടി.സി.-യും 2 ജൻറം സർവ്വീസുകളും നടത്തുന്നുണ്ട്.

(സി) പെരിന്തൽമണ്ണ യൂണിറ്റിൽ ആകെ 271 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. തസ്തിക തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ഡ്രൈവർ | - | 83 +22 (താൽക്കാലികം) |
| കണ്ടക്ടർ | - | 60+36 (താൽക്കാലികം) |
| സൂപ്രണ്ട് | - | 2 |
| അസിസ്റ്റന്റ് | - | 13 |

| | | |
|---|---|---|
| ടൈപ്പിസ്റ്റ് | - | 1 |
| അസിസ്റ്റന്റ് സർജന്റ് | - | 1 |
| ഗാർഡ് | - | 2 |
| ഇൻസ്പെക്ടർ | - | 4 |
| സ്റ്റേഷൻ മാസ്റ്റർ | - | 4 |
| അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനിയർ | - | 1 |
| മെക്കാനിക് | | -30 |
| ബ്ലാക്ക് സ്മിത്ത് | | -3 |
| കോച്ച് ബിൽഡർ | | -1 |
| പെയിന്റർ | | -1 |
| അപ്ഹോൾസ്റ്റർ | | -1 |
| ടയർ ഇൻസ്പെക്ടർ | | -1 |
| പമ്പ് ഓപ്പറേറ്റർ | | -1 |
| വെഹിക്കിൾ സൂപ്പർവൈസർ | | -1 |
| സ്റ്റോർ അസിസ്റ്റന്റ് | | -1 |
| സ്റ്റോർ ഇഷ്യൂവർ | | -1 |
| ഗ്യാരേജ് മസ്ദൂർ | | -1 |

നിലവിൽ എല്ലാ വിഭാഗം ജീവനക്കാരുടെയും എണ്ണം ദേശീയ ശരാശരിയേക്കാൾ അധികമാണ്. ആയതിനാൽ തസ്തികകളൊന്നും തന്നെ ഒഴിഞ്ഞു കിടക്കുന്നില്ല.

(ഡി) സർവ്വീസുകളൊന്നും വെട്ടിക്കുറച്ചിട്ടില്ല. സർവ്വീസ് ഓപ്പറേഷന് ആവശ്യമായ ജീവനക്കാരുടെ കുറവില്ല.

**വയനാട് ജില്ലയിൽ ഗ്രാമീണ സർവ്വീസുകൾ**

328 (3760) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകത കണക്കിലെടുത്ത്

ലാഭകരമായേക്കാവുന്ന ഗ്രാമീണ സർവ്വീസുകൾ കൂടുതലായി ആരംഭിക്കുന്നതിനും നിലവിലുള്ള റൂട്ടുകളിൽ സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുംവേണ്ടി കെ.എസ്.ആർ .ടി. സി. മിനി ബസുകൾ കൂടുതലായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രൈവറ്റ് ബസുകൾ കൂടതലായി സർവ്വീസ് നടത്തുന്ന കൽപ്പറ്റ-പടിഞ്ഞാറത്തറ-മാനന്തവാടി റൂട്ടിലും മേപ്പാടി-ചുണ്ടേൽ റൂട്ടിലും കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൽപ്പറ്റ യൂണിറ്റിൽ ഓർഡിനറി സർവ്വീസുകളാണ് നിലവിലുള്ളത്. വയനാട്ടിലെ ഗ്രാമീണ മേഖലകളിലേയ്ക്ക് പ്രസ്തുത യൂണിറ്റിൽനിന്നും ധാരാളം സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തു വരുന്നുണ്ട്. കെ.എസ്.ആർ.ടി.സി. നിലവിൽ വളരെയധികം സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. ആയതിനാൽ പുതിയതായി മിനി ബസ്സുകൾ ഉപയോഗിച്ച് സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയുകയില്ല.

(ബി) കൽപ്പറ്റ-പടിഞ്ഞാറത്തറ റൂട്ടിൽ 5.15, 6.00, 6.45, 07.00, 8.00, 10.40, 13.15, 13.25, 14.45, 15.25, 16.00, 16.50, 19.05, 19.30, 20.15, 20.45, 21.15, 22.20 എന്നീ സമയങ്ങളിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നുണ്ട്. ജനസാന്ദ്രത കുറഞ്ഞ മേപ്പാടി- ചുണ്ടേൽ റൂട്ടിൽ ലാഭകരമായി സർവ്വീസ് നടത്താൻ പറ്റാത്തതിനാൽ കെ.എസ്.ആർ.ടി.സി. ഈ റൂട്ടിൽ ഷട്ടിൽ സർവ്വീസുകൾ ഇപ്പോൾ നടത്തുന്നില്ല.

## മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ്

329 (3761) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ നടപടികൾ നിർത്തിവെച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) എഗ്രിമെന്റിൽ പറഞ്ഞതിൽ ഏതുഘട്ടം വരെയുള്ള ജോലികളാണ് പൂർത്തീകരിച്ചിട്ടുള്ളത്; കരാറുകാരന് പാർട്ട് ബിൽ മാറി നൽകിയിട്ടുണ്ടോ;

(സി) നിർമ്മാണ നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തികളിൽ ഉൾപ്പെട്ട സിവിൽ സ്ട്രക്ച്ചർ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണത്തിന് ആവശ്യമായ തുക അതിൽ ഉൾപ്പെട്ട കടമുറികൾ ലേലം ചെയ്ത് പൊതുജനത്തിന് നൽകി സ്വരൂപിക്കാനാണ് കെ.എസ്.ആർ.ടി.സി. വിഭാവന ചെയ്തത്. എന്നാൽ 2 തവണ ലേല നടപടികൾ നടത്തിയിട്ടും ആയതിന് ആവശ്യമായ തുക സ്വരൂപിക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽതന്നെ തൽക്കാലം മലപ്പുറം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തികൾ നിർത്തി വച്ചിരിക്കുകയാണ്. 2018 ഡിസംബർ 15-ാം തീയതി വീണ്ടും ലേലം നടത്തി പ്രസ്തുത ഷോപ്പുകൾ ആവശ്യക്കാർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയതിൽനിന്നും വരുമാനം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതാണ്.

(ബി) സിവിൽ സ്ട്രക്ചറൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 1st പാർട്ട് ബിൽ തുക മുഴുവനും അനുവദിച്ചുനൽകിയിട്ടുണ്ട്. 2nd പാർട്ട് ബില്ലിന്റെ 70% തുകയും നൽകിയിട്ടുണ്ട്.

(സി) വാണിജ്യ സാധ്യതയുള്ള സ്ഥലങ്ങളും കടകളും ലേലം ചെയ്ത് പലിശരഹിത നിക്ഷേപം സമാഹരിച്ച് കരാറുകാരന് നൽകാനുള്ള തുക നൽകി പ്രവൃത്തി എത്രയുംവേഗം പൂർത്തീകരിക്കാൻ ശ്രമം നടത്തുന്നതാണ്.

**എറണാകുളം കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റ് നവീകരണം**

330 (3762) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റ് നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ രൂപരേഖയുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഈ പദ്ധതിക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ?

## ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. എറണാകുളം ബസ് സ്റ്റേഷനിൽ ഒരു ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്ന പ്രവൃത്തി സർക്കാർ അംഗീകൃത എക്സ്റ്റേണൽ ഏജൻസിയെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിക്കുകയും അതിൻ പ്രകാരം എല്ലാ എക്സ്റ്റേണൽ ഏജൻസികൾക്കും ടി പ്രവൃത്തി ഏറ്റെടുത്ത് ചെയ്യുന്നതിനുള്ള സന്നദ്ധത അറിയിക്കുന്നതിനായി ഇ-മെയിൽ മുഖാന്തരവും കത്ത് മുഖേനയും അറിയിപ്പ് നൽകുകയും ചെയ്തിരുന്നു. തുടർന്ന്, M/s. INKEL Limited എന്ന സ്ഥാപനം പ്രസ്തുത പ്രവൃത്തിക്കായി ഒരു പ്രൊപ്പോസൽ സമർപ്പിച്ച് പ്രവൃത്തി ചെയ്യുന്നതിനുള്ള സന്നദ്ധത അറിയിച്ചിട്ടുണ്ട്. ഇതനുസരിച്ച് പ്രസ്തുത സ്ഥാപനത്തിന് ടി പ്രവൃത്തി ചെയ്യുന്നതിനുള്ള അനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

M/s INKEL Ltd. സമർപ്പിച്ച പ്രൊപ്പോസൽ കെ.എസ്.ആർ.ടി.സി-ലെ ഉന്നത ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ വിശകലനം ചെയ്യുകയും മാറ്റങ്ങൾ വരുത്തി സമർപ്പിക്കുന്നതിന് M/s. INKEL Ltd.-ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) കിഫ്ബി അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

## സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്ക് വാമനപുരം ജംഗ്ഷനിൽ സ്റ്റോപ്പ്

331(3763) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ വാമനപുരം ഗ്രാമപഞ്ചായത്തിൽ നിരവധി സർക്കാർ ഓഫീസുകളും സഹകരണ സ്ഥാപനങ്ങളും മറ്റിതര സ്ഥാപനങ്ങളും സ്ഥിതിചെയ്യുന്നതിനാൽ വാമനപുരം ജംഗ്ഷനിൽ കെ.എസ്.ആർ.ടി.സി.-യുടെ സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്ക് രാവിലെയും വൈകുന്നേരവും സ്റ്റോപ്പ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്ഥലത്ത് രാവിലെയും വൈകുന്നേരവും കെ.എസ്.ആർ.ടി.സി.-യുടെ സൂപ്പർ ഫാസ്റ്റ് ബസുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വാമനപുരം ജംഗ്ഷനിൽനിന്നും ഒരു കിലോമീറ്റർ പരിധിക്കുള്ളിൽ കാരേറ്റ് എന്ന സ്ഥലത്ത് സൂപ്പർ എക്സ്പ്രസ് വരെയുള്ള ബസുകൾക്ക് സ്റ്റോപ്പ് നിലവിലുണ്ട്. ആയതിനാൽ വാമനപുരം ജംഗ്ഷനിൽ സൂപ്പർഫാസ്റ്റ് ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നത് അത്തരം സർവ്വീസുകളുടെ സമയക്രമത്തേയും ദീർഘദൂര യാത്രക്കാരെ കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് ആകർഷിക്കുന്നതിനേയും വിപരീതമായി ബാധിക്കും. ഈ സാഹചര്യത്തിൽ ടി സ്ഥലത്ത് സ്റ്റോപ്പ് അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

## മലപ്പുറത്തെ ഗതാഗത പ്രശ്നങ്ങൾ

332(3764) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. മിന്നൽ സർവ്വീസിന് മലപ്പുറം ജില്ലയിൽ ഒരിടത്തും സ്റ്റോപ്പില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതു സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രശ്നപരിഹാരത്തിന് സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(ബി) കോട്ടക്കൽ-ചാലിയം ബസ് സർവ്വീസ് ആരംഭിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) ചേളാരി വഴി തിരൂർ ഭാഗത്തേയ്ക്ക് പോവുന്ന കെ.എസ്.ആർ.ടി.സി ബസുകൾ ചേളാരി മാതാപുഴ റൂട്ട് വഴിയാക്കുന്നതിനുള്ള നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ഡി) ദേശീയപാതയിൽ ചേളാരി മുതൽ ഇടിമുഴിക്കൽ വരെയുള്ള ഭാഗങ്ങളിലെ ഗതാഗതക്കുരുക്കുമായി ബന്ധപ്പെട്ട് ലഭിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്റ്റോപ്പുകളുടെ എണ്ണം പരിമിതപ്പെടുത്തി സമയനിഷ്ഠ പാലിക്കുന്ന തരത്തിൽ രാത്രികാല സർവ്വീസ് എന്ന രീതിയിലാണ് മിന്നൽ സർവ്വീസുകൾ ആരംഭിച്ചിട്ടുള്ളത്. പ്രസ്തുത സർവ്വീസിന് കൂടുതൽ സ്റ്റോപ്പുകൾ അനുവദിക്കുന്നത് ടി സർവ്വീസുകളെ അനാകർഷകമാക്കുമെന്നതിനാൽ പ്രസ്തുത ആവശ്യം പരിഗണിക്കാൻ കഴിയുകയില്ല.

(ബി) നിവേദനം ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ സാദ്ധ്യതാപഠനം നടത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. നിലവിൽ വളരെയധികം സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. ടി റൂട്ടിൽ സർവ്വീസ് ആരംഭിക്കുന്നത് കോർപ്പറേഷന് ഗുണകരമായിരിക്കുകയില്ല എന്നതിനാൽ പ്രസ്തുത ആവശ്യം പരിഗണിക്കുവാൻ കഴിയുകയില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിവേദനങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് സാദ്ധ്യതാപഠനം നടത്തി കോർപ്പറേഷനും യാത്രക്കാർക്കും ഗുണകരമാകുമെങ്കിൽ പരിശോധിക്കുന്നതാണ്.

(ഡി) ദേശീയപാതയിലെ ചേളാരി മുതൽ ഇടിമുഴിക്കൽ വരെയുള്ള ഭാഗങ്ങളിലെ ഗതാഗതക്കുരുക്കുമായി ബന്ധപ്പെട്ട നിവേദനം ലഭ്യമായിട്ടില്ല. എന്നാൽ ദേശീയപാതയിലെ ചേളാരി മുതൽ പാണമ്പ്ര വരെയുള്ള ഭാഗങ്ങളിലെ ഗതാഗതക്കുരുക്കുമായി ബന്ധപ്പെട്ടുള്ള നിവേദനം മലപ്പുറം ജില്ലാ കളക്ടർക്ക് ലഭ്യമായിട്ടുള്ളതും തുടർ നടപടിക്കായി റോഡ് സുരക്ഷാ സമിതി കൺവീനറായ മലപ്പുറം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്ക് അയച്ചുനൽകിയിട്ടുള്ളതും, പ്രസ്തുത നിവേദനത്തിൽ ജില്ലാതല റോഡ് സുരക്ഷാ സമിതിയിൽവച്ച് ആർ.ടി.ഒ., പോലീസ്, തഹസീൽദാർ, പഞ്ചായത്ത് അധികാരികൾ എന്നിവരുമായി ചർച്ച ചെയ്ത് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ദേശീയപാത എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## വർക്കലയിൽ എത്തുന്ന കെ.എസ്.ആർ.ടി.സി. ബസുകളുടെ സമയവിവരപ്പട്ടിക

333(3765) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയായ വർക്കലയിലേയ്ക്ക് വിവിധ ഡിപ്പോകളിൽ നിന്നുവരുന്ന കെ.എസ്.ആർ.ടി.സി. ബസുകളുടെ സമയവിവരപ്പട്ടിക നൽകാമോ;

(ബി) പ്രസ്തുത ബസ്സുകൾ ഏതെല്ലാം ഡിപ്പോകളിൽ നിന്നാണ് എത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തിലെ മറ്റ് വിനോദസഞ്ചാര മേഖലകളിലേയ്ക്ക് വർക്കലയിൽനിന്നും കൂടുതൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1) 05.55 കിളിമാനൂർ - വർക്കല

2) 07.00 കൊല്ലം -വർക്കല

3) 09.15 വർക്കല -കൊല്ലം

4) 05.30 കൊട്ടാരക്കര -വർക്കല

4) 08.10 വർക്കല -കൊട്ടാരക്കര

ആറ്റിങ്ങൽ ഡിപ്പോയിൽനിന്നും പ്രസ്തുത മേഖലയിലേയ്ക്കുള്ള സർവ്വീസുകളുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) കിളിമാനൂർ, കൊല്ലം, കൊട്ടാരക്കര, ആറ്റിങ്ങൽ.

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് വിശദമായ പഠനം നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

**പത്തനംതിട്ട ഡിപ്പോയിൽനിന്നും ദീർഘദൂര സർവ്വീസുകൾ**

334(3766) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും ഏതെല്ലാം ലോഫ്ലോർ ദീർഘദൂരസർവ്വീസുകൾ നിലവിൽ സർവ്വീസ് നടത്തുന്നുണ്ട് ;

(ബി) പത്തനംതിട്ടയ്ക്ക് അനുവദിച്ച ബംഗളൂർ സ്കാനിയ ബസിന്റെ ബുക്കിംഗിൽ പത്തനംതിട്ടനിന്നും പരിസരപ്രദേശങ്ങളിൽനിന്നും ബുക്ക് ചെയ്യുന്നവർക്ക് നിലവിൽ മുൻഗണനയുണ്ടോ; ഇല്ലെങ്കിൽ മുൻഗണന നൽകാൻ കഴിയുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) നിലവിൽ, പത്തനംതിട്ട ഡിപ്പോയിൽനിന്നും ലോ ഫ്ലോർ ബസ്സുകൾ ഉപയോഗിച്ച് ദീർഘദൂര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നില്ല.

(ബി) ഭരണപരവും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായിട്ടുള്ള സൗകര്യാർത്ഥമാണ് പത്തനംതിട്ടയിൽ നിന്നും തിരുവനന്തപുരത്തേയ്ക്ക് സർവ്വീസ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ദീർഘിപ്പിച്ചത്. എന്നാൽ ഇപ്പോഴും പ്രസ്തുത ബസ് പത്തനംതിട്ട വഴി തന്നെയാണ് സർവ്വീസ് നടത്തുന്നത്. ടി ബസിന്റെ ഓൺലൈൻ റിസർവേഷൻ തിരുവനന്തപുരം സെൻട്രലിൽനിന്നും ആരംഭിച്ച് ബാംഗ്ലൂർ വരെ ഇടയ്ക്കുള്ള എല്ലാ മുഖ്യസ്ഥലങ്ങളിൽനിന്നും ലഭ്യമാണ്. പത്തനംതിട്ടയിലും പരിസര പ്രദേശങ്ങളിലുമുള്ള യാത്രക്കാർക്ക് മാത്രമായി മുൻഗണന നൽകുവാൻ സാധിക്കുകയില്ല. കാരണം മുൻഗണന നൽകിയാൽ ബസ് കടന്നുപോകുന്ന മറ്റ് സ്ഥലങ്ങളിലെ യാത്രക്കാർക്ക് ടിക്കറ്റ് ബുക്ക് ചെയ്യുവാൻ സാധിക്കാതെവരും. ആയതിനാൽ പരിസരപ്രദേശങ്ങളിൽനിന്നും ബുക്ക് ചെയ്യുന്നവർക്ക് മുൻഗണന നൽകുന്നില്ല. പ്രസ്തുത നിർദ്ദേശം അപ്രായോഗികമായതിനാൽ പരിഗണിക്കുവാൻ കഴിയില്ല.

## ഗുരുവായൂർ ഡിപ്പോയിൽ നിന്നുള്ള ഷെഡ്യൂളുകൾ

335 (3767) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും മണലൂർ മണ്ഡലത്തിലെ കാഞ്ഞാണി, പാവറട്ടി, പറപ്പൂർ-അമല വഴി ഓടുന്ന കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഷെഡ്യൂളുകളുടെ സമയക്രമം വിശദമാക്കാമോ?

### ഉത്തരം

(എ) ഗുരുവായൂർ ഡിപ്പോയിൽനിന്നും മണലൂർ മണ്ഡലത്തിലെ കാഞ്ഞാണി, പാവറട്ടി, പറപ്പൂർ-അമല വഴി ഓടുന്ന കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ താഴെ പറയുന്നവയാണ്.

7.00 മണി ഗുരുവായൂർ - തൃശ്ശൂർ

6.45 മണി ഗുരുവായൂർ - എടത്വ

6.35 മണി ഗുരുവായൂർ -എറണാകുളം

8.00 മണി ഗുരുവായൂർ -കായംകുളം

8.35 മണി ഗുരുവായൂർ -കായംകുളം

(ബി) പ്രസ്തുത ഷെഡ്യൂളുകളുടെ സമയക്രമം അനുബന്ധമായി* ചേർത്തിരിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അതിരപ്പിള്ളി പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. കൺസഷൻ

336(3768) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന ആദിവാസി, പട്ടികജാതി, തോട്ടം തൊഴിലാളി വിഭാഗത്തിൽപ്പെട്ട ജനങ്ങൾ കൂടുതലായി അധിവസിക്കുന്ന അതിരപ്പിള്ളി പഞ്ചായത്തിൽ വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി കൺസഷൻ അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതിരപ്പിള്ളി പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. യാത്രാ കൺസഷൻ അനുവദിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരീക്ഷണാടിസ്ഥാനത്തിൽ അനുവദിച്ച ടി സർവ്വീസുകൾക്ക് നിലവിലെ വ്യവസ്ഥകൾക്ക് അനുസരിച്ച് വിദ്യാർത്ഥി കൺസഷൻ അനുവദിക്കുന്ന കാര്യം കെ.എസ്.ആർ.ടി.സി. പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## സ്വകാര്യ ബസ്സുകളുടെ സർവീസ് നിരീക്ഷിക്കാൻ സംവിധാനം

337(3769) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിൽ സ്വകാര്യ ബസ്സുകൾക്ക് സർവ്വീസ് നടത്തുന്നതിന് റൂട്ടുകളിൽ സർക്കാർ നൽകിയ പെർമിറ്റുള്ളപ്പോൾ അതിൽനിന്നും വ്യത്യസ്തമായി തിരക്കുള്ള റൂട്ടുകളിൽ ഉൾപ്പെടെ ഇഷ്ടപ്രകാരം സർവ്വീസ് നടത്തുന്നത് നിരീക്ഷിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ അത് വിശദമാക്കുമോ;

(ബി) നിരീക്ഷണ സംവിധാനം കർശനമായി നടപ്പാക്കാതെ പോകുന്നതിനുള്ള കാരണം സ്വകാര്യ ബസ്സുടമകളിൽ നിന്നുള്ള സമ്മർദ്ദമാണെന്ന ആരോപണത്തിന്മേലുള്ള വസ്തുത വെളിപ്പെടുത്താമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ അനുവദിച്ച റൂട്ടും സമയവും തെറ്റിച്ച് സർവ്വീസ് നടത്തിയതിന്റെ പേരിൽ എത്ര സ്വകാര്യ

ബസ്സുകൾക്ക് എതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; പിഴയിനത്തിൽ എത്ര തുക ഈടാക്കാനായി;

(ഡി) ഇത്തരത്തിൽ തലസ്ഥാന നഗരിയിലെ സ്വകാര്യ ബസ്സുകൾ പാസഞ്ചർ ട്രാഫിക് കാണുന്ന ഇടത്തേയ്ക്ക് അനുമതി ഇല്ലാതെ ഓട്ടം നടത്തുന്നത് തടയാൻ നിലവിലുള്ള സംവിധാനത്തിനാവുന്നുണ്ടോ: ഇല്ലെങ്കിൽ പകരം സംവിധാനമേർപ്പെടുത്തുന്നതിന് ആലോചിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) പെർമിറ്റ് വ്യവസ്ഥ ലംഘനം നടത്തുന്ന സ്റ്റേജ് ക്യാരേജുകൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് കർശന നടപടി കൈക്കൊള്ളാറുണ്ട്.

(ബി) ഇത്തരമൊരു ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത കാലയളവിൽ (സമയപ്പട്ടികാ ലംഘനം/ട്രിപ്പ് കർട്ടയിൽമെന്റ്) നടത്തിയതായി കണ്ടെത്തിയ 21 സ്റ്റേജ് ക്യാരേജുകൾക്ക് ചെക്ക് റിപ്പോർട്ട് നൽകുകയും പിഴയിനത്തിൽ 2,55,500 രൂപ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടുള്ളതുമാകുന്നു.

(ഡി) നിലവിലുള്ള നിരീക്ഷണ സംവിധാനങ്ങൾ അപര്യാപ്തമാണ്. സേഫ് കേരള പദ്ധതി നടപ്പാക്കുന്നതോടെ കൂടുതൽ സ്ക്വാഡുകൾ പ്രവർത്തിക്കുകയും കർശന പരിശോധന നടത്താൻ സാധിക്കുകയും ചെയ്യും.

## രാത്രികാല സർവ്വീസ് നടത്തുന്ന ദീർഘദൂര പ്രൈവറ്റ് ബസ്സുകൾ

338(3770) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽനിന്നും വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലേയ്ക്ക് രാത്രികാല സർവ്വീസ് നടത്തുന്ന പ്രൈവറ്റ് ബസ്സുകളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത ബസ്സുകൾക്ക് കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലുള്ള ഫെയർ സ്റ്റേജും ഈടാക്കാവുന്ന ബസ് ചാർജും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കോട്ടയം ജില്ലയിൽനിന്നും വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലേയ്ക്ക് രാത്രികാല സർവ്വീസ് നടത്തുന്ന പ്രൈവറ്റ് ബസ്സുകളുടെ രജിസ്ട്രേഷൻ

നമ്പറുകൾ റൂട്ട് സഹിതം താഴെ ചേർക്കുന്നു.

1. KL 05 AH 9344 പത്തനംതിട്ട - പാടിച്ചിറ
2. KL 58 J 1899 പത്തനംതിട്ട - പാടിച്ചിറ
3. Kl 05 AQ 8056 ഇളംകാട് - പാണത്തൂർ
4. KL 05 AR 5455 ഇളംകാട് -പാണത്തൂർ
5. KL 05 AF 3434 കോട്ടയം - അമ്പായത്തോട്
6. KL 05 AF 3699 കോട്ടയം - അമ്പായത്തോട്

(ബി) പ്രസ്തുത ബസ്സുകളുടെ ഫെയർ സ്റ്റേജും ഈടാക്കുന്ന ബസ്സ് ചാർജ്ജും തയ്യാറാക്കുന്നതിന് ബസ്സുകൾ കടന്നു പോകുന്ന സ്ഥലങ്ങളുടെ നിയന്ത്രണ അധികാരമുള്ള റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുമായി ബന്ധപ്പെട്ട് ഗതാഗത കമ്മീഷണർ നടപടികൾ സ്വീകരിച്ചു വരികയാണ്.

**മോട്ടോർ വാഹന വകുപ്പ് അഴിമതിമുക്തമാക്കാനുള്ള നടപടികൾ**

339 (3771) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർ വാഹനവകുപ്പ് അഴിമതിമുക്തമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ ;

(ബി) ഇതിനായി എന്തെല്ലാം ഊർജ്ജിത ഇ-ഗവേണൻസ് സംവിധാനങ്ങളാണ് വകുപ്പിൽ ഒരുക്കിയത്; വിവരിക്കുമോ ;

(സി) ഈ സംവിധാനങ്ങൾ വഴി പൊതുജനങ്ങൾക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നതെന്നറിയിക്കാമോ?

ഉത്തരം

(എ) മോട്ടോർ വാഹന വകുപ്പിൽ ഇടനിലക്കാരെ പൂർണ്ണമായും ഒഴിവാക്കുന്നതിനും വാഹന ഉടമകൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും വേണ്ടിയാണ് ഓൺലൈൻ പേമെന്റ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, ഏതെങ്കിലും സാങ്കേതികമോ, അല്ലാത്തതോ ആയ കാരണത്താൽ ഓൺലൈൻ പേമെന്റ് നടത്താൻ കഴിയാത്ത വാഹന ഉടമകൾക്ക് ആയത് ഓഫീസിൽ നേരിട്ട് അടയ്ക്കുന്നതിനുള്ള സൗകര്യമുണ്ട്. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി 1-6-2010 മുതൽ എല്ലാ ആർ.ടി

ഓഫീസുകളിലും സബ് ആർ.ടി ഓഫീസുകളിലും ഫാസ്റ്റ്ട്രാക്ക് കൗണ്ടറിന്റെ പ്രവർത്തനം നടക്കുന്നുണ്ട്. ഇ-പേമെന്റ് ചെയ്ത് അപേക്ഷയുമായി അപേക്ഷകൻ നേരിട്ട് എത്തുകയാണെങ്കിൽ ഫാസ്റ്റ് ട്രാക്ക് കൗണ്ടറിൽ നിജപ്പെടുത്തിയിരിക്കുന്ന സേവനങ്ങൾ ലഭ്യമാകുന്നതാണ്. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ 10.30 A.M. മുതൽ 1.00 മണി വരെയും 2.15 മുതൽ 4.30 P.M. വരെയും സബ് ആർ.ടി. ഓഫീസുകളിൽ 2 P.M. മുതൽ 4.30 P.M. വരെയുമാണ് ഫാസ്റ്റ്ട്രാക്ക് കൗണ്ടർ പ്രവർത്തിക്കുന്നത്. കൂടാതെ, ബുധനാഴ്ച ദിവസങ്ങളിൽ ടാക്സേഷൻ ജോലികൾക്കും കൗണ്ടറുകളിൽ ടാക്സും മാത്രമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ 7-10-2017 മുതൽ ഇതിനു പുറമേ അപേക്ഷകൾ വാഹന ഉടമ നേരിട്ട് സമർപ്പിക്കുകയാണെങ്കിൽ യാതൊരു അപാകതയും ഇല്ലായെങ്കിൽ അപേക്ഷകൾ സ്വീകരിക്കുന്നതാണ്.

(ബി) വകുപ്പിന്റെ പ്രധാന സേവനങ്ങൾ എല്ലാം തന്നെ ഓൺലൈനിൽ ലഭ്യമാക്കിയിട്ടുണ്ട്. സേവനങ്ങൾക്കായി അപേക്ഷിക്കുന്നതും ടാക്സ്, ഫീസ് തുടങ്ങിയവ അടയ്ക്കുന്നതും ഓൺലൈനിൽ സാദ്ധ്യമാണ്. ഓഫീസിലെ പണമിടപാടുകൾ കുറയ്ക്കുവാനും ഇടനിലക്കാരെ ഒഴിവാക്കുവാനും ഇതിനാൽ സാധിക്കുന്നു. ആയത് അഴിമതി തടയുവാൻ കാരണമാകുന്നുണ്ട്.

(സി) അപേക്ഷകരുടെ ഫീസുകളെല്ലാം ഓൺലൈനായി അടയ്ക്കാവുന്നതാണ്. വാഹനങ്ങളുടെ നികുതി, ഹരിത നികുതി തുടങ്ങിയവയെല്ലാം ഓൺലൈനായി അടയ്ക്കാവുന്നതാണ്.

**നിയമവിരുദ്ധമായി നടത്തിയ വാഹന രജിസ്ട്രേഷൻ**

340(3772) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള വിവിധ വാഹനങ്ങൾ എത്രയെണ്ണമാണ്; ഇനംതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത്, രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞ എത്ര വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്; ഇനംതിരിച്ച് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ സ്ഥിരതാമസക്കാരിൽ വ്യാജ മേൽവിലാസം നൽകി ഇതര സംസ്ഥാനങ്ങളിൽനിന്നും വാഹന രജിസ്ട്രേഷൻ നിയമവിരുദ്ധമായി നടത്തിയ എത്ര കേസ്സുകൾ 2011 മുതൽ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ സർക്കാർ/പൊതുമേഖലാ ജീവനക്കാർ ഉൾപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇതുമൂലം സംസ്ഥാന ഖജനാവിന് എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായി; വ്യക്തമാക്കുമോ;

(ഇ) പ്രസ്തുതയിനത്തിൽ 2011 മുതൽ നാളിതുവരെ എത്ര തുക പിഴയായി പിരിച്ചെടുത്തു; പിഴയിനത്തിൽ എത്ര തുക കൂടി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ;

(എഫ്) ഇപ്രകാരം ഓടുന്ന വാഹനങ്ങൾ പിടിച്ചെടുത്ത് സർക്കാരിലേയ്ക്ക് കണ്ടുകെട്ടുന്നതിന് സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 31-3-2018 വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങളുടെ വിവരം താഴെ കൊടുക്കുന്നു:

<u>ട്രാൻസ്പോർട്ട് വാഹനങ്ങൾ</u>

| | |
|---|---|
| മൾട്ടി ആക്സിൽഡ് ആർട്ടിക്കുലേറ്റഡ് വെഹിക്കിൾസ് | 68529 |
| സ്റ്റേജ് കാര്യേജുകൾ | 43441 |
| കോൺട്രാക്ട് കാര്യേജുകൾ | 71746 |
| നാലുചക്ര ചരക്ക് വാഹനങ്ങൾ | 381828 |
| മുച്ചക്ര ചരക്ക് വാഹനങ്ങൾ | 147480 |
| മോട്ടോർ കാബ് | 118461 |
| മറ്റു ടാക്സികൾ | 8900 |
| 4 മുതൽ 6 വരെ സീറ്റുകളുള്ള ചെറു വാഹനങ്ങൾ | 651429 |
| മറ്റുള്ളവ | 89243 |

<u>നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾ</u>

| | |
|---|---|
| കാറുകൾ | 2622185 |
| ഇരുചക്ര വാഹനങ്ങൾ | 7919865 |
| ട്രാക്ടർ | 13712 |
| മറ്റുള്ളവ | 188960 |
| ആകെ വാഹനങ്ങൾ | 12325779 |

(ബി) ആകെ 1975 വാഹനങ്ങൾ ഇപ്രകാരം പിടിച്ചെടുത്തിട്ടുണ്ട്.

| | |
|---|---|
| മോട്ടോർ സൈക്കിൾ | 1194 |
| മോട്ടോർ കാർ | 693 |
| മുച്ചക്ര വാഹനങ്ങൾ | 84 |
| കോൺട്രാക്ട് കാര്യേജ് | 4 |

(സി) വ്യാജ മേൽവിലാസം നൽകി ഇതര സംസ്ഥാനങ്ങളിൽ രജിസ്ട്രേഷൻ നടത്തിയതായി സംശയിക്കപ്പെടുന്ന 331 കേസുകൾ ക്രൈം ബ്രാഞ്ചിന് റഫർ ചെയ്തിട്ടുണ്ട്. കേരള സംസ്ഥാനത്തിനുവരേണ്ട വാഹന നികുതി അടയ്ക്കണമെന്ന നോട്ടീസിൻമേൽ 81 വാഹന ഉടമകൾ കേരള സർക്കാരിനെതിരെ ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ നൽകിയിട്ടുണ്ട്. ഇതിൽ സർക്കാർ/ പൊതുമേഖലാ ജീവനക്കാർ ഉൾപ്പെട്ടിട്ടുണ്ടോ എന്നുള്ള കണക്കെടുത്തിട്ടില്ല.

(ഡി) വാഹന നികുതിയിനത്തിൽ സംസ്ഥാന സർക്കാരിന് ലഭിക്കേണ്ട തുക കണക്കാക്കുന്നത് വാഹനങ്ങളുടെ പർച്ചേസ് വാല്യു, വാഹനങ്ങളുടെ പഴക്കം എന്നിവ അനുസരിച്ചാണ്. ഇത്തരത്തിൽ വ്യാജ രജിസ്ട്രേഷൻ കരസ്ഥമാക്കിയ വാഹനങ്ങളുടെ പൂർണ്ണ വിവരങ്ങൾ ലഭ്യമായതിനുശേഷം മാത്രമെ കൃത്യമായ തുക കണക്കാക്കുന്നതിന് സാധിക്കുകയുള്ളൂ.

(ഇ) വാഹന നികുതിയിനത്തിൽ 481 വാഹന ഉടമകളിൽ നിന്നായി 38,64,26,248 രൂപ ഈടാക്കിയിട്ടുണ്ട്.

(എഫ്) കേരള നികുതി അടയ്ക്കാതെ ഓടുന്ന വാഹനങ്ങൾ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ നിയമം, 11-ാം വകുപ്പ് പ്രകാരം പിടിച്ചെടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ പല കേസുകളും ഹൈക്കോടതിയുടെ പരിഗണനയിലായതിനാലും വാഹനങ്ങൾ കേരളത്തിൽ കണ്ടെത്താൻ സാധിക്കാത്തതിനാലും നിർദ്ദേശം പൂർണ്ണമായി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

## കുളപ്പുള്ളി-പാലക്കാട് ഭാഗത്തെ റോഡപകടങ്ങൾ

341(3773) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളപ്പുള്ളി മുതൽ പാലക്കാട് വരെയുള്ള സംസ്ഥാന പാതയിൽ റോഡപകടങ്ങൾ അനുദിനം വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിലുണ്ടോ;

(ബി) പ്രസ്തുത പാതയിൽ അമിതവേഗതയിൽ പോവുന്ന വാഹനങ്ങളെ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നിയമലംഘകരെ പിടികൂടി ശിക്ഷ ചുമത്തുന്നതിനും സംസ്ഥാന മോട്ടോർ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ കാര്യക്ഷമമല്ല എന്ന കാര്യം ശ്രദ്ധയിലുണ്ടോ;

(സി) എങ്കിൽ ഈ പോരായ്മ നികത്തുന്നതിന് എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ ലഭ്യമായ എൻഫോഴ്സ്മെന്റ് സ്ക്വാഡ് ഉപയോഗിച്ച് സാധ്യമായ രീതിയിൽ പരിശോധന നടത്തുകയും അശ്രദ്ധമായി വാഹനമോടിക്കുന്ന ഡ്രൈവർമാരുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(സി) സേഫ് കേരള പദ്ധതി പ്രകാരം എൻഫോഴ്സ്മെന്റ് സ്ക്വാഡ് വിപുലപ്പെടുത്തുന്നതോടെ പരിശോധന കൂടുതൽ കർശനമാക്കുവാൻ സാധിക്കുമെന്ന് കരുതുന്നു.

## മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ

342 (3774) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ എ.എം.വി.ഐ. തസ്തികകൾ എത്രയെണ്ണം സൃഷ്ടിച്ചിട്ടുണ്ട്;

(ബി) റോഡ് സുരക്ഷ ഫണ്ടിൽനിന്നും 2016-2017 വർഷം എത്ര രൂപ വിനിയോഗിച്ചിട്ടുണ്ട്; ആയത് അനുവദിച്ച തുകയുടെ എത്ര ശതമാനമാണ്;

(സി) ജെ.ടി.സി., ആർ.ടി.ഒ., എം.വി.ഐ., എ.എം.വി.ഐ. എന്നീ തസ്തികയിൽ ജോലി നോക്കിവരുന്ന ഉദ്യോഗസ്ഥരിൽ എത്ര പേർക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്; വിശദവിവരങ്ങൾ വ്യക്തമാക്കുമോ;

(ഡി) അനധികൃത സ്വത്ത് സമ്പാദനത്തിന്റെ പേരിൽ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 199.

(ബി)2016-17 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 3055-00-800-95 എന്ന കണക്ക് ശീർഷകത്തിൽ 85.3227 കോടി രൂപ ചാർജ്ജ്ഡ് ഇനത്തിൽ വകയിരുത്തിയിരുന്നുവെങ്കിലും റോഡ് സുരക്ഷാ ഫണ്ടിലേയ്ക്ക് തുകയൊന്നും കൈമാറിയിരുന്നില്ല. എന്നിരുന്നാലും, മുൻവർഷങ്ങളിലെ റോഡ് സുരക്ഷാ ഫണ്ടിലെ നീക്കിയിരുപ്പ് ബാക്കിയിൽനിന്നും പ്രസ്തുത വർഷം 6,76,70,559 രൂപ വിനിയോഗിച്ചിട്ടുണ്ട്.

(സി) ജെ.ടി.സി., ആർ.ടി.ഒ., എം.വി.ഐ., എ.എം.വി.ഐ എന്നീ തസ്തികയിൽ ജോലി നോക്കിവരുന്ന ഉദ്യോഗസ്ഥർക്കെതിരെയുള്ള വിജിലൻസ് കേസുകളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി)അനധികൃത സ്വത്ത് സമ്പാദനത്തിന്റെ പേരിൽ നടപടിയെടുക്കപ്പെട്ട ഉദ്യോഗസ്ഥരുടെ വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

## വൈപ്പിൻകരയിലെ ഇ-യാത്ര പദ്ധതി

343(3775) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഷ്യൻ ഉപഭൂഖണ്ഡത്തിൽതന്നെ ജനസാന്ദ്രതയേറിയ വൈപ്പിൻ കരയിൽ വാഹനാപകട മരണങ്ങൾ വർദ്ധിച്ചുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അപകടങ്ങൾ കുറയ്ക്കാനും ഗതാഗത തടസ്സം ഒഴിവാക്കാനുംവേണ്ടി സമർപ്പിച്ച ഇ-യാത്ര പദ്ധതിയിന്മേൽ സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കാമോ;

(സി) ഇ- യാത്ര പദ്ധതിക്ക് അംഗീകാരം നൽകുന്നതിന് നയപരമായ തടസ്സങ്ങൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ കാലതാമസം കൂടാതെ അംഗീകാരം നൽകുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) വൈപ്പിൻകരയിൽ വാഹനാപകടങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ മേഖലയിലെ ജനസാന്ദ്രത വളരെ കൂടുതലും വാഹനങ്ങളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചിട്ടുള്ളതും, നിലവിലെ റോഡുകൾ അപര്യാപ്തവുമാണ്. കൊച്ചി സിറ്റിയിൽനിന്നും ദ്വീപിലേയ്ക്ക് പാലം നിർമ്മിച്ചിട്ടുള്ളതിനാൽ സിറ്റിയിൽനിന്നും വാഹനങ്ങൾ പ്രവേശിക്കുന്നതിന് നിലവിലുള്ള റോഡുകൾ പര്യാപ്തമല്ല. ദ്വീപുമായി ബന്ധപ്പെട്ട് ധാരാളം പാലങ്ങൾ പുതിയതായി വന്നതും ദ്വീപിലെ തിരക്ക് കൂടുവാൻ കാരണമായി.

(ബി&സി) ഇ-യാത്ര പദ്ധതി നിർദ്ദേശം പൊതുമരാമത്ത് വകുപ്പ് റോഡ് സേഫ്റ്റി സെൽ വിഭാഗത്തിന്റെ പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നു. പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ടതുപോലെ ഡ്രെയിനേജിന്റെ മുകളിൽ രണ്ട് കിലോമീറ്റർ നീളത്തിൽ നടപ്പാത നിർമ്മിക്കുന്നത് റോഡ് സുരക്ഷയുടെ ഭാഗമായി പ്രോത്സാഹിപ്പിക്കുന്നില്ല എന്നും (കാൽനടക്കാരുടെ സുരക്ഷ മുൻനിർത്തി) ചെയ്നേജ് ലൊക്കേഷൻ വിശദാംശങ്ങൾ പദ്ധതിയിൽ വ്യക്തമാക്കിയിട്ടില്ല എന്നും ഇന്ത്യൻ റോഡ് കോൺഗ്രസ് മാനദണ്ഡ പ്രകാരം കൈവരികളിലും മറ്റും പരസ്യം പ്രദർശിപ്പിക്കുവാൻ അനുവദിക്കുന്നില്ല എന്നും റോഡ് സേഫ്റ്റി സെൽ ചൂണ്ടിക്കാണിക്കുകയുണ്ടായി. ആയതിനാൽ മേൽപ്രസ്താവിച്ച അപാകതകൾ പരിഹരിച്ച് എസ്റ്റിമേറ്റ് പുനഃസമർപ്പിക്കുവാൻ എറണാകുളം, പൊതുമരാമത്ത്, എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കേരള വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനങ്ങൾ

344(3776) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത ഡിപ്പാർട്ടുമെന്റ് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിരിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) 7-6-1968-ൽ ആലപ്പുഴ ആസ്ഥാനമായി ജലഗതാഗത വകുപ്പ് രൂപീകൃതമായി. കേരളത്തിലെ വെള്ളക്കെട്ടായ പ്രദേശങ്ങളിലെ സാധാരണക്കാരായ യാത്രക്കാർക്ക് യാത്രാസൗകര്യം ഒരുക്കുകയെന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച ഈ വകുപ്പ് പരമാവധി മെച്ചപ്പെട്ട സേവനം നൽകുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചുവരുന്നു. ആലപ്പുഴ, കൊല്ലം, കോട്ടയം, എറണാകുളം, കണ്ണൂർ, കാസർഗോഡ് എന്നീ ആറ് ജില്ലകളിലായി 14 സ്റ്റേഷനോഫീസുകൾ കേന്ദ്രീകരിച്ചാണ് സംസ്ഥാന ജലഗതാഗത വകുപ്പ് സർവ്വീസ് നടത്തിവരുന്നത്. തടി ബോട്ടുകൾ മാത്രം സർവ്വീസ് നടത്തിക്കൊണ്ടിരുന്ന സ്ഥാനത്ത് ആധുനിക സാങ്കേതിക രീതിയിലുള്ള ബോട്ടുകൾ നിർമ്മിച്ച് സർവ്വീസ് നടത്തുക എന്ന ലക്ഷ്യത്തോടെ ആധുനിക ബോട്ടുകൾ നിർമ്മിക്കുകയും അപ്രകാരം കാലപ്പഴക്കം ചെന്ന ബോട്ടുകൾക്കു പകരം പുതിയ ബോട്ടുകൾ നിർമ്മിച്ച് 52 ഷെഡ്യൂളുകളിലായി ഏകദേശം 80,000 യാത്രക്കാർ വകുപ്പിന്റെ സർവ്വീസ് പ്രയോജനപ്പെടുത്തി വരികയും ചെയ്യുന്നു.

(ബി) നടപ്പ് സാമ്പത്തിക വർഷം വൈക്കത്ത് നിന്ന് എറണാകുളത്തേയ്ക്ക് ഒരു അതിവേഗ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള എ.സി പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ആരംഭിച്ചു. വകുപ്പിന്റെ പ്രധാനപ്പെട്ട 5 സ്റ്റേഷനുകളിൽ റെസ്ക്യൂ സർവ്വീസായും ആംബുലൻസ് സർവ്വീസായും ഉപയോഗിക്കുവാൻ ഉതകുന്ന

രീതിയിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ 5 റെസ്ക്യൂ ബോട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. കൂടാതെ ഇന്ത്യയിലെ പ്രഥമ സംരംഭമായ ഒരു 75 പാസഞ്ചർ കപ്പാസിറ്റിയുള്ള സോളാർ ബോട്ട് 'ആദിത്യ' വൈക്കം തവണക്കടവ് റൂട്ടിൽ സർവ്വീസ് നടത്തിവരുന്നു. ഇതോടൊപ്പം രണ്ട് സോളാർ ബോട്ടുകളുടെയും രണ്ട് വാട്ടർ ടാക്സികളുടെയും നിർമ്മാണവും പുരോഗമിച്ചുവരുന്നു. ഇതു കൂടാതെ ബോട്ടുകളുടെ സുരക്ഷയ്ക്കായി ബിൽജ് അലാറം, ഫയൽ അലാറം എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനവും പുരോഗതിയിലാണ്. ഇതിനുപുറമേ സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിലെ ആവശ്യകത, രീതി എന്നിവ മനസ്സിലാക്കുന്നതിനും കായൽ മലിനീകരണം ഒഴിവാക്കുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും വകുപ്പിന്റെ എല്ലാ ബോട്ടുകളിലും പ്രധാനപ്പെട്ട സ്റ്റേഷനുകളിലും എൽ.ഇ.ഡി. ടി.വി.സ്ഥാപിച്ചിട്ടുണ്ട്.

## ജലഗതാഗത വകുപ്പ് മുഖേന ലഭ്യമാക്കുന്ന യാത്രാസൗകര്യങ്ങൾ

345(3777) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പ് സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിൽ യാത്രാ സൗകര്യങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്; വിശദമാക്കുമോ;

(ബി) ഈ വർഷം പുതിയതായി ഏതൊക്കെ റൂട്ടുകളിലാണ് ജലഗതാഗത വകുപ്പ് ബോട്ടുകൾ ഇറക്കിയത്; വ്യക്തമാക്കുമോ;

(സി) ജലഗതാഗത വകുപ്പ് ഈ വർഷം പുതിയതായി എത്ര ബോട്ടുകൾ വാങ്ങി; കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ജലഗതാഗത വകുപ്പ്, സംസ്ഥാനത്ത് ആലപ്പുഴ, എറണാകുളം, കോട്ടയം കണ്ണൂർ, കാസർഗോഡ്, കൊല്ലം എന്നീ 6 ജില്ലകളിലായി 14 സ്റ്റേഷൻ ആഫീസുകൾ കേന്ദ്രീകരിച്ച് 52 ഷെഡ്യൂളുകൾ നടത്തിവരുന്നു. സ്റ്റേഷൻ ഓഫീസുകളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | സ്റ്റേഷൻ ആഫീസുകൾ |
|---|---|
| ആലപ്പുഴ | ആലപ്പുഴ, നെടുമുടി, എടത്വ, പാണാവള്ളി, പുളിങ്കുന്ന്, കാവാലം, മുഹമ്മ |
| കോട്ടയം | വൈക്കം, ചങ്ങനാശ്ശേരി, കോട്ടയം |
| എറണാകുളം | എറണാകുളം |
| കൊല്ലം | കൊല്ലം |
| കണ്ണൂർ | പറശ്ശിനിക്കടവ് |
| കാസർഗോഡ് | ആയിറ്റി(തൃക്കരിപ്പൂർ പഞ്ചായത്ത്) |

കൂടാതെ 5 റസ്ക്യൂ & ഡൈവ് ബോട്ടുകൾ ഉപയോഗിച്ച് ആലപ്പുഴ, മുഹമ്മ, പാണാവള്ളി, വൈക്കം, എറണാകുളം എന്നിവിടങ്ങളിലായി ആംബുലൻസ് സർവ്വീസും നടത്തിവരുന്നു.

(ബി) 120 പാസഞ്ചർ കപ്പാസിറ്റിയുള്ള (40 AC+80 Non Ac) ബോട്ടുപയോഗിച്ച് വൈക്കം-എറണാകുളം റൂട്ടിൽ ഒരു പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസും 5 റസ്ക്യൂ & ഡൈവ് ബോട്ടുകൾ ഉപയോഗിച്ച് ആലപ്പുഴ, മുഹമ്മ, പാണാവള്ളി, വൈക്കം, എറണാകുളം എന്നിവിടങ്ങളിലായി ആംബുലൻസ് സർവ്വീസും ഈ വർഷം പുതിയതായി ആരംഭിച്ചിട്ടുണ്ട്.

(സി) ഈ സാമ്പത്തിക വർഷം പുതുതായി ജലഗതാഗത വകുപ്പ് 5 റസ്ക്യൂ ബോട്ടുകളും ഒരു 120 PC പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ടും (VEGA 120)നിർമ്മാണം പൂർത്തിയാക്കി സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ 31-3-2018 G.O.(Rt) No. 144/2018 Trans പ്രകാരം 2 വാട്ടർ ടാക്സികളും 75 പാസഞ്ചർ കപ്പാസിറ്റിയുള്ള ഒരു സോളാർ ബോട്ടും വാങ്ങുന്നതിനും 13-6-2018-ലെ G.O.(Rt.) No. 270/2018/ Trans. പ്രകാരം 75 പാസഞ്ചർ കപ്പാസിറ്റിയുള്ള ഒരു സോളാർ ബോട്ട് വാങ്ങുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

## ജലഗതാഗത വകുപ്പിലെ സമാശ്വാസ തൊഴിൽദാന അപേക്ഷ

346(3778) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിന്റെ തേവര ഓഫീസിൽ ചാർജ്ജ്മാനായി ജോലി ചെയ്തിരുന്നതും 19-12-2015-ൽ മരണപ്പെട്ടിട്ടുള്ളതുമായ കെ. കെ. പുരുഷോത്തമന്റെ

മകൾ കടവന്ത്ര, ചിലവന്നൂർ തിട്ടേത്തറ വീട്ടിൽ കൃഷ്ണ. കെ. പി. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് ഗതാഗത വകുപ്പിലെ 13004/D1/15/Trans നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്നും ബന്ധപ്പെട്ട കക്ഷിയെ ഇത് സംബന്ധിച്ച് അനന്തര നടപടികൾ അറിയിക്കാത്തതിന് കാരണം എന്തെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത അപേക്ഷകയ്ക്ക് എന്നത്തേയ്ക്ക് ജോലി ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ജലഗതാഗത വകുപ്പിന്റെ തേവര ഓഫീസിൽ ചാർജ്ജ്മാനായി ജോലി ചെയ്തുവരവേ 19-12-2015-ൽ മരണപ്പെട്ടുപോയ കെ.കെ. പുരുഷോത്തമന്റെ മകൾ കടവന്ത്ര ചിലവന്നൂർ തിട്ടേത്തറ വീട്ടിൽ കൃഷ്ണ. കെ.പി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായി 1-7-2015-ൽ സമർപ്പിച്ച അപേക്ഷ ജലഗതാഗതവകുപ്പ് ഡയറക്ടർ, 16-10-2015-ലെ ഇ 3-5999/15 നമ്പർ കത്ത് പ്രകാരം തുടർനടപടികൾക്കായി ശിപാർശ ചെയ്ത് അയയ്ക്കുകയുണ്ടായി. പ്രസ്തുത അപേക്ഷയും അനുബന്ധ രേഖകളും 24-5-1999-ലെ G.O.(P)No.12/99/P&ARD നിഷ്കർഷിച്ചിട്ടുള്ള പ്രകാരം, പ്രൊഫോർമ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി 11-11-2015-ലെ 13004/D1/2015/ഗതാ നമ്പർ സർക്കാർ കത്ത് പ്രകാരം എറണാകുളം ജില്ലാ കളക്ടർക്ക് അയയ്ക്കുകയും പ്രസ്തുത കത്തിന്റെ പകർപ്പ്, ജലഗതാഗത വകുപ്പ് ഡയറക്ടർക്കും അപേക്ഷകയ്ക്കും ലഭ്യമാക്കുകയും ചെയ്തിരുന്നു. പ്രസ്തുത അപേക്ഷയിന്മേൽ നാളിതുവരെ ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമെ ടി ഫയലിൽ തുടർ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. ഇതുസംബന്ധിച്ച റിപ്പോർട്ട് ഒരാഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 4-12-2018-ൽ ജില്ലാ കളക്ടർക്ക് ഓർമ്മക്കുറിപ്പ് നല്കിയിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

## II. റിപ്പോർട്ട് സമർപ്പണം

(1) ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ അദ്ധ്യക്ഷനായ ഞാൻ ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ പ്രത്യേക റിപ്പോർട്ട് സമർപ്പിക്കുന്നു.

(2) കുടുംബശ്രീ യൂണിറ്റുകളുടെ ശാക്തീകരണവും വിപുലീകരണവുമായി ബന്ധപ്പെട്ട നടപടികൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ അദ്ധ്യക്ഷനായ ഞാൻ കുടുംബശ്രീ യൂണിറ്റുകളുടെ ശാക്തീകരണവും വിപുലീകരണവുമായി ബന്ധപ്പെട്ട നടപടികൾ സംബന്ധിച്ച സമിതിയുടെ പ്രത്യേക റിപ്പോർട്ട് സമർപ്പിക്കുന്നു.

(3) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനെട്ടാമതും പത്തൊൻപതാമതും റിപ്പോർട്ടുകൾ

ശ്രീ. എസ്. ശർമ്മ: സർ, എസ്റ്റിമേറ്റ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനെട്ടാമതും പത്തൊൻപതാമതും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(4) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത്തിയെട്ട് മുതൽ മുപ്പത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഇരുപത്തിയെട്ട് മുതൽ മുപ്പത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(5) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിനേഴാമത് റിപ്പോർട്ട്

ശ്രീ. മുരളി പെരുനെല്ലി: സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(6) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയംഗമായ ഞാൻ അദ്ധ്യക്ഷനുവേണ്ടി സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## III. റിപ്പോർട്ട് പരിഗണന

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

ശ്രീ. എ. പ്രദീപ് കുമാർ: സർ, പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ബി. സത്യൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് പരിഗണനയ്ക്കെടുക്കുന്നു.

ശ്രീ. എ. പ്രദീപ് കുമാർ: സർ, പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ബി. സത്യൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയത്തെ...

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ................

പ്രമേയം പാസ്സായിരിക്കുന്നു; പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

## IV. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ സ്വകാര്യവത്കരണം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

## V. നിയമനിർമ്മാണകാര്യം

### (i) 2018-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 2018-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 2018-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, 2018-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2018 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, 2018-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി അംഗീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. സി. കെ. ഹരീന്ദ്രൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

2018-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ..

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി, അങ്ങേയ്ക്ക് സെലക്ട് കമ്മിറ്റിയുടെ ഘടന വിശദീകരിക്കാവുന്നതാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന 15 അംഗ കമ്മിറ്റിയെയാണ് നിയോഗിച്ചിരിക്കുന്നത്:

1. ചെയർമാൻ (ഗതാഗത വകുപ്പുമന്ത്രി)
2. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
3. ശ്രീ. വി. അബ്ദുറഹിമാൻ
4. ശ്രീ. ജോൺ ഫെർണാണ്ടസ്
5. ശ്രീ. എ. പ്രദീപ്കുമാർ
6. ശ്രീമതി പി. അയിഷാ പോറ്റി
7. ശ്രീ. എ. എൻ. ഷംസീർ
8. ശ്രീ. പി. ടി. തോമസ്
9. ശ്രീ. ഹൈബി ഈഡൻ
10. ശ്രീ. വി. എസ്. ശിവകുമാർ
11. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
12. ശ്രീ. ടി. എ. അഹമ്മദ് കബീർ
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. മുല്ലക്കര രത്നാകരൻ
15. ശ്രീ. ബി. സത്യൻ

കമ്മിറ്റിയുടെ ഘടന അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: അംഗീകരിച്ചിരിക്കുന്നു.

(ii) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എം. നൗഷാദ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

[2 (ബി) ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.]

മി. സ്പീക്കർ: ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. നൗഷാദ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ..

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ശ്രീ. അനൂപ് ജേക്കബിന്റെ 158, 239 എന്നീ നമ്പർ ഭേദഗതികളും ശ്രീ. പാറക്കൽ അബ്ദുല്ലയുടെ 215, 236 എന്നീ നമ്പർ ഭേദഗതികളും ഔദ്യോഗിക ഭേദഗതികളായി ഞാൻ അവതരിപ്പിക്കുന്നു.

158. ഖണ്ഡം 3(എ)(i)പ്രകാരം പ്രധാന ആക്റ്റിന്റെ വകുപ്പ് 3(3)-ൽ, " തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ ചേർക്കാനുദ്ദേശിക്കുന്ന ഇനം (ബി)-യ്ക്കുശേഷമുള്ള ക്ലിപ്തനിബന്ധനയിൽ " ഏതൊരാളും" എന്നതിനുപകരം " യാതൊരാളും" എന്നത് ചേർക്കുക.

215. ഖണ്ഡം 3(എ) (ii)-ൽ, " (കെ) വരെയുള്ള ഖണ്ഡങ്ങൾ" എന്ന വാക്കുകൾക്കുശേഷം " യഥാക്രമം" എന്ന വാക്ക് ചേർക്കുക.

236. ഖണ്ഡം 3 (സി) പ്രകാരം പ്രധാന ആക്റ്റിന്റെ വകുപ്പ് 3(7)-ൽ ചേർക്കാനുദ്ദേശിക്കുന്ന വിശദീകരണത്തിൽ," അല്ലാതായി തീർന്നെന്ന" എന്ന വാക്കിനുപകരം " അല്ലാതായിതീർന്നുവെന്ന്" എന്ന വാക്ക് ചേർക്കുക.

239. ഖണ്ഡം 3 (ഡി) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(8)-ൽ, " ഏതൊരാളും" എന്നതിനു പകരം "യാതൊരാളും" എന്നത് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ശ്രീ. എം. വിൻസെന്റിന്റെ 265-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

265. ഖണ്ഡം 5(എ)(i) ഒഴിവാക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു. ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഏഴാം വകുപ്പ്

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ശ്രീ. അനൂപ് ജേക്കബിന്റെ 351-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

351. ഖണ്ഡം 7(ഇ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 9(7)-ൽ, " ഏതൊരാളും" എന്നതിനുപകരം "യാതൊരാളും" എന്നത് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു. ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എട്ടാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒൻപതാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്താം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ..........

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനൊന്നാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പന്ത്രണ്ടാം വകുപ്പ്

ശ്രീ. എസ്. ശർമ്മ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

383. പ്രധാന ആക്ടിലെ വകുപ്പ് 14(1)-ൽ, "അഡ്മിനിസ്ട്രേറ്റീവ് ബോർഡിന്റെ" എന്നതിന് പകരം "സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ" എന്ന് ചേർക്കുക.

392. പ്രധാന ആക്റ്റിലെ വകുപ്പ് 14(1)-ൽ,-

i) " അല്ലെങ്കിൽ സംസ്ഥാന സ്പോർട്സ് കൗൺസിലിലെ അസിസ്റ്റന്റ് സെക്രട്ടറിയുടെ പദവിയിലോ " എന്നീ വാക്കുകളും " അതതു സംഗതി പോലെ " എന്നീ വാക്കുകളും " അഥവാ സെലക്ഷൻ" എന്നീ വാക്കുകളും നീക്കം ചെയ്യുക.

ii) ക്ലിപ്ത നിബന്ധന ഒഴിവാക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 383-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 383-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 392-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്ത പ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിമൂന്നാം വകുപ്പ്

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ശ്രീ. പാറക്കൽ അബ്ദുല്ലയുടെ 401-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

401. ഖണ്ഡം 13-ൽ, "എന്നിട്ട്" എന്ന വാക്കിനുപകരം "എന്നീ" എന്ന വാക്ക് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്തപ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനാലാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനഞ്ചാം വകുപ്പ്

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

407. ഖണ്ഡം 15 (എ) (i) നീക്കംചെയ്യുക.

ശ്രീ. ജെയിംസ് മാത്യു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

411. ഖണ്ഡം 15(എ)(i)(1)-ൽ, "അസിസ്റ്റന്റ് കമ്മീഷണറുടെ പദവിയിൽ കുറയാത്ത പോലീസ് ഓഫീസർ" എന്നീ വാക്കുകൾക്ക് പകരം "മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് അധികാരിതയുള്ള പോലീസ് കമ്മീഷണർ നിർദ്ദേശിക്കുന്ന അസിസ്റ്റന്റ് കമ്മീഷണറുടെ പദവിയിൽ കുറയാത്ത ഒരു പോലീസ് ഓഫീസർ" എന്നീ വാക്കുകൾ ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 407-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജെയിംസ് മാത്യു അവതരിപ്പിച്ച 411-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനാറാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനേഴാം വകുപ്പ്

(ഭേദഗതിയില്ല)

മി. സ്പീക്കർ: പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനെട്ടാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്തൊൻപതാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപതാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയൊന്നാം വകുപ്പ്</u>

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

453. ഖണ്ഡം 21 എ(i)-ൽ, "സബ് ഇൻസ്പെക്ടർ" എന്നതിന് പകരം "സർക്കിൾ ഇൻസ്പെക്ടറോ അല്ലെങ്കിൽ അദ്ദേഹം നിർദ്ദേശിക്കുന്ന സബ് ഇൻസ്പെക്ടർമാരിൽ ഒരാളോ" എന്ന് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. പി. ജയരാജൻ</u>): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. എ. പ്രദീപ്കുമാർ അവതരിപ്പിച്ച 453-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിരണ്ടാം വകുപ്പ്</u>

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

458. ഖണ്ഡം 22 താഴെ പറയും പ്രകാരം മാറ്റുക:

" 22. <u>27-ാം വകുപ്പിന്റെ ഭേദഗതി.-</u> പ്രധാന ആക്ടിലെ വകുപ്പ് 27-ാം വകുപ്പിന്റെ മാർജിനൽ ശീർഷകത്തിലെ "ടൗൺ സ്പോർട്സ് കൗൺസിൽ" എന്നീ വാക്കുകൾക്ക് പകരം "ഗ്രാമ സ്പോർട്സ് കൗൺസിൽ" എന്നീ വാക്കുകൾ ചേർക്കുകയും വകുപ്പിലെ "ടൗൺ സ്പോർട്സ് കൗൺസിലും "ബ്ലോക്ക് സ്പോർട്സ് കൗൺസിലും " എന്നീ വാക്കുകളും ചിഹ്നങ്ങളും വിട്ടുകളയുകയും ചെയ്യേണ്ടതാണ്" .

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. എം. ആരിഫ് അവതരിപ്പിച്ച 458-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിമൂന്നാം വകുപ്പ്

(ഭേദഗതിയില്ല)

മി. സ്പീക്കർ: ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിനാലാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയഞ്ചാം വകുപ്പ്

ശ്രീ. എ. എൻ. ഷംസീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

465. ഖണ്ഡം 25 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 30 (1) -ന്റെ പ്രാരംഭത്തിൽ "ജില്ലാ സ്പോർട്സ് കൗൺസിൽ ഒഴികെ" എന്നീ വാക്കുകൾ ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. എൻ. ഷംസീർ അവതരിപ്പിച്ച 465-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയാറാം വകുപ്പ്

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

477. ഖണ്ഡം 26(എ)(i)-ൽ"പന്ത്രണ്ട്" എന്നതിന് പകരം "പതിനഞ്ച്" എന്ന് ചേർക്കുക.

481. ഖണ്ഡം 26(എ)(i)-ൽ "എഴുപത്" എന്നതിന് പകരം "എഴുപത്തി അഞ്ച്" എന്ന് ചേർക്കുക.

ശ്രീ. എം. സ്വരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

483. ഖണ്ഡം 26(എ)(iv) -ൽ "സംസ്ഥാന സെക്രട്ടറിമാരും ജില്ലാ സെക്രട്ടറിമാരും" എന്നതിന് പകരം "(iv)-ാം ഖണ്ഡം പ്രകാരം നിർണ്ണയിച്ചിട്ടുള്ള സംസ്ഥാനതല, ജില്ലാതല ഭാരവാഹികളിൽ ഒരാളെങ്കിലും" എന്നത് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. സി. ജോർജ് അവതരിപ്പിച്ച 477, 481 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. സ്വരാജ് അവതരിപ്പിച്ച 483-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയേഴാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയെട്ടാം വകുപ്പ്

ശ്രീ. എ. എം. ആരിഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

517.ഖണ്ഡം 28 പ്രകാരം പ്രധാന ആക്റ്റിൽ പുതുതായി ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 ബി-യുടെ മാർജിനൽ ശീർഷകത്തിൽ "താല്ക്കാലികമായി" എന്നതിന് പകരം "അംഗീകാരം നേടിയിട്ടില്ലാത്ത സ്പോർട്സ് സംഘടനകൾ" എന്ന് ചേർക്കുക.

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

520. ഖണ്ഡം 28 പ്രകാരം പ്രധാന ആക്ടിൽ പുതുതായി ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(ബി)-ൽ, "താല്ക്കാലികമായി" എന്നത് ഒഴിവാക്കുക.

521. ഖണ്ഡം 28 പ്രകാരം പ്രധാന ആക്ടിൽ പുതുതായി ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(ബി)-ൽ, "കൗൺസിലിന്റെ" എന്നതിന് പകരം "കൗൺസിലിന്റെയോ അല്ലെങ്കിൽ ബന്ധപ്പെട്ട ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെയോ" എന്ന് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. എം. ആരിഫ് അവതരിപ്പിച്ച 517-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 520, 521 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയൊമ്പതാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ഇരുപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഇരുപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പതാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ........

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പത്തിയൊന്നാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പത്തിരണ്ടാം വകുപ്പ്

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

540. ഖണ്ഡം 32-ൽ

" 41-ാം വകുപ്പിന്റെ ഭേദഗതി.- പ്രധാന ആക്റ്റിലെ 41-ാം വകുപ്പിൽ,-

(എ) (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:-

“ (1) സർക്കാർ വിജ്ഞാപനം വഴി,-” ”

എന്നതിനു പകരം

“ 41-ാം വകുപ്പിന്റെ ഭേദഗതി.-പ്രധാന ആക്റ്റിലെ 41-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:-
“ (1) സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി,-” ” എന്നു ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പത്തിമൂന്നാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പത്തിനാലാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയഞ്ചാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പത്തിയാറാം വകുപ്പ്

(ഭേദഗതിയില്ല)

മി. സ്പീക്കർ: മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

107. ദീർഘശീർഷകത്തിൽ, "വീണ്ടും" എന്ന വാക്ക് ഒഴിവാക്കുക.

128. ഖണ്ഡം 1(2)-ൽ, "2018 ആഗസ്റ്റ് 20-ാം തീയതി " എന്നത് "ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ " എന്ന് മാറ്റുക.

സർ, വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണ് 2018-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ. ഈ ബിൽ നേരത്തെ കൊണ്ടുവരണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. ഇതിൽ ഞാൻ കാണുന്ന അപകടം, ബഹുമാനപ്പെട്ട മന്ത്രി തെറ്റിദ്ധരിക്കരുത്, എല്ലാം ചുവന്ന കണ്ണുകൊണ്ട് കാണണം; ചുവന്ന കണ്ണായിരിക്കണമെന്ന നിങ്ങളുടെ ദുഷ്ടബുദ്ധി മാറ്റണം. സ്പോർട്സ് താരങ്ങളിൽ രാഷ്ട്രീയം കലർത്തുന്ന സ്വഭാവം നിങ്ങൾ മാറ്റിവയ്ക്കണം. ഏതെങ്കിലുമൊരു അസോസിയേഷൻ പ്രസിഡന്റോ ഭാരവാഹിയോ സഖാവോ ആ അസോസിയേഷനെ തല്ലിക്കൊല്ലുന്ന നടപടി അവസാനിപ്പിക്കണം.

മി. സ്പീക്കർ: ബില്ലിന്റെ ചർച്ചയല്ല, ഭേദഗതി അവതരിപ്പിക്കുകയാണ്. ഭേദഗതി അവതരിപ്പിക്കുമ്പോൾ ചർച്ചയുണ്ടാകാറില്ല.

ശ്രീ. പി. സി. ജോർജ്: സർ, ഭേദഗതി അവതരിപ്പിക്കുമ്പോൾ കാര്യങ്ങൾ പറയാം. അല്ലെങ്കിൽ ഞാൻ മൂന്നാം വായനയിൽ സംസാരിക്കാം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. സി. ജോർജ് അവതരിപ്പിച്ച 107, 128 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, 2018-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. സി. ജോർജ്: സർ, സ്പോർട്സ് താരങ്ങളെ സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെ കൊണ്ടുവരുന്ന ഈ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ബിൽ അവതരിപ്പിക്കുമ്പോൾ വളരെ മാന്യമായ സമീപനമാണ് സ്വീകരിച്ചത്. സ്പോർട്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന അസോസിയേഷനുകളിലും സ്പോർട്സ് താരങ്ങളിലും രാഷ്ട്രീയം കലർത്താൻ അങ്ങും അങ്ങയുടെ പാർട്ടിയും നടത്തുന്ന പ്രവർത്തനം വളരെ മോശമാണെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. ഉദാഹരണം എനിക്കും അങ്ങേയ്ക്കുമറിയാം; ഞാനതിലേയ്ക്ക് കടക്കുന്നില്ല. സ്പോർട്സ് താരങ്ങൾ ഏത് കുടുംബത്തിൽ നിന്ന് വന്നവരാണെങ്കിലും പ്രത്യേകിച്ച് പാവപ്പെട്ടവർ, ആ കുട്ടികൾക്ക് എന്ത് സഹായം ചെയ്തുകൊടുക്കാമെന്ന് ആലോചിക്കുന്നതാണ് ശരി. അതിനുപകരം അവരുടെ രാഷ്ട്രീയമെന്തെന്ന് പരിശോധിക്കുന്ന സ്വഭാവത്തിൽ നിന്ന് സ്പോർട്സ് കൗൺസിൽ മാറിയേ മതിയാവൂ. സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് വരുന്ന ആളുകളൊക്കെ രാഷ്ട്രീയമുള്ളവരാണെന്നറിയാം. അതിലൊരു വിരോധവുമില്ല. കോൺഗ്രസ്സും കമ്മ്യൂണിസ്റ്റുമൊക്കെ മാറിമാറി വരട്ടെ. സ്പോർട്സ് താരങ്ങളിലും സ്പോർട്സ് അസോസിയേഷനുകളിലും രാഷ്ട്രീയം കലർത്താനുള്ള നീക്കം ദൈവത്തെ ഓർത്ത് അങ്ങ് ഉപേക്ഷിക്കണം. പാർട്ടിയുടെ ആളല്ല അസോസിയേഷന്റെ തലപ്പത്തെങ്കിൽ, ആ അസോസിയേഷനെ തകർക്കുകയെന്ന ലക്ഷ്യത്തോടുകൂടി, അസോസിയേഷനിൽ പ്രവർത്തിക്കുന്ന സ്പോർട്സ് താരങ്ങൾക്ക് അർഹതപ്പെട്ട സ്ഥാനം കൊടുക്കാതെ നശിപ്പിക്കുന്ന സാഹചര്യം ഒരിക്കലുമുണ്ടാകരുത്. സ്വാഭാവികമായും അവർക്ക് വിദ്യാഭ്യാസ-തൊഴിൽ ആനുകൂല്യങ്ങൾ കിട്ടാറുണ്ട്. പരീക്ഷയിൽ അവർക്ക് മാർക്കും റാങ്കും ഇളവും കൊടുക്കാറുണ്ട്. അതൊന്നും കിട്ടാത്ത സാഹചര്യം സൃഷ്ടിക്കാൻ സ്പോർട്സ് കൗൺസിൽ ഇറങ്ങിത്തിരിച്ചാൽ എവിടെപ്പോയി നിൽക്കുമെന്ന കാര്യം ആലോചിക്കണം. ഏതായാലും ആ നടപടിയുണ്ടാകാതിരിക്കാൻ തീർച്ചയായും ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം ശ്രദ്ധിക്കണം. സ്വന്തമായി പണം മുടക്കിയാണ് പല അസോസിയേഷനുകളും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അങ്ങനെയുള്ള അസോസിയേഷനുകളെ നശിപ്പിക്കാനും ഞെക്കിക്കൊല്ലാനും സ്പോർട്സ് കൗൺസിൽ ശ്രമിച്ചാൽ അത് സ്പോർട്സ് താരങ്ങളോട് ചെയ്യുന്ന പാതകമാണെന്ന്

സ്പോർട്സ് കൗൺസിലിനെ പറഞ്ഞു മനസ്സിലാക്കണം. അങ്ങേയ്ക്ക് ബോധ്യമുള്ള കാര്യമെന്ന നിലയിൽ, ആ കാര്യങ്ങളിൽ ശ്രദ്ധിക്കണമെന്ന് മാത്രമാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. ഈ ചർച്ചകളൊക്കെ വളരെ വിശദമായി സഭയിൽ നടക്കേണ്ടതാണ്. പക്ഷേ ഇങ്ങനെ സമരകോലാഹലവുമായി നിൽക്കുമ്പോൾ കാര്യങ്ങൾ പറയാൻപോലും പറ്റാത്ത സാഹചര്യമാണുള്ളത്. ഈ ചർച്ചയിൽ പങ്കെടുക്കുമ്പോൾ എനിക്ക് മാനസികമായി വിഷമമാണെന്ന് ഞാൻ തുറന്നുപറയുകയാണ്. കാരണം, സഭയുടെ പ്രമുഖകക്ഷികളെല്ലാം സമരരംഗത്തും സഭയുടെ വെല്ലിലുമാണ്. അവരെ നിർത്തിക്കൊണ്ട് ഞാനിവിടെനിന്ന് പ്രസംഗിക്കുകയെന്നുപറയുന്നത് പൊതുപ്രവർത്തകനെന്ന നിലയിൽ ദുഃഖമുണ്ടാക്കുന്ന കാര്യമാണ്. അവരുടെ വികാരത്തെ എങ്ങനെയാണ് കുറ്റപ്പെടുത്താൻ കഴിയുന്നത്; ഒറ്റ കാര്യമേ എനിക്ക് പറയാനുള്ളൂ, സമരം കിടക്കുന്നവരുമായി സർക്കാർ ചർച്ച നടത്തണം.

മി. സ്പീക്കർ: ബില്ലിന്റെ മൂന്നാം വായനയിൽ ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ചർച്ച ചെയ്യേണ്ടത്.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ മറ്റ് വിഷയത്തിലേയ്ക്ക് കടക്കുന്നില്ല. പ്രശ്നം ചർച്ച ചെയ്ത് പരിഹരിച്ചാൽ നന്നായിരുന്നു എന്നുള്ള അഭിപ്രായം മാത്രം രേഖപ്പെടുത്തുന്നു. (........ബഹളം.......)

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, 2000-ത്തിലാണ് കേരളത്തിൽ ആദ്യമായി സ്പോർട്സ് നിയമം കൊണ്ടുവന്നത്. ആ നിയമത്തിൽ 2007-ലും 2015-ലും ഭേദഗതികൾ വരുത്തി അതിന്റെ ജനാധിപത്യ ഘടനയെ ദുർബ്ബലപ്പെടുത്തി. എല്ലാം നാമനിർദ്ദേശം ചെയ്യപ്പെടുന്ന രീതിയിലായിരുന്നു. ആ നാമനിർദ്ദേശം ചെയ്യപ്പെട്ട ജനാധിപത്യ സംവിധാനത്തെ ദുർബ്ബലമാക്കിയതിന് പരിഹാരം കാണാൻ, ജനാധിപത്യ പരമായ പ്രക്രിയയിലേയ്ക്കും കായികമേളയെയും കായിക രംഗത്തെയും കായിക താരങ്ങൾക്ക് വേണ്ടിയുള്ള വേദിയായും അത് പൊതുജനങ്ങളിൽ കായിക അവബോധം വളർത്തിയെടുക്കാനുള്ള സംരംഭമായും രൂപപ്പെടുത്തിയെടുക്കാനാണ് ഇത്തരത്തിലുള്ള ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഇവിടെ തെരഞ്ഞെടുക്കപ്പെടുന്ന എല്ലാ ഭാരവാഹികളും കമ്മിറ്റി അംഗങ്ങളായിരിക്കും. ശ്രീ. പി. സി. ജോർജ് ചൂണ്ടിക്കാണിച്ചതുപോലെ ഒരു രാഷ്ട്രീയ നിരീക്ഷണവും അതിന്റെ അടിസ്ഥാനത്തിലുള്ള ഒരു സമീപനവും ശ്രീ. പിണറായി വിജയൻ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ചിട്ടില്ലെന്ന് തലയെടുപ്പോടുകൂടി തന്നെ ഞങ്ങൾക്ക് പറയാൻ സാധിക്കും. അസോസിയേഷനുകൾ രൂപീകരിച്ച് വ്യക്തി

താല്പര്യങ്ങൾക്കുവേണ്ടി അതിനെ ഉപയോഗപ്പെടുത്തുകയും ഗ്രൂപ്പ് മത്സരങ്ങളുടെയും വ്യക്തി താല്പര്യങ്ങളുടെയും മേഖലയാക്കി അസോസിയേഷനുകളെ മാറ്റാൻ ശ്രമിക്കുകയും ചെയ്യുന്നത് ഒരു തരത്തിലും അനുവദിക്കാൻ നിർവ്വാഹമില്ല. സ്പോർട്സ് താരങ്ങളെ വളർത്തിയെടുക്കുക, കായിക അവബോധം വളർത്തിയെടുക്കുക എന്ന നിലപാടിൽ ഊന്നിനിന്നുകൊണ്ടും ഇന്നത്തെ സംവിധാനങ്ങളിൽ കേരളചരിത്രത്തിന്റെ പാരമ്പര്യം ഉയർത്തിപ്പിടിച്ചുകൊണ്ട് ജനകീയാസൂത്രണത്തിന്റെയും അധികാര വികേന്ദ്രീകരണത്തിന്റേയുമൊക്കെ ചട്ടക്കൂടുകൾ മനസ്സിലാക്കിക്കൊണ്ടുമാണ് പുതിയ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. ഇവിടെ പ്രധാനമായും രൂപീകരിച്ചിട്ടുള്ള ചില കാര്യങ്ങളിലൊന്ന്; സംസ്ഥാന സ്പോർട്സ് കൗൺസിൽ, ജില്ലകളിൽ സ്പോർട്സ് കൗൺസിൽ, അതു കഴിഞ്ഞാൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്തുകൾ എന്നിങ്ങനെ സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുക എന്നതാണ്. അതുവഴി കായിക മേഖലയെ താഴെത്തട്ടുവരെയുള്ള ജനങ്ങളിലെത്തിക്കുക എന്നൊരു വിശാലമായ കാഴ്ചപ്പാടാണുള്ളത്. 2000-ത്തിൽ പാസ്സാക്കിയിട്ടുള്ള നിയമമനുസരിച്ച് യാതൊരു സംവിധാനവുമുണ്ടായിരുന്നില്ല. സംസ്ഥാന കൗൺസിലുകളുണ്ടായിരുന്നു. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് പ്രധാനമായും ജില്ലകളിൽ സ്പോർട്സ് കൗൺസിലിന്റെ പ്രസിഡന്റുമാരെ നാമനിർദ്ദേശം ചെയ്യുവെന്നുള്ളതല്ലാതെ ഫലപ്രദമായൊരു സംവിധാനം പ്രവർത്തിച്ചിരുന്നില്ല. ഇപ്പോഴാകട്ടെ എല്ലാം ജനാധിപത്യ സംവിധാനത്തിൽ പ്രവർത്തിക്കുകയാണ്. അസോസിയേഷനുകൾ, കായികപ്രതിഭകൾ, അതിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ആളുകൾ അവർക്കെല്ലാം പരിഗണന നൽകി കൊണ്ടുള്ള അസോസിയേഷനുകളും അതിനനുസരിച്ചുള്ള കൗൺസിലുകളും രൂപീകരിച്ച് പ്രവർത്തിക്കാനുള്ള സംവിധാനമാണ് കേരളത്തിൽ ഈ നിയമത്തിലൂടെ ഇപ്പോൾ മുന്നോട്ടു വച്ചിരിക്കുന്നത്. മറ്റൊരു കാര്യം, സ്പോർട്സ് കൗൺസിലിൽ അധികാരത്തിൽ കയറിയവർ അവിടെത്തന്നെ ചടഞ്ഞുകൂടുക എന്നതാണ്. ചെറുപ്പക്കാർക്ക്, വളർന്നുവരുന്ന കായികതാരങ്ങൾക്ക് അധികാരം വിട്ടുകൊടുക്കാതിരിക്കുക, മരിക്കുന്നതുവരെ സ്പോർട്സ് കൗൺസിൽ ഭാരവാഹികളാവുക എന്നുള്ളതാണ്. അതിനൊരു നിയന്ത്രണം ഏർപ്പെടുത്തി 70 വയസ്സ് പ്രായപരിധി നിശ്ചയിച്ചുകൊണ്ട് കായികപ്രതിഭകളെ പ്രോത്സാഹിപ്പിക്കാനുള്ള സമീപനമാണ് കൊണ്ടുവന്നിട്ടുള്ളത്. അതുകൊണ്ട് അസോസിയേഷനുകളെ ഒരിക്കലും രാഷ്ട്രീയവൽക്കരിച്ചിട്ടില്ല. ആ നിലപാട് ഞങ്ങൾക്കില്ല. കായികതാരങ്ങൾക്ക് പ്രോത്സാഹനം കൊടുത്തുകൊണ്ട് കേരളത്തിലുടനീളം, ജനങ്ങളിൽ കായിക അവബോധം വളർത്തിയെടുത്ത് ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് ബഹുജനങ്ങളെ ഉയർത്തികൊണ്ടുവരിക

എന്ന ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ വളരെ വിശാലമായ കാഴ്ചപ്പാടോടും ജനാധിപത്യബോധത്തോടുംകൂടിയാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. മാത്രമല്ല, നേരത്തെ പരാതികൾ പരിശോധിക്കാൻ ഒരു സംവിധാനവുമുണ്ടായിരുന്നില്ല. ഈ കായിക നിയമത്തിൽ അപ്പലേറ്റ് അതോറിറ്റികൾ രൂപീകരിച്ചുകൊണ്ട് എല്ലാ തർക്കങ്ങളും പരിഹരിക്കാനുള്ള സംവിധാനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് കേരളത്തിനു മുമ്പിൽ ഏറ്റവും മാതൃകാപരമായ, ഇന്ത്യയിൽത്തന്നെ അപൂർവ്വങ്ങളിൽ അപൂർവ്വമായിട്ടുള്ള ഒരു കായിക നിയമമാണ് നിയമസഭയുടെ മുമ്പാകെ കൊണ്ടുവന്നിട്ടുള്ളത്. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: 2018-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ ...

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പാസ്സായിരിക്കുന്നു.

## VI. അറിയിപ്പ്

<u>സെലക്ട് കമ്മിറ്റി അംഗത്തെ മാറ്റി നിശ്ചയിക്കുന്നത് സംബന്ധിച്ച്</u>

<u>മി. സ്പീക്കർ</u>: ഇന്ന് സഭ അംഗീകരിച്ച 2018-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റിയിൽ അംഗമായി നിർദ്ദേശിച്ചിരുന്ന ശ്രീ. ബി. സത്യന് പകരം ശ്രീ. സി. കെ. നാണുവിനെ ഉൾപ്പെടുത്തിയിരിക്കുന്നു.

ഓർഡർ... ഓർഡർ.. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 ഡിസംബർ 12-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 9.59-ന് പിരിഞ്ഞു.)

## അനുബന്ധം

(1) 11-12-2018-ലെ 2(*273)-ന്റെ 'ബി' പിരിവിന്റെ അനുബന്ധം പ്രളയാനന്തരം വിവിധ വകുപ്പ് പദ്ധതികളുമായി സംയോജിപ്പിച്ച് തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികളുടെ മുൻഗണനാ പട്ടിക

കൃഷി വകുപ്പ്

1 പ്രളയത്തെ തുടർന്ന് നഷ്ടപ്പെട്ട എല്ലാ കൃഷി സ്ഥലങ്ങളും പുനഃസ്ഥാപിച്ച് കൃഷിയിറക്കൽ

2 പ്രളയത്തിൽ നഷ്ടപ്പെട്ട പ്രദേശങ്ങളിലും പുതിയ പ്രദേശങ്ങളിലും തെങ്ങ് കൃഷി വ്യാപനം

3 കൃഷി വകുപ്പുമായി ചേർന്ന് ഫലവൃക്ഷങ്ങളുടേയും വനം വകുപ്പുമായി ചേർന്ന് ഇതര ഇനം സസ്യങ്ങളുടേയും നഴ്സറി നിർമ്മാണം

4 പാഴ് വസ്തുക്കളും മണ്ണും ചെളിയും അടിഞ്ഞുകൂടിയ കൃഷി ഭൂമി അഭിവൃദ്ധിപ്പെടുത്തി പുനഃസ്ഥാപിക്കൽ .

മൃഗസംരക്ഷണ വകുപ്പ്

5 പ്രളയത്തിൽ തകർന്ന തൊഴുത്തുകളുടെ പുനർനിർമ്മാണവും പുതിയ നിർമ്മാണവും

ക്ഷീരവികസന വകുപ്പ്

6 അനുയോജ്യമായ സ്ഥലങ്ങളിൽ ക്ഷീര വികസന വകുപ്പുമായി ചേർന്ന് തീറ്റപ്പുൽ കൃഷി & അസോളകൃഷി വ്യാപകമാക്കൽ

ഇറിഗേഷൻ വകുപ്പ്

7 പുതിയ ജലനിർഗ്ഗമന ചാനലുകളുടെ നിർമ്മാണം/സംരക്ഷണം

8 പ്രളയ നിയന്ത്രണത്തിനും നദീതീര സംരക്ഷണത്തിനും അനുയോജ്യമായ വിധത്തിൽ മുള വച്ചുപിടിപ്പിക്കൽ

9 കയർ ഭൂവസ്ത്രം ഉപയോഗിച്ച് കുളങ്ങളുടേയും പുഴകളുടേയും/ ജലാശയങ്ങളുടേയും അതിരുകൾ ബലപ്പെടുത്തൽ

10 ഫീഡർ ചാനലുകളും ഫീൽഡുചാനലുകളും നവീകരിക്കൽ

11 പാടശേഖരങ്ങളുടെ സമീപതോടുകളിലും പാടങ്ങളിലും അടിഞ്ഞുകൂടിയിരിക്കുന്ന ചെളി ഉപയോഗിച്ച് പുറംബണ്ട് ബലപ്പെടുത്തൽ

12 പ്രളയത്തെത്തുടർന്ന് ഉപയോഗരഹിതമായ ചെക്ക് ഡാം/VCB-കളുടെ അറ്റകുറ്റപ്പണികളും അടിഞ്ഞു കൂടിയിട്ടുള്ള ചെളി നീക്കംചെയ്യലും

13 ജലസേചന കനാലുകളുടേയും ലിഫ്റ്റ് ഇറിഗേഷൻ കനാലുകളുടേയും അറ്റകുറ്റപ്പണികളും പ്രളയത്തെത്തുടർന്ന് അടിഞ്ഞുകൂടിയിട്ടുള്ള ചെളി നീക്കം ചെയ്യലും

വനം വകുപ്പ്

14 പൊതുഭൂമിയിലും വനഭൂമിയിലും വനം വകുപ്പുമായി ചേർന്ന് സാമൂഹ്യ വനവത്കരണം

തദ്ദേശസ്വയംഭരണ വകുപ്പ്

15 ശുചിത്വ മിഷനുമായി ചേർന്ന് കമ്പോസ്റ്റ് സംവിധാനങ്ങൾ ഒരുക്കൽ

16 മഴക്കുഴി നിർമ്മാണം വ്യാപകമാക്കൽ

17 പ്രളയ പുനരധിവാസ കേന്ദ്രങ്ങളുടെ നിർമ്മാണം

18 MP, MLA പദ്ധതികളിലും തദ്ദേശസ്വയംഭരണ വകുപ്പിന്റെ പദ്ധതികളിലും ഏറ്റെടുത്തിരിക്കുന്ന റോഡ് വർക്കുകളുടെ സോളിംഗ് & മെറ്റലിംഗ് പ്രവൃത്തികൾ

19 ലൈഫ് ഭവന പദ്ധതിക്കാവശ്യമായ നിർമ്മാണ സാമഗ്രികളുടെ ഉത്പാദനം

20 തീരപ്രദേശത്തെ ഗ്രാമപഞ്ചായത്തുകളിൽ സൈക്ലോൺ ഷെൽറ്റർ നിർമ്മാണം

21 തീരദേശ പഞ്ചായത്തുകളിൽ ഫിഷ് ഡ്രൈയിംഗ് യാർഡ് നിർമ്മാണം

22 ഗ്രാമചന്തകളുടെ നിർമ്മാണം, ധാന്യപുരകളുടെ നിർമ്മാണം

23 സ്കൂളുകളിൽ കളിസ്ഥലങ്ങളുടെ അഭിവൃദ്ധിപ്പെടുത്തൽ/ പുതിയ നിർമ്മാണം

24 പ്രളയത്തിൽ തകർന്ന അംഗനവാടികളുടെ പുനരുദ്ധാരണം/പുതിയവയുടെ നിർമ്മാണം, സ്കൂൾ ചുറ്റുമതിൽ നിർമ്മാണം

25 പ്രളയജലവും അഴുക്കുവെള്ളവും ഒഴുക്കിക്കളയാൻ ആവശ്യമായ ഓടകളുടെ നിർമ്മാണം വ്യാപകമാക്കൽ.

(2) പമ്പാ ആക്ഷൻ പ്ലാൻ സംബന്ധിച്ച് ശ്രീ. രാജു എബ്രഹാം, എം.എൽ.എ.-യുടെ ശ്രദ്ധ ക്ഷണിക്കലിന് ജലവിഭവ വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി നൽകിയ മറുപടി

പമ്പാനദിയുടെ മാലിന്യ നിർമ്മാർജ്ജനത്തിനായുള്ള കേന്ദ്ര സംസ്ഥാന ആവിഷ്കൃത പദ്ധതിയാണ് പമ്പാ ആക്ഷൻ പ്ലാൻ. ടി ആക്ഷൻ പ്ലാനിന്റെ ഒന്നാം ഘട്ടത്തിനായി നാഷണൽ റിവർ കൺസർവേഷൻ ഡയറക്ടറേറ്റിൽ നിന്നും 2003-ൽ 18.45 കോടി രൂപയുടെ അംഗീകാരം നൽകിയിരുന്നു. ടി പദ്ധതിയിലെ പ്രവൃത്തികളുടെ നിർവ്വഹണം ജലസേചന വകുപ്പ്, കേരള വാട്ടർ അതോറിറ്റി, തിരുവിതാംകൂർ ദേവസ്വം ബോർഡ് എന്നിവയ്ക്കായിരുന്നു. ഇതിന്റെ നോഡൽ ഏജൻസി കേരള വാട്ടർ അതോറിറ്റിയാണ്.

ടി പദ്ധതിയുടെ സാമ്പത്തികാനുപാതം 70 ശതമാനം കേന്ദ്രവിഹിതവും 30 ശതമാനം സംസ്ഥാന വിഹിതവുമായിരുന്നു. എന്നാൽ 1-4-2016 മുതൽ 50:50-ഉം 1-04-2016 മുതൽ 60:40-ഉമായി പുനർ ക്രമീകരിച്ചിട്ടുണ്ട്. ഏറ്റെടുത്ത പദ്ധതികളിൽ ജലസേചന വകുപ്പിന്റെയും കേരള വാട്ടർ അതോറിറ്റിയുടെയും പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. എന്നാൽ ദേവസ്വം ബോർഡിന്റെ ചില പ്രവൃത്തികൾ യഥാസമയം വനംവകുപ്പിൽ നിന്നും ഭൂമി ലഭ്യമല്ലാത്തതുകൊണ്ടും ആവശ്യമായ സാങ്കേതികവിദ്യ ലഭ്യമല്ലാത്തതിനാലും യഥാസമയം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ഈ പദ്ധതികൾക്കായി നാളിതുവരെ കേന്ദ്രവിഹിതമായി 7.75 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇതിനായി സംസ്ഥാന വിഹിതമുൾപ്പെടെ 39.78 കോടി രൂപ ഇതുവരെ ചെലവ് വന്നിട്ടുണ്ട്.

പമ്പാ ആക്ഷൻ പ്ലാൻ രണ്ടാംഘട്ടത്തിന്റെ ഭാഗമായി കേരള സർക്കാരിന്റെ 26-9-2008-ലെ നോട്ടിഫിക്കേഷൻ നം. 27577/ഐ.ആർ.3/08/ജവിവ. പ്രകാരം പമ്പാ റിവർ ബേസിൻ അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. പമ്പാ റിവർ ബേസിൻ അതോറിറ്റി പ്രോജക്ട് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല ഇപ്പോൾ നിർവ്വഹിക്കുന്നത് ജലസേചന പദ്ധതി വിഭാഗം II, ചീഫ് എഞ്ചിനീയറാണ്.

ശ്രീ. രാജു എബ്രഹാം, എം.എൽ.എ. ചെയർമാനായും ജലസേചന വകുപ്പ്, കേരള വാട്ടർ അതോറിറ്റി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, വനം വകുപ്പ്, ദേവസ്വം ബോർഡ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി പമ്പാ ആക്ഷൻ പ്ലാനിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിൽ നിന്നും ക്രോഡീകരിച്ച കരട് ശിപാർശയിൽ ഇക്കഴിഞ്ഞ പ്രളയംകൂടി

കണക്കിലെടുത്ത് യഥാർത്ഥ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടില്ലാത്തതിനാൽ ഒരു സമഗ്ര നദീതട പഠനത്തിനുശേഷം വിശദമായ ഇടപെടലുകൾ സംബന്ധിച്ച ശിപാർശകൾ ഉൾപ്പെടുത്തി കരട് ശിപാർശ പുനഃപരിശോധിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നടപടി എടുത്തുവരുന്നു.

പമ്പാനദിയിലെ ജലലഭ്യതയും ജലത്തിന്റെ ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിന് വേണ്ടിയുള്ള ഒരു പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ IDRB തയ്യാറാക്കിയിട്ടുണ്ട്.

1. പമ്പാ ടൗണിന്റെ upstream-ൽ ഒരു പവർഹൗസ് സ്ഥാപിക്കൽ
2. പുൽമേടിൽ ഡാം നിർമ്മാണം
3. കൊച്ചുപമ്പയിൽ നിന്നും 7.5 കിലോ മീറ്റർ അകലെ ചെക്ക് ഡാം നിർമ്മാണം
4. പമ്പാ നദിയിലെ വാട്ടർ ക്വാളിറ്റി മെച്ചപ്പെടുത്തൽ
5. പുതിയ ഡിസൈൻ പ്രകാരമുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം എന്നിവ ഇതിലുൾപ്പെടുന്നു.

3. വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. അബ്ദുൽ ഹമീദ് പി.,എം.എൽ.എ.-യുടെ ശ്രദ്ധ ക്ഷണിക്കലിന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നൽകിയ മറുപടി

വിദ്യാഭ്യാസ വായ്പകൾ അനുവദിക്കുന്നതിന് ഷെഡ്യൂൾഡ്-വാണിജ്യ ബാങ്കുകൾക്ക് ഇന്ത്യൻ ബാങ്കേഴ്സ് അസോസിയേഷന്റെയും റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെയും മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ട്. എന്നാൽ വായ്പകൾ അനുവദിക്കുന്നതിൽ ബാങ്കുകൾ വിമുഖത കാണിക്കുന്നതായി പരാതികൾ ലഭിക്കുന്നുണ്ട്.

മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് വായ്പ അനുവദിക്കുന്നതിന് സംസ്ഥാനതല ബാങ്കിംഗ് സമിതിയോടും ബന്ധപ്പെട്ട ബാങ്കുകളോടും സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനതല ബാങ്കിംഗ് സമിതിയുടെ യോഗം വിളിച്ച് ഇക്കാര്യത്തിൽ കാര്യക്ഷമമായ ഇടപെടൽ നടത്താൻ നിർദ്ദേശിച്ചിട്ടുണ്ട്.

വായ്പ നൽകുന്നതിൽ വിമുഖത കാട്ടുന്ന ബാങ്കുകളെ സംബന്ധിച്ച പരാതികൾ ഉയർന്നുവരാറുണ്ട്. ലോൺ ലഭ്യമാക്കാൻ ഉചിതമായ നിർദ്ദേശം നൽകുന്നതിന് ഇക്കാര്യം സംസ്ഥാനതല ബാങ്കിംഗ് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി വരുന്നുണ്ട്.

4. ജനന സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സംബന്ധിച്ച് ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി, ശ്രീ. പിണറായി വിജയൻ നൽകിയ മറുപടി

സംസ്ഥാനത്തിനകത്തുനിന്ന് ലഭിച്ചിട്ടുള്ള ജനന, മരണ, വിവാഹ, വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളും ഇതര രേഖകളും വിദേശ എംബസികളിൽ സമർപ്പിക്കുന്നതിനായാണ് രേഖകൾ ആഭ്യന്തര വകുപ്പ് പ്രധാനമായും അറ്റസ്റ്റ് ചെയ്ത് നൽകുന്നത്.

വിവിധ രാജ്യങ്ങളിലെ എംബസികളിൽ സമർപ്പിക്കുന്നതിനുള്ള വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ ഒഴികെയുള്ള സർട്ടിഫിക്കറ്റുകളിലും രേഖകളിലും നോട്ടറിയുടെ ഒപ്പാണ് ആഭ്യന്തര വകുപ്പ് അറ്റസ്റ്റ് ചെയ്ത് നൽകുന്നത്. സർക്കാർ നേരിട്ട് സാക്ഷ്യപ്പെടുത്തേണ്ട വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ പോലുള്ള രേഖകൾ ബന്ധപ്പെട്ട ഓഫീസുകളിലെ രേഖകളുമായി ഒത്തുനോക്കി പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം നൽകിവരുന്നു.

നോട്ടറിമാർക്ക് തങ്ങളുടെ അധികാരപരിധിക്ക് പുറത്തുള്ള അന്യ സംസ്ഥാനങ്ങളിലെ മറ്റ് സർട്ടിഫിക്കറ്റുകളും രേഖകളും ആധികാരികത ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്താനാവില്ല.

അന്യസംസ്ഥാനങ്ങളിൽനിന്ന് നൽകുന്ന ജനന സർട്ടിഫിക്കറ്റുകൾ ഉൾപ്പെടെയുള്ളവ അറ്റസ്റ്റ് ചെയ്യേണ്ടത് അതതു സംസ്ഥാനങ്ങളായതിനാൽ അവയുടെ ആധികാരികത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് കേരളത്തിലെ ആഭ്യന്തര വകുപ്പിന് പരിമിതികളും പ്രായോഗിക ബുദ്ധിമുട്ടുകളുമുണ്ട്. മറ്റ് സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

5. നിയമനിർമ്മാണവും ബോധവൽക്കരണവും സംബന്ധിച്ച് ശ്രീ. എൻ. ഷംസുദ്ദീൻ എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി, ശ്രീ. പിണറായി വിജയൻ നൽകിയ മറുപടി

സംസ്ഥാനത്ത് ആൾക്കൂട്ട ആക്രമണ കൊലപാതകമെന്ന നിലയിൽ മൂന്ന് കേസ്സുകളാണുണ്ടായിട്ടുള്ളത്. 9-11-2011-ന് കോഴിക്കോട് കൊടിയത്തൂരിൽ ഷഹീദ് ബാവയെയും 28-6-2016-ന് മലപ്പുറം മങ്കടയിൽ നസീർ ഹുസൈനെയും 22-02-2018-ന് പാലക്കാട് അഗളി ചിണ്ടക്കി ഊരിൽ മധുവിനെയും കൊലപ്പെടുത്തിയ ദാരുണമായ സംഭവങ്ങളുണ്ടായിട്ടുണ്ട്. ഈ സംഭവങ്ങളിലെല്ലാം തന്നെ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും പ്രതികൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

ഒൻപത് സംഭവങ്ങളാണ് ഇത്തരത്തിൽ ആൾക്കൂട്ട ആക്രമണവുമായി സംഭവിച്ചിട്ടുള്ളത്. ഇതിനെല്ലാംതന്നെ പോലീസ് സ്റ്റേഷനുകളിൽ കൃത്യ സമയത്തുതന്നെ കേസ്സുകൾ രജിസ്റ്റർ ചെയ്ത് അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇടുക്കിയിലെ മാങ്കുളത്ത് അക്രമത്തിൽ പരിക്കേറ്റ മക്കാറിന് നൽകാനുള്ള പണം ചോദിച്ചതിലുള്ള വിരോധമാണ് അക്രമത്തിന് കാരണം. കൊല്ലത്തെയും പിറവത്തെയും സംഭവങ്ങൾ ആൾക്കൂട്ട ആക്രമണങ്ങളുമായി ബന്ധപ്പെട്ടവയല്ല.

ജനമൈത്രി പോലീസിനെ ഉപയോഗിച്ച് ബീറ്റ് ശക്തമാക്കിയും അതുവഴി ജനങ്ങളുടെ സഹകരണത്തോടെയും സമൂഹത്തിൽ ഇത്തരം അക്രമങ്ങൾ ആവർത്തിക്കുന്നത് ഒഴിവാക്കാൻ ഇടപെടുന്നുണ്ട്. നിയമം കയ്യിലെടുക്കുന്ന രീതി ഒരു തരത്തിലും അനുവദിക്കുന്നതല്ല.

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയെത്തുടർന്ന് 7-8-2018-ലും 5-9-2018-ലും സംസ്ഥാന പോലീസ് മേധാവി ഇക്കാര്യത്തിൽ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരം ഇത്തരം സ്ഥലങ്ങളിൽ പ്രത്യേക പട്രോളിംഗ് ഏർപ്പെടുത്തുവാനും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ നിരീക്ഷിക്കാനും നിയമം കയ്യിലെടുക്കുന്നത് തടയാനും ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരം സംഭവങ്ങളുണ്ടാകാതിരിക്കാനുള്ള ജാഗ്രത പുലർത്താൻ ജില്ലാ പോലിസ് മേധാവികളെ നോഡൽ ഓഫീസർമാരായും ഒരു ഡിവൈ.എസ്.പി.-യെ ഈ നോഡൽ ഓഫീസറെ സഹായിക്കുന്നതിനായും നിയോഗിച്ചിട്ടുണ്ട്.

സാമൂഹ്യ മാധ്യമങ്ങളിലൂടെയും അല്ലാതെയുമുള്ള ഇത്തരം പ്രചരണങ്ങൾ തടയുന്നതിന് ഒരു പ്രത്യേക ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. മാസത്തിലൊരിക്കൽ യോഗം ചേർന്ന് സ്ഥിതിഗതികൾ നോഡൽ ഓഫീസർ വിലയിരുത്തുകയും സംസ്ഥാന പോലീസ് മേധാവിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യുന്നു. ആവശ്യമായ കേസുകളിൽ IPC 153 A പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷിക്കാറുണ്ട്. ഈ നിർദ്ദേശങ്ങളിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടിയെടുക്കുമെന്ന് സർക്കുലർ വ്യക്തമാക്കുന്നുണ്ട്.

6. സ്ഥലം തിരിച്ചെടുക്കൽ സംബന്ധിച്ച ശ്രീ. ബി. ഡി. ദേവസ്സി, എം.എൽ.എ.-യുടെ സബ്മിഷന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി, ശ്രീ. ഇ. പി. ജയരാജൻ നൽകിയ മറുപടി

തൃശ്ശൂർ കൊരട്ടിയിലെ മധുര കോട്സ് ലിമിറ്റഡിന്റെ ഉടമസ്ഥതയിൽ 28-01-1994-ൽ കർണ്ണാടകയിൽ രജിസ്റ്റർ ചെയ്ത കമ്പനിയാണ് വൈഗ ത്രെഡ്സ് പ്രോസസ്സേഴ്സ് ലിമിറ്റഡ്. 1998-99 വർഷം വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദനം തുടങ്ങിയെങ്കിലും പിന്നീട് പീഡിത വ്യവസായമായി പ്രഖ്യാപിക്കുകയും 25-01-2013-ൽ കമ്പനി ലോക്കൗട്ട് ചെയ്യപ്പെടുകയും ചെയ്തു. തുടർന്ന് കമ്പനിക്ക് പാട്ട വ്യവസ്ഥയിൽ സർക്കാർ നൽകിയിരുന്ന 84.851/2 ഏക്കർ ഭൂമിയിൽ 7.85 1/2 ഏക്കർ ഭൂമി NH വിപുലീകരണത്തിനും ഒരേക്കർ ഭൂമി KSEB-ക്കും കൈമാറിയതിനുശേഷം ബാക്കിനിൽക്കുന്ന 76 ഏക്കർ ഭൂമിയിൽ 45.43 ഏക്കർ സ്ഥലം റവന്യൂ വകുപ്പ് തിരികെ എടുക്കുകയും അതിൽ 30 ഏക്കർ ഭൂമി IT പാർക്ക് സ്ഥാപിക്കുന്നതിന് ഐ.ടി. വകുപ്പിന് കൈമാറുകയും ചെയ്തു. അവശേഷിക്കുന്ന 30.57 ഏക്കർ ഭൂമിയും റവന്യൂ വകുപ്പ് തിരികെയെടുത്ത് ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ പരിസമാപ്തീകരണം ബഹുമാനപ്പെട്ട കർണ്ണാടക ഹൈക്കോടതി നിശ്ചയിച്ച ഒഫിഷ്യൽ ലിക്വിഡേറ്ററുടെ ചുമതലയിലാണ്. അതുകൊണ്ടുതന്നെ കമ്പനിയുടെ മുഴുവൻ ആസ്തികളും ഒഫിഷ്യൽ ലിക്വിഡേറ്ററുടെ സംരക്ഷണയിലാണ്. സർക്കാർ പാട്ടം റദ്ദ് ചെയ്ത് ഉത്തരവിട്ടെങ്കിലും പ്രസ്തുത കമ്പനി ഫയൽ ചെയ്തിട്ടുള്ള കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് ഇപ്പോഴും നിലനിൽക്കുന്നതിനാൽ ടി ഭൂമിയും മറ്റുള്ള ആസ്തികളും കൈവശപ്പെടുത്തുന്നതിനോ മറ്റാവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനോ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ സർക്കാരിന് കഴിഞ്ഞിട്ടില്ല. കമ്പനി പെറ്റിഷനിന്മേൽ ക്ലെയിം പെറ്റീഷൻ ബഹുമാനപ്പെട്ട കർണ്ണാടക ഹൈക്കോടതിയിൽ ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ടി സ്ഥാപനം അടച്ചുപൂട്ടിയപ്പോൾ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് നിയമപരമായി അനുവദിക്കേണ്ട ആനുകൂല്യങ്ങൾ അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ആയത് വളരെ കുറവാണെന്ന തൊഴിലാളികളുടെ ആവലാതി കണക്കിലെടുത്ത് നിലവിൽ ലഭിച്ച ആനുകൂല്യങ്ങൾക്ക് പുറമെ അവരുടെ പുനരധിവാസവും കൂടുതൽ നഷ്ടപരിഹാരവും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകാൻ കഴിയുന്ന വിധത്തിൽ ഒരു പാക്കേജ് രൂപീകരിക്കണമെന്ന്

ഈ വിഷയവുമായി ബന്ധപ്പെട്ട് നടന്ന വിവിധ യോഗങ്ങളിൽ തീരുമാനമായിരുന്നു. വൈഗാ ത്രെഡ്സിൽ നിന്നും പിരിഞ്ഞുപോയ തൊഴിലാളികളുടെ പുനരധിവാസവും കൂടുതൽ നഷ്ടപരിഹാരവുമുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച് ഉചിതമായ നടപടി സ്വീകരിക്കാൻ തൊഴിലും പുനരധിവാസവും വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

7. സ്ഥല വിനിയോഗം സംബന്ധിച്ച് ശ്രീ. വി. ടി. ബൽറാം, എം.എൽ.എ.-യുടെ സബ്മിഷന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി, ശ്രീ. ഇ. പി. ജയരാജൻ നൽകിയ മറുപടി

പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്ക് കപ്പൂർ വില്ലേജിലെ സർവ്വേ നമ്പർ 34/3, 63/1, C എന്നിവയിലുൾപ്പെട്ട 18.26 ഏക്കർ ഭൂമി വ്യവസായ വികസന പ്ലോട്ടായി 17-4-2002-ൽ റവന്യൂ (എൽ) വകുപ്പിന്റെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 95/2002/റവ. പ്രകാരം വ്യവസായ വകുപ്പിന് കൈമാറിയിട്ടുള്ളതും ഇന്ത്യൻ ഭരണഘടന ആർട്ടിക്കിൾ 243(Q), കേരള ഏകജാലക ക്ലിയറൻസ് ബോർഡ് ആക്ട്-1999 സെക്ഷൻ 14, 15 അടിസ്ഥാനമാക്കി 30-06-2004-ൽ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 77/04/ഐഡി പ്രകാരം മേൽഭൂമി വ്യവസായ വികസന പ്ലോട്ടായി പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. വ്യവസായ വികസന ഏരിയ/പ്ലോട്ടുകളിലെ ഭൂമി വ്യാവസായികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ലാത്തതാണ്. പ്രസ്തുത വ്യവസായ വികസന പ്ലോട്ടിലെ സർവ്വേ സമ്പർ 34/3-ൽ ഉൾപ്പെട്ട 5.38 ഏക്കർ സ്ഥലത്തിലെ 477 സെന്റ് ഭൂമി വിവിധ വ്യവസായ യൂണിറ്റുകൾക്ക് ജൂലൈ 2010 മുതൽ ആഗസ്റ്റ് 2018 വരെയായി അനുവദിച്ചിരിക്കുന്നതും സംരംഭകർ ഭൂമിവില സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടുള്ളതുമാണ്. എന്നാൽ ടി ഭൂമി കളിസ്ഥലത്തിനായി മാറ്റി വയ്ക്കണമെന്നാവശ്യപ്പെട്ട് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പരിസരവാസികൾ തടസ്സം നിൽക്കുകയും ടി സ്ഥലം അനധികൃതമായി കയ്യേറി ഉപയോഗപ്പെടുത്തുകയുമാണ്.

ഈ പ്രശ്നം പരിഹരിക്കുന്നതിനായി 9-6-2017-ൽ വ്യവസായ വകുപ്പ് ഡയറക്ടർ, പാലക്കാട് ജില്ലാ കളക്ടർ, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ, ഗ്രാമപഞ്ചായത്ത് അധികാരികൾ എന്നിവരുടെ സാന്നിദ്ധ്യത്തിലും ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിലും യോഗം ചേരുകയും പ്രസ്തുത യോഗത്തിലെ തീരുമാനപ്രകാരം കളിസ്ഥലത്തിനാവശ്യമായ സ്ഥലം എത്ര വരുമെന്ന് കണക്കാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിനും അത് വ്യവസായ വകുപ്പിൽനിന്നും

വിട്ടുനൽകുന്നതിനുമാവശ്യമായ തീരുമാനമെടുത്ത് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ശിപാർശയോടെ സർക്കാരിൽ സമർപ്പിക്കുവാൻ ഗ്രാമപഞ്ചായത്ത് അധികാരികളെ ചുമതലപ്പെടുത്തിയിരുന്നു. കൂടാതെ കളിസ്ഥലമായി നിലനിർത്തുന്ന സ്ഥലത്തിന് പകരമായി തുല്യ അളവ് ഭൂമി വ്യവസായ വകുപ്പിന് മറ്റൊരു സ്ഥലം ഏറ്റെടുത്ത് നൽകുന്നതിനും കപ്പൂർ ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്നും തുടർനടപടികളൊന്നും സ്വീകരിക്കാത്ത സാഹചര്യത്തിലാണ് കപ്പൂർ വ്യവസായ വികസന പ്ലോട്ടിൽ പുതിയ വ്യവസായ സംരംഭകർക്ക് സ്ഥലം അനുവദിച്ചുനൽകിയത്. ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ ലാൻഡ് അലോട്ട്മെന്റ് കമ്മിറ്റിയുടെ ശിപാർശപ്രകാരം പ്രസ്തുത വ്യവസായവികസന പ്ലോട്ടിൽ 75 സെന്റ് വ്യവസായ ഭൂമി മെസ്സേഴ്സ് ലാൻസെറ്റ് ഗ്ലാസ് & മെറ്റൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ളതാണ്. ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിൽ പ്രാദേശിക എതിർപ്പുണ്ടായപ്പോൾ ഭൂമി അനുവദിച്ചുകിട്ടിയ ശ്രീ. അബ്ദുൽ റസാഖ് കെ. എസ്., ബഹുമാനപ്പെട്ട കോടതിയിൽ കേസ് നൽകുകയും തുടർന്ന് പോലീസ് സംരക്ഷണത്തിൽ പ്രസ്തുത സ്ഥലത്ത് നിർമ്മാണ പ്രവൃത്തികൾ നടത്തി വരുന്നുമുണ്ട്. കൂടാതെ ജില്ലാ കളക്ടറേറ്റിൽ നിന്നും സ്വാതന്ത്ര്യസമര സേനാനികളുടെ പട്ടിക സ്വരൂപിച്ചതിൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ 3-12-2018-ലെ സമർപ്പണത്തിൽ പറയുന്ന പ്രശസ്ത സ്വാതന്ത്ര്യ സമര സേനാനിയായ ഗാന്ധിമേനോൻ എന്ന പേരോ ആ നാമത്തോട് സാദൃശ്യമുള്ള പേരോട്ടുകൂടിയതോ ജീവിച്ചിരിക്കുന്നതോ മരിച്ചവരോ ആയ ആരുംതന്നെ ഉൾപ്പെടുന്നില്ലായെന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്.

8. നഷ്ടപരിഹാരം സംബന്ധിച്ച് ശ്രീമതി പി. അയിഷാ പോറ്റി, എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി, ശ്രീ. ഇ. ചന്ദ്രശേഖരൻ നൽകിയ മറുപടി.

7-12-2018-ന് പുലർച്ചെ ഉദ്ദേശം 3 മണിയോടുകൂടി കൊട്ടാരക്കര പബ്ലിക് മാർക്കറ്റിലുണ്ടായ തീപിടുത്തത്തിൽ 27-ഓളം കടകൾ കത്തി നശിച്ചു. 5 കടകൾ പൂർണ്ണമായും 22 കടകൾ ഭാഗികമായും കത്തി നശിച്ചിട്ടുള്ളതാണ്. പ്രാഥമികമായ അന്വേഷണത്തിൽ ഏകദേശം 1,18,30,000 (ഒരു കോടി പതിനെട്ട് ലക്ഷത്തി മുപ്പതിനായിരം) രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കുന്നു. തുണി വ്യാപാരികൾ, പച്ചക്കറി കച്ചവടക്കാർ, പാത്രക്കച്ചവടക്കാർ, ഉണക്കമത്സ്യ വാപാരികൾ, ഫാൻസി കടകൾ, പലവക വ്യാപാരികൾ എന്നിവരുടെ കടകളാണ് കത്തി നശിച്ചിട്ടുള്ളത്.

തീപിടുത്തത്തിന്റെ കാരണം വ്യക്തമല്ല. ഇത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്ത് പോലീസന്വേഷണം നടന്നുവരുന്നു. തീപിടുത്തമുണ്ടായ കാരണം വ്യക്തമായെങ്കിൽ മാത്രമേ സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരമുള്ള ആശ്വാസ ധനസഹായം അനുവദിക്കുവാൻ കഴിയുമോ എന്ന വിഷയം പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ.

ദുരന്തത്തിൽപ്പെട്ടവർക്ക് മറ്റ് തരത്തിൽ എന്തെങ്കിലും സഹായം നൽകുവാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കാവുന്നതാണ്.

9. മലഭൂമി കൈമാറ്റം സംബന്ധിച്ച് ശ്രീ. ചിറ്റയം ഗോപകുമാർ, എം.എൽ.എ.യുടെ സബ്മിഷന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി, ശ്രീ. ഇ. ചന്ദ്രശേഖരൻ നൽകിയ മറുപടി

പത്തനംതിട്ട ജില്ലയിൽ അടൂർ താലൂക്കിൽ ഏറത്ത് വില്ലേജിൽ ബ്ലോക്ക് നമ്പർ 16-ൽ റീ-സർവ്വേ 656/1-ൽപ്പെട്ട 66.70 ആർ പുറമ്പോക്ക് സ്ഥലം നെടുംകുന്നമല ടൂറിസം പദ്ധതിക്കായി നൽകുന്നത് സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണറുടെ 25-10-2018-ലെ എൽ.ആർ.കെ2-47019/18 കത്തുമുഖേന റവന്യൂ വകുപ്പിൽ ലഭിച്ച പ്രൊപ്പോസൽ എ 1/216/2018/റവ. നമ്പർ ഫയലിൽ പരിശോധിക്കുകയുണ്ടായി. പ്രസ്തുത പദ്ധതിക്കായി ഇരുസേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്ക് വിധേയമായി ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി ടൂറിസം വകുപ്പിന് ഉപയോഗാനുമതി നൽകുന്നത് സംബന്ധിച്ച് വകുപ്പുതല ശിപാർശ ലഭ്യമാക്കുന്നതിനായി ടി ഫയൽ 1-11-2018-ൽ ടൂറിസം വകുപ്പിലേയ്ക്ക് കൈമാറിയിട്ടുണ്ട്.

10. പട്ടയവിതരണം സംബന്ധിച്ച് ശ്രീ. ആന്റണി ജോൺ, എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി, ശ്രീ. ഇ. ചന്ദ്രശേഖരൻ നൽകിയ മറുപടി

27-7-2011-ലെ ജി.ഒ (എം.എസ്.) 280/2011/ആർ.ഡി. നമ്പർ ഉത്തരവുപ്രകാരം താമസ ആവശ്യത്തിനുള്ള ഭൂമി മാത്രം പതിച്ച് നൽകിയാൽ മതിയെന്നുള്ള നിർദ്ദേശ പ്രകാരം, കുട്ടമ്പുഴ വില്ലേജിൽ താമസാവശ്യത്തിനുള്ള 15 സെന്റ് ഭൂമിയുടെ പതിവ് നടപടികളാണ് ഇപ്പോൾ നടന്നുവരുന്നത്. പി.ഡബ്ല്യൂ.ഡി. റോഡിനോടും വനത്തിനോടും ചേർന്നുള്ള വസ്തുക്കൾ പതിച്ച് നൽകുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെ എൻ.ഒ.സി. ആവശ്യമാണ്. പി.ഡബ്ല്യൂ.ഡി.-യുടെ 30-9-2009-ലെ 20541/സി3/2009/പൊ.മ.വ. നമ്പർ സർക്കുലറിൽ റോഡ് പുറമ്പോക്കും റോഡിനോട് ചേർന്ന സ്ഥലങ്ങളും പതിച്ച് നൽകുന്നതിന് വേണ്ടിയുള്ള അപേക്ഷകൾ സ്വീകരിക്കരുതെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ആയതിനാൽ പി.ഡബ്ല്യൂ.ഡി.-യിൽ നിന്നും എൻ.ഒ.സി. ലഭിക്കുന്നില്ല. ഈ സാഹചര്യത്തിൽ പി.ഡബ്ല്യൂ.ഡി. റോഡിനോട് സമീപമുള്ള വസ്തുക്കൾ പതിച്ച് നൽകാൻ കഴിയില്ല.

കുട്ടമ്പുഴ വില്ലേജിൽ 1-1-1997-ന് മുമ്പ് വനഭൂമി കയ്യേറി കൈവശം വച്ച് വന്നിരുന്നവരുടെ സംയുക്ത പരിശോധന ലിസ്റ്റ് തയ്യാറാക്കി, കല്ലേലിമേട്, മണികണ്ഠച്ചാൽ പ്രദേശങ്ങളിൽ ഒഴികെ അർഹതയുള്ളവർക്ക് 1993-ലെ വനഭൂമി കുടിയേറ്റങ്ങൾ ക്രമീകരിക്കൽ ചട്ടങ്ങൾപ്രകാരം പട്ടയം നൽകിയിട്ടുള്ളതാണ്. എന്നാൽ സംയുക്ത പരിശോധനാ ലിസ്റ്റിൽ ഉൾപ്പെടാത്ത കൈവശക്കാർ കുട്ടമ്പുഴ വില്ലേജിലുള്ളതാണ്. ടി കൈവശക്കാർക്ക് ഭൂമി തിരിച്ച് നൽകുന്നതിന് റവന്യൂ, വനം വകുപ്പുകൾ ചേർന്ന് സംയുക്ത പരിശോധന നടത്തി ലിസ്റ്റ് തയ്യാറാക്കി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ അംഗീകാരം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു.

കല്ലേലിമേട്, മണികണ്ഠച്ചാൽ പ്രദേശങ്ങളിൽപ്പെട്ട 259.08.90 ഹെക്ടർ ഭൂമി സംയുക്ത പരിശോധനാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. റീ-സർവ്വേ പ്രകാരം തയ്യാറാക്കിയ ലിത്തോ മാപ്പിൽ കല്ലേലിമേട്, മണികണ്ഠച്ചാൽ പ്രദേശങ്ങൾ ഹിൽമെൻമെന്റ് സെറ്റിൽമെന്റ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. സംയുക്ത പരിശോധന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള നിലവിലെ കൈവശക്കാർ പട്ടികവർഗ്ഗക്കാരല്ലാത്തവരാണ്. ഹിൽമെൻമെന്റ് സെറ്റിൽമെന്റ് എന്ന് റവന്യൂ രേഖകളിൽ ചേർത്തിട്ടുള്ള ഭൂമിക്ക് പട്ടയം നൽകുന്നതിന് പ്രത്യേക നടപടിക്രമങ്ങൾ ആവശ്യമാണ്.

11. <u>ചെക്ക് ഡാം ബ്രിഡ്ജ് നിർമ്മാണം സംബന്ധിച്ച് ശ്രീ. പി. വി. അൻവർ, എം.എൽ.എ.-യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി, ശ്രീ. കെ. കൃഷ്ണൻകുട്ടി നൽകിയ മറുപടി</u>

സർക്കാർ ഉത്തരവ് (സാധാ) നം.10/2017-ജ.വി.വ തീയതി 5-1-2017 പ്രകാരം ചുങ്കത്തറ പഞ്ചായത്തിൽ പുന്നപ്പുഴയ്ക്ക് കുറുകെ ആറംപുളിക്കൽ ചെക്ക് ഡാം-കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിന് 3.9 കോടി രൂപയുടെ ഭരണാനുമതിയും ഐ.ഡി.ആർ.ബി.-യുടെ അപ്രൂവ്ഡ് ഡിസൈൻ പ്രകാരം പ്രവൃത്തിക്ക് സാങ്കേതികാനുമതിയും നൽകി. പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനായി സൈറ്റ് 31-05-2017-ന് കൈമാറി പ്രവൃത്തി ആരംഭിച്ചുവെങ്കിലും പാറയുടെ ലെവൽ, ഡിസൈനിൽ നിന്നും വളരെ താഴ്ന്നതായി കണ്ടതിനാൽ പണി പുനരാരംഭിക്കുവാൻ പുതുക്കിയ ഡിസൈൻ ആവശ്യമായി വന്നു. നിലവിലുള്ള സൈറ്റ് കണ്ടീഷൻ അനുസരിച്ച് പുതുക്കിയ ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. അതുപ്രകാരം പ്രസ്തുത നിർമ്മാണത്തിന് കൂടുതൽ തുക ആവശ്യം വരാൻ നിലവിൽ സാദ്ധ്യതയില്ല. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

12. ആസ്തി വികസന ഫണ്ട് സംബന്ധിച്ച് ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ.-യുടെ സബ്മിഷന് ധനകാര്യവും കയറും വകുപ്പുമന്ത്രി, ഡോ. ടി. എം. തോമസ് ഐസക് നൽകിയ മറുപടി

നിയോജകമണ്ഡല ആസ്തി വികസന പദ്ധതി (LAC ADS) സംസ്ഥാനത്ത് ആരംഭിക്കുന്നത് 2012-13 സാമ്പത്തിക വർഷം മുതലാണ്. 11-6-2012-ലെ സ.ഉ.(പി)നം.332/2012/ധന. പ്രകാരമാണ് പദ്ധതിക്കായുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചത്. ഒരു സാമ്പത്തിക വർഷം നിയമസഭാ സാമാജികർ ശിപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് അതേ സാമ്പത്തിക വർഷംതന്നെ ധനാനുമതിയും ഭരണാനുമതിയും നൽകി അവ നടപ്പിലാക്കുന്ന രീതിയിലാണ് ആസ്തി വികസന പദ്ധതിക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. ധനകാര്യ വകുപ്പ് പരിശോധിച്ച് അനുമതി നൽകിയ പ്രവൃത്തികൾക്ക് വിവിധ ഭരണവകുപ്പുകൾ ഭരണാനുമതി പുറപ്പെടുവിക്കുന്ന രീതിയാണ് 2016-17 സാമ്പത്തിക വർഷംവരെ ആസ്തി വികസന പദ്ധതിക്കായി സ്വീകരിച്ചിരുന്നത്. എന്നാൽ പ്രസ്തുത രീതി കാലതാമസത്തിന് ഇടയാക്കുന്നുവെന്ന് നിയമസഭാ സാമാജികർ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് 2017-18 സാമ്പത്തിക വർഷം മുതൽ നിയോജക മണ്ഡല ആസ്തിവികസന പദ്ധതി അതത് ജില്ലാ കളക്ടറേറ്റുകളിലൂടെ നടപ്പാക്കാൻ നിർദ്ദേശം നൽകുകയും ആയതിനുള്ള സമഗ്രമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. 4-7-2017-ലെ സ.ഉ.(അ) നമ്പർ 86/2017/ധന. പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് എസ്റ്റിമേറ്റ് തുക ഒരു കോടി രൂപയിൽ താഴെയുള്ള പ്രവൃത്തികൾക്ക് ജില്ലാതലത്തിൽത്തന്നെ പരിശോധിച്ച് ഭരണാനുമതി നൽകിവരികയാണ്. എസ്റ്റിമേറ്റ് തുക ഒരു കോടി രൂപയോ അതിന് മുകളിലോ ആയ പ്രവൃത്തികൾ, പ്രത്യേകാനുമതി ആവശ്യമായ പ്രവൃത്തികൾ എന്നിവയ്ക്ക് മാത്രമാണ് ധനകാര്യ വകുപ്പിന്റെ അനുമതി തേടേണ്ടത്. ഭരണാനുമതി നൽകുന്ന പ്രവൃത്തികൾക്ക് വൈകാതെ തന്നെ സാങ്കേതികാനുമതി ലഭ്യമാക്കി, ഇ-ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കാലതാമസം കൂടാതെ അവ നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പ്രസ്തുത ഉത്തരവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

നിയോജകമണ്ഡല ആസ്തി വികസന പദ്ധതി (LAC ADS)-യിൻ കീഴിലും പ്രത്യേക വികസന നിധി (MLA SDF)-യിൻ കീഴിലും ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ശിപാർശ ചെയ്യുന്ന പ്രവൃത്തികൾ പൂർത്തിയാക്കുന്നതിലെ കാലതാമസവും ഇതുസംബന്ധിച്ച മറ്റ് പൊതുവായ വിഷയങ്ങളും ചർച്ച ചെയ്യുന്നതിനായി 6-6-2018-ൽ ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കറുടെ ചേമ്പറിൽ വച്ച് ഒരു യോഗം ചേരുകയുണ്ടായി. ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കറുടെ

അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, റവന്യൂ വകുപ്പുമന്ത്രി, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി (റവന്യൂ), പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യ റിസോഴ്സസ്), പ്രിൻസിപ്പൽ സെക്രട്ടറി (പൊതുമരാമത്ത്), മുഖ്യമന്ത്രിയുടെ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി (ധനകാര്യം) എന്നിവർ സംബന്ധിക്കുകയും താഴെപ്പറയുന്ന കാര്യങ്ങളിൽ നടപടി സ്വീകരിക്കേണ്ടതാണെന്ന് യോഗം വിലയിരുത്തുകയും ചെയ്തു.

I. അതത് സാമ്പത്തിക വർഷം നിയോജകമണ്ഡല ആസ്തി വികസന പദ്ധതി, പ്രത്യേക വികസന നിധി എന്നിവയ്ക്കുകീഴിൽ സമർപ്പിക്കുന്ന ശിപാർശകൾ ആഗസ്റ്റ് 31-നകം എം.എൽ.എ.-മാർ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് ലഭ്യമാക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം ശിപാർശകൾ സമർപ്പിക്കാൻ എം.എൽ.എ.-മാർ ശ്രദ്ധിക്കേണ്ടതാണ്;

II. ഓൺലൈൻ സംവിധാനത്തിലൂടെ മാത്രമായിരിക്കണം പ്രവൃത്തികൾക്കുള്ള ശിപാർശകൾ കൈകാര്യം ചെയ്യേണ്ടത്;

III. ആസ്തി വികസന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്ന ഓൺലൈൻ സംവിധാനം പ്രത്യേക വികസന നിധിക്കും ബാധകമാക്കും;

IV. ആസ്തി വികസന പദ്ധതിയിൽ ശിപാർശ ചെയ്യാവുന്ന പ്രവൃത്തികളുടെ ഏറ്റവും കുറഞ്ഞ അടങ്കൽ തുക 10 ലക്ഷം രൂപയും പ്രത്യേക വികസന നിധിയിൽ ശിപാർശ ചെയ്യാവുന്ന പ്രവൃത്തികളുടെ ഏറ്റവും കുറഞ്ഞ അടങ്കൽ തുക ഒരു ലക്ഷം രൂപയും ആയിരിക്കും. ആസ്തി വികസന പദ്ധതിയിൻകീഴിൽ ഒരു സാമ്പത്തിക വർഷം ശിപാർശ ചെയ്യാവുന്ന പ്രവൃത്തികളുടെ എണ്ണം 20 ആയി നിജപ്പെടുത്തും;

V. ശിപാർശ ചെയ്യുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, അവ കെട്ടിടം, പാലം എന്നിവയുടെ നിർമ്മാണമെങ്കിൽ രണ്ട് മാസത്തിനകവും മറ്റ് പ്രവൃത്തികളാണെങ്കിൽ ഒരു മാസത്തിനകവും തയ്യാറാക്കേണ്ടതാണ്. എസ്റ്റിമേറ്റ് ലഭ്യമാക്കിയ പ്രവൃത്തികൾക്കുള്ള ഭരണാനുമതി ഒരാഴ്ചയ്ക്കകവും സാങ്കേതികാനുമതി രണ്ടാഴ്ചയ്ക്കകവും നൽകേണ്ടതും സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ഒരു മാസത്തിനകവും പൂർത്തിയാക്കേണ്ടതാണ്;

VI. പ്രവൃത്തികളുടെ സിവിൽ, ഇലക്ട്രിക്കൽ ഘടകങ്ങൾക്കുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും ഒരുമിച്ച് നൽകേണ്ടതാണ്;

VII. ഭരണാനുമതി പുറപ്പെടുവിക്കുന്ന പ്രവൃത്തികളുടെ നടപടിക്രമങ്ങൾ ഭരണാനുമതി പുറപ്പെടുവിച്ച തീയതി മുതൽ രണ്ട് വർഷത്തിനകം ആരംഭിച്ചിട്ടില്ലെങ്കിൽ അവയ്ക്കായി പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതാണ്. പ്രത്യേകാനുമതിയിലൂടെ ആയിരിക്കും ഇപ്രകാരം പുതുക്കിയ ഭരണാനുമതി നൽകുക;

VIII. സമയബന്ധിതമായി പ്രവൃത്തികൾക്കുള്ള ശിപാർശകൾ സമർപ്പിക്കാത്ത എം.എൽ.എ.-മാർക്ക് പ്രസ്തുത വിവരം ശ്രദ്ധയിൽപ്പെടുത്തുന്നതിനായി കത്തിയയ്ക്കേണ്ടതാണ്;

IX. ആസ്തി വികസന പദ്ധതിയിൽ അനുമതി നൽകിയ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ കാലതാമസം കൂടാതെ മാറി നൽകുന്നതിനുവേണ്ടി അവയ്ക്ക് മുൻഗണന നൽകുന്നതിനായി Special LoC സംവിധാനം പരിഗണിക്കാവുന്നതാണ്;

X. നിയോജകമണ്ഡല ആസ്തി വികസന ഫണ്ടുപയോഗിച്ച് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് (ഇലക്ട്രിക്കൽ വിഭാഗം) ചീഫ് എഞ്ചിനീയർ തയ്യാറാക്കിയ പുതുക്കിയ സ്പെസിഫിക്കേഷന്റെ അടിസ്ഥാനത്തിലാകും അനുമതി നൽകുന്നത്;

XI. ആസ്തി വികസന - പ്രത്യേക വികസന നിധികളുമായി ബന്ധപ്പെട്ട് കളക്ടറേറ്റുകളിൽ ജോലിഭാരം കൂടുതൽ അനുഭവപ്പെടുന്നപക്ഷം സി.ആർ.ഡി.-യിൽ നിന്ന് ആവശ്യമായ ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റ് മുഖേന നിയമിക്കുന്നതാണ്;

XII. ജോലി ഭാരം കൂടുതലുള്ള എഞ്ചിനീയറിംഗ് വിംഗുകളിലേയ്ക്ക് പുനർവിന്യാസം വഴി കൂടുതൽ സ്റ്റാഫിനെ അനുവദിക്കുന്നതാണ്;

XIII. മേൽ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമഗ്രമായ ഒരുത്തരവ് ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുന്നതായിരിക്കും.

യോഗത്തിലെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് നിയോജകമണ്ഡല ആസ്തി വികസന പദ്ധതിക്കായുള്ള സമഗ്രമായ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ഈ വകുപ്പ് 4-8-2018-ൽ സ.ഉ.(അച്ചടി) നമ്പർ 119/2018/ധന. പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി.

യോഗത്തിലെ നിർദ്ദേശമനുസരിച്ച് ആസ്തി വികസന പദ്ധതിയിൽ അനുമതി നൽകിയ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകുന്നതിനുവേണ്ടി അവയ്ക്ക് മുൻഗണന നൽകുന്നതിനായി Special LoC സംവിധാനം ഏർപ്പെടുത്തി ധനകാര്യ (ബഡ്ജറ്റ്) വിഭാഗം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ശിപാർശകൾക്ക് പൊതുമരാമത്ത് (ഇലക്ട്രിക്കൽ വിഭാഗം) ചീഫ് എഞ്ചിനീയറുടെ അനുമതിയുടെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകിവരുന്നുണ്ട്. ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾക്കുള്ള പുതുക്കിയ സ്പെസിഫിക്കേഷൻ പുറപ്പെടുവിക്കാനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. പ്രത്യേക വികസന നിധിക്കും ഓൺലൈൻ സംവിധാനം കൊണ്ടുവരുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരികയാണ്.

എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി (MLA SDF)-യിൻ കീഴിൽ ശിപാർശ ചെയ്യപ്പെടുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് 29-12-2017-ലെ സ.ഉ.(അ) നമ്പർ 161/2017/ധന. പ്രകാരം സമയക്രമം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിൽ തന്നെയാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കി വരുന്നത്. എന്നാൽ ഗുണഭോക്തൃ സമിതി കൺവീനർമാരുടെ സാമ്പത്തിക പരാധീനത, മോശമായ കാലാവസ്ഥ, പ്രദേശവാസികളുടെ എതിർപ്പുകൾ തുടങ്ങിയ കാരണങ്ങളാൽ ചില പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെ വരാറുണ്ട്. സ്ഥലലഭ്യത, സ്ഥലത്തെക്കുറിച്ചുള്ള തർക്കം എന്നിവയും ടെണ്ടർ നടപടികളിലുള്ള കാലതാമസം, വൈദ്യുതി തൂണുകൾ മാറ്റിയിട്ട് തുടരേണ്ടുന്ന പ്രവൃത്തികളിൽ ആയത് പൂർത്തീകരിക്കുന്നതിനുള്ള കാലവിളംബം എന്നിവയും പ്രവൃത്തികൾക്ക് കാലതാമസം വരുത്തുന്നതിന് കാരണമാകാറുണ്ട്. എം.എൽ.എ.-മാർ ശിപാർശ ചെയ്യുന്ന പ്രവൃത്തികളിൽ ഒട്ടുമിക്കതും തദ്ദേശഭരണ സ്ഥാപനങ്ങൾ വഴിയുള്ളതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതും തദ്ദേശ സ്ഥാപനങ്ങൾക്കുള്ള അധിക ജോലിഭാരവും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പ്രതികൂലമായി നിൽക്കുന്നുണ്ട്. ഗുണഭോക്തൃ കമ്മിറ്റി രൂപീകരണവേളയിൽ ഗുണഭോക്താക്കളിൽ നിന്നുള്ള നിസ്സഹരണം, കൺവീനർമാരുടെ പരിചയക്കുറവ്, നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവ്, കാലാവസ്ഥ, എസ്റ്റിമേറ്റിൽനിന്ന് വ്യതിചലിച്ച് നിർമ്മാണം പൂർത്തീകരിക്കണമെന്ന പ്രാദേശികാവശ്യം എന്നിവയും കാലതാമസത്തിന് കാരണമാകുന്നുണ്ട്.

കാലതാമസം നേരിടുന്ന പ്രവൃത്തികൾക്ക് ടൈം എക്സ്റ്റൻഷൻ നൽകി പൂർത്തീകരിക്കാറുണ്ട്. നിശ്ചിത സമയപരിധിക്കുള്ളിൽ ആരംഭിക്കാൻ കഴിയാത്ത പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ ബഹുമാനപ്പെട്ട എം.എൽ.എ.-മാരെ അറിയിക്കുകയും എം.എൽ.എ.-മാരുടെ നിർദ്ദേശത്തെ തുടർന്ന് ടി പ്രവൃത്തികളിന്മേൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. സമയബന്ധിതമായി പൂർത്തീകരിക്കാത്ത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകാറുണ്ട്. കൂടാതെ കൃത്യമായ ഇടവേളകളിൽ പ്രവൃത്തി പുരോഗതി വിലയിരുത്തുന്നതിനായി അവലോകന യോഗങ്ങൾ നടത്താറുമുണ്ട്.

13. പ്രളയാനന്തര നഷ്ടപരിഹാരം സംബന്ധിച്ച് ശ്രീ. ഹൈബി ഈഡൻ, എം.എൽ.എ.-യുടെ സബ്മിഷന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി, ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ നൽകിയ മറുപടി

2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ ഫിഷറീസ് മേഖലയിൽ 174.78 കോടി രൂപയുടെ നഷ്ടമുണ്ടായതായി വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ആകെ തീരദേശ/ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന ഉപകരണങ്ങളുടെ നഷ്ടം 2.58 കോടി രൂപയുടേതാണ്. ഇതിൽ ചീനവല, ഒഴുക്ക് വല, ഊന്നിവല, ചെറുവള്ളങ്ങൾ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്.

2018-ലെ പ്രളയത്തിൽ എറണാകുളം നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ഉൾനാടൻ മത്സ്യഗ്രാമങ്ങളായ ചേരാനല്ലൂർ കൊച്ചി നഗരസഭയിൽ ഉൾപ്പെട്ട വടുതല, പച്ചാളം, താന്തോന്നിത്തുരുത്ത് എന്നീ പ്രദേശങ്ങളിലെ ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ 24 ചീന വലകളാണ് നഷ്ടപ്പെട്ടത്. ടി ചീനവലകളെല്ലാം ലൈസൻസില്ലാത്തവയാണ്. ഇവ നീക്കുന്നതിനായി പ്രളയത്തിന് മുമ്പുതന്നെ നോട്ടീസ് നൽകിയിരുന്നെങ്കിലും ഉടമസ്ഥർ നീക്കാൻ തയ്യാറായിരുന്നില്ല. ഉൾനാടൻ ജലാശയങ്ങളിൽ വർദ്ധിച്ചുവരുന്ന മത്സ്യബന്ധന സമ്മർദ്ദംമൂലം മത്സ്യ സമ്പത്തിലുണ്ടായ ശോഷണം കണക്കിലെടുത്ത് ഊന്നിവല, ചീനവല തുടങ്ങിയ സ്ഥാവര വലകൾ പുതിയതായി സ്ഥാപിക്കുന്നത് നിരോധിക്കണമെന്ന വിദഗ്ദ്ധ സമിതികളുടെ നിർദ്ദേശങ്ങൾ വരികയും 2018-ലെ കേരളാ ഉൾനാടൻ ഫിഷറീസ് അക്വാകൾച്ചർ ആക്ട് 2010-ലെ (15-ാം ആക്ട് പ്രകാരം 2013 മേയ് 18-ന് പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ 429/2013 ചട്ടങ്ങളുടെ വകുപ്പ് 8 (17-ൽ)) പുതിയ സ്ഥാവര വലകൾക്ക് രജിസ്ട്രേഷനും ലൈസൻസും നൽകുന്നത് നിരോധിക്കപ്പെട്ടിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ പ്രസ്തുത ചീനവലകൾ

ലൈസൻസില്ലാതെ അനധികൃതമായി പ്രവർത്തിപ്പിച്ച് വരുന്നവ ആയതിനാൽ നഷ്ടപരിഹാരത്തിന് ശിപാർശ ചെയ്തിട്ടില്ല. കൂടാതെ 8 ചെറുവള്ളങ്ങൾ ഈ പ്രദേശങ്ങളിൽ നിന്നും നഷ്ടപ്പെട്ടിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈയിനത്തിൽ 1,60,000 രൂപ നഷ്ടം കണക്കാക്കിയിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ നിന്നും 14 ഒഴുക്കുവലകളും നഷ്ടപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഇനത്തിൽ 70,000 രൂപ നഷ്ടം കണക്കാക്കിയിട്ടുണ്ട്. ചെറുവള്ളങ്ങളുടെയും ഒഴുക്കുവലകളുടെയും നഷ്ടം കണക്കാക്കി നഷ്ടപരിഹാരത്തിനായി കേന്ദ്രസർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. ടി ഇനത്തിൽ നഷ്ടപരിഹാര തുകയൊന്നും അനുവദിച്ച് കിട്ടാത്തതിനാൽ ഇവർക്കാർക്കും തന്നെ നഷ്ടപരിഹാരം നൽകിയിട്ടില്ല.

2018 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ ഫിഷറീസ് മേഖലയിൽ വീടുകൾ, ബോട്ടുകൾ/മറ്റ് വള്ളങ്ങൾ, വലകൾ, മത്സ്യകൃഷി, സ്ഥലങ്ങൾ എന്നിവയ്ക്കുണ്ടായ നാശനഷ്ടം എസ്.ഡി.ആർ.എഫ്. മാനദണ്ഡങ്ങളനുസരിച്ച് പ്രത്യേകമായി കണക്കാക്കുകയും മൊത്തം 11.64 കോടി രൂപയുടെ ശിപാർശ നഷ്ടപരിഹാരം ലഭിക്കുന്നതിനായി കേന്ദ്രസർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## 14) ചട്ടം 300 അനുസരിച്ച് മുഖ്യമന്ത്രി, ശ്രീ. പിണറായി വിജയൻ നടത്തിയ പ്രസ്താവന

### തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം

1932-ൽ ഫ്ലൈയിംഗ് ക്ലബ്ബിന്റെ ഭാഗമായി സ്ഥാപിതമായ കേരളത്തിലെ ആദ്യ വിമാനത്താവളമാണ് ഇപ്പോഴത്തെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം. വിമാനത്താവളത്തിൽനിന്നും സ്വാതന്ത്ര്യാനന്തരം ആഭ്യന്തര വിമാനസർവ്വീസുകളും 1970-കളുടെ അവസാനത്തിൽ അന്താരാഷ്ട്ര വിമാന സർവ്വീസുകളും ആരംഭിക്കുകയുണ്ടായി.

ഏകദേശം 630 ഏക്കർ വിസ്തീർണ്ണവും 3394 മീറ്റർ റൺവേ ദൈർഘ്യവുമുള്ള ഈ വിമാനത്താവളത്തെ 1991-ൽ ഇന്ത്യയിലെ അഞ്ചാമത്തെ അന്താരാഷ്ട്ര വിമാനത്താവളമായി ഉയർത്തുകയുണ്ടായി. 2030-ഓടുകൂടി ആഭ്യന്തര യാത്രക്കാരുടെ നിരക്കിൽ 20 ശതമാനത്തോളവും അന്താരാഷ്ട്ര യാത്രക്കാരുടെ നിരക്കിൽ 15 ശതമാനത്തോളവും വർദ്ധനവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

### കേന്ദ്ര സർക്കാരിന്റെ തീരുമാനം

ഇത്തരത്തിൽ വളർച്ചയുടെ പാതയിലൂടെ നീങ്ങുന്ന തിരുവനന്തപുരം അന്തർദേശീയ വിമാനത്താവളം രാജ്യത്തെ മറ്റ് ആറ് വിമാനത്താവളങ്ങളോടൊപ്പം മത്സരാധിഷ്ഠിത ലേല പ്രക്രിയയിലൂടെ പൊതു-സ്വകാര്യ പങ്കാളിയെ കണ്ടെത്തി വികസിപ്പിക്കാനാണ് കേന്ദ്ര മന്ത്രിസഭ തീരുമാനിച്ചിട്ടുള്ളത്.

നിലവിൽ ലാഭകരമായി പ്രവർത്തിക്കുന്ന തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കാനുള്ള കേന്ദ്ര മന്ത്രിസഭാ തീരുമാനം തീർത്തും പ്രതിഷേധാർഹമാണ്.

സംസ്ഥാന സർക്കാരിന്റെ ഇടപെടൽ

സംസ്ഥാനത്തിന്റെ താൽപ്പര്യത്തിനെതിരായ ഈ തീരുമാനം വന്നയുടൻ പുനഃപരിശോധിക്കണമെന്ന നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചത്. ഇതിന്റെ ഭാഗമായി 21-11-2018-നും 08-12-2018-നും കേന്ദ്ര വ്യോമയാന മന്ത്രിക്ക് സംസ്ഥാനം കത്തയക്കുകയും 9-12-2018-ന് കേന്ദ്ര വ്യോമയാന മന്ത്രിയെ കണ്ട ഘട്ടത്തിൽ സംസ്ഥാനത്തിന്റെ നിലപാട് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൊച്ചി, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ നിർമ്മാണത്തിലും നടത്തിപ്പിലും നേതൃത്വം നൽകിയതിന്റെ ഭാഗമായി ഈ മേഖലയിൽ നല്ല പരിചയം സംസ്ഥാനത്തിനുണ്ട്. ഇത്തരം അനുഭവങ്ങളെ ഉൾക്കൊണ്ടുകൊണ്ട് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും ഭാവി വികസന പ്രവർത്തനങ്ങളും സംസ്ഥാന സർക്കാരിനെ ഏൽപ്പിക്കണമെന്ന ആവശ്യം നാം മുന്നോട്ടു വച്ചിട്ടുണ്ട്.

ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടതിൻപ്രകാരം, നീതി ആയോഗ് സി.ഇ.ഒ.-യുടെ അദ്ധ്യക്ഷതയിലുള്ള എംപവേർഡ് ഗ്രൂപ്പ് ഓഫ് സെക്രട്ടറീസ് 4-12-2018-ൽ കേരള ചീഫ് സെക്രട്ടറിയുമായി ചർച്ച നടത്തിയിരുന്നു. പ്രസ്തുത ചർച്ചയിൽ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പൂർവ്വകാല ചരിത്രവും തിരുവിതാംകൂർ മഹാരാജാവും സംസ്ഥാന സർക്കാരും വിവിധ ഘട്ടങ്ങളിൽ ഭൂമി ഏറ്റെടുത്ത് സൗജന്യമായി വിമാനത്താവള വികസനത്തിനായി നൽകിയ കാര്യവും വ്യക്തമാക്കിയിരുന്നു. ഇത് സംബന്ധിച്ച് ചീഫ് സെക്രട്ടറിയും ഗതാഗത വകുപ്പ് സെക്രട്ടറിയും എംപവേർഡ് ഗ്രൂപ്പ് ഓഫ് ഓഫീസേഴ്സിന് മുന്നിൽ വിശദമായൊരു അവതരണവും നടത്തിയിരുന്നു.

സംസ്ഥാനത്തുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കാൻ നേരത്തേ കേന്ദ്ര സർക്കാർ തീരുമാനിച്ചിരുന്നു. ഈ ഘട്ടത്തിൽ ലേലത്തിൽ മറ്റുള്ളവരെപ്പോലെ സംസ്ഥാന സർക്കാരിനും പങ്കെടുക്കാമെന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചത്. വിമാനത്താവളത്തിന്റെ കാര്യത്തിലും ഇത്തരമൊരു സമീപനം കേന്ദ്ര സർക്കാർ സ്വീകരിച്ച് മുന്നോട്ടുപോകുന്നത് അഭിലഷണീയമല്ല.

2003 ഏപ്രിൽ, ഡിസംബർ മാസങ്ങളിൽ അന്നത്തെ കേന്ദ്ര വ്യോമയാന സെക്രട്ടറി, സംസ്ഥാന ചീഫ് സെക്രട്ടറിക്ക് കത്ത് നൽകിയിരുന്നു. ആ കത്തിൽ ഏതെങ്കിലും അവസരത്തിൽ തിരുവനന്തപുരം എയർപോർട്ടിൽ സ്വകാര്യ പങ്കാളിത്തം ഉണ്ടാവുകയാണെങ്കിൽ സംസ്ഥാന സർക്കാരുമായി കൂടിയാലോചിക്കുമെന്ന കാര്യവും വ്യക്തമാക്കിയിരുന്നു. സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നൽകിയ അധികഭൂമിയുടെ വില കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തത്തോടെ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിക്കാമെന്ന് പറഞ്ഞിരുന്നു. സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നൽകിയ ഭൂമിയുടെ വില SPV-യിൽ ഓഹരി പങ്കാളിത്തമായി നൽകുന്ന കാര്യവും പരിഗണിക്കാമെന്നാണ് അറിയിച്ചിരുന്നത്.

ലേലത്തിൽ പങ്കെടുക്കാൻ നിർബന്ധിക്കപ്പെടുന്ന സാഹചര്യം ഉണ്ടാവുകയാണെങ്കിൽ സംസ്ഥാന സർക്കാരിന് പരിധിയില്ലാതെ Right of First Refusal നൽകണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേരളത്തിന്റെ ആവശ്യത്തോട് അനുകൂലമായ തീരുമാനം കേന്ദ്ര സർക്കാർ കൈക്കൊള്ളുമെന്നാണ് നമുക്ക് പ്രതീക്ഷിക്കാവുന്നത്.

### സംസ്ഥാന താൽപ്പര്യം സംരക്ഷിക്കാൻ യോജിച്ചുനിൽക്കാനാവണം

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം സ്വകാര്യവൽക്കരിക്കാനുള്ള തീരുമാനം തിരുത്തുന്നതിന് സംസ്ഥാനത്തിന്റെ കൂട്ടായ ഇടപെടൽ അനിവാര്യമാണ്. സംസ്ഥാനത്തിന്റെ താൽപ്പര്യം ഉയർത്തിപ്പിടിച്ചുകൊണ്ട് ഈ തീരുമാനം വന്ന ഘട്ടത്തിൽത്തന്നെ ഇടപെടാനാണ് സർക്കാർ ശ്രമിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ചെയ്യാൻ പറ്റുന്ന കാര്യങ്ങളെല്ലാം ചെയ്യുന്നതാണ്.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തിൽനിന്നും കേന്ദ്ര സർക്കാർ അടിയന്തരമായി പിന്തിരിയണം. സംസ്ഥാന സർക്കാരിന്റെ മുൻകയ്യോടെ SPV രൂപീകരിച്ച് നടത്താനുള്ള അനുമതി നൽകാൻ കേന്ദ്ര സർക്കാർ തയ്യാറാകണം. ലേലം ചെയ്യാനാണ് ഉദ്ദേശ്യമെങ്കിൽ സംസ്ഥാന സർക്കാരിന് പരിധിയില്ലാതെ Right of First Refusal നൽകണമെന്ന കാര്യവും കേരള നിയമസഭ കേന്ദ്ര സർക്കാരിനോട് കൂട്ടായി ആവശ്യപ്പെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.